# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2016 സെപ്റ്റംബർ 26, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 1

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 സെപ്റ്റംബർ 26, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1008/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

പേജ്


I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....32
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....69

II ചരമോപചാരം ....292

III അടിയന്തരപ്രമേയം

സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെറിറ്റ് സീറ്റിലെ ഫീസ് വർദ്ധനവ്

(അവതരണാനുമതി നിഷേധിച്ചു.) ....294

IV ചെയർമാൻമാരുടെ പാനൽ ....312

V ശ്രദ്ധ ക്ഷണിക്കൽ

(1) ദേശീയ വാതക ഗ്രിഡുമായി കൊച്ചി പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനലിനെ ബന്ധിപ്പിക്കൽ

— ശ്രീ. എസ്. ശർമ്മ ....312

(2) മരുന്ന് വിപണന മേഖലയിലെ ചൂഷണം

— ശ്രീ. വി. ഡി. സതീശൻ ....317

VI സബ്മിഷൻ

(1) ധനസഹായം

— ശ്രീ. അടൂർ പ്രകാശ് ...324

(2) കോടതികളിലെ മാധ്യമ റിപ്പോർട്ടിംഗ്

— ശ്രീ. വി. ഡി. സതീശൻ ....326

പേജ്

(3) വിദ്യാഭ്യാസ വായ്പാ കുടിശ്ശിക

— ശ്രീ. പി. സി. ജോർജ് ....328

(4) ജാതി കർഷകരുടെ ബുദ്ധിമുട്ടുകൾ

— ശ്രീ. റോജി എം. ജോൺ ...331

(5) തസ്തികകൾ സൃഷ്ടിക്കൽ

— ശ്രീമതി ഇ. എസ്. ബിജിമോൾ ...332

(6) നെല്ല് സംഭരണം പൂർത്തീകരിക്കലും

താങ്ങുവില വർദ്ധിപ്പിക്കലും

— ശ്രീ. കെ. വി. വിജയദാസ് ...334

(7) ഓപ്പൺ യൂണിവേഴ്സിറ്റി

— ശ്രീ. റ്റി. വി. രാജേഷ് ...335

(8) ബിരുദ വിഭാഗത്തിൽ സയൻസ് വിഷയങ്ങൾക്ക് സീറ്റ് വർദ്ധിപ്പിക്കൽ

— ശ്രീ. എം. സ്വരാജ് ...336

(9) ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കലും
കോഴ്സുകൾ അനുവദിക്കലും

— ശ്രീ. പാറക്കൽ അബ്ദുല്ല ...338

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവര പട്ടികയിലെ 3 (1), (2) ഇനം അനുസരിച്ചുള്ള കടലാസുകൾ ...340

**VIII റിപ്പോർട്ട് സമർപ്പണം**

I മുതൽ XIV വരെയുള്ള വിഷയനിർണ്ണയ സമിതികളുടെ
2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് ...341

പേജ്

**IX നിയമനിർമ്മാണകാര്യം**

ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ...344

**X ക്രമപ്രശ്നം**

(1) ബിൽ നിയമവിരുദ്ധമാണെന്നത് സംബന്ധിച്ച്

— ശ്രീ. എം. ഉമ്മർ ...345

**റൂളിംഗ്**

മി. സ്പീക്കർ ...351

**നിയമനിർമ്മാണ കാര്യം (തുടർച്ച)** ...352

**XI അറിയിപ്പ്** ...355

**നിയമനിർമ്മാണ കാര്യം (തുടർച്ച)** ...356

2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ബിൽ ...388

**ക്രമപ്രശ്നം**

(2) ബില്ലിന്റെ അവതരണം സംബന്ധിച്ച്

—ശ്രീ. കെ. എം. മാണി ...388

**റൂളിംഗ്**

മി. സ്പീക്കർ ...400

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 സെപ്റ്റംബർ 26, തിങ്കൾ*

| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 1 |
|---|---|---|

നിയമസഭ 2016 സെപ്റ്റംബർ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *1

**രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണ്ടെത്തൽ**

1 (*1) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൊലപാതകങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തിന് മൂന്നാം സ്ഥാനമാണെന്ന ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കണ്ടെത്തലിലേക്ക് നയിച്ച വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സാക്ഷര കേരളത്തിന് അപമാനമായ ഈ സ്ഥിതിവിശേഷത്തിൽ നിന്നും മോചനം നേടാൻ വേണ്ട അടിയന്തരനടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്.

(ബി) റിപ്പോർട്ടിൽ ഇതുസംബന്ധിച്ച് പരാമർശിക്കപ്പെട്ടതായി കാണുന്നില്ല.

(സി) എൻ.സി.ആർ.ബി.-യുടെ Crime in India റിപ്പോർട്ട് പ്രകാരം 2014-ൽ ഇന്ത്യയിലാകെ 29 സംസ്ഥാനങ്ങളിലായി നടന്ന കൊലപാതകങ്ങൾ 33327 ആണ്. കേരളത്തിൽ 367-ഉം. ഇക്കാര്യത്തിൽ കേരളം പതിനെട്ടാം സ്ഥാനത്താണ്. 2015-ൽ മൊത്തം കൊലപാതകം 31480-ഉം കേരളത്തിൽ 334-ഉം ആണ്. ഈ വർഷം കേരളത്തിന്റെ സ്ഥാനം പതിനേഴാമതാണ്. എന്നിരുന്നാലും ഇത്തരം സാഹചര്യം നേരിടുന്നതിനായി സംസ്ഥാന പോലീസും രഹസ്യാന്വേഷണ വിഭാഗവും പരസ്പരം സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിലൂടെ കുറ്റകൃത്യം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ കൂടുതൽ പോലീസ് നിരീക്ഷണവും പിക്കറ്റും കർശന പട്രോളിംഗും ഏർപ്പെടുത്തി ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഇത്തരം കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ നിലവിലുള്ള നിയമപ്രകാരം കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, കേരളത്തിൽ ക്രൈം കൂടിവരുന്ന എന്നതിന് തെളിവാണ് കേരള പോലീസിന്റെ ഒഫിഷ്യൽ വെബ്സൈറ്റ്. പ്രസ്തുത കണക്കനുസരിച്ചാണ് ചോദ്യം കൊടുത്തിട്ടുള്ളത്. കേരള പോലീസിന്റെ ഒഫിഷ്യൽ വെബ്സൈറ്റ് പ്രകാരം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളത്തിന് ഇത്തവണ മൂന്നാം സ്ഥാനമാണ്. ഏതാണ് ശരി എന്നതുസംബന്ധിച്ച് ഞാൻ തർക്കിക്കുന്നില്ല. ഇക്കാര്യം ഗവൺമെന്റിന് പരിശോധിക്കാവുന്നതാണ്. അതിൽ ഒന്നാം സ്ഥാനം യു.പി.-ക്കും രണ്ടാം സ്ഥാനം ഝാർഖണ്ഡിനുമാണ്. ഇതുസംബന്ധിച്ച പത്ര റിപ്പോർട്ടുകളുണ്ടായിരുന്നു. ഇതിന്മേൽ ഉചിത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കേരളത്തിലെ നിലവിലെ അനുഭവം അതല്ല. നാദാപുരത്തും താനൂരും ഉൾപ്പെടെ പല സ്ഥലങ്ങളിലും ധാരാളം സംഭവങ്ങളുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പൊതുവായി കാണാൻ സാധിക്കുന്നത് യഥാർത്ഥ പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാതെ സ്വതന്ത്രമായി വിരാജിക്കുന്നതാണ്. രാഷ്ട്രീയ കൊലപാതകങ്ങളും രാഷ്ട്രീയ അക്രമങ്ങളും നടത്തുന്ന പ്രതികൾക്കെതിരെ പോലീസ് ശക്തമായ നടപടി സ്വീകരിക്കാതിരുന്നാൽ ക്രൈം നിരക്കിൽ മുന്തിയ സ്ഥാനമുള്ള ഒരു സംസ്ഥാനമായി കേരളം മാറും. കൊലപാതകം

നടത്തിയ പ്രതികൾപോലും ഇപ്പോൾ സ്വതന്ത്രമായി നടക്കുകയാണ്. രാഷ്ട്രീയ സംരക്ഷണം ലഭിക്കുന്നതുകൊണ്ടാണോ അതോ പോലീസിന്റെ പോരായ്മകൊണ്ടാണോ ഇവർ സ്വതന്ത്രമായി വിരാജിക്കുന്നത് എന്നറിയില്ല.

ശ്രീ. പിണറായി വിജയൻ : സർ, കൊലപാതകത്തെ കൊലപാതകമായി തന്നെ കണ്ടുകൊണ്ടുള്ള നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്. അക്കാര്യത്തിൽ രാഷ്ട്രീയ കൊലപാതകമെന്നോ മറ്റ് തരത്തിലുള്ള കൊലപാതകമെന്നോ വ്യത്യാസമില്ല. കൊലപാതകത്തിനെതിരെ കർശന നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നുണ്ട്. നാദാപുരത്തെ സംഭവത്തിൽ ചില പ്രതികളെ പിടികൂടാനുണ്ടെന്നത് ശരിയാണ്. ആറു പ്രതികളെ ഇപ്പോൾ കസ്റ്റഡിയിലെടുക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ളവരെ പിടികൂടാനുള്ള ശ്രമം പോലീസ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, എവിടെ അക്രമം ഉണ്ടായാലും പൊളിറ്റിക്കൽ ഡിസ്കഷൻ നടത്തണം. ഈ ഗവൺമെന്റ് അത് ചെയ്യുന്നില്ലെന്ന ആക്ഷേപമുണ്ട്. നാദാപുരത്ത് ഇതിനുമുമ്പ് സമാനമായ സംഭവം ഉണ്ടായപ്പോൾ ഞങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും മരണപ്പെട്ട വ്യക്തിയുടെ വീട്ടിൽ പോകുകയുമുണ്ടായി. പക്ഷേ കോഴിക്കോട് ജില്ലയിലുള്ള മന്ത്രിമാർ അവിടെ പോയില്ല. ഇതുപോലുള്ള സംഭവങ്ങൾ താനൂരും മറ്റ് പല സ്ഥലങ്ങളിലുമുണ്ടായി. ഇത് എനിക്ക് നേരിട്ടറിയാവുന്ന സംഭവമാണ്. ഇതുപോലുള്ള ധാരാളം സംഭവങ്ങളുണ്ട്. മുഖ്യമന്ത്രിയില്ലെങ്കിലും മറ്റ് മന്ത്രിമാർക്ക് ഇതിന്മേൽ പൊളിറ്റിക്കൽ ഇടപെടൽ നടത്താം. എന്തുകൊണ്ടാണ് അത് ഉണ്ടാകാത്തതെന്നാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ : സർ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ ചർച്ച നടത്തുന്നത് സാധാരണയാണ്. അത്തരമൊരു ചർച്ചയ്ക്ക് സംസ്ഥാന സർക്കാർ എതിരല്ല. ഈ സംഭവങ്ങളുണ്ടായതിനുശേഷവും അവിടെ ചർച്ച നടന്നിട്ടുണ്ടെന്നുള്ളതാണ് വസ്തുത. ഇനിയും കൂടുതൽ ചർച്ച നടത്തേണ്ടതുണ്ടെങ്കിൽ അതിന് സർക്കാരിന് യാതൊരു വൈമനസ്യവുമില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് നമ്മെ നാണംകെടുത്തുന്നതാണ്. പ്രസ്തുത കണക്ക് പ്രകാരം രാഷ്ട്രീയ കൊലപാതകങ്ങളുടെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്താണ്. കേരളത്തിലെ ജനസംഖ്യ 33 മില്യൻ ആണ്. അതേസമയം 200 മില്യൺ ജനസംഖ്യയുള്ള ഉത്തർപ്രദേശ് ഇക്കാര്യത്തിൽ കേരളത്തെക്കാളും പിറകിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ കുറച്ച് കണക്കുകൾ അവതരിപ്പിക്കുകയുണ്ടായി. അത് ശരിയോ തെറ്റോ എന്നൊന്നും ഞാൻ പറയുന്നില്ല.

കുറ്റകൃത്യങ്ങളുടെ പട്ടികയിൽ ആദ്യത്തെ പത്ത് സ്റ്റേറ്റുകളിൽ കേരളം ഉൾപ്പെട്ടിട്ടുണ്ട് എന്നത് നമുക്ക് അപമാനമാണ്. ഈയിടെ കേരളത്തിലെ ഒരു രാഷ്ട്രീയ നേതാവിന്റെ പ്രസ്താവന പത്രത്തിൽ കാണുകയുണ്ടായി. പോലീസിന്റെ സംരക്ഷണം ഞങ്ങൾക്ക് ലഭിച്ചില്ലെങ്കിൽ ഞങ്ങൾ വേറെ വഴിനോക്കുമെന്ന് അദ്ദേഹം പ്രസ്താവിച്ചു. 'പണി പാടത്ത് കൂലി വരമ്പത്ത് എന്ന് മറ്റൊരു നേതാവ് പ്രസംഗിക്കുകയുണ്ടായി. ഇത്തരം പ്രകോപനപരമായ പ്രസ്താവനകളാണോ സംസ്ഥാനത്തെ ക്രമസമാധാനനില തകർക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിന്തിച്ചിട്ടുണ്ടോ? അങ്ങ് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും മുഖ്യമന്ത്രിയാണ്. അങ്ങേക്ക് സംസ്ഥാനത്ത് ക്രമസമാധാനം നിലനിർത്താൻ കഴിയുമെന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. ഇക്കാര്യത്തിൽ അങ്ങ് എങ്ങനെയാണ് പ്രതികരിക്കുന്നത്; അങ്ങ് എന്ത് നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ പൂർണ്ണമായി ഒഴിവാക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാവരും. കുറ്റകൃത്യങ്ങൾ നടത്തുന്ന ചിലർ സമൂഹത്തിലുണ്ട് എന്നത് വസ്തുതയാണ്. അവർക്ക് യാതൊരുവിധ സംരക്ഷണവും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നൽകുകയില്ല. ഇക്കാര്യത്തിൽ സർക്കാർ കർക്കശമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. മറ്റൊരു സംസ്ഥാനത്ത് ഒരു കുടുംബത്തെയാകെ വേട്ടയാടിയ വാർത്ത അടുത്തകാലത്ത് പത്രങ്ങളിൽ കണ്ടിരുന്നു. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഉയർന്ന സംസ്കാരത്തിന്റെ ഭാഗമായി ഇത്തരം ഹീനകൃത്യങ്ങൾ പൊതുവേ സമൂഹം വച്ചുപൊറുപ്പിക്കാറില്ല. അങ്ങ് ഇവിടെ പ്രകടിപ്പിച്ച വികാരത്തോടൊപ്പം സംസ്ഥാന സർക്കാർ പൂർണ്ണമായി നിലകൊള്ളുകയാണ്. പലതരത്തിലുള്ള പ്രസ്താവനകളും നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാറുണ്ട്. പ്രസ്താവനകളുടെ പുറകേപോയി നടപടികൾക്ക് ശ്രമിച്ചാൽ അത് ഒരിടത്തും എത്തില്ലെന്ന് നമുക്കേവർക്കുമറിയാവുന്നതാണ്. കുറ്റകൃത്യങ്ങൾക്കുമേൽ സ്വീകരിക്കുന്ന നടപടി എന്തെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല.

<u>ശ്രീ. സി. മമ്മൂട്ടി</u> : സർ, ഇവിടെ രാഷ്ട്രീയ കൊലപാതകം നടക്കുമ്പോൾ സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി ഇനിയൊരു കൊലപാതകവും നമ്മുടെ നാട്ടിൽ നടക്കാൻ പാടില്ലെന്ന നല്ലൊരു ചിന്താഗതി കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. ബസ്സിനെ എറിഞ്ഞുതകർക്കില്ലെന്ന് തീരുമാനമെടുത്തപ്പോൾ അത് പ്രായോഗികമാക്കാൻ സാധിച്ചു. നിരന്തരമായ കൊലപാതകങ്ങൾ കണ്ടുവളരുന്ന പുതിയ തലമുറ കൊലപാതകം ഒരു പ്രശ്നമല്ലെന്ന രീതിയിൽ ചിന്തിക്കും. അങ്ങ് ഇക്കാര്യങ്ങളിൽ ഗൗരവമായ നടപടി സ്വീകരിക്കണം. സർവ്വകക്ഷി യോഗം വിളിച്ച് ഇനിയൊരു കൊലപാതകവും കേരളത്തിൽ

ഉണ്ടാകാത്തവിധം മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കണം. Gods own country എന്നറിയപ്പെടുന്ന കേരളം കൊലപാതകത്തിന്റെ നാടായി മാറിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയത്തിനതീതമായി നാം ഒരുമിച്ച് ചിന്തിക്കേണ്ട വിഷയമാണിത്. ഇവിടെ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സൂചിപ്പിച്ചതുപോലെ താനൂരിലും തിരൂരിലും മറ്റും ഉണ്ടായ അക്രമങ്ങൾക്കെതിരെ രാഷ്ട്രീയത്തിനതീതമായ നടപടി കൈക്കൊള്ളാൻ ഭരണാധികാരികൾ തയ്യാറാകണം. അങ്ങനെ വരുമ്പോൾ സമാധാനം നിലനിൽക്കും. ഏതു രാഷ്ട്രീയ പാർട്ടിയായാലും കുറ്റംചെയ്താൽ അവർക്കെതിരെ നടപടി സ്വീകരിക്കണം. കൊലപാതകം ചെറുക്കുന്നതിന് രാഷ്ട്രീയ സമവാക്യം ഉണ്ടാക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, കൊലപാതകത്തിനുവേണ്ടി നിലകൊള്ളുന്ന ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടി കേരളത്തിൽ ഉണ്ടെന്ന് പറയാൻ കഴിയില്ല. എന്നാൽ കൊലപാതകങ്ങൾ ഫലപ്രദമായി എങ്ങനെ നടത്താമെന്ന് പരിശീലനം നൽകുന്ന ചില സംഘടനകൾ കേരളത്തിലുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചതുകൊണ്ടുമാത്രം ഇത്തരം കൊലപാതകങ്ങൾ ഇല്ലാതാക്കാൻ കഴിയില്ല. അത് കർക്കശമായ നിയമനടപടികളിലൂടെ മാത്രമേ സാധ്യമാകൂ. രാഷ്ട്രീയ പാർട്ടികൾ പൊതുവിൽ കൊലപാതകങ്ങളെ പ്രോത്സാഹിപ്പിക്കുന്നവരല്ലെങ്കിലും കൊലപാതകത്തിന് പരിശീലനവും സംഘടനാ നേതൃത്വവും നൽകുന്ന രാഷ്ട്രീയ പാർട്ടികളുണ്ട്. അവരെ മറ്റ് രാഷ്ട്രീയ പാർട്ടികളുടെ ഗണത്തിൽപ്പെടുത്താൻ കഴിയില്ല. അപ്പോൾ രാഷ്ട്രീയ പാർട്ടികളുടെ മാത്രം യോഗംവിളിച്ചതുകൊണ്ട് കൊലപാതങ്ങൾ തടയാനാവില്ല. ഏത് കൊലപാതകമെന്ന് നോക്കാതെ കർശന നടപടികളിലേക്ക് കടക്കുകയാണ് വേണ്ടത്. അതിന് സർക്കാരിന് യാതൊരു വൈമനസ്യവുമില്ല.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : സർ, കേരളത്തിൽ കൊലപാതകങ്ങൾ വർദ്ധിച്ചുവരുന്നതിന് കാരണം പോലീസിന്റെ അനാസ്ഥയാണ്. എസ്.ഡി.പി.ഐ.-ക്കാർ നസിറുദ്ദീനെ കൊലചെയ്തപ്പോൾ ഞാൻ അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. അതിൽ മൂന്ന് പ്രതികളെ മാത്രമേ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുള്ളൂ. മൂന്നുപേർ വിദേശത്താണ്. അവർക്ക് വിദേശത്ത് പോകാൻ സൗകര്യം ഒരുക്കിക്കൊടുക്കുക യായിരുന്നു അന്ന് പോലീസ് ചെയ്തത്. അസ്ലമിനെ കൊലചെയ്തിട്ട് നാല്പത്തിയഞ്ച് ദിവസമായി. പ്രതികളായ ആറുപേരെ പിടിച്ചുവെന്ന് പറഞ്ഞു. അത് വഴികാണിച്ചുകൊടുത്തവരും വണ്ടിയോടിച്ചവരുമാണ്. കൃത്യം നടത്തിയ ആറുപേരെ ഇതുവരെ പിടികൂടിയിട്ടില്ല. കൊലപാതകം നടത്തിയവരുടെ ഇന്നോവ കാർ സി.പി.ഐ.(എം.)-ന്റെ അധീനതയിലുള്ള വടകര സഹകരണ ആശുപത്രിയിലാണ് കൊണ്ടിട്ടത്. ഷിബിൻ എന്ന പതിനെട്ട് വയസ്സുകാരന്റെ കൊലപാതകവുമായി

ബന്ധപ്പെട്ട് കോടതി വെറുതെവിട്ട ആളാണ് അസ്ലം. അസ്ലം അതിൽ പ്രതിയായിരുന്നു. കോടതി വിട്ടാലും പാർട്ടിക്കോടതി വെറുതെ വിടില്ലെന്ന് ഏരിയാ കമ്മിറ്റി സെക്രട്ടറി ശ്രീ. ചാത്തു പ്രസംഗിച്ചിരുന്നു. പാർട്ടിക്കോടതിയാണ് അസ്ലമിനെ പട്ടാപ്പകൽ കൊലചെയ്തത്. അതിലെ പ്രതികളെ ഇതുവരെ പിടിച്ചിട്ടില്ല.

മി. സ്പീക്കർ : ചോദ്യത്തിന് പ്രസ്താവന നടത്താൻ സാധിക്കുമോ?

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, അവരെ പിടിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; അതല്ല പ്രതികൾക്ക് സംരക്ഷണം നൽകുന്ന നിലപാടാണോ ഗവൺമെന്റിന്റേത് എന്നാണ് അറിയേണ്ടത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ചോദ്യം ചോദിക്കാൻ ഒരംഗത്തിന് അവകാശമില്ലേ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാവുന്ന കാര്യമാണ് ചോദ്യോത്തരവേളയിൽ പ്രസ്താവന നടത്താൻ സാധിക്കുമോ; അത് ശരിയാണോ?

ശ്രീ. പിണറായി വിജയൻ : സർ, ഇവിടെ ആറുപേരെ അറസ്റ്റ് ചെയ്തുവെന്ന് അങ്ങുതന്നെ അംഗീകരിക്കുന്നുണ്ട്. ബാക്കി ചിലരെ അറസ്റ്റ് ചെയ്യാനുണ്ട് എന്നത് വസ്തുതയാണ്. അക്കാര്യം ഞാൻ ഇവിടെ പ്രസ്താവിച്ചതാണ്. എട്ടുപേരെയാണ് ഇനി അറസ്റ്റ് ചെയ്യാനുള്ളത്. രണ്ടുപേരെ തിരിച്ചറിഞ്ഞിട്ടുണ്ട്, ആറുപേരെ തിരിച്ചറിയാനുണ്ട്. അന്വേഷണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ആശങ്കയും വേണ്ട, പ്രതികളെ പിടികൂടാൻ പോലീസിന് സാധിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ മന്ത്രിസഭയിലെ ഒരംഗം നിരവധി കേസ്സുകളിലെ പ്രതിയായിരുന്നിട്ടും അദ്ദേഹത്തിനെതിരെ നടപടിയെടുക്കാത്തതുകൊണ്ട് കോടതിതന്നെ നേരിട്ട് സ്പീക്കർക്ക് കത്തെഴുതിയതായിട്ടാണ് ഇന്നത്തെ മലയാള മനോരമ പത്രത്തിലെ വാർത്ത. അത് ശരിയാണോ? നിയമത്തിന് കീഴടങ്ങാൻ ബാധ്യതയില്ലേ; കീഴടങ്ങാതിരിക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ; കോടതിയുടെ കത്തിന് അങ്ങ് എന്ത് മറുപടി നൽകി; ഗവൺമെന്റ് എന്ത് നടപടിയെടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. പിണറായി വിജയൻ : സർ, നിയമത്തെക്കുറിച്ച് നിശ്ചയമില്ലാത്ത ഒരു ഏജൻസിയാണ് കോടതി എന്ന് ഞാൻ കരുതുന്നില്ല. കാരണം ഒരാളെ അറസ്റ്റ് ചെയ്യാൻ മുൻകൂട്ടി അനുമതി വാങ്ങേണ്ട ആവശ്യം നമ്മുടെ രാജ്യത്തില്ല. ചില സ്ഥലങ്ങളിൽനിന്ന് അറസ്റ്റുചെയ്യാൻ പാടില്ലെന്നുണ്ട്. നിയമസഭയ്ക്കകത്ത് കയറി അറസ്റ്റ് ചെയ്യാൻ സാധിക്കില്ല. കോടതി അങ്ങനെ ഒരു നിലപാട് സ്വീകരിക്കാനിടയില്ലെന്നാണ് ഞാൻ കരുതുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, അങ്ങ് ഇവിടെ പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. നൂറുദിവസങ്ങൾക്കുള്ളിൽ അങ്ങയുടെ ജില്ലയിൽ അഞ്ച് കൊലപാതകങ്ങളുണ്ടായി. ഇവിടെ മുഖ്യ ഭരണകക്ഷി നേതാക്കൾ പോലീസ് സ്റ്റേഷനുള്ളിൽക്കയറി സമരം നടത്തുന്നു. അന്യസംസ്ഥാനത്ത് ഒരു കുടുംബത്തെ ആക്രമിച്ചുവെന്ന് ഇവിടെ പറഞ്ഞു. കൊല്ലം ജില്ലയിൽ അസീസിയ മെഡിക്കൽ കോളേജിന്റെ പ്രൊപ്രൈറ്ററേയും കുടുംബത്തേയും വീട്ടിൽക്കയറി ക്രൂരമായി മർദ്ദിച്ചതിനെത്തുടർന്ന് അവർ ചികിത്സയിലാണ്. ആക്രമണത്തിനുവിധേയരായവർക്കെതിരെ നോൺ ബെയിലബിൾ കേസ്സും ആക്രമിച്ച അങ്ങയുടെ പാർട്ടിക്കാർക്ക് ബെയിലബിൾ കേസ്സുമാണ് ചുമത്തിയിട്ടുള്ളത്. രണ്ടുതരം നീതിയാണ് നടപ്പാക്കുന്നത്. ഭരണകക്ഷിക്കുമാത്രം സംരക്ഷണം എന്ന നയംമാറ്റി നീതിപൂർവ്വമായി കാര്യങ്ങൾ ചെയ്തില്ലെങ്കിൽ സംസ്ഥാനം അപകടത്തിലേക്കുപോകുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ഭരണകക്ഷിക്ക് പ്രത്യേക സംരക്ഷണമെന്നൊരു നിലപാട് സംസ്ഥാന പോലീസ് നയത്തിലില്ല. കുറ്റം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. അസീസിയ മെഡിക്കൽ കോളേജ് കേരളത്തിൽ അടുത്തകാലത്തായി അറിയപ്പെട്ട മെഡിക്കൽ കോളേജുകളിലൊന്നാണ്. ആ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ഒരു വിഷയത്തിൽ ചില തർക്കങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്. തർക്കത്തിന്റെ വിഷയം എന്താണെന്ന് എനിക്ക് കൃത്യമായി അറിയില്ല. കുറച്ച് ചെറുപ്പക്കാർ പോസ്റ്റർ പതിപ്പിക്കുന്ന സ്ഥലത്ത് അഞ്ചാറ് കാറുകളിൽ വന്ന ചിലരുമായി സംഘർഷമുണ്ടായി. അത് ഇവരുടെ വീടിന് മുന്നിലാണ്. ആ സംഘർഷത്തിൽ ഈ ചെറുപ്പക്കാർക്കും പരിക്കുപറ്റി എന്നാണ് കേൾക്കുന്നത്. തർക്കം രൂക്ഷമായപ്പോൾ ഇവർ വീടിനകത്തേക്കുകയറി. അക്കൂട്ടത്തിൽ ഒരു ചെറുപ്പക്കാരനും ഈ വീടിനകത്തുപെട്ടു. ഗേറ്റടച്ചപ്പോൾ അയാളുടെ കൈയ്ക്ക് പരിക്കുപറ്റി. ആ സമയം പോലീസ് അവിടെയെത്തി വീടിനകത്തായവരെ ഗേറ്റിന് വെളിയിലാക്കി. എല്ലാ കാര്യങ്ങളും അങ്ങ് കേട്ട രീതിയിലല്ല. ബഹുമാനപ്പെട്ട അംഗം കേട്ടതരത്തിൽ ആദ്യം വാർത്തകൾ പരന്നുവെന്നത് ശരിയാണ്. നിയമപ്രകാരം കാര്യങ്ങൾ നടക്കട്ടേ എന്ന നില മാത്രമേ അതിൽ സ്വീകരിക്കാൻ സാധിക്കൂ. നിയമപ്രകാരമുള്ള നടപടികൾ പോലീസ് സ്വീകരിക്കുകതന്നെ ചെയ്യും. ആക്രമിക്കപ്പെട്ടവർ ആരാണെന്നതാണ് പ്രശ്നം. രണ്ട് ഭാഗത്തും ആക്രമിക്കപ്പെട്ടവരുണ്ട് എന്നുവരുമ്പോൾ അത് പോലീസിന് വിടുന്നതല്ലേ നല്ലത്. പോലീസ് അതിന്മേൽ നടപടി സ്വീകരിച്ചു. പുറത്ത് ആക്രമണങ്ങൾ ഉണ്ടായി. ഒരു ചെറുപ്പക്കാരന്റെ കൈയ്ക്ക് പരിക്ക് പറ്റി, ഇതെല്ലാം അവിടെ സംഭവിച്ചിട്ടുണ്ട്. അങ്ങ് കേട്ട രീതിയിലായിരിക്കും പൊതുവിൽ ആളുകൾ കേൾക്കുന്നത്. പക്ഷെ ആ കേട്ടതല്ല വസ്തുത. അത് നാം തിരിച്ചറിയേണ്ടതുണ്ട്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അതൊരു ഏകപക്ഷീയമായ ചർച്ചയായി ഇവിടെ മാറിയിരിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രവർത്തകർ കൊല ചെയ്യപ്പെട്ടിട്ടുള്ളത് സി.പി.ഐ.(എം)-ന്റെ പ്രവർത്തകരാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുള്ളത് ഇക്കാര്യത്തിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കുമെന്നാണ്. അത് മാതൃകാപരമായ ഒരു മറുപടിയാണ്. ആയുധ പരിശീലനം തടയുന്നതിന് ഈ ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയ കൊലപാതകം ഏറ്റവും കൂടുതൽ നടത്തുന്ന സംഘടനകളെക്കുറിച്ച്, അവരുടെ അക്രമോത്സുകമായ പരിശ്രമങ്ങളെക്കുറിച്ച് പരാമർശിക്കാതിരിക്കുന്നത് തികച്ചും ഏകപക്ഷീയമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തോന്നുന്നില്ലേ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, സംസ്ഥാനത്ത് കൊല ചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ സി.പി.ഐ.(എം)-ൽപ്പെട്ടവർ ധാരാളമുണ്ടെന്ന വസ്തുത ശരിയാണ്. അതാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഇവിടെ ആക്രമണം പെരുകാതിരിക്കുന്നതിനുള്ള കർശന നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ വ്യക്തമായ കാര്യങ്ങളല്ല പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം 70 കൊലപാതകങ്ങളുണ്ടായിരിക്കുന്നു. അങ്ങയുടെ ജില്ലയിൽതന്നെ 6 രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായിരിക്കുന്നു. സി.പി.ഐ.(എം)-ഉം ബി.ജെ.പി.-യും തമ്മിലുള്ള കൊലപാതകങ്ങൾ കണ്ണൂർ ജില്ലയിൽ വർദ്ധിക്കുകയാണ്. ഇത്രയും കൊലപാതകങ്ങളുണ്ടായിട്ടും ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ ക്രമസമാധാനം നിലനിർത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചത്? അക്രമങ്ങൾ നടക്കുന്നതിനെതിരെ ശക്തമായ നടപടികളുണ്ടാകുന്നില്ല. പാർട്ടിയുടെ ജില്ലാ സെക്രട്ടറി പയ്യന്നൂരിലെ പോലീസ് സ്റ്റേഷനിൽ ധർണ്ണ നടത്തുന്നു. കൂത്തുപറമ്പിൽ രണ്ട് പോലീസ് സ്റ്റേഷനുകളിൽ പാർട്ടിയുടെ നേതാക്കന്മാർ ധർണ്ണ നടത്തുന്നു. പോലീസിനെ നിഷ്ക്രിയമാക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. പോലീസ് ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥവരുന്നു. കണ്ണൂർ ജില്ലയിൽമാത്രം 312 രാഷ്ട്രീയ സംഘർഷങ്ങളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമുണ്ടായത്. ശക്തമായ നടപടി സ്വീകരിച്ചാൽ മാത്രമേ അക്രമങ്ങൾ അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൗനം ഇക്കാര്യത്തിൽ വളരെ ഗൗരവമായതാണ്. അടിയന്തരമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ നടക്കുന്ന അക്രമങ്ങൾ അവസാനിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; സർവ്വകക്ഷിയോഗം വിളിച്ച് ഇതിന് പരിഹാരം കണ്ടെത്താൻ ശ്രമിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പുറത്തുപറഞ്ഞ കാര്യങ്ങൾതന്നെയാണ് ഇവിടെയും പറഞ്ഞത്. അദ്ദേഹം പുറത്ത് നടത്തിയ പ്രസംഗത്തിന്റെ റിപ്പോർട്ട് ഞാൻ വായിച്ചിരുന്നു. ഇവിടെ അദ്ദേഹം അത് ആവർത്തിച്ചു. സംസ്ഥാനത്ത് അക്രമങ്ങൾ പെരുകാതിരിക്കുന്നതിനുള്ള കർശന നടപടികളാണ് സംസ്ഥാന പോലീസ് സ്വീകരിച്ചുവരുന്നത്. കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ നടന്ന കാര്യം ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫിന് നല്ലതുപോലെ അറിയാം. പ്രതിപക്ഷ നേതാവിന് അത്രത്തോളം അറിയുമോ എന്നറിയില്ല. അവിടെ നിരപരാധിയായ ഒരു മനുഷ്യനെ ബോധപൂർവ്വം പ്ലാൻ ചെയ്ത് കൊലപ്പെടുത്തുകയാണുണ്ടായത്. നാട്ടിൽ പരക്കെ അംഗീകരിക്കപ്പെടുന്ന ഒരു ചെറുപ്പക്കാരൻ കൊല ചെയ്യപ്പെടുമ്പോഴുണ്ടാകുന്ന വികാരം ആ പ്രദേശത്ത് വലിയ തോതിലുണ്ടായി. അതിന്റെ തുടർച്ചയായി ചില സംഭവങ്ങളുണ്ടാവുകയും ഒരാൾ കൊല ചെയ്യപ്പെടുകയും ചെയ്തു. ഇത്തരമൊരു സംഭവം നമ്മുടെ നാട്ടിൽ നടക്കാൻ പാടില്ലാത്തതാണ്. പോലീസ് ഏത് കക്ഷിയെന്ന് നോക്കിയല്ല നടപടി സ്വീകരിച്ചത്. ഫലപ്രദമായ നടപടികളിലേക്ക് പോലീസ് കടന്നു. സ്വാഭാവികമായും അതിന് ചില വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നുവന്നു. അതിന്റെ ഭാഗമായി അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ പോലീസ് സ്റ്റേഷനെപ്പറ്റിയും മറ്റും നാട്ടുകാരുടെ ഭാഗത്തുനിന്നുമൊക്കെ ചില പ്രതികരണങ്ങളുണ്ടായി. അതൊന്നും നോക്കിയല്ല പോലീസ് നടപടി സ്വീകരിക്കുന്നത്. അങ്ങേക്ക് നല്ലതുപോലെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുമല്ലോ. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽനിന്നും പോലീസിനെ വിലക്കിയിട്ടില്ല. ഇതാണ് സംസ്ഥാന സർക്കാരിന്റെ നയം. ആ നയവുമായി സർക്കാർ മുന്നോട്ടുപോകും. രാഷ്ട്രീയപാർട്ടികളുമായി ചർച്ച ചെയ്ത് പരിഹരിക്കത്തക്ക ഒരു പ്രശ്നമാണ് അവിടെയുള്ളതെന്ന് തോന്നുന്നില്ല. കാരണം ഒരുകൂട്ടർ ആയുധത്തിന് മൂർച്ചകൂട്ടിക്കൊണ്ടിരിക്കുകയാണ്. അവർ അത് അവസാനിപ്പിക്കാൻ തയ്യാറാണെന്നവിധത്തിലുള്ള ഒരു സൂചനയും ഇതുവരെ ലഭിച്ചിട്ടില്ല. അതാണ് ആദ്യം വേണ്ടത്. അവരെ സഹായിക്കുന്ന നിലപാട് ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ശക്തമായ നടപടി ഉണ്ടാകാത്തതു കൊണ്ടാണ് അക്രമങ്ങൾ വ്യാപിക്കുന്നത്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. ചോദ്യം നമ്പർ. * 2

## ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ

2 (*2) ശ്രീ കെ. ബാബു :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബലാവസ്ഥയിലായിരുന്ന ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ തലത്തിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്താനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ,

(എ) ആരോഗ്യ രംഗത്തിന് മാർഗ്ഗരേഖയായി യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (sustainable development goals) അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ പശ്ചാത്തല സൗകര്യ വികസനത്തിനും ആവശ്യമായ ഡോക്ടർമാരെ ആശുപത്രികളിൽ നിശ്ചയിക്കുന്നതിനുമുള്ള സമീപനങ്ങളും സ്വീകരിച്ചിരിക്കുകയാണ്. പ്രൈമറി, സെക്കണ്ടറി, ടെർഷ്യറി വിഭാഗത്തിൽപ്പെട്ട ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

മി. സ്പീക്കർ : വളരെ ദൈർഘ്യമേറിയ ഉത്തരമാണെങ്കിൽ മേശപ്പുറത്തുവച്ചാൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, വായിക്കാതെ മേശപ്പുറത്തുവയ്ക്കാൻ പറ്റില്ലല്ലോ. കുറച്ചെങ്കിലും പറയണ്ടേ; മുഴുവൻ മേശപ്പുറത്തുവയ്ക്കാൻ സാധിക്കുമോ? അതുസംബന്ധിച്ച് കുറച്ച് പറയാനുണ്ട്.

മി. സ്പീക്കർ : വളരെ ദൈർഘ്യമേറിയ മറുപടിയാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ജില്ലാ ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റി ആക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നു. മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഈ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള

നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. 10 കാത്ത് ലാബുകൾ ഇതിന്റെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് ഹോസ്പ്പിറ്റലിൽവച്ചുതന്നെ പ്രധാനപ്പെട്ട ചികിത്സ നടത്താനുള്ള സൗകര്യം ഒരുക്കിക്കൊണ്ട് മെഡിക്കൽ കോളേജുകളിലേക്കുള്ള തിരക്ക് കുറയ്ക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 42 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്. എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാനുള്ള പ്രവർത്തനം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള 'ആർദ്രം' പദ്ധതി ഈ പ്രവർത്തനങ്ങളെല്ലാം ഉൾക്കൊള്ളുന്നതാണ്. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി ഗവൺമെന്റ് ആശുപത്രികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും രോഗികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. മെഡിക്കൽ കോളേജുകളിൽനിന്ന് തുടങ്ങി ഇതിന്റെ പ്രവർത്തനം പ്രധാനപ്പെട്ട ഗവൺമെന്റ് ഹോസ്പിറ്റലുകളിലേയ്ക്ക് വ്യാപിപ്പിക്കും. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി ഒ.പി.ഡി. ബ്ലോക്ക് ട്രാൻസ്ഫർമേഷൻ ഇപ്പോൾത്തന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. AIIMS -ന്റെ മാതൃകയിൽ ഒ.പി.ഡി. ബ്ലോക്ക് ട്രാൻസ്ഫർമേഷനുള്ള എല്ലാ പ്രവർത്തനങ്ങളും ഇപ്പോൾ തയ്യാറാക്കിവരുന്നുണ്ട്. ആശുപത്രികളുടെ മുഖച്ഛായതന്നെ മാറ്റുന്ന രീതിയിൽ കൂടുതലാളുകൾക്ക് ആശുപത്രികളിൽ പ്രധാനപ്പെട്ട രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നതരത്തിൽ മാറ്റംവരുത്താനാണ് തീരുമാനിക്കുന്നത്. ഇതിന്റെകൂടെ ജനകീയമായ ഒരു ആരോഗ്യനയം ഈ ഗവൺമെന്റ് രൂപീകരിക്കുന്നതാണ്. അതിനാവശ്യമായിട്ടുള്ള വിദഗ്ദ്ധ കമ്മിറ്റിയെ നിശ്ചയിച്ച് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഏറ്റവും നല്ല വിദഗ്ദ്ധ ചികിത്സ പാവങ്ങൾക്ക് കിട്ടാനാവശ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ജനകീയ ആരോഗ്യനയത്തിലുണ്ടാകും. ഇപ്പോൾ കുഴഞ്ഞുകിടക്കുന്ന ആരോഗ്യമേഖല ചിട്ടപ്പെടുത്തി ജനകീയമാക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും ജനകീയ ആരോഗ്യ നയത്തിലുണ്ടാകും. ഒരു കോംപ്രിഹെൻസീവ് പ്രൈമറി ഹെൽത്ത് കെയർ പ്രോജക്ട് ഇപ്പോൾ ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് പ്രൈമറി തലംമുതലുള്ള പരിഷ്കരണം നടത്തുന്നത്. അത് സംബന്ധിച്ച വിശദമായ കാര്യങ്ങൾ ഈ റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്. ഞാൻ അതിന്റെ എസ്സൻസ് മാത്രമാണ് പറയുന്നത്. പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യണമെന്നാണ് മാനിഫെസ്റ്റോയിൽ പറയുന്നത് . 140 മണ്ഡലങ്ങളിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററിനെ അത്തരത്തിലുള്ള സൗകര്യങ്ങളോടുകൂടിയ കുടുംബാരോഗ്യ കേന്ദ്രമാക്കിമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പേൾത്തന്നെ തുടങ്ങിയിട്ടുണ്ട്. സെക്കണ്ടറി, ടെർഷ്യറി വിഭാഗങ്ങളെയും അത്തരത്തിൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. ചികിത്സയ്ക്കായി സാധാരണക്കാർക്ക്

കൂടുതൽ പണം ചെലവഴിക്കേണ്ടിവരികയാണ്. കൂടുതൽപേർക്ക് ചികിത്സാസഹായം ലഭ്യമാക്കാൻ കഴിയുന്ന രീതിയിൽ സമഗ്രമായ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കുകയാണ്. അതിന് ആവശ്യമായ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. അത് പൂർത്തിയാകുന്നമുറയ്ക്ക് കൂടുതൽപേർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ സാധിക്കും. കിഡ്നി ട്രാൻസ്പ്ലാന്റേഷൻ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഇവയെല്ലാം സാധാരണക്കാർക്ക് സൗജന്യമായി ചെയ്യാൻ കഴിയുന്ന രീതിയിൽ ആരോഗ്യ ഇൻഷ്വറൻസ് മേഖല ശക്തമാകുമെന്നാണ് കരുതുന്നത്. പി.എം.എസ്.എസ്.വൈ.-ൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജുകളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് രണ്ട് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മുടങ്ങിക്കിടക്കുകയായിരുന്നു. ഇത്തവണ അവയെല്ലാം ആരംഭിച്ചിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം റിപ്പോർട്ടിനകത്ത് സൂചിപ്പിച്ചിട്ടുണ്ട്.

ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് വളരെ ഗൗരവമായ ഇടപെടൽ നടത്തിയിട്ടുണ്ട്. നിലനിൽക്കുന്ന മെഡിക്കൽ കോളേജുകളെ ശക്തമാക്കുന്നതോടൊപ്പം ഇടുക്കി മെഡിക്കൽ കോളേജ് തുടങ്ങിയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനവും ശക്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ചില പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നുവർഷത്തോളം അസിസ്റ്റന്റ് സർജന്മാരുടെ ലിസ്റ്റ് നിലവിൽ ഉണ്ടായിട്ടും ആ ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ തയ്യാറായിട്ടില്ല. വളരെ ചുരുങ്ങിയ നിയമനംമാത്രം നടത്തിയ ശേഷം ആ ലിസ്റ്റ് നടപടികളില്ലാതെ പൂഴ്ത്തിവയ്ക്കുകയാണ് ചെയ്തത്. ആ ലിസ്റ്റിന്റെ കാലാവധി ജൂൺ 30-ന് തീരുന്നതിനാൽ നിയമനം നടത്താൻ സാധിക്കുമായിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ലിസ്റ്റിന്റെ കാലാവധി 6 മാസത്തേക്ക് എക്സ്റ്റന്റ് ചെയ്തുകൊണ്ട് ആരോഗ്യ വകുപ്പിൽനിന്നുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുകയും 370 അസിസ്റ്റന്റ് സർജന്മാരെ ആ ലിസ്റ്റിൽനിന്നും നിയമിക്കുകയും ചെയ്തു. ആശുപത്രികളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയുണ്ടായിരുന്നു. ഇവിടെയുള്ള മിക്കവാറും എം.എൽ.എ.-മാർ നിവേദനം തരികയും സബ്മിഷൻ ഉന്നയിക്കുകയും ചെയ്തത് ആശുപത്രികളിൽ ഡോക്ടർമാരില്ല എന്നത് സംബന്ധിച്ചാണ്. മുഴുവനായി പരിഹരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും ആരോഗ്യ മേഖലയിൽ 500 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഇതോടൊപ്പം ഐക്യരാഷ്ട്രസഭയുടെ Sustainable Development Goal-ന്റെ ഭാഗമായി 17 ലക്ഷ്യങ്ങൾ കേരള ആരോഗ്യ വകുപ്പ് ഏറ്റെടുത്തുകൊണ്ട് ജീവിതശൈലീ രോഗങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിശദമായ കാര്യങ്ങൾ ഈ

റിപ്പോർട്ടിലുള്ളതുകൊണ്ട് പറയുന്നില്ല. ഡയാലിസിസ് യൂണിറ്റ്, കാത്ത് ലാബ് എന്നിവ ആരോഗ്യ വകുപ്പിൽ നടപ്പാക്കുന്നതിനെ സംബന്ധിച്ച വിശദാംശങ്ങൾ ഇതിലുണ്ട്. ആയുർവേദ മേഖലയിൽ ഈ ഗവൺമെന്റ് നാലുമാസത്തിനുള്ളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 41 ആയുർവേദ തെറാപ്പിസ്റ്റുകളുടെ തസ്തികകൾ ഇപ്പോൾ സൃഷ്ടിക്കുകയുണ്ടായി. പാരിപ്പള്ളിയിലെ പുതിയ മെഡിക്കൽ കോളേജിനുവേണ്ടി 108 ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചു. അതുകൂടി ചേർത്തിട്ടാണ് പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്നുപറഞ്ഞത്. അത്തരത്തിലുള്ള 370 തസ്തികകൾ ഇപ്പോൾ സൃഷ്ടിച്ചു. 370 പേരെ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം കൂടിച്ചേരുമ്പോൾ ആരോഗ്യ മേഖലയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ വലിയ മാറ്റംവരുത്താൻ സാധിച്ചിട്ടുണ്ട്. പ്രിൻസിപ്പൽമാരുടെയും സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലുള്ള ഡോക്ടർമാരുടെയും ഒഴിവുകൾ നികത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള വിപുലമായ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. വിശദമായ ഉത്തരം ഇതിനകത്തുണ്ട്. ആരോഗ്യമേഖലയിൽ ഒരു പുതിയ മാറ്റമുണ്ടാകുന്ന രീതിയിലാണ് ഈ പ്രവർത്തനങ്ങളെല്ലാം നടത്തിയത്. ഇ-ഹെൽത്ത് രജിസ്റ്റർ തയ്യാറാക്കുന്നതിനാവശ്യമായ പദ്ധതി ഇപ്പോൾ തുടങ്ങിക്കഴിഞ്ഞു. കേരളത്തിലുള്ള മുഴുവൻ ആളുകളുടെയും ആരോഗ്യവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇ-ഹെൽത്ത് രജിസ്റ്റർ തയ്യാറാക്കാൻ 92 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുകയാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കിക്കഴിഞ്ഞു. അത് എത്രയും പെട്ടെന്നുതന്നെ അവതരിപ്പിക്കാനുള്ള ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഡ്രാഫ്റ്റ് പൂർത്തിയാകുന്നമുറയ്ക്ക് ഇവിടെ അവതരിപ്പിക്കാൻ സാധിക്കും. ഇത്തവണ പകർച്ചവ്യാധി നിയന്ത്രണത്തിന് വളരെ ശക്തമായ നടപടികളാണ് സ്വീകരിച്ചത്. അതിന്റേയും വിശദാംശം ഇതിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പകർച്ചവ്യാധിമൂലമുള്ള മരണനിരക്ക് കുറയ്ക്കാൻ സാധിച്ചു. സാധാരണ എല്ലാ വർഷവും ഡെങ്കിപ്പനിമൂലം 23 മുതൽ 25 വരെ മരണമുണ്ടാകാറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി മുൻകയ്യെടുത്ത് വിളിച്ചുകൂട്ടിയ മീറ്റിംഗിന്റെയും അതിനുശേഷം നടത്തിയ ഇടപെടലിന്റെയും ഭാഗമായി പകർച്ചവ്യാധി മരണങ്ങൾ ഇത്തവണ അഞ്ചായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ നല്ല രീതിയിലുള്ള ഇടപെടൽ ആരോഗ്യ മേഖലയിൽ നടത്തുകയാണ്. വിശദമായ ഉത്തരങ്ങളും കണക്കുകളും ഈ റിപ്പോർട്ടിലുണ്ട്.

മി. സ്പീക്കർ : ആരോഗ്യ മേഖലയിൽ മന്ത്രിയുടെ നേതൃത്വത്തിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതു മുഴുവൻ റിപ്പോർട്ടുചെയ്യാൻ സമയം ഉണ്ടാവുമോ എന്നുള്ള സംശയമുള്ളതുകൊണ്ടാണ് മേശപ്പുറത്തുവച്ചാൽ മതിയെന്ന് സൂചിപ്പിച്ചത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ആരോഗ്യ രംഗത്തിന് മാർഗ്ഗരേഖയായി യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (sustainable development goals) അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ മാതൃ-ശിശു ആരോഗ്യം, പകർച്ചവ്യാധി നിയന്ത്രണം, ജീവിതശൈലീ രോഗങ്ങൾ, ട്രോമ കെയർ, മാനസികാരോഗ്യം തുടങ്ങിയ മേഖലകളിൽ വിദഗ്ദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആരോഗ്യരംഗത്ത് കേരളം 2020-ഓടെയും 2030-ഓടെയും ആർജ്ജിക്കേണ്ട ലക്ഷ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തന പരിപാടികൾ തയ്യാറാക്കിവരികയാണ്. സംസ്ഥാനത്തിന്റെ ആരോഗ്യനയം തയ്യാറാക്കുന്നതിനായി ഡോ. ബി. ഇക്ബാൽ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. SDG ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള പ്രധാനമാർഗ്ഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്തി, സമഗ്ര ആരോഗ്യ പരിചരണം (Comprehensive Primary Health Care) ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചു. വയനാട് അടക്കമുള്ള പട്ടികവർഗ്ഗ മേഖലകളിലെ ആശുപത്രികളെ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ PMSSY പരിപാടിയിൽ ഉൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സൂപ്പർ സ്പെഷ്യാലിറ്റി രംഗത്ത് മാനവവിഭവശേഷി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളേജിൽ നെഫ്രോളജിയിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എൻഡോക്രൈനോളജിയിലും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അക്കാദമിക് തലത്തിലും അടിസ്ഥാന സൗകര്യ വികസനത്തിനും രോഗീപരിചരണത്തിനും ഉന്നത നിലവാരത്തിലുള്ള സേവനം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോളിട്രോമ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാനുള്ള നടപടികളും, Multi Disciplinary Research Unit, പുതിയ കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ പുരോഗമിച്ചുവരുന്നു.

പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഔട്ട് പേഷ്യന്റ് വിഭാഗം ആരംഭിച്ചു. കോളേജിന്റെ പ്രവർത്തനം തുടങ്ങാനായി 108 തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടന്നുവരുന്നു. ഇതുകൂടാതെ 282 തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ അംഗീകാരം

നഷ്ടപ്പെട്ടുമായിരുന്ന 50 ബി.ഡി.എസ്. സീറ്റുകൾക്കുള്ള അനുമതി ഡി.സി.ഐ.-യിൽ നിന്ന് നേടിയെടുത്തു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാത്ത് ലാബിന്റെ ഇൻസ്റ്റലേഷൻ, ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ എന്നിവ തുടങ്ങിക്കഴിഞ്ഞു. പുതിയ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ വാങ്ങാൻ നടപടി ആരംഭിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ടെർഷ്യറി ക്യാൻസർ കെയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള പുതിയ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു. ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, ആയുർവ്വേദ വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആരോഗ്യ വകുപ്പ്:

ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബും കാർഡിയോളജി യൂണിറ്റും ആരംഭിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. താലൂക്കതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജീവിതശൈലീരോഗങ്ങളും സാംക്രമിക രോഗങ്ങളും അടക്കമുള്ള കേരളത്തിന്റെ സമഗ്ര ആരോഗ്യ സർവ്വേ മെഡിക്കൽ വിദ്യാഭ്യാസ ആരോഗ്യ വകുപ്പുകൾ സംയുക്തമായി അന്തർദ്ദേശീയ വിദഗ്ധരെയും കൂടി ഉൾപ്പെടുത്തി നടത്താനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. വയനാട്, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന പബ്ലിക് ഹെൽത്ത് ലബോറട്ടറികളുടെ പണി പൂർത്തിയായിവരികയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെകൂടി പങ്കാളിത്തത്തോടെ ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായുള്ള അച്യുതമേനോൻ സെന്ററുമായി ചേർന്ന് വിപുലമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിനും പ്രൊമോഷനുകൾ സമയബന്ധിതമായി നടത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തെ ഉയർന്ന തോതിലുള്ള വാഹനാപകട മരണങ്ങൾ കുറയ്ക്കുന്നതിനുള്ള വിപുലമായ ഒരു ട്രോമാ കെയർ പ്രോജക്ട് തയ്യാറാക്കി കേന്ദ്രസഹായംകൂടി ലഭ്യമാക്കി നടപ്പിലാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

ആയുർവേദ വകുപ്പിന് കീഴിൽ നിർഭയ, സാന്ത്വനം എന്നീ പദ്ധതികളും ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ക്ഷേമജനനി, ആയുർമിത്രം, പുനർനവ, ദൃഷ്ടി പദ്ധതികളും നടപ്പിലാക്കിവരുന്നു. ആയുർവേദ ആശുപത്രികളിൽ വൃദ്ധജന പരിപാലന യൂണിറ്റ്, മാനസികാരോഗ്യ യൂണിറ്റ് എന്നിവയും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സ്നേഹധാര പാലിയേറ്റീവ് കെയർ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. കരൾരോഗ ചികിത്സയ്ക്കായി 'കരൾരോഗ മുക്തി' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളും കേന്ദ്രീകരിച്ച് രോഗികൾക്കായി യോഗാ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഹോമിയോപ്പതി വകുപ്പിന് കീഴിൽ സീതാലയം, സദ്ഗമയ, ജെറിയാട്രിക് ക്ലിനിക്, ലഹരി വിമോചന കേന്ദ്രങ്ങൾ, അമ്മയുംകുഞ്ഞും പദ്ധതി, ചേതന ഫ്ലോട്ടിംഗ് ഡിസ്പെൻസറി, എല്ലാ ജില്ലകളിലും പെയിൻ & പാലിയേറ്റീവ് കെയർ സെന്ററിന് സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആരോഗ്യ വകുപ്പിന്റെ പ്ലാൻ സ്കീം, പി.ഡബ്ല്യു.ഡി.-യുടെ ക്യാപ്പിറ്റൽ ഹെഡ്, കൂടാതെ നബാർഡ് സ്കീം, എം.പി, എം.എൽ.എ. എന്നിവരുടെ ആസ്തിവികസന സ്കീം (LAC-ADS) Legislative Assembly Constituency -Asset Development Scheme) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ സ്കീമുകൾ എന്നിവവഴി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ കാസർഗോഡ് പോലുള്ള പിന്നാക്ക ജില്ലകളിൽ പ്രത്യേക പാക്കേജ് വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. ആരോഗ്യ വകുപ്പിലെ വിവിധ പ്ലാൻ സ്കീമുകളുടെ ഭാഗമായി കാത്ത് ലാബും, കോറോണറി കെയർ യൂണിറ്റും ഡയാലിസിസ് യൂണിറ്റും ആരംഭിക്കാനും ബ്ലഡ് ബാങ്കുകൾ, ഡെന്റൽ യൂണിറ്റുകൾ, ഫിസിക്കൽ മെഡിസിൻ യൂണിറ്റുകൾ, പബ്ലിക് ഹെൽത്ത് ലാബുകൾ, ഡി-അഡിക്ഷൻ സെന്ററുകൾ എന്നിവയും മെഡിക്കൽ റിക്കോർഡ്സ് വിഭാഗം ശക്തിപ്പെടുത്താനും മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനും വേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിവിധ സ്കീമുകളിലായി 521.74 കോടി രൂപയുടെ പദ്ധതികൾ ആരോഗ്യ വകുപ്പ് നടത്തിവരികയാണ്.

സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കീമുകൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവർത്തനങ്ങൾ KMSCL വഴി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു.

1. കാത്ത് ലാബും, കോറോണറി കെയർ യൂണിറ്റും പത്തെണ്ണം - 80 കോടി.

2. ഡയാലിസിസ് യൂണിറ്റുകൾ 44 – എണ്ണം -69 കോടി.

ദേശീയ ആരോഗ്യ മിഷൻ വഴി മാതൃ-ശിശു ആരോഗ്യസംരക്ഷണത്തിന് ഊന്നൽ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പദ്ധതി ഇനത്തിൽ ആരോഗ്യ വകുപ്പിലെ ആശുപത്രികളിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ വർഷം 32 സ്ഥാപനങ്ങൾക്കായി 48.26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇവയുടെ പ്രൊപ്പോസലുകൾ പി.ഡബ്ല്യു.ഡി.-യുടെ കെട്ടിട നിർമ്മാണ വിഭാഗംവഴി തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള പ്രക്രിയ നടന്നുവരികയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനായി അമ്മമാരുടെയും കുട്ടികളുടേയും ആശുപത്രികൾക്ക് 18.3 കോടി രൂപയും താലൂക്കാശുപത്രികളിലെ മെറ്റേണിറ്റി യൂണിറ്റുകൾ ശക്തിപ്പെടുത്താനായി 16 (പതിനാറ്) കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇവയുടെ പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രക്രിയ നടന്നുവരികയാണ്. സർക്കാർ ആശുപത്രികളിലെ ഉപകരണങ്ങളും പരിശോധനാ സൗകര്യങ്ങളും വിപുലപ്പെടുത്താനായി 23.75 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തലശ്ശേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി (50 കോടി), കോഴിക്കോട് മെന്റൽ ഹെൽത്ത് സെന്റർ എന്നിവയുടെ മാസ്റ്റർ പ്ലാൻ (100 കോടി) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികളും ആരംഭിച്ചിട്ടുണ്ട്.

<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u> :

ആലപ്പുഴ ഡെന്റൽ കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. കമ്മ്യൂണിറ്റി ഡെന്റിസ്ട്രി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആധുനിക സൗകര്യങ്ങളുള്ള മൊബൈൽ ഡെന്റൽ ക്ലിനിക്കിന്റെ വാഹനം വാങ്ങാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

പാരിപ്പള്ളി മെഡിക്കൽ കോളേജിൽ എം.സി.ഐ.-യുടെ മാനദണ്ഡമനുസരിച്ചുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി 10 കോടി രൂപ അധിക നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾക്കുമായി നീക്കിവച്ചിരിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിന്റെ പുതിയ Casualty Block- ന്റെ പണി പൂർത്തിയാക്കാനുള്ള അധികതുക അനുവദിച്ചിട്ടുണ്ട്. ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങി ഹൃദയമാറ്റ ശസ്ത്രക്രിയകൾ നടന്നുവരുന്നു.

<u>ആയുഷ് വകുപ്പ്</u> :

നാല് ഹോമിയോ ആശുപത്രികളിലും നാല് ആയുർവ്വേദ ആശുപത്രികളിലും ഏഴ് ആയുർവ്വേദ ഡിസ്പെൻസറികളിലും രണ്ട് ഹോമിയോ ഡിസ്പെൻസറികളിലും അടിസ്ഥാനസൗകര്യ വികസനത്തിനായി നാഷണൽ ആയുഷ് മിഷനിൽനിന്നും ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

<u>ഭാരതീയ ചികിത്സാ വകുപ്പ്</u> :

29 ആശുപത്രികളിൽ 41 തെറാപ്പിസ്റ്റിന്റെ തസ്തികകൾ അനുവദിച്ച് ആശുപത്രി പ്രവർത്തനം സുഗമമാക്കി.

അടിസ്ഥാനസൗകര്യ വികസനത്തിനായി പഞ്ചകർമ്മ ഫിസിയോതെറാപ്പി യൂണിറ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. എക്സ്റേ, ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്, സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ശാക്തീകരിച്ചിട്ടുണ്ട്. ഫർണിച്ചറും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ആയുഷ് ഹോസ്പിറ്റൽസ്) നിലവാരത്തിലേക്ക് സ്ഥാപനങ്ങളെ ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ഹോമിയോപ്പതി വകുപ്പ്</u> :

70 ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മോഡൽ ഡിസ്പെൻസറികളായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. കോട്ടയം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലാ ആശുപത്രികൾക്കായി പുതിയ കെട്ടിട നിർമ്മാണം നടന്നുവരുന്നു. കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം ജില്ലാ ഹോമിയോ ആശുപത്രികൾക്ക് പുതിയ ബ്ലോക്കുകൾ നിർമ്മിച്ചിട്ടുണ്ട്.

(സി) ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ എല്ലാംതന്നെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകിയിട്ടുള്ളതുമാണ്.

ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകളിൽ 370 പേരെ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമിച്ചിട്ടുണ്ട്. നോൺ ജോയിനിംഗ് പോസ്റ്റുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. 41 അസിസ്റ്റന്റ് സർജന്മാർക്ക് സ്ഥാനക്കയറ്റം നൽകിയും സർവ്വീസ് ക്വാട്ടയിൽ പി.ജി. കഴിഞ്ഞ് തിരിച്ചെത്തിയ ഡോക്ടർമാരെ നിയമിച്ചും സിവിൽ സർജന്മാരുടെ ഒഴിവുകൾ നികത്തുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിൽ 199 ജൂനിയർ കൺസൾട്ടന്റുമാർക്ക് സർവ്വീസിലുള്ള അസിസ്റ്റന്റ് സർജന്മാരിൽ നിന്ന് സ്ഥിരനിയമനവും 12 പേർക്ക് താൽക്കാലിക നിയമനവും നൽകിയിട്ടുണ്ട്. കൂടാതെ അഡീഷണൽ ഡയറക്ടർമാരുടെ ഒഴിവുവന്ന മൂന്ന് തസ്തികകളിലേക്കും ഡെപ്യൂട്ടി ഡയറക്ടർമാരുടെ അഞ്ചു തസ്തികകളിലേക്കും പ്രൊമോഷൻ വഴി നിയമനം നൽകിയിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിലെ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള ശിപാർശകൾ ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒഴിഞ്ഞുകിടന്നിരുന്ന പ്രിൻസിപ്പൽമാരുടെ തസ്തികകളിൽ ഡി.പി.സി. കൂടി നിയമനം നടത്തി. അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേക്കുള്ള നിയമനങ്ങളും നടന്നു. കൂടാതെ കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ 13 അസിസ്റ്റന്റ് പ്രൊഫസർ, 119 നഴ്സിംഗ് സ്റ്റാഫ്, 14 ലാബ് ടെക്നീഷ്യൻ ഗ്രേഡ് II എന്നിവർക്ക് നിയമന ഉത്തരവ് നൽകി. ആയുർവേദ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുൾപ്പെടെ 14 ഡോക്ടർമാരെയും 16 പാരാമെഡിക്കൽ ജീവനക്കാരെയും നാഷണൽ ആയുഷ് മിഷൻ വഴി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സർ, എൽ.ഡി.എഫ്. സർക്കാരിന്റെ ആരോഗ്യ മേഖലയിലെ സമഗ്ര പദ്ധതികൾ ഇവിടെ മന്ത്രിയുടെ മറുപടി എന്ന നിലയിൽ പറഞ്ഞത് സ്വാഗതാർഹവും ജനങ്ങൾക്കേറെ ഗുണകരവുമാണ്. കഴിഞ്ഞ അഞ്ചുവർഷമായി രോഗാവസ്ഥയിൽ കിടക്കുന്ന സി.എച്ച്.സി.-യെ താലൂക്ക് നിലവാരത്തിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താൻ സാധിക്കുമോ; ഇവിടെ പ്രഖ്യാപിച്ചത് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമെന്നാണ്. ഇപ്പോൾ മണ്ഡലാടിസ്ഥാനത്തിൽ ഒരു സി.എച്ച്.സി. എന്നാണ് പറഞ്ഞിട്ടുള്ളത്. സാധാരണക്കാരും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും അധിവസിക്കുന്ന പ്രദേശത്ത് കൂടുതൽ ചികിത്സ ലഭിക്കുന്നതിനുവേണ്ടി പി.എച്ച്.സി.-കളുടെ എണ്ണം നോക്കാതെ കുടുംബ-ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സി.എച്ച്.സി.-കളിൽ മാത്രമല്ല, പല ആശുപത്രികളിലും കണ്ടുവരുന്നത് ബോർഡുമാറ്റി ആശുപത്രികളെ അപ്ഗ്രേഡ് ചെയ്തുവയ്ക്കുന്നതാണ്. ചില പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി പ്രഖ്യാപിച്ച് മന്ത്രിമാർ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്. അവിടെ ആവശ്യമായിട്ടുള്ള പോസ്റ്റ് ക്രിയേഷനും മറ്റ് പശ്ചാത്തലസൗകര്യങ്ങളും ഉണ്ടാവില്ല. മിക്കവാറുമുള്ള ആശുപത്രികളിൽ പശ്ചാത്തലസൗകര്യങ്ങളൊരുക്കാൻ ശ്രമിച്ചിട്ടുണ്ട്. എം.പി./ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നല്ല കെട്ടിടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. വർഷങ്ങളായുള്ള പോസ്റ്റ് ക്രിയേഷനുകളുടെ മുഴുവൻ ഉത്തരവാദിത്വവും ഈ ഗവൺമെന്റിന്മേലാണ് വന്നിട്ടുള്ളത്. അതിൽനിന്നും സർക്കാർ പിൻമാറാതെ പോസ്റ്റ് ക്രിയേഷനിലൂടെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനുള്ള പ്രവർത്തനവുമായി മുന്നോട്ടുപോവുകയാണ്. സി.എച്ച്.സി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടിയാണ് പ്രൈമറി, സെക്കണ്ടറി, ടെർഷ്യറി എന്നീ വിഭാഗങ്ങളെക്കുറിച്ചും അതിന്റെ അപ്ഗ്രഡേഷനെക്കുറിച്ചും മെച്ചപ്പെടുത്തലിനെക്കുറിച്ചും പറഞ്ഞിട്ടുള്ളത്. ആദിവാസി മേഖലകളിലും തീരദേശ മേഖലകളിലും സാധാരണയുള്ള പാറ്റേണിൽനിന്നും

വ്യത്യസ്തമായി ചില ആശുപത്രികൾ നവീകരിക്കേണ്ടതായിവരും. സാധാരണയുള്ള പാറ്റേൺ എന്നുപറയുന്നത് ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി., അതിനുതാഴെ സബ് സെന്ററുകൾ, വികസന ബ്ലോക്കിൽ ഒരു സി.എച്ച്.സി., താലൂക്കിൽ ഒരു താലൂക്കാശുപത്രി, ജില്ലയിൽ ഒരു ജില്ലാ ആശുപത്രി, ജനറൽ ഹോസ്പിറ്റൽ എന്നിങ്ങനെയാണ് അതിന്റെ ക്രമം. പക്ഷേ, അതെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ഒരു ജില്ലയിൽ നാല് ജില്ലാ ആശുപത്രികളുള്ള സ്ഥലങ്ങളുണ്ട്. എന്നാൽ ജില്ലാ ആശുപത്രികൾ ഒട്ടും ഫലപ്രദമല്ലാത്ത സ്ഥലങ്ങളുമുണ്ട്. റവന്യൂ-താലൂക്ക് വിഭജനത്തിന്റെ ഭാഗമായി ഒരു താലൂക്കാശുപത്രി പോലുമില്ലാത്ത സ്ഥലങ്ങളുണ്ട്. അത് ഈ സർക്കാർ പരിഗണിക്കുകയാണ്. മൂന്നും നാലും താലൂക്കാശുപത്രികളുള്ള റവന്യൂ താലൂക്കുകളുമുണ്ട്. ശരിയല്ലാത്ത രീതിയിൽ അപ്ഗ്രഡേഷൻ നടന്നതിന്റെ ഫലമാണിത്. അതിനെയെല്ലാം നിലനിർത്തിക്കൊണ്ട് നിലവിലുള്ള ആശുപത്രികളെ പ്രവർത്തന സജ്ജമാക്കുന്നതിന് പോസ്റ്റ് ക്രിയേഷൻ നടത്തിയും മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും നടപടികൾ സ്വീകരിച്ചുവരികയാണ്. നാലുമാസംകൊണ്ട് ധാരാളം ആശുപത്രികളുടെ കാര്യത്തിൽ വ്യത്യാസമുണ്ടായിട്ടുണ്ട്. എല്ലാ ആശുപത്രികളും മെച്ചപ്പെട്ടുവരുന്നതിന് ഇനിയും സമയമെടുക്കും.

<u>ശ്രീ. കെ. ബാബു</u> : സർ, മാരകരോഗങ്ങൾക്ക് അടിമപ്പെട്ട് ചികിത്സയ്ക്ക് പണമില്ലാതെ മരണം കാത്തുകഴിയുന്ന ഹതഭാഗ്യർ സമൂഹത്തിലുണ്ടാകാൻ പാടില്ലെന്നുള്ളത് കേരളത്തിലെ മുഖ്യമന്ത്രിയുടെ വാക്കുകളാണ്. അത് ജനങ്ങൾക്കേറെ ആശ്വാസം പകരുന്നതാണ്. വൃക്കരോഗം, കരൾരോഗം, തലച്ചോർ സംബന്ധിച്ച രോഗം, ക്യാൻസർ തുടങ്ങിയ മാരകരോഗം ബാധിച്ചവർക്ക് സൗജന്യചികിത്സയും ആരോഗ്യപരിരക്ഷയും നൽകാമെന്ന ഗവൺമെന്റിന്റെ തീരുമാനം എത്രകണ്ട് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, കഴിഞ്ഞ നാലുമാസത്തിനിടയിൽ ഇത്തരത്തിലുള്ള അസുഖംമൂലം വൻതുക ചെലവഴിക്കേണ്ടിവന്ന രോഗികൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സഹായനിധിയിൽനിന്ന് പരമാവധി സഹായം നല്കാൻ തയ്യാറായിട്ടുണ്ട്. അതിന്റെ കണക്കുകൾ പ്രത്യേകിച്ച് വേണമെങ്കിൽ ശേഖരിക്കാം. ഇവർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ ഒരു ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, മെഡിക്കൽ കോളേജുകളെക്കുറിച്ച് ധാരാളം കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. കാസർഗോഡ് ആശുപത്രിയെ സംബന്ധിച്ചും മെഡിക്കൽ കോളേജിനെ സംബന്ധിച്ചും എല്ലാ വകുപ്പുകളെ സംബന്ധിച്ചും ഒരുപാട് പരാതികൾ നിലനിൽക്കുന്നുണ്ട്. ആരോഗ്യ

മേഖലയിൽ പല ഒഴിവുകളും നികത്താതെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിയമനം ലഭിച്ചാലും ഡോക്ടർമാർ വരാത്ത സാഹചര്യമാണുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കുറേപേർക്ക് നിയമനം നൽകിയിട്ടുണ്ടെങ്കിലും ഇനിയും കുറേ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അത് പരിഹരിക്കുന്നതിന് കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാർ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതാണ്. സെൻട്രൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിക്കുകയുണ്ടായി. അതിനായി 60 ഏക്കർ സ്ഥലം പ്ലാന്റേഷൻ കോർപ്പറേഷൻ നീക്കിവച്ചതുമാണ്. ഇതുവരെ അത് പ്രാവർത്തികമാക്കിയിട്ടില്ല. പ്രസ്തുത കോളേജിനാവശ്യമായ മുഴുവൻ തുകയും ചെലവഴിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. കേരള ഗവൺമെന്റും വകുപ്പുമന്ത്രിയും ഇടപെട്ട് പ്രസ്തുത കോളേജ് പെരിയയിൽത്തന്നെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാന സർക്കാരിന് ഒരു ബാധ്യതയും ഉണ്ടാകുന്നതല്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തര നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, നിയമനം നടത്തിയതിൽ കാസർഗോഡ് ജില്ലയിൽ വളരെ കുറച്ച് ഡോക്ടർമാരെ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഡോക്ടർമാരെ നിയമിച്ചാലും കാസർഗോഡ്, വയനാട് ജില്ലകളിൽ ജോയിൻ ചെയ്തിട്ട് ലീവെടുത്ത് പോകുന്ന അവസ്ഥയാണ് പലപ്പോഴും ഉണ്ടാകാറുള്ളത്. അത് തടയുന്നതിന് ഗവൺമെന്റ് ചില കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കുറച്ച് ഡോക്ടർമാരെ നിയമിക്കാൻ സാധിച്ചിട്ടുണ്ട്, പക്ഷേ വേണ്ടത്രയായിട്ടില്ല. ആറുമാസം കഴിയുമ്പോൾ ഒഴിവുകളിലെല്ലാം നിയമനം നടത്താൻ സാധിക്കുമെന്നുള്ള പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമാണത്. കാരണം ആരോഗ്യ മേഖലയിൽ വേണ്ടത്ര സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കിട്ടാത്ത സാഹചര്യമുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരായി നിയമനം ലഭിക്കുന്നവർ മൂന്നുവർഷം കേരളത്തിൽ സേവനം അനുഷ്ഠിച്ചതിന് ശേഷമേ വെളിയിലേക്ക് പോകാവൂ എന്ന നിബന്ധനയാണ് പ്രോസ്പെക്ടസിൽ വച്ചിട്ടുള്ളത്. അത് പ്രാവർത്തികമാകുമ്പോൾ, രണ്ടുകൊല്ലം കഴിയുമ്പോൾ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നാണ് കരുതുന്നത്. ഇപ്പോൾതന്നെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കണ്ടുപിടിച്ച് നിയമിക്കാനുള്ള ശ്രമം നടത്തിവരികയാണ്. മെഡിക്കൽ കോളേജിനെ സംബന്ധിച്ച് ഒരു ചോദ്യത്തിന് മറുപടിയായി മുമ്പ് സഭയിൽ പറഞ്ഞിട്ടുള്ളതാണ്. നിലവിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുക എന്നതാണ് സർക്കാർ ഒന്നാമതായി പരിഗണിക്കുന്നത്. അതിലും കുറേ കാര്യങ്ങൾ ചെയ്യേണ്ടതായുണ്ട്. ഇതുസംബന്ധിച്ച് വളരെ വിശദമായി ഞാൻ

ഇവിടെ പറഞ്ഞതാണ്. അതുകൊണ്ട് ആവർത്തിക്കുന്നില്ല. പുതിയ മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് ഒരു സൗകര്യവുമില്ലാതെ അവിടെ അഡ്മിഷൻ നടത്തിയിരുന്നു. അതിന്റെ പ്രവർത്തനമെല്ലാം മുടങ്ങിക്കിടക്കുകയാണ്. രണ്ടാമത് പരിഗണന കൊടുത്തുകൊണ്ട് ഇടുക്കി മെഡിക്കൽ കോളേജ് സന്ദർശിക്കുകയുണ്ടായി. അതിന്റെ പ്രവർത്തനം ആരംഭിക്കാൻ നോക്കിയപ്പോൾ ഫണ്ട് വളരെ കുറച്ചുമാത്രമേയുള്ളൂവെന്ന് മനസ്സിലായി. അവിടെ കൂടുതൽ ഫണ്ട് ചെലവാക്കിയാൽമാത്രമേ അതിനെ മെഡിക്കൽ കോളേജാക്കി മാറ്റാൻ സാധിക്കുകയുള്ളൂ. ഇപ്രാവശ്യം പ്രസ്തുത കോളേജിന് എം.സി.ഐ.-യുടെ അംഗീകാരം ലഭിച്ചില്ല. കാരണം രണ്ടുതവണ അഷ്വറൻസ് കൊടുത്തു, അഷ്വറൻസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടെ അക്കാദമിക് ബ്ലോക്കും മറ്റ് സൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ചിട്ടുള്ള മെഡിക്കൽ കോളേജിന് തുടക്കം കുറിച്ചുവെന്നുള്ളതല്ലാതെ അവിടെ അതിനാവശ്യമായ യാതൊരു സൗകര്യവുമില്ലാത്ത സ്ഥിതിയാണുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമായ മെഡിക്കൽ കോളേജിനെ സംബന്ധിച്ച് എന്താണ് ചെയ്യാൻ സാധിക്കുക എന്നുള്ളത് അന്വേഷിച്ച് തീരുമാനമെടുക്കാം.

ശ്രീ. ആർ. രാജേഷ് : സർ, ആരോഗ്യ മേഖലയിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിന്റെ ഫലം ഈ രംഗത്ത് പ്രതിഫലിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ നടപ്പിലാക്കിവരുന്ന നിരവധി കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചത് അഭിനന്ദനാർഹമാണ്. ഡോക്ടർമാരെ നിയമിക്കുമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. താലൂക്കാശുപത്രികളെ ജില്ലാ ആശുപത്രികളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തിയ സ്ഥലങ്ങളിൽപ്പോലും ദീർഘകാലമായി ഡോക്ടർമാരില്ലാത്ത അവസ്ഥയാണുള്ളത്. മാവേലിക്കര, കായംകുളം, ചെങ്ങന്നൂർ അടക്കമുള്ള ജില്ലാ ആശുപത്രികളിൽ മതിയായ ഡോക്ടർമാരെ ലഭിക്കാത്ത സാഹചര്യമുണ്ട്. പോസ്റ്റ് ക്രിയേഷൻ നടത്തുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ജില്ലാ ആശുപത്രികളെ പ്രധാനമായിക്കണ്ട്, അടിയന്തരമായി പോസ്റ്റ് ക്രിയേഷൻ നടത്താനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, പോസ്റ്റ് ക്രിയേഷനുള്ള ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരിക്കുകയാണ്. കുറച്ച് പോസ്റ്റ് ക്രിയേറ്റ് ചെയ്ത കാര്യം ഞാൻ നേരത്തെ പറയുകയുണ്ടായി. ബാക്കി പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാനുള്ള ഫയലുകളാണ് ധനകാര്യ വകുപ്പിലേക്ക് അയച്ചിട്ടുള്ളത്. ധനകാര്യ വകുപ്പിൽനിന്നും അംഗീകാരം കിട്ടുമെന്നും പോസ്റ്റ് ക്രിയേഷൻ നടക്കുമെന്നും തന്നെയാണ് ഗവൺമെന്റ് കരുതുന്നത്. പോസ്റ്റ് ക്രിയേഷന് അംഗീകാരം ലഭിക്കുമ്പോൾ ഈ വിഷയം പരിഹരിക്കാൻ സാധിക്കും.

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, ഫറോക്ക് ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തി സൂപ്രണ്ടടക്കം 9 ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചിട്ട് ഒന്നരവർഷമായി. സൗകര്യങ്ങളെല്ലാമുണ്ടായിട്ടും കഴിഞ്ഞ ആഗസ്റ്റ് മാസംവരെ ഉച്ചവരെയാണ് അവിടെ പ്രവർത്തനം നടന്നുകൊണ്ടിരുന്നത്. പാരാമെഡിക്കൽ സ്റ്റാഫിൽ ഒരാളിന്റെ കുറവുണ്ടെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. എച്ച്.എം.സി. ചേർന്ന് താൽക്കാലികമായി പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ചെങ്കിലും കിടത്തിചികിത്സ ശരിയായ രീതിയിൽ നടക്കുന്നില്ല. അതിന് കാരണമായി പറയുന്നത്, ഒരു ഡോക്ടറിന്റെ കുറവുണ്ടെന്നും ഉള്ളതിൽ രണ്ടുപേർ ലീവാണെന്നുമാണ്. കൂടാതെ കാഷ്വാലിറ്റിയിൽ മെഡിക്കൽ ഓഫീസറില്ല. ഉച്ചയ്ക്കുശേഷം അവിടെ ഒരു ഡോക്ടറുണ്ടെങ്കിൽ കുറേ ആളുകൾക്ക് ചികിത്സ ലഭിക്കുമായിരുന്നു. ഒരു ഡോക്ടറെ നിയമിക്കുകയോ അല്ലെങ്കിൽ മറ്റ് വിഭാഗങ്ങളിലെ ഏതെങ്കിലും ഒരു ഡോക്ടറിനെ ഒഴിവാക്കിക്കൊണ്ട് കാഷ്വാലിറ്റിൽ മെഡിക്കൽ ഓഫീസറെ നിയമിക്കുകയോ ചെയ്താൽ സാധാരണക്കാർക്ക് ചികിത്സ ലഭ്യമാക്കാൻ സാധിക്കും. അതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി ഉണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഫറോക്ക് ആശുപത്രിയുടെ കാര്യം ഗവൺമെന്റ് പരിശോധിച്ചതാണ്. 4 ഡോക്ടർമാർ ഉണ്ടെങ്കിൽ മാത്രമേ നൈറ്റ് ഡ്യൂട്ടിയടക്കം കൊടുക്കാൻ സാധിക്കുകയുള്ളൂ. നിശ്ചയിച്ചിരുന്ന 4 ഡോക്ടർമാരിൽ ഒരാൾ ലീവായതിനാൽ അവിടെ ബുദ്ധിമുട്ടുണ്ടായിരിക്കുകയാണ്. അടിയന്തരമായി പകരം ഒരാളെ നിയമിച്ചുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ രീതിയിൽ കാഷ്വാലിറ്റി സംവിധാനമടക്കം തുടങ്ങുന്നതിനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കുന്നതാണ്.

ശ്രീ. അനിൽ അക്കര : സർ, എന്റെ മണ്ഡലത്തിലാണ് തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്. അവിടെ ഏറ്റവും പ്രധാനപ്പെട്ട ക്യാൻസർ വിഭാഗത്തിൽ പ്രവർത്തിക്കുന്ന റേഡിയേഷൻ മെഷീൻ കേടായിട്ട് രണ്ടുമാസമായി. റേഡിയേഷൻ വേണ്ടിവരുന്ന രോഗികളെ എറണാകുളം, കോഴിക്കോട് ജില്ലകളിലെ ആശുപത്രികളിലേക്ക് പറഞ്ഞുവിടുകയാണ്. ഈ ആശുപത്രിയിൽ കഴിയുന്ന, മറ്റ് സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യാൻ കഴിയാത്ത, അനുകമ്പ അർഹിക്കുന്ന ക്യാൻസർ രോഗികൾക്ക് റേഡിയേഷൻ നൽകാൻ കഴിയാത്തതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അവരെ മറ്റ് ആശുപത്രികളിലേക്ക് കൊണ്ടുപോകുന്നതിനുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിനും അതിനുള്ള ചെലവ് വഹിക്കുന്നതിനും അടിയന്തരമായി റേഡിയേഷൻ മെഷീൻ നന്നാക്കുന്നതിനും പുതിയ റേഡിയേഷൻ മെഷീൻ വാങ്ങുന്നതിനും നിലവിലുള്ള സംവിധാനത്തിന് പകരം പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ബഹുമാനപ്പെട്ട മെമ്പറും ഞാനും ഉൾപ്പെടുന്ന സംഘം തൃശ്ശൂർ മെഡിക്കൽ കോളേജ് സന്ദർശിച്ചതാണ്. അവിടെ കൊബാൾട്ട് റേഡിയേഷൻ മെഷീനാണ് കാലാകാലങ്ങളായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ അത് പലതവണ കേടായിട്ടുണ്ട്. അപ്പോഴെല്ലാം സോഴ്സിനായി കാത്തുനിൽക്കാതെ അത് നന്നാക്കുകയാണ് ചെയ്തത്. വർഷങ്ങളായി പഴക്കമുള്ള മെഷീനായതിനാൽ എത്ര നന്നാക്കിയാലും ഉടൻതന്നെ കേടാവുകയാണ് ചെയ്യുന്നത്. ഈ വിഷയം മനസ്സിലാക്കി അവിടം സന്ദർശിക്കുന്നതിനു മുമ്പുതന്നെ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാനുള്ള തീരുമാനവും ശ്രീ. അനിൽ അക്കരയടക്കം അവിടെ സന്ദർശിച്ചതിനുശേഷം കൊബാൾട്ട് റേഡിയേഷൻ മെഷീൻ നന്നാക്കാനുള്ള തീരുമാനവും ഗവൺമെന്റ് എടുത്തിട്ടുണ്ട്. ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിന് ഒരുവർഷം വേണ്ടിവരും. കൊബാൾട്ട് മെഷീൻ നന്നാക്കുന്നതിനുള്ള സോഴ്സ് ലഭിക്കുന്നതിലെ താമസമേ ഉണ്ടാവുകയുള്ളൂ. ഒരു മാസത്തിനുള്ളിൽ കൊബാൾട്ട് മെഷീൻ നന്നാക്കാൻ സാധിക്കുമെന്നാണ് തോന്നുന്നത്.

<u>ശ്രീ. അനിൽ അക്കര</u> : സർ, തൃശ്ശൂർ ജില്ലയിൽനിന്നും രോഗികളെ മറ്റു ജില്ലകളിലേക്ക് കൊണ്ടുപോകുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, തൃശ്ശൂർ മെഡിക്കൽ കോളേജ് മെച്ചപ്പെടുത്താൻ ഒരുമിച്ചെടുത്ത എല്ലാ തീരുമാനങ്ങളും ഓരോന്നായി നടപ്പിലാക്കുന്നതാണ്. വാഹന സൗകര്യം ഏർപ്പെടുത്തുന്നതാണ്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : സർ, 25 വർഷം മുമ്പാണ് എന്റെ നിയോജക മണ്ഡലമായ പത്തനാപുരത്തുള്ള പ്രാഥമികാരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയത്. ആവശ്യമായ ഡോക്ടർമാരെപ്പോലും നിയമിക്കാതെ 25 വർഷം കടന്നുപോയി. രണ്ടുവർഷംമുമ്പ് പത്തനാപുരം താലൂക്കായിമാറി. ആ താലൂക്കിൽ ഇപ്പോഴും ഒരു താലൂക്കാശുപത്രി ഉണ്ടായിട്ടില്ല. കഴിഞ്ഞ 15 വർഷമായി മാറിമാറിവരുന്ന മന്ത്രിമാരോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആളെത്തരണമെന്ന് ഞാൻ ആവശ്യപ്പെട്ടു. ഇപ്പോൾ താലൂക്ക് ആശുപത്രിക്കുവേണ്ടി ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തെ സംബന്ധിച്ച് തീരുമാനം പറയാൻ കഴിയുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു താലൂക്കിൽ താലൂക്കാശുപത്രി വേണം. എന്നാൽ പത്തനാപുരത്ത് താലൂക്കാശുപത്രിയില്ല. പത്തനാപുരത്തെ സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അത് അടിയന്തരമായി പ്രാവർത്തികമാക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ 3-ഉം 18-ഉം ക്ലബ് ചെയ്യാനുള്ള റിക്വസ്റ്റ് ലഭിച്ചിട്ടുണ്ട്. അത് അംഗീകരിക്കുന്നതുകൊണ്ട് കൂടുതൽ ഉപചോദ്യങ്ങൾ അനുവദിക്കുന്നില്ല.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

3 (*3) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന് ഈ വർഷം മെറിറ്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. സീറ്റുകളിൽ എത്ര രൂപയാണ് ഫീസ് ആയി നിശ്ചയിച്ചിട്ടുള്ളതെന്നും കഴിഞ്ഞ അദ്ധ്യയനവർഷം ഇത് എത്ര രൂപയായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് ഈ വർഷം സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളുമായി ഒപ്പുവച്ച കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള കരാറിൽ ഏർപ്പെടുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ഡി) മെറിറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകണമെന്ന നിർദ്ദേശം പരിഗണിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) 2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സിന് താഴെപ്പറയുംപ്രകാരം ഫീസ് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി:

2015-16 അദ്ധ്യയന വർഷം

14-7-2015-ലെ സ.ഉ.(സാധാ) നമ്പർ 2192/2015/ആ.കു.വ. (അനുബന്ധം-I)*

| | |
|---|---|
| മെറിറ്റ് സീറ്റ് | - 1,85,000 രൂപ |
| മാനേജ്മെന്റ് സീറ്റ് | - 8,50,000 രൂപ |
| എൻ.ആർ.ഐ. സീറ്റ് | - 12,50,000 രൂപ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2016-17 അദ്ധ്യയന വർഷം

1-9-2016-ലെ സ.ഉ.(സാധാ) നമ്പർ 2463/2016/ആ.കു.വ.

(അനുബന്ധം 2*)

| | |
|---|---|
| മെറിറ്റ് സീറ്റ് | - 2,50,000 രൂപ |
| ബി.പി.എൽ-എസ്.ഇ.ബി.സി. | - 25,000 രൂപ |
| മാനേജ്മെന്റ് സീറ്റ് | - 11,00,000 രൂപ |
| എൻ.ആർ.ഐ. സീറ്റ് | - 15,00,000 രൂപ |

സർക്കാർ ഈ നിലപാട് എടുത്തതിന്റെ ഭാഗമായി ആകെയുള്ള 23 സ്വാശ്രയ കോളേജ് മാനേജ്മെന്റുകളിൽ 20 എണ്ണം സർക്കാരുമായി ധാരണയിൽ എത്തുകയും അതിന്റെ ഫലമായി സർക്കാരിന് സ്വാശ്രയ കോളേജുകളിലെ ഗവൺമെന്റ് മെറിറ്റ് സീറ്റുകളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനും സാധിച്ചു. 2015-16-ൽ 1650 സീറ്റുകളിലാണ് സർക്കാരുമായി എഗ്രിമെന്റ് ഉണ്ടായത്. കോളേജുകൾ സർക്കാരുമായി എഗ്രിമെന്റ് വയ്ക്കാതിരിക്കുകയും മുഴുവൻ സീറ്റുകളിലും വലിയ ഫീസ് ഈടാക്കുകയും ചെയ്തിരുന്നു. ഇതിൽത്തന്നെ ഗവൺമെന്റിന് വിട്ടുകിട്ടിയ സീറ്റുകളുടെ എണ്ണം 800 ആയിരുന്നു. 2016-17-ൽ ആകെ 2450 സീറ്റുകളിൽ ഗവൺമെന്റുമായി കരാറിലെത്തിയത് 2250 സീറ്റുകളിലാണ്. ഇതിൽ 1100 മെറിറ്റ് സീറ്റുകൾ ഗവൺമെന്റിന് ലഭ്യമായി. ബി.പി.എൽ. കാറ്റഗറിയിൽ കഴിഞ്ഞ വർഷം 115 സീറ്റ് മാത്രം ഉണ്ടായിരുന്നത് ഈ വർഷം 157 ആയി. എസ്.ഇ.ബി.സി. മുൻവർഷം 214 ഉണ്ടായിരുന്നത് ഈ വർഷം 292 ആയി. അതായത് ബി.പി.എൽ.-എസ്.ഇ.ബി.സി. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം മുൻവർഷം 329 ആയിരുന്നെങ്കിൽ ഈ വർഷം 449 ആണ്. മെറിറ്റ് സീറ്റിന്റെ എണ്ണത്തിൽ മുൻവർഷത്തേതിനെക്കാൾ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി കാണാം. ഇത്തവണ മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ കോളേജുകൾ സർക്കാരുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. വിദ്യാർത്ഥി പ്രവേശനത്തിന് ഇത്തവണ മെറിറ്റ് മാത്രമായിരുന്നു മാനദണ്ഡം.

സർക്കാർ ഈ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായി മെറിറ്റ് സീറ്റിൽ വമ്പിച്ച വർദ്ധനവുണ്ടായി. മാനേജ്മെന്റുമായി കരാർ ഒപ്പുവച്ചതിന്റെ ഭാഗമായി മെറിറ്റ് സീറ്റിൽ വൻതോതിലുള്ള വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ തവണത്തെക്കാൾ ബി.പി.എൽ. മെറിറ്റ് സീറ്റിൽ തന്നെ 120 സീറ്റിന്റെ വർദ്ധനവുണ്ടയി. അതുപോലെ മൊത്തം മെറിറ്റ് സീറ്റ് കഴിഞ്ഞ തവണ 750 ആയിരുന്നെങ്കിൽ ഇത്തവണ അത് 1150 ആയി വർദ്ധിച്ചു. വലിയ തോതിലുള്ള വർദ്ധനവാണ് മെറിറ്റ് സീറ്റിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

(ബി) അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.*

(സി) അത്തരത്തിൽ ഒരു കരാറിലും സർക്കാർ ഏർപ്പെട്ടിട്ടില്ല.

(ഡി) തൽക്കാലം പരിഗണനയിലില്ല.

**ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ സ്വാശ്രയ മേഖല**

4(*18) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ആൻസലൻ :
പ്രൊഫ. കെ. യു. അരുണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വിദ്യാഭ്യാസരംഗത്ത് സ്വാശ്രയ മേഖലയിൽ ഏതാനും വർഷങ്ങളായി നിലനിന്നുവന്നിരുന്ന അനഭിലഷണീയമായ പ്രവണതകൾ ഇല്ലാതാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് യോഗ്യതമാത്രം മാനദണ്ഡമാക്കാൻ സാധിച്ചിട്ടുണ്ടോ, എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(സി) ഫീസ് നിർണ്ണയത്തിലെ അപാകത ഇല്ലാതാക്കുന്നതിനായി കോടതി ഉത്തരവുപ്രകാരം നിയോഗിച്ചിട്ടുള്ള 'പ്രവേശന മേൽനോട്ട ഫീസ് നിയന്ത്രണ സമിതി'യുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും അഫിലിയേഷൻ പ്രക്രിയ കർശനമാക്കാനും നടപടിയെടുക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ & ബി) ഈ വർഷം മുതൽ 50% മാനേജ്മെന്റ് സീറ്റുകളിൽ നീറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. മേൽപ്പറഞ്ഞ മാനേജ്മെന്റ് സീറ്റുകളിൽ (35 എണ്ണത്തിൽ) നീറ്റിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റും സർക്കാരുമായി ധാരണയിലായ ഫീസ് നൽകുവാൻ സന്നദ്ധരായ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ മാനേജ്മെന്റുകൾ നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയതിൻപ്രകാരം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടതുമാകുന്നു. ഈ ഒരു രീതി തുടരുന്നതിനാൽ വിദ്യാർത്ഥികളുടെ നീറ്റ് റാങ്ക് മാനദണ്ഡമാക്കിയാണ് മാനേജ്മെന്റ് സീറ്റുകളിൽപ്പോലും പ്രവേശനം നൽകിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇത്തവണ ഒരു പുതിയ സംവിധാനമാണുണ്ടായത്. മെഡിക്കൽ സീറ്റുകളിൽ നീറ്റിൽനിന്ന് പ്രവേശനം നടത്തണമെന്ന് സുപ്രീം കോടതി വിധിയും കേന്ദ്രഗവൺമെന്റിന്റെ തീരുമാനവും വന്നു. ഇവിടെ കീം (KEAM)-ൽ കേരള എൻട്രൻസ് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിന് സന്നദ്ധമായിരുന്നു. മാനേജ്മെന്റിന്റെ 50% മെറിറ്റ് സീറ്റുകളിലും ഗവൺമെന്റ് കോളേജുകളിലും കേരള എൻട്രൻസ് ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ അനുവാദം നൽകണമെന്ന് സംസ്ഥാന സർക്കാർ സുപ്രീം കോടതിയോട് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ, ഗവൺമെന്റ് മെറിറ്റ് സീറ്റുകളിലും മാനേജ്മെന്റിന്റെ 50% മെറിറ്റ് സീറ്റുകളിലും കേരള എൻട്രൻസ് ലിസ്റ്റിൽനിന്നും അഡ്മിഷൻ നൽകാൻ ഓർഡിനൻസിൽത്തന്നെ സുപ്രീം കോടതി അനുവാദം നൽകിയതിന്റെ ഫലമായാണ്....

ശ്രീ. വി. ഡി. സതീശൻ : സർ, ചോദ്യത്തിനുള്ള മറുപടിയല്ല പറയുന്നത്.

മി. സ്പീക്കർ: മന്ത്രി എന്തുപറയണമെന്ന് ചെയറിന് നിർദ്ദേശിക്കാൻ സാധിക്കില്ല. ഉത്തരം പറയണമെന്ന് മാത്രമേ ചെയറിന് പറയാൻ സാധിക്കുകയുള്ളൂ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഉത്തരമാണ് പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, അങ്ങ് എനിക്ക് മൈക്ക് തരുന്നില്ലല്ലോ. നേരത്തെ മുഖ്യമന്ത്രി സംസാരിച്ചപ്പോഴും എനിക്ക് മൈക്ക് തന്നില്ല. സാധാരണഗതിയിൽ റിട്ടൺ ആൻസർ മന്ത്രിമാർ വായിക്കും. പിന്നീട് ഉപചോദ്യങ്ങൾ വരുമ്പോൾ വിശദമായ മറുപടി പറയും. ഇവിടെ ബഹുമാന്യയായ മന്ത്രി, മുഴുവൻ കാര്യങ്ങളും പ്രസംഗിക്കുകയാണ്. ആകെ ഒരു മണിക്കൂറാണ് ചോദ്യോത്തരസമയം എന്നുപറയുന്നത്. ഇക്കാര്യത്തിൽ അംഗങ്ങൾക്ക് സംരക്ഷണം വേണം.

മി. സ്പീക്കർ : ഉത്തരങ്ങൾ പരമാവധി ചുരുക്കി പറയേണ്ടതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ ഈ ഉത്തരം ചുരുക്കാം. ഉപചോദ്യം വരുമ്പോൾ വിശദമായ മറുപടി പറയാം. (എ)-യും (ബി)-യും ആണ് ഞാൻ ആദ്യം വായിച്ചത്.

(സി) കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നുവരുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, കഴിഞ്ഞ കാലങ്ങളിലൊക്കെ 25% കുട്ടികൾക്ക് 25,000 രൂപ ഫീസ് നൽകി സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്നതിനുള്ള നടപടിയുണ്ടായിരുന്നു. പക്ഷേ ഈ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെയൊരു തീരുമാനം ഉണ്ടായിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതോടുകൂടി സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ബഹുമാനപ്പെട്ട എം.എൽ.എ.-മാർ കാര്യങ്ങൾ മനസ്സിലാക്കി സഭയിൽ സംസാരിക്കുന്നതാണ് ഉചിതമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റ്, മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശങ്ങൾ മേശപ്പുറത്തുവയ്ക്കുന്നുണ്ട്. ... (ബഹളം).... മറുപടി പറയാൻ എന്നെ അനുവദിക്കണം. ഞാൻ നിങ്ങളെ ചോദ്യം ചോദിക്കാൻ അനുവദിച്ചല്ലോ; ഉത്തരം പറയുന്നത് നിർത്തി, നിങ്ങളെ ചോദ്യം ചോദിക്കാൻ അനുവദിച്ചിട്ടുണ്ട്. ഏതു ചോദ്യത്തിനും മറുപടി പറയാൻ ഞങ്ങൾ തയ്യാറാണ്. മറുപടി പറയുമ്പോൾ കേൾക്കാനുള്ള സന്മനസ്സ് പ്രതിപക്ഷം കാണിക്കണം. ഇത്തവണ ഒരു പ്രത്യേക സാഹചര്യമാണ്. അതാണ് ഞാൻ നേരത്തെ ഇവിടെ വിശദീകരിക്കാൻ ശ്രമിച്ചത്. നീറ്റ് മെറിറ്റിൽനിന്ന് അഡ്മിഷൻ നൽകണമെന്നുവന്ന സാഹചര്യത്തിൽ മാനേജ്മെന്റിന്റെ 50% സീറ്റിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കേരള എൻട്രൻസ് ലിസ്റ്റിലെ മെറിറ്റിൽനിന്ന് അഡ്മിഷൻ നൽകാനുള്ള അനുവാദം സുപ്രീം കോടതി നൽകുകയുണ്ടായി. ബാക്കിവരുന്ന 50% സീറ്റിൽ മാനേജ്മെന്റിന് നീറ്റിൽനിന്ന് അലോട്ട്മെന്റ് നടത്താമെന്ന സ്ഥിതി വന്നപ്പോൾ ഞങ്ങൾ പെട്ടെന്ന് ഇടപെടുകയും മുഴുവൻ സീറ്റുകളിലും കേരള ഗവൺമെന്റ് അലോട്ട്മെന്റ് നടത്തുമെന്ന് മാനേജുമെന്റുകളോട് പറയുകയും ചെയ്തു. കമ്പൈൻഡ് അലോട്ട്മെന്റ് നടത്തിക്കൊണ്ട് എല്ലാ സീറ്റുകളിലേക്കുമുള്ള അലോട്ട്മെന്റും കേരള ഗവൺമെന്റ് നടത്തുമെന്ന് പറഞ്ഞപ്പോൾ സീറ്റ് അലോട്ട്മെന്റ് ചർച്ചയിൽനിന്ന് മാനേജ്മെന്റ് ഇറങ്ങിപ്പോകുകയാണുണ്ടായത്. അവർ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും എല്ലാ സീറ്റുകളിലും മാനേജ്മെന്റിന് അലോട്ട്മെന്റ് നടത്താമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുകയും ചെയ്തു. പക്ഷേ വീണ്ടും മാനേജ്മെന്റുകൾ ചർച്ചയ്ക്കുവരികയും 50% മെരിറ്റ് സീറ്റും ഗവൺമെന്റിലേക്ക് സറണ്ടർ ചെയ്യാൻ തയ്യാറാകുകയും ചെയ്തു. ആ സമയത്ത് ഒരു ഫീസ് ഘടന നിശ്ചയിക്കണമെന്ന ആവശ്യമുയർന്നതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഫീസ് ഘടന നിശ്ചയിച്ചിട്ടുള്ളത്. പുതിയ ഫീസ് ഘടന അനുസരിച്ച് ബി.പി.എൽ./എസ്.ഇ.ബി.സി. കാറ്റഗറിയിൽ 25,000 രൂപയ്ക്കാണ് കുട്ടികൾ പഠിക്കുന്നത്. കഴിഞ്ഞതവണ 1,85,000 രൂപ ഫീസുണ്ടായിരുന്ന 50 ശതമാനത്തിലെ 30 സീറ്റുകളിൽ സാധാരണഗതിയിൽ എല്ലാതവണയും ഫീസ് വർദ്ധിക്കുന്നതനുസരിച്ച് വർദ്ധിച്ചാൽ ഇത്തവണ 2,03,000 മായി മാറുമായിരുന്നത് ഇത്തവണ 2,50,000 രൂപയായി ഫിക്സ് ചെയ്തു. 329 സീറ്റുകളാണ് കഴിഞ്ഞ തവണ സർക്കാർ എഗ്രിമെന്റ് വച്ച് എസ്.ഇ.ബി.സി./ബി.പി.എൽ. കാറ്റഗറിയിലുണ്ടായിരുന്നതെങ്കിൽ അത് ഇത്തവണ 449 ആയി വർദ്ധിച്ചു. എനിക്ക് രക്ഷിതാക്കൾ തന്ന ഒരു പരാതിയിൽ പറയുന്നത് കഴിഞ്ഞ തവണ മെറിറ്റിൽ 2101 റാങ്കുണ്ടായിരുന്ന ഒരു കുട്ടിക്ക് എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിച്ചില്ല. അതിനുപകരം ....(ബഹളം).... ചോദ്യത്തിന് ഉത്തരമാണ് പറയുന്നത്. എന്തു നടപടി സ്വീകരിച്ചുവെന്ന് ചോദിച്ചാൽ

ഉപോദ്ബലകമായ കാര്യങ്ങൾ എനിക്ക് പറയേണ്ടതായിവരും. അവർക്ക് ബി.ഡി.എസ്.-നാണ് അഡ്മിഷൻ ലഭിച്ചത്. ഇത്തവണ മെറിറ്റ് സീറ്റിന്റെ എണ്ണം വർദ്ധിച്ചപ്പോൾ ഇതിനേക്കാൾ താഴെയുള്ള റാങ്കുകാർക്ക് എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിച്ചിരിക്കുന്നു. രക്ഷിതാക്കളും കുട്ടികളും സംതൃപ്തരാണ്. കാരണം കൂടുതൽ മെറിറ്റ് സീറ്റുകൾ വന്നതുകൊണ്ട് ധാരാളം കുട്ടികൾക്ക് മെറിറ്റ് സീറ്റുകളിൽ പഠിക്കാനുള്ള അവസരം ഈ ഗവൺമെന്റ് സൃഷ്ടിച്ചുവെന്നുള്ളതാണ്. കഴിഞ്ഞ തവണ 6 മെഡിക്കൽ കോളേജുകൾ കഴിഞ്ഞ സർക്കാരുമായി എഗ്രിമെന്റ് വയ്ക്കാതെ 100 സീറ്റുകളിലും 5 ലക്ഷം രൂപ മുതൽ 15 ലക്ഷം രൂപ വരെ വാങ്ങിയിട്ടുണ്ട്. എസ്.ഇ.ബി.സി./ബി.പി.എൽ. മെറിറ്റ് ഒന്നുമില്ലാതെ, 6 മാനേജ്മെന്റുകൾ സർക്കാരുമായി സന്ധിചെയ്യാതെ തോന്നിയതുപോലെ ഫീസ് ഈടാക്കുകയും ക്യാപിറ്റേഷൻ ഫീ വാങ്ങുകയും ചെയ്തു. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് എം.എൽ.എ. അന്ന് അസംബ്ലിയിൽ ഈ പ്രശ്നം ഉന്നയിച്ചതിന്റെ മിനിട്ട്സ് എന്റെ കൈവശമുണ്ട്. അതിന് ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞ ഉത്തരവും എന്റെ കയ്യിലുള്ള രേഖയിലുണ്ട്. ഞാനത് മേശപ്പുറത്തുവയ്ക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷത്തെപ്പോലെ ഇത്രയേറെ മെറിറ്റ് സീറ്റിന്റെ എണ്ണം കുറഞ്ഞ വർഷമുണ്ടായിട്ടില്ല. കുട്ടികൾക്ക് നല്ല റാങ്ക് ലഭിച്ചിട്ടും എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിക്കാൻ പ്രയാസപ്പെട്ടിരുന്ന ഒരു സാഹചര്യമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നത്. അതെല്ലാം പരിഹരിച്ചു. കുട്ടികളും രക്ഷിതാക്കളും നാട്ടുകാരും തൃപ്തരാണ്. നല്ല എഗ്രിമെന്റായതുകൊണ്ട് പ്രതിപക്ഷത്തിന് മാത്രമാണ് തൃപ്തിയില്ലാത്തത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഞാൻ ഇവിടെ കാര്യങ്ങൾ അറിയാതെയല്ല സംസാരിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 25% കുട്ടികൾക്ക് 25,000 രൂപയ്ക്ക് ഗവൺമെന്റ് സീറ്റിൽ പഠിക്കാമായിരുന്നു. ആർക്കുവേണ്ടിയാണ് 5% വെട്ടിക്കുറച്ച് 20% ആക്കിയത് എന്നാണ് എന്റെ ചോദ്യം. കാര്യങ്ങൾ അറിയാതെയല്ല ഇവിടെ സംസാരിച്ചത്. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറയാൻ പാടില്ലായിരുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാനതിന് ഉത്തരം പറയാം. 25% എന്നുപറയുന്ന കണക്ക് മേശപ്പുറത്തുവയ്ക്കാൻ പറയണം. സാധാരണ വരുന്ന 50% മെറിറ്റ് സീറ്റിലെ 20% കുട്ടികൾക്കാണ് ഫീസിളവുള്ളത്. അതിൽ 6% ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരും ബാക്കി എസ്.ഇ.ബി.സി.-യുമാണ്. കഴിഞ്ഞ തവണത്തെ അതേ രീതിയിലാണ് ഇത്തവണയും വന്നിട്ടുള്ളത്. അതിൽ മാറ്റമുണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ഈ കരാർ കഴിഞ്ഞപ്പോൾ സ്വാശ്രയ മെഡിക്കൽ കോളേജിൽ നീറ്റ് മെറിറ്റിൽവരുന്ന ... (ബഹളം)..

മി. സ്പീക്കർ : ചോദ്യം ചോദിക്കാൻ ചെയർ അദ്ദേഹത്തെ അനുവദിച്ചതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, എന്താണിത്.... ഈ കരാർ കഴിഞ്ഞതിനുശേഷം സ്വാശ്രയ മെഡിക്കൽ കോളേജിൽ പഠിക്കാൻ വരുന്ന ഒരു വിദ്യാർത്ഥിക്ക് നീറ്റ് മെറിറ്റിൽനിന്ന് മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കണമെങ്കിൽ 55 ലക്ഷം രൂപയും തലവരിപ്പണവും എൻ.ആർ.ഐ. സീറ്റിൽ അഡ്മിഷൻ ലഭിക്കണമെങ്കിൽ 75 ലക്ഷം രൂപയും തലവരിപ്പണവും നൽകണം. ഈ ഗവൺമെന്റിന്റെ കരാർ കഴിഞ്ഞതോടുകൂടി കേരളത്തിലെ എം.ബി.ബി.എസ്. സീറ്റിന്റെ വില ഒരുകോടി രൂപയും ഒരുകോടി പത്തുലക്ഷം രൂപയുമായി വർദ്ധിച്ചിരിക്കുകയാണ്. അതാണ് പ്രശ്നം. ഇപ്പോൾ അടച്ചുപൂട്ടിയ കാഷ്യൂ കമ്പനി ഉടമകൾ, ബാർ മുതലാളിമാർ എന്നിവർ കേരളത്തിൽ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ പോകുകയാണ്. ....(ബഹളം)....

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ, അങ്ങ് ചോദ്യത്തിലേക്ക് വരൂ.

ശ്രീ. വി. ഡി. സതീശൻ : സർ, കേരളത്തിലെ ഏറ്റവും വലിയ വ്യവസായമായി ഈ മെഡിക്കൽ വിദ്യാഭ്യാസത്തെ അധഃപതിപ്പിക്കുകയല്ലേ നിങ്ങൾ ഈ കരാറിലൂടെ ചെയ്തത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, തലവരിപ്പണമൊക്കെ വാങ്ങുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ കഥയാണ്. ഞങ്ങൾ ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ തലവരിപ്പണം വാങ്ങാനുള്ള വ്യവസ്ഥയില്ല. വളരെ വ്യക്തമായ ഫീസ് ഘടന നിശ്ചയിച്ച് ആ ഫീസിലധികം ഒരുരൂപപോലും വാങ്ങാനുള്ള ഒരു വ്യസ്ഥയും ഇതിനകത്തില്ല. ....(ബഹളം)....

മി. സ്പീക്കർ : ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. ഹൈബി ഈഡൻ ദയവായി സീറ്റിലിരിക്കു. പ്ലീസ്...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജയിംസ് കമ്മിറ്റിക്കുപോലും ആവശ്യമായ സപ്പോർട്ട് ഗവൺമെന്റിൽനിന്നും ലഭിക്കുന്നില്ലെന്ന പരാതി ഉയർന്നിരുന്നു. അതിന്റെ ഭാഗമായി നടപടി എടുക്കാൻ സാധിച്ചില്ല. ....(ബഹളം).... ചോദ്യം ചോദിച്ചാൽപ്പോരാ മറുപടി കേൾക്കണം. നിങ്ങൾ ചോദ്യം ചോദിക്കുമ്പോൾ ഞാൻ സംസാരിക്കാതിരുന്നു. ഞാൻ മറുപടി പറയുമ്പോൾ നിങ്ങളും സംസാരിക്കാതിരിക്കണം.

മി. സ്പീക്കർ : മിനിസ്റ്റർ, കൺക്ലൂഡ് ചെയ്യൂ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, അലോട്ട്മെന്റിന്റെ സമയത്തുണ്ടായ ചെറിയ പരാതികളടക്കം പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. തലവരിപ്പണം ആരെങ്കിലും വാങ്ങിയിട്ടുണ്ടെങ്കിൽ ശക്തമായ നടപടിയുണ്ടാകും. എന്നാൽ തലവരിപ്പണമായി കോടിക്കണക്കിന് രൂപ വാങ്ങിയിട്ടും ഒരു നടപടിയുമില്ലാതെ കഴിഞ്ഞ അഞ്ചുവർഷക്കാലം കുട്ടികൾ വലഞ്ഞ അവസ്ഥയാണുണ്ടായിരുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സപ്ലൈകോവഴി കർഷകരിൽനിന്നും നെല്ല് സംഭരണം

5(*4) ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണെന്ന കർഷക സംഘടനകളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രജിസ്റ്റർ ചെയ്യാൻ ആധാർ കാർഡ് നിർബന്ധമാക്കിയത് നിരവധി കർഷകർക്ക് ആനുകൂല്യം ലഭിക്കാതിരിക്കാൻ കാരണമായിട്ടുണ്ടെന്ന പരാതി പരിശോധിക്കുമോ; ആധാർ കാർഡ് നിർബന്ധമാക്കിയത് സുപ്രീംകോടതി വിധിയുടെ ലംഘനമാണെന്നത് കണക്കിലെടുത്ത് അത് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ;

(സി) ഐ. എഫ്. എസ്. സി. നമ്പറുള്ള ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയത് സഹകരണ സംഘങ്ങളെ ഒഴിവാക്കാൻ ഇടയാക്കുന്നു എന്ന കാര്യം പരിഗണിച്ച് പ്രസ്തുത നിർദ്ദേശം ഉപേക്ഷിച്ച് കർഷകർക്ക് സഹകരണ ബാങ്കുകൾ മുഖേന കൂടി ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല; എന്നാൽ നെല്ല് സംഭരിക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ചില കർഷകർക്ക് ബുദ്ധിമുട്ടുള്ളതായി കാണുന്നു. ടി കർഷകർക്ക് രജിസ്ട്രേഷൻ ചെയ്യുന്നതിന് സമയം ദീർഘിപ്പിച്ച് നൽകാറുണ്ട്.

(ബി) സപ്ലൈകോ നടപ്പിലാക്കുന്ന നെല്ല് സംഭരണ പദ്ധതി കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകൃത നെല്ല സംഭരണ പദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും എഫ്.സി.ഐ.-യിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക മാത്രമാണ് സപ്ലൈകോ ചെയ്തിട്ടുള്ളത്. കർഷക രജിസ്ട്രേഷന് ആധാർ നിർബന്ധമാക്കിയത് കേന്ദ്രസർക്കാരിന്റെ നിർദ്ദേശമായതിനാൽ, ഇക്കാര്യത്തിൽ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(സി) നെല്ലിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കണം എന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിനുവേണ്ടിയാണ് കർഷകർ ഐ.എഫ്.എസ്.സി. ഉള്ള ബാങ്ക് അക്കൗണ്ട് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. കർഷകർക്ക് സഹകരണ ബാങ്കുകൾ മുഖേനയും ആനുകൂല്യം ലഭിക്കുവാൻ നിലവിൽ നടപടിയുണ്ട്. സഹകരണ ബാങ്കുകളിൽ അക്കൗണ്ട് ഉള്ള കർഷകർക്ക് ജില്ലാ സഹകരണ ബാങ്ക് മുഖേനയും നിലവിൽ നെല്ലിന്റെ വില ലഭ്യമാക്കി വരുന്നു.

**മതമൗലികവാദത്തിനെതിരെ മുൻകരുതൽ**

6(*5) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് ദുരൂഹസാഹചര്യത്തിൽ കാണാതാകുന്നവരിൽ ചിലർ ഐ.എസ്. എന്ന ഭീകര സംഘടനയിൽ ചേർന്നിട്ടുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മതമൗലികവാദം ഏതുഭാഗത്തുനിന്ന് ഉള്ളതായാലും ആത്യന്തികമായി തീവ്രവാദത്തിലേക്കും ഭീകരവാദത്തിലേക്കും നയിക്കാനിടയുള്ളതിന്റെ അടിസ്ഥാനത്തിൽ മതമൗലികവാദത്തിനെതിരെ എതെങ്കിലും തരത്തിലുള്ള ജനകീയ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതെങ്കിലും ചില വ്യക്തികൾ ഭീകരവാദത്തിലേക്ക് ആകൃഷ്ടരായ തിന്റെയും ഏതാനും മതപരിവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സമുദായത്തെയോ മതത്തെയോ ഭീകരവാദികളെന്ന് മുദ്രകുത്താനുള്ള ചിലരുടെ പ്രചരണത്തിനെതിരെ മത-സാമുദായിക സംഘടനകളെ ഉൾപ്പെടെ അണിനിരത്തി പ്രചരണം നടത്താൻ സർക്കാർ തലത്തിൽ നടപടിയുണ്ടാകുമോ: വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഐ.എസ്. ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന സന്ദേശങ്ങളും അവ സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങളും സസൂക്ഷ്മം നിരീക്ഷിക്കുകയും അവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഐ.എസ്സിൽ ചേർന്നതായി സംശയിക്കുന്ന വ്യക്തികൾ ബന്ധപ്പെടുന്ന ആൾക്കാരുടെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും നെറ്റ് മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കിവരികയും ചെയ്യുന്നു. എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ഇതുസംബന്ധിച്ച് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി & സി) നിലവിൽ പരിഗണനയിലില്ല.

**കാരുണ്യാ ഫാർമസി വഴി വിതരണം ചെയ്യുന്ന മരുന്നുകളുടെ അമിതവില**

7(*6) ശ്രീ. കെ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസറിനുള്ള മരുന്ന് ഉൾപ്പെടെ, കാരുണ്യാ ഫാർമസി വഴി വിതരണം ചെയ്യുന്ന മരുന്നുകൾക്ക് അമിതവില ഈടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ മരുന്ന് സംഭരിക്കുമ്പോൾ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ഉപഭോക്താക്കളിലേക്ക് കൈമാറുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കാരുണ്യാ ഫാർമസി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നൽകാൻ കഴിയുന്നത്രയും വിലക്കുറവ് നൽകാത്ത മരുന്നുകൾക്ക് അടിയന്തരമായി വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കൂടുതൽ മരുന്ന് സംഭരിക്കുമ്പോൾ ലഭ്യമാകുന്ന പ്രത്യേക വിലക്കിഴിവ് കമ്പനികളുടെ സ്റ്റോക്കിസ്റ്റ് വിലയേക്കാൾ കുറയാതെയും എന്നാൽ മറ്റു ന്യായവില ഫാർമസികളിലെ വിലയേക്കാൾ കുറഞ്ഞും വരത്തക്കരീതിയിൽ പരമാവധി ജനങ്ങൾക്ക് ആനുകൂല്യം ലഭ്യമാകത്തക്കരീതിയിൽ വില്പന നിശ്ചയിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ വില്പനവില പുനഃക്രമീകരിക്കുന്നതിനായി നിശ്ചയിച്ച മാനദണ്ഡം താഴെക്കൊടുക്കുന്നു:

| ക്രമ നമ്പർ | മരുന്നുകൾ | വിഭാഗം | വില്പന വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ബ്രാൻഡഡ് മരുന്നുകൾ | ജനറൽ | കോർപ്പറേഷൻ സംഭരിക്കുന്ന വിലയുടെ 7% വരെ |
| 2 | ബ്രാൻഡഡ് മരുന്നുകൾ | പ്രത്യേക വിലക്കിഴിവിൽ ലഭിക്കുന്നവ | സംഭരിക്കുന്ന വിലയുടെ 12% വരെ |
| 3 | ബ്രാൻഡഡ് മരുന്നുകൾ | പ്രത്യേക വിലക്കിഴിവ് ലഭിക്കുമ്പോൾ കമ്പനിയുടെ സ്റ്റോക്കിസ്റ്റ് വിലയേക്കാൾ താഴെയാകുന്നവ | കാരുണ്യ വിലപേശൽ സമിതിയുടെയും വില അംഗീകാര സമിതിയുടെയും പ്രത്യേക അംഗീകാരത്തോടുകൂടി പൊതുവിപണിയിലെ വിലയുമായി താരതമ്യപ്പെടുത്തി വിൽപ്പന വില നിശ്ചയിക്കുന്നു. |
| 4 | സർജിക്കൽ മരുന്നുകൾ | സർജിക്കൽ | സംഭരിക്കുന്ന വിലയുടെ 10 മുതൽ 20% വരെ |
| 5 | കൺസ്യൂമബിൾസ് | ജനറൽ | സംഭരിക്കുന്ന വിലയുടെ 10 മുതൽ 20% വരെ |
| 6 | ബ്രാൻഡഡ് മരുന്നുകൾ (ഇൻസുലിൻ, ക്യാൻസർ മരുന്നുകൾ, വിലകൂടിയ മറ്റു മരുന്നുകൾ എന്നിവ) | വിപണി വില കണക്കിലെടുത്ത് | സംഭരിക്കുന്ന വിലയുടെ 7 ശതമാനത്തിൽ കുറവ് |

(സി) നിലവിൽ സംസ്ഥാനത്തുടനീളം 49 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും 4 ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സ്ഥാപിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ താലൂക്കാശുപത്രി, കൂത്തുപറമ്പ് താലൂക്കാശുപത്രി, തലശ്ശേരി ജനറൽ ആശുപത്രി, പേരാമ്പ്ര താലൂക്കാശുപത്രി, മണ്ണാർക്കാട് താലൂക്കാശുപത്രി, തൃശ്ശൂർ ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി ജനറൽ ആശുപത്രി, വക്കം താലൂക്കാശുപത്രി, കല്പറ്റ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പുതുതായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ടി ആശുപത്രികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ഒരു മാസത്തിനുള്ളിൽത്തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചുവരുന്നു. പുതിയ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ആയതിലും സർക്കാർ അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

## വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളുടെ ദൗർലഭ്യം

8(*7) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തി വിലകുറച്ച മിക്ക മരുന്നുകളും സംസ്ഥാനത്ത് വിപണിയിൽ ലഭ്യമല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഇത്തരം മരുന്നുകളുടെ ഉൽപ്പാദനവും വിതരണവും മരുന്ന് കമ്പനികൾ നിർത്തിവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം മരുന്ന് കമ്പനികളുമായി ചർച്ച ചെയ്ത് മരുന്നുകൾ വിപണിയിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം മരുന്നുകൾ വിപണിയിൽ ലഭ്യമല്ലാത്തതിനാൽ ബുദ്ധിമുട്ടുന്ന ഗുരുതര രോഗം ബാധിച്ചവർക്ക് അത്യാവശ്യം വേണ്ട മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ):

(എ) അസംസ്കൃത വസ്തുക്കളുടെ (Raw materials) വിപണനത്തിനും സംഭരണത്തിനും കർശനമായ നിയന്ത്രണങ്ങളുള്ളതിനാൽ വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തിയ ചില മരുന്നുകളുടെ ദൗർലഭ്യം ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) നിർമ്മിച്ചുകൊണ്ടിരിക്കുന്ന മരുന്നുൽപ്പന്നങ്ങൾ മതിയായ കാരണങ്ങൾ ഇല്ലാതെയും നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെയും നിർത്തലാക്കാൻ മരുന്ന് കമ്പനികൾക്ക് നിയമപരമായി സാധിക്കുകയില്ല. ആയതിനാൽ വിലനിയന്ത്രണം പ്രാബല്യത്തിൽവന്ന മരുന്നുകൾ സംസ്ഥാനത്ത് വിപണിയിൽ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മരുന്നുകൾക്ക് ക്ഷാമം നേരിടുന്നപക്ഷം വിശദാംശങ്ങൾ നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റിയെ അറിയിച്ച് ആയത് വിപണിയിൽ ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) ജനിതക രോഗമായ വിൽസൺ ഡിസീസിന് ഉപയോഗിക്കുന്ന പെൻസിലാമിൻ കാപ്സ്യൂൾ എന്ന ഉൽപ്പന്നത്തിന്റെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണത്തിൽ ഇത് അസംസ്കൃത വസ്തുവിന്റെ ഇറക്കുമതിയിലുള്ള ദൗർലഭ്യംമൂലമാണ് എന്നറിയുവാൻ കഴിഞ്ഞിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ആയത് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിനായി നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി, ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ) എന്നിവർക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പ് അറിയിപ്പ് നൽകിയിട്ടുണ്ട്.

## ഭരണനടപടികൾ സുതാര്യമാക്കുന്നതിനുള്ള നയം

9(*8) ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നടപടികൾ സുതാര്യവും ലളിതവുമാക്കുന്നതു സംബന്ധിച്ച സർക്കാർ നയം വെളിപ്പെടുത്തുമോ;

(ബി) മന്ത്രിസഭാ തീരുമാന വിവരങ്ങൾ ജനങ്ങളിൽ എത്തുന്നതിൽ എന്തെങ്കിലും അപാകതയുള്ളതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതെന്താണെന്നു വ്യക്തമാക്കുമോ;

(സി) മാസങ്ങൾക്കു മുമ്പുള്ള മന്ത്രിസഭാ തീരുമാന വിവരങ്ങൾ നല്കണമെന്ന വിവരാവകാശ കമ്മീഷൻ ഉത്തരവിനെതിരെ ഹൈക്കോടതിയെ സമീപിക്കാനിടയായ സാഹചര്യം വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഭരണ നടപടികൾ സുതാര്യവും ലളിതവുമായിരിക്കണം എന്നുതന്നെയാണ് സർക്കാർ നയം.

(ബി) മന്ത്രിസഭായോഗ തീരുമാനങ്ങൾ ജനങ്ങളിൽ എത്തുന്നതിൽ എന്തെങ്കിലും അപാകതയുള്ളതായി ഈ സർക്കാർ കരുതുന്നില്ലെന്ന് മാത്രമല്ല അവ എത്രയും പെട്ടെന്ന് നടപ്പിലാക്കാനും നിയമപ്രകാരം നൽകേണ്ട വിവരം താമസംവിനാ ജനങ്ങളിലെത്തിക്കാനും വേണ്ട നടപടികൾ സ്വീകരിക്കാനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഭരണനടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അവ പുറപ്പെടുവിച്ച ഉടൻതന്നെ മന്ത്രിസഭാ യോഗത്തിന്റെ നടപടി കുറിപ്പുകൾ, അജണ്ടാ കുറിപ്പുകൾ എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന ഉത്തരവ് എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. അതിൻപ്രകാരം സർക്കാർ വെബ്സൈറ്റിൽ അവ ഇപ്പോൾ പ്രസിദ്ധീകരിച്ചു വരികയും ചെയ്യുന്നു.

(സി) മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്ന വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെതിരെയല്ല സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്നുതന്നെയാണ് ഈ സർക്കാരിന്റെ നയം. 2005-ലെ വിവരാവകാശ നിയമം വകുപ്പ് 8(1)(i) പ്രകാരം മന്ത്രിസഭായോഗ തീരുമാനങ്ങൾ, തീരുമാനമെടുത്ത് കാര്യം പൂർത്തിയായതിനോ കഴിഞ്ഞതിനോശേഷം മാത്രമേ പ്രസിദ്ധപ്പെടുത്താൻ കഴിയുകയുള്ളൂ. ചീഫ് സെക്രട്ടറിയുടെ ഓഫീസിൽനിന്നും മന്ത്രിസഭായോഗത്തിന്റെ തീരുമാനങ്ങൾ അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ ഫയലുകളിൽ ചേർത്ത് തുടർനടപടികൾക്കായി നൽകുകയാണ് ചെയ്തുവരുന്നത്. അവയിൽ തീരുമാനങ്ങളനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. ആയതിനാൽ മന്ത്രിസഭാ തീരുമാനങ്ങളുടെ വിശദാംശങ്ങൾ വിവരാവകാശ നിയമ പ്രകാരം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. മുൻ സർക്കാരിന്റെ 1-1-2016 മുതൽ 12-3-2016 വരെയുള്ള കാലയളവിലെ മന്ത്രിസഭാ തീരുമാനങ്ങൾ, മിനിട്ട്സ്, അജണ്ട, മന്ത്രിസഭാ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ പുറപ്പെടുവിച്ച

ഉത്തരവുകൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ അവ ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് നൽകണമെന്ന് മുഖ്യ വിവരാവകാശ കമ്മീഷണർ ഉത്തരവ് നൽകിയിരുന്നു. അപ്രകാരം നടപടി പൂർത്തിയായതും പൂർത്തിയാകാത്തതുമായ മന്ത്രിസഭാ തീരുമാനങ്ങൾ 796 എണ്ണമുണ്ട്. അവ വേർതിരിച്ച് അപേക്ഷകന് നൽകുന്നത് ചീഫ് സെക്രട്ടറിയുടെ ഓഫീസിന്റെ പ്രവർത്തനത്തെ അനുയോജ്യമല്ലാത്ത വിധത്തിൽ വ്യതിചലിപ്പിക്കുമെന്നതിനാലാണ് സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഹർജി സമർപ്പിച്ചത്.

## പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരെയുള്ള പ്രചരണം

10(*9) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയമായ തെളിവോ അടിത്തറയോ കൂടാതെ പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരെ പ്രചരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം, കാസർഗോഡ് ജില്ലകൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നവരുടെ ശതമാനം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡിഫ്തീരിയ, കോളറ തുടങ്ങിയ രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശാസ്ത്രീയമായ അടിത്തറയില്ലാതെ വാക്സിനേഷനെതിരായി ഒരു സംഘം ആളുകൾ പ്രവർത്തിക്കുന്നത് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടിന്റെയും ഡിസ്ട്രിക്റ്റ് ലെവൽ ഹൗസ് ഹോൾഡ് സർവ്വേ 3 (2007-08), ഡിസ്ട്രിക് ലെവൽ ഹൗസ് ഹോൾഡ് സർവ്വേ 4 (2012-13) എന്നീ റിപ്പോർട്ടുകൾ പ്രകാരം മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലും സംസ്ഥാനത്തിന്റെ മറ്റ് ജില്ലകളിലും പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നവരുടെ ശതമാനം കുറഞ്ഞുവരുന്നതായി കാണുന്നില്ല. എന്നാൽ ചില ഭാഗങ്ങളിൽ കുത്തിവയ്പ്പിനെതിരെ പ്രചരണം നടത്തുന്നതുകാരണം പ്രതിരോധ കുത്തിവയ്പ്പ് എടുക്കുവാൻ ആളുകൾ വിമുഖത കാണിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇത് നിയന്ത്രിക്കുന്നതിനായി ബോധവത്ക്കരണ പരിപാടികളും പദ്ധതികളും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഊർജ്ജിതമായി നടത്തിവരുന്നു.

1. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.റ്റി.) രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2. ആരോഗ്യ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സംസ്ഥാനതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് രൂപീകരിച്ച് (STAGI) പ്രതിരോധ പ്രവർത്തനങ്ങൾക്ക് പൊതുവായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി.

3. രോഗബാധിത പ്രദേശങ്ങളിൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ വ്യാപകമായ പ്രതിരോധ നിയന്ത്രണ പരിപാടികൾ നടത്തുകയും ആവശ്യമായ റ്റി.ഡി. വാക്സിൻ, എറിത്രോമൈസിൻ ആന്റിബയോട്ടിക്കുകൾ, ആന്റിടോക്സിൻ എന്നിവ എത്തിച്ച് രോഗബാധ നിയന്ത്രിക്കാനുള്ള തുടർപ്രവർത്തനങ്ങളും നടത്തിവരുന്നു.

4. രോഗബാധ റിപ്പോർട്ട് ചെയ്ത നൂറ് വീടുകൾ സർവ്വേ നടത്തി സമാന രോഗലക്ഷണങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുകയും പൂർണ്ണമായോ ഭാഗികമായോ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾ ഉൾപ്പെടെ എല്ലാവർക്കും റ്റി.ഡി. വാക്സിൻ നൽകിവരുന്നു.

5. രോഗിയുമായി അടുത്ത സമ്പർക്കം പുലർത്തിവരുന്ന കുടുംബാംഗങ്ങൾക്ക് ആന്റിബയോട്ടിക് പ്രോഫലാക്സിസും റ്റി.ഡി. വാക്സിനും നൽകിവരുന്നു.

6. 16 വയസ്സുവരെയുള്ള കുട്ടികൾക്ക് ഹ്രസ്വകാല പ്രവർത്തനം എന്ന നിലയിൽ പൂർണ്ണമായി വാക്സിനേഷൻ കിട്ടത്തക്ക രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

7. 16 വയസ്സിനുതാഴെയുള്ള പൂർണ്ണമായോ ഭാഗികമായോ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾക്ക് പൂർണ്ണമായി പ്രതിരോധശേഷി ലഭ്യമാകുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 'മിഷൻ ഇന്ദ്രധനുഷ്', 'വിഷൻമുക്തി' എന്നീ പദ്ധതികൾ നടത്തുകയുണ്ടായി.

8. 7 വയസ്സുമുതൽ 16 വയസ്സുവരെയുള്ള കുട്ടികളിൽ ഭാഗികമായോ പൂർണ്ണമായോ കുത്തിവയ്പ്പെടുക്കാത്തവർക്ക് മൂന്ന് ഡോസ് റ്റി.ഡി. വാക്സിൻ 0, 1, 6 എന്നീ മാസങ്ങളിൽ നൽകിവരുന്നു.

9. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് പൂർണ്ണമായും പ്രതിരോധ കുത്തിവയ്പ്പ് ലഭ്യമാക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ചില ജില്ലകളിൽ കോളറ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കോളറയും ജലജന്യരോഗങ്ങളും പ്രതിരോധിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

- കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ
- തിളപ്പിച്ച വെള്ളം കുടിക്കുന്നതിനുള്ള ബോധവത്കരണം
- ഒ.ആർ.എസ്.-ന്റെ ലഭ്യത ഉറപ്പുവരുത്തൽ
- വീടുതോറും കയറിയുള്ള ബോധവത്കരണം
- മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തൽ

തുടങ്ങിയവ ചെയ്തുവരുന്നുണ്ട്. രോഗം റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ അത് നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ഭൂമിക പദ്ധതി**

11(*10) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഭൂമിക' പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പദ്ധതി പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലാ ആശുപത്രികളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) സ്ത്രീകൾക്കെതിരായ അക്രമങ്ങൾ തിരിച്ചറിഞ്ഞ് അതിന് ഇരയാകുന്നവർക്ക് കൗൺസിലിംഗ്, നിയമ സഹായം എന്നിവ നൽകുന്നതിന് പദ്ധതി പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. ലിംഗ പദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് (Gender Based Violence) ഇരയാകുന്നവർക്ക് വൈദ്യസഹായവും നിയമസഹായവും കൗൺസിലിംഗും നൽകുന്നതിനായി കേരളത്തിലെ പ്രധാന ആശുപത്രികളിൽ

2009 ഡിസംബർ മുതൽ ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായി ഭൂമിക ജെന്റർ ബെയ്സ്ഡ് വയലൻസ് മാനേജ്മെന്റ് സെന്റർ (Gender Based Violence Management Centre-GBVMC) പ്രവർത്തനം ആരംഭിച്ചു.

(ബി) ഭൂമിക സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

(1) അതിക്രമങ്ങൾക്കിരയാകുന്നവർക്ക് ആരോഗ്യ പരിചരണവും കൗൺസിലിംഗും

(2) അതിക്രമങ്ങൾക്കിരയായി ആശുപത്രിയിൽ എത്തുന്നവരെ കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കൽ

(3) ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനങ്ങൾ

(4) അതിക്രമത്തിന് ഇരയായവരെ സഹായിക്കുന്നതിന് മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കൽ (ഉദാ-സാമൂഹികക്ഷേമ വകുപ്പ്, വനിതാസെൽ, ഷെൽറ്റർ ഹോം, ജാഗ്രതാ സമിതി, സന്നദ്ധ സംഘടനകൾ)

(5) അതിക്രമത്തിനിരയായി വരുന്നവർക്ക് ആവശ്യമാണെങ്കിൽ മറ്റ് സേവനങ്ങൾ (നിയമസഹായം, താമസ സൗകര്യം)

(6) കൗൺസിലിംഗ് സേവനങ്ങൾ, ആവശ്യമെങ്കിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം.

(സി) ഉണ്ട്. ഈ പദ്ധതി 8 ജില്ലാ ആശുപത്രികളിലും 6 ജനറൽ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട 7 താലൂക്കാശുപത്രികളിലും നടപ്പിലാക്കിവരുന്നു.

(ഡി) ഭൂമിക സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൗൺസിലിംഗ് നൽകുന്നതിനുമായി രണ്ട് വനിതാ കൗൺസിലർ/കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2015-16 വർഷങ്ങളിൽ 8742 കേസുകളാണ് 21 സെന്ററുകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. സെന്ററിൽ വരുന്ന കേസുകളിൽ നിയമസഹായം ആവശ്യമുള്ള കേസുകൾ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ എംപാനൽ ചെയ്ത അഭിഭാഷകർക്ക് റഫർ ചെയ്യുന്നു. പോലീസിന്റെ സഹായം ആവശ്യമുള്ള കേസുകൾ പോലീസിലേക്കും നിയമപരമായി സംരക്ഷണം ആവശ്യമുള്ള കേസുകൾ സാമൂഹ്യനീതി വകുപ്പിലെ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും റഫർ ചെയ്യുന്നുണ്ട്.

## മദ്യപിച്ച് വാഹനങ്ങൾ ഓടിക്കുന്നതുമൂലമുള്ള അപകടം

12(*11) ശ്രീ. പി. കെ. ബഷീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവർമാർ മദ്യപിച്ചുകൊണ്ട് വാഹനങ്ങൾ ഓടിക്കുന്നതുമൂലം അപകട നിരക്ക് വർദ്ധിച്ചു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി, ഐ.എസ്.ആർ.ഒ., മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ വാഹന ഡ്രൈവർമാർ പലപ്പോഴും മദ്യലഹരിയിൽ അമിതവേഗത്തിൽ വാഹനമോടിച്ച് അപകടമുണ്ടാക്കുന്നത് സംബന്ധിച്ച കണക്കുകൾ പരിശോധിക്കുമോ;

(സി) ഇത്തരം ഡ്രൈവർമാർ ഡ്യൂട്ടിയിൽ പ്രവേശിക്കുമ്പോൾ മദ്യലഹരിയിലല്ലെന്നും ഡ്യൂട്ടിക്കിടെ മദ്യപിക്കുന്നില്ലെന്നും ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം അതതു സ്ഥാപനങ്ങൾക്ക് നല്കിക്കൊണ്ട് നിയമ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റം വരുത്തി അപകടനിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിൽ ഡ്രൈവർമാർ മദ്യപിച്ചുകൊണ്ട് വാഹനങ്ങൾ ഓടിക്കുന്നതുമൂലം ഉണ്ടായ അപകടങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | അപകടങ്ങളുടെ എണ്ണം | മരണപ്പെട്ടവർ | ഗുരുതരമായി പരിക്കേറ്റവർ |
|---|---|---|---|
| 2011 | 119 | 3 | 14 |
| 2012 | 136 | 7 | 17 |
| 2013 | 133 | 14 | 30 |
| 2014 | 138 | 10 | 27 |
| 2015 | 163 | 10 | 22 |

(ബി&സി) ലക്ഷോപലക്ഷം വാഹനങ്ങൾ നിരത്തിലോടുന്ന സാഹചര്യത്തിൽ എല്ലാ ഡ്രൈവർമാരുടേയും അശ്രദ്ധകൊണ്ടും അമിത വേഗതകൊണ്ടും അപകടമുണ്ടാകാനിടയുണ്ട്. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഡ്രൈവർമാർ എന്നിവർക്ക് മാത്രമായി ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന വേളയിൽ മദ്യലഹരിയിലല്ലെന്നും ഡ്യൂട്ടിക്കിടെ മദ്യപിക്കുന്നില്ലെന്നും ഉറപ്പാക്കത്തക്ക വിധം നിയമനിർമ്മാണം നടത്തുന്നത് അപ്രായോഗികമാണ്. മദ്യപിച്ച് വാഹനമോടിക്കുന്നതും ഡ്യൂട്ടിക്കിടയിൽ മദ്യപിക്കുന്നതും ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് ഇപ്പോൾത്തന്നെ മതിയായ വ്യവസ്ഥകൾ നിലവിലുണ്ട്.

**നോർക്കയുടെ പ്രവർത്തന മേഖല വിപുലീകരിക്കാൻ നടപടി**

13(*12) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുരിതം അനുഭവിക്കുന്ന പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുവാൻ നോർക്ക എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സൗദി അറേബ്യയിൽ ശമ്പളവും ഭക്ഷണവും ഇല്ലാതെ ലേബർ ക്യാമ്പിൽ കഴിഞ്ഞ പ്രവാസി ഇന്ത്യക്കാരിൽ കേരളീയരെ സംരക്ഷിക്കാൻ നോർക്കയ്ക്ക് സാധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ദുരിതമനുഭവിക്കുന്ന പ്രവാസികളെ സുരക്ഷിതമായി നാട്ടിലെത്തിക്കുവാൻ സാധിക്കുംവിധം നോർക്കയുടെ പ്രവർത്തനമേഖല വിപുലീകരിക്കാൻ സാധിക്കുമോ;

(ഇ) കൂടുതൽ തൊഴിൽ മേഖലകൾ കണ്ടെത്തി റിക്രൂട്ട്മെന്റ് വിപുലീകരിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഭാരത സർക്കാരിന്റെ വിദേശകാര്യ വകുപ്പ്, എംബസി എന്നിവയുമായി സഹകരിച്ച് ദുരിതമനുഭവിക്കുന്ന മലയാളികളെ നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ മടങ്ങി വരുന്നവരെ സഹായിക്കുന്നതിനായി

അവർ വരുമ്പോൾ എയർപോർട്ടിൽ ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്താറുണ്ട്. കൂടാതെ ഓരോ പ്രവാസിക്കും യാത്രാ ടിക്കറ്റും പോക്കറ്റ് മണിയായി 2000 രൂപയും നൽകിവരുന്നുണ്ട്.

(ബി & സി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് ലേബർ ക്യാമ്പുകളിൽ കഴിയുന്ന പ്രവാസികളെ സഹായിക്കുന്നതിന് നിലവിൽ ഭാരത സർക്കാരിന്റെ കീഴിലുള്ള വിദേശകാര്യ വകുപ്പും എംബസികളുമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. കേരളീയർക്കു മാത്രമായി വിദേശ രാജ്യങ്ങളിൽ പ്രത്യേക സംവിധാനം ഒരുക്കാൻ വ്യവസ്ഥയില്ല. വിദേശ രാജ്യങ്ങളിലെ പ്രവർത്തന സംവിധാനം ഒരുക്കുന്നത് കേന്ദ്ര വിദേശകാര്യ വകുപ്പും എംബസികളുമാണ്. വിദേശകാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് വേണ്ട കാര്യങ്ങൾ കേരള സർക്കാർ ചെയ്തുവരുന്നുണ്ട്. വിദേശത്ത് ജോലി ചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. തിരികെയെത്തുന്ന ദുരിതമനുഭവിക്കുന്ന കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 1,00,000 രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻകീഴിൽ പ്രവാസി മലയാളികളുടെ ചികിത്സയ്ക്കും മരണപ്പെട്ട പ്രവാസിയുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും മരണപ്പെട്ട പ്രവാസി മലയാളികളുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും പ്രവാസിക്ക്/കുടുംബാംഗങ്ങൾക്ക് വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനും ഒറ്റത്തവണയായി നോർക്കാ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് സഹായം നൽകിവരുന്നുണ്ട്.

(ഡി) വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനവും രാജ്യത്തിന് പുറത്ത് ഏർപ്പെടുത്തേണ്ട സംവിധാനങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ മാത്രം അധികാരപരിധിയിൽ വരുന്ന കാര്യമാണ്.

(ഇ) കൂടുതൽ തൊഴിൽ മേഖല കണ്ടെത്തി റിക്രൂട്ട്മെന്റ് വിപുലീകരിക്കുന്നതിന് താഴെപ്പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

മലയാളികളായ തൊഴിൽ അന്വേഷകർക്ക് വിദേശ രാജ്യങ്ങളിലെ തൊഴിൽ വിപണിയുടെ ആവശ്യാനുസരണം പരിശീലനം നൽകുവാനും അവരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്താനും വേണ്ടി സ്കിൽ അപ്ഗ്രഡേഷൻ & റീ ഇന്റഗ്രേഷൻ ട്രെയിനിംഗ് പ്രോഗ്രാം (Skill Upgradation & Re-integration Training Programme) പദ്ധതി

നിലവിലുണ്ട്. തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധ തൊഴിൽ മേഖലകളായ വെൽഡർ, എ.സി. മെക്കാനിക്ക്, ഹെവി ഡ്യൂട്ടി മെക്കാനിക്ക്, ഫിറ്റർ, ജെ.സി.ബി. ഓപ്പറേറ്റർ എന്നിവയിൽ കൂടുതൽ തൊഴിൽ സാധ്യതയുണ്ടെന്ന് കണ്ടെത്തുകയും ഈ മേഖലകളിൽ തൊഴിൽ അന്വേഷകർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ തൊഴിൽ നൈപുണ്യം നൽകുന്നതിനായി ഈ പദ്ധതി വിപുലീകരിക്കുവാൻ നോർക്ക റൂട്ട്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വനിതാ സെല്ലുകളുടെ പ്രവർത്തനം**

14(*13) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിന്റെ കീഴിലുള്ള വനിതാ സെല്ലുകളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് സർക്കാർ വിഭാവന ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വനിതാ സെല്ലുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓഫീസ് മുറി, ഫോൺ, വാഹനം തുടങ്ങിയ സൗകര്യങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വനിതാ സെൽ കം ഹെൽപ്പ് ലൈനിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ ജില്ലകളിലും വനിതാ സെല്ലുകളോട് അനുബന്ധമായി വിശ്രമസൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന വനിതാ സെല്ലുകളിൽ വനിതാ ഇൻസ്പെക്ടറുടെ കീഴിൽ ആവശ്യമായ വനിതാ പോലീസുദ്യോഗസ്ഥരെ നിയമിച്ച് ടെലഫോൺ, വാഹന സൗകര്യം എന്നിവ നൽകി ജില്ലാ പോലീസ് ഓഫീസുകളോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നു. ടി സെല്ലുകൾക്ക് കൺട്രോൾ റൂം മാതൃകയിൽ 1091 ടോൾ ഫ്രീ നമ്പരോട് കൂടിയ വനിതാ ഹെൽപ്പ് ലൈനും മറ്റും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ വനിതാ സെല്ലുകളോടനുബന്ധിച്ച് കൗൺസിലിംഗ് സെന്ററുകൾ നടത്തുന്നതിന് സംസ്ഥാന പ്ലാൻ പദ്ധതിയിൽ 44 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ടി തുക 19 യൂണിറ്റിലെയും രണ്ട് വീതം വനിതാ കൗൺസിലർമാർക്കും സംസ്ഥാന വനിതാ സെല്ലിലെ ഒരു ക്ലാർക്കിനും വേതനം

നൽകുന്നതിനും ചെലവഴിക്കുന്നതാണ്. കൂടാതെ, സംസ്ഥാന വനിതാ പോലീസ് സെല്ലിൽ ഡിവൈ.എസ്.പി. റാങ്കിലുള്ള ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ അടക്കം വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ച് സംസ്ഥാന വനിതാ പോലീസ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

(ബി) വനിതാ സെല്ലുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഓഫീസ് മുറി, വാഹനം, ഫോൺ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി & ഡി) വനിതാ സെല്ലുകളോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന ഹെൽപ് ലൈനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അനുബന്ധമായി വിശ്രമ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ആകെ 125 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ ജില്ലകളിലും വനിതാ സെല്ലുകളോട് അനുബന്ധമായി വിശ്രമസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ഹരികിരണം മെഗാ മെഡിക്കൽ ക്യാമ്പ്**

15(*14) ശ്രീ. പി. വി. അൻവർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹരി കിരണം' മെഗാ മെഡിക്കൽ ക്യാമ്പിന്റെ വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ വകുപ്പുകൾ ചേർന്നാണ് പ്രസ്തുത മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്;

(സി) പട്ടികജാതി കോളനികളിൽ കണ്ടുവരുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇത് പോലുള്ള ക്യാമ്പുകൾ ഇനിയും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) വിളർച്ച, വന്ധ്യത, ജീവിത ശൈലീരോഗങ്ങൾ, ലഹരിമുക്ത ചികിത്സ, വാർദ്ധക്യകാല ചികിത്സ എന്നീ 5 വ്യത്യസ്ത രോഗാവസ്ഥയിലുള്ള ചികിത്സ ആവശ്യമായ രോഗികൾക്ക് ആയുർവേദ-ഹോമിയോ ചികിത്സാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ച് സംസ്ഥാനത്ത് 28 പട്ടികജാതി കോളനികളിൽ ഹരികിരണം മെഗാ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെയും ക്ലിനിക്കൽ ലാബിന്റെയും പ്രയോജനം കിട്ടത്തക്കരീതിയിലാണ് പ്രസ്തുത ക്യാമ്പ് നടത്തിയിട്ടുള്ളത്. കൂടാതെ ആരോഗ്യ ബോധവത്കരണ ക്ലാസും യോഗ പരിശീലനവും സൗജന്യ ഔഷധ സസ്യ വിതരണവും ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു.

(ബി) നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ പട്ടികജാതി വികസനം, ഹോമിയോപ്പതി, ആയുർവേദം എന്നീ വകുപ്പുകൾ ചേർന്നാണ് ഹരികിരണം മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചത്.

(സി) സ്വീകരിക്കുന്നതാണ്.

**ആറൻമുള വിമാനത്താവളം**

16(*15) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള വിമാനത്താവള പദ്ധതിയെക്കുറിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) വിമാനത്താവള പദ്ധതിക്കായി പരിസ്ഥിതി പഠനം നടത്താൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് പൊതുജനാഭിപ്രായം തേടണമെന്ന് കേന്ദ്ര നിർദ്ദേശം ഉണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാടെന്തെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) വ്യവസായ വകുപ്പിന്റെ 8-9-2010-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1262/10/വ്യവ പ്രകാരം പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ, ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിലേക്ക് നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി മാത്രം സ്വന്തംനിലയിൽ ഭൂമി കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൽ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെയും എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെയും മറ്റ് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെയും നിബന്ധനകൾക്കും കാലാകാലങ്ങളിലായി കേന്ദ്ര വ്യോമയാന മന്ത്രാലയം രാജ്യത്ത് ഗ്രീൻഫീൽഡ് എയർപോർട്ടുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ആറന്മുളയിൽ ഗ്രീൻഫീൽഡ് വിമാനത്താവളം സ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചു. 16-1-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 04/2013/ഗതാ നമ്പർ ഉത്തരവ് പ്രകാരം കെ.ജി.എസ്. ആറന്മുള എയർപോർട്ട്

ലിമിറ്റഡ് എന്ന കമ്പനിയിൽ കേരള സർക്കാരിന് 10% ഓഹരി പങ്കാളിത്തം ഉണ്ടായിരിക്കുമെന്നും ഗവൺമെന്റ് നോമിനിയായി കേരള സർക്കാരിന് കമ്പനിയുടെ ഡയറക്ടർ ബോർഡിൽ ഒരു ഡയറക്ടർ ഉണ്ടായിരിക്കുമെന്നും എയർപോർട്ടിന് ആവശ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി മാർക്കറ്റ് വില ഈടാക്കി നൽകുമെന്നും ഉത്തരവായിരുന്നു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നൽകിയ പരിസ്ഥിതി അനുമതി ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കുകയും പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്തു. തത്ഫലമായി കേന്ദ്ര പ്രതിരോധ മന്ത്രാലയം ആറന്മുള എയർപോർട്ടിനു നൽകിയ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻ.ഒ.സി.) പിൻവലിക്കുകയും ചെയ്തു. കൂടാതെ കേന്ദ്ര വ്യോമയാന മന്ത്രാലയം തത്ത്വത്തിൽ നൽകിയ അനുമതിയും പിൻവലിച്ചു. ആറന്മുള വിമാനത്താവളം സ്ഥാപിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വ്യവസായ വകുപ്പിന്റെയും ഗതാഗത വകുപ്പിന്റെയും ഉത്തരവുകൾ റദ്ദ് ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്യാബിനറ്റ് ബ്രീഫിംഗ്

17(*16) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ക്യാബിനറ്റ് ബ്രീഫിംഗ്' എന്ന കീഴ്‌വഴക്കം ഒഴിവാക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം ഭരണ നടപടികളിലെ സുതാര്യതയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) ക്യാബിനറ്റ് ബ്രീഫിംഗ് ഒഴിവാക്കിയിട്ടില്ല. മന്ത്രിസഭാ തീരുമാനങ്ങൾ സംബന്ധിച്ച് ആവശ്യാനുസരണം ക്യാബിനറ്റ് ബ്രീഫിംഗ് നടത്തുന്നുണ്ട്. മന്ത്രിസഭാ തീരുമാനങ്ങൾ അതാത് ദിവസംതന്നെ പ്രസ് റിലീസായി മാധ്യമങ്ങൾക്ക് നൽകുന്നുണ്ട്. കൂടാതെ ഭരണ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അവ പുറപ്പെടുവിക്കുന്നതോടൊപ്പം തന്നെ മന്ത്രിസഭാ യോഗത്തിന്റെ നടപടി കുറിപ്പുകൾ, അജണ്ടാ കുറിപ്പുകൾ എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന ഉത്തരവ് എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. അതിൻ പ്രകാരം സർക്കാർ വെബ്സൈറ്റിൽ അവ പ്രസിദ്ധീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

## ബി.ഡി.എസ്. പ്രവേശനം

18 (*17) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ ദന്തൽ കോളേജുകളിൽ ഈ വർഷം ബി.ഡി.എസ്. പ്രവേശന കാര്യത്തിൽ മാനേജ്മെന്റുകളുമായി എത്തിയ ധാരണയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ആദ്യം എത്തിച്ചേർന്ന കരാറിൽ നിന്നും സർക്കാർ പിൻവാങ്ങിയിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മെറിറ്റ് സീറ്റിൽ ഫീസ് എത്രയായാണ് നിശ്ചയിച്ചിട്ടുള്ളത്;

(ഡി) കഴിഞ്ഞ വർഷം മെറിറ്റ് സീറ്റിൽ വിവിധ വിഭാഗത്തിലുള്ള വിദ്യാർത്ഥികളിൽ നിന്നും എത്ര ഫീസ് വീതമാണ് ഈടാക്കിയിരുന്നത്;

(ഇ) മെറിറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും അമിത ഫീസ് ഈടാക്കുവാൻ മാനേജ്മെന്റുകൾക്ക് അനുമതി നൽകിയത് പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ&ബി) സർക്കാർ സ്വാശ്രയ ഡെന്റൽ കോളേജുകളുമായി 20-4-2016, 4-7-2016, 9-8-2016, 19-8-2016, 29-8-2016 എന്നീ തീയതികളിൽ ആരോഗ്യ വകുപ്പുമന്ത്രി ചർച്ച നടത്തുകയുണ്ടായിയെങ്കിലും ഫീസ് സംബന്ധിച്ച് ധാരണയിലെത്തുവാൻ കഴിഞ്ഞില്ല. ഇതിനെ തുടർന്ന് 1-9-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ചർച്ചയിലാണ് ഫീസ് അന്തിമമായി ധാരണയായത്. ആയതിൻപ്രകാരം 1-9-2016-ലെ സ.ഉ. (സാധാ)നമ്പർ 2463/2016/ആ.കു.വ. പ്രകാരം (അനുബന്ധം-1)* ഫീസ് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവ് പ്രകാരമാണ് ഈ വർഷം സ്വാശ്രയ ഡെന്റൽ കോളേജുകളിൽ ഫീസ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഗവൺമെന്റ് മെരിറ്റ്- 2,10,000 രൂപ

ബി.പി.എൽ.-23,000 രൂപ

എസ്.ഇ.ബി.സി.-44,000 രൂപ

(ഡി) <u>2015-16 അദ്ധ്യയന വർഷം:</u>

14-7-2015-ലെ സ.ഉ. (സാധാ) നമ്പർ 2192/2015/ആ.കു.വ. പ്രകാരം (അനുബന്ധം -2)*

ഗവൺമെന്റ് മെരിറ്റ് സീറ്റ് (ജനറൽ)-1,85,000 രൂപ

ബി.പി.എൽ. സീറ്റ്-23,000 രൂപ

എസ്.ഇ.ബി.സി. സീറ്റ്-44,000 രൂപ

(ഇ) മെരിറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽനിന്നും സർക്കാർ 1-9-2016-ലെ ഉത്തരവ് പ്രകാരം നിശ്ചയിക്കുകയുണ്ടായ ഫീസ് മാത്രം ഈടാക്കുന്നതിലേക്കുള്ള കരാറിലാണ് മാനേജ്മെന്റുകളുമായി ഒപ്പുവയ്ക്കുകയുണ്ടായത്. മെരിറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് നൽകണമെന്ന നിർദ്ദേശം തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**അരി സംഭരണം**

19(*19) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടനിലക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് ഇതര സംസ്ഥാനങ്ങളിൽ നിന്ന് അരി സംഭരിക്കുന്നതിന് തയ്യാറാകുമോയെന്ന് വിശദമാക്കുമോ;

(ബി) അരിയുടെ വില കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മുൻ വർഷങ്ങളിൽ സംസ്ഥാനത്ത് അരി എത്തിച്ച വകയിൽ ഇതര സംസ്ഥാനങ്ങളിലെ അരി വിതരണക്കാർക്ക് ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശിക നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>):

(എ) ഇടനിലക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് ഇതരസംസ്ഥാനങ്ങളിൽനിന്ന് അരി സംഭരിക്കുക എന്ന ഉദ്ദേശ്യത്തോടെ ഞാനും സപ്ലൈകോയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും ഫുഡ് സെക്രട്ടറിയും അടങ്ങിയ സംഘം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആന്ധ്രയിൽ എത്തുകയും അവിടത്തെ സർക്കാർ തലത്തിലുള്ള ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ അരിമില്ലുകാരുമായി ചർച്ച നടത്തുകയും സപ്ലയേഴ്സിനോട് ഇടനിലക്കാരില്ലാതെ ഇ-ടെണ്ടറിൽ പങ്കെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇക്കാര്യത്തിൽ അവർക്ക് ആവശ്യമായ സഹായ സഹകരണം നൽകുന്നതിനായി പ്രത്യേക ഹെൽപ്പ് ഡെസ്ക് ഉൾപ്പെടെയുള്ള സഹായങ്ങൾ വാഗ്ദാനം ചെയ്യുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) ഇ-ടെണ്ടറിലൂടെ വാങ്ങുന്നതിനാൽ പരമാവധി കുറഞ്ഞ വിലയിൽ അരി ലഭിക്കുന്നതും വാങ്ങിയ വിലയേക്കാൾ സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ വിലയ്ക്ക് (സബ്സിഡി വിലയ്ക്ക്) വില്പന നടത്തുന്നതിലൂടെയും സംസ്ഥാനത്ത് അരിവില ഉയരുന്നത് നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) മുൻവർഷങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് അരി എത്തിച്ച വകയിൽ ഇതര സംസ്ഥാനങ്ങളിലെ അരി വിതരണക്കാർക്ക് കുടിശ്ശിക നൽകുവാനില്ല. ടെണ്ടർ വ്യവസ്ഥ പ്രകാരം സാധനങ്ങൾ വിതരണം ചെയ്യുന്ന മുറയ്ക്കാണ് തുക നൽകിവരുന്നത്.

**പോലീസ് സേനയുടെ പ്രവർത്തനം**

20(*20) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പോലീസ് സേനയിൽ നിയമാനുസൃതമല്ലാത്ത പ്രവർത്തനം ഉണ്ടായിട്ടുള്ളതായി കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ സംഭവങ്ങളിലാണ് അത്തരം നടപടികൾ ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പോലീസിന്റെ പ്രവർത്തനം നിയമാനുസൃതമാണെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നിയന്ത്രണ നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് സേനയിൽ നിയമാനുസൃതമല്ലാത്ത ഒരു പ്രവർത്തനം ഉണ്ടായിട്ടില്ല.

(സി) നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് പോലീസ് സേന പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പോലീസ് മേധാവിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും നിരീക്ഷണത്തിലുമാണ് പോലീസിന്റെ പ്രവർത്തനങ്ങൾ. ഇതിനുപുറമെ പോലീസിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതികളുടെ ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പോലീസ് കർശനമായി പാലിച്ചുവരുന്നുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന ചുമതല കൃത്യമായി നിർവഹിക്കുന്നതിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി സർക്കുലറുകളായും ഉത്തരവുകളായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്.

**ബാർ കോഴ കേസ്**

21(*21) ശ്രീ. ബി. സത്യൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നടന്ന ബാർ കോഴ കേസ് വിജിലൻസ് ഉന്നത ഉദ്യോഗസ്ഥരെ ഉപയോഗിച്ച് അട്ടിമറിച്ചെന്ന ഗുരുതരമായ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അഴിമതി ആരോപണങ്ങളെയും അത് അട്ടിമറിക്കാൻ നടത്തിയ ശ്രമങ്ങളെയും കുറിച്ച് വിശദമായ പുനരന്വേഷണം നടത്തുമോ;

(ബി) കേസ്ഡയറിൽ പോലും മാറ്റം വരുത്തുവാൻ അക്കാലത്തെ വിജിലൻസ് ഡയറക്ടറുടെമേൽ സമ്മർദ്ദം ചെലുത്തിയെന്ന് അന്വേഷണ ഉദ്യോഗസ്ഥൻതന്നെ വെളിപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിൽ കേസ് അട്ടിമറിച്ച ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തുവാൻ നടപടിയുണ്ടാകുമോ;

(സി) തെളിവുകൾ നശിപ്പിച്ചവർക്കെതിരെയും നശിപ്പിക്കാൻ പ്രേരിപ്പിച്ചവർക്കെതിരെയും ക്രിമിനൽ ചട്ടപ്രകാരമുള്ള നടപടിയെടുക്കാൻ തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) 27-6-2015-ൽ ഡയറക്ടറായിരുന്ന ശ്രീ. വിൻസൺ എം. പോൾ, ഐ.പി.എസ്. ആണ് മതിയായ തെളിവില്ല എന്ന കാരണത്താൽ ശ്രീ. കെ. എം. മാണി പ്രതിയായ വി.സി. 06/14/എസ്.ഐ.യു.-1-ന്റെ തുടർ നടപടികൾ അവസാനിപ്പിച്ച് കോടതിയിൽ റിപ്പോർട്ട് നൽകുവാൻ അന്വേഷണ ഉദ്യോഗസ്ഥനായ പോലീസ് സൂപ്രണ്ട് ശ്രീ. സുകേശന് നിർദ്ദേശം നൽകിയത്. ശ്രീ. വിൻസൺ എം. പോൾ,

ഐ.പി.എസ്.-ന് സർവ്വീസിൽനിന്നും 30-11-2015-ൽ വിരമിച്ചശേഷം മുഖ്യ വിവരാവകാശ കമ്മീഷണറായി പുനർ നിയമനം നൽകിയിരിക്കുകയാണ്. 29-10-2015-ലെ വിജിലൻസ് കോടതിവിധിയുടെ അടിസ്ഥാനത്തിൽ നടത്തിയ പുനരന്വേഷണത്തിനുശേഷവും തുടർ നടപടികൾ അവസാനിപ്പിച്ച് കോടതിക്ക് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം അന്വേഷണ ഉദ്യോഗസ്ഥന് നൽകുകയും അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ. സുകേശനെതിരെ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്ത ശ്രീ. ശങ്കർ റെഡ്ഡി, ഐ.പി.എസ്. ഇപ്പോൾ ഡി.സി.ആർ.ബി.-യുടെ തലവനാണ്. കേസ് അട്ടിമറിച്ചു എന്ന പരാതിയിന്മേൽ സി.എം.പി. 991/2016-ആയി 23-9-2016-ൽ വിജിലൻസ് കോടതി ഉത്തരവിട്ട പ്രാഥമികാന്വേഷണം (സത്വരാന്വേഷണം) പൂർത്തിയായശേഷമേ കേസ് അട്ടിമറിയെപ്പറ്റി ശരിയായ നിഗമനത്തിലെത്താനും തുടർനടപടികളെപ്പറ്റി തീരുമാനമെടുക്കാനും സാധിക്കുകയുള്ളൂ.

(സി) വി.സി. 06/14/എസ്.ഐ.യു.-1-ന്റെ കേസന്വേഷണ വേളയിലും പുനരന്വേഷണ വേളയിലും തെളിവുകൾ നശിപ്പിക്കുവാൻ പ്രേരണ നൽകിയവർ ആര് എന്നതിനെപ്പറ്റി കൃത്യമായ വിവരം ഇപ്പോൾ നടക്കുന്ന (27-8-2016-ലെ കോടതി ഉത്തരവിൻ പ്രകാരം) വി.സി. 06/14/എസ്.ഐ.യു.-1-ന്റെ തുടർ അന്വേഷണം പൂർത്തിയായാൽ മാത്രമേ കൃത്യമായും പൂർണ്ണമായും അറിയുവാൻ സാധിക്കുകയുള്ളൂ. ഈ വിഷയം കോടതിയുടെ പരിഗണനയിലിരിക്കുക യാണെന്നുവരികിലും കേസ് അട്ടിമറിച്ചു എന്ന പരാതിയിന്മേൽ (സി.എം.പി. 991/2016) 23-9-2016-ൽ തിരുവനന്തപുരം വിജിലൻസ് കോടതി ഒരു പ്രാഥമികാന്വേഷണം നടത്താൻ ഉത്തരവിട്ടിരിക്കുന്നതിനാൽ അപ്രകാരം ഒരന്വേഷണം നടത്തി വിജിലൻസ് കോടതിക്ക് റിപ്പോർട്ട് നൽകുന്നതാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ തെളിവുകൾ നശിപ്പിച്ചോ എന്നോ പ്രേരണ നൽകിയോ എന്നോ അറിയാൻ സാധിക്കുകയുള്ളൂ.

**വിവരാവകാശ നിയമം**

22(*22) <u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭരണ രംഗത്ത് സുതാര്യത കൈവരുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി നിർബന്ധമായും എല്ലാ വകുപ്പുകളുടെയും വിവരങ്ങൾ വെളിപ്പെടുത്തണമെന്ന വ്യവസ്ഥകൾ ഏർപ്പെടുത്തുമോ;

(സി) വിവരാവകാശ നിയമമനുസരിച്ചുള്ള നടപടികൾ കൃത്യമായി നടപ്പാക്കുന്നുണ്ടോ എന്നു വിലയിരുത്തുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമം വഴി വെളിപ്പെടുത്തണമെന്ന വിവരാവകാശ കമ്മീഷണറുടെ ഉത്തരവിനെതിരെ അപ്പീൽ നൽകിയ ഗവൺമെന്റ് നടപടി പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(എഫ്) മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമമനുസരിച്ച് വെളിപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) സർക്കാരിന്റെ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ആയത് സുതാര്യമായും കൃത്യമായും ലഭ്യമാക്കുന്നതിനുമായി സേവനാവകാശ നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള സേവനാവകാശ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം ആക്ടിന്റെ പ്രാരംഭം മുതൽ ആറുമാസത്തിനകം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പ് മേധാവിയും ഓരോ തദ്ദേശഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ടിന്റെ 4-ാം വകുപ്പിൽ, 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ വിവരാവകാശ നിയമവും നിലവിലുണ്ട്.

(സി&ഡി) വിവരാവകാശ നിയമപ്രകാരമുള്ള നടപടികൾ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുഖേന കുറ്റമറ്റ രീതിയിൽ നടന്നുവരുന്നതായി സർക്കാർ വീക്ഷിക്കുന്നു. കമ്മീഷന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് നിയമസഭയ്ക്ക് നൽകിവരുന്നുമുണ്ട്.

(ഇ) മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്ന വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെതിരെയല്ല സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്നുതന്നെയാണ് ഈ സർക്കാരിന്റെ നയം. മുൻ സർക്കാരിന്റെ 1-1-2016 മുതൽ 12-3-2016 വരെയുള്ള കാലയളവിലെ

മന്ത്രിസഭാ തീരുമാനങ്ങൾ, മിനിട്സ്, അജണ്ട, മന്ത്രിസഭാ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ അവ ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് നൽകണമെന്ന് മുഖ്യ വിവരാവകാശ കമ്മീഷണർ ഉത്തരവ് നൽകിയിരുന്നു. അപ്രകാരം നടപടി പൂർത്തിയായതും പൂർത്തിയാകാത്തതുമായ മന്ത്രിസഭാ തീരുമാനങ്ങൾ 796 എണ്ണമുണ്ട്. അവ വേർതിരിച്ച് അപേക്ഷകന് നൽകുന്നത് ചീഫ് സെക്രട്ടറിയുടെ ഓഫീസിന്റെ പ്രവർത്തനത്തെ അനുയോജ്യമല്ലാത്ത വിധത്തിൽ വ്യതിചലിപ്പിക്കുമെന്നതിനാലാണ് സർക്കാർ പ്രസ്തുത ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഹർജി സമർപ്പിച്ചത്.

(എഫ്) മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുന്നവർക്ക് നൽകുന്നതിൽ ഒരു തടസ്സവും നിലവിലില്ല. 20-7-2016-ലെ സ.ഉ. (സാധാ) 20/2016/പൊഭ (എസ്.സി.) ഉത്തരവ് പ്രകാരം മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, അത് പുറപ്പെടുവിച്ച ഉടൻതന്നെ മന്ത്രിസഭാ യോഗത്തിന് സമർപ്പിച്ച കുറിപ്പുകൾ, തീരുമാനം എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം അവ kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു വരുന്നുമുണ്ട്.

## സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് പദ്ധതി

23(*23) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ ഉടൻതന്നെ കേസ് ചാർജ്ജ് ചെയ്യാനും അവ കോടതിയിൽ എത്തിച്ച് പരമാവധി ശിക്ഷ നൽകുവാനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത്തരം കേസ്സുകളിൽ പ്രോസിക്യൂഷന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്ന വീഴ്ചകളിൽ എന്ത് കർശന നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പിങ്ക് പോലീസ് പട്രോൾ, ഓപ്പറേഷൻ വാത്സല്യ, നിർഭയ കേരളം സുരക്ഷിത കേരളം എന്നീ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പിങ്ക് പോലീസ് പട്രോൾ :

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കണ്ടെത്തി തടയുന്നതിന് അത്യാധുനിക സാങ്കേതിക സംവിധാനങ്ങളുള്ള വാഹനങ്ങളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പിങ്ക് പോലീസ് അത്യാവശ്യഘട്ടങ്ങളിൽ സ്ത്രീകൾക്ക് സഹായത്തിനും വിവരങ്ങൾ അറിയിക്കുന്നതിനും 1515 എന്ന നമ്പരിലേക്ക് വിളിക്കുന്നതിനും ഏത് അടിയന്തര സാഹചര്യവും നേരിടുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. പൊതുസ്ഥലങ്ങൾ, സ്കൂൾ, കോളേജ്, ഓഫീസുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലും പിങ്ക് പട്രോൾ സംഘം പട്രോളിങ് നടത്തി വരുന്നു. വിവിധ കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്ന പിങ്ക് ബീറ്റ് ഓഫീസർമാർക്ക് ആവശ്യമായ സഹായങ്ങളും പിങ്ക് പട്രോൾ സംഘം നൽകിവരുന്നു. ജിഐഎസ്-ജിപിഎസ് സംവിധാനം ഉപയോഗിച്ച് കൃത്യമായി സ്ഥലം കണ്ടെത്തി വേഗത്തിൽ പോലീസ് സഹായം എത്തിക്കുന്നതിന് സാധിക്കുന്ന സോഫ്റ്റ്‌വെയറാണ് ടി വാഹനത്തിൽ ഉപയോഗിക്കുന്നത്.

ഓപ്പറേഷൻ വാത്സല്യ :

കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സഹകരണത്തോടെ ഓപ്പറേഷൻ വാത്സല്യ എന്ന പേരിൽ ഒരു തീവ്രയജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ട്.

നിർഭയ കേരളം സുരക്ഷിത കേരളം :

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതി സംസ്ഥാന പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ പെൺകുട്ടികൾക്ക് അപ്രതീക്ഷിതവും പ്രതികൂലവുമായ സാഹചര്യങ്ങളെ തന്റേടത്തോടെ നേരിടുന്നതിനും കുറ്റകൃത്യങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള പരിശീലനവും അവബോധവും നൽകുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയതിന്റെ ഭാഗമയി ബോധവത്കരണ ക്ലാസ്സുകളും വുമൺ സെൽഫ് ഡിഫൻസ് ടെക്നിക് (WSDT)

പരിശീലനവും കൊടുത്തുവരുന്നു. സ്ത്രീകളെയും കുട്ടികളെയും ഭിക്ഷാടനത്തിനും വേശ്യാവൃത്തിക്കുമായി കടത്തിക്കൊണ്ടുപോകുന്നത് കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി Anti Human Trafficking Unit (AHTU)-കൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. Anti Human Trafficking Unit-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സ്പെഷ്യൽ ഡ്രൈവുകൾ നടത്തിയും ജനങ്ങളെ ബോധവത്കരിച്ചും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നു. കൂടാതെ രാത്രികാല ചെക്കിംഗും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, മറ്റ് തിരക്കുള്ള സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ജാഗ്രത പുലർത്തിവരുന്നു. സ്ത്രീകൾ ആക്രമിക്കപ്പെടുന്ന വേളകളിൽ സമയോചിതമായി പോലീസ് സഹായം ഉറപ്പാക്കുന്നതിന് വനിതാ പോലീസ് ഓഫീസർമാരെ സ്വതന്ത്ര ചുമതലയുള്ള എസ്.എച്ച്.ഒ.-മാരാക്കി ഏതാനും പോലീസ് സ്റ്റേഷനുകളിൽ നിയമിച്ചിട്ടുണ്ട്. ഇത് വനിതകളെ ശാക്തീകരിക്കുന്നതിനും ആത്മവിശ്വാസത്തോടെ പോലീസ് സഹായം തേടുന്നതിന് കരുത്ത് പകരുന്നതുമാണ്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി ഉണ്ടാകുന്ന അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ, POCSO Act, Juvenile Justice Act, Domestic Violence Act തുടങ്ങിയ നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും ഇരകൾ ആയിട്ടുള്ളവരുടെയും മൊഴി വനിതാ പോലീസ് ഉദ്യോഗസ്ഥർ മുഖാന്തരം രേഖപ്പെടുത്തുന്നതിനും കേസുകളുടെ പ്രാഥമിക നടത്തിപ്പിനും മറ്റുമായി Victim support scheme മുഖേന സാമ്പത്തിക സഹായം നൽകിയും കേസുകളിൽ ജാഗ്രതാപൂർവ്വം അന്വേഷണം നടത്തി കേസ് ചാർജ് ചെയ്ത് കോടതിയിൽ എത്തിച്ച് പരമാവധി ശിക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലൈംഗിക അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യാൻ 24 മണിക്കൂർ പ്രവർത്തിക്കുന്ന നിർഭയ ടോൾ ഫ്രീ ഹെൽപ് ലൈൻ 1800 425 1400 പ്രവർത്തിച്ചുവരുന്നു.

(സി) പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ബോധപൂർവ്വമായ വീഴ്ചയുണ്ടായതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രോസിക്യൂഷൻ അതീവ ജാഗ്രത പുലർത്തണമെന്നും ഇരകളായവർക്ക് നീതിയും കുറ്റവാളികൾക്ക് നിയമം അനുശാസിക്കുംവിധം പരമാവധി ശിക്ഷയും വാങ്ങിക്കൊടുക്കണമെന്നതാണ് സർക്കാർ നയം. ഇതിന് വിരുദ്ധമായി പ്രോസിക്യൂഷന്റെ ഭാഗത്തുനിന്നും ഒറ്റപ്പെട്ട എന്തെങ്കിലും വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം അക്കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

## ആന്ധ്രയിൽനിന്ന് നേരിട്ട് അരി സംഭരിക്കാൻ നടപടി

24(*24) ശ്രീ. കെ. ദാസൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടനിലക്കാരില്ലാതെ കുറഞ്ഞ നിരക്കിൽ അരി കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ആന്ധ്രാ സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ചർച്ചയിലെ പ്രധാനപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഇടനിലക്കാർ പൂഴ്ത്തിവയ്പ് നടത്തി അരിവില വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ, ആന്ധ്രയിലെ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നോ അവിടുത്തെ മൊത്തവ്യാപാരികളിൽ നിന്നോ നേരിട്ട് അരി സംഭരിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഇടനിലക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് ആന്ധ്രയിൽനിന്ന് അരി സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് ഞാനും സപ്ലൈകോയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും ഫുഡ് സെക്രട്ടറിയും അടങ്ങിയ സംഘം ആന്ധ്രയിൽ എത്തുകയും അവിടത്തെ സർക്കാർ തലത്തിലുള്ള ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ അരിമില്ലുകാരുമായി ചർച്ച നടത്തുകയും ചെയ്തു.

(ബി) പ്രസ്തുത ചർച്ചയിൽ അരിമില്ലുകാരുമായി നേരിട്ട് സംസാരിച്ചതിൽ സപ്ലയേഴ്സിനോട് ഇടനിലക്കാരില്ലാതെ ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ അഭ്യർത്ഥിച്ചു. അവർക്കാവശ്യമായ സഹായ സഹകരണം നൽകുന്നതിനായി പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുന്നതിനും വിലനിലവാരം ഇ-ടെണ്ടർ നിരക്കിനേക്കാൾ കുറവുള്ള സാഹചര്യത്തിൽ ഉൽപ്പാദകരിൽനിന്നും അരി നേരിട്ട് വാങ്ങിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് അരിവില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ആന്ധ്രയിലെ മൊത്ത വ്യാപാരികളിൽനിന്നും അരി നേരിട്ട് സംഭരിക്കാനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## ഹോമിയോ മരുന്ന് നിർമ്മാണവും വിതരണവും

25(*25) ശ്രീ. എസ്. ശർമ്മ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ മരുന്നു നിർമ്മാണ-വിതരണത്തിന് സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'ഹോംകോ'-യുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഹോമിയോ മരുന്നു നിർമ്മാണ-വിതരണ സംവിധാനങ്ങൾ കാര്യക്ഷമവും സുതാര്യവുമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഇല്ല.

(ബി) ഹോംകോ ഒരു സഹകരണ സംഘമായാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ഭരണസമിതിയാണ് ഭരണ നിർവ്വഹണം നടത്തുന്നത്. ഹോംകോ ഒരു സഹകരണ സംഘമായതിനാൽ ഓഡിറ്റ് റിപ്പോർട്ട് സഹകരണ രജിസ്ട്രാർക്ക് സമർപ്പിക്കുന്നുണ്ട്. കൂടാതെ സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങളുടെ വിനിയോഗം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലും ഓഡിറ്റിംഗ് നടത്തുന്നുണ്ട്. ഹോംകോയുടെ കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ വിറ്റുവരവ്, മൊത്തം ഉത്പന്നങ്ങളുടെ ലാഭം എന്നീ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സ്വീകരിക്കുന്നതാണ്.

## സിവിൽ സർവ്വീസ്

26(*26) ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്ഥലം മാറ്റങ്ങൾക്ക് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നത് സിവിൽ സർവ്വീസ് കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ പ്രയോജനകരമാകുമെന്ന് കരുതുന്നുണ്ടോ;

(സി) സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ കാര്യങ്ങൾ മാനദണ്ഡങ്ങളിൽ വരുത്തുവാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നിരീക്ഷണ സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് 10-9-2004-ലെ ജി.ഒ.(പി) നമ്പർ 12/04/ഉഭപവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവാണ് ഇപ്പോൾ നിലവിലുള്ളത്. സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതു സ്ഥലംമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തദ്ദേശസ്വയംഭരണ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തുടങ്ങി വിവിധ വകുപ്പുകളിൽ നിലവിലുള്ള പൊതു സ്ഥലംമാറ്റ നിബന്ധനകൾ കൂടി പരിശോധിച്ചുകൊണ്ടും ഉചിതവും കാലികവും സുതാര്യവുമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും നിലവിലുള്ള സ്ഥലംമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പൊതു സ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ എല്ലാ വകുപ്പുകളും കൃത്യമായി പാലിക്കേണ്ടതാണ്. ആയതിൽ വീഴ്ചയുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ പൊതു സ്ഥലംമാറ്റ പ്രക്രിയയിൽ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുവാൻ സ്ഥലംമാറ്റം കുറ്റമറ്റ രീതിയിൽ ഓൺലൈനായി നടപ്പിലാക്കുന്നതിന് സഹായകമായ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ

27(*27) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. ജോയി :
ശ്രീ. എം. നൗഷാദ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക ഗവേഷണം, വിഷ്വൽ കമ്മ്യൂണിക്കേഷൻ ഇൻഫർമേഷൻ ടെക്നോളജി, ഐ.റ്റി. വിദ്യാഭ്യാസം, ഇ ഗവേണൻസ് തുടങ്ങിയ മേഖലയിൽ സി-ഡിറ്റിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ തൃപ്തികരമായിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സി-ഡിറ്റ് ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് അനുവദിച്ച തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ഐ & പി.ആർ. വകുപ്പ് നടത്തുന്ന അവലോകന യോഗങ്ങളിൽ സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നുണ്ട്. ഇതിനു പുറമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ ഭരണസമിതിയാണ് സി-ഡിറ്റിന്റെ നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നത്. വർഷത്തിൽ ഒരുതവണ ഈ ഭരണസമിതി യോഗം ചേർന്ന് സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. കൂടാതെ ഐ & പി.ആർ.ഡി സെക്രട്ടറി ചെയർമാനായ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. സി-ഡിറ്റിന്റെ പ്രോജക്ടുകൾ, ഭരണ നിർവ്വഹണം തുടങ്ങിയവ സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗവും ചേരാറുണ്ട്.

(ബി) തൃപ്തികരമായിരുന്നു. (വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(സി) നിലവിൽ സി-ഡിറ്റ് നിർവ്വഹിച്ചുവരുന്ന ചില പ്രധാന പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു:

(1) ഐ.ടി.@സ്കൂളിനുവേണ്ടിയുള്ള പാഠ്യഭാഗങ്ങൾ അടിസ്ഥാനമാക്കിയുള്ള ഡിവിഡി/വെബ്മോഡ്യൂൾ പദ്ധതി തയ്യാറാക്കൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(2) വിവിധ സർക്കാർ/തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സൗരോർജ്ജ പദ്ധതികളുടെ രൂപകല്പനയും നിർവ്വഹണവും

(3) എക്സൈസ് വകുപ്പിനുവേണ്ടി അതീവ സുരക്ഷാ ഹോളോഗ്രാം ലേബൽ നിർമ്മാണം

(4) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓൺലൈൻ പൊതുജന പരാതി പരിഹാര സംവിധാനമായ സ്റ്റേയിറ്റ് ഫോർവേഡിന്റെ രൂപകല്പനയും നിർവ്വഹണവും

(5) സംസ്ഥാന മോട്ടോർ വാഹന വകുപ്പിനുവേണ്ടി ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് പ്രോജക്ട് നിർവ്വഹണം

(6) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും പ്രൊഫഷണൽ യോഗ്യത നേടിയവരുമായവർക്ക് ജോലി നേടുന്നതിനാവശ്യമായ ഹ്രസ്വകാല പരിശീലനം നൽകുന്ന സൈബർശ്രീ പ്രോജക്ട്

(7) ട്രീ ബാങ്ക് പ്രോജക്ടിന്റെ ഭാഗമായി മലയാളഭാഷാ കംപ്യൂട്ടിംഗിൽ ഗവേഷണം

(8) സർക്കാർ സ്ഥാപനങ്ങളിലെ പുരാരേഖകൾ തൽസ്ഥലത്തുതന്നെ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി

(9) റേഷൻ കാർഡ് വിതരണത്തിനുള്ള സാങ്കേതിക നിർവ്വഹണ സംവിധാനം

(10) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, സാമൂഹ്യനീതി വകുപ്പ്, ഓൺലൈൻ എക്സാമിനേഷൻ സോഫ്റ്റ്‌വെയർ തുടങ്ങി വിവിധ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സോഫ്റ്റ്‌വെയർ ഡിസൈൻ, വികസന പ്രവൃത്തികൾ

**അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ പ്രശ്നങ്ങൾ**

28(*28) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ കാലത്ത് അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഈ പ്രശ്നത്തിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ;

(ഡി) കോടതി നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിൽ മാധ്യമ പ്രവർത്തകർക്കേർപ്പെടുത്തിയ വിലക്ക് നീക്കാൻ ഇടപെടുമോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാരിന്റെ കാലത്ത് അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, ആലപ്പുഴ എന്നീ ജില്ലകളിലെ കോടതി പരിസരങ്ങളിൽവച്ച് സംഘർഷമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ടി ജില്ലകളിൽ 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി - ഡി) നിയമലംഘനങ്ങളിൽ കുറ്റക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ ഭാവിയിലുണ്ടാകുന്ന തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ അഭിഭാഷകരുടേയും മാധ്യമപ്രവർത്തകരുടേയും പ്രതിനിധികൾ ഉൾപ്പെടുന്ന സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. പോലീസുകാർകൂടി ഉൾപ്പെടുന്ന തർക്കങ്ങളിൽ ഡി.ജി.പി., ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർ കൂടി സമിതിയിൽ അംഗങ്ങളായിരിക്കും.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

29(*29) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിപണനം നടത്തുന്ന സാധനങ്ങൾ ഗുണമേന്മയുള്ളവയാണെന്നും അവ ആവശ്യത്തിന് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) ഓണക്കാലത്ത് വിപണി ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കാര്യക്ഷമമായി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനംവരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു.

ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു. ഈ സഹായമുപയോഗിച്ച് പൊതുജനങ്ങൾക്കുള്ള അവശ്യ ഭക്ഷ്യവസ്തുക്കളുടെ സബ്സിഡി നിരക്കിലുള്ള വിതരണം, ഓണക്കാലത്ത് എല്ലാ കാർഡുടമകൾക്കുമുള്ള സ്പെഷ്യൽ പഞ്ചസാര വിതരണം, എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും (2 കിലോഗ്രാം മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവ അടങ്ങിയ) സൗജന്യ ഓണക്കിറ്റ് എന്നിവ സപ്ലൈകോ വിതരണം ചെയ്തിട്ടുണ്ട്. ഇങ്ങനെ കാര്യക്ഷമമായി വിപണിയിടപെടൽ നടത്തിയതുമൂലം ഉൽസവകാലത്തുണ്ടാകുന്ന അവശ്യ ഭക്ഷ്യവസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റം പിടിച്ചുനിറുത്തുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ഡിപ്പോതലത്തിൽ ജൂനിയർ മാനേജർ (M&I) പ്രതിമാസം കുറഞ്ഞത് 12 വിൽപ്പനശാലകൾ എങ്കിലും പരിശോധന നടത്തി സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പുവരുത്തുന്നു. സപ്ലൈകോയിൽ ഇ-ടെണ്ടർ പ്രകാരം വാങ്ങുന്ന സാധനങ്ങൾ ഓരോ ഡിപ്പോയിലും ക്വാളിറ്റി അഷ്വറൻസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കമ്മിറ്റി പരിശോധിച്ച് സംശയങ്ങളുള്ള പക്ഷം റീജിയണൽ അനലറ്റിക്കൽ ലാബ്/CFRD എന്നിവിടങ്ങളിൽ പരിശോധിക്കാറുണ്ട്. കൂടാതെ എഫ്.എം.സി.ജി.-യിൽ ഉൾപ്പെട്ട ഭക്ഷ്യവസ്തുക്കൾ അംഗീകൃത NABL Accredited Lab/CFRD Lab എന്നിവയുടെ ഗുണമേന്മാ പരിശോധനാ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സപ്ലയറിൽനിന്നും വാങ്ങിയതിനുശേഷം മാത്രമേ ഡിപ്പോയിൽ സ്വീകരിക്കാറുള്ളൂ. ഇതിനുപരി ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മാവേലി ചില്ലറ വിൽപ്പനശാലകളിൽനിന്നും ഭക്ഷ്യവസ്തുക്കളുടെ റാൻഡം സാമ്പിളുകൾ CFRD-യിലേക്ക് പരിശോധനയ്ക്കായി നൽകുന്നുമുണ്ട്.

(സി) ഈ കൊല്ലം ഓണം, ബക്രീദ് ഉൽസവകാലത്ത് കഴിഞ്ഞ കൊല്ലങ്ങളേക്കാൾ കാര്യക്ഷമമായ വിപണിയിടപെടൽ സപ്ലൈകോ നടത്തിയിട്ടുണ്ട്. ഇതിനായി നിലവിലുള്ള വിൽപ്പനശാലകൾ ഉൾപ്പെടെ 14 ജില്ലാ ആസ്ഥാനങ്ങളിലും 75 താലൂക്ക് ആസ്ഥാനങ്ങളിലും മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിലുമടക്കം 1464 ഓണച്ചന്തകൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റ് 7 പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾവഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. ഇതുകൂടാതെ 16.06 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം നടത്തുകയും സംസ്ഥാനത്തെ ഓരോ റേഷൻകാർഡിനും ഒരു കിലോ സ്പെഷ്യൽ പഞ്ചസാര റേഷൻ കടകൾ മുഖാന്തരം വിതരണം ചെയ്യുന്നതിന് എത്തിച്ചുകൊടുക്കുകയും പട്ടികവർഗ്ഗകുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റിനുള്ള സാധനങ്ങൾ പട്ടികവർഗ്ഗ വകുപ്പിന് കൈമാറുകയും സപ്ലൈകോ ചെയ്തിട്ടുണ്ട്. സ്കൂൾകുട്ടികൾക്കുള്ള 5 കിലോ സൗജന്യ അരി വിതരണം അവസാനഘട്ടത്തിലാണ്. സപ്ലൈകോ വഴി ഇത്തരത്തിൽ നടത്തിയ ഓണവിപണി ഇടപെടൽമൂലം നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്തുവാൻ സർക്കാരിന് സാധിച്ചു. ഓണച്ചന്തകളിൽക്കൂടി പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങളും ന്യായവിലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**സ്വാശ്രയ മെഡിക്കൽ-ഡെന്റൽ കോളേജ് പ്രവേശനം**

30(*30) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകളെ സംബന്ധിച്ച് ഉയർന്നതായി പറയപ്പെടുന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻ സർക്കാരിന്റെ കാലത്തുണ്ടാക്കിയ കരാർ പ്രകാരമുള്ള ഫീസ് നിരക്കും പുതിയ കരാറിലെ ഫീസ് നിരക്കും തമ്മിലുള്ള വ്യത്യാസം പരിശോധിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്തെ കരാർ വ്യവസ്ഥയ്ക്കെതിരെ ഉയർന്നതായി പറയപ്പെടുന്ന ആക്ഷേപങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും വിശദവിവരം വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് നിലവിലിരുന്ന ഫീസ് നിരക്ക് ഇപ്രകാരമാണ്.

2015-16 അദ്ധ്യയന വർഷം:

14-7-2015-ലെ സ.ഉ. (സാധാ) നമ്പർ 2192/2015/ആ.കു.വ. പ്രകാരം (അനുബന്ധം-1)*

മെഡിക്കൽ:

മെറിറ്റ് സീറ്റ് -1,85,000 രൂപ

മാനേജ്മെന്റ് സീറ്റ്-8,50,000 രൂപ

എൻ.ആർ.ഐ. സീറ്റ്-12,50,000 രൂപ

ഡെന്റൽ:

മെറിറ്റ് സീറ്റ് -1,20,000 രൂപ

മാനേജ്മെന്റ് സീറ്റ്-4,00,000 രൂപ

എൻ.ആർ.ഐ. സീറ്റ്-5,00,000 രൂപ

മുൻ വർഷങ്ങളിൽ മാനേജ്മെന്റ് സീറ്റിന് (മെഡിക്കൽ) 1,85,000 രൂപയാണ് നിശ്ചയിച്ചിരുന്നത്. ഇതിൽ 10% വർദ്ധനവ് കൂടിവന്നാൽ 2,03,000 ആയിത്തീരും. എന്നാൽ ആരോഗ്യ സർവ്വകലാശാലയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയും നിഷ്കർഷിക്കുന്ന രീതിയിലുള്ള കോളേജും ആശുപത്രിയും നടത്തുന്നതിനുള്ള ചിലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സർക്കാർ താഴെപറയുന്ന പുതുക്കിയ നിരക്ക് 1-9-2016-ലെ സ.ഉ. (സാധാ) നമ്പർ 2463/2016/ആ.കു.വ. പ്രകാരം അനുവദിക്കുകയുണ്ടായി. (അനുബന്ധം-2)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>മെഡിക്കൽ:</u>

ബി.പി.എൽ. മെറിറ്റ് -25,000 രൂപ

മെറിറ്റ് സീറ്റ്-2,50,000 രൂപ

മാനേജ്മെന്റ് സീറ്റ്-11,00,000 രൂപ

എൻ.ആർ.ഐ. സീറ്റ്-15,00,000 രൂപ

<u>ഡെന്റൽ:</u>

ബി.പി.എൽ. മെറിറ്റ് -24,000 രൂപ

മെറിറ്റ് സീറ്റ് -2,10,000 രൂപ

മാനേജ്മെന്റ് സീറ്റ്-5,00,000 രൂപ

എൻ.ആർ.ഐ. സീറ്റ്-6,00,000 രൂപ

സർക്കാർ ഈയൊരു നിലപാട് എടുത്തതിന്റെ അടിസ്ഥാനത്തിൽ ആകെയുള്ള 23 സ്വാശ്രയ കോളേജ് മാനേജ്മെന്റുകളിൽ 20 പേർ സർക്കാരുമായി ധാരണയിലെത്തുകയും ആയതിന്റെ ഫലമായി സർക്കാരിന് സ്വാശ്രയ കോളേജുകളിലെ ഗവൺമെന്റ് മെറിറ്റ് സീറ്റുകളിലേക്ക് കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധിച്ചു. 2015-16-ൽ 1650 സീറ്റുകളിലാണ് സർക്കാരുമായി എഗ്രിമെന്റ് ഉണ്ടായത്. കോളേജുകൾ സർക്കാരുമായി എഗ്രിമെന്റ് വയ്ക്കാതിരിക്കുകയും മുഴുവൻ സീറ്റുകളിലും വലിയ ഫീസ് ഈടാക്കുകയും ചെയ്തിരുന്നു. ഇതിൽതന്നെ ഗവൺമെന്റിന് വിട്ടുകിട്ടിയ സീറ്റുകളുടെ എണ്ണം 800 ആയിരുന്നു. 2016-17-ൽ ആകെ 2450 സീറ്റുകളിൽ ഗവൺമെന്റുമായി കരാറിലെത്തിയത് 2250 സീറ്റുകളിലാണ്. ഇതിൽ 1100 മെറിറ്റ് സീറ്റുകൾ ഗവൺമെന്റിന് ലഭ്യമായി. ബി.പി.എൽ. കാറ്റഗറിയിൽ കഴിഞ്ഞ വർഷം 115 സീറ്റ് മാത്രം ഉണ്ടായിരുന്നത് ഈ വർഷം 157 ആയി. എസ്.ഇ.ബി.സി. മുൻവർഷം 214 ഉണ്ടായിരുന്നത് ഈ വർഷം 292 ആയി. അതായത് ബി.പി.എൽ-എസ്.ഇ.ബി.സി. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം മുൻവർഷം 329 ആയിരുന്നെങ്കിൽ ഈ വർഷം 449 ആണ്. മെരിറ്റ് സീറ്റിന്റെ എണ്ണത്തിൽ മുൻവർഷത്തേതിനെക്കാൾ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി കാണുന്നു. ഇത്തവണ മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ കോളേജുകൾ സർക്കാരുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. വിദ്യാർത്ഥി പ്രവേശനത്തിന് ഇത്തവണ മെറിറ്റ് മാത്രമായിരുന്നു മാനദണ്ഡം.

(സി) വിവരം ലഭ്യമല്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഉന്നത ഉദ്യോഗസ്ഥരുടെ വിവാദ പ്രസ്താവനകൾ

1(1) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സർവ്വീസിലെ ഉന്നത ഉദ്യോഗസ്ഥരിൽ ചിലർ വിവാദ പ്രസ്താവനകൾ നടത്തുന്നതും ചട്ടങ്ങളിൽപ്പെടാത്ത കാര്യങ്ങൾക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണത ആശാസ്യമാണെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃതമായ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

### മാതൃഭാഷയുടെ പ്രാധാന്യം

2(2) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭരണഭാഷ മാതൃഭാഷയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും അതു പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല എന്ന വസ്തുത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) 'മലയാളത്തിലെ പ്രാവീണ്യമറിയാൻ പി.എസ്.സി. പോലും ശ്രമിക്കുന്നില്ല എന്നും 10 മാർക്കിനെങ്കിലും മലയാള ഭാഷ പ്രാവീണ്യം പരിശോധിക്കാൻ ഉപയോഗിക്കണം' എന്നും 2016 ആഗസ്റ്റ് 12-ന് കേരള പി.എസ്.സി. എംപ്ലോയ്സ് യൂണിയന്റെ 43- ാം സംസ്ഥാന സമ്മേളനം ഉത്ഘാടനം ചെയ്ത് ബഹു. മുഖ്യമന്ത്രി, തിരുവനന്തപുരത്ത് വി.ജെ.റ്റി. ഹാളിൽ പ്രകടിപ്പിച്ച അഭിപ്രായപ്രകാരം നാളിതുവരെ ടി പദ്ധതി നടപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നല്കുമോ;

(സി) മലയാളഭാഷയുടെ വ്യാപനത്തിനും പരിപോഷണത്തിനുമായി കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ നിയമപ്രകാരം, മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി കേരളത്തിലെ വിവിധ വകുപ്പുകളിലും സെക്രട്ടറിയേറ്റിലും നിയമസഭയിലും മലയാള ഭാഷയിൽ കുറിപ്പുകളും ഉത്തരവുകളും ഇറക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ;

(ഡി) നിയമനിർമ്മാണവും, ഭരണ നിർവ്വഹണവും, നീതി നിർവ്വഹണവും പൂർണ്ണമായും മലയാളഭാഷയിലാക്കാൻ സർക്കാർ അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാവർത്തികമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തിവരുന്നു.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ 10 ചോദ്യങ്ങൾ മലയാളഭാഷയിൽനിന്നും ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിക്കുകയും ഇതുസംബന്ധിച്ച രൂപരേഖ തയ്യാറാക്കുന്നതിലേക്കായി ഒരു ശിൽപ്പശാല സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) ഇതിനോടകം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

## അവാർഡുകൾ, ഉപഹാരങ്ങൾ, പാരിതോഷികങ്ങൾ എന്നിവ സ്വീകരിക്കുന്നത് സംബന്ധിച്ച്

3(3) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ഏർപ്പെടുത്തുന്നതോ, സ്പോൺസർ ചെയ്യുന്നതോ ആയ അവാർഡുകൾ, ഉപഹാരങ്ങൾ, പാരിതോഷികങ്ങൾ എന്നിവ ഉന്നത സർക്കാർ ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതിൽ നിയന്ത്രണങ്ങൾ നിലവിലുണ്ടോ, എങ്കിൽ വിശദമാക്കുമോ;

(ബി) നിയന്ത്രണങ്ങൾ നിലവിലില്ലെങ്കിൽ, ഇത്തരം ഉപഹാരങ്ങളിലൂടെ അല്ലെങ്കിൽ ആദരിക്കലിലൂടെ ഉദ്യോഗസ്ഥരെ സ്വാധീനിക്കാൻ ഉള്ള സാധ്യത കണക്കിലെടുത്ത് അതും ഒരുതരത്തിലെ അഴിമതിയായി കണക്കാക്കി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ;

(സി) സ്വകാര്യ സ്ഥാപനങ്ങളുടെ പ്രത്യേകിച്ചും കൊമേഴ്സ്യൽ സ്ഥാപനങ്ങളുടെ ഉപഹാരങ്ങൾ ഉന്നത ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണോ;

(ഡി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ഉദ്യോഗസ്ഥർ അനുമതി തേടിയിട്ടുണ്ട്; ഏതൊക്കെ തീയതികളിൽ?

ഉത്തരം

(എ) ഉണ്ട്. 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഒരു സർക്കാർ ജീവനക്കാരനും സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ അയാൾക്കുവേണ്ടിയോ മറ്റൊരാളിനു വേണ്ടിയോ നേരിട്ടോ നേരിട്ടല്ലാതെയോ

അയാളോ അയാളുടെ കുടുംബത്തിലെ മറ്റേതെങ്കിലും അംഗമോ അയാളുടെ ബന്ധുവല്ലാത്ത ഒരാളിൽനിന്നും എന്തെങ്കിലും പാരിതോഷികമോ ഔദാര്യമോ ബഹുമതി പ്രതിഫലമോ സ്വീകരിക്കുവാൻ പാടില്ല.

(ബി) ബാധകമല്ല.

(സി) ആവശ്യമാണ്.

(ഡി) വിവരം ശേഖരിച്ച നൽകുന്നതാണ്.

## പരാതികൾക്ക് കൈപ്പറ്റ് രസീത്

4(4) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെ പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകണമെന്നും, തീരുമാനമെടുത്തശേഷം അന്തിമ മറുപടി നൽകണമെന്നും മാന്വലുകളിലും കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അലംഭാവമുണ്ടാവാനുള്ള കാരണമെന്താണെന്ന് അന്വേഷിക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷത്തെ ഫയലുകളെങ്കിലും പരിശോധിച്ച് നിർദ്ദേശം പാലിക്കാത്തവ കണ്ടെത്തി ഉചിത നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പൊതുജനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് നൽകണമെന്ന് 12-1-2009-ലെ 168/AR13(2)/09/ഉഭപവ നമ്പർ സർക്കുലർ പ്രകാരവും അപ്രകാരം ലഭിക്കുന്ന പരാതികൾ/അപേക്ഷകൾ/ നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് അപേക്ഷകന് ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്ന് മാസത്തിനകവും നൽകണമെന്ന് 30-3-1985-ലെ 3461/85/ഉഭപവ നമ്പർ സർക്കുലർ പ്രകാരവും വ്യക്തമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത നിർദ്ദേശങ്ങൾ ലംഘിക്കുന്നത് സംബന്ധിച്ച് പരാതികൾ സർക്കാരിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അദ്ധ്യക്ഷന്മാർ ശിക്ഷാനടപടി കൈക്കൊള്ളണമെന്നും 16-7-2015-ലെ 11433/എ.ആർ. 13(2)/15/ഉഭപവ നമ്പർ സർക്കുലർ പ്രകാരവും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി & സി) വിവിധ വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

**സെക്രട്ടേറിയറ്റിൽ ഫയലുകളുടെ തീർപ്പ്**

5(5) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റിൽ ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിലേക്കായി എന്തെങ്കിലും പരിഷ്കാരങ്ങൾ വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഫയലുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള തട്ടുകളുടെ എണ്ണം കുറയ്ക്കുമോ; ഇതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 4-8-2015-ലെ 12960/എ.ആർ 14(2)/15/ഉഭപവ., 10-12-2015-ലെ 21635/എ.ആർ 14(2)/15/ഉഭപവ. എന്നീ സർക്കുലറുകൾ പ്രകാരം ഫയലുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച് നിലവിൽ നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. (പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(ബി) ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി സെക്ഷൻ ഓഫീസർ-വകുപ്പ് സെക്രട്ടറി/മന്ത്രി എന്നിവർക്കിടയിലുള്ള തട്ടുകൾ രണ്ടായി നിജപ്പെടുത്തി 24-2-2003-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 3/03/ഉഭപവ. പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഫയലുകൾ സെക്ഷൻ ഓഫീസറിൽനിന്നും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി/മന്ത്രി എന്നിവർക്ക് എത്തുന്നതിനുള്ള സമയപരിധി 10 ദിവസമായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

**പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ**

6(6) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വകുപ്പും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും, തസ്തികകളുടെ പേരും വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന 25-5-2016 മുതൽ 31-8-2016 വരെ 9708 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭരണ പരിഷ്കാര കമ്മീഷൻ

7(7) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണ പരിഷ്കാര കമ്മീഷന്റെ ചെയർമാനും അംഗങ്ങളും ചുമതലയേറ്റിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഇ) ചെയർമാൻ, അംഗങ്ങൾ, പേഴ്സണൽ സ്റ്റാഫ്, മറ്റ് ജീവനക്കാർ എന്നിവരുടെ ശമ്പളം, ബത്തകൾ, മറ്റ് ചെലവുകൾ ഉൾപ്പെടെ ഒരു വർഷത്തേക്ക് കമ്മീഷന് എന്തു തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

### ഉത്തരം

(എ) സംസ്ഥാനത്ത് ഭരണപരിഷ്കാര കമ്മീഷൻ 6-8-2016-ലെ സ.ഉ. (എംഎസ്.) 16/2016/ഉഭപവ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്.

(ബി&സി) കമ്മീഷന്റെ ചെയർമാനും അംഗങ്ങളും ചുമതലയേറ്റിട്ടുണ്ട്. കമ്മീഷന്റെ ചുമതലകൾ, ജീവനക്കാരെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ പ്രതിപാദിക്കുന്ന 30-8-2016-ലെ സ.ഉ. (എംഎസ്.) 21/2016/ഉഭപവ. നമ്പർ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) കമ്മീഷന്റെ ആസ്ഥാനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റായി നിശ്ചയിച്ചിട്ടുണ്ട്.

(ഇ) കണക്കാക്കിയിട്ടില്ല.

## ഭരണ പരിഷ്കാര കമ്മീഷൻ

8(8) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) സംസ്ഥാനത്ത് ഭരണ പരിഷ്കാര കമ്മീഷൻ നിലവിൽ വന്നിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കമ്മീഷൻ ഓഫീസിലെ ജീവനക്കാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭരണപരിഷ്കാര കമ്മീഷൻ 6-8-2016-ലെ സ.ഉ. (എംഎസ്.) 16/2016/ഉഭപവ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്.

(ബി&സി) കമ്മീഷന്റെ ചുമതലകൾ, ജീവനക്കാരെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ പ്രതിപാദിക്കുന്ന 30-8-2016-ലെ സ.ഉ. (എംഎസ്.) 21/2016/ഉഭപവ. നമ്പർ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

**പൊതുഅവധികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

9(9) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ജാതിമത സംഘടനകളുടെ ആവശ്യപ്രകാരം എത്ര പൊതു അവധികൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ അവധി അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ അവധികൾ അനുവദിക്കുന്നത് കേരളത്തിലെ നിലവിലെ സാമൂഹികാന്തരീക്ഷത്തിൽ ജാതിചിന്ത വർദ്ധിപ്പിക്കുന്നതിനും സമൂഹ മൈത്രി ദുർബ്ബലപ്പെടുത്തുന്നതിനും കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 29-10-2104-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മന്നം ജയന്തി, അയ്യങ്കാളി ജയന്തി എന്നീ ദിവസങ്ങൾ പൊതുഅവധിയായി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പൊതുഅവധി അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ക്ഷേമപെൻഷൻ

10(11) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമ പെൻഷൻ ഇനത്തിൽ ആകെ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കുടിശ്ശിക തുക എത്രയെന്നും, മുൻകൂർ തുക എത്രയെന്നും വെവ്വേറെ വ്യക്തമാക്കുമോ;

(സി) ഇതിൻപ്രകാരം സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന 5 ക്ഷേമ പെൻഷനുകളിലായി ആകെ 2727.36 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ടി തുകയിൽ കുടിശ്ശിക തുക 1477.92 കോടി രൂപയും മുൻകൂർ തുക 393.99 കോടി രൂപയുമാണ്.

(സി) ഇതിൻപ്രകാരം സംസ്ഥാനത്തെ 3677430 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

## എല്ലാ മണ്ഡലങ്ങളിലും ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി

11(12) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകളെയാണ് ജനസേവന കേന്ദ്രത്തിന്റെ സേവന പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ജനസേവന കേന്ദ്രങ്ങൾ പലതും ഇപ്പോൾ ആവശ്യത്തിന് ജീവനക്കാരില്ലാതെ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള ജനസേവന കേന്ദ്രങ്ങളിൽ കൂടുതൽ വകുപ്പുകളെ ഉൾക്കൊള്ളിച്ചും ജീവനക്കാരെ നിയോഗിച്ചും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) എല്ലാ മണ്ഡലങ്ങളിലും ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഒന്നുവീതം പ്രവർത്തിക്കുന്നുണ്ട്.

(ബി) കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, കോർപ്പറേഷൻ, യൂണിവേഴ്സിറ്റി, റവന്യൂ, സിവിൽ സപ്ലൈസ്, ബി.എസ്.എൻ.എൽ., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കൾച്ചറൽ വെൽഫെയർ ബോർഡ് എന്നിവയുടെ സേവനങ്ങൾ നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) നിലവിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ കൂടുതൽ വകുപ്പുകളെ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അക്ഷയ കേന്ദ്രങ്ങൾ എല്ലാ മണ്ഡലങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ഇന്റർനെറ്റ് വഴിയും മൊബൈൽ സംവിധാനം വഴിയും എല്ലാ സർക്കാർ സേവനങ്ങളും ലഭ്യമാക്കുന്ന പദ്ധതി ഉടനെ പൂർത്തീകരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ കൂടുതൽ ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മുൻ റവന്യൂ മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്ര**

12(13) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ റവന്യൂമന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും നടത്തിയ വിദേശയാത്രകളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണപുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മന്ത്രിയുടെയും ഉദ്യോഗസ്ഥരുടെയും വിദേശയാത്രകൾമൂലം കയർമേഖലയിൽ എന്ത് പുരോഗതിയുണ്ടായെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ റവന്യൂ മന്ത്രിയുടേയും ഉന്നത ഉദ്യോഗസ്ഥരുടെയും വിദേശ യാത്ര ഉൾപ്പെടെയുള്ള ആരോപണങ്ങളിന്മേൽ ക്യൂ.വി. 07/2013/എസ്.ആർ.ടി. നമ്പർ പ്രകാരം ഒരു

സത്വരാന്വേഷണം നടത്തി വി.സി.02/2016/ടി.വി.എം. നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിവരുന്നു:

(1) ശ്രീ. കെ. ആർ. അനിൽ, ഡയറക്ടർ, നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

(2) ശ്രീ. കെ. മദൻ, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കയർ ഡെവലപ്പ്മെന്റ്

(3) ശ്രീമതി റാണി ജോർജ്ജ്, ഐ.എ.എസ്., സെക്രട്ടറി (കയർ).

(ബി) അന്വേഷണം പൂർത്തിയായാൽ മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

**ആശ്രിതനിയമനം**

13(14) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിയിലിരിക്കെ മരണപ്പെട്ട സി. ശിവരാമന്റെ മകന് ആശ്രിത നിയമനം ലഭിക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനത്തിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ; നിയമന നടപടികളുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡറായി ജോലി നോക്കിവരവെ 11-4-2014-ൽ മരണമടഞ്ഞ സി. ശിവരാമൻ എന്നയാളുടെ മകൻ ശ്രീ. അർജ്ജുൻ എസ്.എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ മുഖാന്തരം സമർപ്പിച്ച അപേക്ഷ തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പിൽ പരിശോധിച്ച് വരികയാണ്.

**നിയോജക മണ്ഡലങ്ങളിലെ പ്രവൃത്തികളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട്**

14(15) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലങ്ങളിലെ പ്രവൃത്തികളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾ എം.എൽ.എ.-മാർക്ക് നൽകണമെന്ന ഉത്തരവ് നിലവിലുണ്ടോ;

(ബി) പല വകുപ്പുകളും ബന്ധപ്പെട്ട പുരോഗതി റിപ്പോർട്ട് എം.എൽ.എ-മാർക്ക് നൽകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ ത്രൈമാസ പ്രവർത്തന പുരോഗതി റിപ്പോർട്ട് ജില്ലാ കളക്ടർമാർ അതാത് എം.എൽ.എ.-മാർക്ക് നൽകണമെന്ന ഉത്തരവ് നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**കേന്ദ്ര സഹായത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതികൾ**

15(16) <u>ശ്രീ. എം. എം. മണി</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പദ്ധതികളാണ് കേന്ദ്ര സഹായത്തിനായി സമർപ്പിക്കപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചർച്ചയ്ക്ക് വിഷയമായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതികളുടെ പൂർത്തീകരണത്തിന് കൂടുതൽ കേന്ദ്ര വിഹിതം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം

16(17) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി അനുവദിച്ചിട്ടുള്ള വാഹനങ്ങളുടെ ദുരുപയോഗം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ അത് നിയന്ത്രിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) മാർക്കറ്റ്, ഹെൽത്ത് ക്ലബ്ബുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, മദ്യഷാപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കെല്ലാം പോലീസ് ഉൾപ്പെടെ എല്ലാ വകുപ്പുകളുടെയും ഔദ്യോഗിക വാഹനങ്ങളും ഔദ്യോഗികാവശ്യത്തിന് വാടകയ്ക്കെടുത്ത വാഹനങ്ങളും സർവ്വീസ് നടത്തുന്നത് കണ്ടെത്താനും ദുരുപയോഗം തടയാനും എന്തെങ്കിലും സംവിധാനം പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി 24-2-2003-ലെ ജി.ഒ. (എംഎസ്.) നമ്പർ 113/2003/ധന ഉത്തരവ് പ്രകാരവും 2-8-2008-ലെ 41/2008/ധന നമ്പർ സർക്കുലർ പ്രകാരവും കർശന നടപടി സ്വീകരിക്കുവാൻ ധനകാര്യ പരിശോധനാ (എൻ.റ്റി.) വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

## ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യൽ

17(18) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല വകുപ്പുകളിൽ നിന്നും യഥാസമയം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുന്നില്ല എന്നത് കണക്കിലെടുത്ത് കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള എല്ലാ ഒഴിവുകളും 3-6-2016-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതുകൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് സെപ്റ്റംബർ 30-നകം സർക്കാരിനെ വിവരം അറിയിക്കണമെന്നും എല്ലാ വകുപ്പ് തലവന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 31-8-2016 വരെ ആകെ 9708 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പേഴ്സണൽ സെക്യൂരിറ്റി ഗാർഡുകൾ**

18(19) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിൽ ഏത് റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർക്കാണ് പോലീസ് സേനയിൽ നിന്ന് പി.എസ്.ഒ.-മാരെയും പേഴ്സണൽ സെക്യൂരിറ്റി ഗാർഡുകളെയും സേവനത്തിനായി ലഭ്യമാക്കാറുള്ളത്; എന്തെല്ലാം സേവനമാണ് ഇവരിൽ നിന്ന് ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നത്; ഓരോ ഉദ്യോഗസ്ഥർക്കും എത്രവരെ സെക്യൂരിറ്റി ഗാർഡുമാരെയും പി.എസ്.ഒ.-മാരെയും നൽകാറുണ്ട്;

(ബി) ഇത്തരം സേവനം കൂടുതൽ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നിലവിൽ പി.എസ്.ഒ.-മാരെയും സെക്യൂരിറ്റി ഗാർഡുകളെയും നൽകിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ഡി) പി.എസ്.ഒ.-മാരായും പേഴ്സണൽ സെക്യൂരിറ്റി ഗാർഡുകളായും സംസ്ഥാനത്ത് മൊത്തം എത്ര സിവിൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) എക്സിക്യൂട്ടീവ് ഡയറക്ടീവ് 03/2002 തീയതി 30-3-2002 പ്രകാരം ഡിവൈ.എസ്.പി. റാങ്ക് മുതൽ ഡി.ജി.പി. വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പി.എസ്.ഒ.-മാരെ നിയമിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാന പോലീസിൽ 202 പേർ പി.എസ്.ഒ.-മാരായി പ്രവർത്തിയെടുത്തുവരുന്നു.

## ഡൽഹിയിലെ ഓണാഘോഷം

19(20) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ നേതൃത്വത്തിൽ ഡൽഹിയിൽ ഓണാഘോഷം നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) ആരെല്ലാമാണ് ഈ ആഘോഷത്തിൽ പങ്കെടുത്തതെന്നും എന്തെല്ലാം നേട്ടങ്ങളാണ് ഇതുമൂലം സംസ്ഥാനത്തിന് ഉണ്ടായതെന്നും ആയതിന് എന്തു തുക ചെലവായി എന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സർക്കാരിന്റെയും രാഷ്ട്രപതി ഭവന്റെയും സംയുക്താഭിമുഖ്യത്തിൽ 2016 സെപ്റ്റംബർ മാസം മൂന്നാം തീയതിയിൽ രാഷ്ട്രപതി ഭവനിൽ വച്ച് ഓണാഘോഷം നടത്തിയിട്ടുണ്ട്. ഇദംപ്രഥമമായി രാഷ്ട്രപതി ഭവനിൽ വച്ച് കേരള സർക്കാർ നടത്തിയ പരിപാടിയാണിത്. ഇതിനുമുമ്പ് ഇന്ത്യയിലെ മറ്റൊരു സംസ്ഥാനം മാത്രമേ രാഷ്ട്രപതി ഭവനിൽ വച്ച് ഇത്തരത്തിൽ പരിപാടി നടത്തിയിട്ടുള്ളൂ. സംസ്ഥാനത്തിന്റെ യശസ്സ് ദേശീയതലത്തിൽ ഉയർത്താൻ ഈ പരിപാടി ഉപകരിച്ചിട്ടുണ്ട്. പതിവായി നടത്താറുള്ളതുപോലെ കേരള ഹൗസിലും സെപ്റ്റംബർ മാസം 13, 14, 15 തീയതികളിൽ ഓണാഘോഷം നടത്തിയിരുന്നു.

(ബി) രാഷ്ട്രപതി, ഉപരാഷ്ട്രപതി, കേരള ഗവർണർ, മുഖ്യമന്ത്രി, കേരള ഹൈക്കോടതി ആക്റ്റിംഗ് ചീഫ് ജസ്റ്റിസ്, കേരളത്തിലെ മന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ, ഉന്നത ഉദ്യോഗസ്ഥർ, സാമൂഹിക-സാംസ്കാരിക-വ്യവസായ-മാധ്യമ രംഗങ്ങളിലെ പ്രമുഖർ തുടങ്ങിയവർ ഈ പരിപാടിയിൽ പങ്കെടുത്തു. ഈ പരിപാടിക്ക് 73,774 രൂപ ചെലവായി. കേരള സർക്കാരിന്റെ ആതിഥ്യമര്യാദയും കേരളത്തിന്റെ കലാ-സാംസ്കാരിക പൈതൃകവും രാജ്യതലസ്ഥാനത്ത് പ്രദർശിപ്പിക്കുന്നതിനും ദേശീയ ശ്രദ്ധ പിടിച്ചുപറ്റുന്നതിനും കേരളത്തിന്റെ വിനോദസഞ്ചാര മേഖലയെ അടയാളപ്പെടുത്തുന്നതിനും രാഷ്ട്രപതി ഭവനിലെ ഓണാഘോഷ പരിപാടി സഹായിച്ചു. കേരള ഹൗസിൽ സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഓണാഘോഷ പരിപാടികളിൽ വിവിധ കേന്ദ്രമന്ത്രാലയങ്ങളിലെയും കേന്ദ്ര സർക്കാർ ഓഫീസുകളിലെയും ക്ഷണിതാക്കൾ പങ്കെടുത്തു. പ്രസ്തുത ഓണാഘോഷത്തിനായി 6,79,112 രൂപ ചെലവായിട്ടുണ്ട്. കേരളത്തിന്റെ തനതായ ആഘോഷങ്ങളും കലകളും ഡൽഹിയിലെ കേന്ദ്രമന്ത്രാലയങ്ങളിലെയും കേന്ദ്ര സർക്കാർ ഓഫീസുകളിലെയും പ്രത്യേക ക്ഷണിതാക്കൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനും അതുവഴി ഈ ഉദ്യോഗസ്ഥരും കേരള സർക്കാരുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും ഡൽഹിയിലെ ആയിരക്കണക്കിന് മലയാളികൾക്ക് കേരളത്തനിമ വിളിച്ചോതുന്ന ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കുന്നതിനും കേരള ഹൗസിലെ ഓണാഘോഷം അവസരമൊരുക്കി.

**കേരളത്തിലെ സിവിൽ സർവ്വീസ്**

20(21) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സിവിൽ സർവ്വീസിന്റെ ഘടന കേന്ദ്ര സർക്കാരിന്റെ ഡയറക്ടറേറ്റ് മാതൃകയിൽ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ നയപരമായ തീരുമാനം സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ വിഷയത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദവിവരം നൽകുമോ;

(സി) ജനങ്ങൾക്ക് കാലതാമസം കൂടാതെ വളരെ എളുപ്പം സേവനം നൽകാൻ കഴിയുന്ന ഘടന എന്ന നിലയിൽ ഡയറക്ടറേറ്റ് മാതൃക സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) 7-6-2016-ൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഈ വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ**

21(22) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കുള്ള പങ്കാളിത്ത പെൻഷൻ സമ്പ്രദായത്തിനെതിരെ ഏതെങ്കിലും സർവ്വീസ് സംഘടനകൾ നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സർവ്വീസ് സംഘടനകളുടെ നിവേദനങ്ങളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിവേദനങ്ങളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പങ്കാളിത്ത പെൻഷൻ സമ്പ്രദായം തുടരുവാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവിധ ഘട്ടങ്ങളിലായി നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് സർക്കാർ വിശദമായി ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## മന്ത്രിസഭാ തീരുമാനങ്ങൾ

22(23) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതലുള്ള മന്ത്രിസഭാ തീരുമാനങ്ങളിലെല്ലാം ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഉത്തരവാകാൻ ബാക്കിയുള്ളവയെ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റതുമുതൽ 7-9-2016 വരെ നടന്ന 16 മന്ത്രിസഭായോഗങ്ങളിലായി ആകെ 290 ഇനങ്ങൾ പരിഗണനയ്ക്കായി വന്നിരുന്നു. അതിൽ 3 എണ്ണം മാറ്റിവയ്ക്കുകയും മൂന്നെണ്ണം പിൻവലിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ശേഷിക്കുന്ന 284 ഇനങ്ങളിൽ തീരുമാനം എടുത്തിട്ടുണ്ട്. അതിൽ ഒരെണ്ണം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതും മറ്റൊരിനത്തിലെ തീരുമാനം ഉത്തരവായി പുറപ്പെടുവിക്കേണ്ടാത്തതുമാണ്. ബാക്കിയുള്ള 282 തീരുമാനങ്ങളിൽ 268 എണ്ണത്തിൽ ഉത്തരവ്/വിജ്ഞാപനം/ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ അവശേഷിക്കുന്ന 14 മന്ത്രിസഭായോഗ തീരുമാനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ട്

23(24) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഇപ്പോൾ സ്വീകരിക്കുന്ന നിലപാട് എന്തെന്ന് വിശദമാക്കാമോ;

(ബി) റിപ്പോർട്ട് ബാധിക്കുന്ന പ്രദേശങ്ങളിലെ എം.എൽ.എ.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ, കർഷക സംഘടനകൾ തുടങ്ങിയവരുടെ സംയുക്തയോഗം വിളിച്ച് ചർച്ച ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ, ആയതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ 123 വില്ലേജുകളിൽ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. മുൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോമീറ്ററായി നിജപ്പെടുത്തുകയും ആയത് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമില്ലായെന്ന് കണ്ടെത്തിയ 4 വില്ലേജുകളെക്കൂടി പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽനിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി നിജപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമേ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാർ തീരുമാനം പ്രതീക്ഷിക്കുകയാണ്.

(ബി&സി) പരിഗണനയിലില്ല. ഉചിതമായ സമയത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**വനിതാപോലീസ് നിയമനം**

24(25) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ബറ്റാലിയനുകളിലേയ്ക്കുള്ള വനിതാ പോലീസ് നിയമനത്തിനു വേണ്ടിയുള്ള ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റുകളിൽ നിന്ന് നിയമനം ലഭിച്ചവരുടെ വിവരം ബറ്റാലിയൻ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) നിലവിലുള്ള വനിതാ പോലീസിന്റെ എണ്ണം ജനസംഖ്യാനുപാതികമായി പരിശോധിച്ചിട്ടുണ്ടോ, എങ്കിൽ അനുപാതം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) 2016-ൽ പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിച്ച 319 പേരുടെ ബറ്റാലിയൻ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കെ.എ.പി.1 - 23,

കെ.എ.പി.2 - 34,

കെ.എ.പി.3 - 0,

കെ.എ.പി.4 - 51,

കെ.എ.പി. 5 - 49,

എം.എസ്.പി. - 65,

എസ്.എ.പി. - 97

(സി) വനിതാപോലീസിന്റെ എണ്ണം ജനസംഖ്യാനുപാതികമായി പരിശോധിക്കാൻ ഇടവന്നിട്ടില്ല.

**ഭരണപരിഷ്കാര കമ്മീഷൻ**

25(26) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് പ്രവർത്തനമാരംഭിച്ചത്;

(ബി) എന്തൊക്കെയാണ് കമ്മീഷന്റെ പ്രധാന ചുമതലകൾ;

(സി) കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ ഔദ്യോഗിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്;

(ഡി) കമ്മീഷൻ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേരാണ് നിയമിക്കപ്പെടുന്നത്;

(ഇ) കമ്മീഷൻ അംഗങ്ങളുടെ എണ്ണം, റാങ്ക്, പേരുവിവരം എന്നിവ വ്യക്തമാക്കുമോ;

(എഫ്) കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ, ചെയർമാന്റെ പേഴ്സണൽ സ്റ്റാഫ് എന്നിവരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായും കമ്മീഷനുമായി ബന്ധപ്പെട്ട മറ്റെല്ലാ ചെലവുകൾക്കുമായി മാസത്തിൽ എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) കമ്മീഷൻ ഓഫീസ് എവിടെയായിരിക്കും പ്രവർത്തിക്കുകയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 6-8-2016-ലെ സ.ഉ. (എം.എസ്.)16/2016/ഉഭപവ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന സംസ്ഥാന ഭരണപരിഷ്കാര കമ്മീഷൻ 18-8-2016 മുതൽ പ്രവർത്തനമാരംഭിച്ചു.

(ബി - ഡി) കമ്മീഷന്റെ ചുമതലകൾ, തസ്തികകൾ എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ച 30-8-2016-ലെ സ.ഉ. (എംഎസ്.) 21/2016/ഉഭപവ നമ്പർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ചെയർമാനെ കൂടാതെ രണ്ട് അംഗങ്ങളാണ് കമ്മീഷനിൽ ഉള്ളത്. കമ്മീഷൻ ചെയർമാന് ക്യാബിനറ്റ് മന്ത്രിയുടെ പദവിയും അംഗങ്ങൾക്ക് ചീഫ് സെക്രട്ടറിയുടെ പദവിയുമാണ് നൽകിയിട്ടുള്ളത്.

(എഫ്) കണക്കാക്കിയിട്ടില്ല.

(ജി) തിരുവനന്തപുരത്ത് ഐ.എം.ജി.-യിലാണ് കമ്മീഷന്റെ ആസ്ഥാനം നിശ്ചയിച്ചിട്ടുള്ളത്.

**ഓഫീസുകളിൽ നൽകുന്ന പരാതികളിന്മേലുള്ള തുടർനടപടി**

26(27) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നും എം.എൽ.എ.-മാർക്ക് ലഭിക്കുന്ന മറുപടിയുടെ മാതൃകയിൽ സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്നും മറുപടി നൽകുവാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ ഓഫീസുകളിൽ നൽകുന്ന അപേക്ഷകളും പരാതികളും സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കുവാനും ആ വിവരം കക്ഷികളെ അറിയിക്കണമെന്ന കാര്യത്തിലും ആവശ്യമായ നിർദ്ദേശം വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് വിവിധ ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾ റിപ്പോർട്ടിനുവേണ്ടി ഗവ.സെക്രട്ടറി, ഡയറക്ടർ, ജില്ലാ ഓഫീസർ എന്നിവർ വഴി ബന്ധപ്പെട്ട ഓഫീസിൽ എത്തുമ്പോൾ ധാരാളം സമയം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഇത് ഒഴിവാക്കുവാൻ റിപ്പോർട്ടുകൾ നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എം.പി./എം.എൽ.എ.-മാരിൽനിന്നും ലഭിക്കുന്ന നിവേദനങ്ങൾക്ക്/ കത്തുകൾക്ക് മുന്തിയ പരിഗണന നൽകണമെന്നും അവയ്ക്ക് കഴിവതും 10 ദിവസങ്ങൾക്കകം മറുപടി നൽകേണ്ടതാണെന്നും ഇത്തരം കത്തുകൾ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായി നൽകണമെന്നും പ്രസ്തുത കത്തുകളിലും/നിവേദനങ്ങളിലും സ്വീകരിക്കപ്പെടുന്ന നടപടി സംബന്ധിച്ച് നിയമസഭാംഗങ്ങളെ അറിയിക്കേണ്ടതാണെന്നും എല്ലാ വകുപ്പുതലവന്മാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ/അപേക്ഷകൾ/ നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്നും പ്രസ്തുത പരാതികൾ/അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് സ്വീകരിച്ച നടപടി അപേക്ഷകന് ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് 3 മാസത്തിനകവും നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) സർക്കാരിൽ ലഭിക്കുന്ന നിവേദനങ്ങളിലും/അപേക്ഷകളിലും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി നിവേദനത്തിലെ/അപേക്ഷയിലെ വസ്തുതകൾ സംബന്ധിച്ചും സ്വീകരിച്ച നടപടി സംബന്ധിച്ചും വകുപ്പദ്ധ്യക്ഷന്മാരുടെ റിപ്പോർട്ട് ആവശ്യമായി വരും. മേൽ സാഹചര്യങ്ങളിൽ സമയബന്ധിതമായി റിപ്പോർട്ട്/മറുപടി ലഭ്യമാക്കണമെന്നറിയിച്ച് സർക്കാരിൽനിന്നും വകുപ്പദ്ധ്യക്ഷന്മാർക്ക് കത്ത് നൽകാറുണ്ട്. അപ്പീൽ അധികാരിയെന്ന നിലയിൽ സർക്കാർ തലത്തിൽ നടത്തുന്ന സമഗ്ര പരിശോധനയുടെ ഭാഗമായിട്ടാണ് ഇത്തരത്തിൽ റിപ്പോർട്ട് തേടുന്നത്. എന്നാൽ സർക്കാർ ആഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടി സ്വീകരിച്ച് പൊതുജനങ്ങൾക്ക് സമയബന്ധിതമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമവും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത നിയമ പ്രകാരം സേവനം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടിയും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

27(28) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഓഫീസുകളിൽ നിന്ന് പൊതുജനങ്ങൾക്ക് കൃത്യമായും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു പുതിയ പരിശീലന നയം രൂപവൽക്കരിക്കുന്നതാണ്. എല്ലാ സർക്കാർ ജീവനക്കാർക്കും നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗും അതുപോലെതന്നെ വ്യവസ്ഥാപിത ഇൻസർവ്വീസ് കോഴ്സുകളും ഇതിൽ വ്യക്തമായി വ്യവസ്ഥ ചെയ്യുന്നതാണ്. കൂട്ടായ പ്രവർത്തനം കൈവരിക്കുന്നതിലേക്ക് സർക്കാരിന്റെ കീഴിലുള്ള വിവിധ പരിശീലനസ്ഥാപനങ്ങളുടെ ഏകോപനം സുഖകരമാക്കുവാൻ

ഐ.എം.ജി.-യുടെ ഡയറക്ടർ ജനറലിനെ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ആയി പദവി നിർദ്ദേശം ചെയ്യുന്നതാണ്. ഈ ലക്ഷ്യത്തിന് ധനസഹായം നൽകുന്നതിനായി വകുപ്പുകൾ, അവയുടെ വാർഷിക പ്ലാൻ ബഡ്ജറ്റിന്റെ ഒരു ശതമാനമെങ്കിലും പരിശീലനത്തിനുവേണ്ടി വിനിയോഗിക്കാൻ അനുവദിക്കുംവിധം യുക്തമായ ബഡ്ജറ്റ് സംവിധാനം കൊണ്ടുവരുന്നതാണ്. പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് നടപടി ആരംഭിക്കും. ഓഫീസ് നടപടിക്രമങ്ങളെ ഓട്ടോമേറ്റ് (Automate) ചെയ്തുകൊണ്ട് ഓഫീസുകളെ പേപ്പർ ലെസ്സ് ഓഫീസായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷൻ ആയ ഇ-ഓഫീസ്, സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലേക്കും 14 ജില്ലാ കളക്ടറേറ്റുകളിലേക്കും 21 സബ്കളക്ടറേറ്റുകളിലേക്കും 75 താലൂക്ക് ഓഫീസുകളിലേക്കും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേക്കും വ്യാപിപ്പിക്കുന്നതാണ്. മറ്റുവകുപ്പുകളുടെ ഡയറക്ടറേറ്റുകളിൽ ആദ്യം ഹെഡ് ഓഫീസിലും പിന്നീട് ജില്ലാതല ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്. കൂടാതെ കേരളത്തിലെ സിവിൽ സർവ്വീസിന്റെ കാലാനുസൃതമായ പരിഷ്കരണം ലക്ഷ്യംവച്ചുകൊണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചെയർമാനായി ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

## സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ

28(29) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾക്ക് രസീത് നൽകണമെന്ന ഉത്തരവ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പല വകുപ്പുകളിലെ ഓഫീസുകളിലും ഇപ്രകാരം രസീത് നൽകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്ന് 12-1-2009-ലെ 168/AR 13(2)/09/ഉഭപവ നമ്പർ സർക്കുലർ പ്രകാരം വ്യക്തമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ ലംഘിക്കുന്നത് സംബന്ധിച്ച് പരാതികൾ സർക്കാരിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അധ്യക്ഷൻമാർ ശിക്ഷാനടപടി കൈക്കൊള്ളണമെന്നും 16-7-2015-ലെ 11433/എ.ആർ 13(2)/15/ഉഭപവ നമ്പർ സർക്കുലർ പ്രകാരവും (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*. കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാധ്യമങ്ങളിൽ പ്രസ്താവനകളും പ്രഖ്യാപനങ്ങളും നടത്തുന്ന ഉദ്യോഗസ്ഥർ**

29(30) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ ആർക്കൊക്കെയാണ് മുൻകൂർ ഗവൺമെന്റ് അനുമതിയില്ലാതെ മീഡിയയിൽ പ്രസ്താവന നടത്താൻ അനുവാദമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അനുമതി തേടി പ്രസ്താവന നടത്താൻ അനുവാദമുള്ളത് ആർക്കൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) താഴെത്തട്ട് വരെയുള്ള ഉദ്യോസ്ഥർ പരസ്യമായി മീഡിയയുടെ മുന്നിൽ ഒരു അനുവാദവും തേടാതെ പ്രസ്താവനകളും, പ്രഖ്യാപനങ്ങളും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള പ്രവണതയ്ക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സർക്കാരിന്റെ നയപരമായ കാര്യങ്ങളെപ്പറ്റി മാധ്യമങ്ങളിൽ അഭിപ്രായ പ്രകടനം നടത്തുന്നതിന് മുൻകൂർ അനുമതി സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമുണ്ട്. എന്നാൽ ഉത്തമവിശ്വാസത്തോടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി മാധ്യമങ്ങളിൽ പ്രസ്താവന നടത്താൻ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല.

(സി&ഡി) താഴെത്തട്ട് വരെയുള്ള ഉദ്യോഗസ്ഥർ സർക്കാരിനെയോ സർക്കാർ നയങ്ങളെയോ വിമർശിച്ച് മാധ്യമങ്ങളിൽ പ്രസ്താവന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജനസമ്പർക്ക പരിപാടിയുടെ ചെലവുകളും സഹായങ്ങളും**

30(31) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഓരോ വർഷത്തിലും ജനസമ്പർക്ക പരിപാടിയുടെ പേരിൽ ഓരോ ജില്ലയിലും വിതരണം ചെയ്ത സഹായങ്ങൾ ജില്ല തിരിച്ച് കണക്ക് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പ് ചെലവിനായി ഓരോ വർഷത്തിലും ജില്ലകളിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. *

(ബി) അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. *

**ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ**

31(32) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർ ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ വേഗത്തിലും തൃപ്തികരമായും നടപ്പാക്കാൻ കഴിഞ്ഞ ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ശമ്പളപരിഷ്കരണ ശിപാർശയോടൊപ്പം എന്തെല്ലാം നിർദ്ദേശങ്ങളുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിലേതെങ്കിലും നടപ്പാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) മുഖ്യ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പരിശോധിച്ച് വരുന്നു.

**മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്**

32(33) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ടും പുനർനിയമനം വഴിയും നിയമിച്ച ജീവനക്കാർക്ക് 1-7-2014 മുതൽ ശമ്പളം പുതുക്കിയതിന്റെ അടിസ്ഥാനത്തിലുള്ള കുടിശ്ശിക തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ആനുകൂല്യം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നേരിട്ടും പുനർനിയമനം വഴിയും നിയമിച്ച ഗസറ്റഡ് ജീവനക്കാർക്ക് കുടിശ്ശിക തുക അനുവദിച്ച് നൽകിയിട്ടുണ്ട്. പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളം ഫിക്സ് ചെയ്യുന്നത് സംബന്ധിച്ച തീരുമാനം പുനഃപരിശോധനയിൽ ആയതിനാൽ നോൺ-ഗസറ്റഡ് ജീവനക്കാർക്ക് കുടിശ്ശിക തുക അനുവദിച്ച് നൽകിയിട്ടില്ല.

(ബി) ഗസറ്റഡ് ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ അനുവദിച്ച് നൽകിയിട്ടുണ്ട്. പേ-ഫിക്സേഷൻ സംബന്ധിച്ച് അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക്, നോൺ-ഗസറ്റഡ് ജീവനക്കാർക്ക് ടെർമിനൽ സറണ്ടർ അനുവദിച്ച് നൽകുന്നതാണ്.

## മന്ത്രിമാരുടെ ഔദ്യോഗിക വസതി

33(34) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ മന്ത്രിക്കും ഏതെല്ലാം വീടുകളാണ് ഔദ്യോഗിക വസതിയായി നിശ്ചയിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഏതെല്ലാം ഔദ്യോഗിക വസതികളിലാണ് മന്ത്രിമാർ താമസിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ഔദ്യോഗിക വസതി നവീകരിക്കുന്നതിനോ, റിപ്പയർ ചെയ്യുന്നതിനോ, മോടി പിടിപ്പിക്കുന്നതിനോ ഓരോന്നിനും എത്ര രൂപ വീതം ചെലവാക്കിയെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഓരോ മന്ത്രിക്കും അനുവദിച്ച ഔദ്യോഗിക വസതിയും ഇപ്പോൾ ഔദ്യോഗിക വസതികളിൽ താമസിക്കുന്ന മന്ത്രിമാരുടെ വിവരങ്ങളും അനുബന്ധം 'എ ' ആയി ചേർത്തിരിക്കുന്നു. *

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ഔദ്യോഗിക വസതി നവീകരിക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനും മോടി പിടിപ്പിക്കുന്നതിനുമായി ചെലവായ തുക അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മന്ത്രിമാരുടെ ഔദ്യോഗിക ചെലവുകൾ

34(35) ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവായിട്ടുണ്ടെന്ന് വസതി തിരിച്ച് വ്യക്തമാക്കുമോ;

(ബി) സാധന സാമഗ്രികൾ ഔദ്യോഗിക വസതികളിലേക്ക് വാങ്ങിയതിന് ചെലവായ തുക വസതി തിരിച്ച് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇക്കാലയളവിൽ മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ മൊബൈൽ ഫോൺ, ഔദ്യോഗിക വസതികളിലേയും ഓഫീസുകളിലേയും ഫോൺ ബില്ലുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിസഭാംഗങ്ങളിൽ ആരൊക്കെ വിദേശ യാത്ര നടത്തിയിട്ടുണ്ടെന്നും അവരെ അനുഗമിച്ചത് ആരൊക്കെയാണെന്നും എവിടെയൊക്കെയാണ് അവർ പോയതെന്നും അതിന് എത്ര തുക ചെലവായെന്നും മന്ത്രിമാർ തിരിച്ച് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുകകളുടെ വിവരവും സാധന സാമഗ്രികൾ ഔദ്യോഗിക വസതികളിലേക്ക് വാങ്ങിയതിന് ചെലവായ തുകയുടെയും വസതി തിരിച്ചുള്ള വിശദവിവരം അനുബന്ധം 'എ' ആയും അത്യാവശ്യമായി വേണ്ടിവന്ന അറ്റകുറ്റപ്പണികൾക്ക് ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു. *

(സി) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ അതിഥി സർക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകകളുടെ വിശദവിവരം അനുബന്ധം 'സി & ഡി ' ആയി ചേർത്തിരിക്കുന്നു.* കൂടാതെ വിദേശ വിമാനയാത്രാക്കൂലിയിനത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു. റ്റി. തോമസ് എന്നിവരുടെ വത്തിക്കാൻ യാത്രയ്ക്കായി 3,00,000 രൂപ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരുടെ മൊബൈൽ ഫോൺ, ഔദ്യോഗിക വസതികളിലെയും ഓഫീസുകളിലെയും ഫോൺ ബില്ലുകൾ എന്നിവയുടെ വിശദവിവരം അനുബന്ധം 'ഇ' ആയി ചേർത്തിരിക്കുന്നു.*

(ഇ) വിദേശയാത്ര നടത്തിയ മന്ത്രിസഭാംഗങ്ങളുടെയും അവരെ അനുഗമിച്ചവരുടെയും എവിടെയൊക്കെയാണ് അവർ പോയതെന്നും അതിന് ചെലവായ തുകയെയും പറ്റിയുള്ള വിശദവിവരങ്ങൾ അനുബന്ധം 'എഫ്' ആയി ചേർത്തിരിക്കുന്നു.*

## ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവരുടെ ഒഴിവുകളിലേക്ക് പ്രൊമോഷൻ

35(36) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽനിന്നും മറ്റും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഓഫീസുകളിൽ നിയമിക്കപ്പെടുന്നവരുടെ ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് എ.ജി എന്തെങ്കിലും അഭിപ്രായം പറഞ്ഞിട്ടുണ്ടോ; എങ്കിൽ എന്തെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റ് ഓഫീസുകളിൽ നിയമിക്കപ്പെടുന്നവരുടെ ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിൽ നിന്നും പൊതുവായ അഭിപ്രായങ്ങൾ എന്തെങ്കിലും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി

36(37) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എല്ലാ സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ കൃത്യമായി പ്രസിദ്ധീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എല്ലാ വകുപ്പുകളുമായി ബന്ധപ്പെട്ട ഉത്തരവുകളും സർക്കുലറുകളും യഥാസമയം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച പല ഉത്തരവുകളും വളരെ വേഗം വെബ്സൈറ്റിൽ നിന്നും പിൻവലിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് അറിയിക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ എല്ലാ ഉത്തരവുകളും സർക്കുലറുകളും യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും എല്ലാക്കാലത്തും അവ പൊതുജനങ്ങൾക്ക് ലഭ്യമാകത്തക്ക തരത്തിൽ ദീർഘകാലം നിലനിർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ എല്ലാ ഉത്തരവുകളും സർക്കുലറുകളും കൃത്യമായി സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kerala.gov.in-ൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ക്യാബിനറ്റ് തീരുമാനങ്ങൾ/ഉത്തരവുകൾ, സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ എന്നീ രണ്ട് വിഭാഗമായി വെബ്സൈറ്റിന്റെ ഹോം പേജിൽ ലഭ്യമാണ്.

(ബി) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നൽകിയ ഉത്തരവുകളൊന്നും തന്നെ പിൻവലിച്ചിട്ടില്ല.

(സി) ഉത്തരവുകളും സർക്കുലറുകളും സമയബന്ധിതമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും അവ ദീർഘകാലത്തേക്ക് നിലനിർത്തുന്നതിനും വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ കീഴിലുള്ള വെബ് & ന്യൂ മീഡിയാ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

**മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം**

37(38) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പോലുള്ള ധനസഹായം ലഭിച്ച നിർദ്ധനരായ രോഗികൾക്ക്, മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(ബി) തുടർച്ചയായ ചികിത്സ വേണ്ടിവരുന്ന രോഗികൾക്ക് ഒരു തവണ ധനസഹായം ലഭിച്ചു കഴിഞ്ഞാൽ അത് തുടർ ചികിത്സയ്ക്കും ലഭ്യമാകുന്നതിന് തടസ്സങ്ങൾ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ?

ഉത്തരം

(എ) തടസ്സങ്ങൾ ഇല്ല.

(ബി&സി) ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ. ക്യാൻസർ, കിഡ്നി സംബന്ധമായ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. എന്നാൽ മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് രണ്ട് വർഷത്തിനുള്ളിൽ വീണ്ടും ധനസഹായം അനുവദിക്കാവുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

38(39) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെപ്തംബർ 15 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അപേക്ഷകളിൽ എത്ര എണ്ണത്തിന് ധനസഹായം അനുവദിച്ചു എന്നും എത്ര പേർക്ക് അതു വിതരണം ചെയ്തു എന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ക്ഷേമപെൻഷനുകളുടെ വിതരണം

39(40) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിനുമുമ്പ് ക്ഷേമപെൻഷനുകളെല്ലാം വിതരണം ചെയ്യുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പേർക്കു എത്ര മാസത്തെ പെൻഷൻ നൽകാൻ ബാക്കിയുണ്ടായിരുന്നു; ഏതെല്ലാം പെൻഷനുകളിൽ എത്ര തുകയാണ് കുടിശ്ശികയുണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ ബാങ്കുകൾ മുഖേനയുള്ള ക്ഷേമപെൻഷൻ വിതരണത്തിൽ പ്രതിസന്ധികൾ നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഫണ്ട് കൃത്യമായി ബാങ്കുകൾക്കു ലഭിക്കാത്തതിനാൽ പല പഞ്ചായത്തുകളിലും അർഹതയുള്ളവരിൽ പകുതിപ്പേർക്കേ പെൻഷൻ ലഭിച്ചിട്ടുള്ളൂ എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആദ്യഘട്ടത്തിൽ കുറച്ചുപേർക്കു കുടിശ്ശിക സഹിതം പെൻഷൻ വിതരണം ചെയ്തെങ്കിലും പിന്നീടുള്ളവർക്കു തുക കുറഞ്ഞതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ബാക്കി തുക കുടിശ്ശിക സഹിതം എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ താല്പര്യം അനുസരിച്ച് അവരുടെ ബാങ്ക് അക്കൗണ്ടുകൾ മുഖേനയും വീടുകളിൽ നേരിട്ട് വേണമെന്നാവശ്യപ്പെട്ടവർക്ക് പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന വീടുകളിൽ നേരിട്ട് പണമായും വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 11.72 ലക്ഷം ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക നൽകാനുണ്ടായിരുന്നു. വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വ്യത്യസ്തമായ കാലയളവിലെ കുടിശ്ശികയാണ് നൽകാനുണ്ടായിരുന്നത്. മാത്രമല്ല ഗുണഭോക്താക്കൾക്ക് വ്യത്യസ്ത കാലയളവിലെ പെൻഷൻ കുടിശ്ശികയായിരുന്നു. കൂടാതെ, പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേനയുള്ള പെൻഷൻ തടസ്സപ്പെട്ടിരുന്ന 4.54 ലക്ഷം ഗുണഭോക്താക്കൾക്ക് 2016 ജനുവരി മുതലുള്ള കുടിശ്ശിക നൽകിയിട്ടുണ്ട്.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ വെബ്സൈറ്റിൽ ലഭ്യമാക്കിയ ഗുണഭോക്തൃ വിവരങ്ങളിൽ വന്നിട്ടുള്ള തെറ്റുകൾമൂലം സഹകരണ ബാങ്കുകൾ മുഖേനയുള്ള പെൻഷൻ വിതരണത്തിൽ തുടക്കത്തിൽ ചെറിയ കാലതാമസം ഉണ്ടായി.

(ഡി) ഇല്ല.

(ഇ) 32.47 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിശ്ശിക സഹിതവും കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പൂർത്തിയാക്കാൻ സാധിക്കാത്ത 3.02 ലക്ഷം ഗുണഭോക്താക്കളും 2016 ജൂലൈ മാസത്തിനുശേഷം പെൻഷൻ അനുവദിച്ച 1.28 ലക്ഷം ഗുണഭോക്താക്കളും ഉൾപ്പെടെ 4.30 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഒഴികെ 3 മാസത്തെ പെൻഷൻ തുകയുമാണ് നൽകിയിട്ടുള്ളത്. സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തിയാക്കി ടി 3 ലക്ഷം ഗുണഭോക്താക്കൾക്കും കുടിശ്ശിക അനുവദിക്കുന്നതാണ്.

**സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം**

40(41) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നിലവിലിരുന്ന ഐഡിയാസ് (Ideas)-ന്റെ സേവനം അവസാനിപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ ഏതു സംവിധാനമാണ് ഫയൽനീക്കം അറിയുവാനായി ഉപയോഗിക്കുന്നത്;

(ബി) പൊതുജനങ്ങളും എം.എൽ.എ.മാരും ഫയൽനീക്കം അറിയുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) എം.എൽ.എ.-മാർക്ക് ഫയൽനീക്കം അറിയുവാനുള്ള സംവിധാനം ഒരുക്കുമോ; പുതിയ സോഫ്റ്റ്‌വെയർ സെക്രട്ടേറിയറ്റിൽ വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ ഐ.ഡി.-യും പാസ്‌വേർഡും എം.എൽ.എ.-മാർക്ക് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) ഐഡിയാസിന്റെ സേവനം സെക്രട്ടേറിയറ്റിൽ പൂർണ്ണമായും അവസാനിപ്പിച്ചിട്ടില്ല. ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറാത്ത വകുപ്പുകളിൽ തപാൽ നമ്പറിംഗിനും സന്ദർശക സഹായക കേന്ദ്രത്തിൽ പാസ് വിതരണം ചെയ്യുന്നതിനും ഐഡിയാസിന്റെ സേവനം ഉപയോഗിച്ചു വരുന്നു. പൊതുജനങ്ങൾക്കും എം.എൽ.എ.-മാർക്കും ഫയലിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം ലഭിക്കുന്നതിനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ http:eoffice.kerala.gov.in എന്ന യു.ആർ.എൽ. മുഖാന്തരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഐ.ഡി.-യും പാസ്‌വേർഡും ഇല്ലാതെതന്നെ ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ്.

**സർക്കാരാഫീസുകളിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ**

41(42) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനികവൽക്കരണത്തിന്റെ ഭാഗമായി സർക്കാരാഫീസുകളിൽ വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ (കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ്) കൃത്യമായി ഉപയോഗിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപയോഗയോഗ്യമായ ഉപകരണങ്ങൾപോലും നിസ്സാര കാരണങ്ങളാൽ ഉപയോഗിക്കാതെ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതൊക്കെ വകുപ്പുകളാണ് നിലവിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചത്;

(ഡി) മറ്റുവകുപ്പുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ;

(ഇ) ഓരോ വകുപ്പിലും കഴിഞ്ഞ 5 കൊല്ലക്കാലം വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്കും ഉപയോഗക്ഷമതയും പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) സംസ്ഥാനത്ത് എല്ലാ തലങ്ങളിലും കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായും വകുപ്പുകളിലൊന്നും പൂർത്തിയായിട്ടില്ല. പല വകുപ്പുകളിലെയും കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ പല ഘട്ടങ്ങളിലാണ്. പല വകുപ്പുകളിലും ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ, പ്ലാറ്റ്ഫോം എന്നിവ വ്യത്യസ്തങ്ങളായതിനാൽ ഇവയുടെ കോംപാക്ടബിലിറ്റി, കണക്റ്റിവിറ്റി എന്നിവ കണക്കിലെടുത്താണ് കമ്പ്യൂട്ടർവൽക്കരണ നടപടികൾ കൈക്കൊള്ളേണ്ടത്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ തൽസ്ഥിതി സംബന്ധിച്ച് പൂർണ്ണമായ വിവരം ശേഖരിച്ചു വരികയാണ്. പ്രസ്തുത വിവരങ്ങൾ ലഭ്യമായശേഷം അന്തിമ മറുപടി നൽകുന്നതാണ്.

(ഇ) സ്റ്റോക്ക് വിവരങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. ഇവ അടിയന്തരമായി ലഭ്യമാക്കി അന്തിമ മറുപടി നൽകുന്നതാണ്.

**സർക്കാരാഫീസുകളിലെ ഒഴിവുകളുടെ എണ്ണം**

42(43) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരാഫീസുകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മേൽവിഷയത്തിൽ ഉദ്യോഗാർത്ഥികളുടെ ഭാഗത്ത് വ്യാപകമായ പരാതി നിലനിൽക്കുന്നകാര്യം പരിഗണിക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം ആയത് പൂർണ്ണ തോതിൽ പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സന്നദ്ധമാകുമോ?

<u>ഉത്തരം</u>

(എ) പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള എല്ലാ ഒഴിവുകളും 3-6-2016-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമേ 2017-ൽ ഉണ്ടായേക്കാവുന്ന ഒഴിവുകളുടെ (പ്രതീക്ഷിത) വിവരം 2016 സെപ്തംബർ 30-ന് മുമ്പ് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉദ്യോഗാർത്ഥികളുടെ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(സി) ഒഴിവുകൾ തരംതിരിച്ച് കണക്കാക്കുന്നതിനും യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നികത്തുന്നതിനും ഒരു കമ്പ്യൂട്ടർ അധിഷ്ഠിത സ്ഥിരം നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

## സെപ്റ്റംബർ 2-ലെ പൊതുപണിമുടക്ക്

43(44) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെപ്തംബർ 2-ലെ പൊതുപണിമുടക്കിൽ സംസ്ഥാനത്തെ എത്ര മന്ത്രിമാർ പങ്കെടുത്തുവെന്ന് അറിയിക്കുമോ;

(ബി) സെക്രട്ടറി തലത്തിലും അതിനുമുകളിലുമുള്ള എത്ര ഉദ്യോഗസ്ഥർ പണിമുടക്കിൽ പങ്കെടുത്തുവെന്ന് അറിയിക്കുമോ;

(സി) പണിമുടക്ക് ദിവസം എത്ര മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ഔദ്യോഗിക വാഹനം ഉപയോഗിച്ചുവെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് ക്യാബിനറ്റ് പദവിയുള്ള എത്ര പേർ പണിമുടക്ക് ദിവസം വിമാനയാത്ര നടത്തി എന്നുള്ള വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു വരുന്നു.

## അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ Gr-II തസ്തിക

44(45) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസി. പബ്ലിക് പ്രോസിക്യൂട്ടർ Gr-II തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നവരുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ Gr-II തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് 20-3-2014-ൽ നിലവിൽ വന്നു. ഇതിന്റെ കാലാവധി മൂന്നു വർഷംവരെയോ അടുത്ത റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആണ്.

(ബി) പ്രസ്തുത തസ്തികയിൽ സ്ഥിരം അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ ട്രെയിനിംഗിന് പോയ ഒഴിവിൽ റ്റി.പി.ജെൽന, എസ്.ഡി.എം. കോടതി, തലശ്ശേരി,

എം. ഷെമീന, എ.സി.ജെ.എം. കോടതി, തലശ്ശേരി എന്നിവർ താൽക്കാലിക അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നുണ്ട്.

## KSEB-യിൽ മസ്ദൂർ/വർക്കർമാർക്കുള്ള റാങ്ക് ലിസ്റ്റ്

45(46) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 11/2011 പ്രകാരം KSEB-യിൽ മസ്ദൂർ/വർക്കർമാർക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്, ഈ റാങ്ക് ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത് ;

(ബി) ഇതേവരെ എത്ര പേർക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയിട്ടുണ്ട്, ഇവരുടെ ജാതിതിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) 2016 സെപ്റ്റംബറിൽ കാലാവധി അവസാനിച്ച ഈ ലിസ്റ്റിൽ നിന്നും വളരെ കുറച്ചു പേർക്കു മാത്രമേ നിയമനം ലഭിച്ചിട്ടുള്ളൂ എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, എന്തുകൊണ്ടാണ് നിയമനം കുറവായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം 3 തെരഞ്ഞെടുപ്പുകളുടെ മാതൃകാപെരുമാറ്റച്ചട്ടം വന്നതുമൂലം മാസങ്ങളോളം നിയമനം നടക്കാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ റാങ്ക്ലിസ്റ്റിന്റെയും കാലവധി മറ്റ് റാങ്ക് ലിസ്റ്റുകൾക്ക് നീട്ടി നൽകിയതുപോലെ നാലര വർഷമാക്കി ദീർഘിപ്പിക്കുന്നതിനും പരമാവധി പേർക്ക് നിയമനം ലഭിക്കാൻ കഴിയുംവിധം നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) KSEB മസ്ദൂർ/ഇലക്ട്രിക്കൽ വർക്കർ തസ്തികയുടെ റാങ്ക് പട്ടിക 30-9-2013-ന് ആണ് നിലവിൽ വന്നത്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം താഴെ പറയുന്നു:

| ക്രമ നമ്പർ | ജില്ല | മുഖ്യപട്ടിക | സപ്ലിമെന്ററി ഉൾപ്പെടെ ആകെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം | 1161 | 2627 |
| 2 | കൊല്ലം | 1078 | 2467 |
| 3 | പത്തനംതിട്ട | 794 | 1574 |
| 4 | ആലപ്പുഴ | 998 | 2190 |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | കോട്ടയം | 891 | 2115 |
| 6 | ഇടുക്കി | 785 | 1532 |
| 7 | എറണാകുളം | 1181 | 3214 |
| 8 | തൃശ്ശൂർ | 1053 | 2443 |
| 9 | പാലക്കാട് | 951 | 2122 |
| 10 | മലപ്പുറം | 1049 | 2325 |
| 11 | കോഴിക്കോട് | 1131 | 2437 |
| 12 | വയനാട് | 773 | 1136 |
| 13 | കണ്ണൂർ | 969 | 2310 |
| 14 | കാസർഗോഡ് | 756 | 1376 |

(ബി) പി.എസ്.സി. നിയമന ശിപാർശ നൽകിയവരുടെ ജാതി തിരിച്ചുള്ള റാങ്ക് പട്ടിക ജില്ലാ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. * നിയമനം ലഭിച്ചവരുടെ എണ്ണം KSEB-യിൽ നിന്നും ജാതി തിരിച്ചുള്ള എണ്ണം PSC യിൽ നിന്നും ശേഖരിച്ചുവരുന്നു.

(സി-ഇ) നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നടത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പുകളോടനുബന്ധിച്ചുള്ള മാതൃകാ പെരുമാറ്റ ചട്ടംമൂലം മാസങ്ങളോളം നിയമനം നടത്താതിരുന്ന സാഹചര്യം ഉണ്ടായിട്ടില്ല. റാങ്ക് ലിസ്റ്റിന്റെ കാലാവധി 2016 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**സുസ്ഥിര വികസനത്തിനുള്ള പുതിയ പദ്ധതികൾ**

46(47) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറുദിവസംകൊണ്ട് സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിന് ഉതകുന്ന പുതിയ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) 2016-17-ലെ ഭേദഗതി പത്രികയിൽ മേൽപ്രതിപാദിച്ചിരുന്ന പദ്ധതികൾക്ക് ടോക്കൺ തുക വകയിരുത്തിയിട്ടുള്ളത് ന്യൂ സർവ്വീസ് നടപടിക്രമം പാലിക്കുന്നതിനും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുമാണ്. ഇതിനുവേണ്ടിവരുന്ന അധിക വിഹിതം മുൻഗണനാ ക്രമത്തിൽ നിലവിലെ വിഹിതങ്ങളുടെ പുനർക്രമീകരണങ്ങളിലൂടെ കണ്ടെത്തുന്നതാണ്.

## സി.ആർ.ഇസെഡ് - നിയമപരിധി

47(48) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സി.ആർ.ഇസെഡ്. നിയമപരിധിയിൽ വരുന്ന നിർദ്ധനരായ കുടുബങ്ങൾക്ക്, വേറെ ഭൂമിയില്ലാത്ത സാഹചര്യത്തിൽ വീട് വയ്ക്കാനും ഇലക്ട്രിസിറ്റി പോലുള്ള സൗകര്യങ്ങൾ ലഭ്യമാക്കാനുമുള്ള നടപടികൾ വേഗത്തിലാക്കാൻ കഴിയുമോ; എങ്കിൽ വ്യക്തമാക്കുമോ;

ഉത്തരം

തീരദേശ പ്രദേശങ്ങളിൽ വീടുവയ്ക്കാൻ തീരദേശ പരിപാലന വിജ്ഞാപനപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. തീരദേശ നിയന്ത്രണ മേഖലയിൽ വീട് പണിയുമ്പോൾ പ്രസ്തുത നിയന്ത്രണ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കവ്വായി കായൽ സംരക്ഷിക്കാൻ നടപടി

48(49) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ, പ്രകൃതി സൗന്ദര്യം കൊണ്ടും ജൈവവൈവിധ്യം കൊണ്ടും സമ്പന്നമായ കവ്വായി കായലും ഇടയിലക്കാട് ഉൾപ്പെടെയുള്ള ചെറു ബീച്ചുകളും സംരക്ഷിക്കാൻ നടപടി സ്വീകരീക്കുമോ;

(ബി) ഈ കായലിലെ മണലൂറ്റ് അവസാനിപ്പിച്ച് അന്യംനിന്ന് പോകാവുന്ന മത്സ്യസമ്പത്ത് ഉൾപ്പെടെ സംരക്ഷിക്കാൻ സാധിക്കുന്ന തരത്തിലുള്ള പദ്ധതികൾക്ക് നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ കായലുകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ നിന്ന് മണൽവാരുന്നതിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി/ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. ഇത് മണലൂറ്റ് തടയുന്നതിനും അതുവഴി ജലാശയങ്ങളുടെയും മത്സ്യസമ്പത്ത് ഉൾപ്പെടെയുള്ള ജലജീവികളുടെയും സംരക്ഷണത്തിനും സഹായകരമാണ്.

**ഗെയിൽ വാതക പൈപ്പ് ലൈൻ ആശങ്കകൾ**

49(50) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കൊച്ചി-മംഗലാപുരം വാതക പൈപ്പ് ലൈൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിഗതി വിശദമാക്കുമോ;

(ബി) ജനവാസ കേന്ദ്രങ്ങളിലൂടെ പൈപ്പ് ലൈൻ കടന്നു പോകുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് അലൈൻമെന്റിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കി.മീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും P&MP ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവച്ചിരുന്ന സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനുള്ള ഭൂമിയുടെ അളവെടുപ്പും മഹസറും സംസ്ഥാനത്ത് ആകെ 503 കി.മീറ്ററിൽ 386 കി.മീ. (77%) പൂർത്തിയാക്കിയിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കോൺട്രാക്ടറെ നിയമിച്ചു. മറ്റു ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെണ്ടർ (ഗ്ലോബൽ NIT) ക്ഷണിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലൊട്ടാകെ അഞ്ച് IP സ്റ്റേഷനുകൾക്കും 26 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി

ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി നടപടികൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള സ്റ്റേഷനുകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഒക്ടോബർ രണ്ടാം വാരത്തോടെ പുനരാരംഭിച്ച് ഒന്നര വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കിക്കൊണ്ടാണ് പദ്ധതിയുടെ അലൈൻമെന്റ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതി സുരക്ഷയെ സംബന്ധിച്ച് യാതൊരു രീതിയിലുമുള്ള ആശങ്കയുടേയും ആവശ്യമില്ല എന്ന് ഇതുസംബന്ധിച്ചുള്ള ശാസ്ത്രീയ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ജനങ്ങൾക്ക് ഇതിനോടകം ബോധവത്ക്കരണം നടത്തിയിട്ടുണ്ട്.

**കൽക്കരി ഖനനം**

50(51) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽക്കരി ഖനികൾ ലേലം ചെയ്യുന്നതിൽനിന്നും ലഭിക്കുന്ന തുക അതത് സംസ്ഥാനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ഉതകുംവിധം ധാതുഖനനം സംബന്ധിച്ച് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ നയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൽക്കരി ഖനനം സംബന്ധിച്ച പ്രസ്തുത നയം മറ്റ് പ്രകൃതി വിഭവങ്ങളുടെ കാര്യത്തിലും നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) മോണോസൈറ്റിൽ നിന്നും തോറിയം ഉല്പാദിപ്പിച്ച് രാജ്യത്തിന് മുഴുവൻ ഉപകാരപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനായി സംസ്ഥാനത്തിന് അർഹമായ തുക ലഭിക്കുന്നതിന് ആവശ്യമായ ധാതുനയം നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ 2014-ന് മുമ്പുണ്ടായിരുന്ന നയപ്രകാരം ഊർജ്ജോത്പാദനം, ഇരുമ്പ്, ഉരുക്കുവ്യവസായം എന്നിവയ്ക്കുമാത്രമായി കൽക്കരി ഉപഭോഗം നിജപ്പെടുത്തിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ

നയപ്രകാരം ഖനനം ചെയ്യാവുന്ന കൽക്കരി ബ്ലോക്കുകൾ (Coal Blocks) ഏത് ആവശ്യത്തിനുവേണ്ടിയും ഉപയോഗിക്കാൻ ലേലം ചെയ്ത് കൊടുക്കാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ സംസ്ഥാന സർക്കാരിലേക്ക് റോയൽറ്റി ഉൾപ്പെടെയുള്ള വരുമാനം ലഭിക്കുന്നതാണ്. കേരളത്തിൽ കൽക്കരി എന്ന ധാതു ഖനനം ചെയ്തെടുക്കാനില്ല. ആയതിനാൽ കൽക്കരി സംബന്ധിച്ചുള്ള വരുമാനം കേരളത്തിൽ പ്രസക്തമല്ല. കേരളത്തിൽ ഖനനം ചെയ്തെടുക്കുന്ന എല്ലാ ധാതുക്കൾക്കും നിലവിൽ റോയൽറ്റി സംസ്ഥാന സർക്കാരിന് തന്നെയാണ് ലഭിക്കുന്നത്.

(സി) 1957-ലെ MM(DR) ആക്റ്റിലെ രണ്ടാം ഷെഡ്യൂളിലെ 30-ാം ഇനമായി മോണോസൈറ്റിന് നൽകേണ്ട റോയൽറ്റി നിശ്ചയിച്ചിട്ടുണ്ട്. ഇത് ഒരു ടണ്ണിന് 125 രൂപ എന്ന നിരക്കിലാണ്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന മോണോസൈറ്റിന് മേൽ നിരക്കിൽ സംസ്ഥാന സർക്കാരിന് റോയൽറ്റി കൊടുക്കേണ്ടതായിട്ടുണ്ട്. കേരളത്തിൽ മോണോസൈറ്റ് ഉൽപ്പാദിപ്പിക്കുന്നത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ IREL, സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ KMML എന്നിവയാണ്. മോണോസൈറ്റിനെ സംബന്ധിച്ചും നയം രൂപീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

## ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക

51(52) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദധാരികളായ 10 വർഷ സർവ്വീസുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് പി.എസ്.സി അപേക്ഷ ക്ഷണിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) ആയതിനായി വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിജ്ഞാപനത്തെ തുടർന്ന് സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കുമോ?

ഉത്തരം

(എ) കാറ്റഗറി നമ്പർ 423/2014 പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി) 15-11-2014-ലെ വിജ്ഞാപന പ്രകാരമാണ് അപേക്ഷ ക്ഷണിച്ചത്.

(സി) ടി തസ്തികയുടെ ഒറ്റത്തവണ പരിശോധന, അപേക്ഷയുടെ സൂക്ഷ്മ പരിശോധന എന്നിവ നടന്നുവരുന്നു.

## പി.എസ്.സി. നിയമനം

52(53) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സർക്കാർ നിലവിൽ വന്നശേഷം എത്ര ഒഴിവുകളിലേക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) നിയമനം നൽകിയത് ഏതെല്ലാം തസ്തികകളിലേക്കാണെന്നത് വകുപ്പ്, തസ്തിക, എണ്ണം എന്നിവ തിരിച്ച് നൽകാമോ;

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തിയതിന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ;

(ഡി) പി.എസ്.സി നിയമനത്തിലെ കാലതാമസം പൂർണ്ണമായും ഒഴിവാക്കുന്നതിന് ആന്റിസിപ്പേറ്റഡ് വേക്കൻസി കാണിച്ച് പി.എസ്.സി.-ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന രീതി നടപ്പിലാക്കുമോ?

ഉത്തരം

(എ) 25-5-2016 മുതൽ 31-8-2016 വരെയുള്ള കാലയളവിൽ ആകെ 9518 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഇല്ല.

(ഡി) ആന്റിസിപ്പേറ്റഡ് ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആധുനികവൽക്കരണം

53(54) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ആധുനികവൽക്കരിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പി.എസ്.സി. വഴി ജോലി നൽകി എന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി. നിയമനങ്ങളിൽ നിലനിന്നിരുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ വകുപ്പുമേധാവികൾക്ക് ഒഴിവുകൾ നിലവിൽ വരുന്ന മുറയ്ക്ക് പി.എസ്.സി.-യെ അറിയിക്കുവാൻ കഴിയുന്ന ഓൺലൈൻ വേക്കൻസി റിപ്പോർട്ടിംഗ് സിസ്റ്റം പ്രവർത്തന സജ്ജമായിട്ടുണ്ട്. 1-12-2016 മുതൽ ടി സംവിധാനം പൂർണ്ണതോതിൽ നടപ്പിലാക്കാൻ പി.എസ്.സി. ഉദ്ദേശിക്കുന്നു. പി.എസ്.സി. പെറ്റീഷൻസ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയറിന്റെ വികസനം നടന്നുവരുന്നു. അതുപോലെ വകുപ്പുതല പരീക്ഷ എഴുതുന്നവർക്കായുള്ള ഏകജാലക സംവിധാനത്തിന്റെ സോഫ്റ്റ്‌വെയർ വികസനവും പുരോഗമിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-8-2016 വരെ 9518 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി.-യുടെ പരീക്ഷാ നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയായി പ്രവർത്തന സജ്ജമായിട്ടുണ്ട്. കൂടാതെ വിവിധ തസ്തികകളുടെ റാങ്ക് പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർ അധിഷ്ഠിത രീതി വിജയകരമായി നടന്നുവരുന്നു. ഉദ്യോഗാർത്ഥിയുടെ നിയമന ശിപാർശയുമായി ബന്ധപ്പെട്ട് e-advice pro-യുടെ സോഫ്റ്റ്‌വെയർ വികസനവും നടന്നുവരുന്നു.

**കമ്പനി-കോർപ്പറേഷൻ-ബോർഡ് സ്ഥാപനങ്ങളിൽ**
**നിലവിലുള്ള ഒഴിവുകൾ**

54(55) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനി/കോർപ്പറേഷൻ/ബോർഡ് സ്ഥാപനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ടു ചെയ്യുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലെ നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിലേക്ക് 45 ഒഴിവുകൾ ആണ് നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിലേക്ക് ഉടൻ നിയമന ശിപാർശ നൽകുന്നതാണ് എന്ന് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

**ഇ-ഗവേണൻസ്**

55(56) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഇ-ഗവേണൻസ് പൂർത്തിയായ വകുപ്പുകൾ ഏതെല്ലാം എന്ന് അറിയിക്കുമോ ;

(സി) എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, വീഡിയോ കോൺഫറൻസ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ.ടി. മിഷൻ ഇ-ഗവേണൻസ് നടപ്പാക്കുന്നതിനായി ആവശ്യമായ കൺസൾട്ടൻസി സേവനങ്ങളും നൽകുന്നുണ്ട്. ഇ-ഗവേണൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥരുടെ ഐ.ടി. പ്രാഗത്ഭ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നടത്തിവരുന്നു. സർക്കാർ തലത്തിൽ വിവരസാങ്കേതിക വിദ്യയുടെ വ്യാപനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്ത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വെർച്വൽ ഐ.ടി. കേഡർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഏകീകൃത എം-ഗവേണൻസ് മൊബൈൽ ആപ്ലിക്കേഷൻ സംസ്ഥാന ഐ.ടി. മിഷൻ വഴി വികസിപ്പിച്ചുവരുന്നു.

(ബി) നിലവിൽ ഇ-ഗവേണൻസ് പൂർണ്ണമായും നടപ്പിലാക്കിയ വകുപ്പുകൾ ഇല്ല. എന്നാൽ എല്ലാ വകുപ്പുകളും വിവിധ തലങ്ങളിൽ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്. വിവിധ വകുപ്പുകൾ അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നൽകാനും അവരുമായി ആശയവിനിമയം നടത്തുന്നതിനും സാധിക്കുന്നുണ്ട്. ഇ-പ്രൊക്യൂർമെന്റ്,

ഇ-ഓഫീസ്, ഇ-ഡിസ്ട്രിക്റ്റ് ആപ്ലിക്കേഷനുകളുടെ ഉപയോഗം നിർബന്ധമാക്കിയതിനാൽ വളരെയധികം വകുപ്പുകൾ/ഓഫീസുകൾ ഈ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പേപ്പർരഹിത ഓഫീസുകളായി മാറുന്നതിന്റെ മുന്നോടിയായി പല വകുപ്പുകളിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ്. മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ചു വരുന്നുണ്ട്.

(സി) ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കീഴിലുള്ള പദ്ധതികൾ അതാത് വകുപ്പുകൾ തന്നെയാണ് നിർവ്വഹണ നിയന്ത്രണം നടത്തുന്നത്. ഇതിനുപരിയായി, നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും ഉണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ ഡിജിറ്റൽ കേരള ഉദ്യമത്തിന് കീഴിൽ ഉൾപ്പെടുത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

56(57) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട്സിറ്റി പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി പൂർണ്ണമാക്കുന്നതിന് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുണ്ടെന്ന് വിശദമാക്കാമോ;

(സി) എത്ര തൊഴിലവസരങ്ങളാണ് ഈ പദ്ധതിമൂലം ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ;

(ഡി) സ്മാർട്ട്സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് പ്രതിനിധികൾ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് യോഗങ്ങൾ ഇതിനകം കൂടുകയും പദ്ധതി പ്രവർത്തനം വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള കർമ്മ പരിപാടി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്മാർട്ട്സിറ്റി പൂർണ്ണതോതിൽ നടപ്പാക്കുന്നതിന് സ്മാർട്ട്സിറ്റി അധികൃതരുടെ ഭാഗത്തുനിന്നും കൂടുതൽ ഐ.ടി. അനുബന്ധ കെട്ടിട സമുച്ചയങ്ങളും ഇന്റേണൽ റോഡ്, പാലങ്ങൾ, കേബിൾ ട്രഞ്ചുകൾ, വൈദ്യുതി/ജലവിതരണ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളും സ്മാർട്ട്സിറ്റി കാമ്പസിനുള്ളിൽ സ്ഥാപിക്കേണ്ടതുണ്ട്. ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട്സിറ്റി കാമ്പസിനുള്ളിൽ സർക്കാർ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതില്ല. എന്നാൽ സ്മാർട്ട്സിറ്റി കാമ്പസിലേക്ക് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(സി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13-5-2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന തൊഴിലവസരങ്ങളുടെ മൂന്നിരട്ടിയിൽ അധികം നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്മാർട്ട് സിറ്റി കൊച്ചി, Tecom Investment FZ-LCC ദുബായ്, കേരള സർക്കാർ എന്നിവരുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു മൂന്നംഗ സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്.

## സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ

57(58) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ മാത്രമേ അനുവദിക്കാൻ പാടുള്ളൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഇത്തരത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ മാത്രം ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പോരായ്മകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(ഡി) ഇത് സർക്കാർ സംവിധാനത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിൻഡോസ് XP സോഫ്റ്റ്‌വെയറിന്റെ പിന്തുണയുടെ (സപ്പോർട്ട്) കാലാവധി തീർന്ന സമയത്ത് സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് മാറാൻ നിഷ്കർഷിച്ചുകൊണ്ട് സർക്കാർ 17-5-2014-ലെ സ.ഉ.(സാധാ.) നമ്പർ 109/2014/ഐറ്റിഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ വിൻഡോസിന്റെ തന്നെ പുതിയ പതിപ്പുകളിലേക്കുമാറാവുന്നതാണെന്നും ഇതേ ഉത്തരവിൽ പറയുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം -I ആയി ചേർക്കുന്നു.* ഇത് സംബന്ധിച്ച് 21-7-2016-ലെ ഐ.ടി.-സെൽ-2/701/2015/ഐറ്റിഡി നമ്പർ സർക്കുലർ പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർക്കുന്നു.*

(ബി) വാണിജ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ വരുന്ന അധിക ചെലവും നിയന്ത്രിത കാലാവധി വരെ മാത്രം ലഭ്യമാവുന്ന പിന്തുണയും കണക്കിലെടുത്താണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. നിയമപരമല്ലാതെ പകർപ്പവകാശം ലംഘിച്ച് ഉപയോഗിക്കുന്ന കൃത്രിമ സോഫ്റ്റ്‌വെയറുകൾ സർക്കാരിന്റെ വിവിധ വിവര സാങ്കേതിക ആസ്തികളെ സുരക്ഷാ ഭീഷണിയിലേക്ക് തള്ളിവിടുന്നുണ്ട്. മാത്രവുമല്ല നിയമാനുസൃതമായ അപ്ഡേറ്റുകൾ വ്യാജ സോഫ്റ്റ്‌വെയറുകൾക്ക് ലഭ്യമാകുന്നുമില്ല. തന്മൂലം സോഫ്റ്റ്‌വെയറുകളിലെ പാളിച്ചകൾ കണ്ടെത്തി ഉപയോക്താക്കളുടെ അറിവില്ലാതെ തന്നെ സർക്കാർ/വ്യക്തിഗത വിവരങ്ങൾ, റിപ്പോർട്ടുകൾ തുടങ്ങിയ പ്രധാന വിവരങ്ങൾ സൈബർ അക്രമികൾ ചൂഷണം ചെയ്യുന്നു. ആയതിനാൽ സർക്കാർ ഓഫീസുകൾ/യൂണിവേഴ്സിറ്റികൾ/സ്വയംഭരണ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവര സാങ്കേതിക ആസ്തി ഉപയോഗം സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുമാണ് മുകളിൽ പറഞ്ഞിട്ടുള്ള ഉത്തരവ്/സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. ഭാരത സർക്കാർ മാർച്ച് 2015-ൽ പുറത്തിറക്കിയ സ്വതന്ത്ര സോഫ്റ്റ്‌വെയർ നയപ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗത്തിനുള്ള സാധ്യതകൾ നിർബന്ധമായും ഉപയോഗപ്പെടുത്തേണ്ടതാണ്.

(സി) സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ മാത്രം ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പോരായ്മകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല. പക്ഷേ ലിനക്സ് സ്വതന്ത്ര സോഫ്റ്റ്‌വെയറും വിൻഡോസ് വാണിജ്യ സോഫ്റ്റ്‌വെയറും തമ്മിലുള്ള താരതമ്യ പഠനം സംസ്ഥാന ഐ.ടി.-മിഷനിലെ 'സെർട്-കെ' വിഭാഗം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തിയിട്ടുണ്ട്. ഈ പഠനത്തിൽ വാണിജ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ശീലിച്ചവർക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. വിൻഡോസ് അധിഷ്ഠിതമായ സോഫ്റ്റ്‌വെയറുകളെ അപേക്ഷിച്ച് സ്വതന്ത്ര സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ/യൂട്ടിലിറ്റീസ് അത്ര സുലഭമല്ല എന്നുകൂടി ഈ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇത് സർക്കാർ സംവിധാനത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നതായുള്ള റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

**വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ**

58(59) ശ്രീ. റ്റി. വി.രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുപട്ടണങ്ങളിലും ഗ്രാമങ്ങളിലും വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പരിശോധിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.ടി. മേഖലയുടെ വരവ് ഇത്തരത്തിലുള്ള പ്രദേശങ്ങളുടെ വികസന സാധ്യതകൾ തുറന്നു കിട്ടുന്നതിനും, തദ്ദേശീയർക്ക് പ്രത്യക്ഷവും പരോക്ഷവുമായ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും ഉപകരിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) കേരളത്തിന്റെ പ്രകൃതി ഭംഗിയും കാലാവസ്ഥയും ഐ.ടി. വിനോദസഞ്ചാര മേഖലകളുടെ വളർച്ചയ്ക്ക് ഉപയുക്തമാകുംവിധം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സർക്കാർ ഇക്കാര്യത്തിലുള്ള സമഗ്രമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച കരട് ഐ.ടി. നയം ഉടനെ അവതരിപ്പിക്കുകയും എല്ലാ വിഭാഗം ആൾക്കാരുടേയും അഭിപ്രായങ്ങൾ തേടി അവ കൂടി ഏകോപിപ്പിച്ച് ഐ.ടി. നയവും തുടർ പദ്ധതികളും ആവിഷ്കരിക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

**വലിയ പറമ്പ് ബ്രിഡ്ജ് കം റെഗുലേറ്റർ പാലം**

59(60) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ കാലത്ത് ദുരന്ത നിവാരണ വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ തീർത്തും അവികസിതവും കടത്തുവള്ളത്തെ മാത്രം ആശ്രയിച്ച് വരുന്നവരുമായ വലിയപറമ്പ് ദ്വീപ് നിവാസികൾക്ക് 2 ഉക്ക് പാലങ്ങൾ 7 കോടി രൂപ മതിപ്പ് ചെലവിൽ ആരംഭിക്കുകയും ഒരെണ്ണം പൂർത്തീകരിച്ച് യു.ഡി.എഫ്. സർക്കാർ കാലത്ത് ഉദ്ഘാടനം ചെയ്ത മാസങ്ങൾക്കുള്ളിൽ തകർന്നതുമായി ബന്ധപ്പെട്ട അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പ്രസ്തുത വിഷയത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കാസർഗോഡ് യൂണിറ്റിൽ വി.സി. 03/14/കെ.എസ്.ഡി. എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

**ചികിത്സാ ധനസഹായം**

60(61) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 2011-2016 കാലഘട്ടത്തിൽ ചികിത്സാ ധനസഹായമായി എത്ര തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അനുവദിച്ച മുഴുവൻ തുകയും വ്യക്തികൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ എത്രപേർക്ക് ഇനി തുക ലഭ്യമാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് അടിയന്തരമായി തുക ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചത് സംബന്ധിച്ചുള്ള കണക്കുകൾ നിയോജക മണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

**ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം**

61(62) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആകെ എത്ര പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭിച്ചുവെന്നും എത്ര രൂപ ആകെ വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര പേർക്ക് ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം നൽകിയെന്നും എത്ര രൂപ നൽകിയെന്നും വ്യക്തമാക്കാമോ;

(സി) റവന്യൂ ഉദ്യോഗസ്ഥർ വഴി നൽകുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായ തുകയുടെ പരിധി കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ വേണ്ടി എന്തെല്ലാം നടപടികൾ ഈ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 14 ജില്ലകളിലായി 504526 പേർക്ക് 639,04,63,319 രൂപ (അറുന്നൂറ്റി മുപ്പത്തൊൻപത് കോടി നാല് ലക്ഷത്തി അറുപത്തിമൂവായിരത്തി മുന്നൂറ്റി പത്തൊമ്പത് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 14 ജില്ലകളിലായി 20815 പേർക്ക് 33,04,87,646 രൂപ (മുപ്പത്തിമൂന്ന് കോടി നാല് ലക്ഷത്തി എൺപത്തേഴായിരത്തി അറുന്നൂറ്റി നാൽപ്പത്താറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(സി) 3-9-2016-യിലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 492/16/റ.വ. പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തുകയുടെ പരിധി ഉയർത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർ 10,000 രൂപ വരെയും റവന്യൂ വകുപ്പുമന്ത്രി 25,000 രൂപ വരെയും മുഖ്യമന്ത്രി 3,00,000 രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

62(63) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഫണ്ട് അനുവദിച്ചതിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; എന്തെല്ലാം പരിഹാരനടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർ 10,000 രൂപ വരെയും റവന്യൂ വകുപ്പുമന്ത്രി 25,000 രൂപ വരെയും മുഖ്യമന്ത്രി 3,00,000 രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്നു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

- ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രധാനമായും ധനസഹായം അനുവദിക്കുന്നത്.
- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000 (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.
- ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.
- ക്യാൻസർ, ന്യൂറോ, കിഡ്നി സംബന്ധമായ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.
- ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000 രൂപവരെ അനുവദിക്കുന്നു.
- അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.
- തീപിടുത്തംമൂലം വാസഗൃഹങ്ങൾക്കും ചെറുകിട വ്യാപാരസ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 10,000 രൂപ വരെ അനുവദിക്കുന്നു.
- വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

- സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്.

(ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് അനുവദിച്ചതിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

63(64) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാത്ത അപേക്ഷകൾ ഉള്ളതായി അറിയാമോ ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിൽ തീർപ്പാക്കാത്ത അപേക്ഷകളിൽ ഈ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഈ നിധിയിൽ നിന്ന് എത്ര പേർക്ക് എത്ര രൂപയാണ് സഹായമായി അനുവദിച്ചതെന്ന കാര്യം അറിയിക്കാമോ ?

### ഉത്തരം

(എ&ബി) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അഭ്യർത്ഥിച്ച ലഭിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹതയുള്ളവർക്കെല്ലാം ധനസഹായം അനുവദിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 14 ജില്ലകളിലായി 20815 പേർക്ക് 33,04,87,646 രൂപ (മുപ്പത്തിമൂന്ന് കോടി നാല് ലക്ഷത്തി എൺപത്തേഴായിരത്തി അറുന്നൂറ്റി നാൽപ്പത്താറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

64(65) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നത് ഏതൊക്കെ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണെന്ന് വിശദീകരിക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിച്ചതിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയത്;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായമായി ജില്ലാ കളക്ടർമാർ 10,000 രൂപ വരെയും റവന്യൂ വകുപ്പുമന്ത്രി 25,000 രൂപ വരെയും മുഖ്യമന്ത്രി 3,00,000 രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്നു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

- ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രധാനമായും ധനസഹായം അനുവദിക്കുന്നത്.
- അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000 (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.
- ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളൂ.
- ക്യാൻസർ, ന്യൂറോ, കിഡ്നി സംബന്ധമായ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.
- ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000 രൂപവരെ അനുവദിക്കുന്നു.

- അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.
- തീപിടുത്തംമൂലം വാസഗൃഹങ്ങൾക്കും ചെറുകിട വ്യാപാരസ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 10,000 രൂപ വരെ അനുവദിക്കുന്നു.
- വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.
- സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റ് പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്.

(ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി & ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് അനുവദിച്ചതിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

65(66) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം അഭ്യർത്ഥിച്ച കൊണ്ടുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകർക്ക് ആശ്വാസം ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) എം.എൽ.എ-മാരുടെ രേഖാമൂലമായ അഭ്യർത്ഥന പരിഗണിച്ച് സഹായം നൽകാൻ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകൾ ദിനംപ്രതി ലഭിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അർഹരായ എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിച്ചു വരുന്നു. അതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ് എന്ന് പറയാനാവില്ല.

(ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനമുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എം.എൽ.എ.-മാരുടെ രേഖാമൂലമായ അഭ്യർത്ഥന പരിഗണിച്ചും അർഹരായ അപേക്ഷകർക്ക് ധനസഹായം അനുവദിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായം

66(67) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായത്തിനായി നൽകിയിരുന്ന അപേക്ഷകൾ ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എത്രപേർക്ക് ധനസഹായത്തിന് അർഹതയുണ്ടെന്നും എത്ര പേർക്ക് ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

പരിശോധിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ച ലഭിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹതയുള്ളവർക്കെല്ലാം ധനസഹായം അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

67(68) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവായതിൽ എത്ര പേർക്ക് എന്ത് തുക വീതം നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) എം.എൽ.എ.-മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ധനസഹായങ്ങളുടെ വിശദവിവരങ്ങൾ യഥാസമയം അതത് എം.എൽ.എ.-മാരെ രേഖാമൂലം അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ച അർഹരായ എല്ലാവർക്കും തുക വിതരണം ചെയ്തുവരുന്നു.

(ബി) പരിശോധിച്ചു വരുന്നു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

68(69) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് (സി.എം.ഡി.ആർ.എഫ്.) ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ധനസഹായം അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത ഫണ്ടിൽ നിന്നും അനുവദിച്ച ധനസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-9-2016-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 492/16/റ.വ. പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ഉയർത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർ 10,000 രൂപ വരെയും റവന്യൂ വകുപ്പുമന്ത്രി 25,000 രൂപ വരെയും മുഖ്യമന്ത്രി 3,00,000 രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്ന് ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

(ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയുംവേഗം ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിരുന്ന പരമാവധി വാർഷിക വരുമാനം ഇരുപതിനായിരം രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി ഉയർത്തിയിരുന്നു.

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം 20-9-2016 വരെ ആകെ 68,24,65,510 രൂപ (അറുപത്തെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തയ്യായിരത്തി അഞ്ഞൂറ്റിപ്പത്ത് രൂപ മാത്രം) വിവിധ ധനസഹായ വിതരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

**ആറന്മുള വിമാനത്താവളം**

69(70) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ;

(ബി) വിമാനത്താവളവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതിയെ കെ.ജി.എസ്. ഗ്രൂപ്പ് തെറ്റിദ്ധരിപ്പിച്ചാണ് പഠനത്തിനുള്ള അനുമതി നേടിയെടുത്തതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തണ്ണീർത്തട സംരക്ഷണ നിയമം, പാരിസ്ഥിതിക സംരക്ഷണ നിയമം എന്നിവ അട്ടിമറിക്കപ്പെട്ടാണ്, കെ.ജി.എസ്. ഗ്രൂപ്പ് വിമാനത്തവള പദ്ധതിയുമായി മുന്നോട്ട് പോയിരിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത വിമാനത്താവളത്തിന് 10% (പത്ത് ശതമാനം) ഷെയർ കേരള സർക്കാരിന് ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) നിയമം ലംഘിച്ച് ഏക്കർ കണക്കിന് പാടശേഖരങ്ങൾ മണ്ണിട്ട് നികത്തിയത്, മണ്ണ് മാറ്റി പഴയ തരത്തിൽ പാടശേഖരങ്ങൾ ആക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആറന്മുള വിമാനത്താവളം സ്ഥാപിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വ്യവസായ വകുപ്പിന്റെയും ഗതാഗത വകുപ്പിന്റെയും ഉത്തരവുകളും വിജ്ഞാപനവും റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആറന്മുള വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നില്ല.

(ബി) ഇല്ല.

(സി) തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം ലംഘിച്ച് നെൽവയൽ നികത്തിയ ശ്രീ. കെ. ജെ. എബ്രഹാം കലമണ്ണിൽ എന്ന കക്ഷിക്ക് എതിരെയും കമ്പനിക്കെതിരെയും നിയമ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കേരളാ ഗവൺമെന്റിന് 10% ഓഹരി പങ്കാളിത്തം നൽകിക്കൊണ്ട് ഗതാഗത വകുപ്പിൽനിന്നും പുറപ്പെടുവിച്ച ജി.ഒ.(എംഎസ്.) 4/2013/ഗതാ നമ്പർ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

**ആറന്മുള വിമാനത്താവളം**

70(71) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള വിമാനത്താവളത്തിന് നൽകിയ അനുമതിയും പദ്ധതി പ്രദേശം വ്യവസായ മേഖലയാക്കിയ വിജ്ഞാപനവും പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിക്കുവേണ്ടി എത്ര ഏക്കർ ഭൂമിയാണ് ഇതിനകം വ്യവസായ മേഖലയാക്കി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിർദ്ദിഷ്ട ഭൂമി ഇപ്പോൾ ആരുടെ കൈവശത്തിലാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നിർദ്ദിഷ്ട ഭൂമിയുടെയും വിമാനത്താവള പദ്ധതിയുടെയും കാര്യത്തിൽ എന്തു നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കുവേണ്ടി 444 ഹെക്ടർ ഭൂമി വ്യവസായ മേഖലയാക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇത് പിൻവലിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിർദ്ദിഷ്ട ഭൂമിയിൽ മിച്ചഭൂമിയും ഉൾപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഈ ഭൂമി ശ്രീ. കെ. ജെ. എബ്രഹാം കലമണ്ണിൽ എന്ന വ്യക്തിയുടെയും M/s. K.G.S. ആറൻമുള ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന കമ്പനിയുടെയും കൈവശത്തിലാണ്.

(ഡി) ആറന്മുള വിമാനത്താവളം സ്ഥാപിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വ്യവസായ വകുപ്പിന്റെയും ഗതാഗത വകുപ്പിന്റെയും ഉത്തരവുകളും വിജ്ഞാപനവും റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കണ്ണൂർ വിമാനത്താവളം

71(72) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) വിമാനത്താവളവുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) വിമാനത്താവളത്തിനായി എന്തെല്ലാം അനുവാദങ്ങൾ ഇനിയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ടെന്ന വിശദമാക്കുമോ ?

### ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനം 2017 മേയ് മാസത്തിൽ പൂർത്തീകരിക്കുവാനും അതിനുശേഷം ടെസ്റ്റിംഗും കമ്മീഷനിംഗും നടത്തുവാനുമാണ് ഉദ്ദേശിക്കുന്നത്.

(ബി) വിമാനത്താവളവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ താഴെ പറയും പ്രകാരമാണ്.

(1) 3050 മീറ്റർ റൺവേ (RE Wall ഒഴികെ)

(2) 20 എയർക്രാഫ്റ്റ് പാർക്കിംഗിനായുള്ള ഏപ്രൺ

(3) പാരലൽ ടാക്സി ട്രാക്ക് - 889 മീറ്റർ

(4) റൺവേ ലിങ്ക് ടാക്സി - 2 എണ്ണം

(5) ഏപ്രൺ ലിങ്ക് ടാക്സി - 4 എണ്ണം

(6) ചുറ്റുമതിൽ - 18 കി.മീറ്റർ

(7) ഓപ്പറേഷണൽ വാൾ - 4 കി.മീറ്റർ

(8) എയർ ട്രാഫിക് കൺട്രോൾ ടവർ ബിൽഡിംഗ് - 85%

(9) ഫയർ സ്റ്റേഷൻ (2) – 75%

(10) സ്റ്റോം വാട്ടർ ഡ്രെയിൻ - 35%

(11) ഐസൊലേഷൻ ബേ- 50%

(12) ടെർമിനൽ ബിൽഡിംഗ് - 75% (റൂഫിംഗ് പ്രവൃത്തി പുരോഗമിക്കുന്നു.)

(13) ഫ്ലൈ ഓവർ (150 മീറ്റർ) - 90%

(14) അപ്രോച്ച് റോഡ് (ഇന്റേണൽ) - 20%

(15) കാർ പാർക്കിംഗ് -50%

(16) ബാഗേജ് ഹാൻഡ്ലിംഗ് സിസ്റ്റം - 60%

(17) ലിഫ്റ്റ് - 40%

(18) എസ്കലേറ്റർ - 70%

(19) കെ.എസ്.ഇ.ബി. സപ്ലൈ - 95%

(20) വാട്ടർ സപ്ലൈ കെ.ഡബ്ല്യു.എ. - 100%

(സി) താഴെ പറയുന്ന അനുമതികൾ പണി പൂർത്തിയാകുന്ന മുറയ്ക്ക് ലഭിക്കേണ്ടതുണ്ട്:

(1) എയ്റോ ഡ്രോം ലൈസൻസ്

(2) കസ്റ്റംസുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ

(3) കേന്ദ്ര വാർത്താവിനിമയ മന്ത്രാലയത്തിൽ നിന്നുള്ള വയർലെസ് പ്ലാനിംഗ് & കോ-ഓർഡിനേഷൻ ക്ലിയറൻസ്

(4) ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി ക്ലിയറൻസ്

(5) സെൻട്രൽ ഇന്റസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ

(6) സിവിൽ ഏവിയേഷൻ മന്ത്രാലയത്തിൽനിന്നും ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷനിൽ നിന്നുമുള്ള എയർലൈനു കൾക്കുള്ള അനുമതി

(7) ഇമിഗ്രേഷൻ ഡിപ്പാർട്ടുമെന്റുമായുള്ള ധാരണാപത്രം

(8) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും എയർപോർട്ട് ഓപ്പറേഷനുള്ള അനുമതി

(9) എയർപോർട്ട് അതോറിറ്റിയുടെ കാലിബറേഷൻ & ഐ.എൽ.എസ്. പ്രൊസീഡ്യുവർ.

**കോഴിക്കോട് വിമാനത്താവള വികസനം**

72(73) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള വികസനത്തിനോടനുബന്ധിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ഇറക്കിയിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങൾ നാളിതുവരെ ചെയ്തുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ജി.ഒ.(ആർറ്റി.) നമ്പർ 3163/14/ആർ.ഡി. തീയതി 11-7-2014, ജി.ഒ.(ആർറ്റി.) നമ്പർ 6524/14/ആർ.ഡി. തീയതി 26-12-2014 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും 2013-ലെ പുതിയ ഭൂമിയേറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ ഇറങ്ങാതിരുന്നതിനാലും 2015-ന് ശേഷമാണ് ഇതുസംബന്ധിച്ച് പുതിയ റൂൾ വന്നത് എന്നതിനാലും ആയതിന് പുതിയ വിജ്ഞാപനം ആവശ്യമാണ്. പുതിയ നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(ബി) കഴിഞ്ഞ 3 മാസത്തിനുള്ളിൽ തന്നെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് പ്രാവശ്യം ജനപ്രതിനിധികളുടേയും രാഷ്ട്രീയപാർട്ടി നേതാക്കളുടെയും യോഗം നടത്തി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗവും നടത്തി. അതിനുശേഷം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി മലപ്പുറത്തുവച്ച് ഒരു യോഗവും വിളിച്ച് ചേർക്കുകയുണ്ടായി. ഉദ്ദേശം 485 ഏക്കർ ഭൂമിയാണ് റൺവേ നീളം കൂട്ടുവാനും മറ്റു വികസനത്തിനും പുനരധിവാസത്തിനും മറ്റും ആവശ്യമായിട്ടുള്ളത്. ഭൂവുടമകളുടെ ആവശ്യങ്ങൾ മനസ്സിലാക്കിയും അവരുടെയും പൊതുസമൂഹത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും ഭൂമി ഏറ്റെടുക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്.

## തലസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി

73(74) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ആരെയാണ് ഈ പദ്ധതിയുടെ കൺസൾട്ടൻസിയായി നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ഇത് സംബന്ധിച്ച് എന്തെല്ലാം പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11-9-2015-ലെ ജി.ഒ.(എംഎസ്.)നമ്പർ 74/2015/പി.ഡബ്ല്യു.ഡി. പ്രകാരം കേരള സർക്കാർ ഭരണാനുമതി നല്കി. കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദരൂപരേഖകളും മറ്റ് വിശദാംശങ്ങളും സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ടി.എൽ.) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചു. പദ്ധതിയോട് അനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കുള്ള കൺസൽറ്റന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചു. ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്കായി തിരുവനന്തപുരത്ത് 1.9893 ഹെക്ടറും കോഴിക്കോട് 1.4474 ഹെക്ടറും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 8-9-2016-ലെ ജി.ഒ.(എംഎസ്.) നമ്പർ 67/2016/പി.ഡബ്ല്യു.ഡി. പ്രകാരം നൽകി. പ്രാരംഭ നടപടികളുടെ ഭാഗമായി തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ നിർദ്ദിഷ്ട പാതയിൽ ഉൾപ്പെടുന്ന ഉള്ളൂർ, പട്ടം, ശ്രീകാര്യം എന്നീ ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനും ഈ പ്രവർത്തിക്കാവശ്യമായ തുക കെ.ഐ.ഐ.എഫ്.ബി. വഴി സമാഹരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ചെലവിന്റെ 20% കേരള

സർക്കാരും 20% കേന്ദ്ര സർക്കാരും കണ്ടെത്തണമെന്നാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരിക്കുന്നത്. 2014 സെപ്റ്റംബറിലെ വില നിലവാരം വച്ച് തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ആകെ അടങ്കൽ തുക 3453 കോടി (കേന്ദ്ര നികുതി ഉൾപ്പെടെ) രൂപയും കിലോ മീറ്ററിന കണക്കാക്കപ്പെട്ട ശരാശരി നിരക്ക് 154.24 കോടി രൂപയുമാണ്. പദ്ധതി പൂർത്തിയാകുമ്പോൾ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 4219 കോടി രൂപയാണ്.

(സി) പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കുള്ള കൺസൽറ്റന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചിട്ടുണ്ട്.

(ഡി) ഉത്തരം (എ)യിൽ വിശദീകരിച്ചിട്ടുണ്ട്.

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

74(75) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ റീച്ച് ഒന്നിന്റെ (ആലുവ മുതൽ പാലാരിവട്ടം വരെ) പൂർത്തീകരണത്തിന് വേണ്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

(1) ആർ.ഡി.എസ്.ഒ. (Research, Designs & Standard Organization) യുടെ പരീക്ഷണ ഓട്ടം.

(2) സംയോജിത പരീക്ഷണ ഓട്ടം.

(3) സ്വന്തമായുള്ള സുരക്ഷാ പരിശോധകരുടെ ക്രമാനുസൃതമായ അംഗീകാരം.

(ബി) റീച്ച് ഒന്നുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(1) സിവിൽ ജോലികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

(2) സ്റ്റേഷനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

(3) മുട്ടം മുതൽ പാലാരിവട്ടം വരെയുള്ള ട്രാക്കുകളുടെയും അവ ചലനാത്മകമാക്കുന്നതിന്റെയും ജോലികൾ പൂർത്തിയായിക്കഴിഞ്ഞു.

മറ്റു സിസ്റ്റം ജോലികൾ പൂർത്തീകരിച്ചു വരുന്നു.

(സി) പദ്ധതിയുടെ റീച്ച് ഒന്നിന്റെ (ആലുവ മുതൽ പാലാരിവട്ടം വരെ) പൂർത്തീകരണത്തിന് വേണ്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

(1) ആർ.ഡി.എസ്.ഒ. (Research, Designs & Standard Organization) യുടെ പരീക്ഷണ ഓട്ടം.

(2) സംയോജിത പരീക്ഷണ ഓട്ടം.

(3) സ്വതന്ത്രമായുള്ള സുരക്ഷാ പരിശോധകരുടെ ക്രമാനുസൃതമായ അംഗീകാരം.

(ഡി) ആലുവ മുതൽ പാലാരിവട്ടം വരെയുള്ള റീച്ച് ഒന്ന് 2017 ഏപ്രിൽ മാസം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽ ഇടനാഴി പദ്ധതി**

75(76) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽ ഇടനാഴി പദ്ധതി സംബന്ധിച്ച് പഠനം പൂർത്തിയായിട്ടുണ്ടോ;

(ബി) പദ്ധതിയുടെ വിശദമായ കരട് രേഖ ലഭ്യമാക്കുമോ; പ്രധാന നിർദ്ദേശങ്ങളും സാധ്യതകളുമെന്തൊക്കെയാണ്; പദ്ധതിയുടെ ചെലവ് എത്രയാകുമെന്നാണ് നിഗമനം;

(സി) റെയിൽ-റോഡ് ഗതാഗത സൗകര്യങ്ങൾക്ക് പകരമെന്ന നിലയിലാണോ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്; വിമാന നിരക്കിന്റെ ഇരട്ടിയിലധികം യാത്രാ നിരക്ക് ഉണ്ടാകാനിടയുള്ള പദ്ധതി നമ്മുടെ രാജ്യത്തിന് അനുയോജ്യമാണോ എന്ന കാര്യം പരിശോധിക്കുമോ;

(ഡി) പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ അളവെത്രയായിരിക്കും?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള അതിവേഗ റെയിൽപ്പാതയുടെ 430 കി.മീറ്റർ ദൂരത്തിൽ 180 കി.മീ. തൂണിന് മുകളിലും 105 കി.മീ. ഭൂമിക്കടിയിൽ കൂടിയും ബാക്കിദൂരം ഭൂമിക്ക് മുകളിൽ കൂടിയും ആയിരിക്കും പൂർത്തിയാക്കുക. റെയിൽപ്പാത ഉണ്ടാക്കാൻവേണ്ടി 20 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുത്താൽ മതിയാകും. നിർദ്ദിഷ്ട റെയിൽപ്പാത കടന്നുപോകുന്ന പ്രദേശങ്ങളിൽ ഭൂരിഭാഗവും ജനവാസം കുറഞ്ഞതും ചതുപ്പ് പ്രദേശങ്ങളുമാണ്. ജനങ്ങൾക്കോ ആവാസ വ്യവസ്ഥയ്ക്കോ കെട്ടിടങ്ങൾക്കോ വലിയ നഷ്ടങ്ങളോ ക്ഷതമോ വരുത്താതെയുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. മണിക്കൂറിൽ 300 മുതൽ 350 കിലോ മീറ്റർ വേഗതയിൽ സഞ്ചരിക്കാവുന്ന അതിവേഗ റെയിൽപ്പാതയാണ് നിർമ്മിക്കാൻ ആലോചിക്കുന്നത്. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള അതിവേഗ പാതയ്ക്ക് 9 സ്റ്റേഷനുകൾ ഉണ്ടായിരിക്കും. തിരുവനന്തപുരം, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, കൊച്ചി, തൃശ്ശൂർ, വളാഞ്ചേരി, കോഴിക്കോട്, കണ്ണൂർ എന്നിവയാണ് നിർദ്ദിഷ്ട സ്റ്റേഷനുകൾ. തിരുവനന്തപുരം കൊച്ചുവേളിക്കു സമീപമായിരിക്കും പ്രധാന ഡിപ്പോയും സ്റ്റേഷനും നിർമ്മിക്കുന്നത്. ഓരോ ട്രെയിനിലും 8 കോച്ചുവീതം ഉണ്ടാകും. 817 പേർക്ക് സഞ്ചരിക്കാനാവും അതിവേഗ റെയിൽപ്പാതയ്ക്ക് ഉദ്ദേശം 90,663 കോടി രൂപ (എല്ലാ നികുതിയും ഉൾപ്പെടെ) ചെലവ് വരുന്നതാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതിക്കായി ഏകദേശം 1160.77 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടി വരും. അതിനൂതനമായ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രക്രിയകളാണ് ഈ പദ്ധതിക്കായി നടപ്പാക്കാനുദ്ദേശിക്കുന്നത്.

(സി) കേരളത്തിൽ നിലവിലുള്ള ഗതാഗത സംവിധാനങ്ങൾ മുഖ്യമായും റോഡ്, റെയിൽ, ജലം എന്നിവയാണ്. ഇപ്പോഴുള്ള രണ്ട് വരിപ്പാത റെയിൽ 100% ഉപയോഗിച്ച് വരികയുമാണ്. എന്നാൽ ഈ പാതയിലുള്ള ധാരാളം വളവുകളും തിരിവുകളും കാരണം 100 കി.മീറ്ററിലധികം വേഗത അനുവദനീയമല്ല. റോഡുകളിൽ 10 മുതൽ 12 ശതമാനം വരെയുള്ള വാഹനങ്ങളുടെ വാർഷിക വർദ്ധനവ് കാരണം തിരക്ക് കൂടുന്നതിനാൽ യാത്രയ്ക്ക് കൂടുതൽ സമയവും വേണ്ടിവരുന്നു. കൂടാതെ മഴക്കാലത്ത് റോഡിന്റെ പ്രതലം മോശമാകുന്നതിനാൽ യാത്ര കൂടുതൽ ദുഃസ്സഹമായിത്തീരും. ജലഗതാഗതം വളരെ ചെലവ് കുറഞ്ഞതാണെങ്കിലും യാത്രയ്ക്ക് കൂടുതൽ സമയം വേണ്ടതിനാലും നഗരങ്ങൾ തമ്മിൽ ബന്ധപ്പെടാനുള്ള സംവിധാനം ഇപ്പോൾ ഇല്ലാത്തതിനാലും അഭികാമ്യമല്ല. വിമാനയാത്ര വളരെ ചെലവ് കൂടിയതാണ്.

കൂടാതെ എയർപോർട്ടിൽ നേരത്തെ റിപ്പോർട്ട് ചെയ്യേണ്ടതിനാലും സുരക്ഷാ പരിശോധനയ്ക്കും ബോർഡിംഗിനും സമയമെടുക്കുന്നത് കൊണ്ടും നഗര കേന്ദ്രം എയർപോർട്ടിൽ നിന്നും ദൂരെ സ്ഥിതി ചെയ്യുന്നതിനാലും ഒരു നഗരത്തിൽ നിന്ന് മറ്റൊരു നഗരത്തിലേക്ക് എത്തുന്നതിന് വിമാനയാത്രയ്ക്കും കൂടുതൽ സമയം വേണ്ടിവരുന്നു. ഇതുകാരണം കേരളത്തിൽ കുറച്ച് യാത്രക്കാർ മാത്രമേ ഒരു നഗരത്തിൽ നിന്ന് മറ്റൊരു നഗരത്തിലേക്ക് വിമാനയാത്ര ചെയ്യുന്നുള്ളൂ. ആയതിനാൽ ഭൂമിയുടെ ആവശ്യകത കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവും അപകടവും മലിനീകരണവും കുറവുമായ അതിവേഗറെയിലാണ് കേരളത്തിലെ സാഹചര്യത്തിന് അഭികാമ്യം.

(ഡി) ഈ പദ്ധതിക്കായി 20 മീറ്റർ വീതിയിൽ ഏകദേശം 1160.77 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടി വരുമെന്ന് കണക്കാക്കുന്നു.

**അന്തർ സംസ്ഥാന നദീജല കരാർ**

76(77) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

13-7-2016-ലെ അന്തർ സംസ്ഥാന നദീജല കരാർ സംബന്ധിച്ച ശ്രദ്ധക്ഷണിക്കലിന്, കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് ചർച്ചകൾ നടത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമമാണ് വേണ്ടതെന്നും തമിഴ്നാടുമായി ചർച്ച ചെയ്ത് ഇതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതാണെന്നുമുള്ള കേരള മുഖ്യമന്ത്രിയുടെ മറുപടി പ്രകാരം ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാറിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പി.എ.പി. പാലക്കാട്, തമിഴ്നാടിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി വകുപ്പുതലത്തിൽ അനൗപചാരിക ചർച്ച നടത്തുകയുണ്ടായി. തുടർ ചർച്ചകൾക്ക് തമിഴ്നാട് സർക്കാർ അനുകൂലമായി പ്രതികരിക്കുമെന്നാണ് തമിഴ്നാടിന്റെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ചകൾ നടത്തി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടി നടന്നുവരികയാണ്. ഈ വർഷം മഴലഭ്യത കുറഞ്ഞ സാഹചര്യത്തിൽ

അടിയന്തരമായി പി.എ.പി. കരാർ അനുസരിച്ച് ജലം നൽകാൻ തമിഴ്നാട് നടപടി സ്വീകരിക്കണമെന്ന് തമിഴ്നാട് മുഖ്യമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

## ഫ്രണ്ട്സ് ജനസേവനകേന്ദ്രം

77(78) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ടെലിഫോൺ ബില്ലുകൾ ഉൾപ്പെടെയുള്ള വിവിധയിനം കരങ്ങൾ സൗകര്യപ്രദമായി അടയ്ക്കുന്നതിനുള്ള ഫ്രണ്ട്സ് ജനസേവനകേന്ദ്രം ഏതെല്ലാം നഗരങ്ങളിൽ പ്രവർത്തിച്ച് വരുന്നു;

(ബി) മുൻകാലങ്ങളിൽ ഇവിടെ സ്വീകരിച്ചു വന്നിരുന്ന ഏതെങ്കിലും ബില്ലുകൾ സ്വീകരിക്കുന്നത് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ നിർത്തലാക്കിയവ ഏതൊക്കെയെന്നും നിർത്തലാക്കാനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ബില്ലുകൾ സ്വീകരിക്കുന്നത് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം പുനഃപരിശോധിക്കുമോ?

### ഉത്തരം

(എ) ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) ഉണ്ട്. മോട്ടോർ വാഹന വകുപ്പ് ബില്ലുകൾ സ്വീകരിക്കുന്നതിനായി അവരുടെ തന്നെ ഒരു ഓൺലൈൻ സംവിധാനം നടപ്പിലാക്കുകയും ബില്ലുകൾ സ്വീകരിക്കുന്നതിനായി കൗണ്ടറുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ മോട്ടോർ വാഹന വകുപ്പിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കിയിരുന്ന ജീവനക്കാരെയെല്ലാം വകുപ്പ് തിരികെ വിളിച്ചു. ആയതിനെ തുടർന്നാണ് ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ മോട്ടോർ വാഹന വകുപ്പിന്റെ ബില്ലുകൾ സ്വീകരിക്കുന്നത് നിർത്തലാക്കിയത്. പ്രസ്തുത വിഷയത്തിന്റെ പുനഃപരിശോധന സർക്കാരിന്റെ പരിഗണനയിലാണ്.

## ജോലി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി

78(79) ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗദിയിൽ സമ്പൂർണ്ണ സ്വദേശിവത്കരണത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ മലയാളി നഴ്സുമാർ എത്രപേർ ഉണ്ട്;

(ബി) ജോലി നഷ്ടപ്പെട്ട് മടങ്ങുന്ന നഴ്സുമാർക്ക് എന്തൊക്കെ സഹായങ്ങളാണ് നോർക്ക റൂട്ട്സ് വഴി നൽകിയത്;

(സി) ജോലി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഇതുവരെ എത്രപേരെ ഇപ്രകാരം പുനരധിവസിപ്പിച്ചിട്ടുണ്ട്?

ഉത്തരം

(എ-ഡി) സൗദി അറേബ്യയിൽ സമ്പൂർണ്ണ സ്വദേശിവൽക്കരണം നടപ്പാക്കിയതിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ട് തിരികെ വരുന്ന പ്രവാസികളുടെ വിവര ശേഖരണത്തിനായി നോർക്ക റൂട്ട്സ് വിവിധ എയർപോർട്ടുകളിൽ ഏർപ്പെടുത്തിയിരുന്ന രജിസ്ട്രേഷൻ സംവിധാനത്തിൽ നഴ്സുമാർ ആരുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

## ഗൾഫ് വരുമാനത്തിന്റെ ശോഷണം

79(80) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് വരുമാനത്തിന്റെ ശോഷണം കേരള സമ്പദ്ഘടനയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) സ്വദേശിവത്കരണത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് സൗദിയിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും കഴിയുന്ന മലയാളികളെ നാട്ടിലെത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) മടങ്ങിയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് അടിയന്തര സഹായം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗൾഫിൽ നിന്നുള്ള വരുമാന ശോഷണത്തിന് കാരണമാകുന്ന തൊഴിൽ ശോഷണവും പ്രവാസികളുടെ എണ്ണത്തിൽ വരുന്ന കുറവും സംബന്ധിച്ച് കേരള സർക്കാരും മിനിസ്ട്രി ഓഫ് ഓവർസീസ് ഇന്ത്യൻ അഫയേഴ്സും ചേർന്ന് 2012-ൽ ഒരു പഠനം നടത്തുകയും 'റിപ്പോർട്ട് ഓൺ കേരള മൈഗ്രേഷൻ സർവ്വേ' എന്ന പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭാരത സർക്കാരിന്റെ വിദേശകാര്യ വകുപ്പ്, എംബസി എന്നിവയുമായി സഹകരിച്ച് ദുരിതമനുഭവിക്കുന്ന മലയാളികളെ നാട്ടിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ മടങ്ങിവരുന്നവരെ സഹായിക്കുന്നതിനായി അവർ വരുമ്പോൾ എയർപോർട്ടിൽ ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്താറുണ്ട്. കൂടാതെ ഓരോ പ്രവാസിക്കും യാത്രാ ടിക്കറ്റും പോക്കറ്റ് മണിയായി 2,000 രൂപയും നൽകിവരുന്നുണ്ട്.

(സി) വിദേശത്ത് ജോലി ചെയ്ത് മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധനച്ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. തിരികെയെത്തുന്ന ദുരിതമനുഭവിക്കുന്ന കേരളീയർക്കായി നോർക്ക വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസനിധിയായ സാന്ത്വന പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 1,00,000 രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻകീഴിൽ പ്രവാസി മലയാളികളുടെ ചികിത്സയ്ക്കോ മരണപ്പെട്ട പ്രവാസിയുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനും മരണപ്പെട്ട പ്രവാസി മലയാളികളുടെ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും പ്രവാസിക്ക്/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനും ഒറ്റത്തവണയായി നോർക്കാ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം നൽകിവരുന്നുണ്ട്.

**പ്രവാസി ക്ഷേമ പദ്ധതി**

80(81) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രവാസികളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു:

- പ്രവാസികളുടെ സ്വത്ത് കയ്യേറ്റം തുടങ്ങിയ വിവിധ പരാതികൾ പരിഹരിക്കുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷൻ.
- നോർക്ക വകുപ്പിനെയും നോർക്ക റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടുന്നതിനുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ.
- ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർക്കായി എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്.
- നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നോർക്ക ബിസിനസ് സഹായ കേന്ദ്രം (NBFC).
- മടങ്ങിയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ധനസഹായം അനുവദിക്കുന്നതിനായി പ്രവാസികാര്യ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'സാന്ത്വന' പദ്ധതി.
- തിരികെ വന്ന നിർദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോർക്ക ചെയർമാൻ ഫണ്ട്.
- തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്ന പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)
- കുറഞ്ഞത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തശേഷം നാട്ടിൽ സ്ഥിര താമസമാക്കിയിട്ടുള്ള അർഹരായവർക്ക് പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നിവ നൽകുന്നതിനായി അംഗത്വം അനുവദിക്കുന്നതിന് രൂപീകരിച്ച പ്രവാസി ക്ഷേമനിധി. ക്ഷേമനിധിയിൽ അംഗമായിട്ടുള്ളതും 60 വയസ്സ് പൂർത്തിയായതുമായ വിദേശത്ത് ജോലിയിൽ തുടരുന്ന പ്രവാസികൾക്കും ക്ഷേമനിധിയിൽ നിന്ന് പെൻഷന് അർഹതയുണ്ട്.

- വിദേശ രാജ്യങ്ങളിൽ തങ്ങളുടേതല്ലാത്ത കുറ്റത്തിന് ജയിലിലടയ്ക്കപ്പെടുന്നവരെ തിരിച്ച് നാട്ടിലെത്തിക്കുന്നതിന് സൗജന്യ വിമാന ടിക്കറ്റ് നൽകുന്ന സ്വപ്ന സാഫല്യം പദ്ധതി.
- വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം, എംബസി വഴിയല്ലാതെ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് (പരമാവധി 50,000 വരെ) നൽകിവരുന്ന കാരുണ്യം പദ്ധതി.

(ബി&സി) ഉണ്ട്. വിദേശത്തുവച്ച് മരണപ്പെടുന്ന പ്രവാസി കേരളീയരുടെ കുടുംബങ്ങൾക്ക് നിലവിൽ നൽകുന്ന സാമ്പത്തിക സഹായങ്ങൾക്കുപുറമേ ഇവരുടെ കുടുംബങ്ങൾക്ക്/ആശ്രിതർക്ക് സാമ്പത്തിക സുരക്ഷ നൽകുന്നതിനുള്ള പദ്ധതി, മനഃപൂർവ്വമല്ലാത്ത കാരണങ്ങളാൽ വിദേശത്തുവച്ച് നിയമ നടപടികൾ അഭിമുഖീകരിക്കുന്ന പ്രവാസി മലയാളികൾക്ക് എംബസി എം.പാനൽഡ് അഡ്വക്കേറ്റ് മുഖേന നിയമസഹായം ലഭ്യമാക്കുക, വിദേശത്ത് സ്ഥാപിക്കുന്ന സെൽ മുഖേന നിയമോപദേശം നൽകുക, സൗദി അറേബ്യയിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെ യാത്രാ ചെലവ് വഹിക്കുക എന്നീ ലക്ഷ്യത്തോടെയുള്ള പ്രവാസി നിയമ സഹായ പദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

### വിദേശ രാജ്യങ്ങളിലെ തൊഴിൽ പ്രശ്നങ്ങൾ

81(82) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ വിവിധതരം തൊഴിൽ പ്രശ്നങ്ങളും ദുരിതങ്ങളും അനുഭവിക്കുന്ന മലയാളികൾക്ക് വേണ്ടി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ;

(ബി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ പ്രശ്നങ്ങളിൽപ്പെട്ട് ഉഴലുന്ന പ്രവാസികളെ സഹായിക്കുന്നതിന് അതത് രാജ്യങ്ങളിൽ ഹെൽപ്പ് ഡസ്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രശ്നങ്ങൾമൂലം ശമ്പളം ലഭിക്കാതെ കഷ്ടപ്പെടുന്ന മലയാളികൾക്ക് ശമ്പളവും, ശമ്പളകുടിശ്ശികയും ലഭ്യമാക്കുന്നതിന് അതത് എംബസികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ദുരിതമനുഭവിക്കുന്ന പ്രവാസികളെ സഹായിക്കുന്നതിന് നിലവിൽ ഭാരത സർക്കാരിന്റെ കീഴിലുള്ള വിദേശകാര്യ വകുപ്പും എംബസികളുമാണ് നടപടി സ്വീകരിച്ചുവരുന്നത്. കേരളീയർക്കു മാത്രമായി വിദേശ രാജ്യങ്ങളിൽ പ്രത്യേക സംവിധാനം ഒരുക്കാൻ വ്യവസ്ഥയില്ല. വിദേശ രാജ്യങ്ങളിലെ പ്രവർത്തന സംവിധാനം ഒരുക്കുന്നത് കേന്ദ്ര വിദേശകാര്യ വകുപ്പും എംബസികളുമാണ്. വിദേശകാര്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് വേണ്ട കാര്യങ്ങൾ കേരള സർക്കാർ ചെയ്തുവരുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ ദുരിതത്തിൽ കഴിയുന്ന ഇന്ത്യാക്കാർക്ക് വിവിധ ഇന്ത്യൻ മിഷനുകൾ മുഖേന അടിയന്തര ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് 2009-ൽ ഇന്ത്യൻ കമ്മ്യൂണിറ്റി വെൽഫയർ ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- ഗാർഹിക ജോലിക്കാർ, അവിദഗ്ദ്ധ തൊഴിലാളികൾ എന്നീ വിഭാഗത്തിൽപ്പെട്ട ദുരിതത്തിലായ പ്രവാസി ഇന്ത്യാക്കാർക്ക് പരമാവധി 30 ദിവസം വരെ താമസ സൗകര്യം.
- അടിയന്തര വൈദ്യസഹായം, അർഹരായവർക്ക് പ്രാഥമിക നിയമ സഹായം.
- കുടുങ്ങിപ്പോയ പ്രവാസികൾക്ക് നാട്ടിലെത്താൻ സഹായം
- വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്നവരുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുക, അതാത് രാജ്യങ്ങളിൽ ശവസംസ്കാരം നടത്തുക
- തങ്ങളുടേതല്ലാത്ത കാരണത്താൽ അനധികൃത താമസത്തിന് അടയ്ക്കേണ്ടിവരുന്ന പിഴ തുക (പരമാവധി 1000 U.S. ഡോളർ വരെ)
- ജയിൽ മോചനത്തിനായി വേണ്ടിവരുന്ന പിഴ തുക (ഒരു കേസിന് പരമാവധി 2500 U.S. ഡോളർ വരെ)
- 1,00,000-ൽ അധികം പ്രവാസി ഇന്ത്യാക്കാർ ഉള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന പ്രവാസി ഇന്ത്യാ സംഘടനകൾക്ക് ഇന്ത്യൻ കമ്മ്യൂണിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള സഹായം.

(ബി&സി) വിവിധ വിദേശ രാജ്യങ്ങളിലെ സഹായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതും ഏകോപിപ്പിക്കുന്നതും കേന്ദ്ര വിദേശകാര്യ വകുപ്പാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് സ്വതന്ത്ര നിലപാട് സ്വീകരിച്ച് ഹെൽപ് ഡെസ്ക് ഏർപ്പെടുത്തുവാൻ കഴിയുകയില്ല. എന്നാൽ വിദേശത്ത് തൊഴിൽ നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനും ആഗ്രഹിക്കുന്നവരെ തിരികെ

കൊണ്ടുവരുന്നതിനും വേണ്ട നടപടി സ്വീകരിക്കുവാൻ എംബസിയോടും കേന്ദ്ര വിദേശകാര്യ വകുപ്പിനോടും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് എംബസിയുമായും കേന്ദ്ര സർക്കാരുമായും തുടർ കത്തിടപാട് നടത്തുകയും ചെയ്യുന്നുണ്ട്. ഈ ആവശ്യം ഉന്നയിച്ച് മുഖ്യമന്ത്രി നേരിട്ട് കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിക്ക് കത്തും നൽകിയിട്ടുണ്ട്.

## എ.ടി.എം. തട്ടിപ്പുകേസ്

82(83) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശികളുൾപ്പെട്ട എ.ടി.എം. തട്ടിപ്പുകേസ് പോലീസിന് റിപ്പോർട്ട് ചെയ്തത് എന്നാണ് എന്നും ആരിൽ നിന്നാണ് വിവരം ലഭിച്ചത് എന്നും വെളിപ്പെടുത്താമോ ;

(ബി) ഒന്നാം പ്രതി അറസ്റ്റിലായത് എന്നാണ്; അറസ്റ്റിലാവാൻ ഇടയാക്കിയത് ആരുടെ പണം പിൻവലിച്ചതിനെത്തുടർന്നായിരുന്നു;

(സി) ഇയാൾ ഒടുവിൽ ആൽത്തറ ജംഗ്ഷനിലെ എ.ടി.എം.-ൽ നിന്നും പണം പിൻവലിച്ചത് എന്നായിരുന്നു;

(ഡി) ഒന്നാം പ്രതി അറസ്റ്റിലായ ശേഷവും മറ്റു പ്രതികൾ വിദേശത്തേക്ക് കടന്നശേഷവും, അക്കൗണ്ടുകളിൽ നിന്നും പണം നഷ്ടമായിട്ടുണ്ടോ;

(ഇ) എങ്കിൽ ആ പണം പിൻവലിച്ചത് ആര്; എവിടെ നിന്ന് എന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) വിദേശികൾ ഉൾപ്പെട്ട എ.ടി.എം. തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) മേൽപ്പറയുന്ന കേസുകളിലെ ഒന്നാം പ്രതി അറസ്റ്റിലായത് 10-8-2016-ലാണ്. നിക്ഷേപകരുടെ ബാങ്ക് നിക്ഷേപം വ്യാജ എ.ടി.എം. കാർഡ് നിർമ്മിച്ച് അനധികൃതമായി പണം പിൻവലിച്ചതിനെത്തുടർന്ന് ആൽത്തറ എസ്.ബി.ഐ. ബ്രാഞ്ചിന്റെ ചീഫ് മാനേജരുടെ പരാതിയിൽ മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിലാണ് അറസ്റ്റ് ചെയ്തത്.

(സി) വിദേശിയായ പ്രതി ആൽത്തറ എസ്.ബി.ഐ. ബ്രാഞ്ചിൽ നിന്നും പണം പിൻവലിച്ചിട്ടില്ല.

(ഡി) ഇത്തരത്തിൽ പണം നഷ്ടപ്പെട്ടതായ പരാതികളോ റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

**കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണം**

83(84) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിനുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(ബി) നിർമ്മാണത്തിനാവശ്യമായ പ്ലാനിനും എസ്റ്റിമേറ്റിനും അനുമതി നൽകിയിട്ടുണ്ടോ;

(സി) നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ-സി) പോലീസ് സേനയുടെ നവീകരണം 2014-15 (സംസ്ഥാന വിഹിതം)-ൽ ഉൾപ്പെടുത്തി 276 ലക്ഷം രൂപ ചെലവിൽ കൊട്ടാരക്കര താലൂക്കിൽ ബ്ലോക്ക് നമ്പർ 23 സർവ്വേ നമ്പർ 222/11, 222/16, 222/22, 222/23 എന്നിവയിൽപ്പെട്ട ജലസേചന വകുപ്പിന്റെ 1.10.20 ഹെക്ടർ ഭൂമിയിൽ കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

**പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ**

84(86) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ കേസുകളുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചെടുത്ത എത്ര വാഹനങ്ങൾ ഉണ്ട്; സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;'

(ബി) വാഹനങ്ങൾ പിടികൂടിയിട്ടുള്ള കുറ്റങ്ങളുടെ തരം തിരിച്ചുള്ള കണക്കു നൽകാമോ;

(സി) അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ നടപടിക്രമങ്ങൾമൂലം തുരുമ്പെടുത്ത് നശിക്കുന്നതു കാരണം കോടിക്കണക്കിനു രൂപ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാഹനങ്ങളിൽ മലിനജലം കെട്ടിനിൽക്കുന്നതിനാൽ കൊതുകുകൾ പെരുകുന്നുണ്ടെന്നതും വാഹനങ്ങളുടെ ഇടയിലുള്ള മണൽക്കൂനകൾ തെരുവുനായ്ക്കൾ താവളമാക്കുന്നതുമായ സാഹചര്യത്തിൽ ഭീതിയോടെയാണ് ആളുകൾ പോലീസ് സ്റ്റേഷനുകളിലെത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനായും കേസുകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി-ഇ) അനധികൃത മണൽക്കടത്തുൾപ്പെടെയുള്ള കുറ്റങ്ങളിൽ തൊണ്ടിമുതലായി പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ നിയമപരമായ നടപടികൾ പൂർത്തിയാക്കി അതിവേഗം പരിഹാരമുണ്ടാക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

**പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്**

85(87) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലേക്കുള്ള കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; ഇതിന്റെ കാലാവധി എന്ന് അവസാനിക്കും;

(ബി) നിയമിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കും ഇനിയുള്ള ഒഴിവുകളും അറിയിക്കാമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ എത്ര ദിവസത്തിനകം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യും എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിലുണ്ട്. ഇതിൽ പുരുഷ വിഭാഗത്തിന്റെ ലിസ്റ്റ് 21-6-2016-നും വനിതാ വിഭാഗത്തിന്റേത് 7-6-2016-നും പ്രാബല്യത്തിൽ വന്നു. സാധാരണഗതിയിൽ ഒരു വർഷമാണ് ലിസ്റ്റിന്റെ കാലാവധി.

(ബി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും താഴെപ്പറയും പ്രകാരം ബറ്റാലിയൻ/ജില്ലകളിലേക്ക് നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്:

| | |
|---|---|
| എം.എസ്.പി. (കോഴിക്കോട്, മലപ്പുറം) | - 246 |
| കെ.എ.പി. 1 (എറണാകുളം) | - 175 |
| കെ.എ.പി. 2 (പാലക്കാട്, തൃശ്ശൂർ) | - 405 |
| കെ.എ.പി. 3 (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ) | - 333 |
| കെ.എ.പി. 4 (കണ്ണൂർ, വയനാട്, കാസർഗോഡ്) | - 161 |

(സി) പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ 2016 ജനവരി മാസം മുതൽ ഡിസംബർ 31 വരെ നിലവിലുണ്ടാകാൻ സാധ്യതയുള്ള 1416 ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 2017-ൽ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെൻട്രൽ പോലീസ് ക്യാന്റീൻ**

86(88) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സെൻട്രൽ പോലീസ് ക്യാന്റീനുകളിലേക്കുള്ള സെൻട്രലൈസ്ഡ് പർച്ചേസ് സംവിധാനം അവലോകനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പർച്ചേസിന്റെ ചുമതല ആർക്കാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) ഗുണമേന്മയില്ലാത്തതും വിലകൂടിയതും ബ്രാന്റഡ് അല്ലാത്തതുമായ നിത്യോപയോഗ സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിലൂടെ ഉണ്ടാകുന്നതായി പറയപ്പെടുന്ന അപാകത കണ്ടെത്തുന്നതിന് അന്വേഷണം നടത്തുമോ;

(ഡി) പർച്ചേസ് സുതാര്യവും കുറ്റമറ്റതുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകളിലേക്കുള്ള സെൻട്രൽ പർച്ചേസ് സംവിധാനം അവലോകനം ചെയ്യുന്നുണ്ട്. സെൻട്രൽ പർച്ചേസ് കമ്മിറ്റി അഥവാ പ്രോഡക്റ്റ് പർച്ചേസ് കൺസൾറ്റേഷൻ കമ്മിറ്റി മീറ്റിംഗുകളിൽ മുൻ കമ്മിറ്റിയിൽ എടുത്ത തീരുമാനങ്ങളെ സംബന്ധിച്ച് അവലോകനം നടത്താറുണ്ട്.

(ബി) കേരളാ പോലീസിന്റെ സെൻട്രൽ പർച്ചേസ് കമ്മിറ്റി അഥവാ പ്രോഡക്റ്റ് പർച്ചേസ് കൺസൾറ്റേഷൻ കമ്മിറ്റിക്കാണ് ചുമതല.

(സി) കേരളത്തിലെ സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകളിൽ വിതരണം ചെയ്യുന്ന സാധനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള അപാകത കണ്ടെത്തിയാൽ ടി സാധനങ്ങൾ ക്യാന്റീനിൽ നിന്നും പിൻവലിക്കുകയും ടി വിതരണ കമ്പനിയെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയും ചെയ്യും. മുൻ കാലങ്ങളിൽ ലഭിച്ച പരാതികളിൽ മേൽത്തരത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭിച്ചാൽ ഉചിതമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നിലവിലെ സംവിധാനം തികച്ചും സുതാര്യമായാണ് പ്രവർത്തിക്കുന്നത്.

## എ.ടി.എം. കൗണ്ടർ തട്ടിപ്പുകൾ

87(89) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ബാങ്കുകളുടെ എ.ടി.എം കൗണ്ടറുകളിൽ നിന്നും പണം തട്ടിയെടുക്കുന്ന സംഘങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തുവെന്നും എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) എ.ടി.എം കൗണ്ടർ തട്ടിപ്പുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെതിരെ ആഭ്യന്തര വകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച് 21 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 4 കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും 3 കേസ്സുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കേസുകളിൽ അന്വേഷണം നടന്നുവരുന്നു.

(സി) എ.ടി.എം. കൗണ്ടറുകളിൽ മതിയായ സെക്യൂരിറ്റിക്കാരെ നിയോഗിച്ച് സുരക്ഷ ഒരുക്കുന്നതിനും എ.ടി.എം. കൗണ്ടറുകളിൽ ബാങ്ക് സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ അല്ലാതെ മറ്റ് ഏതെങ്കിലും ഉപകരണങ്ങൾ അനധികൃതമായി സ്ഥാപിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തണമെന്നും കൂടാതെ എ.ടി.എം. കൗണ്ടറുകളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. ദൃശ്യങ്ങൾ കൃത്യമായി പരിശോധിച്ച് അസാധാരണവും സംശയവും ഉണർത്തുന്നതുമായ ദൃശ്യങ്ങൾ ഉണ്ടോ എന്ന് കണ്ടെത്തി ആ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ എ.ടി.എം. കൗണ്ടറുകൾ സ്ഥിതി ചെയ്യുന്ന സ്റ്റേഷൻ എസ്.എച്ച്.ഒ.-മാർ എ.ടി.എം. കൗണ്ടറുകളിൽ മതിയായ ശ്രദ്ധയും സുരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഇക്കാര്യത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പോലീസ് പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി നോക്കിവരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് എ.ടി.എം. കൗണ്ടറുകൾ കേന്ദ്രീകരിച്ച് ശക്തമായ നിരീക്ഷണം നടത്തുവാനും ഉള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

## എ.ടി.എം. കൗണ്ടറുകളുടെ സുരക്ഷ

88(90) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലതരത്തിലുള്ള കബളിപ്പിക്കൽ വഴി ബാങ്ക് അക്കൗണ്ടുകളിലെ പണം ഇടപാടുകാർക്ക് നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള തട്ടിപ്പുകൾക്കിരയാകുന്നവരുടെയും പൊതുജനങ്ങളുടെയും ആശങ്കകൾ പരിഹരിക്കുന്നതിന് സർക്കാർ ഏതെങ്കിലും ഇടപെടലുകൾ നടത്താറുണ്ടോ;

(സി) ബാങ്കുകൾ എ.ടി.എം. കൗണ്ടറുകളിൽ മതിയായ സുരക്ഷ ഒരുക്കാത്തത് ഇത്തരത്തിലുള്ള തട്ടിപ്പുകൾ വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എ.ടി.എം. കൗണ്ടറുകളിൽ ബാങ്കുകൾ മതിയായ സുരക്ഷ ഒരുക്കാത്തത് സംസ്ഥാന പോലീസിന് അധിക ബാധ്യതയുണ്ടാക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്തെ എ.ടി.എം. കൗണ്ടറുകൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് ബാങ്കുകൾ മതിയായ ജാഗ്രത കാണിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളിന്മേൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് വിദഗ്ദ്ധ പരിശോധന പൂർത്തിയാക്കി ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് കുറ്റവാളികളെ കണ്ടെത്തി അവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഇക്കാര്യത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും എ.ടി.എം. കൗണ്ടറുകൾക്ക് ആവശ്യമായ സുരക്ഷ നൽകുന്നതിന് ബാങ്ക് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും പോലീസ് പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി നോക്കി വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് എ.ടി.എം. കൗണ്ടറുകൾ കേന്ദ്രീകരിച്ച് ശക്തമായ നിരീക്ഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(സി) പരിശോധിച്ചിട്ടുണ്ട്. എ.ടി.എം കൗണ്ടറുകളിൽ മതിയായ സെക്യൂരിറ്റിക്കാരെ നിയോഗിച്ച് സുരക്ഷ ഒരുക്കുന്നതിനും എ.ടി.എം. കൗണ്ടറുകളിൽ ബാങ്ക് സ്ഥാപിച്ചിട്ടുള്ള ഡിവൈസുകൾ അല്ലാതെ മറ്റേതെങ്കിലും ഡിവൈസുകൾ അനധികൃതമായി സ്ഥാപിച്ചിട്ടുണ്ടോ

എന്ന് പരിശോധന നടത്തണമെന്നും കൂടാതെ എ.ടി.എം. കൗണ്ടറുകളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.റ്റി.വി. ദൃശ്യങ്ങൾ കൃത്യമായും പരിശോധിച്ച് അസാധാരണവും സംശയവും ഉണർത്തുന്നതുമായ ദൃശ്യങ്ങൾ ഉണ്ടോ എന്ന് കണ്ടെത്തി ആ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും, കൂടാതെ എ.ടി.എം. കൗണ്ടറുകളിൽ മതിയായ ശ്രദ്ധയും സുരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി & ഇ) മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്താത്ത എ.ടി.എം. കൗണ്ടറുകളുടെ സുരക്ഷാപരമായ കാര്യങ്ങളിൽ പോലീസിന് ഇടപെടേണ്ടിവരുന്നത് അധികഭാരമാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. ഇത്തരം സാഹചര്യം ബാങ്കുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും എല്ലാ എ.ടി.എം. കൗണ്ടറുകളിലും മതിയായ സുരക്ഷാ സംവിധാനം ഒരുക്കുവാൻ ആവശ്യമായ നിർദ്ദേശം ബാങ്ക് അധികൃതർക്ക് നൽകിയിട്ടുള്ളതുമാണ്.

## ജിഷ കൊലക്കേസ്

89(92) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ ജിഷ കൊലക്കേസന്വേഷണത്തിന്റെ ആരംഭഘട്ടത്തിൽ അലംഭാവം കാട്ടുന്നതിനും തെളിവുകൾ അവഗണിക്കുന്നതിനും നശിപ്പിക്കുന്നതിനും പോലീസിലെ ചില ഉദ്യോഗസ്ഥർ ശ്രമിച്ചിരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് വിശദമായി അന്വേഷിച്ചിരുന്നോയെന്ന് വിശദമാക്കാമോ;

(ബി) മാനസിക വൈകല്യമുള്ള ഒരു ഇതരസംസ്ഥാന തൊഴിലാളിയാണ് ഈ കുറ്റകൃത്യം ചെയ്തിട്ടുള്ളതെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ടോ ;

(സി) പ്രതിക്കുവേണ്ടി ആരംഭഘട്ടത്തിൽ പോലീസിനെ സ്വാധീനിക്കാനും നിഷ്ക്രിയരാക്കാനും ശ്രമമുണ്ടായിട്ടുണ്ടെങ്കിൽ അതിനുപിന്നിലെ ക്രിമിനൽ ശക്തികളെ കണ്ടെത്താൻ വിശദമായ അന്വേഷണത്തിന് ഉത്തരവാകുമോ?

### ഉത്തരം

(എ) ആരോപണം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജിഷാ കൊലക്കേസ് അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥരെ മാറ്റി പുതിയ അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിരുന്നു.

(ബി) ഇതരസംസ്ഥാന തൊഴിലാളിയാണ് പ്രതി. പ്രതിക്ക് മാനസിക വൈകല്യമില്ല.

(സി) പോലീസിനെ സ്വാധീനിക്കാൻ ശ്രമമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുൻ കയർഫെഡ് എം.ഡി.-യെ സംബന്ധിച്ച പരാതി

90(93) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. എ. അരുൺകുമാറിനെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ശ്രീ. വി. എ. അരുൺകുമാർ കയർഫെഡ് എം.ഡി. ആയിരിക്കെ സർക്കാരിന് നഷ്ടം വരുത്തിയെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീ. വി. എ. അരുൺ കുമാർ കയർഫെഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കെ ചേർത്തലയിലെ വെയർഹൗസ് നിർമ്മാണവുമായി ബന്ധപ്പെട്ട ആരോപണം സംബന്ധിച്ച് വി.ഇ. 11/2013/എസ്.സി.റ്റി. നമ്പർ വിജിലൻസ് അന്വേഷണം നടത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി. 03/2014/എസ്.സി.റ്റി. നമ്പർ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

(ബി-ഡി) കയർഫേഡ് മാനേജിംഗ് ഡയറക്ടർ ആയിരിക്കവെ ശ്രീ. വി. എ. അരുൺകുമാറിനെതിരെ ഉയർന്നുവന്ന വിവിധ അഴിമതി ആരോപണങ്ങളിന്മേൽ വി.ഇ.04/2011/എസ്.സി.റ്റി. നമ്പർ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

## എസ്. ആർ. അരുണിന്റെ ദുരൂഹ മരണം

91(94) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ അവനവൻചേരി അശ്വതി ഭവനിൽ എസ്. ആർ. അരുണിന്റെ ദുരൂഹ മരണം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് 6-9-2016-ന് ആക്ഷൻ കൗൺസിൽ നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആക്ഷൻ കൗൺസിൽ ജനറൽ കൺവീനർ എസ്. ശ്രീരംഗൻ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ അവനവഞ്ചേരി അശ്വതി ഭവനിൽ എസ്. ആർ. അരുണിന്റെ ദുരൂഹ മരണം അന്വേഷിക്കണമെന്നാവശ്യപ്പെട്ട് 6-9-2016-ന് ആക്ഷൻ കൗൺസിൽ നൽകിയെന്ന് പറയുന്ന നിവേദനം ലഭിച്ചിട്ടില്ല. 20-7-2016-ൽ ലഭിച്ച നിവേദനം ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ചുനൽകിയിട്ടുണ്ട്.

(ബി) 6-9-2016-ലെ നിവേദനം ലഭിക്കുന്ന മുറയ്ക്ക് അതിൻമേൽ ആവശ്യമായ അനന്തര നടപടി എടുക്കുന്നതാണ്.

**ഭരണം അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിനായി നടപടി**

92(95) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണം അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള അഴിമതിക്കേസുകളെ സംബന്ധിച്ച് സർക്കാരിന്റെ സമീപനം എന്തായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം അഴിമതിക്കേസുകളിലാണ് മന്ത്രിമാർ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അഴിമതിക്കാർക്കെതിരെ അസന്നിഗ്ദ്ധമായ നിലപാട് സ്വീകരിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) 'അഴിമതി രഹിത കേരളം ' എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ഒരു സ്വതന്ത്ര ഏജൻസിയായി പ്രവർത്തന സജ്ജമാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിയമപരവും നീതിപൂർവ്വവുമായ പ്രവർത്തനം ഉറപ്പാക്കിക്കൊണ്ടാണ് ബ്യൂറോ പ്രവർത്തിക്കുന്നത്. അഴിമതിക്ക് സാധ്യതയുള്ളതും ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടുന്നതുൾപ്പെടെയുള്ള സമസ്ത മേഖലകളിലും ഇടപെട്ടുകൊണ്ട് സർക്കാർ ഖജനാവിന് നഷ്ടം ഉണ്ടാകുന്ന തരത്തിലുള്ള അഴിമതികളെ ചെറുക്കാനും വിജിലൻസിന്റെ സഹകരണം തേടുന്ന രീതിയിലുള്ള കർമ്മ പദ്ധതികൾക്ക് തുടക്കം കുറിക്കും. കുറ്റാന്വേഷണത്തിൽ പരിപാലിക്കേണ്ട രഹസ്യാത്മകമായ വിവരങ്ങൾ ഒഴിച്ച് മറ്റെല്ലാ ഘട്ടങ്ങളിലും സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടാവും പ്രവർത്തിക്കുക.

(ബി) അഴിമതിക്കേസുകളുമായി ബന്ധപ്പെട്ട് കോടതികളിൽ നിന്നുണ്ടാകുന്ന ഉത്തരവുകൾ പ്രാവർത്തികമാക്കുമെന്ന് ഉറപ്പുവരുത്തുകയും എന്നാൽ ഏതെങ്കിലും കാരണത്താൽ അത്തരത്തിലുള്ള ഉത്തരവുകൾ നിയമപരമോ നീതിയുക്തമോ അല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ യുക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. അതോടൊപ്പം എല്ലാ അഴിമതിക്കേസ്സുകളിലും നിയമപരവും നീതിപൂർവ്വവുമായ അന്വേഷണവും തുടർനടപടികളും ഉറപ്പാക്കുന്നതുമാണ്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) അഴിമതിക്കെതിരെ അസന്നിദ്ധമായ നിലപാട് സ്വീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അത് നടപ്പാക്കും.

**പ്ലസ് വൺ പ്രവേശനത്തിന് തലവരിപ്പണം**

93(96) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ എരുമേലി സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ മാനേജ്മെന്റ് പ്ലസ് വൺ പ്രവേശനത്തിന് വാങ്ങിയ തലവരിപ്പണം തിരികെ ലഭിക്കുന്നതിനായി കുമാരി ഷിഫാന ഫാത്തിമ എന്ന കുട്ടിയുടെ പിതാവ് ശ്രീ. സലീം, കണ്ണൻകര വീട്, എരുമേലി, കോട്ടയം എന്നയാൽ 5-8-2016-ാം തീയതി ഒരു എം.എൽ.എ.-യുടെ ശിപാർശ കത്തോടുകൂടി (Letter No.MLA PNJR/GP/33/2016-17) വിദ്യാഭ്യാസ മന്ത്രിക്ക്നൽകിയ പരാതി 2016 ആഗസ്റ്റ് മാസം അവസാനം മുഖ്യമന്ത്രിക്ക് അടിയന്തര നടപടിക്കായി നൽകിയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിയ്ക്കുമോ ;

(ബി) കേരളത്തിലെ പല വിദ്യാഭ്യാഭ്യാസ മാനേജ്മെന്റുകളും തലവരിപ്പണം വാങ്ങുന്നതിനാൽ അവ കൊടുക്കാൻ സാധിക്കാത്ത മിടുക്കരായ പല പാവപ്പെട്ട വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് പോകുവാൻ സാധിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ തലവരിപ്പണം വാങ്ങുന്ന മാനേജ്മെന്റുകളുടെ വിവരം വെളിപ്പെടുത്താൻ പല രക്ഷിതാക്കളും മടികാണിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവരുവാൻ ഇതുസംബന്ധിച്ച് പോലീസ് വകുപ്പിനെകൊണ്ട് അടിയന്തര അന്വേഷണം നടത്തുവാൻ സർക്കാർ തയ്യാറാകുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി പ്രവേശനത്തിന് എരുമേലി സെന്റ് തോമസ് ഹൈസ്കൂൾ മാനേജ്മെന്റ് 50,000 രൂപ കോഴ വാങ്ങിയതായി ആരോപിച്ച് ശ്രീ. സലിം കണ്ണൻകര ശ്രീ. പി. സി. ജോർജ് എം.എൽ.എ. മുഖാന്തരം സമർപ്പിച്ച പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് അടിയന്തരമായി സർക്കാരിലേക്ക് സമർപ്പിക്കുവാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) തലവരിപ്പണം വാങ്ങുന്ന മാനേജ്മെന്റുകൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ദേശീയ വനിതാ കമ്മീഷന്റെ കേരള സന്ദർശനം**

94(97) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സന്ദർശനം നടത്തിയ ദേശീയ വനിതാ കമ്മീഷൻ മുൻപാകെ പരാതി നൽകാനും പ്രശ്നങ്ങൾ അവതരിപ്പിക്കാനും ആർ.എസ്.എസ്. ഒഴികെയുള്ള സംഘടനാ പ്രതിനിധികൾക്ക് അനുമതി നിഷേധിച്ചതായി പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്മീഷൻ പക്ഷപാതപരമായി പെരുമാറിയതായി പറയപ്പെടുന്ന സംഭവം കേരളത്തിലെ സ്ത്രീ സമൂഹത്തിന് നീതി നിഷേധിക്കലാവുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മാധ്യമ റിപ്പോർട്ടുകൾ ഉണ്ടായിരുന്നെങ്കിലും ഇതുസംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

95(98) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള നടപടി പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സർക്കാർ പരിശോധനയിലാണ്.

**വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ പരിശീലനം**

96(99) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ അംഗ സംഖ്യ എത്ര ശതമാനമാണ്;

(ബി) ആയത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വനിതാ സിവിൽ പോലീസ് (ട്രെയിനി) ഓഫീസർമാർക്ക് നിലവിൽ എത്ര കേന്ദ്രങ്ങളിൽ പരിശീലനം നൽകി വരുന്നുണ്ട്;

(ഡി) പരിശീലന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുമോ?

<u>ഉത്തരം</u>

(എ) വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ അംഗസംഖ്യ പോലീസ് സേനയുടെ 6 % ആണ്.

(ബി) പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി 25-8-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 169/14/ആഭ്യന്തരം പ്രകാരം നേരിട്ടുള്ള നിയമത്തിനായി 60 വനിതാ സബ്ഇൻസ്പെക്ടർമാരുടെയും 250 വനിതാ പൊലീസ് കോൺസ്റ്റബിൾമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, 485 തസ്തികകളിൽ വനിതാ പോലീസ് കോൺസ്റ്റബിൾ ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമന ശിപാർശ പി.എസ്.സി.-യിൽനിന്നും ലഭിച്ചിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ വനിതാ സിവിൽ പോലീസ് ട്രെയിനികൾക്ക് കേരളാ പോലീസ് അക്കാദമിയിൽ മാത്രമാണ് പരിശീലനം നൽകിവരുന്നത്.

(ഡി) നിലവിൽ വനിതാ പോലീസ് കോൺസ്റ്റബിൾ ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിന് കേരളാ പോലീസ് അക്കാദമിയിൽ മതിയായ സൗകര്യം നിലവിലുണ്ട്.

## കേരളാ പോലീസിന്റെ പിങ്ക് പട്രോൾ

97(100) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്ത്രീ സുരക്ഷയ്ക്കായി കേരളാ പോലീസിന്റെ പിങ്ക് പട്രോൾ എന്നാണ് നിലവിൽ വന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എത്ര വനിതാ പോലീസ് ഓഫീസർമാരെയാണ് നിയമിച്ചിട്ടുള്ളത്; ഏതൊക്കെ തസ്തികകളിലാണെന്ന് വിശദമാക്കുമോ;

(സി) കേരളത്തിൽ ഇപ്പോൾ ഏതൊക്കെ ജില്ലകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) കേരളത്തിലെ മുഴുവൻ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നിലവിൽ വന്നശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പിങ്ക് പട്രോൾ സംവിധാനം 15-8-2016-മുതൽ തിരുവനന്തപുരം സിറ്റിയിൽ നിലവിൽ വന്നു. പിങ്ക് പോലീസ് പട്രോൾ സഹായത്തിനും വിവരങ്ങൾ അറിയിക്കുന്നതിനും 1515 എന്ന നമ്പരിലേക്ക് വിളിക്കാവുന്നതാണ്.

| | | |
|---|---|---|
| (ബി) | കമാണ്ടർ (വനിതാ പോലീസ് ഓഫീസർ) | - 6 |
| | ഡ്യൂട്ടി പേഴ്സൺ | - 12 |
| | ഡ്രൈവർ | - 9 |

പിങ്ക് കൺട്രോൾ റൂം ഡ്യൂട്ടി- 4 എന്നിവരുൾപ്പെടെ ആകെ വനിതാ പോലീസുദ്യോഗസ്ഥർ- 31

(സി) നിലവിൽ തിരുവനന്തപുരം സിറ്റിയിൽ പിങ്ക് പോലീസ് പട്രോൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ഇ) തിരുവനന്തപുരം സിറ്റിയിൽ പിങ്ക് പട്രോൾ പദ്ധതി നടപ്പാക്കിയതിനുശേഷം സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

## മുൻ മുഖ്യമന്ത്രിയുടെ ബന്ധുവിന് അനുവദിച്ച ഭൂമി

98(101) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അവസ്ഥ എന്താണ്;

(ബി) പ്രസ്തുത കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കേസ്സിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ഷേർണി വില്ലേജിലെ 2.33 ഏക്കർ സർക്കാർ ഭൂമി ചട്ടങ്ങൾ മറികടന്ന് ശ്രീ. റ്റി. കെ. സോമൻ എന്നയാൾക്ക് പതിച്ചുനൽകി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി. 1/2012/കെ.എസ്.ഡി. നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയായി. എന്നാൽ കേസിന്റെ പ്രഥമ വിവര റിപ്പോർട്ട് റദ്ദാക്കുന്നതിനായി 1-ഉം 5-ഉം കുറ്റാരോപിതർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജി (സി) നമ്പർ 21529/12 കോടതി അനുവദിക്കുകയും ഇതിനെതിരെ സംസ്ഥാന സർക്കാർ 2138/12 നമ്പറായി റിട്ട് അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തു. ഈ റിട്ട് അപ്പീലിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ നിലനിൽക്കുകയാണ്.

(ബി&സി) വിഷയം ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലായതിനാൽ വിശദാംശങ്ങൾ നൽകുവാൻ കഴിയുകയില്ല.

## ചെറായി എ.കെ.ജി. വായനശാല നശിപ്പിച്ച സംഭവം

99(102) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി എ.കെ.ജി. വായനശാലയും തൊട്ടടുത്ത കടമുറികളും തീവച്ച് നശിപ്പിച്ച സംഭവത്തിൽ നടന്നുവരുന്ന അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തത് എന്നുമുതലാണെന്ന് വ്യക്തമാക്കാമോ;

(സി) കേസ് സംബന്ധിച്ച് എന്നത്തേക്ക് കുറ്റപത്രം സമർപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) മുനമ്പം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 985/2015 എന്ന കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് Cr.No.09/Cr/OCW-II/EKM/2016 ആയി റീ നമ്പർ ചെയ്ത് 20-2-2016 മുതൽ അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിന്റെ ഭാഗമായി നാളിതുവരെ എഴുപതോളം സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും സംശയിക്കപ്പെടുന്നവരുടെ മൊബൈൽ ഫോൺകോൾ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും കൃത്യസ്ഥലത്തുനിന്നും ശേഖരിച്ച വസ്തുക്കളുടെ സാമ്പിളുകൾ ശാസ്ത്രീയ പരിശോധനയ്ക്ക് തിരുവനന്തപുരം ഫോറൻസിക് സയൻസ് ലാബിലേക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

(സി) അന്വേഷണം പുരോഗമിക്കുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്.

**പോലീസ് വാഹനം നടപ്പാതയിൽ പാർക്ക് ചെയ്തതിനെതിരെ നടപടി**

100(103) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) KL 01 BB 7549 എന്ന നമ്പരുള്ള പോലീസ് വാഹനം ഫ്ലാഗ് വഹിച്ച് 16-6-2016-ന് ബേക്കറി ജംഗ്ഷനടുത്ത് നടപ്പാതയിൽ കയറ്റി പാർക്ക് ചെയ്ത ദൃശ്യം മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വാഹനം ഏത് ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ആവശ്യത്തിനാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കാൽനടക്കാരന്റെ അവകാശം ലംഘിച്ച് കൊടിവച്ച പോലീസ് വാഹനം പാർക്ക് ചെയ്തതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി &സി) KL 01 BB 7549 എന്ന വാഹനം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ എസ്കോർട്ട് ഡ്യൂട്ടിക്കായിട്ടാണ് നൽകിയിട്ടുള്ളത്. ഈ വാഹനം നിയമലംഘനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചീമേനി തുറന്ന ജയിലിലെ ആശുപത്രി**

101(104) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനി തുറന്ന ജയിലിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ആശുപത്രിയുടെ സേവനം സമീപവാസികൾക്ക് കൂടി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ജയിൽ കെട്ടിടത്തിന്റെ ഭാഗമായിട്ടാണ് ആശുപത്രി പ്രവർത്തിക്കുന്നത് എന്നുള്ളതുകൊണ്ട് ജയിൽ സുരക്ഷയെ ബാധിക്കുമെന്നുള്ളതിനാൽ ആശുപത്രിയുടെ സേവനം സമീപവാസികൾക്ക് ലഭ്യമാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പോലീസ് സേനയുടെ വാഹനങ്ങൾ**

102(105) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിൽ പോലീസ് സേനയുടെ വാഹനങ്ങൾ ജീവനക്കാരെ ജോലിക്കും തിരിച്ച് വീട്ടിലേക്കും എത്തിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതിനായി വകുപ്പിലെ ഏതൊക്കെ ഓഫീസുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നല്കുമോ;

(ബി) എങ്കിൽ പ്രസ്തുത അനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പോലീസ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരെ ജോലിക്കും തിരിച്ച് വീട്ടിലേക്കും കൊണ്ടുപോകുന്നതിന് വാഹനം നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

**പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവർ**

103(106) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) അത്തരത്തിലുള്ള എത്ര പേർ സേനയിലുണ്ടെന്ന് വിശദമാക്കുമോ;

(സി) സേനയിൽ തുടരുമ്പോഴും ക്രമവിരുദ്ധ പ്രവർത്തികളിൽ ഏർപ്പെടുന്ന ഇത്തരക്കാരെ മാറ്റി നിർത്തി അന്വേഷണം നടത്തുന്നതിനും മാതൃകാപരമായ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) പോലീസ് സേനാംഗങ്ങൾ ക്രിമിനൽ കേസുകളിൽ പ്രതികളായി ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും അവരുടെ കണക്കുകൾ പോലീസ് ആസ്ഥാനത്ത് സർക്കുലർ നമ്പർ 29/2011 തീയതി 9-9-2011 പ്രകാരം 1-7-2011 മുതൽ ശേഖരിച്ച് വരുന്നുണ്ട്. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം നിലവിൽ ക്രിമിനൽ കേസ്സുകളിൽ പ്രതികളായി ഉൾപ്പെട്ടിട്ടുള്ള 872 പേർ പോലീസ് സേനയിൽ ഉണ്ട്.

(സി) ക്രിമിനൽ കേസുകളിൽ പ്രതികളാകുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കുറ്റകൃത്യത്തിന്റെ കാഠിന്യം അനുസരിച്ച് സർവ്വീസിൽനിന്ന് മാറ്റി നിർത്തുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതോടോപ്പം തന്നെ വകുപ്പുതല അച്ചടക്കനടപടികളും സ്വീകരിച്ചുവരുന്നു.

### പോലീസ് വകുപ്പിലെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ

104(107) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫറിന് ആസ്പദമായ സർക്കാർ ഉത്തരവ് ഏതാണ്; പകർപ്പ് ലഭ്യമാക്കാമോ;

(ബി) 1989-2016 കാലഘട്ടത്തിലെ ഓരോ വർഷവും ആലപ്പുഴ ലോക്കൽ വിഭാഗത്തിൽ പോലീസുകാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(സി) 1989-2016 കാലഘട്ടത്തിലെ ഓരോ വർഷവും ആലപ്പുഴ ജില്ലാ എ.ആർ.-ലേക്ക് എത്ര പോലീസുകാർക്ക് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്;

(ഡി) പ്രസ്തുത കാലഘട്ടത്തിലെ ഓരോ വർഷവും കൊല്ലം ലോക്കൽ വിഭാഗത്തിൽ പോലീസുകാരുടെ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ഇ) പ്രസ്തുത കാലഘട്ടത്തിലെ ഓരോ വർഷവും കൊല്ലം ജില്ലാ എ.ആർ.-ലേക്ക് എത്ര പോലീസുകാർക്ക് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ നൽകിയിട്ടുണ്ട്;

(എഫ്) ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ നീതിയുക്തമായും സുതാര്യമായും നടത്തുന്നതിന് പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുമോ;

(ജി) 1989 മുതൽ 2016 മാർച്ച് വരെ കെ.എ.പി. III ബറ്റാലിയനിൽ നിന്നും ആലപ്പുഴ, കൊല്ലം എ.ആർ. ക്യാമ്പുകളിലേക്ക് ഓരോ (DPHQ)വർഷവും ട്രാൻസ്ഫർ മുഖാന്തരം എത്ര സേനാംഗങ്ങൾ എത്തിയിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പോലീസ് വകുപ്പിൽ 2-12-1991-ലെ ജി.ഒ. (പി) നമ്പർ 36/91/പി& എ.ആർ.ഡി. പ്രകാരമാണ് അന്തർ ജില്ലാ സ്ഥലംമാറ്റം നടക്കുന്നത്. പകർപ്പ് അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.*

(ബി) ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 1991 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ ഓരോ വർഷവും ആലപ്പുഴ ജില്ലയിൽ ലോക്കൽ വിഭാഗത്തിൽ ഉണ്ടായിട്ടുള്ള പോലീസുകാരുടെ (എച്ച്.സി/പി.സി.) ഒഴിവിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

(സി) 1989 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ ഓരോ വർഷവും ആലപ്പുഴ ജില്ലാ എ. ആർ. ക്യാമ്പിലേക്ക് ട്രാൻസ്ഫർ ആയ പോലീസുകാരുടെ വിവരങ്ങൾ അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു.*

(ഡി) 1989 മുതൽ 2016 വരെയുള്ള പ്രസ്തുത കാലഘട്ടത്തിൽ ഓരോ വർഷവും കൊല്ലം ലോക്കൽ വിഭാഗത്തിൽ ഉണ്ടായിട്ടുള്ള പോലീസുകാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം നാലായി ചേർത്തിരിക്കുന്നു.*

(ഇ) പ്രസ്തുത കാലയളവിൽ ഓരോ വർഷവും കൊല്ലം ജില്ലാ എ.ആർ.-ലേക്ക് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ ആയിട്ടുള്ള പോലീസുകാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം അഞ്ചായി ചേർത്തിരിക്കുന്നു.*

(എഫ്) നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അന്തർ ജില്ലാ സ്ഥലംമാറ്റം നടപ്പാക്കുന്നത്. ഇത് നീതിയുക്തമായും സുതാര്യമായിരിക്കുന്നതിനു വേണ്ടി സ്ഥലമാറ്റത്തിൽ അപാകതകളോ പരാതികളോ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിച്ചതിനുശേഷം മാത്രമാണ് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നത്.

(ജി) 1989 മുതൽ 2016 മാർച്ച് വരെ കെ.എ.പി. III ബറ്റാലിയനിൽനിന്നും ഓരോ (DPHQ) വർഷവും ആലപ്പുഴ, കൊല്ലം, എ.ആർ. ക്യാമ്പുകളിലേക്ക് ട്രാൻസ്ഫർ ആയിട്ടുള്ള സേനാംഗങ്ങളുടെ വിവരം അനുബന്ധം ആറായി ചേർത്തിരിക്കുന്നു.*

**പോലീസ് സ്റ്റേഷൻ പ്രവർത്തനം**

105(108) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ 8-ന് അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ എവിടെയെല്ലാമാണ് പുതിയതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനിയുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നഗരൂരിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അച്ചൻകോവിൽ, കയ്പമംഗലം, കൊപ്പം, തൊണ്ടർനാട്, നഗരൂർ, പിണറായി, പുത്തൂർ.

(ബി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിലേക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സമർപ്പിച്ചിട്ടുള്ള വർക്ക്- സ്റ്റഡി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) നഗരൂരിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**പാറാവു നിൽക്കുന്ന പോലീസുകാരുടെ ബുദ്ധിമുട്ടുകൾ**

106(109) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന കെട്ടിട സമുച്ചയങ്ങൾ, പൊതുനിരത്തുകൾ എന്നിവിടങ്ങളിൽ പാറാവു നിൽക്കുന്നവരടക്കമുള്ള പോലീസുകാരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനിതാ പോലീസ് ഉൾപ്പെടെയുള്ളവർക്ക് പ്രാഥമിക ആവശ്യങ്ങൾക്കും വിശ്രമത്തിനുമായി താത്കാലിക സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഓഫീസ് സമുച്ചയങ്ങൾ അടക്കമുള്ള ഇടങ്ങളിൽ ഡ്യൂട്ടിയുടെ ഭാഗമായാണ് പോലീസുകാർക്ക് പാറാവുനിൽക്കേണ്ടിവരുന്നത്. ടി സന്ദർഭങ്ങളിൽ വനിതാ പോലീസ് ഉൾപ്പെടെയുള്ളവർക്ക് പ്രാഥമിക ആവശ്യ നിർവ്വഹണത്തിനും മറ്റുമുള്ള താത്കാലിക സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് സേനാംഗങ്ങളായ ഡ്രൈവർമാരുടെ സേവനം**

107(110) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക വാഹനം ഓടിക്കാൻ നിയോഗിക്കപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്ക് തുടർച്ചയായി എത്ര വർഷമാണ് അതേ വാഹനം തന്നെ ഓടിക്കാൻ അനുമതി നൽകാറുള്ളത്;

(ബി) അവരെ മാറ്റി നിയോഗിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) പോലീസ് സേനാംഗങ്ങളല്ലാത്തവരെ ഔദ്യോഗിക വാഹനം ഓടിക്കുന്നതിന് നിയോഗിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് അവരെ നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പോലീസ് സേനാംഗങ്ങളായ ഡ്രൈവർമാരെ നിശ്ചിത കാലപരിധി നിശ്ചയിച്ച് എല്ലാ വിഭാഗത്തിലെയും വാഹനങ്ങൾ ഓടിക്കാൻ സൗകര്യം ലഭിക്കത്തക്ക രീതിയിൽ സ്ഥലംമാറ്റം നൽകണമെന്ന് നിർദ്ദേശിക്കുമോ?

<u>ഉത്തരം</u>

(എ) പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല.

(ബി) ഡ്രൈവർമാരുടെ കഴിവും മികവും പരിഗണിച്ചാണ് മാറ്റി നിയമിക്കുന്നത്. കൂടാതെ ഡ്രൈവർമാരുടെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷയും മുൻഗണനാക്രമവും പരിഗണിച്ചും സ്ഥലംമാറ്റി നിയോഗിക്കാറുണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യത്തിൽ പുതിയ നിർദ്ദേശം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വോയിസ് റെക്കോർഡിംഗ് വഴി മൊഴി രേഖപ്പെടുത്തൽ**

108(111) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ മൊഴികൾ എഴുതിയെടുക്കുന്നതിലും പകർത്തി എഴുതുന്നതിലും തെറ്റുകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വോയിസ് റെക്കോർഡിംഗ് വഴി മൊഴി രേഖപ്പെടുത്തുന്ന സംവിധാനം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രസ്തുത സംവിധാനം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രമാദമായ കേസ്സുകളിൽ ആവശ്യമെന്ന് കാണുന്നപക്ഷം മൊഴി രേഖപ്പെടുത്തുമ്പോൾ വോയിസ് റിക്കോർഡിംഗും വീഡിയോ റിക്കോർഡിംഗും ഉപയോഗിച്ച് വരുന്നുണ്ട്.

**ഇരുചക്ര വാഹന യാത്രക്കാരിൽനിന്ന് പിഴ ഈടാക്കുന്ന നടപടി**

109(112) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ച് വാഹനമോടിക്കുന്നവരെയും മൊബൈൽ ഫോണിൽ സംസാരിച്ച് അമിത വേഗത്തിൽ വാഹനമോടിക്കുന്നവരെയും ഒഴിവാക്കി ഹെൽമറ്റ് ധരിക്കാത്ത ഇരുചക്ര വാഹനക്കാരെ മാത്രം പിടികൂടി പോലീസ് പിഴ ഈടാക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 വർഷത്തിൽ ഹെൽമറ്റ് ധരിക്കാത്ത എത്ര ഇരുചക്ര വാഹന യാത്രക്കാർക്കെതിരെ ഫൈൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) അതേ കാലയളവിൽ മദ്യപിച്ചും മറ്റും വാഹനം ഓടിച്ചവരും അമിത വേഗത്തിൽ വാഹനമോടിച്ചവരുമായ എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2016 സെപ്റ്റംബർ 15 വരെ ഹെൽമറ്റ് ധരിക്കാത്ത 13,96,431 ഇരുചക്ര വാഹന യാത്രക്കാർക്കെതിരെ ഫൈൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2016 സെപ്റ്റംബർ 15 വരെ മദ്യപിച്ച് വാഹനം ഓടിച്ചതിന് 1,47,000 പേർക്കും അമിത വേഗത്തിൽ വാഹനമോടിച്ചതിന് 2,26,248 പേർക്കുമെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷ**

110(113) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ചുറ്റുവട്ടത്തെ അനധികൃത നിർമ്മിതികൾ ക്ഷേത്രത്തിന്റെയും അതിലെ സ്വത്തുവകകളുടെയും സുരക്ഷയ്ക്ക് ഗുരുതരഭീഷണി ഉയർത്തുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ:

(ബി) ആഗസ്റ്റ് മാസത്തിൽ ക്ഷേത്ര പരിസരത്തെ കച്ചവട സ്ഥാപനത്തിലുണ്ടായ തീപിടിത്തവും അത് നിയന്ത്രിക്കാൻ അഗ്നി സുരക്ഷാ വകുപ്പ് അനുഭവിക്കേണ്ടിവന്ന പ്രതിസന്ധികളും ശ്രദ്ധയിൽ വന്നിട്ടുണ്ടോ; തീപിടിത്തത്തിൽ വന്ന നഷ്ടം എത്രയാണ്;

(സി) ക്ഷേത്രത്തിന്റെ പരിസരത്തും സമീപപ്രദേശങ്ങളിലുമുള്ള അനധികൃത നിർമ്മിതികൾ കണ്ടെത്താൻ നഗരാസൂത്രണ വകുപ്പിലെ ഒരു സംഘത്തെക്കൊണ്ട് പരിശോധന നടത്താനും, കച്ചവട സ്ഥാപനങ്ങളും, ഗോഡൗണുകളും നൂറുമീറ്റർ പരിധിയിൽ നിന്നും മാറ്റാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ചുറ്റുവട്ടത്തെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ ആയവ നിർത്തിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി ജില്ലാ അധികാരിക്കും മുഖ്യ നഗര ആസൂത്രകനും നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന് സമീപം സ്ഥിതി ചെയ്യുന്ന എല്ലാ കെട്ടിടങ്ങളിലേയും അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അഗ്നി സുരക്ഷാ വകുപ്പ് കണക്കാക്കിയ ഏകദേശ നഷ്ടം 2 കോടി 30 ലക്ഷം രൂപയോളമാണ്.

(സി) നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

**ആദിവാസി കോളനിയിൽ യുവതികളെ പീഡിപ്പിച്ച കേസ്**

111(114) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ വെള്ളമുണ്ടയിലെ ആദിവാസി കോളനിയിൽ ഭർത്താക്കന്മാരെ കത്തിമുനയിൽ നിർത്തി യുവതികളെ പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംഭവത്തിലെ പ്രതികളെയെല്ലാം അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇവർക്കെതിരെ ഏതെല്ലാം വകുപ്പുപ്രകാരമാണ് കേസെടുത്തിട്ടുള്ളത്;

(സി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം വിശദമാക്കാമോ; ആയതിന്റെ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വയനാട്ടിൽ വെള്ളമുണ്ടയിലെ ആദിവാസി കോളനിയിൽ ഭർത്താക്കന്മാരെ കത്തിമുനയിൽ നിർത്തി യുവതികളെ പീഡിപ്പിച്ച സംഭവം നടന്നിട്ടില്ല. എന്നാൽ

17-7-2016-ൽ പുലർച്ചെ 5 മണിക്ക് വയനാട് വെള്ളമുണ്ട സ്റ്റേഷൻ പരിധിയിൽ വാളാരംകുന്ന് പണിയ കോളനിയിൽ ഇതര സമുദായക്കാരായ ശ്രീ. നാസർ, ശ്രീ. അനിൽ കുമാർ എന്നിവർ കോളനിയിലെ വീട്ടിൽ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തി ബലാൽസംഗം ചെയ്തു എന്ന് ആരോപിച്ചുകൊണ്ട് കോളനി നിവാസികളായ ശ്രീമതി ലീല W/o ശങ്കരൻ, ശ്രീമതി മഞ്ജുള W/o മണി എന്നിവർ നൽകിയ പരാതികളിന്മേൽ വെള്ളമുണ്ട പോലീസ് സ്റ്റേഷനിൽ യഥാക്രമം (1) Cr. No. 351/16 U/s 450, 506(II)[ 376 IPC and 3(1)(XI)3(2)(V) of SC/ST POA Act, (2)Cr.No.352/16 U/s 450, 506(II), 376 IPC and 3(1)(XI)3(2)(V)of SC/ST POA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. ഈ കേസിൽ ബലാത്സംഗം നടന്നിട്ടില്ല എന്ന് അന്വേഷണത്തിൽ വെളിവായതിന്റെ അടിസ്ഥാനത്തിൽ രണ്ടു കേസ്സുകളിലേയും സെക്ഷൻ 376 IPC കുറവു ചെയ്തിട്ടുണ്ട്.

(സി) 17-7-2016-ൽ കോളനിയിൽ കള്ള് കുടിച്ച് ബഹളമുണ്ടാക്കിയെന്നുള്ള കോളനിവാസികളുടെ പരാതിയിന്മേൽ അന്നത്തെ വെള്ളമുണ്ട എസ്.എച്ച്.ഒ. ആയിരുന്ന എസ്. ഐ. ശ്രീ. എ. കെ. ജോണി നേരിട്ടുപോയി അന്വേഷണം നടത്തിയിട്ടുള്ളതും ആയതിന്മേൽ നിയമനടപടികൾ സ്വീകരിക്കാത്തതിന്റെ പേരിൽ ടിയാനെ കണ്ണൂർ ഐ.ജി.പി.-യുടെ 23-7-2016-ലെ എ 2(എ)11742/16 (കെ ആർ)-ാം നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. പിന്നീട് 20-7-2016-ൽ പരാതിക്കാർ തന്ന മൊഴിയുടെ അടിസ്ഥാനത്തിലാണ് പ്രതികൾക്കെതിരെ നിലവിലുള്ള വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

## തിരൂർ ഉണ്ണ്യാലിലെ അക്രമം

112(115) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിലെ ഉണ്ണ്യാലിൽ അക്രമിസംഘം തദ്ദേശവാസികളുടെ വീടുകളും, വാഹനങ്ങളും തകർക്കുകയും വീടുകൾ കൊള്ളയടിക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, എത്ര പേരെ പ്രതികളാക്കിയിട്ടുണ്ടെന്നും അതിൽ എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ സംഭവം ആസൂത്രിതമായതായിരുന്നോ; എങ്കിൽ അതിന്റെ ഉദ്ദേശ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രതികൾ ഏതു പാർട്ടിയിൽ പെട്ടവരാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; പ്രതികൾക്കെതിരെ ഏതൊക്കെ കുറ്റങ്ങൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ഡി) അക്രമത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 60 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ എല്ലാംകൂടി 457 പ്രതികൾ ഉള്ളതും ഇതിൽ 141 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) നിയമസഭാ ഇലക്ഷൻ പ്രഖ്യാപിച്ചതിനുശേഷം ഉണ്ണ്യാൽ മേഖലയിൽ മുസ്ലീംലീഗ്, സി.പി.ഐ (എം) പ്രവർത്തകർക്കിടയിൽ ഉണ്ടായ രാഷ്ട്രീയ വൈര്യമാണ് പ്രസ്തുത അനിഷ്ട സംഭവങ്ങൾക്ക് കാരണമെന്ന് അറിവായിട്ടുണ്ട്.

(സി) ഇത് അന്വേഷണാവസ്ഥയിലാണ്. പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 145, 147, 148, 283, 323, 324,332, 308, 427,448,395, 294 (b), 379, 307, 435, 447, 506 (ii), 506 എന്നീ വകുപ്പുകളും ഇന്ത്യൻ ആയുധ നിയമത്തിലെ 27-ാം വകുപ്പ് പ്രകാരവും പൊതുമുതൽ നശിപ്പിക്കൽ നിരോധന നിയമത്തിലെ 3 (1) വകുപ്പുകൾ പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**തിരൂർ മണ്ഡലത്തിലെ അക്രമ സംഭവങ്ങൾ**

113(116) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ തെരഞ്ഞെടുപ്പിനു ശേഷം ഇതേവരെ തിരൂർ മണ്ഡലത്തിൽ കൊലപാതകം, വീടുകൾ നശിപ്പിക്കുക, വാഹനങ്ങൾ നശിപ്പിക്കുക ആളുകളെ ആക്രമിക്കുക തുടങ്ങിയവയുൾപ്പെടെയുള്ള എത്ര അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ അക്രമ സംഭവങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഓരോ കേസ്സിലും എത്ര പ്രതികളുണ്ട്; പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലം വെളിപ്പെടുത്തുമോ;

(ഡി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനുശേഷം തിരൂർ മണ്ഡലത്തിൽ 70 അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 70 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 2 കൊലപാതക കേസുകളിൽ 2 പ്രതികളുണ്ട്. ഇവർക്ക് രാഷ്ട്രീയ പശ്ചാത്തലമില്ല. 24 വീടുകൾ നശിപ്പിച്ച കേസുകളിൽ 251 പ്രതികളുണ്ട്. ഇതിൽ 81 പേർ മുസ്ലീംലീഗ് പ്രവർത്തകരും 170 പേർ സി.പി.ഐ. (എം) പ്രവർത്തകരുമാണ്. മേൽ കേസ്സുകളിലെ പ്രതികളടക്കം 70 കേസുകളിലായി 801 പേർ പ്രതികളായിട്ടുണ്ട്. ഇതിൽ 469 മുസ്ലീംലീഗ് പ്രവർത്തകരും 192 സി.പി.ഐ. (എം) പ്രവർത്തകരും 22 ബി.ജെ.പി. പ്രവർത്തകരും രാഷ്ട്രീയ ബന്ധമില്ലാത്ത 118 പേരും പ്രതികളായിട്ടുണ്ട്.

(ഡി) 70 കേസ്സുകളിലായി 100 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവരിൽ ആരെയും ശിക്ഷിച്ചിട്ടില്ല.

**കഞ്ചാവ്-മയക്കുമരുന്ന് വിൽപ്പന**

114(117) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും വിൽപ്പനയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് സംബന്ധമായി എത്ര പേർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസുകളിൽപെടുന്നവർക്ക് നിയമത്തിന്റെ പഴുതിലൂടെ രക്ഷപ്പെടാൻ കഴിയാത്തവിധം നിയമം കർശനമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കഞ്ചാവ്, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം മുതലായവയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 22-9-2016 വരെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത 963 കേസ്സുകളിലായി 1073 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) എൻ.ഡി.പി.എസ്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985-ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ലാവലിൻ കേസ്

115(118) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാവലിൻ കേസ്സിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) കേസിൽ ആരെയെല്ലാമാണ് കുറ്റവിമുക്തരാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് ഇവർക്കെതിരെ കേസ് എടുത്തിരുന്നതെന്ന് കേസ്സിലെ സെഷൻ സഹിതം വിശദമാക്കുമോ?

ഉത്തരം

(എ) പ്രതികളെ ഡിസ്ചാർജ് ചെയ്തതിനെതിരെ സി.ബി.ഐ. നൽകിയ റിവിഷൻ ഹർജി ഹൈക്കോടതിയിൽ നിലവിലുണ്ട്.

(ബി) കേസ്സിൽ 6-ഉം 9-ഉം പ്രതികൾ ഒഴികെയുള്ള മറ്റെല്ലാ പ്രതികളെയും കുറ്റവിമുക്തരാക്കിയിട്ടുണ്ട്.

(സി) അഴിമതി നിരോധന നിയമത്തിലെ 13(1)(d), 13(2) എന്നീ വകുപ്പുകളും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 120 B, 420 എന്നീ വകുപ്പുകളുമാണ് പ്രതികൾക്കെതിരെ ആരോപിച്ചിട്ടുള്ളത്.

## പോലീസിനു നേരെ ഗുണ്ടാ ആക്രമണം

116(119) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗുണ്ടാ ആക്രമണത്തിൽ എത്ര പോലീസുകാർക്ക് പരിക്കേറ്റു എന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് പോലീസിനു നേരെ ഗുണ്ടാ ആക്രമണം ഉണ്ടായത്;

(സി) പ്രസ്തുത കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേരാണെന്നും അവർക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്എന്നും വെളിപ്പെടുത്തുമോ ;

(ഡി) ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കുമെതിരെ കർശന നിലപാട് സ്വീകരിക്കാത്തതുമൂലമാണ് പൊലീസുകാർക്ക് നേരെ പോലും ഗുണ്ടാ ആക്രമണം ഉണ്ടാകുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഒരു ഗുണ്ടാ ആക്രമണം റിപ്പോർട്ട് ചെയ്തിട്ടുള്ളതും ഇതിൽ 4 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തൃശ്ശൂർ സിറ്റിയിലെ ഒല്ലൂർ പോലീസ് സ്റ്റേഷനുനേരെയാണ് ഗുണ്ടാ ആക്രമണമുണ്ടായത്.

(സി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിലെ 3 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. *

(ഡി) ഗുണ്ടകൾക്കും സാമൂഹ്യ വിരുദ്ധർക്കുമെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇവരുടെ പ്രവർത്തനങ്ങൾ അടിച്ചമർത്തുന്നതിനായി ഊർജ്ജിത പോലീസ് പട്രോളിംഗും പോലീസ് നിരീക്ഷണവും ശക്തിപ്പെടുത്തിയും കുറ്റക്കാർക്കെതിരെ കാപ്പ നിയമങ്ങൾ അനുസരിച്ചുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**ഔദ്യോഗിക വാഹന ദുരുപയോഗം**

117(120) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലങ്ങളിൽ ആരാധനയ്ക്കെത്തുന്നതിന് ഉന്നത പോലീസ് ഉദ്യോഗസ്ഥരടക്കമുള്ള ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക വാഹനം അനുവദനീയമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് എസ്കോർട്ട് സംവിധാനം പുതുതായി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുമതി ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) തലസ്ഥാനത്ത് പോലീസ് വകുപ്പിന്റെ വാഹനങ്ങളുടെയും മെഷിനറിയുടെയും ദുരുപയോഗം ചുരുങ്ങിയ കാലംകൊണ്ട് വ്യാപകമാകാനിടയാക്കിയ സാഹചര്യം എന്താണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് വകുപ്പിൽ എസ്.പി. റാങ്ക് മുതൽ മുകളിലോട്ടുള്ള ഉയർന്ന പോലീസുദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തുക ഒടുക്കി ഔദ്യോഗിക വാഹനം Non-Duty Purpose-നായി ഉപയോഗിക്കാൻ അനുവാദമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പോലീസ് വകുപ്പിന്റെ വാഹനങ്ങളും മെഷിനറിയും ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജനമൈത്രി പോലീസ്**

118(121) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസിന്റെ പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) എല്ലാ പോലീസ് സ്റ്റേഷനുകളിലും പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ 267 പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇക്കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

**നാദാപുരം മണ്ഡലത്തിലെ അക്രമ സംഭവങ്ങൾ**

119(122) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാദാപുരം മണ്ഡലത്തിൽ കൊലപാതകമുൾപ്പെടെ എത്ര അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കേസ്സുകളിലെ പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കേസ്സുകളിലെ എത്ര പ്രതികൾ വിദേശത്തേക്ക് രക്ഷപ്പെട്ടിട്ടുണ്ടെന്നും അവരെ അറസ്റ്റ് ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാദാപുരം മണ്ഡലത്തിൽ ഒരു കൊലപാതക കേസും അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് 54 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊലപാതക കേസ്സിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) കേസ്സുകൾ ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ.

(സി) കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്. കേസ്സുകളിൽ ഉൾപ്പെട്ട എല്ലാ പ്രതികളെയും തിരിച്ചറിഞ്ഞിട്ടില്ല. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

## ജനസംഖ്യാ-പോലീസ് അനുപാതം

120(123) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജനസംഖ്യാ-പോലീസ് അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ പോലീസ് സ്റ്റേഷനുകളും പ്രസ്തുത അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനും അതിന്റെ പരിധിയിൽ വരുന്ന ജനസംഖ്യയും തമ്മിലുള്ള അനുപാതം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് നിശ്ചയിച്ചിട്ടുള്ള അനുപാതത്തിൽ നിന്നും വളരെ ഉയർന്ന അന്തരമുള്ള ഈ സ്റ്റേഷന്റെ പ്രവർത്തന പരിധി പരിശോധിച്ച് സ്റ്റേഷനെ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 9-3-2016-ലെ D.O. No. 10867/AR-7/14/P&ARD പ്രകാരമുള്ള Work Study റിപ്പോർട്ടനുസരിച്ച് നിലവിൽ കേരളത്തിലെ ജനസംഖ്യാ-പോലീസ് അനുപാതം 615:1 ആണ്.

(സി) ഉണ്ട്. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ ആകെ ജനസംഖ്യ 209839. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലെ നിലവിലെ അനുവദിക്കപ്പെട്ട അംഗസംഖ്യ-57. ജനസംഖ്യാ പോലീസ് അനുപാതം- 209839/57= 3681.

(ഡി) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനെ വിഭജിക്കുന്ന വിഷയം സംസ്ഥാന പോലീസ് മേധാവി പരിശോധിച്ചുവരുന്നു.

## നിയമലംഘനം നടത്തുന്ന വാഹനങ്ങൾ

121(124) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമലംഘനം നടത്തുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിടുന്നതുമൂലം ഗതാഗതതടസ്സം ഉണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാഹനങ്ങൾ സൂക്ഷിക്കുവാനുള്ള യാഡുകൾ തയ്യാറാക്കി പ്രസ്തുത വാഹനങ്ങളെ അവിടേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വാഹനങ്ങളെ സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ കൃത്യമായ വിവരം ലഭ്യമാണോ; ഇവയെ ലേലം ചെയ്ത് വിൽക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രധാനപ്പെട്ട നഗരങ്ങളിൽ പോലും ഇത്തരം വാഹനങ്ങൾ സ്റ്റേഷനോടനുബന്ധിച്ച് കൂട്ടിയിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തരത്തിലുള്ള പരാതി ലഭിച്ചിട്ടില്ല. നിയമലംഘനം നടത്തുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ഗതാഗത തടസ്സം ഉണ്ടാകാത്ത വിധം സൂക്ഷിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വാഹനങ്ങൾ സൂക്ഷിക്കുവാനുള്ള യാഡുകൾ തയ്യാറാക്കി പ്രസ്തുത വാഹനങ്ങളെ അവിടേക്ക് മാറ്റുവാനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ലഭ്യമാണ്. ഇവയിൽ കേസ്സുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഉടമസ്ഥരില്ലാത്തതുമായ വാഹനങ്ങൾ (Unclaimed Vehicles) ലേലം ചെയ്ത് വിൽക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ പോലീസ് പിടിച്ചെടുത്തതും മറ്റ് ഡിപ്പാർട്ടുമെന്റുകൾ പിടിച്ചെടുത്ത് കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനുമായി ഏൽപ്പിച്ചതുമായ വാഹനങ്ങൾ ദീർഘകാലം സൂക്ഷിക്കേണ്ട അവസരത്തിൽ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലും പോലീസ് അധീനതയിലുള്ള സ്ഥലങ്ങളിലും പോലീസ് സ്റ്റേഷനടുത്തുള്ള പൊതു സ്ഥലങ്ങളിലും പൊതുജനങ്ങൾക്കും മറ്റും ശല്യമല്ലാത്ത രീതിയിലും ഗതാഗത തടസ്സം വരാത്ത രീതയിലുമാണ് സൂക്ഷിച്ചുവരുന്നത്.

**നേപ്പാൾ സ്വദേശികളെ മർദ്ദിച്ച സംഭവം**

122(125) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെയിന്റിംഗ് ജോലി ചെയ്ത നേപ്പാൾ സ്വദേശികളായ തൊഴിലാളികളെ ആറ്റിങ്ങലിൽ പണിമുടക്ക് അനുകൂലികൾ സംഘം ചേർന്ന് മർദ്ദിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്;

(ബി) ഇതിലെ പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികളെന്നും, ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്നും വ്യക്തമാക്കാമോ;

(സി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി & സി) ബാധകമല്ല.

**അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുള്ള സംഘർഷം**

123(127) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില കോടതി വളപ്പുകളിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ ഏറ്റുമുട്ടലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കോടതി വളപ്പിലാണ് ഇതിനകം ഇത്തരത്തിലുള്ള ഏറ്റുമുട്ടലുകളുണ്ടായതെന്ന് വിശദമാക്കാമോ;

(സി) ഈ ഏറ്റുമുട്ടലുകളുടെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധമായി പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രശ്ന പരിഹാരത്തിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, ആലപ്പുഴ എന്നീ ജില്ലകളിലെ കോടതി പരിസരങ്ങളിൽവച്ച് സംഘർഷം ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കോടതി നടപടികൾ റിപ്പോർട്ട് ചെയ്യുവാൻ എത്തിയ മാധ്യമ പ്രവർത്തകരെ തടഞ്ഞതുമായി ബന്ധപ്പെട്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുള്ളത്.

(ഡി) അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷം സംബന്ധിച്ച് മൂന്നു ജില്ലകളിലുമായി 14 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ ഭാവിയിൽ ഉണ്ടാകുന്ന തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ അഭിഭാഷകരുടെയും മാധ്യമപ്രവർത്തകരുടെയും പ്രതിനിധികൾകൂടി ഉൾപ്പെടുന്ന സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. പോലീസുകാർകൂടി ഉൾപ്പെടുന്ന തർക്കങ്ങളിൽ ഡി.ജി.പി. ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർകൂടി സമിതിയിൽ അംഗങ്ങളായിരിക്കും.

**കൊക്കക്കോള കമ്പനിക്കെതിരെയുള്ള കേസ്**

124(128) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കേന്ദ്രത്തിൽ ജലചൂഷണം നടത്തിയതിനെതിരെ കൊക്കക്കോള കമ്പനിയെ പ്രതിയാക്കി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ കേസ്സിൽ ആരെയൊക്കെ പ്രതിപ്പട്ടികയിൽ ചേർത്തിട്ടുണ്ട്;

(സി) കേസ്സിന്റെ തുടർനടപടികൾ സംബന്ധിച്ച വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പ്ലാച്ചിമട കൊക്കക്കോള കമ്പനിക്കെതിരെ ആദിവാസി കോളനിയിലെ ജല ചൂഷണത്തിനും ഉൽപ്പാദന മാലിന്യം നിക്ഷേപിച്ച് കോളനിയിലെ കിണർ മലിനമാക്കിയതിനും ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച തങ്കവേലു, കന്നിമാരി എന്നിവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ മീനാക്ഷിപുരം പോലീസ് സ്റ്റേഷൻ Cr. 308/16 u/s, 3(1) (X) of SC/ST PoA Act ആയി 9-6-2016-ാം തീയതി കൊക്കക്കോള കമ്പനിയിലെ മാനേജർ, റീജിയണൽ മാനേജർ, മാനേജിംഗ് ഡയറക്ടർ എന്നിവരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പാലക്കാട് ഡിവൈ.എസ്.പി. അന്വേഷിച്ചുവരുന്നതുമാണ്.

(ബി) പ്രസ്തുത കേസ്സിൽ പ്രതികളായവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. Head of Plachimada Hindustan Coco-Cola Plant.
2. Head of Kerala Region of Coco-Cola Plant at Kochi.
3. Head of All India Hindustan Coco-Cola Plant at Noida, Delhi.

(സി) ഈ കേസ് സംബന്ധിച്ച് പാലക്കാട് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരവേ പാലക്കാട് പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ നിയമോപദേശം

തേടിയിട്ടുള്ളതാണ്. ആയതിൽ കൊക്കക്കോള കമ്പനിക്ക് പരാതിക്കാരന്റെയും മറ്റും ജലസ്രോതസ്സുകളും നീരുറവകളും മലിനമാക്കി ഒരു പ്രത്യേക വിഭാഗത്തിനെ ദോഷം ചെയ്യണമെന്ന ഉദ്ദേശ്യം ഇല്ലെന്നും അന്യായക്കാരന് നഷ്ടപരിഹാരത്തിനായി സിവിൽ പരമായി പരിഹാരം തേടാവുന്നതാണെന്നും നിയമോപദേശം ലഭിച്ചിട്ടുണ്ട്. ഈ കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ.

### മദ്യപിച്ച് വാഹനമോടിച്ചതുമൂലമുണ്ടായ അപകടങ്ങൾ

125(129) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ച് വാഹനമോടിച്ചതുമൂലമുണ്ടായ അപകടങ്ങളുടെ കണക്ക് വേർതിരിച്ച് സൂക്ഷിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) വാഹനാപകടത്തെത്തുടർന്ന് രക്ഷാപ്രവർത്തനത്തിന് തുനിയാതെ ഓടിരക്ഷപ്പെട്ട ഡ്രൈവർമാരുടെ വിവരം ശേഖരിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തെ കണക്ക് വെളിപ്പെടുത്തുമോ;

(സി) അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് ശേഷം എത്രയും പെട്ടെന്ന് ഡ്രൈവറുടെ രക്തപരിശോധന നടത്തണമെന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ ഉണ്ടായ ലഘുവല്ലാത്ത വാഹനാപകടങ്ങളിൽ എത്രയെണ്ണത്തിൽ അത്തരം പരിശോധന നടത്തി എന്നതിന്റെയും നടത്താൻ കഴിഞ്ഞിട്ടില്ല എന്നതിന്റെയും കണക്ക് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കഴിഞ്ഞ ഒരു വർഷക്കാലം (2015) മദ്യപിച്ച് വാഹനമോടിച്ചതുമൂലം 163 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. കഴിഞ്ഞ ഒരു വർഷത്തിൽ (2015) വാഹനാപകടത്തെത്തുടർന്ന് രക്ഷാപ്രവർത്തനത്തിന് തുനിയാതെ 726 ഡ്രൈവർമാർ ഓടി രക്ഷപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. അപകടമുണ്ടായാൽ രക്ഷാപ്രവർത്തനത്തിന് ശേഷം എത്രയും പെട്ടെന്ന് ഡ്രൈവറുടെ രക്തപരിശോധന നടത്തണമെന്നുള്ളത് പോലീസ് നടപടിക്രമങ്ങളിൽ ഉൾപ്പെട്ടതാണ്. കഴിഞ്ഞ ഒരു വർഷത്തിനിടെ ഉണ്ടായ ലഘുവല്ലാത്ത വാഹനാപകടങ്ങളിൽ 115 ഡ്രൈവർമാരെ രക്തപരിശോധനയ്ക്ക് വിധേയരാക്കുകയും 11,580 പേരുടെ രക്തപരിശോധന നടത്താൻ കഴിയാതെ വരികയും ചെയ്തിട്ടുണ്ട്.

**ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

126(130) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന്റെ ആവശ്യത്തിലേക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

127(132) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുത്ത് നൽകിയിട്ടുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനുള്ള അനുവാദം പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ല. പ്രസ്തുത അനുവാദം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്.

**റാഗിംഗിനെതിരെ നടപടി**

128(133) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ ആചാര്യ എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സ് വിദ്യാർത്ഥിയായിരുന്ന ചാലക്കുടി, പൂപ്പറമ്പിൽ വീട്ടിൽ ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം സീനിയർ വിദ്യാർത്ഥികളാൽ ക്രൂരമായി റാഗിംഗിനു വിധേയനാവുകയും ഗുരുതരമായി പരിക്കുപറ്റി, ചികിൽസയിലിരിക്കെ മരണമടഞ്ഞതുമായ സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തി, മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അഹബിന്റെ പിതാവ് സമർപ്പിച്ച അപേക്ഷയിൽ പുനരന്വേഷണമടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ബാംഗ്ലൂർ ആചാര്യ എഞ്ചിനീയറിംഗ് കോളേജിൽ ആർക്കിടെക്ട് കോഴ്സ് വിദ്യാർത്ഥിയായിരുന്ന ചാലക്കുടി, പൂപ്പറമ്പിൽ വീട്ടിൽ ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം തലയ്ക്ക് പരിക്കുപറ്റി മരണമടഞ്ഞതുമായി ബന്ധപ്പെട്ട് മരണപ്പെട്ടയാളിന്റെ ബന്ധു നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ എറണാകുളം ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 363/2014 u/s 174 Cr.Pc ആയി രജിസ്റ്റർ ചെയ്ത കേസ് ടിയാന് പരിക്കുപറ്റാൻ ഇടയായ സ്ഥലം കർണ്ണാടക സംസ്ഥാനത്തെ ബാംഗ്ലൂർ പീനിയ എന്ന പോലീസ് സ്റ്റേഷൻ പരിധിയിൽ ആയതിനാൽ പ്രസ്തുത കേസിന്റെ തുടർന്നുള്ള അന്വേഷണം നടത്തുന്നതിനുവേണ്ടി കേസ് ഫയൽ കർണ്ണാടക സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചുകൊടുത്തിരുന്നു. ആയത് പീനിയ പോലീസ് സ്റ്റേഷനിൽ UDR No. 53/2014 u/s. 174 Cr.PC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കേസ്സിന്റെ കൂടുതൽ വിവരങ്ങളൊന്നും അറിവായിട്ടില്ല.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്

129(134) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിൽ എത്ര സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും പദ്ധതിയിൽ സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയിൽ പ്രസ്തുത സ്കൂളിനെ എപ്പോഴേക്ക് ഉൾപ്പെടുത്താൻ സാധിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നിലവിൽ 526 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിൽ പുതുതായി സ്കൂളുകളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം അനുബന്ധം 'എ' *ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) നടപ്പ് സാമ്പത്തിക വർഷം പുതുതായി സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് പദ്ധതി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് 306 പുതിയ അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇതിൽ കണ്ണൂർ ജില്ലയിൽ നിന്നുള്ള 19 സ്കൂളുകളുടെ ലിസ്റ്റിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ചെറുതാഴവും ഉൾപ്പെട്ടിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി (SLAC)-യാണ് അപേക്ഷകൾ പരിശോധിച്ച് ഏതൊക്കെ സ്കൂളുകളെയാണ് SPC പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കുന്നത്.

**കരുനാഗപ്പള്ളി ട്രാഫിക് പോലീസ് സ്റ്റേഷൻ**

130(135) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ മുൻസർക്കാരിന്റെ കാലത്ത് ട്രാഫിക് പോലീസ് സ്റ്റേഷൻ ഉദ്ഘാടനം ചെയ്തിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ട്രാഫിക് പോലീസ് സ്റ്റേഷനിൽ ആവശ്യമായി വരുന്ന തസ്തികകളുടെ വിശദാംശം നൽകാമോ;

(സി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷന് ആവശ്യമായ തസ്തികകൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ;

(ഡി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല.

(ബി) ട്രാഫിക് പോലീസ് സ്റ്റേഷന്റെ അധികാര പരിധിയും ഗതാഗത പ്രശ്നങ്ങളുടെ രൂക്ഷതയും കണക്കിലെടുത്താണ് ആവശ്യമായി വരുന്ന തസ്തികകൾ സൃഷ്ടിക്കുന്നത്.

(സി) ഇല്ല.

(ഡി) കരുനാഗപ്പള്ളിയിൽ ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**അഴിമുഖത്തുണ്ടായ ബോട്ട് ദുരന്തം**

131(136) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ആഗസ്റ്റ് മാസത്തിൽ ഫോർട്ട്കൊച്ചി-വൈപ്പിൻ അഴിമുഖത്തുണ്ടായ ബോട്ട് ദുരന്തത്തെ സംബന്ധിച്ച് സൗത്ത് സോൺ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) ബോട്ട് ദുരന്തത്തിൽ മരിച്ചവരുടെയും ഗുരുതരമായി പരിക്കുപറ്റി കിടപ്പിലായവരുടെയും കുടുംബാംഗങ്ങൾക്ക് ജോലി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന പാക്കേജ് പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

**പട്ടികജാതിക്കാരെ ആക്രമിച്ച സംഭവം**

132(137) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ-കാവശ്ശേരി കഴനിയിൽ കല്യാണിയെന്ന പട്ടികജാതി വിഭാഗത്തിലെ കുടുംബിനിയെയും മകളെയും ബന്ധുക്കളെയും ആർ.എസ്.എസ്-ബി.ജെ.പി. ക്രിമിനൽ സംഘം വീടുകയറി ആക്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നായിരുന്നു സംഭവം നടന്നത്;

(ബി) ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്തതിനെ തുടർന്ന് കല്യാണിയെ ആലത്തൂർ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ആക്രമണത്തിൽ നിന്നും രക്ഷിക്കാൻ ശ്രമിച്ചവരും ആക്രമണത്തിന് വിധേയരായ സംഭവത്തിൽ എന്തു നടപടിയെടുത്തുവെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 18-6-2016 -ലാണ് പ്രസ്തുത സംഭവം നടന്നത്.

(ബി&സി) ഉണ്ട്. ഇതു സംബന്ധിച്ച് ആലത്തൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 629/16 u/s 143, 147, 148, 341, 447, 323, 324, 294(b)r/w 149 IPC and 3 (1)(x) SC/ST PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആലത്തൂർ ഡിവൈ.എസ്.പി.ടി കേസ്സിൻമേലുള്ള അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ ഈ കേസ് കോടതിയിൽ വിചാരണയിലുമാണ്.

**പോലീസുകാർക്കെതിരായ അതിക്രമം**

133(138) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറയിൽ 18-8-2016-ൽ പ്രതിഷേധ പ്രകടനത്തിനിടെ എ.എസ്.ഐ.-യെയും പോലീസുകാരെയും മർദ്ദിച്ച സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതു വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരാണ് പ്രതികളെന്നും ഏതൊക്കെ വകുപ്പുകളാണ് ഇവരിൽ ചുമത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസുകാരെ മർദ്ദിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഈ കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 4 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്. പ്രതികൾക്കെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 143, 147, 294 (b), 341, 332, 188 & 149 IPC എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസുകാരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് 96 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 4 കേസ്സുകളിലെ പ്രതികളൊഴികെ മേൽപറഞ്ഞ എല്ലാ കേസ്സുകളിലെയും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രതികൾ ഒളിവിലായതിനാലാണ് അറസ്റ്റ് ചെയ്യാൻ കഴിയാത്തത്.

## സാമ്പത്തികത്തട്ടിപ്പ് കേസ്സുകൾ

134(140) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നിട്ടുള്ള ഏതൊക്കെ സാമ്പത്തികത്തട്ടിപ്പ് കേസ്സുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്വേഷണം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുള്ളത് ;

(ബി) ഇതിൽ എത്ര എണ്ണത്തിൻമേൽ അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ട്;

(സി) സാമ്പത്തികത്തട്ടിപ്പ് കേസ്സുകൾ അന്വേഷിക്കുന്നതിന് പ്രസ്തുത വിഷയത്തിൽ പ്രാഗത്ഭ്യമുള്ളവരെ ഉൾപ്പെടുത്തി പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ ടീമിനെ രൂപീകരിക്കുന്ന കാര്യം പരിഗണനനയിലുണ്ടോ;

(ഡി) സാമ്പത്തികത്തട്ടിപ്പ് കേസ്സുകളിൽ ഇരയാവുന്നത് ഭൂരിഭാഗവും സാധാരണക്കാരായതിനാൽ ഇത്തരം അന്വേഷണങ്ങൾ നീട്ടിക്കൊണ്ട് പോകാതെ കുറ്റക്കാർക്കെതിരെ മാതൃകാപരമായി കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മൈക്രോ ഫിനാൻസ് തട്ടിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന 5 കേസ്സുകളും നബാർഡ് സാധാരണക്കാർക്ക് വായ്പ നൽകുവാൻ അനുവദിച്ച 5 കോടി രൂപ എൻ.ജി.ഒ എന്ന വ്യാജേന തട്ടിയെടുത്തത് സംബന്ധിച്ച് Cr.No. 87/CR/EOW-IKTM/16 (വഞ്ചിയൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 211/16) എന്ന കേസും ഉൾപ്പെടെ 6 കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറി അന്വേഷണം നടത്തിവരുന്നു:

1. 114/CR/EOW-I/KLM/16
   (Kayamkulam PS 1986/16)
2. 115/CR/EOW-I/KLM/16
   (Kayamkulam PS 1987/16)
3. 116/CR/EOW-I/KLM/16
   (Kayamkulam PS 1988/16)
4. 117/CR/EOW-I/KLM/16
   (Kayamkulam PS 456/16)
5. 118/CR/EOW-I/KLM/16
   (CBCID HQ, dated : 9-8-2016)

(ബി) എല്ലാ കേസ്സുകളിന്മേലും അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(സി) നിലവിൽ ക്രൈബ്രാഞ്ചിലെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിനാണ് അന്വേഷണ ചുമതല. ആയതിനാൽ പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ ടീമിനെ രൂപീകരിക്കേണ്ട ആവശ്യകതയില്ല.

(ഡി) സാമ്പത്തികത്തട്ടിപ്പ് കേസ്സുകളിൽ സമഗ്രവും ഊർജിതവുമായ അന്വേഷണം കാലവിളംബം ഇല്ലാതെ നടത്തി കുറ്റവാളികൾക്ക് നിയമപരമായ ശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾതന്നെ സ്വീകരിച്ചിട്ടുണ്ട്.

**ഭരണമാറ്റങ്ങൾക്കനുസൃതമായി പോലീസ് സേനയിലെ നിലപാടുമാറ്റങ്ങൾ**

135(144) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണമാറ്റങ്ങൾക്കനുസൃതമായി പോലീസ് സേനയിൽ ഉണ്ടാകുന്ന നിലപാടുമാറ്റങ്ങൾ സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തെയും നീതിനിർവ്വഹണ പ്രക്രിയയെയും ദോഷകരമായി ബാധിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രാഷ്ട്രീയ കൊലപാതകങ്ങളിൽ ഈയിടെയുണ്ടായ വർദ്ധന ഇതിലേക്ക് വിരൽ ചൂണ്ടുന്നതാണെന്ന ആക്ഷേപത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പോലീസിന്റെ പക്ഷപാതപരമായ നടപടികളിലും രാഷ്ട്രീയമായ വിവേചനത്തോടെയുള്ള പെരുമാറ്റത്തിലും സാധാരണ ജനങ്ങൾക്കിടയിൽ അമർഷം വളർന്നുകൊണ്ടിരിക്കുന്നതായ ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ? വ്യക്തമാക്കുമോ?

ഉത്തരം

(എ ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 'എ' -യുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

(സി) പോലീസിന്റെ ഭാഗത്തുനിന്നും പക്ഷപാതപരമായ നടപടികളോ രാഷ്ട്രീയ വിവേചനത്തോടെയുള്ള പെരുമാറ്റങ്ങളോ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങളുടെ സ്വൈര്യജീവിതത്തിന് ഭംഗം വരുത്തുന്നവർക്കെതിരെ ആക്ഷേപങ്ങൾക്കിടവരുത്താതെ

കുറ്റകൃത്യങ്ങൾക്കനുസൃതമായ നിയമനടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്. പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പക്ഷപാതമായ നടപടി ഉണ്ടാകാതിരിക്കാനുള്ള കർശന നിർദ്ദേശങ്ങൾ ഇപ്പോൾതന്നെ നിലവിലുണ്ട്.

**മുൻ സർക്കാരിനെതിരെയുള്ള അഴിമതി ആരോപണങ്ങൾ**

136(145) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാര ദുർവിനിയോഗം നടത്തി ബാർ കോഴ കേസ് അട്ടിമറിച്ചെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ആ സർക്കാരിനെതിരെ ഉയർന്ന അഴിമതിയാരോപണങ്ങളിലെല്ലാം പുനരന്വേഷണത്തിന് നടപടിയെടുക്കുമോ;

(ബി) സോളാർ കുംഭകോണം, കളമശ്ശേരി-കടകംപള്ളി-പാറ്റൂർ ഭൂമി തട്ടിപ്പ് കേസുകൾ, ടൈറ്റാനിയം അഴിമതി തുടങ്ങിയ കേസുകളിലെല്ലാം പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് പുനരന്വേഷണം നടത്തുമോ;

(സി) അഴിമതി കേസ്സുകളിൽ തെളിവ് നശിപ്പിക്കാൻ ഗൂഢാലോചന നടത്തിയ മുൻ മന്ത്രിമാർ ഉൾപ്പെടെയുള്ള ഉന്നതർക്കെതിരെ ക്രിമിനൽ കേസെടുക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ബാർകോഴ കേസ് അട്ടിമറിച്ചെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഫയൽ ചെയ്ത സി.എം.പി. 991/2016-ൽ ബഹുമാനപ്പെട്ട കോടതി 23-9-2016-ൽ ഒരു പ്രാഥമിക അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുള്ളതനുസരിച്ച് അന്വേഷണം നടത്തുന്നതാണ്.

(ബി) പാറ്റൂർ കേസ്സിൽ ഒരു ത്വരിതാന്വേഷണ പരിശോധന (ക്യൂ.വി.08/ 2016/റ്റി.വി.എം.) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റിൽ നടത്തി വരികയാണ്. പ്രസ്തുത ത്വരിത പരിശോധന കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ എസ്.സി.03/ 2013/റ്റി.വി.എം. നമ്പർ പ്രകാരം 2013 വർഷത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട് തുടർ നടപടികൾക്കായി അയച്ചത് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

ടൈറ്റാനിയം അഴിമതിയെ സംബന്ധിച്ച് വി.സി. 01/2015/എസ്.ഐ.യു 1, വി.സി.06/2015 എസ്.ഐ.യു.1 എന്നീ നമ്പരുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു. സോളാർ കുംഭകോണം സംബന്ധിച്ചുള്ള അന്വേഷണം ആവശ്യപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ നടപടികൾ നിലവിലുള്ളതിനാൽ വിജിലൻസ് നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമസാധുത പരിശോധിച്ച് വരുന്നു. കടകംപള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന് കൈമാറിയിട്ടുണ്ട്.

(സി) അഴിമതി കേസ്സുകളിൽ തെളിവ് നശിപ്പിക്കാൻ ഗൂഢാലോചന നടത്തിയെന്ന് പരാതികൾ ലഭിച്ചാൽ വിജിലൻസ് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

### ശ്രീ. വി. എ. അരുൺ കുമാറിനെതിരെയുള്ള കേസ്

137(146) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകൻ ശ്രീ. വി. എ. അരുൺകുമാറിനെതിരെ കേസ് എടുക്കുവാൻ വിജിലൻസ് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് വിജിലൻസിന് കേസ് എടുക്കാമെന്ന് നിയമ വകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഐ. സി. റ്റി. അക്കാദമി ഡയറക്ടറായി ശ്രീ. അരുൺകുമാറിനെ നിയമിച്ചതിനു പിന്നിലും ഐ. എച്ച്. ആർ. ഡി.യിൽ സ്ഥാനക്കയറ്റം നേടിയതിനു പിന്നിലും ക്രമക്കേട് ഉണ്ടെന്ന നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. വി. എ. അരുൺ കുമാറിനെതിരെ അനധികൃത സ്വത്തു സമ്പാദനം ഉൾപ്പെടെ ഉയർന്നുവന്ന അഴിമതി ആരോപണങ്ങളിന്മേൽ ഒരു വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(സി) ഐ.സി.റ്റി. അക്കാദമി ഡയറക്ടറായി ശ്രീ. വി. എ. അരുൺ കുമാറിനെ നിയമിച്ചതുമായി ബന്ധപ്പെട്ടും ഐ.എച്ച്.ആർ.ഡി. അഡീഷണൽ ഡയറക്ടർ ആകുവാൻ ടിയാന് യോഗ്യതയില്ലെന്നുമുള്ള ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പരാതിയെക്കുറിച്ച്

അന്വേഷിച്ച പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ വിജിലൻസ് അന്വേഷണം പൂർത്തിയാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് കേസ് (വി.സി. 01/2015/എസ്.ഐ.യു. II) രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല.

**ബാർകോഴ കേസ്**

138(147) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസ് പ്രകാരം മുൻസർക്കാരിന്റെ കാലത്തെ ഏതൊക്കെ മന്ത്രിമാർക്കെതിരെയാണ് ഇപ്പോൾ കേസ് അന്വേഷണം നടക്കുന്നത്; പ്രസ്തുത മന്ത്രിമാർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(സി) പ്രസ്തുത കേസ് അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബാർകോഴ കേസ്സിൽ മുൻ ധനകാര്യ നിയമ വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണിക്കെതിരെ വി.സി. 6/14/എസ്.ഐ.യു.1 ആയി ഒരു വിജിലൻസ് കേസും മുൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ വി.സി. 5/16/സി.ആർ.ഇ. എന്ന വിജിലൻസ് കേസും നടന്നുവരുന്നു.

(ബി) കേസന്വേഷണം പുരോഗമിച്ചുവരുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**വിജിലൻസ് കേസിൽ ഉൾപ്പെട്ടിട്ടുള്ള പൊതുമരാമത്ത് ഉദ്യോഗസ്ഥർ**

139(149) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് ഉദ്യോഗസ്ഥരിൽ എത്ര പേർ വിജിലൻസ് കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത കേസ്സുകളുടെ നിലവിലെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ;

(ബി) വിജിലൻസ് കേസ്സിൽപ്പെട്ട ഉദ്യോഗസ്ഥരിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇവർ ഇപ്പോൾ ഏതൊക്കെ തസ്തികയിൽ തുടരുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഇവർക്കെതിരെയുള്ള കേസ്സുകൾ പിൻവലിക്കപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആരുടെ ശിപാർശ പ്രകാരമാണ് പിൻവലിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് ഉദ്യോഗസ്ഥരിൽ 20 പേർ അഞ്ചു വിജിലൻസ് കേസ്സുകളിലായി ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ വി.സി. 04/14/കെ.എസ്.ഡി., വി.സി. 13/2015/കെ.എസ്.ഡി. എന്നീ വിജിലൻസ് കേസ്സുകളുടെ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. വി.സി.04/2016/കെ.എസ്.ഡി. നമ്പർ കേസ് അന്വേഷണഘട്ടത്തിലാണ്. വി.സി. 10/2009/എൻ.ആർ.കെ.,വി.സി. 01/1999/എസ്.സി.കെ. എന്നീ കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോഴിക്കോട് വിജിലൻസ് കോടതികളിൽ വിചാരണയിലാണ്.

(ബി) മേൽപ്പറഞ്ഞ വിജിലൻസ് കേസ്സുകളിൽ നടപടി പൂർത്തിയാകാത്തതിനാൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത കേസ്സുകൾ ഒന്നും പിൻവലിക്കപ്പെട്ടിട്ടില്ല.

## വിജിലൻസ് കേസ്സുകൾ

140(150) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ എത്ര മന്ത്രിമാർക്കും അവരുടെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്കും എതിരായി വിജിലൻസ് കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ 4 മന്ത്രിമാർക്കും ഒരു പേഴ്സണൽ സ്റ്റാഫംഗത്തിനും എതിരായി 7 വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വിജിലൻസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ

141(151) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 - 2016 കാലയളവിൽ വിജിലൻസ് രജിസ്റ്റർ ചെയ്തതും എന്നാൽ അന്വേഷിക്കാത്തതുമായ കേസ്സുകൾ പരിശോധിച്ച് തുടരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഏതെല്ലാം മന്ത്രിമാർക്കെതിരെയും ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസിലെ ഉദ്യോഗസ്ഥർക്കെതിരെയുമാണ് ഇത്തരത്തിൽ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതെന്ന വിശദവിവരം നൽകുമോ;

(സി) പ്രസ്തുത കേസ്സുകളിൽ തുടരന്വേഷണം ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ വിജിലൻസ് കേസ്സുകളും അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രീ. കെ. എം. മാണിക്കെതിരെയുള്ള ഒരു കേസ്സിൽ പുനരന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അഴിമതികൾ

142(152) <u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 256 കോടി രൂപയുടെ അഴിമതി നടന്നതായ ആരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) അഴിമതി ആരോപിതർ ആരെല്ലാമാണ്; ആർക്കൊക്കെ എതിരെയാണ് കേസ് എടുത്തിരിക്കുന്നത് എന്നും വ്യക്തമാക്കുമോ;

(സി) അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ആസ്ഥാനത്ത് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ വെളിപ്പെടുത്താമോ; ഇതിന്റെ അടിസ്ഥാനത്തിൽ കേസ് ഊർജ്ജിതമാക്കി അഴിമതിക്ക് കൂട്ടുനിന്നവരേയും കാരണക്കാരുമായ ഉന്നതാധികാരികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിൽ മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 20-1-2015-ൽ രജിസ്റ്റർ ചെയ്ത വി.സി. 01/2015/എസ്.ഐ.യു.-1 എന്ന കേസ്സിന്റെ അന്വേഷണം നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വി. സി. 01/2015/എസ്.ഐ.യു-1 എന്ന കേസ്സിലെ പ്രതികൾ താഴെ പറയുന്നവരാണ്:

1. മാനേജിംഗ് ഡയറക്ടർ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് (ടി.ടി.പി.) ലിമിറ്റഡ്.
2. ശ്രീ. ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്.
3. ശ്രീ. സന്തോഷ് കുമാർ, ചീഫ് മാനേജർ (മാർക്കറ്റിംഗ്), ടി.ടി.പി. ലിമിറ്റഡ്.
4. ശ്രീ. എ. എം. ഭാസ്കരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്.
5. ശ്രീ. തോമസ് മാത്യൂ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്.
6. ശ്രീ. ബി. ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്.

(സി) അന്വേഷണത്തിന്റെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് (ടി.ടി.പി.) ലിമിറ്റഡിൽ വാങ്ങിയ ഉപകരണങ്ങളെ സംബന്ധിച്ച് 22-7-2016, 23-7-2016 എന്നീ തീയതികളിൽ വിദഗ്ദ്ധൻമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പരിശോധന നടത്തി റിപ്പോർട്ട് 28-7-2016-ൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കേസ് അന്വേഷണ അവസ്ഥയിലാണ്. കേസ് അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി എല്ലാ പ്രതികളെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളെക്കുറിച്ചുള്ള അന്വേഷണം**

143(153) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളെക്കുറിച്ചുള്ള അന്വേഷണത്തിന്റെ പുരോഗതി മന്ദഗതിയിലാണെന്ന ആക്ഷേപം ഉയരുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എത്ര മുൻമന്ത്രിമാരുടെ പേരിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കാൻ സർക്കാരിന് തീരുമാനിക്കാൻ കഴിയാതെ വരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. മുൻ മന്ത്രിമാരുടെ പേരിൽ നിലവിൽ വിജിലൻസ് അന്വേഷണം നടക്കുന്നില്ല. മുൻമന്ത്രിമാരായിരുന്ന ശ്രീ. കെ. എം. മാണിക്കെതിരെ 3 വിജിലൻസ് കേസ്സുകളും ശ്രീ. കെ. ബാബു, ശ്രീ. അടൂർ പ്രകാശ്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവർക്കെതിരെ ഓരോ വിജിലൻസ് കേസ്സുകൾ വീതവും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജൂൺ 2016-ലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സർക്കുലർ 01/2016, 02/2016 എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിൽ അന്വേഷണങ്ങൾ സമയബന്ധിതമായി നടന്നുവരുന്നു. അന്വേഷണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും നൽകി വരുന്നുണ്ട്.

**മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം**

144(154) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നു വരുന്നു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസെടുത്തിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശം പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിലെ മന്ത്രിമാർക്കെതിരെ നിലവിൽ വിജിലൻസ് അന്വേഷണം ഒന്നുംതന്നെ നടക്കുന്നില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മുൻമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വരവിൽ കവിഞ്ഞ സ്വത്ത്**

145(155) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ച ഏതൊക്കെ മുൻമന്ത്രിമാർക്കെതിരെയാണ് പോലീസ് കേസ് എടുത്തിട്ടുള്ളത്; ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ;

(ബി) ഏത് ഏജൻസിയാണ് പ്രസ്തുത കേസുകൾ അന്വേഷിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ ഇതുപ്രകാരം കേസ് എടുത്തിട്ടുണ്ട്; ഇവരുടെ പേരുവിവരം വിശദമാക്കുമോ;

(ഡി) വരവിൽ കവിഞ്ഞ സ്വത്ത് ഉണ്ടാക്കിയ ഇരുപതോളം വരുന്ന മന്ത്രി/ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തുമെന്ന് സർക്കാർ അറിയിച്ച പ്രകാരം ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഈ പട്ടികയിലുള്ളവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വി.സി. 17/16/എസ്.സി.ഇ. നമ്പരായി അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് ശ്രീ. കെ. ബാബു, മുൻ എക്സൈസ് മന്ത്രിക്കെതിരെ വിജിലൻസ് കേസ് നടന്നുവരുന്നു.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെൽ, എറണാകുളം പോലീസ് സൂപ്രണ്ട് മുഖേന പ്രസ്തുത കേസ് അന്വേഷണം നടന്നുവരുന്നു.

(സി&ഡി) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം സംബന്ധിച്ച ആരോപണങ്ങളിന്മേൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

**മുൻസർക്കാരിനെതിരെയുള്ള അഴിമതിയാരോപണങ്ങൾ**

146(156) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. സ്വരാജ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിലെ ഏതൊക്കെ മന്ത്രിമാർക്കും ഉന്നത ഉദ്യോഗസ്ഥർക്കും എതിരെയാണ് അഴിമതിയാരോപണങ്ങൾ ഉയർന്നു വന്നിട്ടുള്ളതെന്നും ആരോപണങ്ങൾ എന്തെല്ലാമായിരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ ആർക്കൊക്കെ എതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുവെന്നും, ആയതിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് വിജിലൻസ് ഉൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് അഴിമതി കേസ്സുകൾ തേച്ചുമായ്ച്ച് കളയുവാൻ ശ്രമം നടത്തിയതായി പറയപ്പെടുന്ന പശ്ചാത്തലത്തിൽ അഴിമതി ആരോപണങ്ങളെല്ലാം പുനരന്വേഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് മുൻ സർക്കാരിലെ മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും എതിരെ ഉയർന്നുവന്നിട്ടുള്ള അഴിമതി ആരോപണങ്ങൾക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ/നടത്തുന്ന അന്വേഷണങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കോടതികളോ സർക്കാരോ നിർദ്ദേശിച്ചാൽ അഴിമതി ആരോപണങ്ങളിൽ പുനരന്വേഷണം നടത്താറുണ്ട്. ബാർകോഴ ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. എം. മാണിക്കെതിരായി പുനരന്വേഷണം നടത്തുന്നു.

## റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

147(157) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചത് എന്ന് മുതലാണെന്നും ഏതൊക്കെ തസ്തികകളിലായി എത്ര ജീവനക്കാർ ഇവിടെ പ്രവർത്തിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഫയർ ടെൻസറുകളും, ആംബുലൻസുമടക്കം എത്ര വാഹനങ്ങളാണ് ഇവിടെയുള്ളത്;

(സി) നിരവധി ജലാശയങ്ങളുള്ള റാന്നിയിലെ ഫയർ സ്റ്റേഷനിൽ വെള്ളത്തിൽ അകപ്പെടുന്നവരെ രക്ഷിക്കുന്നതിനായി ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, ഡിങ്കി എന്നിവ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കുറവുകൾ പരിഹരിക്കുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

### ഉത്തരം

(എ) റാന്നി അഗ്നിരക്ഷാ നിലയം 15-08-2000-ൽ പ്രവർത്തനം ആരംഭിച്ചു. ജീവനക്കാരുടെ എണ്ണവും തസ്തികകളും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സ്റ്റേഷൻ ഓഫീസർ | 1 |
| 2 | അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 1 |
| 3 | ലീഡിംഗ് ഫയർമാൻ | 4 |
| 4 | ഡ്രൈവർ മെക്കാനിക്ക് | 1 |
| 5 | ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ | 6(1 ഒഴിവ്) |
| 6 | ഫയർമാൻ | 20 (3 ഒഴിവ്) |
| 7 | പി. റ്റി. എസ്. | 1 |

(ബി) 4 എണ്ണം. (വാട്ടർ ടെണ്ടർ - 2, ആംബുലൻസ് -1, ജീപ്പ്-1)

(സി) ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ നിലവിൽ ആവശ്യത്തിനുണ്ട്. റബ്ബർ ഡിങ്കി ഉണ്ടെങ്കിലും യമഹ എഞ്ചിൻ ഇല്ലാത്തതിനാൽ പത്തനംതിട്ട നിലയത്തിൽ സൂക്ഷിച്ചിരിക്കുന്നു. റാന്നി നിലയത്തിൽ റബ്ബർ ഡിങ്കി ആവശ്യമുള്ള അവസരത്തിൽ സംഭവസ്ഥലത്ത് പത്തനംതിട്ട നിലയത്തിൽനിന്നും യമഹ എഞ്ചിനും റബ്ബർ ഡിങ്കിയും എത്തിച്ചുവരുന്നു.

(ഡി) അഗ്നിശമന രക്ഷാ സേവനവകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് കൂടുതൽ ഉപകരണങ്ങൾ വാങ്ങുന്ന മുറയ്ക്ക് റാന്നി നിലയത്തിനാവശ്യമായവ അനുവദിക്കുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ

148(158) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷൻ നിലവിലില്ലാത്ത കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) വേനൽക്കാലത്ത് കൂടെക്കൂടെ തീ പിടുത്തമുണ്ടാകുന്ന മാടായിപ്പാറയും പരിയാരം മെഡിക്കൽ കോളേജും പരിയാരം ആയുർവേദ കോളേജും ഉൾപ്പെടെയുള്ള ധാരാളം വിദ്യാഭ്യാസസ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന മണ്ഡലത്തിൽ പഴയങ്ങാടി കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പരിയാരം മെഡിക്കൽ കോളേജ് കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പഴയങ്ങാടി ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മാടായിപ്പാറയിൽ റീ സർവ്വേ നമ്പർ.23/1 എ 2-ൽപ്പെട്ടതും തിരുവാർകാട്ടുകാവ് ക്ഷേത്രത്തിന്റെ അധീനതിൽ ഉള്ളതുമായ 50 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം ദേവസ്വം ബോർഡ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നെട്ടുകാൽത്തേരി തുറന്ന ജയിൽ

149(159) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നിന്നും തേക്കിൻ തടികൾ ഫർണിച്ചറുകളായി കടത്തിയെന്ന പത്രവാർത്തകൾ വന്നതിനെ തുടർന്ന് വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

നെട്ടുകാൽത്തേരി തുറന്ന ജയിലിൽനിന്നും തേക്കിൻ തടികൾ ഫർണിച്ചറുകളായി കടത്തി എന്ന പത്ര വാർത്ത സംബന്ധിച്ച വിജിലൻസ് അന്വേഷണം നിലവിലില്ല.

**ദേശീയ ജലപാത**

150(160) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം അനുബന്ധപ്രവർത്തനങ്ങളാണ് ഇതുവഴി സംയോജിച്ച് നടത്തുവാനുള്ളതെന്നും എന്നത്തേക്ക് ഈ പദ്ധതി കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 590 കി.മീ. നീളമുള്ള തിരുവനന്തപുരം-കാസർഗോഡ് ജലപാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൂരം മാത്രമാണ് ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. ദേശീയ ജലപാത കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതിൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ദൂരം കൂടി ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി 12-4-2016-ൽ പ്രാബല്യത്തിൽ വന്ന National Waterways Act 2016 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (28 കി.മീ.) ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (38 കി.മീ.) കോട്ടയം-വൈക്കം

(വെച്ചൂർ) കനാൽ (28 കി.മീ.) എന്നീ ഫീഡർ കനാലുകളും National Waterways Act 2016 പ്രകാരം ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയജലപാത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു.

ദേശീയജലപാത-3-ൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ഫലമായി ഈ ദേശീയജലപാതയിലാകെ ഗതാഗത സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കൊല്ലം-ചവറ ഭാഗങ്ങളിൽ (2.75 കി.മീ.) കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite bed) നീക്കം ചെയ്യുന്നതിന് Ambhibian Dredger പോലുള്ള അത്യന്താധുനികമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുവരുന്നു. കായംകുളം കായലിൽ 2 കി.മീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ദേശീയ ജലപാതയിൽ രണ്ടുവരി ഗതാഗതം സാധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാധ്യമാണ്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി ആകെ 944 ചീനവലകളിൽ (ലൈസൻസുള്ളവ-502, ലൈസൻസില്ലാത്തവ-442) 870 എണ്ണം പാരിതോഷികം നൽകി നീക്കം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 74 വലകൾ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ജലപാത സഞ്ചാരയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികൾക്കൊപ്പം ബോട്ട് ജെട്ടികൾ, ലാന്റിംഗ് സെന്ററുകൾ, കാർഗോ ടെർമിനലുകൾ എന്നിവയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവയുടെ എല്ലാം നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ടൂറിസം വകുപ്പുമായി സംയോജിച്ച് വിനോദ സഞ്ചാരവികസനവും യാഥാർത്ഥ്യമാക്കാവുന്നതാണ്. ദേശീയ ജലപാതയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച പ്രഖ്യാപനം നടത്താവുന്നതാണ്.

**ജലമെട്രോ പദ്ധതി**

151(161) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലമെട്രോ പദ്ധതിയിൽ ഉൾപ്പെടുന്ന വൈപ്പിൻ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശമെന്നത് കണക്കിലെടുത്തും തൊഴിലിനും പഠനത്തിനുമായി ദ്വീപ് നിവാസികൾ ആശ്രയിക്കുന്നത് കൊച്ചി നഗരത്തെയാണെന്നത് കണക്കിലെടുത്തും ടൂറിസം മേഖല കൂടിയായ പള്ളിപ്പുറം, കുഴിപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറക്കൽ എന്നീ പഞ്ചായത്തുകളെ കൂടി ജലമെട്രോയുടെ ഭാഗമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എളങ്കുന്നപ്പുഴ, കടമക്കുടി, മുളവുകാട്

(ബി) ഭാവിയിൽ പരിഗണിക്കാവുന്നതാണ്.

**വാട്ടർമെട്രോ പദ്ധതി**

152(162) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് നടപ്പിലാക്കുന്ന വാട്ടർമെട്രോ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി ആലപ്പുഴ ജില്ലയിലെ പെരുമ്പളം വരെ നീട്ടുന്നതിനും അതിലൂടെ നാഷണൽ ഹൈവേയിലെ തിരക്ക് കുറയ്ക്കുന്നതിനും സഹായകമാകുന്ന നടപടികൾ സ്വീകരിയ്ക്കുമോ;

(സി) സമയബന്ധിതമായി വാട്ടർമെട്രോ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് വേഗതയേറിയതും സുരക്ഷിതവുമായ ജലയാനങ്ങൾ ഉപയോഗിച്ച് ജലഗതാഗതം ആധുനികവത്കരിക്കുന്നതിനും കൂടാതെ കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും വേണ്ടി 579.71 കോടി രൂപ (85 മില്ല്യൻ യൂറോ) ജർമ്മൻ വായ്പാ ഏജൻസിയായ ക്രെഡിറ്റൻസ്റ്റാൾട്ട് ഫർ വെദർവബു (കെ.എഫ്.ഡബ്ല്യൂ.) വായ്പയും സംസ്ഥാന സർക്കാരിന്റെ ഓഹരി വിഹിതമായി 102.30 കോടി രൂപയും സ്വകാര്യ പങ്കാളിത്തവും ചേർത്ത് ആകെ 747.28 കോടി രൂപ ചെലവു പ്രതീക്ഷിച്ചുകൊണ്ട് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടപ്പാക്കുന്ന പദ്ധതിയാണ് വാട്ടർമെട്രോ. 4 വർഷം കൊണ്ട് പൂർത്തീകരിക്കപ്പെടുന്ന തരത്തിൽ നൂതനനാവികസുരക്ഷ ഉറപ്പാക്കിയ ബോട്ട് ജട്ടികളും (38 എണ്ണം) യാനങ്ങളും (78 എണ്ണം) ഉൾപ്പെടുത്തിയ 76 കിലോമീറ്റർ ജലഗതാഗത മാർഗ്ഗവികസനം പദ്ധതി

ലക്ഷ്യമിടുന്നു. ജലഗതാഗതമാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട് താമസിക്കുന്ന 3 ലക്ഷം ജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റപ്പെടുമെന്നും 2016-ൽ 35000-ഉം ക്രമേണ 90000-ഉം യാത്രികർ ഉണ്ടാകുമെന്നും കണക്കാക്കുന്നു.

(ബി) ഭാവിയിൽ പരിഗണിക്കാവുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

**പി.എസ്.സി. നിയമനം**

153(163) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകി;

(ബി) ഇപ്പോൾ അഡ്വൈസ് മെമ്മോ നൽകിയവരിൽ നിയമന ഉത്തരവ് കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികൾ എത്ര;

(സി) ഓരോ വകുപ്പിലും നടത്തിയ നിയമനങ്ങളുടെ വകുപ്പ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം എടുത്ത കണക്കുപ്രകാരം കഴിഞ്ഞ സർക്കാർ നിയമനം നടത്തേണ്ടിയിരുന്ന എത്ര ഒഴിവുകൾ ഏതൊക്കെ വകുപ്പുകളിൽ ഉണ്ടെന്നാണ് കണ്ടെത്തിയത്;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമനനിരോധനം നിലവിലുണ്ടായിരുന്നോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 9518 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി- ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പുതിയ ക്ഷേമപെൻഷനുള്ള അപേക്ഷകൾ**

154(164) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിൽ പുതിയ ക്ഷേമ പെൻഷനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് നിർത്തിവച്ചിട്ടുണ്ടോ;

(ബി) അപേക്ഷകൾ ഡാറ്റാ എൻട്രി നടത്തുന്നത് നിർത്തിവയ്ക്കുന്നതിനുള്ള കാരണമെന്താണ്; വെളിപ്പെടുത്താമോ;

(സി) കുടിശ്ശിക ചെക്ക് വിതരണം നടത്തുമ്പോഴും മുൻ സർക്കാർ പുതിയ അപേക്ഷകൾ സ്വീകരിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിർത്തിവച്ച പുതിയ അപേക്ഷകളുടെ ഡാറ്റാ എൻട്രി പുനഃസ്ഥാപിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അപേക്ഷകൾ ഡാറ്റാ എൻട്രി നടത്തുന്നത് നിർത്തിവച്ചിട്ടില്ല. എന്നാൽ ടി വിവരങ്ങൾ വെബ്സൈറ്റിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത് ഓണത്തോടനുബന്ധിച്ച് പെൻഷൻ വിതരണം നടത്തുന്ന പ്രവൃത്തികളെ ബാധിക്കുമെന്നതിനാൽ താൽക്കാലിക ക്രമീകരണം വരുത്തിയിരുന്നു.

(സി) അപേക്ഷകൾ സ്വീകരിക്കുന്നത് നിർത്തിവച്ചിട്ടില്ല.

(ഡി) അനുവദിക്കുന്ന പെൻഷനുകളുടെ ഡാറ്റാ എൻട്രി നടത്തുന്നതാണ്. ഡാറ്റാ ട്രാൻസ്ഫറിനുള്ള സൗകര്യം പുനഃസ്ഥാപിക്കുന്നതാണ്.

**വനിതാ ഗാർഡ് നിയമനം**

155(165) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 240/2010 പ്രകാരം പത്തനംതിട്ട ജില്ലയിലെ എക്സൈസ് വകുപ്പിലെ വനിതാ ഗാർഡ് നിയമനങ്ങൾക്കായി പി.എസ്.സി,. എന്നാണ് റാങ്ക് പട്ടിക പ്രസിദ്ധികരിച്ചത്; എത്ര പേരാണ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്; മെയിൻ ലിസ്റ്റിൽ എത്ര പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗക്കാരാണ് ഉണ്ടായിരുന്നത്; വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്; നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കാമോ; ഈ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും നിയമനം ലഭിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഡി) സാധാരണഗതിയിൽ പി. എസ്. സി. പ്രസിദ്ധീകരിക്കുന്ന ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി എത്ര നാളാണെന്ന് വ്യക്തമാക്കുമോ;

(ഇ) കാറ്റഗറി നമ്പർ 240/2010 പ്രകാരമുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ഒരു വർഷം പോലും കഴിയുന്നതിനു മുൻപ് അതേ തസ്തികയിൽ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധികരിച്ചത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) പുതുതായി പ്രസിദ്ധികരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയുണ്ടായോ; എങ്കിൽ എത്ര പേർക്ക് നിയമനം ലഭിച്ചു; നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കാമോ;

(ജി) ആദ്യ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ പട്ടിക വിഭാഗക്കാരുൾപ്പെടെയുള്ളവർക്ക് സ്വാഭാവിക നീതി നിഷേധിച്ച് ജോലി നൽകാതിരുന്ന ഈ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ക്രമവിരുദ്ധമായി ഉദ്യോഗാർത്ഥികളുടെ ജോലി അവസരം നിഷേധിച്ച നടപടിയെപ്പറ്റി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; അർഹതയുണ്ടായിട്ടും നിയമനം ലഭിക്കാതെ പോയവർക്ക് സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് ജോലി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാറ്റഗറി നമ്പർ 240/2010 പ്രകാരം പത്തനംതിട്ട ജില്ലയിലെ എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ നിയമനങ്ങൾക്കായി 12-2-2014-ലാണ് പി.എസ്.സി. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. പ്രസ്തുത ലിസ്റ്റിൽ ആകെ 132 പേരെ ഉൾപ്പെടുത്തിയിരുന്നു. (മെയിൻ ലിസ്റ്റിൽ 20 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 112 പേരും) മെയിൻ ലിസ്റ്റിൽ 4 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) 18 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഈഴവ | - | 4 |
| പട്ടികജാതി | - | 3 |
| മുസ്ലീം | - | 2 |
| എൽ.സി. | - | 1 |
| ഒ.ബി.സി. | - | 1 |
| ഒ.സി. | - | 7 |
| ആകെ | - | 18 |

പ്രസ്തുത റാങ്ക് പട്ടികയുടെ കാലാവധി 3-5-2015-ൽ അവസാനിച്ചു. പ്രസ്തുത തസ്തികയുടെ പുതിയ റാങ്ക് പട്ടിക 4-5-2015-ൽ നിലവിൽ വന്നതിനെത്തുടർന്ന് പഴയ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുകയായിരുന്നു.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥിയുടെ ഊഴം ആകാത്തതുകൊണ്ടാണ് ടി വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം ലഭിക്കാതിരുന്നത്.

(ഡി) പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന ഒരു റാങ്ക് ലിസ്റ്റിന്റെ ഏറ്റവും കുറഞ്ഞ കാലാവധി ഒരു വർഷമാണ്. പുതിയ റാങ്ക് പട്ടിക നിലവിൽ വരുന്നപക്ഷം പഴയ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതാണ്.

(ഇ) 240/2010 കാറ്റഗറി പ്രകാരമുള്ള റാങ്ക് പട്ടിക നിലവിൽ വന്നത് 12-2-2014-നാണ്. ഒരു വർഷത്തിനുശേഷം 4-5-2015-നാണ് പുതിയ റാങ്ക് പട്ടിക നിലവിൽ വന്നത്.

(എഫ്) പുതുതായി പ്രസിദ്ധീകരിച്ച റാങ്ക്‌ലിസ്റ്റിൽനിന്നും 15 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമനം ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഈഴവ | - | 6 |
| മുസ്ലീം | - | 1 |
| വിശ്വകർമ്മ | - | 1 |
| എൽ.സി. | - | 2 |
| പട്ടികജാതി | - | 1 |
| ഒ.സി. | - | 4 |
| ആകെ | - | 15 |

(ജി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ നിയമാനുസൃതമുള്ള ഊഴം വരാത്തതിനാലാണ് ആദ്യ റാങ്ക് പട്ടികയിൽനിന്നും ടി വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതിരുന്നത്. ക്രമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

## ഗെയിൽ വാതക പൈപ്പ് ലൈൻ

156(166) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിലുള്ള ജനങ്ങളുടെ ആശങ്ക നീക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ഇ) കേരളത്തിൽ ഏതെല്ലാം പ്രദേശത്തുകൂടിയാണ് പ്രസ്തുത പൈപ്പ് ലൈൻ പോകുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കിലോ മീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും പി.ആന്റ് എം.പി. ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവച്ചിരുന്നു. സർവ്വേ നടപടികൾ പുനഃരാരംഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനുള്ള ഭൂമിയുടെ അളവെടുപ്പും മഹസറും സംസ്ഥാനത്ത് ആകെ 503 കിലോമീറ്ററിൽ 386 കി. മീ. (77%) പൂർത്തിയാക്കിക്കഴിഞ്ഞു. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കോൺട്രാക്ടറെ തീരുമാനിച്ചു. മറ്റു ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെണ്ടർ (ഗ്ലോബൽ NIT) ക്ഷണിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലൊട്ടാകെ അഞ്ച് ഐ.പി. സ്റ്റേഷനുകൾക്കും 26 എസ്.വി. സ്റ്റേഷനുകൾക്കുംവേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി, നടപടികൾ

പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള സ്റ്റേഷനുകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഒക്ടോബർ രണ്ടാം വരാത്തോടെ പുനരാരംഭിച്ച് ഒന്നര വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കൊച്ചിയിലെ പുതുവൈപ്പിൽ പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനലിൽനിന്നും ആരംഭിക്കുന്ന പൈപ്പ്ലൈൻ എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലൂടെ പാലക്കാട് എത്തുകയും കൂറ്റനാട് എന്ന സ്ഥലത്തുവച്ച് രണ്ടായി തിരിഞ്ഞ് ഒന്ന് പാലക്കാട് വാളയാർ കടന്ന് തമിഴ്നാട് വഴി ബാംഗ്ലൂരിലേക്കും മറ്റൊന്ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കടന്ന് മംഗലാപുരത്തേക്കും പോകുന്നു. കേരളത്തിൽ ഏഴുജില്ലകളിലായി 503 കി. മീറ്ററാണ് പൈപ്പ്ലൈനിന്റെ ദൈർഘ്യം. പദ്ധതിയുടെ ആകെ നിർമ്മാണ ചെലവ് 3263 കോടി രൂപയാണ്. ഇതിൽ ഏകദേശം 2400 കോടി രൂപ പൈപ്പും മറ്റ് സാമഗ്രികളും സമാഹരിക്കുന്നതിനായി ചെലവിട്ടുകഴിഞ്ഞു. പൈപ്പ് ലൈൻ റൂട്ടിലുള്ള ഗെയിൽ സ്റ്റേഷനുകൾക്കുവേണ്ടിയും ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകിയ ഇനത്തിലും ചെലവായത് ഉൾപ്പെടെയാണിത്.

(സി) പദ്ധതിയുടെ സുരക്ഷയെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദുരീകരിക്കുന്നതിനായി പൈപ്പ്ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾതോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. കൂടാതെ, ദൃശ്യ മാധ്യമങ്ങളിലൂടെയും പത്രപ്പരസ്യങ്ങളിലൂടെയും ലഘുലേഖകൾ മുഖേനയും, എഫ്.എം. റേഡിയോ വഴിയും ഗ്യാസ്പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും പദ്ധതി നിലവിൽവരുന്നതുവഴി സംസ്ഥാനത്തുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

(ഡി) വാതക പൈപ്പ്ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം (RoU) മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽത്തന്നെ നിക്ഷിപ്തമാണ്. ഇപ്രകാരം ഏറ്റെടുക്കുന്ന ഭൂമിക്ക് 1962-ലെ P&MP Act അനുശാസിക്കുന്ന വ്യവസ്ഥകൾക്കുപരിയായി സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന ന്യായമായ നഷ്ടപരിഹാരം നൽകാൻ ഗെയിൽ സന്നദ്ധരായിട്ടുണ്ട്. ഇതിനുപുറമേ പദ്ധതിമൂലം നഷ്ടമാകുന്ന കൃഷി ഭൂമിക്കും വിളകൾക്കും മറ്റ് വൃക്ഷങ്ങൾക്കും മതിയായ നഷ്ടപരിഹാരം നൽകുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കേരളത്തിലൊട്ടാകെ അഞ്ച് ഐ.പി. സ്റ്റേഷനുകളും 26 എസ്.വി. സ്റ്റേഷനുകളും സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കു വേണ്ട ഭൂമി നടപടികൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. മറ്റ് സ്റ്റേഷനുകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു.

(ഇ) എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെയാണ് പൈപ്പ്‌ലൈൻ കടന്നുപോകുന്നത്.

**ഗെയിൽ വാതക പൈപ്പ് ലൈൻ**

157(167) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിൽ സർവ്വേ നടപടികൾ ആരംഭിച്ചുവെന്നും എവിടെയൊക്കെ പൂർത്തീകരിച്ചുവെന്നും വിശദമാക്കാമോ;

(സി) നടപടികൾ പൂർത്തിയാക്കി പദ്ധതി എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനിന്റെ ദൈർഘ്യം 503 കിലോ മീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികളും പി.ആന്റ് എം.പി. ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവച്ചിരുന്ന സർവ്വേ നടപടികൾ സർക്കാരിന്റെ ഇടപെടലുകളെതുടർന്ന് പുനരാരംഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനുള്ള ഭൂമിയുടെ അളവെടുപ്പും മഹസറും സംസ്ഥാനത്ത് ആകെ 503 കിലോമീറ്ററിൽ 386 കി. മീ. (77%) പൂർത്തിയാക്കിക്കഴിഞ്ഞു. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കോൺട്രാക്ടറെ തീരുമാനിച്ചു. മറ്റു ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർ ടെണ്ടർ (ഗ്ലോബൽ NIT) ക്ഷണിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ മുതലായവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലൊട്ടാകെ അഞ്ച് ഐ.പി. സ്റ്റേഷനുകൾക്കും 26 എസ്.വി. സ്റ്റേഷനുകൾക്കുംവേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി, നടപടികൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള സ്റ്റേഷനുകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഒക്ടോബർ രണ്ടാം വാരത്തോടെ പുനരാരംഭിച്ച് ഒന്നര വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്ന ഏഴ് ജില്ലകളിലും പ്രാരംഭ സർവ്വേ നടപടികളും പി.ആന്റ് എം.പി. ആക്ടിലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനവും പൂർത്തിയായിക്കഴിഞ്ഞു. മഹസർ (പഞ്ചനാമ) തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളുടെ എതിർപ്പുമൂലം നിർത്തിവച്ചിരുന്ന സർവ്വേ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. ആകെയുള്ള 503 കിലോമീറ്ററിൽ 386 കി. മീ. മഹസർ പൂർത്തിയായി. നഷ്ടപരിഹാരം നൽകുവാനുള്ള അളവെടുപ്പും മഹസറും കേരളത്തിലൊട്ടാകെ 77% പൂർത്തിയായിക്കഴിഞ്ഞു.

(സി) ഒക്ടോബർ രണ്ടാം വാരത്തോടെ പുനരാരംഭിച്ച് ഒന്നര വർഷത്തിനകം പദ്ധതി പൂർത്തീകരിച്ച് പൈപ്പ്ലൈൻ പ്രവർത്തനസജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്.

**നെൽകൃഷി ഉണക്ക ഭീഷണി**

158(168) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ നെൽകൃഷി ഉണക്ക ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ് ഈ പ്രശ്നത്തിന് പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരമുള്ള വെള്ളം ലഭ്യമാക്കുക മാത്രമാണ് പോംവഴി എന്നിരിക്കെ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി കൃഷിക്കും പാലക്കാടിന്റെ കുടിവെള്ള പ്രശ്നത്തിനും പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. (540 ക്യുസെക്സ് എന്ന തോതിൽ) ജലമാണ് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേക്കായി ആവശ്യപ്പെട്ടിരുന്നത്. 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് ആദ്യം തമിഴ്നാട് അറിയിച്ചിരുന്നത്. എന്നാൽ സർക്കാർതലത്തിൽ നടത്തിയ ശക്തമായ ഇടപെടലുകളെത്തുടർന്നും പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്ന് മുഖ്യമന്ത്രി, തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 350-400 ക്യുസെക്സ് എന്ന നിരക്കിൽ വെള്ളം തരാമെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്.

**ഭരണപരിഷ്കാര കമ്മീഷൻ**

159(169) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ. വി. എസ്. അച്യുതാനന്ദൻ ചുമതലയേറ്റോ; ചുമതലയേറ്റെങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കാമോ;

(ബി) കമ്മീഷൻ ചെയർമാന് ശമ്പളം, അലവൻസുകൾ തുടങ്ങി ഏതെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനു വേണ്ടി ഒരു വർഷം ഏകദേശം എത്ര രൂപ ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ശമ്പളം, അലവൻസുകൾ എന്നിവയ്ക്ക് പുറമെ ഏതെല്ലാം സൗകര്യങ്ങളാണ് ചെയർമാന് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ചെയർമാന് അനുവദിച്ച ഔദ്യോഗിക വസതി ഏതാണെന്നും അദ്ദേഹം എന്നു മുതൽക്കാണ് അവിടെ താമസമായതെന്നും അറിയിക്കുമോ;

(എഫ്) ചെയർമാനു പുറമെയുള്ള രണ്ട് അംഗങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ജി) കമ്മീഷൻ ചെയർമാന് ഏതെല്ലാം കാറ്റഗറിയിൽ എത്ര പേഴ്സണൽ സ്റ്റാഫിനെയാണ് അനുവദിച്ചിട്ടുള്ളത്; കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചോ; നിശ്ചയിച്ചുവെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; കമ്മീഷൻ എന്നു മുതൽ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി ശ്രീ. വി. എസ്. അച്യുതാനന്ദൻ 18-8-2016-ൽ ചുമതലയേറ്റിട്ടുണ്ട്.

(ബി) കമ്മീഷൻ ചെയർമാന് ക്യാബിനറ്റ് പദവിയാണ് നൽകിയിട്ടുള്ളത്.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) ശമ്പളം, അലവൻസുകൾ എന്നിവയ്ക്ക് പുറമെ ക്യാബിനറ്റ് പദവിയിലുള്ള മന്ത്രിക്ക് ലഭ്യമാകുന്ന ഔദ്യോഗിക സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ഇ) ചെയർമാന് അനുവദിച്ച ഔദ്യോഗിക വസതി കവടിയാർ ഹൗസ് ആണ്. 11-9-2016 മുതൽ താമസം ആരംഭിച്ചിട്ടുണ്ട്.

(എഫ്) കമ്മീഷൻ അംഗങ്ങൾക്ക് ചീഫ് സെക്രട്ടറിയുടെ പദവിയാണ് നൽകിയിട്ടുള്ളത്.

(ജി) കമ്മീഷന്റെ ജീവനക്കാരെയും ടേംസ് ഓഫ് റഫറൻസും സംബന്ധിച്ച് പ്രതിപാദിക്കുന്ന 30-08-2016-ലെ സ.ഉ.(എം.എസ്.)21/2016/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.* 18-08-2016 മുതൽ കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## സി.എച്ച്.സി.-കൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ

160(170) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.എച്ച്.സി.-കളിൽ അനുവദിക്കപ്പെട്ട Staff Pattern അനുസരിച്ചിട്ടുള്ള ജീവനക്കാരെ നിയമിച്ചിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ സി.എച്ച്.സി.-കളിലെ Staff പാറ്റേൺ അനുസരിച്ച ജീവനക്കാരെ നിയമിക്കുന്നതിന് സത്വരനടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ബി) 2-8-1961-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 3150/61/ഹെൽത്ത്, 6-11-2008-ലെ സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 568/08/ആ.കു.വ. എന്നീ ഉത്തരവുകൾ (അനുബന്ധമായി ചേർത്തിരിക്കുന്നു.)* പ്രകാരമാണ് സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്. രോഗികളുടെ വർദ്ധനവിനനുസരിച്ചും പുതിയ സ്പെഷ്യലൈസേഷൻ വരുന്നതനുസരിച്ചും ധനകാര്യ വകുപ്പിന്റെ അനുവാദത്തോടെ സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഫറോക്ക് താലൂക്ക് ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ

161(171) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഫറോക്ക് മുൻസിപ്പാലിറ്റിയിലുള്ള താലൂക്ക് ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ ഉണ്ട്; ഇതിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടായിട്ടും രോഗികളെ അഡ്മിറ്റ് ചെയ്യാൻ ഡോക്ടർമാർ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2016 ജനുവരി 1 മുതൽ ആഗസ്റ്റ് 31 വരെ ഈ ആശുപത്രിയിൽ എത്ര രോഗികളെ അഡ്മിറ്റ് ചെയ്തിട്ടുണ്ടെന്ന വ്യക്തമാക്കുമോ;

(ഡി) സ്ഥാപനത്തിൽ കിടത്തി ചികിത്സ ആവശ്യമുള്ള രോഗികൾക്ക് ഒ.പി. സമയത്തിനുശേഷവും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഫറോക്ക് താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത തസ്തികകളിൽ ഒരു തസ്തികയും നിലവിൽ ഒഴിഞ്ഞുകിടക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2016 ആഗസ്റ്റ് മാസം 1-ാം തീയതിയാണ് താലൂക്ക് ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിച്ചത്. 2016 ആഗസ്റ്റ് മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ 19 രോഗികളെ കിടത്തി ചികിത്സിച്ചിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽ 24 ബെഡ് സ്ട്രെങ്ത് ആണുള്ളത്. 2015 മേയ് 11-ന് പുതിയ ഐ.പി. കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും ആവശ്യത്തിന് പാരാമെഡിക്കൽ ജീവനക്കാർ ഇല്ലാത്തതിനാൽ കിടത്തി ചികിത്സ സാധ്യമായില്ല.

(ഡി) ഒ.പി. സമയത്തിനുശേഷവും ഡോക്ടർമാരുടെ സേവനം ആശുപത്രിയിൽ ലഭ്യമാണ്. നിലവിൽ പാലിച്ചുപോരുന്ന സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർടി.) നമ്പർ 4577/94/എച്ച്&എഫ്.ഡബ്ല്യു.ഡി. തീയതി 14-12-1994 പ്രകാരം ഏഴോ അതിൽ കൂടുതലോ ഡോക്ടർമാർ ഉള്ളപ്പോൾ ടേൺ ഡ്യൂട്ടി (സ്റ്റേ ഡ്യൂട്ടി)-യും അതിൽ കുറവുള്ളപ്പോൾ കോൾ ഡ്യൂട്ടിയും ആയതിനാൽ ഈ ഡ്യൂട്ടി നില 2016 ആഗസ്റ്റ് 1 മുതൽ പ്രസ്തുത ആശുപത്രിയിൽ പാലിച്ചുപോരുന്നു.

**ആരോഗ്യത്തിന് ഹാനികരമായ കുടിവെള്ള വിതരണം**

162(172) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാങ്കറുകളിൽ വിതരണം ചെയ്യുന്ന കുടിവെള്ളം ആരോഗ്യത്തിന് ഹാനികരമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട് എത്ര പരിശോധനകൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇത് തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-ൽ 21 പരിശോധനകൾ നടത്തിയിട്ടുണ്ട്.

(സി) കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കറുകൾക്കും ആയവ വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾക്കും ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുള്ളതും അവർ പാലിക്കേണ്ട മാനദണ്ഡങ്ങൾ പ്രത്യേകമായി നിർദ്ദേശിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധനകളിൽ ഉറപ്പുവരുത്താറുണ്ട്.

**അതിസങ്കീർണ്ണ ശസ്ത്രക്രിയാ നിരക്കുകളുടെ ഏകീകരണം**

163(173) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റമുൾപ്പെടെയുള്ള അതിസങ്കീർണ്ണ ശസ്ത്രക്രിയകൾ നടത്തുന്ന സ്വകാര്യ ആശുപത്രികൾ വളരെ ഉയർന്ന നിരക്കിലുള്ള തുകയാണ് ശസ്ത്രക്രിയയ്ക്കും മറ്റും ഈടാക്കിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ പല രോഗികൾക്കും യഥാസമയം ശസ്ത്രക്രിയയും തുടർചികിത്സയും നടത്തുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവയവമാറ്റത്തിനും അതിസങ്കീർണ്ണ ശസ്ത്രക്രിയകൾക്കുമുള്ള നിരക്ക് ഏകീകരിക്കുന്നത് സംബന്ധിച്ച് ആലോചനകൾ നടക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) അതിസങ്കീർണ്ണമായ ശസ്ത്രക്രിയകൾക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ കൺവീനറായി ഒരു എക്സ്പേർട്ട് കമ്മിറ്റിയെ സർക്കാർ ഇതിനകം നിയമിച്ചിട്ടുണ്ട്.

## ജി.സി.എം.എസ്. സ്ഥാപിക്കുന്നതിന് നടപടി

164(174) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷം കോഴിക്കോട് റീജിയണൽ അനലറ്റിക്കൽ ലാബിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ജി.സി.എം.എസ്. എന്ന ഉപകരണം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

ഉത്തരം

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ സി/848/16 എന്ന ഫയൽ പ്രകാരം 85,000,00 (എൺപത്തി അഞ്ച് ലക്ഷം രൂപ) രൂപ കോഴിക്കോട് അനലറ്റിക്കൽ ലാബിലേക്ക് ജി.സി.എം.എസ്. എന്ന ഉപകരണം വാങ്ങിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറി ടെണ്ടർ നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

## ടി.എച്ച്.ക്യൂ. നിലവാരത്തിലുള്ള സ്റ്റാഫ് പാറ്റേൺ

165(175) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ടി.എച്ച്.ക്യൂ. നിലവാരത്തിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമലയുടെ താലൂക്ക് ആശുപത്രിയായ ഇവിടെ സ്റ്റാഫ് പാറ്റേൺ പ്രകാരം മതിയായ തസ്തിക സൃഷ്ടിക്കാത്തതുമൂലം ജീവനക്കാരും രോഗികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മതിയായ ജീവനക്കാരില്ലാത്തതുമൂലം പുതുതായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം പോലും പൂർണ്ണമായി ഉപയോഗിക്കാൻ കഴിയാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പമ്പയിൽ ചേർന്ന ശബരിമല അവലോകനയോഗ തീരുമാനപ്രകാരം റാന്നി ടി.എച്ച്.ക്യൂ.-വിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഫയൽ സമർപ്പിച്ചെങ്കിലും, പോസ്റ്റുകൾ ഇതേവരെ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു കൊണ്ടാണ് ഇത് സംഭവിച്ചത് എന്ന് വ്യക്തമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്;

(ഇ) റാന്നി ടി.എച്ച്.ക്യൂ.-വിൽ ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ – സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) ഉണ്ട്. ശബരിമല തീർത്ഥാടന മേഖലയുമായി ബന്ധപ്പെട്ട പ്രധാന ആശുപത്രിയായ റാന്നി താലൂക്ക് ആശുപത്രിയിൽ 7 ഡോക്ടർമാരുൾപ്പെടെ 24 അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പിന്റെ ശിപാർശ തേടുകയുണ്ടായി. ശബരിമല തീർത്ഥാടന കാലം ഒരു വർഷത്തിൽ ഏകദേശം രണ്ട് മാസം മാത്രമാണെന്നുള്ളതിനാൽ തീർത്ഥാടനകാലത്തെ ആവശ്യങ്ങൾ നേരിടുന്നതിലേക്കായി ഇതര വകുപ്പുകൾ (ആഭ്യന്തരം, മോട്ടോർ വാഹന വകുപ്പ്) ചെയ്യുന്നതുപോലെ മറ്റിടങ്ങളിൽനിന്നും ജീവനക്കാരെ താൽക്കാലികമായി മാറ്റി നിയമിക്കുവാൻ പ്രസ്തുത വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി. റാന്നി താലൂക്ക് ആശുപത്രി, ശബരിമല തീർത്ഥാടന മേഖലയുമായി ബന്ധപ്പെട്ട പ്രധാന ആശുപത്രിയാകയാലും പ്രസ്തുത ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ പ്രകാരം മതിയായ തസ്തിക ഇല്ലാത്തതിനാലും ധനകാര്യ വകുപ്പ് നൽകിയ ശിപാർശ പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ സമർപ്പിക്കുവാൻ തീരുമാനമെടുക്കുകയുണ്ടായി. പ്രസ്തുത ഫയലിന്മേൽ ധനകാര്യ വകുപ്പ് സമർപ്പിക്കുന്ന പുനഃപരിശോധനാ ശിപാർശയിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കരൾ രോഗം**

166(176) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരൾ സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തുന്നതിനായി സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് സൗകര്യം ഇല്ലാത്തതിനാലും സ്വകാര്യ ആശുപത്രികളിലെ താങ്ങാനാവാത്ത ചെലവുമൂലവും സാധാരണക്കാരായ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) കരൾ രോഗത്തിന് ഫലപ്രദമായ ചികിത്സ സർക്കാർ ആശുപത്രികളിൽ ഇല്ലാത്തതിനാലും ചികിത്സ ഉള്ള സ്വകാര്യ ആശുപത്രികൾ കാരുണ്യ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും കാരുണ്യ പദ്ധതിപ്രകാരം ലഭ്യമാകേണ്ട സഹായവും പ്രധാനമന്ത്രിയുടെ ചികിത്സാസഹായവും ഒന്നും പാവപ്പെട്ടവരായ രോഗികൾക്ക് ലഭ്യമാകാത്ത സാഹചര്യം കണക്കിലെടുത്ത് ഇത്തരം രോഗികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) നിലവിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മാത്രമേ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗകര്യം ലഭ്യമാക്കിയിട്ടുള്ളൂ.

(ഡി) കാരുണ്യ ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നികുതി വകുപ്പുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

**പേവിഷ വാക്സിൻ**

167(177) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷ വാക്സിനുമായി ബന്ധപ്പെട്ട് എത്രകോടി രൂപ പ്രതിവർഷം സംസ്ഥാനം ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തെരുവ് നായകളുടെ ആക്രമണമേറ്റവർക്ക് സർക്കാർ, സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ സർക്കാർ ആശുപത്രികൾക്കുവേണ്ടി പേവിഷ ബാധയ്ക്കുള്ള മരുന്നുകൾ വാങ്ങുന്നതിലേക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചെലവഴിച്ച തുകയുടെ വാർഷികാടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2008-09 | 1,03,48,113.00 |
| 2009-10 | 1,84,96,620.00 |
| 2010-11 | 2,26,25,766.88 |
| 2011-12 | 1,76,49,307.00 |
| 2012-13 | 4,51,12,703.00 |
| 2013-14 | 4,74,09,642.00 |
| 2014-15 | 5,32,29,306.00 |
| 2015-16 | 4,82,37,264.00 |

(ബി) സർക്കാർ ആശുപത്രികളിൽ സൗജന്യമായാണ് ഈ ചികിത്സ നൽകുന്നത്. സ്വകാര്യ ആശുപത്രികളുടെ മേൽ നിലവിൽ നിയന്ത്രണം ഇല്ല. തെരുവുനായ്ക്കളുടെ കടിയേറ്റവർക്ക് സൗജന്യ ചികിത്സ സ്വകാര്യ ആശുപത്രികളിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**വ്യാജ ആയുർവേദ മരുന്നുകൾ**

168(178) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പരിശോധനങ്ങൾ നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ആയുർവേദ മരുന്നുകൾ എന്ന പേരിൽ വ്യാജ മരുന്നുകൾ സംസ്ഥാനത്തുടനീളം വിൽക്കപ്പെടുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് ആന്റ് റൂൾസിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കേണ്ടത് നിർബന്ധമാണ്. ഗുണനിലവാര നിർണ്ണയത്തിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ കീഴിൽ പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവിടങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ ആയുഷ് അംഗീകരിച്ച 7 സ്വകാര്യ ലബോറട്ടറികളിലും സൗകര്യമുണ്ട്. മാത്രമല്ല കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം, ലൈസൻസ് നൽകുന്ന എല്ലാ സ്ഥാപനങ്ങൾക്കും ജി.എം.പി. സൗകര്യത്തോടുകൂടിയ ഇൻഹൗസ് ലബോറട്ടറി സംവിധാനം നിലവിലുണ്ട്. അവരവർ നിർമ്മിക്കുന്ന ഔഷധങ്ങൾ സ്വന്തം ലാബിൽ ഗുണനിലവാര പരിശോധന നടത്തി മാത്രമേ വിൽപ്പന നടത്താവൂ എന്നും നിബന്ധനയുണ്ട്. അതോടൊപ്പം ഗുണനിലവാര നിർണ്ണയം ത്വരിതപ്പെടുത്തുന്നതിനായി ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്യുന്നുണ്ട്.

(ബി&സി) ഉണ്ട്. ഇത്തരം പരാതികൾ ലഭിച്ചാൽ ഉടൻതന്നെ സ്ഥാപനം പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും ഔഷധങ്ങളുടെ സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേക്ക് ഗുണനിലവാര നിർണ്ണയത്തിന് അയയ്ക്കുകയും ചെയ്യുന്നു. പരിശോധനാ റിപ്പോർട്ടിൽ ഗുണനിലവാരം ഉറപ്പാക്കാത്ത ഔഷധങ്ങൾ ഉടൻതന്നെ മാർക്കറ്റിൽനിന്നും പിൻവലിക്കുകയും നിർമ്മാതാവിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**മുക്കം സി.എച്ച്.സി.-യുടെ നിലവാരമുയർത്തുന്നതിനുള്ള നടപടികൾ**

169(179) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സി.എച്ച്.സി.-യുടെ നിലവാരമുയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആശുപത്രിയുടെ സമഗ്രവികസനത്തിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ആശുപത്രിയുടെ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പഴക്കംചെന്ന പല സ്ഥലത്തായി കിടക്കുന്ന കെട്ടിടങ്ങളെല്ലാം ഒഴിവാക്കി അഗ്നിരക്ഷാ സംവിധാനം ഉൾപ്പെടെയുള്ള പുതിയ കെട്ടിടം നിർമ്മിക്കുക, കാഷ്വാലിറ്റി, ആംബുലൻസ് എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തുക, ആധുനിക ചികിത്സാ ഉപകരണങ്ങൾ സ്ഥാപിക്കുക, ഗൈനക്കോളജി വിഭാഗം ആരംഭിക്കുക തുടങ്ങിയവയാണ് ആശുപത്രിയുടെ സമഗ്ര വികസനത്തിന് ആവശ്യമുള്ളത്. പ്രസ്തുത കാര്യങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം പരിശോധിക്കുന്നതാണ്.

(സി) സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**ആരോഗ്യ മേഖലയിലെ നിയമനങ്ങൾ**

170(180) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. മുകേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരോഗ്യ മേഖലയിൽ നടന്ന നിയമനങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുമോ;

(ബി) നിലവിൽ ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യം മന്ത്രിസഭാ ഉപസമിതി പരിശോധിച്ചുവരികയാണ്.

(ബി) ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൃത്രിമ ചൈനീസ് മുട്ടകളുടെ വിപണനം**

171(181) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാരോഗ്യത്തിന് ഭീഷണി ഉയർത്തുന്ന കൃത്രിമ ചൈനീസ് മുട്ടകളുടെ വിപണനം വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിഷാംശമുണ്ടെന്ന് സംശയിക്കപ്പെടുന്ന ചൈനീസ് കളിപ്പാട്ടങ്ങൾ കൂടി ഇതോടൊപ്പം പരിശോധന നടത്തുവാൻ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ചൈനീസ് മുട്ടകളെന്ന് സംശയം തോന്നിയ സാമ്പിളുകൾ വെറ്ററിനറി സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള സെന്റർ ഫോർ മീറ്റ് ആന്റ് സയൻസ് ടെക്നോളജിയിൽ പരിശോധിച്ചതിൽനിന്നും ഇവ കൃത്രിമ മുട്ടകളല്ല എന്ന പരിശോധനാഫലം ലഭിച്ചിട്ടുണ്ട്.

(സി) കളിപ്പാട്ടങ്ങൾ ചൈനീസ് നിർമ്മിതമായവ ഉൾപ്പെടെ പരിശോധിക്കുന്നതിന് നിലവിൽ ആരോഗ്യ വകുപ്പിൽ സംവിധാനമില്ല.

**അർബുദ പരിശോധനാ സംവിധാനവും ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യവും**

172(182) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദ പരിശോധനാ സംവിധാനവും ഹൃദയശസ്ത്രക്രിയയ്ക്കുള്ള സൗകര്യവും ഇതിനാവശ്യമായ കാത്ത് ലാബും എല്ലാ താലൂക്ക് ആശുപത്രികളിലും സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷം ഏതെല്ലാം താലൂക്ക് ആശുപത്രികളിലാണ് പ്രസ്തുത സൗകര്യങ്ങൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള ചികിത്സാ സംവിധാനങ്ങൾ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹൃദ്രോഗ ചികിത്സയ്ക്കുള്ള കാത്ത് ലാബ് സ്ഥാപിക്കുന്നതിനും പ്രവർത്തനസജ്ജമാക്കുന്നതിനും ഹൃദ്രോഗ വിഗദ്ധന്മാരുടെയോ പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെയോ സേവനം അനിവാര്യമാണ്. ആയതിനാൽ ഇത് താലൂക്കാശുപത്രികളിൽ ആരംഭിക്കുന്നതിനെപ്പറ്റി ഇപ്പോൾ ആലോചനയിലില്ല. അർബുദ പരിശോധന സംവിധാനം പുനലൂർ താലൂക്കാശുപത്രിയിലും നല്ലൂർനാട് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിലും ഇപ്പോൾ ലഭ്യമാണ്. ഇത് കൂടുതൽ താലൂക്കാശുപത്രികളിലേക്ക് വ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ സാമ്പത്തിക വർഷം കാത്ത് ലാബ് സംവിധാനം താലൂക്കാശുപത്രികളിൽ ആരംഭിക്കുന്നതിന് പദ്ധതികൾ ഒന്നും ഇല്ല.

(ഡി) ക്യാൻസർ കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് ഈ വർഷം ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാത്ത് ലാബ് സജ്ജീകരിക്കുന്നതിന് എൻ.സി.ഡി. ഫണ്ടിൽനിന്നും 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ചെറൂപ്പ ഹെൽത്ത് സെന്റർ**

173(183) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലുള്ള ചെറൂപ്പ ഹെൽത്ത് സെന്ററിൽ, എം.എൽ.എ.-യുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടത്തിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സെന്ററിലേക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ഡോക്ടർമാർക്ക് വരുന്നതിന് ആസ്തി വികസന പദ്ധതിയിൽ അനുവദിച്ച വാഹനം സംബന്ധിച്ച 1552/M1/2016/H&FWD ഫയലിൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്; വിശദമാക്കാമോ;

(സി) ചെറുപ്പ ഹെൽത്ത് സെന്റർ മികവിന്റെ കേന്ദ്രമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സമഗ്ര പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായും സർക്കാർ നയത്തിനനുസരിച്ചും സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ആസ്തി വികസന പദ്ധതിയിൽനിന്നും സർക്കാർ സ്കൂളുകൾക്കുമാത്രം ബസ് വാങ്ങുന്നതിന്, ആയതിന്റെ ആവർത്തന ചെലവുകൾ drivers-ന്റെ വേതനം ഉൾപ്പെടെ PTA fund-ൽ നിന്നും അനുവദിക്കണം എന്ന വ്യവസ്ഥയിൽ അനുമതി നൽകാറുണ്ട്. പൊതുജനോപകാരപ്രദമായ പ്രവർത്തികൾക്കാണ് ആസ്തി വികസന പദ്ധതിയിൽനിന്നും തുക അനുവദിക്കുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ഡോക്ടർമാർക്ക് വരുന്നതിന് ബസ് വാങ്ങുന്നതിനുള്ള പ്രൊപ്പോസലിൽ ആവർത്തന ചെലവുകൾ വരുന്നതിനാലും അവ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാകയാലും പ്രസ്തുത വിഷയം കൈകാര്യം ചെയ്യു ഈ വകുപ്പിന്റെ 1552/എം1/2016/ആ.കു.വ. നമ്പർ ഫയലിൽ തുടർ നടപടികൾ അവസാനിപ്പിക്കുകയാണുണ്ടായത്.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നടപടികൾ സ്വീകരിച്ചുവരുന്നു.

**ആരോഗ്യ വകുപ്പിന് കേന്ദ്രധനസഹായത്തോടെ ലഭിച്ച പുതിയ പദ്ധതികൾ**

174(184) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഡൽഹി സന്ദർശനങ്ങൾ കൊണ്ട് ആരോഗ്യ വകുപ്പിന് ലഭിച്ച പുതിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്കായി എത്ര കോടി രൂപയുടെ കേന്ദ്രധനസഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹി സന്ദർശനത്തിൽ നടന്ന ചർച്ചകളുടെ ശ്രമഫലമായി PMSSY-യുടെ രൂപരേഖ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ മാറ്റുകയുണ്ടായി. കേരളത്തിൽ All India Institute of Medical Science-ന്റെ ശാഖ ആരംഭിക്കുന്ന കാര്യം ധനകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്ത് ഉടൻ തീരുമാനമാക്കാമെന്നും മലബാർ കാൻസർ സെന്ററിന് Tertiary Cancer Care Centre പദവി നൽകുന്ന കാര്യം മറ്റേതെങ്കിലും സംസ്ഥാനം പ്രസ്തുത പ്രോജക്ട് നടപ്പാക്കാതിരിക്കുകയാണെങ്കിൽ പരിഗണിക്കാമെന്നും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്.

**മുനമ്പം സർക്കാർ ആശുപത്രി**

175(185) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പം സർക്കാർ ആശുപത്രിയെ മുഴുവൻ സമയ (24 X 7) സി.എച്ച്.സി. ആയി ഉയർത്തുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വൈപ്പിൻ മണ്ഡലത്തിൽ മാലിപ്പുറം ബ്ലോക്കിന് കീഴിലാണ് പി.എച്ച്.സി. മുനമ്പം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത പി.എച്ച്.സി. മാലിപ്പുറം സി.എച്ച്.സി.-ക്ക് കീഴിലാണ് വരുന്നത്. ഈ ആശുപത്രി ഇപ്പോൾ 24X7 പി.എച്ച്.സി. നിലവാരത്തിലുള്ളതാണ്. ഇതിന് 8 കിലോമീറ്റർ അടുത്തായി പി.എച്ച്.സി. എടവനക്കാട്, പി.എച്ച്.സി. നായരമ്പലം, പി.എച്ച്.സി. അയ്യമ്പിള്ളി തുടങ്ങിയവയും സി.എച്ച്.സി. മാലിപ്പുറവും പ്രവർത്തിക്കുന്നുണ്ട്. മുനമ്പം സർക്കാർ ആശുപത്രിയെ മുഴുവൻ സമയ (24X7) സി.എച്ച്.സി. ആക്കി ഉയർത്തുന്ന കാര്യം പിന്നീട് പരിശോധിക്കാവുന്നതാണ്.

**കൊരട്ടി ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രി**

176(186) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രിയിലെ അന്തേവാസികൾക്ക് നിത്യോപയോഗ സാധനങ്ങൾ നൽകിയ വകയിൽ ലഭിക്കാനുള്ള

15 ലക്ഷത്തോളം വരുന്ന തുക പേഷ്യന്റ്സ് സർവ്വീസ് സൊസൈറ്റിക്ക് അടിയന്തരമായി അനുവദിക്കുന്നതിനും അന്തേവാസികൾക്ക് റേഷൻ പഞ്ചസാര അനുവദിക്കുന്നതിനും സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രി വക 110 ഏക്കറോളം സ്ഥലത്ത് ആശുപത്രിക്കാവശ്യമായ മുഴുവൻ വിഭാഗങ്ങളും ഒരേ കെട്ടിട സമുച്ചയത്തിൻ കീഴിലാക്കുന്നതിനും ബാക്കി സ്ഥലത്ത് ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട വികസന പദ്ധതി നടപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രിയിലെ അന്തേവാസികൾക്ക് നിത്യോപയോഗ സാധനങ്ങൾ നൽകിയ വകയിൽ ആവശ്യപ്പെട്ട 12 ലക്ഷത്തോളം രൂപ ലഭ്യമാക്കിയിട്ടുണ്ട്. അന്തേവാസികൾക്കുള്ള പഞ്ചസാര വിതരണം 2013 നവംബർ മാസം മുതൽ മുടങ്ങിയിരിക്കുകയാണ്. ഏകദേശം 180 അന്തേവാസികൾ ഉള്ള ഈ സ്ഥാപനത്തിൽ ഇവർക്ക് വ്യക്തിപരമായി റേഷൻ കാർഡ് അനുവദിച്ചിട്ടില്ല. സ്ഥാപനത്തിനുമാത്രമായി നിലവിലുള്ളത് എ.പി.എൽ. വിഭാഗം കാർഡാണ്. എ.പി.എൽ. പെർമിറ്റുകാർക്ക് പഞ്ചസാര നിലവിൽ അനുവദിക്കുന്നില്ല. ടി പെർമിറ്റ് ബി.പി.എൽ. ആക്കി മാറ്റണമെന്ന് കാണിച്ച് പേഷ്യന്റ്സ് സർവ്വീസ് സൊസൈറ്റി സമർപ്പിച്ച നിവേദനം ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ഫയൽ നമ്പർ 864121/ഡി1/2016/ഭ.പൊ.വി.വ. പ്രകാരം പരിശോധിച്ചുവരുന്നു.

(ബി) ഗാന്ധിഗ്രാം ത്വഗ്രോഗാശുപത്രിവക 110 ഏക്കറോളം സ്ഥലമാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ ഒരേക്കർ സ്ഥലത്ത് ഹ്യൂമൻ റിസോഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ബാക്കി ലഭ്യമായ സ്ഥലത്ത് ആശുപത്രിക്കാവശ്യമായ മുഴുവൻ വിഭാഗങ്ങളും ഒരു കെട്ടിട സമുച്ചയത്തിലാക്കുന്നതിന് പ്രൊപ്പോസലുണ്ട്.

**മാവൂർ പഞ്ചായത്തിൽ പി.എച്ച്.സി. ആരംഭിക്കുന്നതിന് നടപടി**

177(187) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിലെ ചെറൂപ്പ ഹെൽത്ത് സെന്റർ നടത്തിപ്പ് പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതുമൂലം മാവൂർ പഞ്ചായത്തിന് നിർവ്വഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കാൻ സാധിക്കാത്തതിനാൽ പഞ്ചായത്തിന് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മാവൂർ പഞ്ചായത്തിൽ ഒരു പി.എച്ച്.സി. ആരംഭിക്കുന്നതിന് സർക്കാർ തയ്യാറാവുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവൂർ പഞ്ചായത്തിലെ ചെറൂപ്പ ഹെൽത്ത് സെന്ററിന്റെ ഫീൽഡ് ആക്ടിവിറ്റീസ് ഒഴികെയുള്ള നടത്തിപ്പ് പൂർണ്ണമായും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പരിധിയിലാണ്.

(ബി) എം.സി.എച്ച്. ചെറൂപ്പ യൂണിറ്റ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽവരുന്നതിനാൽ ടി കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് പഞ്ചായത്തിന്റെ പദ്ധതികൾ നിർവ്വഹണം നടത്താൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ ആരോഗ്യ മേഖലയിലെ ചില പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തന്നെയാണ് നിർവ്വഹണം നടത്തുന്നത്. ആയതുമൂലം ആരോഗ്യ മേഖലയിലെ പദ്ധതികളുടെ സുഗമമായ നിർവ്വഹണത്തിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

(സി) മാവൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ എം.സി.എച്ച്. യൂണിറ്റ് കൂടിയായ 24X7 പി.എച്ച്.സി. നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഗ്രാമപഞ്ചായത്തിൽ പുതുതായി പി.എച്ച്.സി. ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കിടത്തി ചികിത്സയ്ക്കുള്ള സംവിധാനം**

178(188) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ നെല്ലനാട് പഞ്ചായത്തിലെ ആലന്തറ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ നല്കിവരുന്നുണ്ടോ; കിടത്തി ചികിത്സ നടത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഈ ആശുപത്രിയിൽ ലഭ്യമാണോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള സംവിധാനങ്ങളൊരുക്കി ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. കിടത്തി ചികിത്സ നടത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമല്ല.

(ബി) ബന്ധപ്പെട്ട പഞ്ചായത്ത് ഭൗതിക സാഹചര്യങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആലന്തറ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ വിഭാഗം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

## മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ സ്ഥലം

179(189) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും ഏതു രീതിയിൽ ഉപയോഗപ്പെടുത്താനാണ് ആരോഗ്യ വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ മുമ്പിലുണ്ടോ;

(സി) എങ്കിൽ ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നുണ്ടോ;

(ഡി) ഏൻജൽസ് എന്ന സന്നദ്ധ സംഘടന ഇതിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഡി) 5-8-2016-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 2174/16/ആ.കു.വ. പ്രകാരം മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും കാൻസർ സ്ക്രീനിംഗ് സെന്റർ നടത്തുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിന് വിട്ടുനൽകിയിട്ടുണ്ട്. ഇതിനായി 1-10-2016 മുതൽ ക്ലാസ്സുകളും ക്യാമ്പുകളും മെഡിക്കൽ കോളേജ് റേഡിയോ തെറാപ്പി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്.

## കേശവപുരം സി.എച്ച്.സി.

180(190) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേശവപുരം സി.എച്ച്.സി.-യിൽ എക്സ്റേ യൂണിറ്റ് വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പിന്നാക്ക മേഖലയിലുള്ള പ്രസ്തുത സി.എച്ച്.സി.-യിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എക്സ്റേ യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേശവപുരം സി.എച്ച്.സി.-യിലെ എക്സ്റേ മെഷീൻ 12-8-2015 മുതൽ പ്രവർത്തനരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ആറ്റിങ്ങൽ താലൂക്കാശുപത്രിയിലേക്ക് അനുവദിച്ച എക്സ്റേ യൂണിറ്റ് അവിടെ സ്ഥലസൗകര്യമില്ലാത്തതിനാൽ കേശവപുരം സി.എച്ച്.സി.-യിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. 1994 മുതൽ എക്സ്റേ യൂണിറ്റ് പ്രസ്തുത ആശുപത്രിയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ കാലപ്പഴക്കവും ഉപയോഗവുംമൂലം ഇപ്പോൾ പ്രവർത്തനരഹിതമാണ്. അതിനാൽ പുതിയ യൂണിറ്റ് സ്ഥാപിക്കുന്നതിനായി റേഡിയേഷൻ നിയന്ത്രണചട്ട പ്രകാരമുള്ള കെട്ടിടം ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയുടെ മാനദണ്ഡപ്രകാരം നിർമ്മിക്കുന്നതിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തിലെ പ്ലാൻ ബഡ്ജറ്റിൽ ആരോഗ്യ വകുപ്പിലെ ബൃഹത്തായ നിർമ്മാണ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ എക്സ്റേ മെഷീൻ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ അംഗീകാരത്തോടെയുള്ള എക്സ്റേ കെട്ടിടം നവീകരണം പൂർത്തിയായതിനുശേഷം സ്ഥാപിക്കുന്നതിനുള്ള നടപടി എടുക്കുന്നതാണ്. 26-5-2014-ലെ സർക്കാർ ഉത്തരവ് (സാ.ധ.)നമ്പർ 1669/2014/ആ.കു.വ. പ്രകാരം സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുവാനുള്ള പദ്ധതിയിൽ ഉൾപ്പെട്ട 154 ആശുപത്രികളിൽ കേശവപുരവും ഉൾപ്പെട്ടിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.

**പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന് നിയമിച്ചിട്ടുള്ള ജീവനക്കാർ**

181(191) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനത്തിന് ആരോഗ്യ വകുപ്പ് എത്ര ജീവനക്കാരെയാണ് നിയമിച്ചത്; ഇവരെ നിയമിച്ച തീയതിയും വർഷവും ജില്ല തിരിച്ചുള്ള കണക്കും നൽകാമോ;

(ബി) ഏതൊക്കെ വിഭാഗം ജീവനക്കാരെയാണ് മഴക്കാലജന്യരോഗങ്ങൾ തടയാനായി താൽക്കാലിക മായി നിയമിച്ചത്; നിയമനത്തിനു ശേഷം ഇവർക്ക് ശമ്പളം മുടങ്ങാതെ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആകെ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) കുടിശ്ശിക നൽകാനായി ധനകാര്യ വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ശമ്പള വിതരണം നടക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ വിവിധ വിഭാഗങ്ങളിലായി സ.ഉ.(കൈ)നമ്പർ 187/2012/ആ.കു.വ. തീയതി 20-6-2012 പ്രകാരം 1902 പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.* കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ സ.ഉ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(കൈ)212/13/ആ.കു.വ. തീയതി 31-5-2013 പ്രകാരം തിരുവനന്തപുരത്ത് 115-ഉം ആലപ്പുഴയിൽ 32-ഉം കോട്ടയത്ത് 27-ഉം മലപ്പുറത്ത് (മഞ്ചേരി) 12-ഉം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഡോക്ടർ, സ്റ്റാഫ് നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, അറ്റൻഡർ, ലാബ് അസിസ്റ്റന്റ്, ക്ലീനിംഗ് സ്റ്റാഫ്, ജെ.എച്ച്.ഐ. സ്പ്രേമാൻ എന്നിവരെയാണ് ഇപ്രകാരം നിയമിച്ചിട്ടുള്ളത്. ഫണ്ടിന്റെ അപര്യാപ്തതമൂലം ടി ജീവനക്കാർക്ക് ശമ്പളം മുടങ്ങാതെ നൽകാൻ സാധിച്ചിട്ടില്ല. ആരോഗ്യവകുപ്പിനുകീഴിൽ നിയമിച്ച ജീവനക്കാരുടെ കുടിശ്ശിക സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.* മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽനിന്ന് നിയമിച്ച ജീവനക്കാർക്ക് 8,95,161 രൂപയും കോട്ടയം ഗവ. മെഡിക്കൽ കോളേജിൽനിന്ന് നിയമിച്ച ഒരു ജീവനക്കാരന്റെ ശമ്പളവും മഞ്ചേരി (മലപ്പുറം) ഗവ. മെഡിക്കൽ കോളേജിൽ നിന്ന് നിയമിച്ച 5 ഗ്രേഡ് II ജീവനക്കാർക്ക് 11 മാസത്തെ ശമ്പളമായ 3,86,100/- രൂപയും കുടിശ്ശികയായി നല്കാനുണ്ട്.

(സി) ടി ജീവനക്കാർക്ക് കുടിശ്ശിക ശമ്പളം നൽകുന്നതിനായി അഡീഷണൽ ആതറൈസേഷൻ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചപ്പോൾ നടപ്പുവർഷത്തെ ബഡ്ജറ്റിൽ പകർച്ചവ്യാധി നിയന്ത്രണത്തിനായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക ഉപയോഗിച്ചതിനുശേഷം മാത്രമേ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുകയുള്ളൂവെന്നും ടി വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വിഷലിപ്ത ഭക്ഷ്യ വസ്തുക്കൾ തടയാൻ നടപടി

182(192) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കൾ വിപണിയിൽ എത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) 'സേഫ് ടു ഈറ്റ്' പദ്ധതിയുടെ ഭാഗമായി മൊബൈൽ പരിശോധനാ ലാബുകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലെന്നു വിശദമാക്കുമോ ;

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പഴം, പച്ചക്കറി എന്നിവയിൽ അനുവദനീയമായ കീടനാശിനിയുടെ അളവ് (പി.പി.എ.) എത്രയെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത അളവിൽ കൂടിയ വിഷാംശം കലർന്ന പഴം, പച്ചക്കറി എന്നിവ അതിർത്തി ചെക്ക് പോസ്റ്റുകളിൽ വച്ചുതന്നെ പരിശോധിച്ച് നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കൾ വിപണിയിൽ എത്തുന്നത് തടയുന്നതിനുവേണ്ടി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള ലാബുകളിൽ ഉൾപ്പെടെ പരിശോധന നടത്തിവരുന്നു. ഇതുകൂടാതെ മത്സ്യത്തിന്റെ പരിശോധന കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്ന സ്ഥാപനത്തിലും പഴം, പച്ചക്കറി എന്നിവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനികളുടെ സാന്നിധ്യം കണ്ടുപിടിക്കുന്നതിനുവേണ്ടി വെള്ളായണി കാർഷിക കോളേജിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധന നടത്തുന്നുണ്ട്. ഇതുകൂടാതെ ഓണം പോലുള്ള ആഘോഷവേളകളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകൾക്കും ദേശീയ നിലവാരത്തിലുള്ള NABL അക്രഡിറ്റേഷൻ നേടുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. കൂടാതെ ചെക്ക്പോസ്റ്റ് ഉൾപ്പെടെ സന്ദർശിച്ച് സാമ്പിളുകൾ നേരിട്ട് ശേഖരിച്ച് പരിശോധിക്കുന്നതിനായി രാജ്യത്ത് തന്നെ പുതുതായി രണ്ട് മൊബൈൽ അനലിറ്റിക്കൽ ലബോറട്ടറികൾ തുടങ്ങാൻ തീരുമാനിച്ചതിൽ ഒരെണ്ണത്തിന്റെ പ്രവർത്തനം ഇതിനകം ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) 'സേഫ് ടു ഈറ്റ് ' എന്ന ഒരു പദ്ധതി ഈ വകുപ്പ് നടപ്പാക്കിയിട്ടില്ല. ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷണ പദാർത്ഥങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം ഇതിനകം ആരംഭിച്ചു. രണ്ടാമത്തെ മൊബൈൽ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനവും ഉടൻ ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) വിഷാംശം കലർന്ന പഴം, പച്ചക്കറി എന്നിവ അതിർത്തി ചെക്ക്പോസ്റ്റുകളിൽ വച്ചുതന്നെ പരിശോധിച്ച് ഉടൻതന്നെ ഫലം ലഭ്യമാക്കുവാനുള്ള സാങ്കേതിക സംവിധാനം നിലവിൽ ലഭ്യമല്ല. എന്നാൽ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സാമ്പിളുകൾ ശേഖരിച്ച് അവയുടെ പരിശോധനാഫലത്തിൽ വിഷാംശം കണ്ടെത്തിയാലേ നിയമാനുസൃത നടപടി സ്വീകരിച്ച് അവ നശിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

## ജുവനൈൽ ഡയബറ്റിസ് ചികിത്സ

183(193) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജുവനൈൽ ഡയബറ്റീസ് ബാധിതരായ എത്ര കുട്ടികളുണ്ട് എന്നറിയിക്കുമോ;

(ബി) ഇവരിൽ എത്ര കുട്ടികൾ സർക്കാർ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും തുടർചികിത്സ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(സി) ഈ കുഞ്ഞുങ്ങൾക്ക് ജീവിതകാലം മുഴുവൻ ഇൻസുലിൻ ആവശ്യമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർക്കായി ഇൻസുലിൻ പമ്പ് ഉൾപ്പെടെയുള്ള ചികിത്സാ സംവിധാനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞ സർക്കാർ രൂപം നൽകിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ മൊത്തം ജൂവനൈൽ ഡയബറ്റിസ് ബാധിതരുടെ എണ്ണം ലഭ്യമല്ല. എന്നാൽ ജൂവനൈൽ ഡയബറ്റിസ് ബാധിതർക്കായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്, തിരുവനന്തപുരം നടപ്പിലാക്കി വരുന്ന സിഡിക് (ചെയിഞ്ചിംഗ് ഡയബറ്റിസ് ഇൻ ചിൽഡ്രൻ), ജീവാമൃതം എന്നീ രണ്ട് പ്രോജക്ടുകളിലായി 112 പേരും റഗുലർ ഒ.പി. വിഭാഗത്തിൽ രണ്ടുപേരും ചേർത്ത് 114 പേർ ചികിത്സ നടത്തിവരുന്നുണ്ട്. ഇതുകൂടാതെ വിവിധ മെഡിക്കൽ കോളേജുകളിൽ 250 ഓളം പേർ ഇപ്പോൾ ചികിത്സയിലാണ്.

(സി) ഉണ്ട്. ജൂവനൈൽ ഡയബറ്റിസ് എന്ന രോഗം ജനിതകമായി ഇൻസുലിന്റെ അഭാവം കൊണ്ട് ഉണ്ടാകുന്നതാണ്. അതുകൊണ്ടുതന്നെ ഇൻസുലിൻ ആണ് ഈ രോഗത്തിന്റെ ഏക ചികിത്സാ വിധി.

(ഡി&ഇ) ജൂവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്ക് ആയി ഇൻസുലിൻ പമ്പ് സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

184(194) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നും മലപ്പുറം പാണക്കാട് വില്ലേജിലെ ഇൻകെൽ എഡ്യൂസിറ്റിയിൽ പ്രസ്തുത കാൻസർ സെന്ററിന് മുൻസർക്കാർ അനുവദിച്ച 25 ഏക്കറിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വിശദമാക്കുമോ;

(സി) നടപടിയുടെ പുരോഗതികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എം. സി. സി. ആർ. ഐ.) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(ബി) മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി 25 ഏക്കർ സ്ഥലം അനുവദിച്ചുകൊണ്ട് 3-2-2016-ലെ ജി.ഒ.(ആർറ്റി.) നമ്പർ 132/2016/ഐ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിന്നും സ്ഥലം പതിച്ചു നൽകേണ്ടതുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) മലപ്പുറം കാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

**തലശ്ശേരി ആശുപത്രിയിലെ തസ്തിക ഒഴിവ്**

185(195) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ജനറൽ ആശുപത്രിയിൽ ആകെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ഇവയുടെ തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ഒഴിവുകളിലേക്ക് എപ്പോൾ നിയമനം നടത്തും;

(സി) തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ജനറൽ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം (1)-ൽ ചേർത്തിരിക്കുന്നു. *

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികളുടെ ചികിത്സാ നിരക്ക് ഏകീകരിക്കാൻ നടപടി

186(196) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ആഗസ്റ്റ് മാസം, കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തന ഉദ്ഘാടനം നടത്തിയ വേളയിൽ, സ്വകാര്യ ആശുപത്രികളുടെ ചികിത്സാ നിരക്ക് ഏകീകരിക്കാൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ഇതുപ്രകാരം എന്ത് നടപടി നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഒരേ ചികിത്സയ്ക്ക് വിവിധ ആശുപത്രികളിൽ, തോന്നുംപടി അമിത ഫീസ് ഈടാക്കുന്ന സമ്പ്രദായത്തിന് എതിരെ എന്തൊക്കെ കർശന നടപടി സ്വീകരിക്കും; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയതിനായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിവിധ ക്ലിനിക്കൽ വിഭാഗം തലവന്മാർ എന്നിവർ അംഗങ്ങളായും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയും രൂപീകരിച്ച ഒരു വിദഗ്ധ സമിതി പ്രസ്തുത ബില്ലിന്റെ കരടിന് രൂപം നൽകുകയും ചെയ്തു. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ.

## പ്രതിരോധ കുത്തിവയ്പ്പുകൾ

187(197) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കുന്നതിൽ പിന്നാക്കം നിൽക്കുന്ന ജില്ലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ജില്ലകളിൽ ആരോഗ്യ സേവന രംഗത്തെ ജീവനക്കാരുടെ എണ്ണം മുന്നോക്കം നിൽക്കുന്ന ജില്ലകളെ അപേക്ഷിച്ച് കുറവുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളാണ് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിൽ പിന്നോക്കം നിൽക്കുന്നത്.

(ബി) കുത്തിവയ്പ്പ് എടുക്കുന്നതിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ അനുവദിക്കപ്പെട്ട എണ്ണവും, വേക്കൻസി പൊസിഷനും ഇതോടൊപ്പം അനുബന്ധമായി കൊടുക്കുന്നു. *

(സി) ഡിഫ്തീരിയ രോഗം കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട മലപ്പുറം ജില്ലയിൽ താൽക്കാലികമായ ജെ.പി.എച്ച്.എൻ.-മാരുടെ ഒഴിവുള്ള സ്ഥലങ്ങളിലേക്ക് സ്കൂൾ ഹെൽത്ത് നഴ്സുമാരെ മാറ്റി നിയമിച്ചിട്ടുണ്ട്. അതുകൂടാതെ ഒഴിവുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേക്ക് ജില്ലാതലത്തിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

**പോസ്റ്റ്മോർട്ടത്തിന്റെ കണക്കുകൾ**

188(198) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ശരാശരി എത്ര പോസ്റ്റ്മോർട്ടം പരിശോധന നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2015-ൽ പോലീസ് സർജൻമാരും ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരും ചെയ്ത പോസ്റ്റ്മോർട്ടത്തിന്റെ ആശുപത്രികൾ തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(സി) മരിച്ചവരുടെ ബന്ധുക്കളും അധികൃതരും പോലീസ് സർജൻമാരുടെ കുറവുമൂലം പോസ്റ്റ്മാർട്ടത്തിനായി പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലുമുള്ള പോലീസ് സർജൻ തസ്തികകളിൽ അവസാനമായി നിയമനം എപ്പോഴാണ് നടത്തിയത്; മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പോലീസ് സർജൻ മാത്രം പോസ്റ്റ്മാർട്ടം പരിശോധന നടത്താവുന്ന മരണങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ നടക്കുന്ന ശരാശരി 9211 പോസ്റ്റുമോർട്ടവും ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ നടക്കുന്ന ശരാശരി 9919 പോസ്റ്റുമോർട്ടവുമുൾപ്പെടെ സംസ്ഥാനത്താകെ ഒരു വർഷം 19130 പോസ്റ്റുമോർട്ടങ്ങൾ നടക്കുന്നുണ്ട്.

(ബി) അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. *

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആരോഗ്യ വകുപ്പിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25-6-2016-ലെ ഇ.എ.1-1008/2016/ആവഡ പ്രകാരവും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 19-8-2016-ലെ ജി3/21554/2016/ മെ.വി.വ. നമ്പർ ഉത്തരവ് പ്രകാരവുമാണ് ഒടുവിൽ നിയമനം നടത്തിയിട്ടുള്ളത്. ആരോഗ്യ വകുപ്പിൽ ടി തസ്തികയിൽ ഒഴിവുകളൊന്നും തന്നെ നിലവിലില്ലാത്തതും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 22 ഒഴിവുകൾ നിലവിലുള്ളതുമാണ്.

(ഇ) കസ്റ്റഡി മരണങ്ങൾ, ചികിത്സാ പിഴവ് ആരോപിക്കപ്പെടുന്ന മരണങ്ങൾ, കൊലപാതകങ്ങൾ, സ്ത്രീധനവും അതുമായി ബന്ധപ്പെട്ട മരണങ്ങൾ, സംശയാസ്പദവും സങ്കീർണ്ണവുമായ മരണങ്ങൾ, ഇൻക്വസ്റ്റിന്റെ സമയത്ത് മരണകാരണം വ്യക്തമല്ലാത്ത മരണങ്ങൾ, മജിസ്ട്രേറ്റ് ഇൻക്വസ്റ്റ് തയ്യാറാക്കിയ എല്ലാ മരണങ്ങളും എന്നിവ പോലീസ് സർജൻ മാത്രം പോസ്റ്റ്മോർട്ടം നടത്തേണ്ടതാണെന്ന് കേരളാ മെഡിക്കോ ലീഗൽ കോഡിൽ (22-10-2011-ലെ സ.ഉ(എം.എസ്.) നമ്പർ 232/2011/ആ.വ. നമ്പർ ഉത്തരവ്) വ്യക്തമാക്കുന്നു.

**കോടഞ്ചേരി സി.എച്ച്.സി.**

189(199) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സി.എച്ച്.സി.-ആയി ഉയർത്തിയ കോടഞ്ചേരി പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ സൗകര്യത്തിന് ഉത്തരവു നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഇതുവരെയും കിടത്തി ചികിത്സ ആരംഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എങ്കിൽ കിടത്തി ചികിത്സ സൗകര്യം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സ.ഉ.(എംഎസ്.)നമ്പർ 374/2013/ആ.കു.വ. തീയതി 31-8-13 ഉത്തരവ് പ്രകാരം കോടഞ്ചേരി പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തിയെങ്കിലും ആവശ്യമായ ബെഡ് സ്ട്രെങ്ത്തും ജീവനക്കാരുടെ തസ്തികകളും ഇല്ലാത്തതിനാൽ കിടത്തി ചികിത്സ ആരംഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കോടഞ്ചേരി പി.എച്ച്.സി.-യിൽ അത്യാവശ്യം വേണ്ട തസ്തികകൾ 2-2-2015-ലെ സ.ഉ.(പി) നമ്പർ 58/15/ധന നമ്പർ ഉത്തരവിനോടൊപ്പമുള്ള പ്രൊഫോർമയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായും ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെയും തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഡയാലിസിസ് സെന്റർ**

190(200) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മുതൽ എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സെന്റർ ആരംഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഡയാലിസിസ് സെന്റർ ആരംഭിക്കുന്ന ആശുപത്രികളുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സെന്ററുകളുടെ നടത്തിപ്പ് ഏത് വിധേനയാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വിവിധ തലങ്ങളിലുള്ള 44 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്ന ആശുപത്രികളുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഡയാലിസിസ് സെന്ററിലേക്ക് വേണ്ടിവരുന്ന എല്ലാ ഉപകരണങ്ങളും അനുബന്ധ സജ്ജീകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി സ്ഥാപിക്കുകയും നടത്തിപ്പ് അതത് ആശുപത്രികൾ നേരിട്ട് നിർവ്വഹിക്കുകയും ചെയ്യുന്നതാണ്.

## ചാലക്കുടി താലൂക്ക് ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിന് നടപടി

191(201) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റും സർജിക്കൽ വാർഡും അടിയന്തിരമായി അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്, എമർജൻസി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2016-17 ആരോഗ്യ വകുപ്പിന്റെ പ്ലാൻ സ്കീമിലെ Strengthening of Emergency Medical Care എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സി.റ്റി. സ്കാൻ സ്ഥാപിക്കുവാനായി 142 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 2009-ൽ Road safety Authority നൽകിയ ആംബുലൻസ് പ്രവർത്തന സജ്ജമാണ്. ചാലക്കുടി താലൂക്ക് ആശുപത്രി സമർപ്പിച്ച 260 ലക്ഷം രൂപയുടെ എമർജൻസി ട്രോമാ കെയർ പദ്ധതിക്കുള്ള പ്രൊപ്പോസൽ 2017-18-ൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. മാത്രമല്ല കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി സർജിക്കൽ വാർഡിന് 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ സ്കീമിൽ അനുമതി ലഭിച്ചില്ലെങ്കിൽ 2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതി ഇനത്തിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഡയാലിസിസ് യൂണിറ്റുകൾ

192(202) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല. ഈ വർഷം മുതൽ 36 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

## മെഡിക്കൽ ഓഫീസർ (ഐ.എസ്.എം.) നിയമനം

193(203) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 268/11 പ്രകാരം 19-11-2014-ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര മെഡിക്കൽ ഓഫീസർമാരെ (ഐ.എസ്.എം.) നിയമിച്ചു;

(ബി) ഭാരതീയ ചികിത്സാ രീതി (ഐ.എസ്.എം.) വകുപ്പിൽ കഴിഞ്ഞ 2 വർഷമായി എത്ര പ്രൊമോഷൻ നടന്നു;

(സി) ഭാരതീയ ചികിത്സാ രീതി (ഐ.എസ്.എം.) വകുപ്പിൽ അവസാനമായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടിയത് എപ്പോഴാണ്;

(ഡി) ഭാരതീയ ചികിത്സാ രീതി (ഐ.എസ്.എം.) വകുപ്പിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എത്ര തവണ ഡി.പി.സി. കൂടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 95 മെഡിക്കൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) 115 പ്രൊമോഷനുകൾ നടന്നു.

(സി) 9-5-2016-നാണ് അവസാനമായി ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടിയത്.

(ഡി) 3 തവണ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടിയിട്ടുണ്ട്.

## പള്ളുരുത്തി താലൂക്ക് ആശുപത്രി

194(204) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ഓപ്പറേഷൻ തീയറ്റർ ഉൾപ്പെടെ എല്ലാ സജ്ജീകരണങ്ങളും നിലവിലുണ്ടെങ്കിലും അവയൊന്നും പ്രവർത്തനക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടർമാർ, പാരാമെഡിക്കൽ, നഴ്സിംഗ്, മറ്റു ജീവനക്കാർ എന്നിവരുടെ തസ്തികകൾ ആവശ്യാനുസരണം ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) അടിയന്തരമായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പള്ളുരുത്തി താലൂക്കാശുപത്രിയിൽ ഓപ്പറേഷൻ തിയേറ്റർ നിലവിലില്ല. എന്നാൽ ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ കൊച്ചിൻ കോർപ്പറേഷൻ മുഖേന കൈക്കൊണ്ടിട്ടുണ്ട്. മാത്രമല്ല ആശുപത്രിയുടെ ആവശ്യകത പരിഗണിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കിർലോസ്കർ കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഉണ്ട്. നിയമസഭാ നിയോജക മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് പ്രകാരം പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ postmortem സൗകര്യത്തോടുകൂടിയ മോർച്ചറി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യവും ഉൾപ്പെട്ടിരുന്നു. എന്നാൽ ആസ്തി വികസന ഫണ്ട് പ്രകാരമുള്ള നിർമ്മാണത്തോടു ബന്ധപ്പെട്ട് തസ്തിക സൃഷ്ടിക്കുക സാധ്യമല്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ 25-9-2015-ലെ 268/ഇ 2/2015/ആ.കു.വ. കത്ത് പ്രകാരം നിരസിക്കുകയുണ്ടായി. എന്നാൽ അത്യാവശ്യം വേണ്ട അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് മെഡിക്കൽ കോളേജ്**

195(205) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു ദിവസം എത്ര രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) രോഗികളുടെ എണ്ണത്തിലുണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു ദിവസം 100 ഹീമോഡയാലിസിസും 20 പെരിഫറൽ ഡയാലിസിസും ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ട്.

(ബി) പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

## ബാലുശ്ശേരി സർക്കാർ ആശുപത്രി

196(206) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി സർക്കാർ ആശുപത്രി താലൂക്ക് ആശുപത്രി പദവിയിലേക്കുയർത്തിയപ്പോൾ, കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നഷ്ടമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ പോസ്റ്റ് ക്രിയേഷനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) നിലവിൽ രോഗികൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കാമോ?

ഉത്തരം

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ തുടരുന്നുണ്ട്. നിലവിൽ 75 പേർക്കുള്ള ബെഡ് സ്ട്രെങ്ത് ഉണ്ട്.

(ബി&സി) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ 1 സിവിൽ സർജൻ, 3 അസിസ്റ്റന്റ് സർജൻ എന്നിങ്ങനെ ഡോക്ടർമാരുടെ 4 തസ്തികകളാണുള്ളത്. പ്രസ്തുത ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നെടുമങ്ങാട് ജില്ലാ ആശുപത്രി

197(207) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 17-5-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 175/13/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആശുപത്രിയായി ഉയർത്തിയ നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ സ്റ്റാഫിന്റെ കാറ്റഗറി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. *

(ബി) അത്യാഹിത വിഭാഗം, ഒബ്സർവേഷൻ വാർഡ് എന്നിവ നവീകരിക്കുകയും മോർച്ചറിയിലേക്ക് ഡീപ്പ് ഫ്രീസർ വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചു. 125 KV ജനറേറ്റർ, ബയോഗ്യാസ് പ്ലാന്റ്, ഓപ്പറേഷൻ തീയറ്ററിൽ ഇൻവെർട്ടർ, ലേബർ റൂമിൽ നാല് ഫോട്ടോ തെറാപ്പി മെഷീനുകൾ എന്നിവ സ്ഥാപിക്കുകയുണ്ടായി. ഫാർമസി സ്റ്റോർ നവീകരിക്കുകയും പുതിയ ഇ.എൻ.ടി. ഒ.പി. നിർമ്മിക്കുകയുമുണ്ടായി. പുതിയ അനസ്തേഷ്യ മെഷീൻ വാങ്ങി. മെഡിസിൻ, റെസ്പിറേറ്ററി മെഡിസിൻ എന്നീ ഒ.പി.-കൾ, ലേബർ വാർഡ് എന്നിവ നവീകരിക്കുകയും സൈനേജ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു. ലാബിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പുതിയ ബഹുനില കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. കാരുണ്യ ഫാർമസി ആരംഭിച്ചു. മാത്രമല്ല പ്രസ്തുത ആശുപത്രിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ വിവിധ തലങ്ങളിലുള്ള ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പൊതുവായ മാനദണ്ഡം നിർദ്ദേശിച്ചതിനുശേഷം പ്രസ്തുത അപേക്ഷ സമാഹൃത പ്രൊപ്പോസലിൽ 2-2-2015-ലെ സ.ഉ.(പി) നമ്പർ 58/2015/ധന നമ്പർ ഉത്തരവിനോടൊപ്പമുള്ള പ്രൊഫോർമയിൽ സമർപ്പിക്കുവാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത സമാഹൃത പ്രൊപ്പോസൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികൾ**

198(208) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നിലവിലുള്ള സർക്കാർ ആശുപത്രികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രികൾ ഓരോന്നിലും അനുവദിച്ചിട്ടുള്ള തസ്തികകൾ, ഓരോ തസ്തികയിലും നിലവിലുള്ള ജീവനക്കാരുടെ എണ്ണം, നിലവിലുള്ള ഒഴിവുകൾ എന്നിവ വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമുള്ള ആശുപത്രികൾ ഏതൊക്കെയാണെന്നും ഓരോ സ്ഥലത്തും പരമാവധി എത്ര രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യം ഉണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) 1. ജനറൽ ആശുപത്രി, മൂവാറ്റുപുഴ

2. സാമൂഹ്യാരോഗ്യകേന്ദ്രം, കൂത്താട്ടുകുളം

3. പ്രാഥമികാരോഗ്യകേന്ദ്രം, പിണ്ടിമന, പാലക്കുഴ, മാറാടി, ആയവന, മഞ്ഞള്ളൂർ, പായിപ്ര, ആവോലി, കല്ലൂർക്കാട്, വാളകം.

(ബി) വിവരം അനുബന്ധം (1)-ൽ ചേർത്തിരിക്കുന്നു.*

(സി) കിടത്തി ചികിത്സ സൗകര്യമുള്ള ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. ജനറൽ ആശുപത്രി, മൂവാറ്റുപുഴ | - | പ്രസ്തുത ആശുപത്രിയിൽ 266 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. 300-ഓളം രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം നിലവിൽ ഉണ്ട്. |
| 2. പി.എച്ച്.സി., പിണ്ടിമന | - | കിടക്കകളുടെ എണ്ണം 24 |
| 3. പി.എച്ച്.സി., മഞ്ഞള്ളൂർ | - | കിടക്കകളുടെ എണ്ണം 24 |
| 4. സി.എച്ച്.സി., കൂത്താട്ടുകുളം | - | കിടക്കകളുടെ എണ്ണം 90 |
| 5. പി.എച്ച്.സി., കല്ലൂർക്കാട് | - | കിടക്കകളുടെ എണ്ണം 36 |
| 6.പി.എച്ച്.സി., വാളകം | - | കിടക്കകളുടെ എണ്ണം 24 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാൻസർ ചികിത്സ

199(209) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധിതരുടെ എണ്ണം കണക്കിലെടുത്ത് കാൻസർ ചികിത്സാരംഗത്ത് എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കാൻസർ ചികിത്സയ്ക്കായി എല്ലാ താലൂക്ക് ആശുപത്രികളിലും സംവിധാനമൊരുക്കുന്നതിനും താലൂക്ക് തലത്തിൽ ക്യാൻസർ രോഗബാധിതരുടെ 'കാൻസർ രജിസ്ട്രി' തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കാൻസർ ചികിത്സക്കാവശ്യമായ ലീനിയർ ആക്സിലറേറ്റർ ഉൾപ്പെടെയുള്ള ചികിത്സാ ഉപകരണങ്ങൾ എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കാൻസർ രോഗം വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ വർദ്ധിച്ചുവരുന്ന രോഗബാധിതരുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർതലത്തിൽ കാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യം നിലനിൽക്കുന്നതിനാൽ കാൻസർ ചികിത്സ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് അപ്രാപ്യമായിരുന്നു. ഈ സാഹചര്യത്തിന് ഒരു മാറ്റം വരുത്തുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലയിലും ഒരു കാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയത്തോടെ ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചിരുന്നു. ഇപ്പോൾ 12 ജില്ലകളിലായി 16 ആശുപത്രികളിൽ ഈ പദ്ധതി നിലവിൽ വരികയും ചെയ്തു. കാൻസർ സ്പെഷ്യലിസ്റ്റുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് ഡോക്ടർമാർക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ പരിശീലനം നൽകി വിന്യസിക്കുകയും ചെയ്തു. നാളിതുവരെ 16,000-ൽപ്പരം കീമോതെറാപ്പി ഈ സെന്ററുകളിലൂടെ നൽകുന്നതിനും 1500-ൽപ്പരം പുതിയ രോഗികളെ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിനു പുറമേ എല്ലാ ജില്ലയിലും കാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനും കാൻസർ ബോധവൽക്കരണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

#### റീജിയണൽ കാൻസർ സെന്റർ

ആർ.സി.സി.യിൽ ലോകോത്തര നിലവാരത്തിലുള്ള എല്ലാ കാൻസർ ചികിത്സാ സൗകര്യങ്ങളും നിലവിലുണ്ട്. കൂടാതെ ആർ.സി.സി.-യിൽ എത്തുന്ന രോഗികൾക്കായി എല്ലാവിധ രോഗനിർണ്ണയ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇവിടെ

എത്തുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് പുതുതായി പണി പൂർത്തിയാക്കിയ 1,34,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പത്തു നില കെട്ടിടത്തിന്റെ പണി പൂർത്തിയായി പ്രവർത്തനസജ്ജമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഒ.പി. വിഭാഗത്തിൽ അനുഭവിച്ചുവരുന്ന സ്ഥലപരിമിതി പരിഹരിക്കപ്പെടുന്നതാണ്. കൂടാതെ ആർ.സി.സി. കാമ്പസിനോടു ചേർന്ന് 100 സെന്റ് സ്ഥലത്തിൽ (പുതുതായി അനുവദിച്ചു കിട്ടിയ 64 സെന്റ് സ്ഥലം ഉൾപ്പെടെ) 2,69,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ പുതിയ കെട്ടിടം കൂടി നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആവശ്യമായ എല്ലാ അനുമതികൾക്കും ശേഷം കെട്ടിട നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

ആർ.സി.സി. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി, മലബാർ കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് കാൻസർ രോഗികൾക്ക് ആധുനിക ചികിത്സ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കാനിംഗ് യൂണിറ്റുകൾ, റേഡിയേഷൻ ചികിത്സയ്ക്കാവശ്യമായ മെഷീനുകൾ മറ്റ് സാങ്കേതിക സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കിയത്. ആർ.സി.സി.-യിലെ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് കാൻസർ ചികിത്സ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് വികേന്ദ്രീകരിക്കുന്നതിനുള്ള തീരുമാനവും മദ്ധ്യകേരളത്തിലെ കാൻസർ രോഗികളുടെ സൗകര്യാർത്ഥം കൊച്ചിയിൽ ഒരു കാൻസർ സെന്റർ സ്ഥാപിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 12 ജില്ലകളിലായി (ഇടുക്കിയും കോഴിക്കോടും ഒഴികെ) ജില്ലാ കാൻസർ നിയന്ത്രണ കേന്ദ്രങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരംഭിച്ചു. ഈ കേന്ദ്രങ്ങളിൽ നിന്നുള്ള 16 ഡോക്ടർമാർക്ക് 3 മാസവും 42 നഴ്സുമാർക്ക് 2 ആഴ്ചയും വീതം ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലും പരിശീലനം നൽകുകയുണ്ടായി. ഇപ്രകാരം പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ആർ.സി.സി.-യിൽ ആദ്യഘട്ടം കീമോതെറാപ്പി കഴിഞ്ഞ രോഗികൾക്ക് അടുത്തഘട്ടം മുതൽ കീമോതെറാപ്പി നൽകുന്നതിനുള്ള സംവിധാനവും മുൻകൂർ കാൻസർ നിർണ്ണയത്തിനും കാൻസർ മുന്നോടിയായുള്ള മാറ്റങ്ങൾ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനുമുള്ള സംവിധാനവും ഡിസ്ട്രിക്ട് കാൻസർ കെയർ സെന്ററുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ആർ.സി.സി.-യിൽ പുതുതായി പണിതീർന്ന പത്ത് നില കെട്ടിടത്തിലേക്ക് ഒ.പി.വിഭാഗവും മറ്റ് സർവ്വീസുകളായ പെറ്റ് സ്കാനർ, സ്പെക് സി.റ്റി. ഗാമാക്യാമറ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഡേകെയർ കീമോതെറാപ്പി, മെഡിക്കൽ റെക്കോർഡ്സ്, കാൻസർ രജിസ്ട്രി, ഐ.റ്റി. ഡിവിഷൻ, ടെലിമെഡിസിൻ, ആർ.ഐ.എ. ലാബ്,

ന്യൂക്ലിയാർ മെഡിസിൻ ഒ.പി., ഫാർമസി സർവ്വീസ് എന്നിവ പൂർണ്ണമായും മാറ്റി കഴിയുമ്പോൾ ഇൻപേഷ്യൻസിന് ആവശ്യമായ പേവാർഡുകൾ ജനറൽ വാർഡുകൾ തുടങ്ങിയ സൗകര്യങ്ങൾ വർദ്ധിക്കുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്:

ഈ വകുപ്പിനു കീഴിൽ കാൻസർ ചികിത്സാ സൗകര്യമുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, റേഡിയോളജി എന്നീ വിഭാഗങ്ങൾ സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ കാൻസർ ചികിത്സയ്ക്കായി ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ Tertiary Cancer Care സംവിധാനം നടപ്പിലാക്കുന്നതിനുള്ള പുതിയ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു.

മലബാർ കാൻസർ സെന്റർ:

മലബാർ മേഖലകളിൽ കാൻസർ രോഗം വർദ്ധിച്ചുവരുന്നതായി ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നതിനാൽ 2014-ൽ എം.സി.സി.-യിൽ ആരംഭിച്ച മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് പുറമേ കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാൽ കുറച്ച് വർഷങ്ങൾക്കുള്ളിൽ ഈ മേഖലകളിൽ വർദ്ധിച്ചു വരുന്ന കാൻസർ രോഗികളുടെ കണക്ക് ഏകദേശം കൃത്യമായി കണക്കാക്കാൻ സാധിക്കും.

എം.സി.സി.യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തുവാനുള്ള തീരുമാനം ഒമ്പതാമത്തെ ഗവേണിംഗ് ബോഡിയിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും കാൻസർ ചികിത്സ ഘട്ടം ഘട്ടമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെ കാൻസർ രജിസ്ട്രി ഗ്രാമ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടത്തിവരുന്നു. വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധിതരുടെ എണ്ണം കണക്കിലെടുത്ത് കേരളത്തിൽ ഒരു "സ്റ്റേറ്റ് കാൻസർ രജിസ്ട്രി" അത്യന്താപേക്ഷിതമാണ്. അതിന്റെ പ്രാരംഭ നടപടിയായി എല്ലാ താലൂക്ക് ആശുപത്രികളിലും റിപ്പോർട്ട് ചെയ്യുന്ന കാൻസർ രോഗികളുടെ പേര്, വയസ്സ്, അഡ്രസ്സ്, ഏതുതരം കാൻസർ, ബയോപ്സി റിപ്പോർട്ട്/പതോളജി റിപ്പോർട്ട്/സ്കാൻ റിപ്പോർട്ട്, ആദ്യമായി കണ്ടുപിടിച്ച തീയതി, നൽകിയ ചികിത്സ ഇവ ഓരോ രജിസ്റ്റർ വച്ച് തീയതി രേഖപ്പെടുത്തി സൂക്ഷിച്ച്

വയ്ക്കേണ്ടതുണ്ട്. കാൻസർ രോഗികൾ പലതരം ചികിത്സയ്ക്കുവേണ്ടി പല ആശുപത്രികളിൽ പോകും എന്നുള്ളതിനാൽ രോഗികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിന് റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കാൻസർ രജിസ്ട്രിയെ നോഡൽ സെന്റർ ആക്കി മാറ്റി ശരിയായ കണക്കുകൾ താലൂക്ക്/ജില്ല തിരിച്ച് സ്റ്റേറ്റ് വൈഡ് കാൻസർ രജിസ്ട്രി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ലീനിയർ ആക്സിലറേറ്റർ സജ്ജീകരിക്കുന്നതിന് വലിയ സാമ്പത്തിക ബാധ്യതയാണ് ഉണ്ടാകുന്നത്. മാത്രവുമല്ല റേഡിയോ തെറാപ്പി വിദഗ്ദ്ധരുടെ സേവനവും അനിവാര്യമാണ്. പ്രത്യേക അനുമതികൾ ആവശ്യമായ ഈ ചികിത്സാവിധി എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രികളിൽ ഘട്ടംഘട്ടമായി ആരംഭിക്കുന്നതാണ് സാങ്കേതികമായി പ്രായോഗികതയുള്ളത്.

**ആയുർവേദ ചികിത്സയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ**

200(212) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ചികിത്സയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇൻഷ്വറൻസ് നിയമങ്ങളും നിബന്ധനകളും കണക്കിലെടുത്ത് ഇൻഷ്വറൻസ് കമ്പനികൾക്കും ആശുപത്രികൾക്കും അംഗീകരിക്കാവുന്ന ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങളും അതനുസരിച്ചുള്ള ചികിത്സാ തുകയും ആയുഷ് വകുപ്പ് രൂപപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റി ഇത് അംഗീകരിച്ചിട്ടുണ്ടോയെന്നും പല ഇൻഷ്വറൻസ് കമ്പനികളും നിബന്ധനകളോടു കൂടിയ പോളിസികളുമായി രംഗത്തു വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉത്തരവായിട്ടില്ല.

(ബി) രൂപപ്പെടുത്തിയിട്ടില്ല.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

## ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ

201(213) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നിലവിൽ പ്രവർത്തിക്കുന്ന ഫ്ലോട്ടിംഗ് ഡിസ്പെൻസറികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫ്ലോട്ടിംഗ് ഡിസ്പെൻസറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ വെള്ളത്താൽ ചുറ്റപ്പെട്ട ജനങ്ങൾക്ക് വൈദ്യസഹായം എത്തിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഫ്ലോട്ടിംഗ് ഡിസ്പെൻസറി. കുട്ടനാട്ടിൽ 2 ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ബോട്ട് ജെട്ടികളിൽ എത്തി വൈദ്യസഹായം നൽകുന്നു. 4 മെഡിക്കൽ ഓഫീസർ, 2 സ്റ്റാഫ് നേഴ്സ്, 2 ഫാർമസിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്. നൂറോളം കേന്ദ്രങ്ങളിൽ ക്യാമ്പ് നടത്തി സേവനം നൽകി വരുന്നുണ്ട്.

(ബി) ഫ്ലോട്ടിംഗ് ഡിസ്പെൻസറികളുടെ സേവനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും ലാബ് സൗകര്യം ഏർപ്പെടുത്തി എൻ.സി.ഡി. സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്.

## മരുന്നുകളുടെ ഗുണനിലവാരം

202(215) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മരുന്നുകൾ ഗുണനിലവാരം കുറഞ്ഞവയാണ് എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പരിശോധനയ്ക്കായി ശേഖരിക്കുന്ന മരുന്നുസാമ്പിളുകൾ യഥാസമയം പരിശോധന പൂർത്തിയാക്കാതെ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഗുണനിലവാര പരിശോധനയിലെ കാലതാമസംമൂലം ഗുണനിലവാരമില്ലാത്ത മരുന്നുകൾ മാസങ്ങളോളം കഴിക്കാൻ രോഗികളെ നിർബന്ധിതരാക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തീവ്രമായ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷമാണ് നിർമ്മാതാക്കൾ ഓരോ ബാച്ച് മരുന്നുകളും വിപണിയിൽ ലഭ്യമാക്കുന്നത്. എന്നിരുന്നാലും താപനില, പ്രകാശം എന്നീ ബാഹ്യഘടകങ്ങൾ അനുസരിച്ച് സെൻസിറ്റീവ് ആയ രാസപദാർത്ഥങ്ങൾ അടങ്ങിയ ഔഷധങ്ങൾക്ക് ആയതിന്റെ ഷെൽഫ് ലൈഫ് കാലാവധിക്ക് മാറ്റങ്ങൾ വരുന്നതിനാൽ അത്തരം മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതായി പരിശോധനയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരുന്നുകളുടെ ഷെൽഫ് ലൈഫ് കാലാവധിയിൽ ഉടനീളം നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പുദ്യോഗസ്ഥർ മരുന്നുകളുടെ റാന്റം സാംപ്ളിംഗ് നടത്തി ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നു. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ പ്രവർത്തന സജ്ജമായിട്ടുള്ള തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം 4000 മരുന്ന് സാമ്പിളുകളും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിലവിൽ 4000 സാമ്പിളുകളും പരിശോധിക്കാനുള്ള സംവിധാനം ഉണ്ട്. കോഴിക്കോട്, തൃശ്ശൂർ, കോന്നി എന്നിവിടങ്ങളിലും മരുന്ന് പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി സർക്കാർ ആശുപത്രികളിൽ വിതരണത്തിനായെത്തിക്കുന്ന ഓരോ ബാച്ച് മരുന്നുകളും എൻ.എ.ബി.എൽ. ലബോറട്ടറികളിൽ പരിശോധിച്ച് വിതരണം ചെയ്യണമെന്ന് നിർമ്മാതാക്കളോട് നിഷ്കർഷിക്കുന്നുമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളിൽ ഉത്പാദിപ്പിച്ച് ഇവിടെ വിപണനം നടത്തുന്നവയാണ്. തീവ്രമായ ഗുണനിലവാര പരിശോധനകൾക്ക് ശേഷം നിർമ്മാതാക്കൾ വിപണിയിൽ എത്തിക്കുന്ന മരുന്നുകൾ, ഷെൽഫ് ലൈഫിലുടനീളം ഗുണനിലവാരം നിലനിർത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (ഗവൺമെന്റ്/പ്രൈവറ്റ്) എന്നിവിടങ്ങളിൽനിന്നും റാന്റം സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. എന്നിരുന്നാലും ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും മരുന്നുകളിൽ അടങ്ങിയിട്ടുള്ള രാസപദാർത്ഥങ്ങളുടെ വ്യതിയാനം മൂലവും മരുന്നുകൾ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായി പരിശോധനാഫലം

വരാറുണ്ട്. ഇത്തരത്തിൽ ഗുണനിലവാരം കുറഞ്ഞ ഔഷധങ്ങളുടെ വിവരങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ ഇത്തരം മരുന്നുകൾ കുറഞ്ഞ തോതിലെങ്കിലും വിപണിയിൽ കണ്ടുവരുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്ററിന്റെ സഹായസഹകരണത്തോടെ എക്സ്റ്റെന്റഡ് ലൈസൻസിംഗ് നോഡ് (എക്സ്എൽഎൻ) എന്ന സോഫ്ട്‌വെയർ രൂപീകൃതമാക്കുകയും ടി സോഫ്റ്റ്‌വെയർ സംവിധാനത്തിലെ എസ്എംഎസ് സംവിധാനം വഴി ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിശദാംശങ്ങൾ പരിശോധനാഫലം പ്രഖ്യാപിച്ച ഉടൻതന്നെ വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും ആശുപത്രികൾ മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവയ്ക്കും ലഭ്യമാക്കി വരുന്നു. കൂടാതെ ഇത്തരം മരുന്നുകളുടെ തുടർ വില്പന തടഞ്ഞ് വിപണിയിലുള്ള സ്റ്റോക്കുകൾ ഉടനടി പിൻവലിക്കുന്നതിനുള്ള നടപടികളും ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. മുൻവർഷം എടുക്കുന്ന മരുന്നുകളിൽ 3-5% മാത്രമാണ് ഗുണനിലവാരമില്ലാത്തതായി കാണുന്നത്.

## തൃക്കളത്തൂർ പി.എച്ച്.സി.

203(216) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ തൃക്കളത്തൂർ പി.എച്ച്.സി-യിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പായിപ്ര തൃക്കളത്തൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ കെട്ടിടങ്ങളും ജീവനക്കാരും നിലവിലില്ല. ഔട്ട് പേഷ്യന്റ് ചികിത്സയും മാതൃശിശു ആരോഗ്യ പ്രവർത്തനങ്ങളും പൊതുജനാരോഗ്യ പ്രവർത്തനങ്ങളും നടത്താൻ ഉദ്ദേശിച്ച സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. പരിമിതമായ തോതിലുള്ള ഒബ്സർവേഷൻ ബെഡ്ഡ് സൗകര്യം മാത്രമാണ് ഇവിടങ്ങളിൽ ഉള്ളത്. പായിപ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി

204(217) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലെ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാരുടെ തസ്തികകൾ മറ്റ് ആശുപത്രികളിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത തസ്തികകൾ പുനഃസ്ഥാപിക്കുന്നതിന് ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) തസ്തികകൾ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ലഭിച്ചിട്ടില്ല.

(ഡി) ജൂനിയർ കൺസൾട്ടന്റ് (ഓഫ്താൽമോളജി) തസ്തികയ്ക്ക് പകരമായി കൺസൾട്ടന്റ് തസ്തിക തൊടുപുഴ ജില്ലാ ആശുപത്രിയിൽ നിന്നും നൽകിയിട്ടുണ്ട്. തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ), കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)-എന്നിവ നിലവിലുണ്ട്. ടി സ്പെഷ്യാലിറ്റിയിലെ രണ്ട് തസ്തികകൾ ആശുപത്രിയുടെ ആവശ്യകത അനുസരിച്ച് ഷിഫ്റ്റ് ചെയ്ത സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ പുനഃസ്ഥാപിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## രോഗപ്രതിരോധവും സാന്ത്വന പരിചരണവും ശക്തിപ്പെടുത്താൻ നടപടി

205(219) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രോഗപ്രതിരോധവും സാന്ത്വന പരിചരണവും ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭാഗത്തുനിന്നും രോഗപ്രതിരോധത്തിനായി സംസ്ഥാനത്തൊട്ടാകെ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സാർവ്വത്രിക പ്രതിരോധ പരിപാടി:

ഭാരത സർക്കാരിന്റെ നിർദ്ദേശാനുസരണം നൽകിവരുന്ന സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ് പരിപാടി കേരളത്തിലുടനീളം കാര്യക്ഷമമായി തന്നെ നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും എല്ലാ ബുധനാഴ്ചകളിലും പ്രതിരോധ കുത്തിവയ്പ് പരിപാടി സംഘടിപ്പിക്കുന്നത് കൂടാതെ സംസ്ഥാനത്തെ എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ വഴി അങ്കണവാടികളേയും ഉൾപ്പെടുത്തി മാസത്തിൽ 4 എന്ന കണക്കിന് പ്രതിരോധ കുത്തിവയ്പ് പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ട്.

2. മിഷൻ ഇന്ദ്രധനുസ്സ് പരിപാടി:

ഭാരത സർക്കാരിന്റെ പ്രത്യേക നിർദ്ദേശാനുസരണം രാജ്യത്തെ പ്രതിരോധ കുത്തിവയ്പ്പിൽ പിന്നിൽ നിൽക്കുന്ന 201 ജില്ലകളെ ഉൾപ്പെടുത്തി കേരളത്തിലെ മലപ്പുറം, കാസർഗോഡ് ജില്ലകളിൽ മിഷൻ ഇന്ദ്രധനുസ്സ് എന്ന പ്രതിരോധ കുത്തിവയ്പ് ശാക്തീകരണ പരിപാടി ഒരു മാസത്തിൽ 7 ദിവസമെന്ന കണക്കിന് തുടർച്ചയായ 4 മാസം സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് ഭാരത സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് മീഡിയം ഫോക്കസ് ആയ 7 ജില്ലകളെ (എറണാകുളം, കണ്ണൂർ, കൊല്ലം, കോട്ടയം, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ) ഉൾപ്പെടുത്തി ഒക്ടോബർ 7 മുതൽ 4 മാസത്തേക്ക് മിഷൻ ഇന്ദ്രധനുസ്സ് പരിപാടി സംഘടിപ്പിച്ചു.

3. സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ പരിപാടി:

സംസ്ഥാനത്ത് പൂർണ്ണമായോ ഭാഗികമായോ പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികൾ ഉള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രത്യേക പ്രതിരോധ കുത്തിവയ്പ് ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

ജില്ലകളിൽ ഡിഫ്തീരിയ രോഗം പടർന്ന സാഹചര്യത്തിൽ സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങൾ:

സംസ്ഥാനത്ത് മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലാണ് ഡിഫ്തീരിയ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇത് നിയന്ത്രിക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും പദ്ധതികളും

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഊർജ്ജിതമായി നടത്തിവരുന്നു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും റാപ്പിഡ് റെസ്പോണ്ടഡ് ടീം (ആർ.ആർ.ടി.) രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആരോഗ്യ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി സംസ്ഥാനതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് (STAGI-State Technical Advisory Group on Immunization) രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക്പൊതുവായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. രോഗബാധിത പ്രദേശങ്ങളിൽ ആവശ്യമായ റ്റി.ഡി. വാക്സിൻ, എറിത്രോമൈസിൻ, ആന്റി ടോക്സിൻ എന്നിവ എത്തിച്ച് രോഗബാധ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കൂടുതൽ കേസ്സുകൾ വരാനുള്ള സാധ്യത കണക്കിലെടുത്ത് ബഹു. ആരോഗ്യ കുടുംബക്ഷേമ മന്ത്രിയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലാ കളക്ടറുടെ കോൺഫറൻസ് ഹാളിൽ 7-7-2016-ന് അവലോകനയോഗം കൂടുകയുണ്ടായി. എം.എൽ.എ.-മാർ, നഗരസഭ-പഞ്ചായത്ത് പ്രതിനിധികൾ, വിവിധ മതമേലദ്ധ്യക്ഷന്മാർ, ജില്ലാ കളക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. പ്രതിരോധ കുത്തിവയ്പ്പ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെയും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ നടന്ന മതനേതാക്കന്മാരുടെ സമ്മേളനത്തിൽ സമ്പൂർണ്ണ പ്രതിരോധ കുത്തിവയ്പ്പ് നടപ്പിലാക്കാൻ മതനേതാക്കൾ ഒപ്പിട്ട പ്രതിജ്ഞ പ്രസിദ്ധപ്പെടുത്താൻ നടപടി എടുക്കുകയും ചെയ്തത് പ്രതിരോധ കുത്തിവയ്പ്പ് ശക്തമാക്കാൻ സഹായിച്ചു.

പൂർണ്ണമായോ ഭാഗികമായോ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികളെ കണ്ടെത്തി 3 മാസം കൊണ്ട് പൂർണ്ണമായി കുത്തിവയ്പ്പ് നൽകുവാനുള്ള ഊർജ്ജിത കർമ്മപദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. രോഗിയുമായി അടുത്ത സമ്പർക്കം പുലർത്തിവരുന്ന കുടുംബാംഗങ്ങൾക്ക് ആന്റി ബയോടിക് പ്രൊഫലാക്സിസും റ്റി.ഡി. വാക്സിനും നൽകിവരുന്നു. ലൈൻലിസ്റ്റ് തയ്യാറാക്കി രോഗപ്രതിരോധത്തിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളെ കണ്ടെത്തി പൂർണ്ണമായോ ഭാഗികമായോ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾക്ക് പൂർണ്ണമായും കുത്തിവയ്പ്പ് നൽകാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സാന്ത്വന പരിചരണ രംഗത്ത് ഇപ്പോൾ നിലവിലുള്ള ത്രിതല സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ മുന്നോടിയായി സെക്കണ്ടറി കെയർ യൂണിറ്റുകൾ ജില്ലാ/ജനറൽ/ താലൂക്കാശുപത്രികളിൽ ശക്തിപ്പെടുത്തുന്നതിനും പ്രൈമറി കെയർ യൂണിറ്റുകൾക്ക് പ്രത്യേക സഹായവും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ പ്രത്യേക പദ്ധതിക്കും ഊന്നൽ നൽകിയിട്ടുണ്ട്. ഇതിനുപുറമേ കോട്ടയം, കൊല്ലം, ഇടുക്കി ജില്ലകളിൽ പക്ഷാഘാത പുനരധിവാസ യൂണിറ്റുകൾ ആരംഭിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

## ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിന് നടപടി

206(220) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ ഇതിനോടകം കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തൊട്ടാകെ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യ വകുപ്പിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയ ഡോക്ടർമാരിൽ സർവ്വീസിൽ പ്രവേശിച്ചവർ എത്രപേരാണെന്ന് വ്യക്തമാക്കുമോ:

(ഡി) ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്ത 370 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ നികത്തുന്നതിനായി എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 41 അസിസ്റ്റന്റ് സർജന്മാരെ സ്ഥാനക്കയറ്റം നൽകി സിവിൽ സർജൻ തസ്തികയിൽ നിയമിച്ചിട്ടുണ്ട്. 2016-ജൂൺ മാസം മുതലുള്ള കാലയളവിൽ വിവിധ സ്പെഷ്യാലിറ്റികളിലായി 199 പേർക്ക് സ്ഥിരനിയമനവും 12 പേർക്ക് താൽക്കാലിക നിയമനവും നൽകിയിട്ടുണ്ട്. ഒഴിവുണ്ടായിരുന്ന 3 അഡീഷണൽ ഡയറക്ടർ തസ്തികകളിലേക്ക് ഡെപ്യൂട്ടി ഡയറക്ടർമാരെ സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. കൂടാതെ 5 അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ഡെപ്യൂട്ടി ഡയറക്ടർമാരായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ബി) 201 എൻ.ജെ.ഡി. ഒിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 1352 പേർ.

(ഡി) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി-യിൽനിന്നുള്ള അഡ്വൈസ് മെമ്മോയുടെ അടിസ്ഥാനത്തിലും സ്പെഷ്യാലിറ്റി ഒഴിവുകൾ പ്രൊമോഷനിലൂടെയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

207(221) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നിർദ്ദേശത്തെ തുടർന്ന് ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽനിന്നും എത്ര പേർക്ക് അഡ്വൈസ് നടപടികൾ പൂർത്തിയായെന്നും എത്രപേരെ ഇതിനകം നിയമിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നിർദ്ദേശത്തെ തുടർന്ന് ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകളിൽ നിന്നും 1143 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽനിന്നും 600 തസ്തികകളിലേക്ക് നിയമനം നൽകിയിട്ടുണ്ട്. അഡ്വൈസ് നടപടികൾ സംബന്ധിച്ച് വിവരം ലഭ്യമല്ല.

## ആർട്ടിഫിഷ്യൽ ലിംബ് സെന്റർ

208(222) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോട് അനുബന്ധമായി പ്രവർത്തിച്ചുവരുന്ന ആർട്ടിഫിഷ്യൽ ലിംബ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ നിന്ന് ഇതിനകം എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിനോട് അനുബന്ധമായി പ്രവർത്തിക്കുന്ന ആർട്ടിഫിഷ്യൽ ലിംബ് സെന്ററിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനായി സാമൂഹിക ക്ഷേമ വകുപ്പ് 31 ലക്ഷം രൂപ നൽകിയിട്ടുണ്ട്. Machinery-ക്കും Materials-നും വേണ്ടിയുള്ള ഫണ്ടാണിത്. അതിന്റെ വിനിയോഗത്തിനുള്ള ഭരണപരമായ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

ഈ വർഷം എ.എൽ.സി.-ക്ക് മെറ്റീരിയൽസ് വാങ്ങുന്നതിനായി എട്ടുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

| (ബി) വർഷം | എണ്ണം |
|---|---|
| 2011 | 690 |
| 2012 | 642 |
| 2013 | 804 |
| 2014 | 908 |
| 2015 | 653 |
| 2016 (ജനുവരി മുതൽ സെപ്റ്റംബർ വരെ) | 686 |
| ആകെ | 4383 |

2011-ന് മുമ്പുള്ള കൃത്യമായ എണ്ണം ലഭ്യമല്ല.

**അംഗീകാരമില്ലാത്ത ലബോറട്ടറികൾ**

209(223) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര ലബോറട്ടറികളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ലാബുകളുടെ നിലവാരം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സ്വകാര്യ ലബോറട്ടറികൾ ആരോഗ്യ വകുപ്പിന്റെ അംഗീകാരത്തോടുകൂടിയോ നിയന്ത്രണത്തിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അല്ലാത്തതിനാൽ, അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ലാബുകളുടെ സ്ഥിതിവിവരക്കണക്കുകൾ ആരോഗ്യ വകുപ്പിൽ ലഭ്യമല്ല. ഇവ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരികയാണ് ചെയ്യുന്നത്.

(സി) സേഫ് കേരളയുടെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം ലാബുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശോധ നടത്തിവരുന്നുണ്ട്.

**ആയുർവേദാശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി**

210(224) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവേദാശുപത്രികൾ നിലവിലുണ്ടോ;

(ബി) എല്ലാ ആശുപത്രികളിലും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമിച്ച ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടോ, കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുള്ള ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) എല്ലാ ആയുർവേദാശുപത്രികളിലും പി.എസ്.സി.വഴി ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) എല്ലാ ആശുപത്രികളിലും പി.എസ്.സി. വഴി നിയമിച്ചവരാണ് ജോലി ചെയ്യുന്നത്. കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുള്ള ആശുപത്രികൾ പ്രവർത്തിക്കുന്നില്ല.

(സി) സ്വീകരിക്കുന്നതാണ്.

**108 ആംബുലൻസുകളുടെ സേവനം**

211(225) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിൽ സംസ്ഥാനത്ത് സേവനം നടത്തിയിരുന്ന 108 ആംബുലൻസുകളുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2011-2016 കാലയളവിൽ സംസ്ഥാനത്ത് എത്ര 108 ആംബുലൻസുകൾ സേവനമനുഷ്ഠിച്ചിരുന്നുവെന്നുള്ള ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര 108 ആംബുലൻസുകളാണുള്ളതെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) 108 ആംബുലൻസുകളുടെ സേവനം വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2010 മേയ് 19 മുതലാണ് തിരുവനന്തപുരം ജില്ലയിൽ 25 ആബുലൻസുകളുമായി പൈലറ്റ് പ്രോജക്റ്റായി 108 ആംബുലൻസ് പ്രവർത്തനം ആരംഭിച്ചത്. പിന്നീട് 2012 ഏപ്രിൽ 21 മുതൽ ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസുകളുമായി 108 പ്രവർത്തനം ആരംഭിച്ചു.

(ബി&സി) സംസ്ഥാനത്ത് ആകെ 43 (നാൽപ്പത്തിമൂന്ന്) 108 ആംബുലൻസുകളാണുള്ളത്.

| | | |
|---|---|---|
| തിരുവനന്തപുരം | – | 25 |
| ആലപ്പുഴ | - | 18 |

(ഡി) 108 ആംബുലൻസുകളുടെ സേവനം വ്യാപിപ്പിക്കുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിലേക്കായി വിശദമായ പദ്ധതി നിർദ്ദേശം അടിയന്തരമായി സമർപ്പിക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**അങ്കണവാടി പരിശീലന കേന്ദ്രം**

212(226) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരത്ത് പ്രവർത്തിച്ചു വന്നിരുന്ന അങ്കണവാടി പരിശീലന കേന്ദ്രം നിർത്തലാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കേന്ദ്രം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി പരിശീലനകേന്ദ്രം ഇപ്പോഴും പ്രവർത്തിച്ചുവരുന്നു.

**കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ**

213(227) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ മാതാപിതാക്കൾതന്നെ ഗുരുതരമായി പരിക്കേൽപ്പിക്കുകയും, ഭക്ഷണം നല്കാതെ പീഡിപ്പിക്കുകയും, മറ്റുപീഡനങ്ങൾക്ക് ഇരയാക്കുകയും ചെയ്യുന്ന സാഹചര്യങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ചൈൽഡ് ലൈൻ ഉൾപ്പെടെയുള്ള സാമൂഹ്യ പ്രവർത്തനങ്ങൾ സജീവമായുള്ളപ്പോൾത്തന്നെ ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുകയും പുതുതലമുറ അതിനിരയാകുകയും ചെയ്യുന്ന അവസ്ഥയില്ലാതാക്കാൻ പുതുനടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിലുള്ള എത്ര കേസുകൾ ഈ വർഷം റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുട്ടികളെ മാതാപിതാക്കൾതന്നെ ഗുരുതരമായി പരിക്കേൽപ്പിക്കുകയും ഭക്ഷണം നൽകാതെ പീഡിപ്പിക്കുന്നതും മറ്റു പീഡനങ്ങൾക്ക് വിധേയരാക്കുന്നതുമായ സംഭവങ്ങൾ സംസ്ഥാനത്ത് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി ഇടപെടുകയും പീഡനത്തിനിരയായ കുട്ടികൾക്ക് വേണ്ട ആശ്വാസനടപടികളും തുടർ പ്രവർത്തനങ്ങളും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫയർ കമ്മിറ്റികൾ എന്നിവ മുഖാന്തരം നടത്താറുണ്ട്. ഇടുക്കി ജില്ലയിൽ ഷഫീക് എന്ന കുട്ടിയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും, ഷഫീക്ക് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരം പീഡനങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ ആക്ട്) പ്രകാരവും ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും ഇത്തരം സംഭവങ്ങളിൽ കേസെടുക്കാവുന്നതാണ്.

(സി) ജില്ലാ ശിശുസംരക്ഷണ ഓഫീസർമാരിൽനിന്നും ശേഖരിച്ച കണക്കുകൾ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 747 |
| പത്തനംതിട്ട | 25 |
| ആലപ്പുഴ | 2 |

| | |
|---|---|
| കോട്ടയം | 9 |
| എറണാകുളം | 30 |
| ഇടുക്കി | 12 |
| തൃശ്ശൂർ | 60 |
| കോഴിക്കോട് | 2 |
| മലപ്പുറം | 17 |
| വയനാട് | 28 |
| കണ്ണൂർ | 0 |
| പാലക്കാട് | 7 |
| കാസർഗോഡ് | 23 |
| ആകെ | 990 |

**വക്കം റൂറൽ ഹെൽത്ത് സെന്റർ**

214(228) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള വക്കം റൂറൽ ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വക്കം ആർ.എച്ച്.സി.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ എം.സി.ഐ. അംഗീകാരം നിലനിർത്തുന്നതിനുള്ള യു.ജി./പി.ജി. ട്രെയിനിംഗ് സെന്റർ ആയിട്ടാണ്

വക്കം റൂറൽ ഹെൽത്ത് സെന്റർ പ്രവർത്തിച്ചുവരുന്നത്. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ സ്ഥലവും കെട്ടിടങ്ങളും ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ്. സിവിൽ സർജൻ/അസിസ്റ്റന്റ് സർജൻ, മറ്റ് ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെ 28-ഓളം ജീവനക്കാർ ആരോഗ്യ വകുപ്പിന്റേയും എ.എം.ഒ. ഉൾപ്പെടെ ഇരുപതോളം ജീവനക്കാർ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും പ്രസ്തുത സ്ഥാപനത്തിൽ ജോലി നോക്കിവരുന്നു. ആർ.എച്ച്.സി-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ക്രമീകരിക്കുന്നതിനും നടപടിയെടുക്കുന്നതാണ്.

## എയിംസ് സ്ഥാപിക്കുന്നതിന് നടപടി

215(229) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എയിംസ് (ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്) സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ-സി) ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിലുള്ള ഒരു സ്ഥാപനം കേരളത്തിൽ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അറിയിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 4 സ്ഥലങ്ങളുടെ പട്ടിക ഇതിനകം സമർപ്പിച്ചുകഴിഞ്ഞു. സംസ്ഥാന സർക്കാർ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധന മന്ത്രാലയത്തിന്റെ അനുമതി കിട്ടിയാലുടൻ കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

## സ്വാശ്രയ മെഡിക്കൽ കോളേജ്

216(230) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി സർക്കാർ ഉണ്ടാക്കിയ കരാർ പ്രകാരമുള്ള ഫീസ് നിരക്കുകൾ വിശദമാക്കുമോ;

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ-ന്യൂനപക്ഷ-പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് എന്തെങ്കിലും

തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പി.ജി. കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യുന്ന സമയത്ത് കോളേജുകൾ സ്റ്റൈപന്റ് നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങൾ സ്റ്റൈപന്റ് നൽകുന്നുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.*

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 50% സർക്കാർ സീറ്റിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും മറ്റർഹ സമുദായങ്ങളിൽപ്പെട്ട (ഒ.ഇ.സി.) വിദ്യാർത്ഥികൾക്കും 23-5-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 10/2014/ ബി.സി.ഡി.ഡി. പ്രകാരം വാർഷിക കുടുംബ വരുമാനം ആറ് ലക്ഷം രൂപയിൽ കവിയരുതെന്ന നിബന്ധനയിൽ ഒ.ഇ.സി. വിഭാഗങ്ങൾക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായതും പ്രോസ്പെക്ടസ് അനക്സർ X(a)-ൽ കൊടുത്തിട്ടുള്ളതുമായ പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കും (അനുബന്ധം-2), 20-6-2005-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 25/2005/എസ്.സി. എസ്.റ്റി.ഡി.ഡി. പ്രകാരം മിശ്രവിവാഹിതരായ ദമ്പതിമാരിൽ ഒരാൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാൾ ആണെങ്കിൽ അവരുടെ മക്കൾക്കും പൂർണ്ണ ഫീസിളവ് അനുവദിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## പാരിപ്പള്ളി മെഡിക്കൽ കോളേജ്

217(231) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിലേക്ക് ഇനി എന്തെല്ലാം നടപടികളാണ് ഉണ്ടാകേണ്ടതെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിലേക്ക് ഏതൊക്കെ വിഭാഗത്തിൽപ്പെട്ട എത്ര ജീവനക്കാരെയാണ് സർക്കാർ നിയമിച്ചിരുന്നതെന്നും ഇതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചുവെന്നും അറിയിക്കാമോ; ശേഷിക്കുന്ന ജീവനക്കാർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അനുവദനീയമായ എല്ലാ തസ്തികകളിലേക്കും ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന് കീഴിലുള്ള എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ കൊല്ലത്തെ പാരിപ്പള്ളിയിലുള്ള മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയായതായി കേരള സർക്കാർ ഉത്തരവിറക്കിയെങ്കിലും കെട്ടിടങ്ങളുടെ താക്കോലുകളും യന്ത്രോപകരണങ്ങളുടെ വിവരങ്ങളും ഇ.എസ്.ഐ. കോർപ്പറേഷൻ ഇതുവരെ കൊല്ലം, ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് കൈമാറിയിട്ടില്ല. ഡൽഹി ഹൈക്കോടതിയുടെ ഒരു സ്റ്റേ ഉത്തരവ് ചാണ്ടിക്കാണിച്ചുകൊണ്ട് മെഡിക്കൽ കോളേജ് കൈമാറൽ പ്രക്രിയ താൽക്കാലികമായി നിർത്തിവയ്ക്കുവാനുള്ള ഇ.എസ്.ഐ. കോർപ്പറേഷൻ ആസ്ഥാനത്തുനിന്നുള്ള നിർദ്ദേശം ടി ഗവൺമെന്റ് മെഡിക്കൽ കോളേജിൽത്തന്നെ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. കോർപ്പറേഷൻ ആശുപത്രി സൂപ്രണ്ട് അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പ്രസ്തുത ഏറ്റെടുക്കൽ പ്രക്രിയ ഇപ്പോൾ നിശ്ചലമായിരിക്കുകയാണ്. 4-7-2016-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 128/2016/ആ.കു.വ പ്രകാരം ടി മെഡിക്കൽ കോളേജിൽ 108 തസ്തികകൾ (83 അദ്ധ്യാപക തസ്തികകളും 25 അനദ്ധ്യാപക തസ്തികകളും) സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രിയിലേക്കാവശ്യമായ അധിക തസ്തിക സൃഷ്ടിക്കുവാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ടി. മെഡിക്കൽ കോളേജിൽ 2017-18-ലെ എം.ബി.ബി.എസ്. അഡ്മിഷന് വേണ്ട എല്ലാ ക്രമീകരണങ്ങളും സജ്ജീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത ആശുപത്രിയിലേക്ക് 20-7-2016-ലെ സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 2005/2016/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ഓപ്ഷൻ നൽകിയ 22 ഡോക്ടർമാരെ പാരിപ്പള്ളി മെഡിക്കൽ കോളേജിലേക്ക് absorb ചെയ്യുകയും 20-7-2016-ലെ സർക്കാർ ഉത്തരവ് (ആർറ്റി.)2006/2016/ആ.കു.വ., 20-7-2016-ലെ സർക്കാർ ഉത്തരവ് (ആർറ്റി.)2007/2016/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ഇടുക്കി, കോന്നി, തിരുവനന്തപുരം, ഇന്ദിരാ ഗാന്ധി മെഡിക്കൽ കോളേജുകളിൽനിന്നുള്ള 47 ഡോക്ടർമാരെ വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിലും പാരിപ്പള്ളി മെഡിക്കൽ കോളേജിൽ നിയമിച്ചിരിക്കുകയാണ്. പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഇപ്രകാരം നിയമിച്ച 69 ഡോക്ടർമാരും ജോലിയിൽ പ്രവേശിച്ചു. 4-7-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 128/2016/ആ.കു.വ പ്രകാരം സൃഷ്ടിച്ച 25 അനദ്ധ്യാപക തസ്തികകളിലെയും 83 അദ്ധ്യാപക തസ്തികകളിലേയും ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

## 2015-ലെ സ്വാശ്രയ മെഡിക്കൽ പ്രവേശനം

218(232) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2015 വർഷത്തിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ ബി.പി.എൽ/കുറഞ്ഞ വരുമാനം, എസ്.ഇ.ബി.സി. കുട്ടികൾക്ക് ഫീസിളവ് നൽകുന്നതിനുള്ള മാനദണ്ഡം 2015-ലെ പ്രോസ്പെക്ടസ് പ്രകാരം എങ്ങനെയായിരുന്നു; വിശദമാക്കുമോ; ഇവർക്ക് 2016-ലെ പ്രോസ്പെക്ടസിലെ മാനദണ്ഡങ്ങൾ ബാധകമാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) 2014-15, 2015-16 വർഷത്തിൽ ഇത്തരത്തിലുള്ള എത്ര കുട്ടികൾക്ക് ഫീസിളവ് നൽകിയിട്ടുണ്ട്; ആയതിന്റെ പൂർണ്ണവിവരം, കുട്ടികളുടെ ലിസ്റ്റ്, പഠിക്കുന്ന സ്ഥാപനം, വാർഷിക വരുമാനം, കാറ്റഗറി ഇവ തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) 2015 പ്രോസ്പെക്ടസ് പ്രകാരം കുറഞ്ഞ വരുമാനമുള്ള നിരവധി കുട്ടികൾക്ക് അർഹമായ ഫീസിളവ് നൽകാത്തതു സംബന്ധിച്ച പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ പി. കെ. ദാസ് കോളേജിലെ വിദ്യാർത്ഥികളായ റനീഷ് മുണ്ടോടൻ, നൗറിൻ, നിസാർ, മുഹമ്മദ് ഷാഫി, നജ്മത്ത് എന്നിവരുടെ പരാതി ലഭിച്ചിരുന്നോ; 2015-ലെ പ്രോസ്പെക്ടസ് പ്രകാരം അവർക്ക് ഫീസിളവിന് അർഹതയുണ്ടായിരുന്നോ; എങ്കിൽ ഫീസിളവ് നല്കാതിരിക്കാനുള്ള കാരണത്തെക്കുറിച്ചന്വേഷിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള ബി.പി.എൽ./കുറഞ്ഞവരുമാനം, എസ്.ഇ.ബി.സി. എന്നീ വിഭാഗങ്ങൾക്കുള്ള ഫീസിളവിന്റെ മാനദണ്ഡങ്ങൾ പ്രോസ്പെക്ടസിൽ പ്രതിപാദിക്കാറില്ല. ഓരോ വർഷവും സർക്കാരും സ്വാശ്രയ കോളേജ് മാനേജുമെന്റുകളും തമ്മിൽ പ്രവേശനത്തിന് മുന്നോടിയായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഫീസിളവ് അനുവദിച്ചുവരുന്നത്. മേൽ കരാറിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളിൽ ഫീസിളവിന്റെ മാനദണ്ഡം പ്രതിപാദിക്കുന്നുണ്ട്. അതുപ്രകാരം സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ ബി.പി.എൽ./

കുറഞ്ഞ വരുമാനം, എസ്.ഇ.ബി.സി. എന്നീ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഫീസിളവ് അനുവദിക്കുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 1- ആയി ചേർക്കുന്നു.* ബി.പി.എൽ./കുറഞ്ഞ വരുമാനമുള്ള വിഭാഗത്തിൽ ഫീസാനുകൂല്യത്തിനായി വിദ്യാർത്ഥികളെ കണ്ടെത്തുന്നത് കുറഞ്ഞ കുടുംബ വാർഷിക വരുമാനത്തിന്റെയും എസ്.ഇ.ബി.സി. വിഭാഗത്തിൽ ഫീസാനുകൂല്യത്തിന് അർഹരായവരെ കണ്ടെത്തുന്നത് മെഡിക്കൽ റാങ്കിന്റെയും അടിസ്ഥാനത്തിലുമാണ്. 2016-17 ഫീസിളവിനുള്ള മാനദണ്ഡങ്ങൾ ഈ വർഷം സർക്കാരും മാനേജ്മെന്റുകളുമായി ഏർപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകൾക്കനുസൃതമാണ്. 2015-16 അദ്ധ്യായന വർഷത്തെ മാനദണ്ഡങ്ങൾ തന്നെയാണ്. 2016-17 വർഷത്തെ ഉത്തരവുകളിലും പ്രതിപാദിച്ചിട്ടുള്ളത്. 2016-17-ലെ ഫീസിളവിന്റെ വിശദാംശങ്ങൾ അനുബന്ധം II- ആയി ചേർക്കുന്നു. *

(ബി) പട്ടിക അനുബന്ധം III, IV-ആയി ചേർക്കുന്നു*.

(സി) ഉണ്ട്. ഓരോ വർഷവും സർക്കാരും വിവിധ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളും തമ്മിൽ മെഡിക്കൽ പ്രവേശനത്തിന് മുന്നോടിയായി ഏർപ്പെടുന്ന കരാറുകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ഫീസിളവിന് അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുള്ളത്. ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുമാത്രമാണ് ഫീസിളവ് നടപ്പാക്കുന്നത്. എന്നാൽ എസ്.ഇ.ബി.സി. വിഭാഗത്തിൽ ഫീസിളവ് അനുവദിക്കുന്നത് മുൻവർഷങ്ങളിലെപ്പോലെ മെഡിക്കൽ റാങ്കിന്റെ അടിസ്ഥാനത്തിലായതിനാൽ ഉയർന്ന വാർഷിക വരുമാനമുള്ള എസ്.ഇ.ബി.സി. വിദ്യാർത്ഥികൾക്കും ഫീസിളവ് ലഭ്യമായിട്ടുണ്ട്. താരതമ്യേന കുറഞ്ഞ വരുമാനമുള്ള പല എസ്.ഇ.ബി.സി. വിദ്യാർത്ഥികൾക്കും താഴ്ന്ന മെഡിക്കൽ റാങ്കായതിന്റെ കാരണത്താൽ ഫീസിളവ് ലഭിച്ചിട്ടില്ല. ഈ രീതിയിലുള്ള 12 പരാതികൾ കേരള പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. (9 പരാതികൾക്ക് ഇതിനോടകം മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്.)

(ഡി) ഉണ്ട്. 2015-16 അദ്ധ്യായന വർഷത്തിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ഫീസിളവിന് അർഹതയില്ല. ഇക്കാര്യം അപേക്ഷകരെ അറിയിച്ചിട്ടുണ്ട്.

## പാരമ്പര്യ ചികിത്സ

219(233) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യഥാർത്ഥ പാരമ്പര്യ ചികിത്സകരായ വൈദ്യൻമാരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പാരമ്പര്യ വൈദ്യൻമാർക്ക് ചികിത്സ നടത്തുന്നതിന് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(സി) പാരമ്പര്യ ചികിത്സയുടെ പേരിൽ വ്യാജന്മാർ ചികിത്സ നടത്തുന്നത് തടയണമെന്നാവശ്യപ്പെട്ട് പാരമ്പര്യ വൈദ്യസംഘം പരാതി നൽകിയിട്ടുണ്ടോ;

(ഡി) മരുന്നു കമ്പനികളുടെ ഏജൻസികളും, അരിഷ്ടക്കടക്കാരും വൈദ്യൻമാരുടെ നിർദ്ദേശമില്ലാതെ മരുന്നു നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 1953-ലെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് പ്രകാരം ഏപ്രിൽ 1-ാം തീയതിക്കു മുമ്പായി അഞ്ച് വർഷത്തിൽ കുറയാതെ ഭാരതീയ ചികിത്സാ സമ്പ്രദായത്തിൽ തുടർച്ചയായി പ്രാക്ടീസ് ചെയ്തിരുന്നുവെന്ന് കൗൺസിലിന് ബോധ്യപ്പെടുത്തുന്ന ഏതൊരാളും ഒരു വർഷത്തിനകമോ അല്ലെങ്കിൽ സർക്കാർ നീട്ടി നൽകുന്ന സമയത്തിനകത്തോ രജിസ്ട്രേഷന് അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതുപ്രകാരം ആയുർവേദത്തിൽ 6112 പേർ 16-10-1973 വരെയും, സിദ്ധയിൽ 1218 പേർ 21-12-1963 വരെയും യുനാനിയിൽ 51 പേർ 2-1-1961 വരെയും ബി ക്ലാസ്സിൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ളതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ നിലവിൽ പാരമ്പര്യക്കാർക്ക് രജിസ്ട്രേഷൻ നൽകുന്നില്ല. ടി. നിയമത്തിലെ വകുപ്പ് 38 പ്രകാരം അംഗീകൃത യോഗ്യതയോ, രജിസ്ട്രേഷനോ ഇല്ലാതെ ചികിത്സ നടത്തുവാൻ പാടില്ലാത്തതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. എന്നാൽ ആയുർവേദ സിദ്ധ യുനാനി ഔഷധങ്ങളുടെ വിൽപ്പനയ്ക്ക് കേന്ദ്ര സർക്കാർ സെയിൽ ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ സെയിൽ ഔട്ട്ലെറ്റുകളുടെ പ്രവർത്തനം പൂർണ്ണ നിയന്ത്രണത്തിലായിട്ടില്ല. ചികിത്സയ്ക്കല്ലാതെ (വൈദ്യന്മാരുടെ നിർദ്ദേശമില്ലാതെ) അരിഷ്ടാസവങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയും പരിശോധനയിൽ ബോധ്യപ്പെടുകയും ചെയ്തു. 7 ഔഷധ നിർമ്മാണ ശാലകളുടെ അരിഷ്ടാസവങ്ങളുടെ നിർമ്മാണ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്.

**ആയുർവേദ ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ**

220(234) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ സർക്കാർ ആയുർവേദ ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ആയുർവേദ ഡിസ്പെൻസറികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

(ബി) ഒഴിവുകളൊന്നും നിലവിലില്ല.

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആയുർവേദ ആശുപത്രികൾ**

221(235) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ സർക്കാർ ഉടമസ്ഥതയിലുള്ളത് ഏതൊക്കെയാണെന്നും എൻ.എച്ച്.എം. പദ്ധതി പ്രകാരം പ്രവർത്തിക്കുന്നത് ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; എൻ.എച്ച്.എം. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ആശുപത്രികളിൽ പുതിയ തസ്തിക അനുവദിച്ച് ആശുപത്രി പ്രവർത്തനം കൂടുതൽ സുസജ്ജമാക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾ താഴെപ്പറയുന്നവയാണ്.

സർക്കാർ ഉടമസ്ഥതയിലുള്ളത്:

1. ഗവൺമെന്റ് ആയുർവേദ ആശുപത്രി, പരവൂർ
2. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, ആദിച്ചനല്ലൂർ
3. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,ചാത്തന്നൂർ
4. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, പൂതക്കുളം

എൻ.എച്ച്.എം. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ആശുപത്രികൾ:

1. എൻ.എച്ച്.എം., ചിറക്കര
2. എൻ.എച്ച്.എം.,കല്ലുവാതുക്കൽ
3. എൻ.എച്ച്.എം., പൂതക്കുളം
4. സിദ്ധ എൻ.എച്ച്.എം, കല്ലുവാതുക്കൽ

പുതിയ തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ത്രിതല പഞ്ചായത്തുകൾ മുഖേന ലഭിക്കുന്ന മുറയ്ക്ക് എൻ.എച്ച്.എമ്മുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

## എയിംസ് സെന്റർ

222(236) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിംസിന്റെ ഒരു സെന്റർ കേരളത്തിൽ ആരംഭിക്കുന്നതിനുള്ള നീക്കങ്ങൾ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെന്റർ എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ട്രാവൻകൂർ റയോൺസിന്റെ ഒഴിഞ്ഞുകിടക്കുന്ന 65 ഏക്കർ സ്ഥലത്ത് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

## ആരോഗ്യ സർവ്വകലാശാല ഫലപ്രഖ്യാപനം

223(237) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാല നടത്തിയ രണ്ടാം വർഷ എം.ബി.ബി.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിലെ സാങ്കേതിക തകരാറുമൂലം വിദ്യാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർവ്വകലാശാല എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം തുടങ്ങിയവ കുറ്റമറ്റ രീതിയിലും കൃത്യസമയത്തും നടത്തുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ എം.ബി.ബി.എസിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ (2011, 2012, 2013 അദ്ധ്യായന വർഷങ്ങളിൽ അഡ്മിഷനായവർ) രണ്ടാം വർഷ പരീക്ഷയുടെ (ഫെബ്രുവരി 2016-ൽ നടന്നത്, 11-7-2016-ൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത്) പരീക്ഷാഫലത്തിൽ 2012-ൽ അഡ്മിഷനായ വിദ്യാർത്ഥികളുടെ പരീക്ഷാഫലം മാത്രം, സാങ്കേതിക പിഴവുമൂലം

റദ്ദാക്കുകയും പിഴവുകൾ പരിഹരിച്ച് 22-8-2016-ൽ പരീക്ഷാഫലം പുനഃപ്രസിദ്ധീകരിക്കുകയും ചെയ്യതതായി ആരോഗ്യ സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ടി പരീക്ഷയുടെ മാർക്ക് റീ-ടോട്ടലിംഗ് ചെയ്യുന്നതിനും ഉത്തരക്കടലാസിന്റെയും സ്കോർഷീറ്റിന്റെയും പകർപ്പ് ലഭിക്കുന്നതിനും അപേക്ഷിക്കുന്നതിനായി 26-8-2016 വരെ സമയം കൊടുക്കുകയുണ്ടായിയെന്നും 25-8-2016-ൽ ടി യൂണിവേഴ്സിറ്റിയുടെ ഡീൻ (മെഡിസിൻ), ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (ക്ലിനിക്കലും പ്രിക്ലിനിക്കലും) എന്നിവരടങ്ങിയ ഒരു പ്രത്യേക കമ്മിറ്റി യോഗം കൂടുകയും ഈ യോഗത്തിലെ തീരുമാനപ്രകാരം മാറ്റി പ്രസിദ്ധീകരിച്ച ടി പരീക്ഷാഫലത്തിൽ തോറ്റ വിദ്യാർത്ഥികൾക്ക് 2-ാം വർഷ എം.ബി.ബി.എസ്. പരീക്ഷ എഴുതുന്നതിനുള്ള അവസരം കണക്കിലെടുത്ത് ഈ പരീക്ഷ രണ്ടാഴ്ച സമയത്തേക്ക് മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ പരീക്ഷാ ഫലപ്രകാരം രണ്ടാം വർഷ എം.ബി.ബി.എസ്. പരീക്ഷ ജയിച്ച വിദ്യാർത്ഥികൾക്ക് മൂന്നാം വർഷ എം.ബി.ബി.എസ്. പാർട്ട്-1 പരീക്ഷ എഴുതുന്നതിനായി 2-ാം വർഷ പരീക്ഷയുടെ ഫലപ്രഖ്യാപനത്തിനുശേഷം പ്രത്യേക പരീക്ഷ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിലേക്കായി രണ്ടാം വർഷ എം.ബി.ബി.എസ്. പരീക്ഷയുടെ ഫലപ്രഖ്യാപനം വേഗത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആരോഗ്യ സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ സർവ്വകലാശാല പരീക്ഷകൾ കമ്പ്യൂട്ടർ സിസ്റ്റം വഴി ഏറ്റവും സൂക്ഷ്മമായി പരിശോധിച്ച് കുറ്റമറ്റ രീതിയിലും പരീക്ഷാഫലം കൃത്യസമയത്തുതന്നെ നടത്തുവാൻ ശ്രദ്ധിച്ചുവരുന്നുണ്ട്. ഭാവിയിൽ ഇത്തരം പിഴവുകൾ വരാതിരിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഹോമിയോ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർമാർ

224(238) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര ഹോമിയോ മെഡിക്കൽ കോളേജുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹോമിയോ മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഇപ്പോഴുള്ള അസിസ്റ്റന്റ് പ്രൊഫസർമാരെ പി.എസ്.സി. വഴി നിയമിച്ചതാണോ;

(ഇ) താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് ശമ്പളം നൽകുന്ന രീതി വ്യക്തമാക്കാമോ?

ഉത്തരം

(എ) 2 സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളും 3 എയിഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളും ഉൾപ്പെടെ 5 ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ ഉണ്ട്.

(ബി-ഇ) സർക്കാർ കോളേജുകളിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തിക നിലവിലില്ല.

**ഒളവണ്ണ ആയുർവ്വേദ ആശുപത്രി**

225(239) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിൽ സ്ഥിരം ഡോക്ടർ ഇല്ലാത്തത് പ്രയാസം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രിയിൽ സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം ആശുപത്രിയിൽ ലഭ്യമാണ്.

**പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ**

226(240) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ ജീവിതത്തിന് ഏറെ പ്രസക്തിയുള്ള കാലത്ത് കേരളത്തിൽ എവിടെയെങ്കിലും സർക്കാർ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) കൂടുതൽ പ്രകൃതി ചികിൽസാ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കോതമംഗലത്ത് ഒരു നാച്ചുറോപ്പതി മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രകൃതി ചികിൽസാ മെഡിക്കൽ കോളേജുകൾ നിലവിലുള്ളതും കേരളത്തിലെ വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിൽ പോയി, പ്രകൃതി ചികിത്സയും, യോഗയും ,അക്യുപങ്ചറും ഉൾപ്പെടുന്ന ബി.എൻ.വൈ.എസ്. കോഴ്സിൽ ധാരാളമായി ചേരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കോതമംഗലം മണ്ഡലത്തിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ സർക്കാർ പ്രകൃതി ചികിത്സാ ആശുപത്രിയും കൊല്ലം ജില്ലയിലെ പുനലൂരിൽ ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. ഒറ്റപ്പാലം ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് പ്രകൃതി ചികിത്സാ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. കൂടാതെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിലെ സ്വസ്ഥവൃത്ത വകുപ്പിൽ സർക്കാർ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ബഥനി നവജീവൻ മെഡിക്കൽ കോളേജ് (നാച്ചുറോപ്പതി, യോഗ എന്നിവയ്ക്കുവേണ്ടി) നാലാഞ്ചിറ (പി.ഒ.), തിരുവനന്തപുരം എന്ന പ്രകൃതി ചികിത്സാ കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം**

227(241) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന കുപ്പിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ കുപ്പിവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിലും പതിന്മടങ്ങ് അളവിൽ ഉണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് അവ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിലുള്ള ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിവരുന്നു. ഇതുകൂടാതെ കുപ്പിവെള്ള നിർമ്മാണ കേന്ദ്രങ്ങളിൽ പരിശോധന നടത്തി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS) നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. ഈ മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയന്ത്രണത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 10 കമ്പനികൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങൾ പ്രകാരവും നടപടി സ്വീകരിച്ചിട്ടുണ്ട്.

**സി.ഡി.പി.ഒ.-മാരുടെ നിയമനം**

228(242) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ 'സി.ഡി.പി.ഒ' മാരുടെ പി.എസ്.സി-റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരുടെ നിയമനം ഇതുവരെ നടന്നുവെന്നും റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം പ്രൊമോഷനിലൂടെ നടത്തിയ നിയമനം എത്രയാണെന്നും പ്രത്യേകം വ്യക്തമാക്കുമോ;

(ബി) എൻ.ജെ.ഡി റിപ്പോർട്ട് ചെയ്തതിനുശേഷം, റാങ്ക് പട്ടിക അനുസരിച്ച നിയമനം നടത്തുന്നതിനു മുമ്പ് പ്രൊമോഷനിലൂടെ ഒഴിവുനികത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്നും, ആയതിന്റെ നിയമന നടപടികളുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ;

(ഡി) വ്യവസ്ഥപ്രകാരം '4:1' എന്നക്രമം കൃത്യമായി പാലിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽ ശിശുവികസന പദ്ധതി ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 51 പേരുടെ നിയമനം നടന്നിട്ടുണ്ട്.

ശിശുവികസന പദ്ധതി ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം 43 പേർക്ക് പ്രൊമോഷൻ മുഖേന ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തശേഷം പ്രസ്തുത ഒഴിവുകളിൽ പ്രൊമോഷൻ മുഖേന നിയമനം നടത്തിയിട്ടില്ല.

(സി) ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനും പ്രൊമോഷൻ മുഖേന നിയമനത്തിനും ഓരോ ഒഴിവുകളാണ് (ആകെ -2) ഉള്ളത്. പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സാമൂഹ്യനീതി വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലെ നിയമനം 1:4 (1 നേരിട്ടുള്ള നിയമനം 4 ഉദ്യോഗക്കയറ്റം) എന്ന അനുപാതത്തിലാണ്. വകുപ്പിലെ ആകെ 258 ശിശുവികസന പദ്ധതി ഓഫീസർ തസ്തികകളിൽ 206 തസ്തികകൾ വകുപ്പിലെ ജീവനക്കാരിൽനിന്ന് പ്രൊമോഷനിലൂടെയും 52 തസ്തികകൾ പി.എസ്.സി. മുഖാന്തരവും നിയമിച്ചുവരുന്നു.

**ക്ഷേമ പെൻഷൻ**

229(243) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ നിരക്കുകൾ ഏറ്റവും ഒടുവിൽ പരിഷ്കരിച്ചുകൊണ്ടുള്ള ക്യാബിനറ്റ് തീരുമാനം ഉണ്ടായത് എന്ന്;

(ബി) അതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത് ഏതു തീയതിയിൽ;

(സി) ക്യാബിനറ്റ് തീരുമാനത്തിനുശേഷം ഉത്തരവിറക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) എഴുപതു വയസ്സു കഴിഞ്ഞ പെൻഷൻകാർക്ക് പെൻഷനിൽ വർദ്ധന അനുവദിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഏറ്റവും കുറഞ്ഞ ക്ഷേമപെൻഷൻ തുക ആയിരം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ 25-5-2016-ൽ ചേർന്ന മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയും ആയതിൻപ്രകാരം 8-7-2016-ൽ അവതരിപ്പിച്ച 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത നിർദ്ദേശം ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

(ബി) 15-7-2016

(സി) കാലതാമസം ഉണ്ടായിട്ടില്ല.

**നിർഭയ ഹോം ഷെൽട്ടർ**

230(244) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ നിർഭയ കേന്ദ്രം കാക്കനാട് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ജില്ലാ പഞ്ചായത്ത് നിർഭയ ഹോം ഷെൽട്ടർ ഒരു വർഷം മുൻപ് സകല സൗകര്യങ്ങളോടും കൂടി പിറവം ഇടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ പണികഴിപ്പിച്ചിട്ടും സർക്കാർ ഇത് ഏറ്റെടുത്ത് അങ്ങോട്ട് മാറ്റുന്നതിനു ഇതുവരെയും നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയത് ഏറ്റെടുക്കുമെങ്കിൽ എന്നത്തേക്ക് ഏറ്റെടുക്കും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) താമസക്കാരുടെ പഠന സംബന്ധമായ കാര്യങ്ങൾക്കും അടിയന്തരഘട്ടത്തിൽ പോലീസ്, ആശുപത്രി സേവനങ്ങൾ ലഭിക്കുന്നതിനും ഇപ്പോൾ കാക്കനാട് വള്ളിക്കീഴിൽ പ്രവർത്തിച്ചുവരുന്ന ഷെൽട്ടർ ഹോം വളരെ സൗകര്യപ്രദമായതിനാലും എടയ്ക്കാട്ടുവയലിലേക്ക് ഷെൽട്ടർ ഹോം മാറ്റുമ്പോൾ പ്രസ്തുത സേവനങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടാകുമെന്നതിനാലും നിലവിൽ എറണാകുളം ജില്ലാപഞ്ചായത്ത് നിർഭയ ഷെൽട്ടർ ഹോമിനുവേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടം, ഷെൽട്ടർ ഹോമായി പ്രവർത്തിക്കുന്നതിനുപകരം, സംസ്ഥാനത്തെ വിവിധ നിർഭയ ഷെൽട്ടർ ഹോമുകളിൽ താമസിക്കുന്ന 18 വയസ്സിനു മുകളിലുള്ള സ്ത്രീകളെ സമൂഹത്തിലെ മുഖ്യധാരയിലേക്കുള്ള പുനരേകീകരണവുമായി ബന്ധപ്പെട്ട് തൊഴിൽ പരിശീലന പരിപാടികൾക്കായും ചെറുകിട വ്യവസായ സംരംഭ യൂണിറ്റായും പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൂന്നാം ലിംഗക്കാർ**

231(245) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം ലിംഗക്കാർക്ക് സ്കൂളുകളിലും കോളേജുകളിലും പ്രവേശനം ലഭിക്കുന്നതിന് നിയമപരമായി തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയത് ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വിഭാഗക്കാർക്ക് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് നിയമ തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ആയത് ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മൂന്നാം ലിംഗക്കാർക്ക് സ്കൂളുകളിലും കോളേജുകളിലും പ്രവേശനം ലഭിക്കുന്നതിന് നിയമപരമായി തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഈ വിഭാഗക്കാർക്ക് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് തടസ്സമായ ചട്ടങ്ങളൊന്നും നിലവിലില്ല.

**തലശ്ശേരി ജനറൽ ആശുപത്രിയിലെ ഗേറ്റ് പാസ് അഴിമതി**

232(246) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ജനറൽ ഹോസ്പിറ്റലിൽ നടന്ന ഗേറ്റ് പാസ് അഴിമതിയിൽ പത്തൊൻപതു ലക്ഷത്തിന്റെ നഷ്ടമുണ്ടായെന്ന എ. ജി.-യുടെ കണ്ടെത്തലിൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) ഏത് ജീവനക്കാരനു നൽകിയ പാസ്‌വേഡ് ഉപയോഗിച്ചാണ് വെട്ടിപ്പ് നടത്തിയത്;

(സി) വെട്ടിപ്പ് നടത്താൻ പാസ്‌വേഡ് നൽകിയ സ്ഥിരം ഉദ്യോഗസ്ഥനിൽ നിന്ന് ഈ തുക ഈടാക്കിയിട്ടുണ്ടോ;

(ഡി) പത്തൊൻപതു ലക്ഷത്തിന്റെ പണാപഹരണം വി.എ.സി.ബി.-യെ കൊണ്ട് അന്വേഷിപ്പിക്കുമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി ജനറൽ ആശുപത്രിയിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ കണക്ക പരിശോധനയിൽ ഗേറ്റ് പാസ് അഴിമതിയിൽ ഏകദേശം 17,45,515 രൂപയുടെ അഴിമതി കണ്ടെത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസിൽ നടത്തിയ അന്വേഷണത്തിൽ 9,11,750 രൂപയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ ശ്രീ.രാമൻ, ഹെഡ് സെക്യൂരിറ്റി 5,00,000 രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസ് വിശദമായ അന്വേഷണം നടത്തി ക്രൈം നമ്പർ 53/2014 ആയി കോടതിയിൽ കേസ് രജിസ്റ്റർ ചെയ്യുകയും താൽക്കാലിക ജീവനക്കാരനായ ശ്രീ. രാമന്റെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഫിനാൻസ് വിംഗ് നടത്തിയ അന്വേഷണത്തിൽ സെക്യൂരിറ്റി ഹെഡ്ഡിന് ലഭിച്ച പാസ്‌വേർഡ് ഉപയോഗിച്ചാണ് വെട്ടിപ്പ് നടത്തിയത്. ശ്രീ. രാമൻ ആയിരുന്നു സെക്യൂരിറ്റി ഹെഡ്.

(സി) സ്ഥിരം ഉദ്യോഗസ്ഥന്റെ പേര് അക്കൗണ്ടന്റ് ജനറലോ ഫിനാൻസ് വിംഗോ പോലീസോ അറിയിച്ചിട്ടില്ല. ആയതിനാൽ നടപടിയെടുത്തിട്ടില്ല. അന്വേഷണം നടന്നുവരുന്നു.

(ഡി) വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ബാലഭവനുകൾ**

233(247) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ 16-ന് മുൻപ് സംസ്ഥാനത്തെ എല്ലാ ബാലഭവനുകളും ജുവൈനൽ ജസ്റ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് സാവകാശം അനുവദിക്കുമോ; ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പുതിയ നിയമപ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടിയുള്ള അധിക ബാധ്യത സംസ്ഥാന സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഓരോ കുട്ടിക്കും അനുവദിച്ചിട്ടുള്ള ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ആക്ടിലെ കർശന വ്യവസ്ഥകൾ നടപ്പിലാക്കിയാൽ സംസ്ഥാനത്തെ അനാഥാലയങ്ങളുടെയും ബാലഭവനുകളുടെയും പ്രവർത്തനം നിന്നുപോകുമെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 15-1-2016 മുതൽ 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് (കെയർ ആന്റ് പ്രൊട്ടക്ഷൻ) പ്രാബല്യത്തിൽ വന്നു. പ്രസ്തുത ആക്ടിലെ സെക്ഷൻ 41 പ്രകാരം എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളും ജെ.ജെ. ആക്ട് നിർദ്ദേശിക്കുന്ന പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ട് പ്രാബല്യത്തിൽ വന്ന തീയതിയായ 15-1-2016 മുതൽ ആറ് മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അത് പ്രകാരം രജിസ്ട്രേഷൻ എടക്കേണ്ട അവസാന തീയതി 14-7-2016 ആയിരുന്നു. എന്നാൽ ചില ഓർഫനേജുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതി 7-7-2016 വരെ ഓർഫനേജുകൾക്ക് തൽസ്ഥിതി തുടരുവാൻ അനുവാദം നൽകുകയുമുണ്ടായി. തുടർന്ന് ഈ ഇടക്കാല ഉത്തരവിന്റെ കാലാവധി നാല് മാസം കൂടി ദീർഘിപ്പിച്ചിട്ടുണ്ട് (WP(C) No. 13869/15(G)). അങ്ങനെയാകുമ്പോൾ ഓർഫനേജുകൾക്ക് 7-11-2016 വരെ തൽസ്ഥിതി തുടരാം. സ്റ്റേ ഒഴിവാക്കുന്നതിന് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ നേരിട്ടു നടത്തുന്ന ജുവനൈൽ ജസ്റ്റിസ് ഹോമുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഭൗതിക സാഹചര്യം ഒരുക്കുന്നതിനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് വ്യവസ്ഥയില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ അങ്കണവാടികളുടെ പ്രവർത്തനം**

234(248) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ നഗരസഭ, ചാത്തന്നൂർ, ചിറക്കര, പൂതക്കുളം, കല്ലുവാതുക്കൽ, ആദിച്ചനല്ലൂർ, പൂയപ്പള്ളി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോന്നിന്റെയും പരിധിയിൽ എത്ര അങ്കണവാടികൾ വീതം പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി ഭൂമിയും കെട്ടിടവുമില്ലാത്തവ ഏതൊക്കെയാണ്; പേരും നമ്പരും സഹിതം വെളിവാക്കുമോ;

(സി) പുതിയതായി അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ നഗരസഭ, ചാത്തന്നൂർ, ചിറക്കര, പൂതക്കുളം, കല്ലുവാതുക്കൽ, ആദിച്ചനല്ലൂർ, പൂയപ്പള്ളി എന്നീ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഓരോന്നിന്റേയും പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| തദ്ദേശഭരണ സ്ഥാപനം | എണ്ണം |
|---|---|
| പരവൂർ നഗരസഭ | 37 |
| ചാത്തന്നൂർ | 28 |
| ചിറക്കര | 22 |
| പൂതക്കുളം | 28 |
| കല്ലുവാതുക്കൽ | 44 |
| ആദിച്ചനല്ലൂർ | 34 |
| പൂയപ്പള്ളി | 28 |

(ബി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി ഭൂമിയും കെട്ടിടവുമില്ലാത്തവയുടെ പേരും, നമ്പരും ഉൾപ്പെടുത്തിയുള്ള വിവരങ്ങൾ അനുബന്ധം 1-ൽ ഉൾക്കൊള്ളിക്കുന്നു.*

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആയതിലേക്ക് ഓരോ വർഷവും കെട്ടിടനിർമ്മാണത്തിനായി സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനനുസരിച്ച് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അംഗപരിമിതരുടെ പുനരധിവാസം

235(249) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നട്ടെല്ലിന് ക്ഷതം സംഭവിച്ച് ശിഷ്ടജീവിതം വീൽച്ചെയറിൽ തള്ളി നീക്കേണ്ടി വരുന്ന അംഗപരിമിതരുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) അത്തരക്കാരുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ;

(സി) നട്ടെല്ലിന് ക്ഷതം സംഭവിച്ച അംഗപരിമിതരാക്കപ്പെട്ടവർക്ക് സഹായം എത്തിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നട്ടെല്ലിന് ക്ഷതം സംഭവിച്ച് ശിഷ്ടജീവിതം വീൽച്ചെയറിൽ തള്ളി നീക്കേണ്ടിവരുന്ന അംഗപരിമിതരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി 'പാലിയം ഇന്ത്യ' എന്ന സന്നദ്ധ സംഘടനയ്ക്ക് സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. കൂടാതെ ജില്ലാ താലൂക്കാശുപത്രികളിലെ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റ് വഴി ഇവർക്കാവശ്യമായ ചികിത്സയും വീൽച്ചെയർ മറ്റ് ഉപകരണങ്ങൾ എന്നിവ ആവശ്യമെങ്കിൽ സൗജന്യമായി നൽകിവരുന്നു. വെൽഫയർ സൊസൈറ്റി ഫോർ ലോക്കോമോട്ടോർ ഡിസേബിൾഡ് നടത്തുന്ന വെൽഫയർ ക്യാമ്പുകളിലും ഇവർക്കാവശ്യമായ ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതാണ്.

(ബി) അത്തരക്കാരുടെ വിശദാംശങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(സി) വിവിധ കാരണങ്ങളാൽ ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കിടപ്പിലായ രോഗികൾക്ക് ഭവന സന്ദർശനം നടത്തി സാന്ത്വന ചികിൽസ നൽകുന്ന പാലിയേറ്റീവ് കെയർ സംവിധാനം ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സജ്ജീകരിച്ചിട്ടുണ്ട്. എല്ലാ ആശുപത്രികളിലും സാന്ത്വന ചികൽസ വേണ്ടിവരുന്ന രോഗികൾക്ക് സെക്കണ്ടറി കെയർ ചികിൽത്സാസംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ഈ രോഗികൾക്ക് ആവശ്യമായ വൈദ്യസഹായവും ഉപകരണങ്ങൾ, മരുന്നുകൾ എന്നിവയും സൗജന്യമായി വിതരണം ചെയ്തുവരുന്നു. സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ നേടുവാനായി ഡിസെബിലിറ്റി ബോർഡ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു.

## മാവേലി സ്റ്റോർ

236(250) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലിസ്റ്റോർ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾ എത്ര; ഇവ ഏതെല്ലാമാണ്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) മാവേലിസ്റ്റോറില്ലാത്ത ഗ്രാമ പഞ്ചായത്തുകളിലേക്ക് എത്ര മാസത്തിനുള്ളിൽ മാവേലി സ്റ്റോറിന്റെ പ്രവർത്തനം വ്യാപിപ്പിക്കും; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സപ്ലൈകോയുടെ ചില്ലറ വിൽപ്പന ശാലകൾ (മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ) ഇല്ലാത്ത '32' ഗ്രാമപഞ്ചായത്തുകൾ ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത 32 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി പ്രസ്തുത പഞ്ചായത്തുകളിലെ സെക്രട്ടറിമാർക്ക് മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ നിബന്ധനകൾ സപ്ലൈകോ ഹെഡ് ഓഫീസിൽനിന്നും നേരിട്ട് നൽകിയിട്ടുണ്ട്. മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സർക്കാർ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളായ അഞ്ചു വർഷത്തേക്ക് വാടക രഹിത കെട്ടിടവും ഒരു ലക്ഷം രൂപയും ലഭ്യമാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്തുകളിൽനിന്നും അനുകൂലമായ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ഈ പഞ്ചായത്തുകളിൽകൂടി ഉടനെ മാവേലി സ്റ്റോർ ആരംഭിക്കുന്നതാണ്

## ബി.പി.എൽ. കാർഡുകൾ

237(251) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ വിതരണം ചെയ്ത ബി.പി.എൽ. കാർഡിൽ ഉൾപ്പെടാതെ പോയതും എന്നാൽ അർഹതയുള്ളതുമായ എല്ലാ കുടുംബങ്ങൾക്കും ബി.പി.എൽ. കാർഡ് നൽകാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നിലവിൽ 14,78,944 കുടുംബങ്ങൾക്കാണ് ബി.പി.എൽ. കാർഡുകൾ നൽകിയിട്ടുള്ളത്.

(ബി) 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹതയുള്ളവർക്ക് മുൻഗണനാപട്ടിക തയ്യാറാക്കുമ്പോൾ പട്ടികയിലുൾപ്പെട്ടുവന്നാൽ തീർച്ചയായും പ്രയോറിറ്റി കാർഡുകൾ നൽകും.

**പുതിയ റേഷൻ കടകൾ**

238(252) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി റേഷൻ കട അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ;

(ബി) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ പുതിയ റേഷൻ കട അനുവദിക്കണമെന്ന അപേക്ഷ പരിഗണിച്ച് ബഹു. മന്ത്രിയുടെ ഓഫീസിൽ നിന്നും 6-8-2016-ന് 203/VIP/M(FCS&LM)/16 നമ്പരായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്ത ഫയലിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് പുതിയ ഫയൽ നമ്പർ ഉൾപ്പെടെ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന റേഷൻ കടയിൽ കുറഞ്ഞത് 400 റേഷൻ കാർഡുകളെങ്കിലും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട്. പുതിയ റേഷൻ കട അനുവദിക്കുന്നതുമൂലം സമീപ പ്രദേശങ്ങളിലെ റേഷൻ കടകളുടെ പ്രവർത്തനത്തെ ബാധിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തണം. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതി പ്രകാരമാണ് റേഷൻ കട അനുവദിക്കുന്നത്.

(ബി) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ 5-ാം വാർഡിൽ പുതിയ റേഷൻ കട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷയിന്മേൽ സിവിൽ സപ്ലൈസ് ഡയറക്ടർ തിരുവനന്തപുരം ജില്ലാ സപ്ലൈ ആഫീസറുടെ അഭിപ്രായം സി.എസ്.എ 4 -19657/16 എന്ന നമ്പർ ഫയൽ പ്രകാരം ആരാഞ്ഞിട്ടുണ്ട്.

## പുതിയ റേഷൻകാർഡ്

239(253) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാത്തതു സംബന്ധിച്ച പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാർഡുകൾ വിതരണം ചെയ്യാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരികയാണ്. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാവിഭാഗത്തെ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിനായി പ്രീ-പോപ്പുലേറ്റഡ് ഫോറം റേഷൻ കടകൾ വഴി വിതരണം ചെയ്ത് കാർഡുടമകൾ നൽകിയ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളത് സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിച്ച കഴിഞ്ഞാൽ അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് റേഷൻ കാർഡുകൾ നൽകുന്നതാണ്. അത്യാവശ്യ ഘട്ടങ്ങളിൽ താൽക്കാലിക റേഷൻ കാർഡ് നൽകുവാനും സംവിധാനമുണ്ട്. 2017 മാർച്ച് ആദ്യവാരം വിതരണം ചെയ്യുവാൻ കഴിയുംവിധമാണ് പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തിരിക്കുന്നത്.

## പുതിയ റേഷൻകാർഡുകൾ

240(254) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ എന്നു മുതൽ വിതരണം ചെയ്ത് തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റേഷൻ കാർഡുകളിൽ എന്തൊക്കെ വിവരങ്ങളാണ് ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ റേഷൻ കാർഡിന്റെ വിതരണത്തോടുകൂടി കാർഡ് ഉടമകൾക്ക് ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി ദേശീയ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള മുൻഗണനാവിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള വിവര ശേഖരണം നടത്തി, തുടർ നടപടികൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതാണ്.

(ബി) റേഷൻ കാർഡിൽ കുടുംബനാഥയുടെ മേൽവിലാസം, കുടുംബത്തിന്റെ മാസ വരുമാനം, കുടുംബാംഗങ്ങളുടെ വിവരം, റേഷൻ കടയുടെ പേരും മേൽവിലാസവും ഭവനം വൈദ്യുതീകരിച്ചതാണോ, കൺസ്യൂമർഫെഡ്, സപ്ലൈകോ എന്നിവിടങ്ങളിൽനിന്നും ലഭ്യമാകുന്ന അവശ്യസാധനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന പേജുകൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സാധിക്കുന്നതാണ്.

**പുതിയ റേഷൻകാർഡുകൾ**

241(255) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എപ്പോൾ മുതലായിരുന്നു പുതിയ റേഷൻ കാർഡ് നൽകേണ്ടിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അർഹതയുള്ളവർക്ക് ബി.പി.എൽ. കാർഡ് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ റേഷൻ കാർഡ് എപ്പോൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിനായി പ്രീ-പോപ്പുലേറ്റഡ് ഫോറം റേഷൻ കടകൾ വഴി വിതരണം ചെയ്യുകയും പൊതുജനങ്ങളിൽനിന്നും ഡാറ്റാ

ശേഖരിക്കുകയും ഡാറ്റാ എൻട്രി നടത്തുകയും സംസ്ഥാനതല റാങ്കിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചശേഷം അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും, തുടർന്ന് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യും.

(ബി) 2012 മുതൽ.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ എത്രയും പെട്ടെന്ന് പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതാണ്. 2017 മാർച്ച് മാസത്തിൽ വിതരണം തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പുതിയ റേഷൻകാർഡുകളുടെ വിതരണം**

242(256) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം നടത്തുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പുതിയ റേഷൻകാർഡ് വിതരണം എന്നു മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിനായി റേഷൻ കടകൾവഴി പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ വിതരണം ചെയ്യുകയും ഡാറ്റാ എൻട്രി നടത്തുകയും സംസ്ഥാനതല റാങ്കിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും വേഗം പുതിയ റേഷൻ കാർഡ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

**അവശ്യസാധനങ്ങളുടെ വില നിയന്ത്രണം**

243(257) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണം, ബക്രീദ് ആഘോഷക്കാലത്ത് അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആഘോഷക്കാലത്ത് പ്രത്യേക വിപണികളിലൂടെ സപ്ലൈകോ എത്ര രൂപയുടെ വിറ്റുവരവ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ വർഷത്തെ ഓണം, ബക്രീദ് ഉൽസവകാലത്ത് നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമേ, 14 ജില്ലാ ആസ്ഥാനങ്ങളിലും 75 താലൂക്ക് ആസ്ഥാനങ്ങളിലും മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകൾ ഉൾപ്പെടെ 1464 ഓണച്ചന്തകൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റു 7 പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. ഓണച്ചന്തകൾ വഴി പച്ചക്കറിയുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളും ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. എല്ലാ കാർഡുടമകൾക്കും ഒരു കിലോ സ്പെഷ്യൽ പഞ്ചസാര , എല്ലാ BPL കാർഡുടമകൾക്കും സൗജന്യ ഓണക്കിറ്റ് എന്നിവ സപ്ലൈകോ വിതരണം ചെയ്തു. അങ്ങനെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞു.

(ബി) ഈ ഓണക്കാലത്ത് പ്രത്യേക വിപണികളിൽകൂടി 24.22 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

**റേഷൻ കട അനുവദിക്കുന്നത് സംബന്ധിച്ച്**

244(258) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് പുതിയ റേഷൻ കട അനുവദിക്കുന്നതിനുവേണ്ടിയുള്ള 268407/B3/15 നമ്പർ ഫയൽ ഇപ്പോൾ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടർ നൽകിയ വിവരങ്ങൾ വിശദമാക്കുമോ;

(ബി) പ്രദേശത്തിന്റെ പ്രത്യേക പരിഗണനവച്ച് റേഷൻ കട അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച ഫയലിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം താലൂക്കിൽ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് ഒരു റേഷൻ കട അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചിരുന്നു. എന്നാൽ രാങ്ങാട്ടൂർ പ്രദേശത്ത് പുതിയ കട അനുവദിക്കുന്നതുമൂലം തൊട്ടടുത്ത 155-ാം നമ്പർ റേഷൻ കടയിലെ കാർഡുകളുടെ എണ്ണം 291 ആകുകയും ഇത് ടി കടയുടെ ലാഭകരമായ നടത്തിപ്പിനെ ബാധിക്കുകയും ചെയ്യും. ഇതിന് പ്രതിവിധിയായി 155-ാം നമ്പർ കടയിൽനിന്നും ഒരു കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന 158-ാം നമ്പർ റേഷൻ കടയിൽ ഉള്ള 855 റേഷൻ കാർഡുകളിൽനിന്നും തുല്യ അളവിൽ റേഷൻ കാർഡുകൾ എ.ആർ.ഡി. 155-ലേക്ക് ട്രാൻസ്ഫർ ചെയ്ത് ഒരു കടയിൽ 400 റേഷൻ കാർഡ് എന്ന നിബന്ധന പാലിക്കാവുന്നതാണെന്നാണ് സിവിൽ സപ്ലൈസ് ഡയറക്ടർ അറിയിച്ചത്.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാകുമ്പോൾ മാനദണ്ഡങ്ങളിൽ മാറ്റം വരാൻ സാധ്യതയുള്ളതിനാൽ പദ്ധതി നടപ്പിലാകുന്നതുവരെ പട്ടികജാതി/ പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങൾക്കൊഴികെ പുതിയ റേഷൻ കട അനുവദിക്കേണ്ടതില്ലെന്നും NFSA നിയമത്തിലെ ചാപ്റ്റർ 5-ലെ (ഇ) വകുപ്പ് പ്രകാരം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ പഞ്ചായത്ത്, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് മുൻഗണന ലഭിക്കുമെന്നതിനാൽ മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കുറ്റിപ്പുറം പഞ്ചായത്തിൽ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് പുതിയ റേഷൻ കട അനുവദിക്കുന്ന കാര്യം പുതിയ റേഷൻ കാർഡ് വിതരണം ചെയ്തതിനുശേഷം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

**നെല്ല് സംഭരണം**

245 (259) <u>ശ്രീ. സി. കെ.നാണു</u> :

<u>ശ്രീ. തോമസ് ചാണ്ടി</u> :

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം വിളയ്ക്കുള്ള നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനായി സപ്ലൈകോ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) സംഭരിക്കപ്പെടുന്ന നെല്ലിന്റെ വില യഥാസമയം നൽകുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കർഷകരിൽനിന്ന് നെല്ല് ഏറ്റെടുക്കുന്നതിനായി കർഷകർ സപ്ലൈകോയുടെ വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 1-ന് ആരംഭിച്ചു. നാളിതുവരെ 3627 കർഷകർ 2016-17 ഒന്നാം വിളയ്ക്കായി രജിസ്റ്റർ ചെയ്തു. 2016-17 ഒന്നാം സീസണിന്റെ സംഭരണ കാലയളവ് 2016 ഒക്ടോബർ 1 മുതൽ ഡിസംബർ 31 വരെയാണ്.

(ബി) 2016-17 ഒന്നാം സീസണിൽ സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില (Minimum Support Price-MSP) ആഴ്ചതോറും നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) നൽകുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

**നെല്ല് സംഭരണം**

246(260) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്ന വേളയിൽ ചാക്കൊന്നിന് 9 രൂപ മുതൽ 17 രൂപ വരെ ഹാൻഡ്‌ലിംഗ് ചാർജസ് എന്ന ഇനത്തിൽ നിലവിൽ കർഷകരിൽ നിന്നും ഈടാക്കിവരുന്ന തുക സിവിൽ സപ്ലൈസ് വകുപ്പോ മില്ല് ഉടമകളോ നൽകത്തക്കവിധത്തിൽ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

കർഷകരിൽനിന്നും പാടശേഖരത്തിൽവച്ച് നെല്ല് സപ്ലൈകോയ്ക്ക് വേണ്ടി മില്ലുകാർ ഏറ്റെടുക്കുമ്പോൾ ആ പ്രദേശത്ത് നിലനിൽക്കുന്ന കയറ്റുകൂലിയിൽ ക്വിന്റലിന് 12 രൂപ നിരക്കിൽ മില്ലുകാർ വഹിക്കുന്നതാണ്. അതാത് പ്രദേശത്തെ കൂലി നിരക്കുകൾ വ്യത്യാസം വരുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ തുകയിൽ അധികമായി വരുന്ന തുക കർഷകർ നൽകി വരുന്നു.

**റേഷൻ കടകളുടെ എണ്ണം**

247(261) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ താലൂക്ക് സപ്ലൈ ആഫീസുകളുടെ പരിധിയിലുള്ള റേഷൻ കടകളുടെ എണ്ണം ശരാശരി എത്രയാണെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് സപ്ലൈ ആഫീസിന്റെ പരിധിയിൽ എത്ര റേഷൻ കടകളും റേഷൻ കാർഡുകളുമാണ് നിലവിലുള്ളത്; പ്രസ്തുത റേഷൻ കടകളുടെയും റേഷൻ കാർഡുകളുടെയും എണ്ണത്തിന്റെ ആധിക്യം ടി ആഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനും അഴിമതിരഹിത സേവനങ്ങൾക്കും തടസ്സമായി നിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) കൊല്ലം താലൂക്ക് സപ്ലൈ ആഫീസിന്റെ പരിധിയിൽ ആകെ 423 റേഷൻ കടകളും 2,56,835 റേഷൻ കാർഡുകളുമാണുള്ളത്. പ്രസ്തുത റേഷൻ കടകളുടെയും റേഷൻ കാർഡുകളുടേയും ആധിക്യം അഴിമതിക്ക് കാരണമായിട്ടുണ്ടെങ്കിലും ആഫീസിന്റെ കാര്യക്ഷമവും, സമയബന്ധിതവുമായ പ്രവർത്തനത്തിന് പ്രയാസങ്ങൾ അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്ഥിരീകരിക്കുന്നതാണ്.

**റേഷൻ സാധനങ്ങളുടെ വിതരണവും അളവും പരിശോധിക്കുന്നതിന് നടപടി**

248(262) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ വിതരണവും അളവും കൃത്യമായി പരിശോധിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എ.പി.എൽ., ബി.പി.എൽ. കാർഡുകൾക്ക് ഒരു മാസം വിതരണം ചെയ്യേണ്ട ഭക്ഷ്യസാധനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ സ്റ്റോക്കും വിതരണവിവരവും അളവും പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ സാധനങ്ങളുടെ തിരിമറി/മറിച്ച് വിൽപ്പന എന്നിവ തടഞ്ഞ്, കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള അളവിൽ വിതരണം നടത്തുന്നത് പരിശോധിക്കാനായി ശക്തമായ പരിശോധനാ സംവിധാനം വകുപ്പ് തലത്തിൽ ഉണ്ട്. റേഷൻ സാധനങ്ങളുടെ സ്റ്റോക്ക്, വിതരണ തോത്, വില വിവരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നിവ പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. സിവിൽ സപ്ലൈസ് വെബ്സൈറ്റിലൂടെയും എല്ലാ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പ്രതിമാസ വിതരണ തോത് മാസാദ്യത്തിൽ തന്നെ പ്രസിദ്ധീകരിച്ചുവരുന്നു. നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെയും 1980-ലെയും Kerala Essential commodities maintenance of account and display of price and stock order അനുസരിച്ച് ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്ക് പ്രതിമാസം പരമാവധി 35 കിലോഗ്രാം ഭക്ഷ്യധാന്യം. ആയത് ലഭ്യമാകുന്ന സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ അരി 25 കിലോഗ്രാമും ബാക്കി ഗോതമ്പും നൽകിവരുന്നു. സ്റ്റോക്കിന്റെ ലഭ്യത കുറവ് കാരണം ഗോതമ്പ് നിലവിൽ പരമാവധി 8 കിലോഗ്രാം വരെ വിതരണം നടത്തുന്നു. എ.പി.എൽ. വിഭാഗത്തിന് സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് 10 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും നൽകിവരുന്നു. കൂടാതെ ബി.പി.എൽ./എ.എ.വൈ കാർഡിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ അനുവദിച്ചിട്ടുണ്ട്. എ.പി.എൽ. വിഭാഗം കാർഡുകൾക്ക് ഓണം ഉത്സവകാല സ്പെഷ്യൽ പഞ്ചസാര കാർഡൊന്നിന് കിലോഗ്രാമിന് 13.50 രൂപ നിരക്കിലും ലഭ്യമാക്കുന്നു.

(സി) നിലവിൽ നിശ്ചിത മാതൃകയിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## സപ്ലൈകോ വഴി സ്കൂൾ കുട്ടികൾക്ക് സൗജന്യ അരി വിതരണം

249(263) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സപ്ലൈകോ വഴി സ്കൂൾ കുട്ടികൾക്ക് സൗജന്യ അരി വിതരണം നടത്തുന്ന പദ്ധതി ഈ വർഷം നടത്താൻ കഴിഞ്ഞില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി അരി കൊടുക്കാൻ കഴിയാതിരുന്ന സപ്ലൈകോയുടെ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്ക് എതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഓണക്കാലത്ത് സപ്ലൈകോ വഴി സ്കൂൾ കുട്ടികൾക്ക് 5 കി.ഗ്രാം അരി സ്പെഷ്യൽ കിറ്റ് ആയി വിതരണം ചെയ്യുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്. FCI-യിൽ

നിന്നും ടി പദ്ധതി നടത്തിപ്പിനാവശ്യമായ അരി സമയബന്ധിതമായി ലഭ്യമാകാതിരുന്നതിനാൽ 8504.090 മെട്രിക് ടൺ അരി പൊതു വിപണിയിൽനിന്ന് വാങ്ങി വിതരണം ചെയ്യേണ്ടിയിരുന്നു. ഇത്രയും ഭീമമായ സ്റ്റോക്ക് കുറഞ്ഞ കാലയളവിനുള്ളിൽ പ്രത്യേകിച്ച് ഓണത്തിന് മുമ്പുള്ള 4 ദിവസത്തിനകം വാങ്ങി വിതരണം ചെയ്യുന്നതിന് സാധ്യമായ എല്ലാ നടപടികളും എടുത്തു. ഇതുവരെ ഏതാണ്ട് എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അരി വിതരണം പൂർത്തിയായിട്ടുണ്ട്. ഇതിനായി 13177 മെട്രിക് ടൺ അരി വേണ്ടിവന്നതായി കാണുന്നു.

(ബി) ടി പദ്ധതി നടത്തിപ്പിൽ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

**മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിൽ മാവേലിസ്റ്റോർ**

250(264) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിൽ പുതുതായി മാവേലിസ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) മാവേലി സ്റ്റോർ അനുവദിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ അടിച്ചിലി എന്ന സ്ഥലത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് പാലക്കാട് റീജിയണൽ മാനേജർ നടത്തിയ സാധ്യതാ പഠനത്തിന്റെയും സർക്കാർ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളായ ആജീവനാന്ത വാടക രഹിത കെട്ടിടവും, ഒരു ലക്ഷം രൂപയും ലഭ്യമാക്കാമെന്നുള്ള പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തുന്ന കൃത്രിമ പാൽ**

251(265) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നിട്ടും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി കാര്യക്ഷമമായ പരിശോധനകളോ, നിയന്ത്രണങ്ങളോ, നടപടികളോ ഉണ്ടാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറികളിലെ വിഷാംശം കണ്ടെത്താനുള്ള സംവിധാനം എല്ലാ ചെക്ക് പോസ്റ്റുകളിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് മോണിറ്റർ ചെയ്യാൻ സംസ്ഥാന തലത്തിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള ആധുനിക ലബോറട്ടറികളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; മായം ചേർത്തതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ പേരുൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഡി) വിശേഷാവസരങ്ങളിൽ മാത്രമല്ലാതെ കൃത്യമായ ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ പരിശോധന നടത്തുന്നതിനും തെറ്റ് ആവർത്തിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ:

(ഇ) സുനാമി ഇറച്ചി എന്ന പേരിൽ തമിഴ്നാട്ടിൽ നിന്നും മാസങ്ങളോളം ഫോർമാലിനിലും മറ്റും സൂക്ഷിക്കുന്ന വില കുറഞ്ഞ ഇറച്ചി സംസ്ഥാനത്ത് പല ബേക്കറികളിലും ഹോട്ടലുകളിലും ഉപയോഗിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(എഫ്) മൽസ്യമാർക്കറ്റുകളിൽ ഫോർമാലിനിൽ സൂക്ഷിക്കുന്ന മത്സ്യങ്ങൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരക്കാർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പച്ചക്കറികളിലെ വിഷാംശം കണ്ടെത്താൻ സ്ഥിരം സംവിധാനം ചെക്ക്പോസ്റ്റുകളിൽ നിലവിലില്ല. അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്നതുൾപ്പെടെ പച്ചക്കറികളിലെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. പച്ചക്കറികളുടെ സാമ്പിളുകൾ ചെക്ക്പോസ്റ്റുകളിൽ വച്ച് ശേഖരിച്ച് ഉടൻതന്നെ കീടനാശിനിയുടെ സാന്നിധ്യം ഉൾപ്പെടെ പരിശോധിച്ച് ഫലം ലഭ്യമാക്കുന്ന രീതിയിലുള്ള ഉപകരണങ്ങൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ അത്തരത്തിലുള്ള പരിശോധനാസംവിധാനം ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തുവാൻ കഴിയില്ല.

(സി) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

എന്നിവിടങ്ങളിൽ അനലറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന് ദേശീയനിലവാരമുള്ള എൻഎബിഎൽ അക്രഡിറ്റേഷൻ കരസ്ഥമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) പരിശോധനകളിൽ ഗുരുതരമായ വീഴ്ച കണ്ടെത്തുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവാദികൾക്കെതിരെ പ്രോസിക്യൂഷനടക്കമുള്ള നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രത്യേക റേഷൻ പെർമിറ്റുകൾ

252(266) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗതി, അനാഥ മന്ദിരങ്ങൾക്കും, വൃദ്ധ സദനങ്ങൾക്കുമുള്ള അരിയും മറ്റും വാങ്ങുന്നതിനുള്ള പ്രത്യേക റേഷൻ പെർമിറ്റുകൾ നിലവിലുണ്ടോ;

(ബി) ഇത്തരത്തിലുള്ള പെർമിറ്റുകൾ മുഖേന ഇപ്പോൾ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം പെർമിറ്റുകൾ മുഖേന റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) നിലവിൽ ഇല്ല.

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് എ.പി.എൽ. /ബി.പി..എൽ. പെർമിറ്റുകളിൽ ഉൾപ്പെടുത്തിയാണ് ഭക്ഷ്യധാന്യം നിലവിൽ വിതരണം നടത്തുന്നത്. എ.പി.എൽ. പെർമിറ്റിൽ ഒരംഗത്തിന് പ്രതിമാസം 5 KG ഭക്ഷ്യധാന്യവും ബി.പി.എൽ. പെർമിറ്റിൽ ഒരംഗത്തിന് പ്രതിമാസം 7 KG ഭക്ഷ്യധാന്യവും നിലവിൽ നൽകിവരുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് ബി.പി.എൽ. പെർമിറ്റും മറ്റുള്ളവർക്ക് എ.പി.എൽ. പെർമിറ്റും ആണ് നൽകുന്നത്.

(സി) ബാധകമല്ല.

**പുതുക്കിയ റേഷൻകാർഡ് വിതരണം ചെയ്യുന്നതിലെ കാലതാമസം**

253(267) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കാർഡ് പുതുക്കി ലഭിക്കാത്തതുമൂലം സർക്കാർ തലത്തിൽ ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ, സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്കായി അപേക്ഷിക്കുന്നതിന് ജനങ്ങൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യം പരിശോധിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ?

ഉത്തരം

(എ-സി) പുതുക്കിയ റേഷൻ കാർഡ് എത്രയും വേഗം വിതരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അതുവരെ അനുകൂല്യങ്ങൾക്കായി പഴയ റേഷൻ കാർഡ് ഉപയോഗിക്കാവുന്നതാണ്. സംസ്ഥാനത്ത് 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കൽ മുന്നിൽ കണ്ടുകൊണ്ട് റേഷൻ കാർഡ് പുതുക്കൽ നടപടി പൂർത്തീകരിച്ചുവരികയാണ്. എന്നാൽ അത്യാവശ്യഘട്ടങ്ങളിൽ താൽക്കാലിക റേഷൻ കാർഡുകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചാലക്കുടി സിവിൽ സപ്ലൈസ് ഗോഡൗൺ**

254(268) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ സിവിൽ സപ്ലൈസ് വക ഗോഡൗൺ കോടതി നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് കെട്ടിടമുടമ നൽകിയ കേസ് കെട്ടിടമുടമയ്ക്ക് അനുകൂലമായി വിധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഗോഡൗൺ നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടിയിലെ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഗോഡൗൺ നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ തുടർന്നും ലഭ്യമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെട്ടിടമുടമയ്ക്ക് അനുകൂലമായി കോടതി വിധി വന്ന സാഹചര്യത്തിൽ അതിനെതിരെ അപ്പീൽ ഹർജി കൊടുത്തിട്ടുണ്ട്.

(ബി) ഗോഡൗൺ നിലനിർത്തുന്ന കാര്യത്തിലും മറ്റും അപ്പീൽ ഹർജിയിലെ കോടതിവിധി അനുസരിച്ച് നടപടിയെടുക്കുന്നതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ വിലസ്ഥിരത**

255(269) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ അടുത്ത അഞ്ചു വർഷത്തേക്ക് വിലസ്ഥിരത ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച പതിമൂന്നിന നിത്യോപയോഗ സാധനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 2016 മേയ് മാസം ഈ പതിമൂന്നിന സാധനങ്ങളുടെ വിപണിവിലയും സപ്ലൈകോ സ്ഥാപനങ്ങളിലെ വിലയും വിശദമാക്കാമോ;

(സി) 2016 ആഗസ്റ്റ് മാസം ഈ പതിമൂന്നിന സാധനങ്ങളുടെ വിപണി വിലയും സപ്ലൈകോ സ്ഥാപനങ്ങളിലെ വിലയും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ അടുത്ത 5 വർഷത്തേക്ക് വിലസ്ഥിരത ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച 13 ഇന നിത്യോപയോഗസാധനങ്ങളുടെ 31-5-2016-ലെ സബ്സിഡി വിൽപ്പനവിലയും പൊതുവിപണിവിലയും അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) ഈ ഉൽപ്പന്നങ്ങളുടെ 31-8-2016-ലെ സബ്സിഡി വിൽപ്പനവിലയും പൊതുവിപണി വിലയും അനുബന്ധം 2 ആയി ചേർക്കുന്നു.*

**വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ**

256(270) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഓണം, ബക്രീദ് എന്നിവ പ്രമാണിച്ച് സ്കൂൾ കുട്ടികൾക്കായി വിദ്യാലയങ്ങൾ വഴി എത്ര ക്വിന്റൽ അരി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വർഷത്തെ ഓണം, ബക്രീദ് ഉത്സവകാലത്ത് 14 ജില്ലാ ആസ്ഥാനങ്ങളിലും 75 താലൂക്കാസ്ഥാനങ്ങളിലും മാവേലി സ്റ്റോറുകളില്ലാത്ത 32 പഞ്ചായത്തുകളിലെ 25 പഞ്ചായത്തുകളിലും ഉൾപ്പെടെ 1464 ഓണച്ചന്തകൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റു 7 പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. ഈ ചന്തകളിൽക്കൂടി പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കി. പൊതു വിപണിയിൽ 530 രൂപ വിലവരുന്ന അവശ്യസാധനങ്ങളും ശബരി ഉൽപ്പന്നങ്ങളും അടങ്ങിയ കിറ്റ് 460 രൂപയ്ക്ക് വിതരണം ചെയ്തിരുന്നു. എല്ലാ കാർഡുടമകൾക്കുമുള്ള സ്പെഷ്യൽ പഞ്ചസാര വിതരണം എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും സൗജന്യ ഓണക്കിറ്റ് എന്നിവ സപ്ലൈകോ വിതരണം ചെയ്തിട്ടുണ്ട്. അതുവഴി ഓണക്കാലത്ത് വിലവർദ്ധനവ് കാര്യക്ഷമമായി തടയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഓണക്കാലത്ത് 13 ഇനം അവശ്യസാധനങ്ങളുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പന, എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും സൗജന്യ ഓണക്കിറ്റ് വിതരണം, സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 1 കിലോഗ്രാം സ്പെഷ്യൽ പഞ്ചസാര വിതരണം എന്നിവയ്ക്കായി 81.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 29-8-2016-ലെ സ.ഉ.(സാധാ) നമ്പർ 2789/16/പൊ.വി.വ. പ്രകാരം സ്കൂൾ കുട്ടികൾക്കായി വിദ്യാലയങ്ങൾ വഴി സൗജന്യമായി 5 കിലോ അരി വിതരണം അവസാന ഘട്ടത്തിലാണ്. ആകെ ഇതിനായി 13177 മെട്രിക് ടൺ അരി വേണ്ടിവന്നിട്ടുണ്ട്.

**പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ്**

257(271) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ് ലഭ്യമാക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

നിലവിൽ സംവിധാനമുണ്ട്. വാർഡ് മെമ്പറിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർ/താലൂക്ക് സപ്ലൈ ഓഫീസർ/ സിറ്റി റേഷനിംഗ് ഓഫീസർ പരിശോധന നടത്തിയശേഷം പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ് നൽകാവുന്നതാണ്.

**വിലക്കയറ്റം പിടിച്ചുനിർത്താൻ നടപടി**

258(272) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം പിടിച്ചു നിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു. അതിൽനിന്നും 2016 സെപ്റ്റംബർ മാസം വരെ 131.42 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. ഈ സഹായമുപയോഗിച്ച് ഓണക്കാലത്ത് എല്ലാ കാർഡുടമകൾക്കുമുള്ള സ്പെഷ്യൽ പഞ്ചസാര, എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും (2 കിലോഗ്രാം മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവ അടങ്ങിയ) സൗജന്യ ഓണക്കിറ്റ് എന്നിവ സപ്ലൈകോ വിതരണം ചെയ്തിട്ടുണ്ട്.

അവശ്യഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, ഊഹക്കച്ചവടം എന്നിവമൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത മഞ്ചേശ്വരം, ചൊക്ലി, ബെള്ളൂർ, ചിന്നക്കനാൽ, എടവക എന്നീ അഞ്ചു പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചു. കൂടാതെ മുൻ വർഷ വിൽപ്പന, മുൻ മാസ വിൽപ്പന എന്നിവ കണക്കിലെടുത്ത് ആവശ്യത്തിന് സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കുവാൻ നിർദ്ദേശം നൽകി. കൂടാതെ സംസ്ഥാനത്തുടനീളം 4 മെട്രോ ഫെയറുകൾ ഉൾപ്പെടെ 94 റംസാൻ ചന്തകൾ നടത്തി റംസാൻ വിഭവങ്ങൾ ഉൾപ്പെടെയുള്ള അവശ്യഭക്ഷ്യ വസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കി.

ഈ ഓണം-ബക്രീദ് ഉത്സവകാലത്ത് 14 ജില്ലാ ഫെയറുകൾ 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിലും ഓണച്ചന്തകൾ സംഘടിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റു 7 പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പന ശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു.

## വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

259(273) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലി, നീതി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുണ്ടായിരുന്നതും വർദ്ധിപ്പിച്ചതുമായ വിലവിവരത്തിന്റെ വിശദാംശം നൽകാമോ;

(സി) വിപണിയിൽ ഇടപെടുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ ഈ വർഷം എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ 13 ഇനം അവശ്യസാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്. ഇവ ഉൾപ്പെടെ 21 ഇനം അവശ്യഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു.

കൂടാതെ കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP വിലയേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിലസ്ഥിരത ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച 13 ഇന നിത്യോപയോഗസാധനങ്ങളിൽ വെളിച്ചെണ്ണ ഒഴികെയുള്ള അവശ്യഭക്ഷ്യ വസ്തുക്കളുടെ സബ്സിഡി വിൽപ്പനവില വർദ്ധിപ്പിച്ചിട്ടില്ല. 2016-17 ബഡ്ജറ്റിൽ വെളിച്ചെണ്ണയ്ക്ക് 5% VAT ഏർപ്പെടുത്തിയമൂലം വെളിച്ചെണ്ണവില 88 രൂപയിൽനിന്നും സബ്സിഡി നൽകിക്കൊണ്ട് 90 രൂപയ്ക്കാണ് വിൽപ്പന നടത്തിവരുന്നത്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടിരൂപയായി വർദ്ധിപ്പിച്ചു. ഇതിൽനിന്നും 2016 സെപ്റ്റംബർ മാസം വരെ 131.42 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്.

**കുട്ടനാട്ടിലെ നെല്ല് സംഭരണം**

260(274) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ നെല്ല് സംഭരണത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) നെല്ല് സംഭരണ സമയത്ത് തന്നെ പി.ആർ.എസ്. നൽകി ഒരാഴ്ചയ്ക്കകം സംഭരണ വില കർഷകരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് വാഹനം അല്ലെങ്കിൽ വള്ളത്തിലേക്ക് കയറ്റുമ്പോൾ ഒരു കിന്റലിന് ഏറ്റവും കുറഞ്ഞത് 150 രൂപ കർഷകരും 12 രൂപ സർക്കാരും ഹാൻഡിലിംഗ് ചാർജ്ജായി (കൈകാര്യ ചെലവ്) നൽകിവരുന്നതിനാൽ കർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനായി ഹാൻഡിലിംഗ് ചാർജ്ജായി സർക്കാർ നൽകുന്ന വിഹിതം വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടനാട്ടിലെ കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുക്കുന്നതിനായി കർഷകർ സപ്ലൈകോയുടെ വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2016-17 സീസണിലെ ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 1-ന് ആരംഭിച്ചു. നാളിതുവരെ 9125 കർഷകർ 2016-17 സീസണിലേക്കായി രജിസ്റ്റർ ചെയ്തു. 2016-17 സീസണിന്റെ സംഭരണ കാലയളവ് 2016 ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെയാണ്. സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന മില്ലുകാർ മുഖേനയാണ് കർഷകരിൽനിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നത്.

(ബി) 2016-17 സീസണിൽ സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില (Minimum Support Price-MSP) ആഴ്ചതോറും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് സംസ്ഥാന പ്രോത്സാഹന ബോണസ് (SIB) നൽകുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഹാൻഡ്ലിംഗ് ചാർജ്ജ് (കൈകാര്യ ചെലവ്) ആയി സർക്കാർ നൽകുന്ന വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പൊതു വിപണിയിലെ വിലക്കയറ്റം**

261(275) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര ഓണച്ചന്തകൾ പ്രവർത്തിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഓണക്കാലത്ത് പച്ചക്കറി-പഴം എന്നിവയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) ഓണത്തിനുശേഷം വിപണിയിലുണ്ടാകുന്ന മാറ്റത്തെ നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഈ ഓണം-ബക്രീദ് ഉത്സവകാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിൽ ഓണച്ചന്തകൾ സംഘടിപ്പിച്ചു. മാവേലി

സ്റ്റോറുകളില്ലാത്ത മറ്റ 7 പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു.

കൂടാതെ ഈ ഓണക്കാലത്ത് 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് 2 കിലോ മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം സപ്ലൈകോ വിൽപ്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ റേഷൻകാർഡിനും 1 കിലോ സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുള്ള പഞ്ചസാര റേഷൻ കടകളിൽ എത്തിച്ചിട്ടുണ്ട്. ഇവ കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റിനുള്ള സാധനങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള 5 കിലോ അരിയുടെ വിതരണവും അവസാന ഘട്ടത്തിലാണ്.

പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രത്യേക ഓണച്ചന്തകളിലും തെരഞ്ഞെടുക്കപ്പെട്ട വിൽപ്പനശാലകളിലും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ പച്ചക്കറി വിതരണം ചെയ്തിരുന്നു. മുഖ്യമായും ഹോർട്ടികോർപ്പ് മുഖേനയും സ്വകാര്യ കച്ചവടക്കാർ തുടങ്ങിയവർ വഴിയും നേരിട്ടുമാണ് പച്ചക്കറി വിൽപ്പന സാധ്യമാക്കിയിരുന്നത്. ഇത്തരത്തിൽ പൊതുജനങ്ങൾക്ക് ആശ്വാസമേകുന്ന വിപണിയിടപെടൽ ഈ ഓണക്കാലത്തും തുടർന്നും സപ്ലൈകോ ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

**ഭക്ഷ്യ സുരക്ഷാനിയമപ്രകാരമുള്ള റേഷൻകാർഡുകൾ**

262(276) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കാൻ റേഷൻ കാർഡ് പുതുക്കൽ നടപടി പുരോഗമിച്ചുവരികയാണ്. ഇതിനായി പ്രീ-പോപ്പുലേറ്റഡ്

ഫോറം റേഷൻ കടകൾ വഴി വിതരണം ചെയ്യുകയും ലഭ്യമായ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളത് സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും സ്വീകരിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

**ഗുണമേന്മയുള്ള വിലകുറഞ്ഞ ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത**

263(277) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ളതും വിലകുറഞ്ഞതുമായ ഭക്ഷ്യ സാധനങ്ങൾ സാധാരണക്കാരായ ആളുകൾക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിപണിയിലെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഗുണനിലവാരം ഉറപ്പാക്കിയ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വിതരണം ചെയ്യുന്നതിനായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന ഉൽപ്പന്നങ്ങൾക്ക് പുറമേ ഇ-ടെണ്ടർ വഴി വാങ്ങുന്ന അരി, പയർ വർഗ്ഗങ്ങൾ, പഞ്ചസാര, മുളക്, മല്ലി മുതലായവ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമെ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

യഥാർത്ഥ ഉപഭോക്താവിന് മാത്രമേ സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭിക്കൂ എന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിച്ചിട്ടുണ്ട്. SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേനയും വിൽപ്പനശാലകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 13-9-2016 (ഓണം-2016) വരെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാർക്കറ്റിടപെടൽ പദ്ധതി, സ്പെഷ്യൽ പഞ്ചസാര വിതരണം, ബി.പി.എൽ. കിറ്റ് വിതരണം എന്നീ വകയിൽ ഇതുവരെ 131. 42 കോടി രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

**പൊതുവിപണിയിലെ വിലക്കയറ്റം**

264(278) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിപണിയിൽ വിലക്കയറ്റം തടയാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ ഓണക്കാലത്ത് വിലക്കയറ്റം തടയാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത്;

(ഡി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ

പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും FMCG ഉൽപ്പന്നങ്ങളും MRP/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഇങ്ങനെ പൊതുവിപണിയിൽ സപ്ലൈകോ സജീവമായി ഇടപെട്ട് പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലക്കയറ്റം ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാനുള്ള നടപടികളെടുത്തുവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു. 2016 സെപ്റ്റംബർ മാസം വരെ 131.42 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്.

(സി) 2016-ലെ ഓണം-ബക്രീദ് ഉത്സവകാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ കൂടുതൽ അളവിൽ ന്യായവിലയ്ക്ക് ലഭ്യമാക്കി. ഈ ഓണക്കാലത്തെ 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിൽ ഓണച്ചന്തകൾ സംഘടിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റ് 7 പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്ത് ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു. കൂടാതെ ഈ ഓണക്കാലത്ത് 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് 2 കിലോ മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം സപ്ലൈകോ വിൽപ്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ റേഷൻ കാർഡിനും ഒരു കിലോ സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുള്ള പഞ്ചസാര റേഷൻ കടകളിൽ എത്തിച്ചിട്ടുണ്ട്.

ഇവ കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റിനുള്ള സാധനങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള 5 കിലോ അരിയുടെ വിതരണവും അവസാന ഘട്ടത്തിലാണ്.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോ തലത്തിലും മേഖലാ കാര്യാലയതലത്തിലും കേന്ദ്രകാര്യാലയ തലത്തിലും പ്രവർത്തന അവലോകനം നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സപ്ലൈകോ വിൽപ്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സപ്ലൈകോയുടെ കീഴിൽ സുസജ്ജമായ ഒരു ആഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വിൽപ്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വിൽപ്പനശാലകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ മിന്നൽ പരിശോധന

265(279) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ മിന്നൽ പരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾക്കായി രൂപീകരിച്ച സ്ക്വാഡുകൾ ഈ സർക്കാരിന്റെ കാലത്ത് തലസ്ഥാന നഗരിയിൽ ഏതൊക്കെ ഔട്ട്ലെറ്റുകളിൽ എത്ര തവണ പരിശോധന നടത്തിയെന്ന് വിശദമാക്കുമോ;

(ബി) പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം ഫോർട്ട് പീപ്പിൾസ് ബസാർ, തിരുവല്ലം സൂപ്പർ മാർക്കറ്റ്, പാപ്പനംകോട് സൂപ്പർ മാർക്കറ്റ്, പോത്തൻകോട് സൂപ്പർ മാർക്കറ്റ്, തിരുമല സൂപ്പർ മാർക്കറ്റ്, കുന്നപ്പുഴ സൂപ്പർ മാർക്കറ്റ്, കരമന മാവേലി സ്റ്റോർ, കൊഞ്ചിറവിള മാവേലി സ്റ്റോർ, മെട്രോഫെയർ തിരുവനന്തപുരം, ശ്രീകാര്യം സൂപ്പർ മാർക്കറ്റ്,

ഉള്ളൂർ സൂപ്പർ മാർക്കറ്റ്, മണ്ണന്തല സൂപ്പർ മാർക്കറ്റ്, നാലാഞ്ചിറ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ് വഴുതക്കാട്, പഴവങ്ങാടി സൂപ്പർ മാർക്കറ്റ്, പുളിമൂട് സൂപ്പർ മാർക്കറ്റ് എന്നിവിടങ്ങളിൽ ഓരോ തവണയും മരുതുംകുഴി സൂപ്പർ മാർക്കറ്റ്, പേരൂർക്കട സൂപ്പർ മാർക്കറ്റ്, പാളയം മാവേലി സ്റ്റോർ, ആൽത്തറ പമ്പ് എന്നിവിടങ്ങളിൽ രണ്ട് തവണവീതവും പരിശോധനകൾ നടത്തി.

(ബി) പരിശോധനകളിൽ ചെറിയ ന്യൂനതകൾ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തുന്ന കൃത്രിമ പാൽ**

266(280) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമ പാൽ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് സ്വകാര്യ ഡയറികൾ വഴി കൃത്രിമ പാലും പാൽ ഉല്പന്നങ്ങളും വിപണിയിൽ എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പാലിന്റെ ഗുണനിലവാരം മനസ്സിലാക്കുന്നതിനും മായം കലർന്ന പാലും പാൽ ഉല്പന്നങ്ങളും കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് വഴി തെളിക്കുന്ന കൃത്രിമ പാൽ വിപണിയിലെത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ ബ്രാൻഡുകളിലും ഉള്ള പാലും പാൽ ഉൽപ്പന്നങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ശേഖരിച്ച് കൃത്യമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ഓണം പോലുള്ള ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടുകൂടി ചെക്ക്പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കൃത്രിമ പാൽ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണ്.

## വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തതിനെതിരെ നടപടി

267(281) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങൾ വില്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഇതിൽ ആർക്കെങ്കിലും ഇളവ് അനുവദിച്ച് നല്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിലുള്ള ജീവനക്കാരുടെ തിരുവനന്തപുരം ഡിസ്ട്രിക്ട് എംപ്ളോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കേണ്ടതില്ലെന്ന നിർദ്ദേശം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തതിനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. സംസ്ഥാനത്ത് ഭക്ഷണ സാധനങ്ങളുടെയും അവശ്യവസ്തുക്കളുടെയും അമിത വില ഈടാക്കുന്നത് തടയുന്നതിനായി വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതു നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പ് വരുത്തുന്നതിനായി പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ ലീഗൽമെട്രോളജി നികുതിവകുപ്പുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും Kerala Food stuffs (display of prices by catering establishment) order 1977, Kerala Essential commodities maintenance of accounts and display of prices and stock order 1980 എന്നിവ പ്രകാരം നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഇല്ല. ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥർ മുഖേന അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10, 85, 91, 126, 131, 139, 141, 142, 143, 148, 210, 211, 214, 218 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 a.m.]

## II ചരമോപചാരം

### വി. വി. ദക്ഷിണാമൂർത്തി, കെ. പുരുഷോത്തമൻ പിള്ള എന്നിവരുടെ നിര്യാണം

വി. വി. ദക്ഷിണാമൂർത്തി:

മുൻ നിയമസഭാ സാമാജികൻ, വി. വി. ദക്ഷിണാമൂർത്തി 2016 ആഗസ്റ്റ് 31-ന് അന്തരിച്ചു.

കോഴിക്കോട് ജില്ലയിലെ പാലേരിയിൽ ടി. ആർ. വാര്യരുടെയും നാരായണി വാരസ്യാരുടെയും മകനായി 1935 മേയ് 20-ന് വി. വി. ദക്ഷിണാമൂർത്തി ജനിച്ചു. വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെ പൊതുരംഗത്തെത്തി. 26 വർഷം സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗികസേവനം നിർവ്വഹിച്ച അദ്ദേഹം അദ്ധ്യാപക സംഘടനയുടെ മുൻനിര നേതാവായി പ്രവർത്തിച്ചു. അദ്ധ്യാപകവൃത്തിയിൽനിന്നും സ്വമേധയാ വിരമിച്ചതിനുശേഷം വിദ്യാഭ്യാസ മേഖലയിലെ രാഷ്ട്രീയ ഉദ്ബോധനം ശക്തിപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിച്ചു.

1967-ൽ മൂന്നാം കേരള നിയമസഭയിലേക്കും 1980-ൽ ആറാം കേരള നിയമസഭയിലേക്കും പേരാമ്പ്ര മണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടു.

മലബാർ ഐക്യ വിദ്യാർത്ഥി സംഘടനയുടെ ആദ്യ ജോയിന്റ് സെക്രട്ടറി, കേരള സോഷ്യലിസ്റ്റ് യൂത്ത് ഫെഡറേഷന്റെ ആദ്യ കോഴിക്കോട് ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച അദ്ദേഹം പതിനൊന്ന് വർഷം ദേശാഭിമാനി ദിനപത്രത്തിന്റെ ചീഫ് എഡിറ്ററായിരുന്നു. നിലവിൽ ദേശാഭിമാനി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ചുവരുമ്പോഴാണ് നിര്യാണം.

ഉജ്ജ്വല വാഗ്മി കൂടിയായിരുന്ന അദ്ദേഹത്തിന് മാർക്സിസ്റ്റ് ദർശനങ്ങളിൽ അഗാധമായ പരിജ്ഞാനമുണ്ടായിരുന്നു. മികച്ച പത്രാധിപർ, പാർലമെന്റേറിയൻ, പ്രഭാഷകൻ, പരിഭാഷകൻ, അദ്ധ്യാപകൻ, ട്രേഡ് യൂണിയൻ നേതാവ് എന്നീ നിലകളിലും അദ്ദേഹം കേരളത്തിന്റെ പൊതുമണ്ഡലത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചു. അടിയന്തരാവസ്ഥക്കാലത്ത് 16 മാസം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്.

അസാധാരണമായ ലാളിത്യംകൊണ്ട് ആരെയും വിസ്മയിപ്പിച്ച അദ്ദേഹം പൊതുപ്രവർത്തകർക്ക് മാതൃകയായിരുന്നു.

കേരള നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ, പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ്, സി.പി.ഐ. (എം) കോഴിക്കോട് ജില്ലാ സെക്രട്ടറി, സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

വി. വി. ദക്ഷിണാമൂർത്തിയുടെ നിര്യാണത്തോടെ പ്രഗത്ഭനായ ഒരു പത്രാധിപനേയും ലാളിത്യമാർന്ന ജീവിതശൈലിക്കുടമയായ ഒരു പൊതുപ്രവർത്തകനേയും മികച്ച ഒരു പാർലമെന്റേറിയനേയുമാണ് നമുക്ക് നഷ്ടമായത്.

<u>കെ. പുരുഷോത്തമൻ പിള്ള:</u>

മുൻ നിയമസഭാംഗമായിരുന്ന കെ. പുരുഷേത്തമൻ പിള്ള 2016 സെപ്റ്റംബർ 13-ന് അന്തരിച്ചു. കോട്ടയം ജില്ലയിലെ കടയനിക്കാടിൽ കൃഷ്ണപിള്ളയുടെയും ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി 1930 ഒക്ടോബറിൽ ജനിച്ചു. മൂന്നാം കേരള നിയമസഭയുടെ കാലയളവിൽ 1967 മുതൽ 1970 വരെ വാഴൂർ മണ്ഡലത്തിനെ പ്രതിനിധാനം ചെയ്തു. എ.ഐ.എസ്.എഫ്.-ലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച കെ. പുരുഷോത്തമൻ പിള്ള സി.പി.ഐ. കോട്ടയം ജില്ലാ കമ്മിറ്റി കോട്ടയം ജില്ലാ വികസന കൗൺസിൽ, കോട്ടയം റബ്ബർ പ്ലാന്റേഷൻ കമ്മിറ്റി എന്നിവയിൽ അംഗമായിരുന്നു. കോട്ടയം ജില്ലാ കർഷക സംഘം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. പ്രമുഖ അഭിഭാഷകനായിരുന്ന അദ്ദേഹം 1962-63 കാലഘട്ടത്തിൽ നടന്ന അമരാവതി സമരവുമായി ബന്ധപ്പെട്ട് ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. കെ. പുരുഷോത്തമൻ പിള്ളയുടെ നിര്യാണത്തോടെ കഴിവുറ്റ ഒരു പാർലമെന്റേറിയനേയും മികച്ച ഒരു പൊതു പ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്. അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## III അടിയന്തരപ്രമേയം

### സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് സീറ്റിലെ ഫീസ് വർദ്ധനവ്

മി. സ്പീക്കർ : സംസ്ഥാനത്ത് ഈ വർഷം സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിൽ സ്വാശ്രയ മാനേജ്മെന്റുകളുമായി ഉണ്ടാക്കിയ കരാറിലെ ഗുരുതരമായ വീഴ്ചമൂലം മെരിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർഥികളുടെ ഫീസ് നിരക്കിൽ മുൻവർഷത്തെ അപേക്ഷിച്ച് ഗണ്യമായ വർദ്ധനവുണ്ടായ സാഹചര്യംമൂലം വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, വി. കെ. ഇബ്രാഹിംകുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീ. കെ. കെ. ശൈലജ ടീച്ചർ) : സർ, സ്വാശ്രയ കോളേജുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ ഇത്തവണ മെരിറ്റ് സീറ്റിൽ പഠിക്കാൻ അവസരം കിട്ടുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി കൂടിയിരിക്കുകയാണ്. 449 ബി.പി.എൽ., എസ്.ഇ.ബി.സി. സീറ്റുകൾ ഇത്തവണ ഗവൺമെന്റിന് വന്നുചേർന്നിട്ടുണ്ട്. അതുപോലെ 1150 ടോട്ടൽ മെരിറ്റ് സീറ്റ് 50 ശതമാനം സീറ്റിനകത്ത് ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് പഠിക്കാനായി വന്നിട്ടുണ്ട്. മാനേജ്മെന്റുമായി ഉണ്ടാക്കിയ കരാറിൽ ഗുണപരമായ മാറ്റമാണുണ്ടായത്. ഇത്തവണ ബി.പി.എൽ. കാറ്റഗറിയിൽപ്പെട്ട മെരിറ്റ് സീറ്റിന്റെ എണ്ണം 120 ആയി വർദ്ധിച്ചു. അതുപോലെ മൊത്തം മെരിറ്റ് സീറ്റ് നേരത്തെ 750 ആയിരുന്നത് ഇത്തവണ 1150 ആയി വർദ്ധിച്ചു. ആ മേഖലയിൽ വളരെ ഗുണകരമായ നേട്ടമാണുണ്ടായിട്ടുള്ളത്. കുട്ടികൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാത്തവിധത്തിലുള്ള നല്ലൊരു കരാറാണ് ഗവൺമെന്റ് മാനേജ്മെന്റുമായി ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ മേഖലയിൽ ഈ വർഷം ഉണ്ടായിട്ടുള്ള ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നതാണ് ഞങ്ങളുടെ ആവശ്യം. കഴിഞ്ഞ അഞ്ചുവർഷക്കാലം സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് വളരെ സമാധാനപരമായ അന്തരീക്ഷമായിരുന്നു ഉണ്ടായിരുന്നത്. അന്നത്തെ പ്രതിപക്ഷ യുവജന വിദ്യാർത്ഥി സംഘടനകൾക്ക് ഒരുദിവസംപോലും സമരംചെയ്യാനുള്ള സാഹചര്യം ഉണ്ടാകാത്ത ആ കാലഘട്ടം

ഞാൻ ഇപ്പോൾ ഓർമ്മിക്കുകയാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കുറഞ്ഞ ഫീസും കൂടുതൽ സീറ്റും എന്ന കാഴ്ചപ്പാടോടുകൂടിയാണ് കഴിഞ്ഞ ഗവൺമെന്റ് മുന്നോട്ടുപോയത്. അതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ക്രമാനുഗതമായി ഫീസ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. ഒറ്റയടിക്ക് ഫീസ് വർദ്ധനവ് വരുത്തിക്കൊണ്ട് കേരളത്തിലെ മിടുക്കരായ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിക്കുകയല്ല കഴിഞ്ഞ ഗവൺമെന്റ് ചെയ്തത്. സ്വാശ്രയ മെഡിക്കൽ കോളേജുകളെ സംബന്ധിച്ചിടത്തോളം മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതനുസരിച്ച് ക്രമാനുഗതമായ ഫീസ് വർദ്ധനവാണ് ഞങ്ങൾ വരുത്തിയിട്ടുള്ളത്. ഈ വർഷം സംഭവിച്ചത് എന്താണ്? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കുറഞ്ഞ ഫീസും കൂടുതൽ സീറ്റും എന്ന കാഴ്ചപ്പാട് എടുത്തുവെങ്കിൽ ഇന്ന് വിദ്യാർത്ഥികൾക്ക് താങ്ങാൻ കഴിയുന്നതിനപ്പുറത്തുള്ള ഫീസാണ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. 2011-ൽ ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ വന്നപ്പോൾ കേരളത്തിലെ സ്വാശ്രയ മേഖലയിലെ മെരിറ്റ് സീറ്റിലെ ഫീസ് 1,38,000 രൂപ ആയിരുന്നു. അത് 2012-ൽ ആവറേജ് 7 ശതമാനം വർദ്ധിപ്പിച്ച് 1,50,000 രൂപയായി. 2013-ൽ 1,65,000 രൂപയായും 2014-ൽ 1,75,000 രൂപയായും 2015-ൽ 1,85,000 രൂപയായും വർദ്ധിപ്പിച്ചു. പതിനായിരം രൂപ വീതമാണ് വർദ്ധിപ്പിച്ചത്. ഈ രീതിയിൽ ഫീസ് വർദ്ധിപ്പിച്ചപ്പോൾ അന്ന് നിയമസഭയിലുണ്ടായ പ്രശ്നങ്ങൾ ഓർമ്മിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവസാനം 1,85,000 രൂപയായിരുന്ന ഫീസ് ഇപ്പോൾ ഒറ്റയടിക്ക് രണ്ടരലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത് ആരെ സഹായിക്കുന്നതിനുവേണ്ടിയാണ്? എസ്.ഇ.ബി.സി., ബി.പി.എൽ. സീറ്റുകളിൽ കുട്ടികൾക്ക് പഠിക്കാൻ അവസരമുണ്ടാക്കിയെന്നൊക്കെ പറഞ്ഞു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കാര്യങ്ങൾ വിശദീകരിച്ചു. ഫീസ് കൂട്ടിയിരുന്നുവെങ്കിൽ കഴിഞ്ഞവർഷം ഇതിനേക്കാൾ കൂടുതൽ സീറ്റുകൾ ബി.പി.എൽ.-കാർക്ക് കിട്ടുമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മെഡിക്കൽ കോളേജുകളും സ്വാശ്രയ കോളേജുകളുമൊക്കെ വന്നപ്പോൾ ബി.പി.എൽ., എസ്.ഇ.ബി.സി., എസ്‌സി./എസ്റ്റി. സീറ്റുകൾ വർദ്ധിച്ചു. അത് സ്വാഭാവികമാണ്. കഴിഞ്ഞ പ്രാവശ്യം പല കോളേജുകളും ന്യൂനപക്ഷ പദവി എന്നുപറഞ്ഞ് ധിക്കാരപരമായ സമീപനമെടുത്ത് ഒപ്പിടാതിരുന്നു. പക്ഷേ, ഇപ്രാവശ്യം അവർ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ഫീസ് വർദ്ധിപ്പിച്ചപ്പോൾ അവർതന്നെ സ്വമേധയാവന്ന് ഒപ്പിട്ടു. അതിൽ അഭിമാനം കൊള്ളുന്നത് ശരിയാണോ? കേരളത്തിലെ പാവപ്പെട്ട കുട്ടികൾക്ക്

ഇവിടെ എം.ബി.ബി.എസ്.-ന് പഠിക്കണ്ടേ? 2011-ൽ മെരിറ്റ് സീറ്റിന്റെ ഫീസ് 1,38,000 രൂപ ആയിരുന്നുവെന്ന് ഞാൻ ഇവിടെ സൂചിപ്പിച്ചു. 2015-16 ആയപ്പോൾ അത് 1,85,000 രൂപയായി വർദ്ധിപ്പിച്ചു. അഞ്ച് വർഷക്കാലംകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് 47,000 രൂപയുടെ വർദ്ധനവാണ് വരുത്തിയത്. എന്നുപറഞ്ഞാൽ ശരാശരി കണക്കെടുക്കുമ്പോൾ 6.81 ശതമാനം. ഈ ഗവൺമെന്റ് ഒറ്റയടിക്ക് 65,000 രൂപയാണ് വർദ്ധിപ്പിച്ചത്. 35.14 ശതമാനമാണ് ഒരു വർഷക്കാലത്തെ വർദ്ധനവ്. ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഇത്രയധികം തുക വർദ്ധിപ്പിച്ചിട്ടുണ്ടോ, ഇത് ആർക്കുവേണ്ടിയാണ്? അഞ്ചുവർഷം പഠിച്ചിറങ്ങുമ്പോൾ പാവപ്പെട്ട ഒരു വിദ്യാർത്ഥിക്ക് 3.25 ലക്ഷം രൂപ കൂടുതൽ കൊടുക്കേണ്ടിവരുന്നു. സ്വാശ്രയ കോളേജുകളുടെ പ്രശ്നം മാത്രമല്ല, പരിയാരം മെഡിക്കൽ കോളേജിന്റെ സ്ഥിതിയെന്താണ്? പരിയാരം മെഡിക്കൽ കോളേജിലെ മെരിറ്റ് സീറ്റിന് കഴിഞ്ഞ വർഷം 1.25 ലക്ഷം രൂപയായിരുന്നത് ഇപ്പോൾ 2.5 ലക്ഷം രൂപയായിരിക്കുകയാണ്, നാണക്കേടല്ലേ? സർക്കാർ മേഖലയിൽ കുട്ടികൾക്ക് 25,000 രൂപയ്ക്ക് പഠിക്കാനുള്ള സൗകര്യമൊരുക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് ബഡ്ജറ്റിൽ 100 കോടി രൂപ അനുവദിച്ച് തുടക്കംകുറിച്ച പരിയാരം മെഡിക്കൽ കോളേജിലെ ഫീസ് 1.25 ലക്ഷം രൂപയായിരുന്നത് 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. ബി.ഡി.എസ്.-ന്റെ ഫീസ് 90,000 രൂപയായിരുന്നത് 2.10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. എത്ര ശതമാനമാണ് വർദ്ധിപ്പിച്ചിരിക്കുന്നത്? മാനേജ്മെന്റ് ക്വാട്ടയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഞ്ചുവർഷംകൊണ്ട് 5.59 ലക്ഷം രൂപയായിരുന്നത് 8.5 ലക്ഷം രൂപയായാണ് വർദ്ധിപ്പിച്ചത്. അതേസമയം എൽ.ഡി.എഫ്. ഗവൺമെന്റ് 8.5 ലക്ഷം രൂപയായിരുന്നത് 11 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. 2.5 ലക്ഷം രൂപ ഒറ്റയടിക്ക് കൂട്ടി. യു.ഡി.എഫ്.-ന്റെ കാലത്ത് എൻ.ആർ.ഐ. സീറ്റിന് 9 ലക്ഷം രൂപയായിരുന്നത് 12.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അഞ്ചുവർഷംകൊണ്ട് 3.5 ലക്ഷം രൂപയാണ് വർദ്ധിപ്പിച്ചത്, പക്ഷേ ഇപ്പോൾ ഒരുവർഷംകൊണ്ട് 2.5 ലക്ഷം രൂപ കൂട്ടി. 20 ശതമാനം വർദ്ധനവുണ്ടാക്കിയിരിക്കുന്നു. നിങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ഒന്നുപറയുകയും അധികാരത്തിൽ വരുമ്പോൾ അവരുമായി കൂട്ടുചേർന്നു കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികളെ വഞ്ചിക്കുകയുമാണ് ചെയ്യുന്നത്.

ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിൽ തുടങ്ങിയതാണ് സ്വാശ്രയ വിദ്യാഭ്യാസ മേഖല. 2008-ൽ 45,000 രൂപയായിരുന്ന സ്വാശ്രയ മേഖലയിലെ മെരിറ്റ് സീറ്റിന്റെ ഫീസ്. 2009-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്

അത് 1.38 ലക്ഷം രൂപയാക്കിയത്. അതിന്റെ തുടർച്ചയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പാവപ്പെട്ട കുട്ടികൾ എങ്ങനെ പഠിക്കും? കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ കണക്ക് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ബോധപൂർവ്വമാണ് ഈ ഫീസ് വർദ്ധനയുണ്ടാക്കിയത്. കാരണം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം പറഞ്ഞതെന്താണ്? 100 ശതമാനം സീറ്റിലും ഞങ്ങൾ അഡ്മിഷൻ നടത്തുമെന്ന് കയ്യടി വാങ്ങുന്നതിനുവേണ്ടിപറഞ്ഞു. ലാഘവബുദ്ധിയോടുകൂടി കാര്യങ്ങൾ പഠിക്കാതെ മുന്നോട്ടുപോയതിന്റെ ഫലമാണ് വിദ്യാർത്ഥികൾക്ക് ഈ ഗതികേട് വന്നത്. ഇവിടെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ കോളേജുകൾ സ്ഥാപിക്കുന്ന സമയത്ത് നമ്മൾ ഉദ്ദേശിച്ചതെന്താണ്? 50 സീറ്റ് മാനേജ്മെന്റും 50 സീറ്റ് മെരിറ്റും. അപ്പോൾ രണ്ട് കോളേജുകൾ ചേരുമ്പോൾ ഒരു ഗവൺമെന്റ് കോളേജാകും, പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുവാൻ കഴിയും. അതാണ് അന്ന് ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിൽ ഉദ്ദേശിച്ചത്. ഇവിടെ 100 ശതമാനം സീറ്റിലും അഡ്മിഷൻ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ട് എന്തുണ്ടായി? സ്വാശ്രയ മാനേജ്മെന്റുകൾ ഹൈക്കോടതിയെ സമീപിക്കുകയും അവർക്ക് അനുകൂലമായ വിധി നേടിയെടുക്കുകയും ചെയ്തു. 2005-ലെ ഇനാംദാർ കേസുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിയുടെ പാരഗ്രാഫ് 128-ൽ പറഞ്ഞിട്ടുണ്ട്, പരസ്പരധാരണയോടുകൂടിയുള്ള എഗ്രിമെന്റിലൂടെ മാത്രമേ കേരളത്തിലെ സ്വാശ്രയ മേഖലയിൽ അഡ്മിഷൻ നടത്താൻ പാടുള്ളൂവെന്ന്. അതിനെക്കുറിച്ച് മനസ്സിലാക്കാതെ 100 ശതമാനം സീറ്റിലും അഡ്മിഷൻ നടത്തുമെന്ന് പ്രഖ്യാപിച്ചതിന്റെ പേരിൽ സ്വാശ്രയ മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ പോയി. മുഴുവൻ സീറ്റിലും അഡ്മിഷൻ നടത്താമെന്നുപറഞ്ഞ് ഹൈക്കോടതി അപ്പോൾത്തന്നെ അവർക്ക് ഓർഡർ കൊടുത്തു. ഈ നടപടിയുടെ പേരിൽ സർക്കാർ മേഖലയിലുള്ള മെരിറ്റ് സീറ്റിൽപ്പോലും ഗവൺമെന്റിന് നിയന്ത്രണം കിട്ടിയില്ല. അതിന്റെ പേരിലല്ലേ നിങ്ങൾക്ക് ഇതെല്ലാം ചെയ്യേണ്ടിവന്നത്. സർക്കാർ മേഖലയിലുള്ള മെരിറ്റ് സീറ്റിൽപ്പോലും എന്തെങ്കിലും നിയന്ത്രണമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഹൈക്കോടതി അവർക്കനുകൂലമായി വിധിച്ചു. അവസാനം മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പണിപ്പെട്ട് സ്വാശ്രയ മേഖലയിലുള്ള ആളുകളെ ക്ഷണിച്ചുവരുത്തി ചർച്ച ചെയ്യേണ്ട ഗതികേടുണ്ടായില്ലേ? ഇതാണ് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. മെരിറ്റ് സീറ്റിൽപ്പോലും നിയന്ത്രണമില്ലാത്ത സാഹചര്യമുണ്ടായി. 100 ശതമാനം സീറ്റിലും ഗവൺമെന്റ് അഡ്മിഷൻ നടത്തുമെന്ന് നിങ്ങൾ പ്രഖ്യാപിച്ചതിന് ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ട് നിങ്ങൾ സുപ്രീം കോടതിയിൽ

അപ്പീലിനുപോയില്ല? അതിൽ നിങ്ങൾ ഒത്തുകളിച്ചുവെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. കൂടുതൽ കോളേജുകൾ ഒപ്പിട്ടതിനെപ്പറ്റി ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഞാനതിന് മറുപടി പറഞ്ഞു. ഫീസ് വർദ്ധിപ്പിച്ചുകൊടുക്കാമെന്ന് പറഞ്ഞാൽ എല്ലാവരും ഒപ്പിടും. അത് പ്രധാനപ്പെട്ട കാര്യമല്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വളരെ ശക്തമായ രീതിയിൽ ഞങ്ങൾ ഇതിനെ കൈകാര്യം ചെയ്തതാണ്. ന്യൂനപക്ഷ കോളേജുകളാണെന്ന് പറഞ്ഞുകൊണ്ട് ക്രിസ്ത്യൻ മാനേജ്മെന്റുകൾ അന്ന് ഒപ്പിടാൻ തയ്യാറല്ലായിരുന്നു. നാല് ക്രിസ്ത്യൻ മാനേജ്മെന്റുകൾ ഇഷ്ടംപോലെ അഡ്മിഷൻ നടത്തിയിരുന്നു. 2011-ൽ ആ നാല് ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ഞങ്ങൾ ചർച്ച നടത്തി. അവരിൽനിന്നും 200 മെരിറ്റ് സീറ്റുകൾ വാങ്ങിയെടുക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 25,000 രൂപയ്ക്ക് കുട്ടികൾക്ക് പഠിക്കുവാനുള്ള സാഹചര്യമുണ്ടാകണം. 25,000 രൂപയ്ക്ക് കുട്ടികൾക്ക് പഠിക്കുവാനുള്ള സാഹചര്യത്തിന്റെ പേരിലാണ് കേരളത്തിൽ മെഡിക്കൽ കോളേജുകൾ തുടങ്ങിയത്. ഇന്ത്യാ ചരിത്രത്തിൽ ഒരു സംസ്ഥാനത്തും അങ്ങനെ തുടങ്ങിയിട്ടില്ല. തിരുവനന്തപുരത്തും ആലപ്പുഴയിലും ആദ്യമായി മെഡിക്കൽ കോളേജ് തുടങ്ങിയപ്പോൾ ഘട്ടംഘട്ടമായാണ് അവിടെ ഓരോരോ സൗകര്യങ്ങൾ ഒരുക്കിയത്. ഇവിടെ കൂടുതൽ സീറ്റുകൾ വന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ? എങ്ങനെയാണ് വന്നത്? മഞ്ചേരിയിൽ പുതിയ മെഡിക്കൽ കോളേജ് തുടങ്ങി. 100 സീറ്റ് കിട്ടി, 25,000 രൂപയ്ക്ക് കുട്ടികൾക്ക് പഠിക്കുവാനുള്ള അവസരമുണ്ടായി. പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങി. എസ്സി. വിഭാഗത്തിലെ 70 ശതമാനം കുട്ടികളുൾപ്പെടെ 100 കുട്ടികൾക്ക് പഠിക്കാൻ അവിടെ അവസരമുണ്ടായി. കൊച്ചി മെഡിക്കൽ കോളേജ് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തു. 100 കുട്ടികൾക്ക് 25,000 രൂപയ്ക്ക് പഠിക്കാനുള്ള അവസരമുണ്ടായി. അതുപോലെ ഇടുക്കി മെഡിക്കൽ കോളേജ് ഗവൺമെന്റ് തുടങ്ങി. അവിടെ 50 കുട്ടികൾക്ക് 25,000 രൂപയ്ക്ക് പഠിക്കാനുള്ള അവസരമുണ്ടായി. ഈ ഗവൺമെന്റിന് ഈവർഷം മൂന്ന് മെഡിക്കൽ കോളേജുകളിലെ 250 സീറ്റുകളിൽ 25,000 രൂപയ്ക്ക് കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടാക്കാമായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടിസ്ഥാനസൗകര്യമൊരുക്കി, ആവശ്യമായ സ്റ്റാഫിനെ നിയമിച്ചു, എല്ലാ സൗകര്യങ്ങളുമൊരുക്കി, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയും കേന്ദ്ര ഗവൺമെന്റും അംഗീകാരം നൽകിയിട്ടും അത് വേണ്ടെന്നുവച്ചു. ആർക്കുവേണ്ടിയാണ് വേണ്ടെന്നുവച്ചത്? 100 കുട്ടികൾക്ക് 25,000 രൂപയ്ക്ക് അഡ്മിഷൻ, 1,38,000 സ്ക്വയർ ഫീറ്റ് കെട്ടിടം പൂർത്തീകരിച്ചു, 138

പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? അതു മുഴുവൻ പാരിപ്പള്ളിയിലേക്കുമാറ്റി. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തുതന്നെ പാരിപ്പള്ളിയിൽ അടിസ്ഥാനസൗകര്യമുണ്ടെന്ന് കേന്ദ്ര ഗവൺമെന്റ് ഞങ്ങൾക്ക് എഴുതിത്തന്നിട്ടുണ്ട്. എന്നിട്ടും അവിടേക്കുമാറ്റി. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ലഭ്യമാകേണ്ടിയിരുന്ന 100 സീറ്റുകൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ ഫോളോ അപ് ചെയ്തിരുന്നുവെങ്കിൽ അത് ലഭിക്കുമായിരുന്നു. 25,000 രൂപയ്ക്ക് കുട്ടികൾക്ക് പഠിക്കാമായിരുന്ന സാഹചര്യത്തെ ഈ ഗവൺമെന്റ് ഇല്ലാതാക്കിയെന്ന് ഞാൻ പറയുകയാണ്. ഇടുക്കി മെഡിക്കൽ കോളേജിൽ എന്താണ് സംഭവിച്ചത്? അവിടെ അദ്ധ്യാപകർ എതിരാണ്, പഠിക്കുന്ന കുട്ടികൾ എതിരാണ്, കാരണം ഹിൽ ഏരിയയാണ്. അവർക്ക് ആലപ്പുഴയിൽ വരാം, എറണാകുളത്ത് വന്ന് പഠിക്കാൻ സൗകര്യമുണ്ടാകും എന്നൊക്കെ പറഞ്ഞ് അവിടെയുള്ള എസ്.എഫ്.ഐ.-ക്കാരെയും അദ്ധ്യാപകരെയും ഇളക്കിവിട്ടു. അവർ സമരം ചെയ്തു. കേരളത്തിലെ ഏറ്റവും നല്ല മെഡിക്കൽ കോളേജായിരുന്ന ഇടുക്കി മെഡിക്കൽ കോളേജിനെ തകർത്തില്ലേ? ഈ ഒരു സമീപനം അവസാനിപ്പിക്കണം. കഴിഞ്ഞ നിയമസഭയിൽ അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ, ഇവിടെ ബഹുമാന്യനായ ശ്രീ. വി. എസ്. സുനിൽ കുമാർ ഇരിപ്പുണ്ട്. അദ്ദേഹമടക്കം 9 തവണയാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. അവിടെയിരിക്കുന്ന യുവജനവിദ്യാർത്ഥി നേതാക്കന്മാർ ഇക്കാര്യത്തിൽ ഒന്നുംപറയുന്നില്ല. ഇതുശരിയല്ലെന്ന് അവർക്കുമറിയാം. ഇവിടെ യൂത്ത് കോൺഗ്രസുകാർ സമരം ചെയ്യുകയാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള അനാശാസ്യപരമായ നടപടികൾക്കെതിരായി സമരം ചെയ്യുന്ന വിദ്യാർത്ഥികളെ മർദ്ദിച്ച് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്യുന്ന ഗവൺമെന്റിന്റെ നയം അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ ഗുരുതരമായ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രി പരസ്പരവിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റിലെ അലോട്ട്മെന്റുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ എല്ലാവരും മറന്നുപോയിട്ടുണ്ടാകും. പത്രകട്ടിംഗ്സ് എടുത്താൽ മനസ്സിലാകും. ഇവിടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കലും അടിയന്തരപ്രമേയവുമൊക്കെ അന്ന് പ്രതിപക്ഷം അവതരിപ്പിച്ചിരുന്നു. സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുമായി ചർച്ച നടത്തി കരാറിൽ ഒപ്പുവയ്ക്കുന്നതിൽ തകരാർ വന്നതിനാൽ, ആവശ്യമായ സമയത്ത് നടപടി സ്വീകരിക്കാത്തതിനാൽ ഒന്നാംഘട്ട അലോട്ട്മെന്റ് നടപടി പൂർത്തിയായിട്ടും 12

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 675 മെരിറ്റ് സീറ്റിലേക്കുള്ള വിദ്യാർത്ഥി പ്രവേശനം അനിശ്ചിതത്വത്തിലായതുമൂലം ഉളവായിട്ടുള്ള സവിശേഷ സാഹചര്യം ചർച്ച ചെയ്യണമെന്ന് പറഞ്ഞാണ് ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് അടക്കമുള്ള ആളുകൾ അന്ന് ഇവിടെ ഈ പ്രശ്നം ഉന്നയിച്ചത്. വളരെ അലങ്കോലപ്പെട്ടുകിടക്കുകയും രക്ഷിതാക്കളും കുട്ടികളും അങ്ങേയറ്റം മാനസിക സമ്മർദ്ദം അനുഭവിക്കുകയും ചെയ്തു. ഒന്നാംഘട്ടം അലോട്ട്മെന്റ് കഴിഞ്ഞിട്ടും സർക്കാർ ഒരു ധാരണയുണ്ടാക്കാൻ പ്രയാസപ്പെട്ടിരുന്നതിനുകാരണം, അവനവന് സൗകര്യമുള്ള ധാരണയുണ്ടാക്കാൻ വേണ്ടിയായിരുന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. പരസ്പരധാരണയോടുകൂടി ചെയ്യണമായിരുന്നു എന്നാണ് ബഹുമാനപ്പെട്ട മുൻ മന്ത്രി ഇവിടെ പറഞ്ഞത്. മാനേജ്മെന്റുമായി പരസ്പരധാരണയുണ്ടാക്കണമെന്ന് ഇനാംദാർ കേസിൽ പറഞ്ഞിട്ടുണ്ടെന്നും പറഞ്ഞു. എന്നിട്ട് തൊട്ടടുത്ത വരിയിൽ പറഞ്ഞത്, നിങ്ങൾ 100 ശതമാനം സീറ്റിലേക്കും ഗവൺമെന്റ് അലോട്ട്മെന്റ് നടത്തുമെന്ന് പറഞ്ഞുപോയതുകൊണ്ടല്ലേ ഈ പ്രശ്നമുണ്ടായത്, എന്തിനാണ് അങ്ങനെ പോയത് എന്നാണ്. ആരെ സഹായിക്കാനാണ് മുൻ മന്ത്രി ആ വാചകം പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിൽനിന്ന് വന്ന ലെറ്ററിൽ, State Government may preferably arrange combined counseling എന്നുപറഞ്ഞപ്പോൾ ഞങ്ങൾ ആ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് 100 ശതമാനം സീറ്റിലും ഗവൺമെന്റ് അലോട്ട്മെന്റ് നടത്താമെന്നുതന്നെയാണ് പറഞ്ഞത്. അതിൽ പ്രതിഷേധിച്ചാണ് മാനേജ്മെന്റ് ഇറങ്ങിപ്പോയത്. മാനേജ്മെന്റ് കേസ് കൊടുത്തപ്പോൾ ഹൈക്കോടതി വിധിയുണ്ടായി. ഹൈക്കോടതി വിധി എങ്ങനെയാണെന്ന് മുൻകൂട്ടി പറയാൻ കഴിയില്ല. ഹൈക്കോടതി വിധി വന്നപ്പോൾ എന്തുകൊണ്ട് അപ്പീലിന് പോയില്ലായെന്നാണ് ചോദിക്കുന്നത്? നവംബർ 30-ന് അലോട്ട്മെന്റ് പൂർത്തിയാക്കണം. ഒന്നാംഘട്ട അലോട്ട്മെന്റ് നടത്തേണ്ട സമയമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ കുഴഞ്ഞുമറിഞ്ഞ അവസ്ഥ അലോട്ട്മെന്റിലുണ്ടായാൽ അതുകാരണം കുട്ടികളും രക്ഷിതാക്കളും വീർപ്പുമുട്ടും. സുപ്രീം കോടതി വിധി മുൻകൂട്ടി കാണാൻ കഴിയില്ല, അനുകൂലമോ പ്രതികൂലമോ ആകാം. മാനേജ്മെന്റിനോട് ഞങ്ങൾ കെഞ്ചിയിട്ടില്ല. ഒരു മാനേജ്മെന്റിനോടും ഞങ്ങൾക്ക് കെഞ്ചേണ്ട ആവശ്യമില്ല. ഞങ്ങളുടെ ഈ കൂട്ടത്തിൽനിന്ന് ഏതെങ്കിലും ഒരാളുടെ കുട്ടി അനധികൃതമായി, ഫീസ് കൊടുക്കാതെ ഒരു മെഡിക്കൽ കോളേജിലും പഠിക്കുന്നില്ല. സഭാതലമായതുകൊണ്ട് കൂടുതൽ ഞാൻ പറയുന്നില്ല. ഞങ്ങളുടെ കൈവശം ലിസ്റ്റുണ്ട്. ****കഴിഞ്ഞ തവണ എഗ്രിമെന്റുണ്ടാക്കിയതിനുശേഷം ഇവിടെയിരിക്കുന്ന ആരുടെയൊക്കെ കുട്ടികൾ, ഏത്

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നിലനിർത്തി.

മെഡിക്കൽ കോളേജിൽ, വേണ്ടത്ര ഫീസ് കൊടുക്കാതെയും മറ്റും പഠിക്കുന്നുണ്ടെന്നുള്ളതിന്റെ കൃത്യമായ വിവരം എന്റെ കയ്യിലുണ്ട്. എന്നെക്കൊണ്ടത് പറയിപ്പിക്കരുത്. .... (ബഹളം).... ഞാൻ അതിന് തയ്യാറാകുന്നില്ല. വേണമെങ്കിൽ പത്രത്തിൽ കൊടുക്കാം. ഞാൻ സഭാതലത്തിൽ പറയാത്തത് പ്രതിപക്ഷ ബഹുമാനം കൊണ്ടാണെന്ന് എല്ലാവരും ഓർക്കേണ്ടതായിട്ടുണ്ട്. ....(ബഹളം).... ഏത് കോളേജിൽ; ആരുടെ കുട്ടി; വെറുതെ ബഹളം വയ്ക്കേണ്ടതില്ല; നിങ്ങൾ പറയാൻ പറയും. പക്ഷെ, എല്ലാവരും അത് പറയില്ല. ഞാൻ ഇവിടെ പേരു വിവരം വെളിപ്പെടുത്താത്തത് എനിക്ക് പ്രതിപക്ഷത്തോടുള്ള ബഹുമാനം കൊണ്ടാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : അങ്ങ് ഏത് ചട്ടപ്രകാരമാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ദുരൂഹത പരത്തുകയും എല്ലാവർക്കുമെതിരെ വൈൽഡായി അലിഗേഷൻ ഉന്നയിക്കുകയുമാണ് ചെയ്യുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് വഴങ്ങിയിട്ടില്ല. ഞാൻ പറയേണ്ട സമയത്ത് പറയും. എന്റെ മറുപടി പൂർത്തിയാക്കാൻ അവസരം തരണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ : അങ്ങേക്ക് അനുവാദം തരാം. പക്ഷേ, അങ്ങ് ചട്ടം ഉദ്ധരിക്കുന്നില്ല. ഏത് ചട്ടപ്രകാരമാണ് ഉന്നയിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ചട്ടം 307 പ്രകാരമാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ വഴങ്ങിയിട്ടില്ല. എന്റെ മറുപടി പൂർത്തിയാക്കാൻ അവസരം തരണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ സമയത്ത് ഇവിടെയിരിക്കുന്ന അംഗങ്ങളിൽ ആരുടെയൊക്കെ മക്കൾ ഏതെല്ലാം മെഡിക്കൽ കോളേജിൽ സൗജന്യമായി എന്ന് തോന്നിക്കത്തക്ക വിധത്തിൽ ഫീസ് സൗജന്യത്തിൽ പഠിക്കുന്നുവെന്നുള്ള വിവരം ഞാൻ ഇപ്പോൾ പറയുമെന്നാണ് പറഞ്ഞത്. ഞാൻ എന്റെ കാര്യം പറയുകയാണ്, എന്റെ മക്കൾ അങ്ങനെ പഠിക്കുന്നില്ല. ധൈര്യമുണ്ടെങ്കിൽ പേര് പറയണം. ഞാൻ മന്ത്രിയെ വെല്ലുവിളിക്കുകയാണ്.

മി. സ്പീക്കർ : ഇതാണോ ക്രമപ്രശ്നം?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ****സർ, ആരാണെന്ന് പറയണം. ഞങ്ങൾ 47 അംഗങ്ങളുണ്ട്. ആരാണെന്ന് വ്യക്തമായി പറയണം. വൈൽഡ് അലിഗേഷൻ സാധ്യമല്ല. പേര് പറയാൻ സാധ്യമല്ലെങ്കിൽ പിൻവലിച്ച് മാപ്പ് പറയണം. അതല്ലെങ്കിൽ എക്സ്പഞ്ച് ചെയ്യണം.

മി. സ്പീക്കർ : അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സഭാരേഖകളിൽനിന്ന് നീക്കം ചെയ്യുന്നതിനുവേണ്ടിയാണ്. ഒന്നുകിൽ എക്സ്പഞ്ച് ചെയ്യണം അല്ലെങ്കിൽ അടിസ്ഥാനരഹിതമായ ഈ ആക്ഷേപം പിൻവലിച്ചുവെന്ന് മന്ത്രി അവിടെനിന്ന് പറയണം. റൂൾ 307 ഞാൻ പറഞ്ഞുകൊണ്ട് എക്സ്പഞ്ച് ചെയ്യുന്നതിനുള്ള ബഹുമാനപ്പെട്ട സ്പീക്കറുടെ അധികാരം വിനിയോഗിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം പൂർത്തീകരിക്കട്ടെ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, മുമ്പുള്ള നിയമസഭയിലും ഇത്തരം ചർച്ചകളൊക്കെ വന്നതാണ്. ആർക്കൊക്കെ എന്തൊക്കെ പ്രശ്നങ്ങളും സങ്കടങ്ങളുമാണ് ഉണ്ടായിട്ടുള്ളതെന്ന് നമുക്കറിയാവുന്നതാണ്. എനിക്ക് മറുപടി പറയാനുള്ള അവസരം തരണം. ഞാനിപ്പോൾ ഏതായാലും ഓരോരുത്തരോടായി ഇതൊന്നും പറയാൻ ആവശ്യപ്പെടുന്നില്ല. അതുകൊണ്ട് അത് അവിടെ അവസാനിപ്പിക്കുന്നതാണ് ഭംഗിയെന്നാണ് എന്റെ അഭിപ്രായം. ഇത്തവണ അലോട്ട്മെന്റ് കൃത്യസമയത്ത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുകയും അതിന്റെ ഭാഗമായി മാനേജ്മെന്റുമായി ചർച്ച നടത്തി ഫീസ് ഘടന നിശ്ചയിക്കുകയും ചെയ്തു. അതിൽ അപാകത ഉണ്ടായിട്ടില്ലായെന്ന് ഊന്നിപ്പറയാൻ ആഗ്രഹിക്കുകയാണ്. നേരത്തെ ഞാൻ പറഞ്ഞുപോലെ 25,000 രൂപ ഫീസ് കൊടുത്ത് പഠിക്കാൻ കഴിയുന്ന കുട്ടികളുടെ എണ്ണം 120 ആയി വർദ്ധിച്ചു. 8,50,000 രൂപ കൊടുക്കാതെ 2,50,000 രൂപ ഫീസ് കൊടുത്ത് പഠിക്കാൻ കഴിയുന്ന കുട്ടികളെയും കൂടിച്ചേർത്താൽ കഴിഞ്ഞ തവണത്തെ 750 കുട്ടികളിൽനിന്ന് 1650 ആയി വർദ്ധിച്ചു. അതുകൊണ്ടാണ് രക്ഷിതാക്കളും കുട്ടികളും തൃപ്തരാണെന്ന് പറയുന്നത്. മാനേജ്മെന്റുമായി കരാർ ഉണ്ടാക്കിയതിൽ അപാകതയില്ലാത്തതുകൊണ്ടുതന്നെ മെരിറ്റോറിയസായി മുഴുവൻ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം നിലനിർത്തി.

സീറ്റിലും അഡ്മിഷൻ നടത്താൻ കഴിഞ്ഞത്. എട്ട് ലക്ഷം രൂപ ഫീസ് കൊടുത്ത് പഠിച്ച അതേ റാങ്കിലുള്ള കുട്ടികളാണ് രണ്ടരലക്ഷം രൂപ കൊടുത്ത് പഠിക്കുന്നത്. രക്ഷിതാക്കൾക്കും കുട്ടികൾക്കും കണക്കുകൂട്ടാൻ അറിയാം, നിങ്ങൾക്ക് മാത്രമല്ല. അതുകൊണ്ട് രക്ഷിതാക്കളുടെയും കുട്ടികളുടെയും ഭാഗത്തുനിന്ന് ഒരു പരാതിയും ഉണ്ടായില്ലായെന്ന് മാത്രമല്ല ഗവൺമെന്റിന് അഭിനന്ദനം രേഖപ്പെടുത്തുകയുമുണ്ടായി. യൂത്ത് കോൺഗ്രസ്സിനും അതുപോലെ പ്രതിപക്ഷത്തിനുമാണ് പരാതിയുണ്ടായിരുന്നത്. കെ.എസ്.യു.-വിന് പോലും പരാതിയില്ല. യൂത്ത് കോൺഗ്രസ്സിന് മറ്റൊരു വിഷയവും കിട്ടാത്തതുകൊണ്ട് ഇവിടെ അടിയന്തരപ്രമേയത്തിൽ അടിയുണ്ടാക്കുന്നതിനുവേണ്ടി മാത്രം ഉണ്ടാക്കിയതാണ്. കെ.എസ്.യു.-വിന് പരാതിയില്ല. (ബഹളം).... വിദ്യാർത്ഥി സംഘടനയ്ക്ക് പരാതി പറയാൻ കഴിയില്ല. ഇവിടെ മെരിറ്റ് സീറ്റിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം കൂടി.

<u>മി. സ്പീക്കർ</u> : മന്ത്രി പൂർത്തീകരിക്കട്ടെ. പ്ലീസ്...പ്ലീസ്.... ഇരിക്കൂ. ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ചപ്പോൾ എല്ലാവരും നിശബ്ദരായിരിക്കുകയായിരുന്നു.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ഈ മറുപടി വളരെ വ്യക്തമാണ്. വൻതോതിൽ മെരിറ്റ് സീറ്റും കുട്ടികളുടെ സൗകര്യങ്ങളും വർദ്ധിച്ചുവെന്നതിനാൽ ഏറ്റവും നല്ല കരാറാണ് ഈ സർക്കാർ ഉണ്ടാക്കിയെന്നതിൽ ഒരു സംശയവുമില്ല. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യവും ഈ പ്രശ്നത്തിൽ ഉദിക്കുന്നില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങയുടെ റൂളിംഗ് വേണം. മന്ത്രി മറുപടി പറയട്ടേയെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. സഭയിൽ തന്ന അഷ്വറൻസ് ഞാൻ അഷ്വറൻസായി സ്വീകരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ അങ്ങ് ഇവിടെ റൂളിംഗ് തരണം. സ്പെസിഫിക്കായി മന്ത്രിയോട് അഭിപ്രായം ചോദിക്കണം. അത് നടക്കുന്നില്ലെങ്കിൽ അങ്ങ് എക്സ്പ്ലെയിൻ ചെയ്യണം.

<u>മി. സ്പീക്കർ</u> : അത് പരിശോധിച്ച് പറയാം. ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

10.00 a.m.]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, കേരളം കണ്ട ഏറ്റവും വലിയ തീവെട്ടിക്കൊള്ളയാണ് ഇവിടെ നടന്നിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ സ്വകാര്യ മാനേജ്മെന്റുകൾക്ക് ഇതുപോലെ തീവെട്ടിക്കൊള്ള നടത്താനുള്ള അവസരം ഒരു സർക്കാരും നൽകിയിട്ടില്ല. ബഹുമാന്യനായ സ്പീക്കർ പതിമൂന്നാം കേരള നിയമസഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞ ഒരു വാചകം ഞാനിവിടെ ഉദ്ധരിക്കുകയാണ്. 'കേരളത്തിലെ വിദ്യാഭ്യാസ രംഗം സ്വാശ്രയ കച്ചവടത്തിന് വിട്ടുകൊടുക്കുന്ന ഒരു കച്ചവടസംഘമായി നിങ്ങൾ മാറിയിരിക്കുന്നു'. തുടക്കംമുതൽ ഈ ഗവൺമെന്റിന് ആശയക്കുഴപ്പമുണ്ടായിരുന്നു. നൂറ് ശതമാനം സീറ്റുകൾ ഞങ്ങൾ ഏറ്റെടുത്തുവെന്ന് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷയോടെയാണ് അതിനെ കണ്ടത്. നൂറ് ശതമാനം സീറ്റുകൾ നിങ്ങൾ ഏറ്റെടുത്തപ്പോൾ ഞങ്ങളെല്ലാം ആഹ്ലാദിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നാൽ എല്ലാം ശരിയാകുമെന്ന് പറഞ്ഞത് തുടങ്ങിക്കഴിഞ്ഞു എന്നാണ് ഞങ്ങൾ കരുതിയത്. ഇവിടെ എന്താണുണ്ടായത്? മാനേജ്മെന്റുകൾ കോടതിയിൽ പോയപ്പോൾ ആ ഉത്തരവ് റദ്ദ് ചെയ്തു. എന്തുകൊണ്ട് ആരോഗ്യ വകുപ്പുമന്ത്രി ഇതിനെതിരെ സുപ്രീം കോടതിയിൽ അപ്പീലിന് പോയില്ലെന്നാണ് എനിക്ക് ആദ്യമായി ചോദിക്കാനുള്ളത്. മദ്ധ്യപ്രദേശ് ഗവൺമെന്റ് അപ്പീലിന് പോയി. സുപ്രീം കോടതിയിൽ നിന്ന് മദ്ധ്യപ്രദേശ് ഗവൺമെന്റിന് അനുകൂലമായി വിധിയുണ്ടായി. എന്തുകൊണ്ട് കേരള ഗവൺമെന്റ് പോയില്ല? സ്വാശ്രയ മാനേജ്മെന്റുകളുമായി നിങ്ങൾ നടത്തിയ കൂട്ടുകച്ചവടമായിരുന്നു അതെന്നുള്ളതിന് ഏറ്റവും വലിയ തെളിവാണിത്. വേറൊരു മണ്ടത്തരംകൂടി നിങ്ങൾ ചെയ്തു. ഡന്റൽ കോളേജിലെ ഫീസ് നാലുലക്ഷം രൂപയായി വർദ്ധിപ്പിച്ചു. സംസ്ഥാനത്ത് ഒരു കാലത്തുമുണ്ടാകാത്ത നിലയിലാണ് ഡന്റൽ കോളേജിലെ ഫീസിന്റെ വർദ്ധനവുണ്ടായത്. പ്രതിപക്ഷ നേതാവ് എന്നുള്ള നിലയിൽ ഞാനത് ചൂണ്ടിക്കാണിച്ചു. എസ്.എഫ്.ഐ. സംസ്ഥാന കമ്മിറ്റിയുടെ പത്രസമ്മേളനം വന്നു. ഗവൺമെന്റ് അത് പിൻവലിക്കാൻ തയ്യാറായി. നിങ്ങൾ അബദ്ധങ്ങളിൽനിന്നും അബദ്ധങ്ങളിലേക്ക് പോകുകയാണ്. ഏറ്റവും വലിയൊരു കൊള്ളയ്ക്ക് നിങ്ങൾ കൂട്ടുനില്ക്കുകയാണ്. നിങ്ങൾ ആ കൊള്ളയ്ക്ക് അനുമതി കൊടുക്കുകയാണ് ചെയ്തത്. ഈ കേസ് കോടതിയിൽ വന്നപ്പോൾ നിങ്ങൾ കേസ് ശരിക്കും വാദിച്ചോ? കേസ് വാദിച്ചില്ലെന്നുമാത്രമല്ല, കേസിൽ തോറ്റുകൊടുക്കുന്ന

സമീപനമായിരുന്നു ഈ സർക്കാർ ചെയ്തതെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ വളരെ വിചിത്രമായ ഒരവസ്ഥയാണ്. സ്വാശ്രയമെന്ന് കേട്ടാൽ ആവേശംകൊണ്ടിരുന്ന പല നേതാക്കളെയും ഞങ്ങൾ കണ്ടിട്ടുണ്ട്. ഒൻപത് അടിയന്തരപ്രമേയമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവതരിപ്പിച്ചത്. ചരിത്രത്തിലെ ഏറ്റവും വലിയ കൊള്ളയ്ക്ക് ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നു എന്നുള്ളതാണ് ഏറ്റവും വലിയ വിരോധാഭാസം. ശ്രീ. എ. കെ. ആന്റണി 50:50 എന്ന വ്യവസ്ഥയിലായിരുന്നു സ്വാശ്രയ കോളേജുകൾ ആരംഭിച്ചത്. രണ്ട് സ്വാശ്രയ കോളേജുകൾ = ഒരു മെഡിക്കൽ കോളേജ് എന്നുള്ളതായിരുന്നു. അതിനെതിരെ സമരംചെയ്ത് എത്ര ചെറുപ്പക്കാരുടെ തല അടിച്ചുപൊട്ടിച്ചു; എത്രപേരുടെ നട്ടെല്ല് തകർത്തു? അതെല്ലാം കഴിഞ്ഞ് ഇപ്പോൾ അവരുടെ കാർമ്മികത്വത്തിലാണ് ഈ വമ്പിച്ച ഫീസ് വർദ്ധനവുണ്ടായിട്ടുള്ളത്.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഞ്ചുവർഷംകൊണ്ട് 47,000 രൂപയുടെ വർദ്ധനവ് മാത്രമേ വരുത്തിയിട്ടുള്ളൂ. ഈ സർക്കാരാകട്ടെ അധികാരത്തിൽവന്ന് ഒറ്റയടിക്ക് 65,000 രൂപയുടെ വർദ്ധനവാണ് ഉണ്ടാക്കിയിട്ടുള്ളത്. 35.14 ശതമാനം വർദ്ധനവ്. ഇങ്ങനെ ഒന്നിച്ച് ഫീസ് കൂട്ടുവാനുള്ള കാരണമെന്താണ്; ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി, കോടതി ആവശ്യപ്പെട്ടോ ഫീസ് കൂട്ടാൻ; കോടതി എന്താണ് പറഞ്ഞത്? 'നീറ്റ്' മെരിറ്റിൽനിന്ന് പ്രവേശനം നടത്തണമെന്നേ പറഞ്ഞുള്ളൂ. അതിനെന്തിനാണ് നിങ്ങൾ ഫീസ് കൂട്ടിയത്? ക്യാപിറ്റേഷൻ ഫീസ് എന്ന് കേട്ടാൽ ദേഷ്യം കാലിൽനിന്ന് ഉറഞ്ഞുകയറുന്നവരായിരുന്നല്ലോ ഇടതുപക്ഷക്കാർ. ഇപ്പോൾ എന്താണ് സംഭവിക്കുന്നത്? മെരിറ്റ് സീറ്റിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം കൂടിയെന്ന് ബഹുമാന്യയായ മന്ത്രി പറഞ്ഞു. അത് ശരിയാണ്. ക്യാപിറ്റേഷൻ ഫീസും ഉയർന്ന ഫീസും കൊടുക്കാൻ തയ്യാറായാൽ ഏത് മാനേജ്മെന്റും ഒപ്പിടാൻവരും. കേരളത്തിൽ നിങ്ങൾ തലവരിപ്പണത്തെ ലീഗലൈസ് ചെയ്ത് കൊടുക്കുകയാണുണ്ടായത്. ഒരുകാലത്തും ഉണ്ടാകാത്ത നിലയിലാണ് കുത്തനെ ഫീസ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഇപ്പോൾ സ്ഥിതി എന്താണ്? ഉയർന്ന ഫീസും തലവരിപ്പണവും കൊടുക്കണം. ചില കുട്ടികളോട് ഡെപ്പോസിറ്റ് ചോദിക്കുകയാണ്. ആർക്കും പ്രതിഷേധമില്ലെന്ന് ബഹുമാന്യയായ മന്ത്രി പറഞ്ഞു. മന്ത്രി ഇതൊന്ന് വായിക്കണം. എസ്.എഫ്.ഐ. സംസ്ഥാന കമ്മിറ്റിയുടെ പ്രസ്താവന ഇന്നലെ ഇറങ്ങിയതാണ്. അത് ഞാൻ വായിക്കാം. 'മെരിറ്റും സാമൂഹികനീതിയും അട്ടിമറിച്ചാണ് മാനേജുമെന്റുകൾ പ്രവേശനവുമായി മുന്നോട്ടുപോകുന്നത്. വൻ കോഴയിടപാടാണ് ഇക്കൂട്ടർ നടത്തുന്നത്. ഓൺലൈൻ

അപേക്ഷ സ്വീകരിക്കുന്ന നടപടിയിൽ വെള്ളംചേർക്കുന്നു. അർഹരായ വിദ്യാർത്ഥികളെ തടയുന്നു. അപേക്ഷാ തീയതി മുൻകൂട്ടി പ്രഖ്യാപിക്കാതെയും വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും വഞ്ചിക്കുകയാണ് ചെയ്യുന്നത്.' ഞങ്ങളല്ല ഇത് പറഞ്ഞത്. എസ്.എഫ്.ഐ. സംസ്ഥാന കമ്മിറ്റി പ്രസിഡന്റിന്റെ പ്രസ്താവനയാണിത്. അവർ ഇന്ന് മാർച്ച് നടത്തുകയാണ്. ആർക്കും പരാതിയില്ലെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞപ്പോൾ എനിക്ക് അത്ഭുതമാണുണ്ടായത്. എസ്.എഫ്.ഐ.-യുടെ പരാതി ആദ്യം തീർക്കൂ.

ഇവിടെ ലേലംവിളി നടക്കുകയാണ്. നീറ്റ് മെരിറ്റ് പാലിക്കുന്നില്ല. ജെയിംസ് കമ്മിറ്റിയുടെ മുന്നിൽ അപേക്ഷകളും പരാതികളും കുന്നുകൂടുകയാണ്. സർക്കാരിന് മിണ്ടാട്ടമില്ല. നിസ്സാരകാര്യങ്ങൾ പറഞ്ഞ് അപേക്ഷകൾ റിജക്ട് ചെയ്യുകയാണ്. മഹാഭാരതത്തിലെ കൗരവന്മാരെപ്പോലെയാണ് ഇടതുമുന്നണി. ദ്രോണരും ഭീഷ്മരും ഉൾപ്പെടെയുള്ള എല്ലാവരും സംസാരിക്കുന്നത് ധാർമ്മിക മൂല്യങ്ങളെപ്പറ്റിയാണ്. പക്ഷേ എല്ലാ നീചപ്രവൃത്തികൾ നടക്കുന്നതും അവരുടെ മുന്നിലാണ്. കള്ളച്ചൂതും ചതിയും വസ്ത്രാക്ഷേപവും മാനഭംഗശ്രമവും ഒക്കെ നടക്കുന്നത് അവരുടെ മുന്നിൽവച്ചാണ്. ഒരക്ഷരം ഉരിയാടാതെ അവർ അതിന് കൂട്ടുനിൽക്കുന്നു. ഇവിടെ കുട്ടികളെ കൊള്ളയടിക്കുന്നു. സ്വാശ്രയ മാനേജ്മെന്റുകളുമായി ലേലം വിളിക്കുന്നു. അർഹരായ കുട്ടികൾക്ക് അഡ്മിഷൻ നിഷേധിക്കുന്നു. സ്വാശ്രയത്തിനെതിരെ സമരംനടത്തിയ എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.-യുടെയും നേതാക്കൾ ഈ നിയമസഭയിലുണ്ടല്ലോ; നിങ്ങൾ എന്തുകൊണ്ട് മിണ്ടുന്നില്ല; ശ്രീ. എം. സ്വരാജ് എന്തുകൊണ്ട് മിണ്ടുന്നില്ല? കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ കൊള്ളയടിയാണിത്. മഹാഭാരതത്തിൽ ധർമ്മം രക്ഷിക്കാനുള്ള യുദ്ധം നടന്നപ്പോൾ നീതിക്കും ധർമ്മത്തിനുമെതിരെ യുദ്ധം ചെയ്തവരാണ് കൗരവർ. ഇവിടെ സ്വാശ്രയ കൊള്ളയ്ക്കെതിരെ നടക്കുന്ന പോരാട്ടത്തിനെതിരെ ആയുധം പ്രയോഗിക്കാൻ ഇടതുസർക്കാർ യൂത്ത് കോൺഗ്രസ്സുകാരെ തല്ലിച്ചതച്ചു. മി. പിണറായി വിജയൻ, നിങ്ങളുടെ തോക്കിന്റെയും ലാത്തിയുടെയും മുന്നിൽ തകരുന്ന പ്രസ്ഥാനമല്ല യൂത്ത് കോൺഗ്രസ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. സമരപോരാട്ടങ്ങളിലൂടെ വളർന്നുവന്ന പ്രസ്ഥാനമാണ് യൂത്ത് കോൺഗ്രസ്. ഈ സർക്കാരിന്റെ, പോലീസിന്റെ തെറ്റായ നയങ്ങൾമൂലം ഞങ്ങളുടെ കുട്ടികളെ അടിക്കുന്നു. കുട്ടികളെ റിമാന്റ് ചെയ്യുന്നു. പല സ്ഥലത്തും വലിയ തോതിലുള്ള പോലീസ് അക്രമങ്ങൾ നടക്കുകയാണ്. കഴിഞ്ഞ സഭയിൽ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന്മേൽ അങ്ങ് പറഞ്ഞ കാര്യങ്ങളുടെ ശേഷിക്കുന്ന ഭാഗം ഞാൻ പറയുന്നില്ല.

സി.പി.എം. നിയന്ത്രണത്തിലുള്ള പരിയാരം മെഡിക്കൽ കോളേജിൽ എന്താണ് നടക്കുന്നത്? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അത് ഏറ്റെടുക്കാൻ തത്വത്തിൽ തീരുമാനിച്ചതാണ്. അവിടെയാണ് ഏറ്റവും വലിയ ഫീസ് വർദ്ധനവ്. പരിയാരം മെഡിക്കൽ കോളേജിൽ ഫീസ് കൂട്ടിയതിന് എന്തെങ്കിലും ന്യായീകരണമുണ്ടോ? സി.പി.എം.-ന്റെ നേതൃത്വത്തിൽ പകൽക്കൊള്ള നടക്കുന്നു. എന്തുകൊണ്ടാണ് സർക്കാർ മിണ്ടാത്തത്? പരിയാരത്ത് ഇത്തവണ ഇരട്ടിയാണ് ഫീസ് കൂട്ടിയത്. സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫീസ് 25,000 രൂപയാണെന്ന് മന്ത്രി പറഞ്ഞല്ലോ. അത് ശരിയാണ്. ഭരണകക്ഷിയുടെ നിയന്ത്രണത്തിലുള്ള പരിയാരം മെഡിക്കൽ കോളേജിൽ ഒരു കുട്ടിക്ക് 25,000 രൂപയ്ക്ക് പകരം 2.50 ലക്ഷം രൂപ ഫീസ് കൊടുക്കണം. മാനേജ്മെന്റ് ക്വാട്ടയിൽ 6.50 ലക്ഷം രൂപയായിരുന്നത് 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. സർക്കാരിന്റെ ഭൂമി, സർക്കാരിന്റെ ഗ്രാന്റ്, സർക്കാരിന്റെ എല്ലാ സൗകര്യങ്ങളും ഉപയോഗിച്ചുകൊണ്ട് പരിയാരത്ത് കൊള്ളനടക്കുകയാണ്. പരിയാരത്ത് യു.ഡി.എഫ്.-ന്റെ സമിതിയും അധികാരത്തിലുണ്ടായിരുന്നു. അപ്പോഴൊന്നും ഈ കൊള്ള ഉണ്ടായിട്ടില്ല.

കൂത്തുപറമ്പ് രക്തസാക്ഷികളെ ശ്രീ. പിണറായി വിജയൻ മറന്നോ? അധികാരം കിട്ടിയതോടുകൂടി അവരെ മറന്നോ? ശരിക്കും എന്തിനാണ് കൂത്തുപറമ്പിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ രക്തസാക്ഷിത്വം വരിച്ചത്? സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരെ സമരം ചെയ്യാൻ പാർട്ടി പറഞ്ഞുകേട്ട് ബലിയാടായ ആളുകളാണവർ. സഹകരണ മേഖലയിൽപ്പോലും സ്വാശ്രയം പാടില്ലെന്ന് പറഞ്ഞായിരുന്നു അന്ന് എം. വി. രാഘവൻ ഉൾപ്പെടെയുള്ളവർക്കെതിരെ സമരം ചെയ്തത്. അതാണ് വെടിവയ്പിൽ കലാശിച്ചത്. ആ പരിയാരത്തുതന്നെ സി.പി.എം. ഏറ്റവും വലിയ സ്വാശ്രയക്കൊള്ള നടത്തിക്കൊണ്ടിരിക്കുകയാണ്. കൂത്തുപറമ്പ് രക്തസാക്ഷികളുടെ ആത്മാവ് നിങ്ങളോട് പൊറുക്കില്ല. കേരളം ഇത്രയും വലിയൊരു കൊള്ള സമീപകാലത്തെങ്ങും കണ്ടിട്ടില്ല. ഇന്ന് സ്വാശ്രയ മാനേജുമെന്റുകൾ വലിയ സന്തോഷത്തിലാണ്. കാരണം അവർപോലും ആഗ്രഹിക്കാത്ത ഫീസ് വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. തലവരിപ്പണം വാങ്ങാം, ഡെപ്പോസിറ്റ് വാങ്ങാം, മെരിറ്റ് ലിസ്റ്റിൽ വരുന്ന കുട്ടികളുടെ അപേക്ഷകൾ നിസ്സാര കാരണങ്ങളാൽ തള്ളിക്കളയാം. ഒരുകാലത്തുമുണ്ടാകാത്ത നിലയിൽ കേരളത്തിലെ സമ്പന്നവർഗ്ഗത്തിനുവേണ്ടി മാത്രമാണ് ഈ എഗ്രിമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. മുഖ്യമന്ത്രിക്ക് ഇതെല്ലാം മനസ്സിലായോ എന്ന് എനിക്കറിയില്ല; അങ്ങ് ഇത് പരിശോധിക്കണം. കേരള

ചരിത്രത്തിൽ ഒരിക്കലും ഉണ്ടാകാത്ത ഫീസ് വർദ്ധനവാണ് ഇവിടെയുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി സുപ്രീംകോടതിയിൽ പോയാൽ അനുവാദം കിട്ടുമോയെന്ന് ചോദിച്ചു. ഇന്ന് സുപ്രീംകോടതിയിൽ കേസുണ്ട്. സുപ്രീംകോടതിയിൽ കേരള ഗവൺമെന്റിന്റെ സമീപനം എന്താണ്? മദ്ധ്യപ്രദേശ് ഗവൺമെന്റിന് അനുകൂലമായി സുപ്രീംകോടതി വിധിച്ചു. സുപ്രീംകോടതിയാണ് ഇപ്പോൾ സ്വാശ്രയ മെഡിക്കൽ കോളേജിനെ നിയന്ത്രിക്കാൻ 'നീറ്റ്' മെരിറ്റ് പാലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ഈ രംഗത്ത് ഇവർ ഉണ്ടാക്കിയ കരാർ അധാർമ്മികമാണ്. ഈ കരാർ കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികളുടെ നേരെ കാണിക്കുന്ന ഏറ്റവും വലിയ ക്രൂരതയാണ്. അതിൽ പ്രതിഷേധിച്ചാണ് യൂത്ത് കോൺഗ്രസ്സുകാർ സമരം ചെയ്യുന്നത്. എല്ലാവരും സമരം ചെയ്യാറുണ്ട്. നിയമന നിരോധനമുൾപ്പെടെയുള്ള കാര്യങ്ങൾ പറഞ്ഞ് ഡി.വൈ.എഫ്.ഐ. സമരം ചെയ്തപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാനാണ് യോഗം വിളിച്ചു ചേർത്ത് മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിച്ചത്. ബഹുമാന്യനായ ശ്രീ. പിണറായി വിജയനോട് എനിക്കൊരു അഭ്യർത്ഥനയുണ്ട്, അങ്ങും കെ.എസ്.വൈ.എഫ്.-ലൂടെ വന്ന ആളാണ്. യൂത്ത് കോൺഗ്രസ്സുകാർ സമരം ചെയ്യുമ്പോൾ ഒരു മന്ത്രിയെ നിയോഗിച്ചുകൊണ്ട് അവരുമായി ചർച്ചയ്ക്കുപോലും നിങ്ങൾ തയ്യാറാകുന്നില്ല. നിരവധി തവണ ആവശ്യപ്പെട്ടിട്ടും നിങ്ങൾ ചർച്ചയ്ക്ക് തയ്യാറാകുന്നില്ല. കേരളത്തിലെ ഉത്തരവാദപ്പെട്ട വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റും വൈസ് പ്രസിഡന്റും സമരം ചെയ്യുമ്പോൾ അത് എന്താണെന്ന് ചോദിക്കാനുള്ള മര്യാദ ഈ സർക്കാർ കാണിക്കണമായിരുന്നു. ഞങ്ങൾ അത് നിങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നില്ല. കേരളത്തിലെ ജനങ്ങളെ ഞെട്ടിച്ച ഇത്രയും വലിയ കൊള്ള, അതിന്റെ വിശദാംശങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ വമ്പിച്ച കോഴയാണ് നടന്നുകൊണ്ടിരിക്കുന്നത്; അഴിമതിയാണ് ഇവിടെ നടക്കുന്നത്. ഇതിനെതിരെ ഞാൻ ശക്തമായി പ്രതിഷേധിക്കുന്നു. ഈ സഭയിൽ ഞാൻ വാക്കൗട്ട് ചെയ്യുന്നില്ല. ഈ സഭയിൽ സമരംചെയ്യാൻ തന്നെയാണ് ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ ഫീസ് വർദ്ധനവ് പിൻവലിക്കണം, ഈ പാക്കേജ് പൊളിച്ചെഴുതണം. സുപ്രീം കോടതിയിൽ കേസ് വരുമ്പോൾ നമുക്ക് സമയം കിട്ടും. ഇത് പൊളിച്ചെഴുതിക്കൊണ്ട് വരേണ്യവർഗ്ഗത്തിനുവേണ്ടിമാത്രം മെഡിക്കൽ-ഡെന്റൽ വിദ്യാഭ്യാസത്തെ റിസർവ് ചെയ്യുന്ന സർക്കാരിന്റെ ഈ നടപടി അവസാനിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾ ഈ സഭയിൽ

ഇരുന്നുകൊണ്ടുതന്നെ സമരംചെയ്യാനും സമരം ചെയ്യുന്ന യൂത്ത് കോൺഗ്രസ്സുകാർ ഉൾപ്പെടെയുള്ള സാധാരണ പ്രവർത്തകരുടെ വികാരത്തോടൊപ്പം ചേരാനും ഈ അവസരം ഉപയോഗിക്കുകയാണ്. ....(ബഹളം)....

മി. സ്പീക്കർ : ഓർഡർ.... ഓർഡർ..... ....(ബഹളം).... പ്ലീസ്......

ശ്രീ. കെ. എം. മാണി : സർ, ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ : പ്ലീസ്.... എല്ലാം വിശദീകരിച്ചതാണ്. സീറ്റിലേക്ക് പോകൂ. ...(ബഹളം).... പ്ലീസ്.... പ്ലീസ്.... സീറ്റിലേക്ക് പോകൂ.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സഭയിലുണ്ടായിരുന്ന യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം മുഴക്കി നടുത്തളത്തിലിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ : സഭാനടപടികൾ താല്ക്കാലികമായി നിർത്തിവയ്ക്കുന്നു.

(രാവിലെ 10.15-ന് നിർത്തിവച്ച സഭ 10.55-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ : അടിയന്തരപ്രമേയത്തിന്റെ അവതരണവേളയിലുണ്ടായ പ്രതിഷേധത്തെത്തുടർന്ന് കക്ഷിനേതാക്കളുടെ ഒരു യോഗം ചേർന്നിരുന്നു. ആ യോഗത്തിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രസ്താവന നടത്തും. ദയവായി അംഗങ്ങൾ സീറ്റിലേക്ക് മടങ്ങുക.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സഭയിൽനിന്നും പുറത്തുപോയ ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ ഹാജരായി.)

(നടുത്തളത്തിലിരുന്ന യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്കുപോയി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ വർഷം മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പ്രവേശനവുമായി ബന്ധപ്പെട്ട് പുതിയ ചില പ്രശ്നങ്ങളാണ്

ഉയർന്നുവന്നത്. നീറ്റ് ലിസ്റ്റിൽനിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തണമെന്നതാണ് പൊതുവേ അംഗീകരിക്കപ്പെട്ടത്. നമ്മുടെ സംസ്ഥാനത്ത് ഒരു പ്രത്യേക രീതി സ്വാശ്രയ കോളേജുകൾ ആരംഭിച്ച കാലം മുതൽക്കേ തുടർന്നുവരുന്നതാണ്. 50 ശതമാനം സീറ്റ് സർക്കാർ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുകയും അവരെ സർക്കാർ ഫീസിൽ പഠിപ്പിക്കുകയും ചെയ്യാമെന്നതാണ് ആദ്യം ഉണ്ടായ ധാരണ. പിന്നീട് അതിന് ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. ബാക്കി 50 ശതമാനം മാനേജ്മെന്റ് നിശ്ചിത ഫീസിൽ പഠിപ്പിക്കും. അവർക്ക് പ്രവേശനം നടത്താം. ഇതുമായി ബന്ധപ്പെട്ട് നീറ്റിൽനിന്നും 100 ശതമാനം സീറ്റും എടുക്കുമ്പോൾ നമ്മുടെ 50 ശതമാനം സീറ്റിന്റെ നില എന്താകുമെന്ന പ്രശ്നം ആദ്യംതന്നെ ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഇത്തവണ സംസ്ഥാന ലിസ്റ്റിൽനിന്നും മെരിറ്റ് അടിസ്ഥാനത്തിൽ 50 ശതമാനം കുട്ടികളെയും നീറ്റ് മെരിറ്റിൽനിന്നും ബാക്കി 50 ശതമാനം കുട്ടികളെയും പ്രവേശിപ്പിക്കാമെന്ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചത്. ഇത് സംസ്ഥാന സർക്കാർ അംഗീകരിച്ചു. അതുകൊണ്ട് നമുക്ക് വിഷമമില്ല. നമ്മുടെ 50 ശതമാനം സീറ്റും സംരക്ഷിക്കാൻ കഴിയുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് സാധാരണ സ്വാശ്രയ സ്ഥാപനങ്ങളുടെ മേധാവികളുമായി ചർച്ച നടത്തുന്നതുപോലുള്ള ഒരു ചർച്ച സംസ്ഥാന സർക്കാർ നടത്തിയാണ് ഈ നിർദ്ദേശം അവരുടെ മുൻപിൽ വയ്ക്കുന്നത്. അവരുടേതായ ചില പ്രായോഗികമായ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചു. നാം മുൻപ് അംഗീകരിച്ചിരുന്ന സമ്പ്രദായം അനുസരിച്ച് 50 ശതമാനം കുട്ടികളെ സ്വാശ്രയ മാനേജ്മെന്റുകൾ നിശ്ചയിക്കുമ്പോൾ നിശ്ചിത ഫീസ് ഉണ്ടെങ്കിലും അതിൽ ഒതുങ്ങിനിൽക്കാറില്ല. അവർ പലവഴിക്ക് കൂടുതൽ കാശ് ഈടാക്കാറുണ്ട്. ഇത്തവണ അത് പറ്റില്ല. നീറ്റ് മെരിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം 50 ശതമാനം സീറ്റിന്റെ പ്രവേശനം നടത്തേണ്ടത്. അങ്ങനെയാകുമ്പോൾ നേരത്തെയുള്ള പുറംവരവ് നിൽക്കും. അതാണ് ഫീസ് ഘടനയുമായി ബന്ധപ്പെട്ട് വന്ന ചില വ്യത്യാസങ്ങളുടെ അടിസ്ഥാനകാരണം. 50 ശതമാനം സംസ്ഥാന ലിസ്റ്റിൽനിന്നും എടുക്കാമെന്നതിൽ അവരും യോജിച്ചു. ഫീസ് ഘടന സംബന്ധിച്ച് ഇന്ന് സഭയിൽ ഉയർത്തിയതുപോലുള്ള ചില പ്രക്ഷോഭങ്ങൾ നടക്കുന്നുണ്ട്. സെക്രട്ടേറിയറ്റിനുമുന്നിൽ സമരവും നടക്കുന്നുണ്ട്. അവർ ഉന്നയിച്ച പ്രശ്നങ്ങൾ സർക്കാർ ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷനേതാവ് രാവിലെ ആവശ്യപ്പെടുകയും ചെയ്തു. ഇന്ന് ഉച്ചയോടെ സുപ്രീം കോടതിയിൽ ഇതുമായി ബന്ധപ്പെട്ട അഞ്ചംഗ ഭരണഘടനാ ബഞ്ചിന്റെ പരിശോധന നടക്കുന്നുണ്ട്. ആ വിധി നമ്മുടെ ഭാവി കാര്യങ്ങൾ തീരുമാനിക്കുന്നതിന് ഒരു ഘടകമായി വരാൻ പോകുകയാണ്.

ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സർക്കാരിന് യാതൊരു വൈമനസ്യവുമില്ല. പ്രശ്നങ്ങൾ ഉന്നയിച്ച് സമരംനടത്തുന്ന സംഘടനയുടെ നേതാക്കളുമായി ആരോഗ്യ വകുപ്പുമന്ത്രി ചർച്ച നടത്തും. അതിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ തുടർന്നുകൊണ്ടുപോകുന്നതിനുള്ള അവസരം ഒരുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരുകാര്യം ശരിയാണ്. നീറ്റ് മെരിറ്റ് എന്നത് സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ വന്ന പുതിയൊരു കാര്യമാണ്. കേരള മെരിറ്റിലെ കുട്ടികൾ കുറഞ്ഞ ഫീസ് കൊടുക്കുകയും നീറ്റ് മെരിറ്റിലെ കുട്ടികൾ വലിയ ഫീസ് കൊടുക്കുകയും ചെയ്യുന്നുവെന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം. നീറ്റ് എന്നുപറയുന്നത് അഖിലേന്ത്യാതലത്തിലുള്ള ഒരു പരീക്ഷയാണ്. കേരള മെരിറ്റിനോടൊപ്പമോ കേരള മെരിറ്റിനെക്കാൾ കൂടുതലോ ആയ ഗുണനിലവാരമുള്ള ഒന്നാണ് നീറ്റ് മെരിറ്റ്. ഇവിടെ വന്നിരിക്കുന്നത് പുതിയ സാഹചര്യമാണ്. കേരള മെരിറ്റിലുള്ള കുട്ടികൾ കുറഞ്ഞ ഫീസ് കൊടുക്കുകയും നീറ്റ് മെരിറ്റിലുള്ള ഗുണനിലവാരമുള്ള കുട്ടികൾ ഉയർന്ന ഫീസ് കൊടുക്കേണ്ടിവരികയും ചെയ്തിരിക്കുന്നു. ഏകീകൃത ഫീസുണ്ടാക്കാൻ കഴിയുമോ എന്നതാണ് പ്രധാനപ്പെട്ട കാര്യം. രണ്ടാമത്തെ പ്രശ്നം, നീറ്റ് മെരിറ്റിൽനിന്നും എടുക്കണമെന്നതാണ് സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധി. ഇവിടെ സംഭവിക്കുന്നതെന്താണ്? വെബ്സൈറ്റുകൾ ഓഫ് ചെയ്യുന്നതുകാരണം അപേക്ഷ കൊടുക്കാൻ കഴിയുന്നില്ല. നിസ്സാരകാരണങ്ങൾ പറഞ്ഞ് അപേക്ഷകൾ തള്ളുന്നു. സ്വകാര്യ മാനേജുമെന്റുകൾ നീറ്റ് മെരിറ്റ് എന്നുള്ളത് അട്ടിമറിക്കുന്നു. ജെയിംസ് കമ്മിറ്റി നോക്കുകുത്തിയായിമാറുന്നു. ഗുണനിലവാരമുള്ള ടെസ്റ്റ് എഴുതി പാസ്സായ കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടാണ് ഇതിന്റെ യഥാർത്ഥ പ്രശ്നം. തലവരിപ്പണം വാങ്ങാൻ കഴിയാത്തതുകൊണ്ട് ഫീസ് കൂട്ടി. അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷെ ഇവിടെ സംഭവിക്കുന്നത് തലവരിപ്പണവും വാങ്ങുന്നു, ഫീസ് കൂട്ടിയും വാങ്ങുന്നു. ഇങ്ങനെയുള്ള ചില പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. ഏതായാലും നമ്മുടെ അഭ്യർത്ഥന മാനിച്ച് ആരോഗ്യ വകുപ്പുമന്ത്രി യോഗം വിളിക്കാമെന്ന് പറഞ്ഞതിൽ സന്തോഷമുണ്ട്. ഞങ്ങൾ അതിനോട് യോജിക്കുന്നു. സഭാനടപടികൾ അനാവശ്യമായി തടസ്സപ്പെടുത്തുന്ന മുൻകാല അനുഭവങ്ങൾ ഞങ്ങളുടെ മുൻപിലുണ്ട്. ആ നിലയിലേക്ക് പോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പ്രശ്നാധിഷ്ഠിതമായ കാര്യങ്ങളിലാണ് ഞങ്ങളുടെ താൽപ്പര്യം. അതുകൊണ്ട് അങ്ങ് വിളിച്ചുചേർത്ത യോഗതീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു.

ശ്രീ. പിണറായി വിജയൻ : സർ, നീറ്റ് മെരിറ്റ് അട്ടിമറിക്കാനുള്ള എന്തെങ്കിലും നടപടി ഏതെങ്കിലും കോളേജുകളുടെയോ മാനേജ്മെന്റുകളുടെയോ ഭാഗത്തുനിന്നും ഉണ്ടായാൽ കർക്കശമായി സർക്കാർ നേരിടും. ആ നിലപാടാണ് സർക്കാർ സ്വീകരിക്കുക.

11.00 a.m]

## IV ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ എ. പ്രദീപ് കുമാർ, ചിറ്റയം ഗോപകുമാർ, എം. ഉമ്മർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## V ശ്രദ്ധ ക്ഷണിക്കൽ

### (1) ദേശീയ വാതക ഗ്രിഡുമായി കൊച്ചി പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനലിനെ ബന്ധിപ്പിക്കൽ

ശ്രീ. എസ്. ശർമ്മ: സർ, വളരെ ഗൗരവമുള്ളതും എന്നാൽ എല്ലാവർക്കും ബോധ്യമുള്ളതുമായ പ്രശ്നമാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. അന്തരീക്ഷ മലിനീകരണം തീരെയില്ലാത്തതും ആഗോളതലത്തിൽ പരിസ്ഥിതി സൗഹൃദ ഇന്ധനമായി അംഗീകരിക്കപ്പെട്ടതുമായ എൽ.എൻ.ജി.-യെ, നാടിന്റെ വാണിജ്യ-വ്യവസായ-സേവന മേഖലയിലെ വൻകുതിച്ചുചാട്ടത്തിന് പ്രയോജനപ്പെടുന്ന വിധത്തിലാണ് കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. വിഭാവന ചെയ്തിട്ടുള്ളത്. പുതുവയ്പിൽ സ്ഥാപിതമായ കൊച്ചി പെട്രോനെറ്റ് എൽ.എൻ.ജി. സ്റ്റേഷനെ ദേശീയ പ്രകൃതിവാതക ഗ്രിഡുമായി ബന്ധിപ്പിക്കുന്നതുവഴി കേരളത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും വൻ സംഭാവന നൽകാൻ സാധിക്കും. സാമ്പത്തിക-സാമൂഹിക-വ്യാവസായിക ഉന്നതിക്ക് വഴിയൊരുക്കുന്ന ഒരു വികസിത പ്രോജക്ടായ പെട്രോനെറ്റ് എൽ.എൻ.ജി. സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് പ്രയോജനപ്രദമാകും. ഇതിന് ഇനിയും ചെയ്തുതീർക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഡൽഹി സന്ദർശനവേളയിൽ സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രധാനമന്ത്രിയുമായി ചർച്ച നടത്തുകയും അക്കാര്യത്തിൽ നേതൃത്വപരമായ ദൗത്യം ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളത് അങ്ങേയറ്റം സന്തോഷകരമായ കാര്യമാണ്. 4,600 കോടി രൂപ മുതൽമുടക്കിൽ

2013-ൽ പ്രവർത്തനമാരംഭിച്ചതാണ് എൽ.എൻ.ജി. പെട്രോനെറ്റ്. 1,55,000 $M^3$ Cubic സംഭരണശേഷിയുള്ള രണ്ട് ടാങ്കുകൾ കൊച്ചിയിലുണ്ട്. അത് ഇന്ന് വാടകയ്ക്ക് കൊടുക്കുന്ന സ്ഥിതിയാണ്. കാരണം, ഫലപ്രദമായി പൈപ്പ് ലൈൻ സ്ഥാപിക്കപ്പെടുന്നതുവരെ എന്ന നിലയ്ക്കാണ് മാനേജ്മെന്റ് വിശദീകരണം നൽകിയിരിക്കുന്നത്. കളക്ടർമാർക്ക് ബ്ലാങ്കറ്റ് പെർമിഷനുൾപ്പെടെ കൊടുത്ത് പൈപ്പിടൽ നടപടി സ്വീകരിച്ചുവരുന്നു. തീർച്ചയായും ഇത് സന്തോഷകരമായ കാര്യമാണ്. കൃഷിക്കാർക്ക് മതിയായ നഷ്ടപരിഹാരം കൊടുത്ത്, അതിവേഗത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നു. ഇന്ത്യയിലാകമാനം 13000 കിലോമീറ്റർ നീളത്തിൽ പൈപ്പ്ലൈൻ ശൃംഖല നിലവിലുണ്ട്. ഈ ശൃംഖല പ്രയോജനപ്പെടുത്തിയാണ് ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ സംസ്ഥാനങ്ങളിലെ തൊണ്ണൂറോളം നഗരങ്ങളിലെ ലക്ഷക്കണക്കിന് വീടുകളിലായി 18 ദശലക്ഷം ക്യൂബിക് മീറ്റർ പ്രകൃതിവാതകം വിതരണം ചെയ്തുവരുന്നത്. ഇതിനുപുറമെ വിവിധ സംസ്ഥാനങ്ങളിലെ പ്രാദേശിക വിതരണ പൈപ്പ്ലൈനുകളും നിലവിലുണ്ട്. ഇത്തരത്തിൽ ഇരുപതിലേറെ വർഷങ്ങളായി രാജ്യവ്യാപകമായി സുരക്ഷിതമായ പ്രകൃതിവാതക ഉപയോഗം നടന്നുവരികയാണ്. ഇത് രാജ്യത്തിന്റെ വളർച്ചയിൽ അടിസ്ഥാനപരമായ പങ്കുവഹിക്കുകയും ചെയ്യുന്നുണ്ട്. ബ്ലാങ്കറ്റ് പെർമിഷൻ നൽകുന്നതുൾപ്പെടെയുള്ള നടപടി ഇതിനകം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 4,600 കോടി രൂപ മുതൽമുടക്കുള്ളതും ഊർജ്ജസുരക്ഷ ഉറപ്പുവരുത്തുന്നതും നാടിനാകമാനം അഭിവൃദ്ധി ഉറപ്പാക്കാൻ കഴിയുന്നതുമായ ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ ഇന്ന് നടത്തിവരുന്ന പ്രവർത്തനത്തിന് വേഗത വർദ്ധിപ്പിക്കണമെന്നുള്ളത് പൊതുവായി ഉയർന്നുവന്നിട്ടുള്ള ആവശ്യമാണ്. ഇതുസംബന്ധിച്ച് മൂന്ന്-നാല് കാര്യങ്ങൾ സംസ്ഥാനത്തെ വികസനരംഗത്ത്-ക്വാളിറ്റേറ്റീവ് ചെയിഞ്ച് ഉറപ്പുവരുത്താൻ കഴിയുന്നവയാണ്. ഒന്ന്, ഇതിലൂടെ വൈദ്യുതി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. അതിലൂടെ കേരളത്തിന്റെ വികസനക്കുതിപ്പിൽ വൻമാറ്റമായിരിക്കും സംഭവിക്കുക. രണ്ട്, രാസവള വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുവായി പ്രയോജനപ്പെടുത്താൻ കഴിയും. അതോടുകൂടി എഫ്.എ.സി.റ്റി. ഉൾപ്പെടെയുള്ള രാസവള നിർമ്മാണശാല വൻപുരോഗതിയിലേക്കും അതിലൂടെ ലാഭകരമായി മാറുന്നതിനും സാധിക്കും. മൂന്ന്, മോട്ടോർ വ്യവസായത്തിൽ മലിനീകരണം തീരെയില്ലാത്ത ഇന്ധനമെന്നുള്ള നിലയ്ക്ക് ഉപയോഗിക്കാം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണല്ലോ കെ.എസ്.ആർ.ടി.സി.; ഇതിലൂടെ 35 ശതമാനമാണ് അവിടെയുള്ള

ഇന്ധനച്ചെലവിൽ കുറവുവരുന്നത്. എൽ.എൻ.ജി., സിഎൻ.ജി.-യായി കൺവെർട്ട് ചെയ്താൽ കേരളത്തിന്റെ ട്രാൻസ്പോർട്ടിംഗ് മേഖലയിൽ വൻകുതിച്ചുചാട്ടമുണ്ടാകും. ഗാർഹികാവശ്യങ്ങൾക്ക് ഏറ്റവും ചുരുങ്ങിയ ചെലവിൽ സുരക്ഷിതമായ പാചകവാതകം എത്തിക്കാൻ കഴിയുന്നതിലൂടെ ഡൊമസ്റ്റിക് കൺസ്യൂമേഴ്സിന് ഇന്നുണ്ടാകുന്ന ചെലവിൽ 35 ശതമാനം കുറവുവരും. ഈ പശ്ചാത്തലത്തിൽ പുതുവയ്പിൽ സ്ഥാപിച്ചിരിക്കുന്ന സംഭരണികളെ പൂർണ്ണ അളവിൽ പ്രയോജനപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ച് മുന്നോട്ടുപോകണം. എൻ.റ്റി.പി.സി.യുമായുള്ള പവർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം നാഫ്ത ഉപയോഗിച്ചുള്ള ഒരു യൂണിറ്റിന് 13-14 രൂപയാണ് ഈടാക്കുന്നത്. എൽ.എൻ.ജി.-യിലേക്ക് കൺവെർട്ട് ചെയ്താൽ 6 രൂപയായി കുറയും. എൻ.റ്റി.പി.സി. കേരളത്തിൽ സ്ഥാപിച്ച് ഊർജ്ജാവശ്യ നിർവ്വഹണത്തിൽ, കേരളത്തിന്റെ വിഹിതത്തിന്റെ വിനിയോഗത്തിൽ, അവരുമായി പവർ പർച്ചേസ് എഗ്രിമെന്റ് വയ്ക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കുമെന്ന് ഉറപ്പുണ്ട്. അതുപോലെ മറ്റൊരു സാദ്ധ്യത നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയുമോയെന്ന് ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. അതായത് കൊച്ചിൻ റിഫൈനറിയിൽ 5 ശതമാനം കേരള ഗവൺമെന്റിന്റെ ഷെയറുണ്ട്. സ്റ്റേറ്റ് ഗവൺമെന്റിന്റെ ഡയറക്ടർ റിഫൈനറിയിലുമുണ്ട്. ലാഭവിഹിതവും കേരളത്തിന് ലഭിക്കും. എൽ.എൻ.ജി. പ്രോജക്ട് സംസ്ഥാന ഗവൺമെന്റിന്റെ ഷെയർ എടുക്കുന്നതിനുള്ള സാദ്ധ്യത, നോമിനലായി ഡയറക്ടർ ബോർഡിലേക്ക് കേരള ഗവൺമെന്റിന്റെ പ്രതിനിധി വരുമ്പോൾ കേരളത്തിൽ എല്ലാ സ്ഥലത്തും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന സാദ്ധ്യത പ്രയോജനപ്പെടുത്തിയാൽ കേരളത്തിന് വളരെയേറെ മുന്നോട്ടുപോകാൻ കഴിയുന്ന ബൃഹത്തായ ഒരു പ്രോജക്ടായി മാറും. ഏറ്റവും ചീപ്പസ്റ്റ് പവർ ലോംഗസ്റ്റ് പിരീഡിലേക്ക് ഗ്യാരന്റി നൽകി, വ്യാവസായിക വളർച്ചയ്ക്ക് വഴിയൊരുക്കുന്ന ഈ ബൃഹത് പദ്ധതിയുടെ പൂർത്തീകരണ പ്രക്രിയയിലേക്ക് പങ്കുവഹിക്കാൻ കഴിയണമെന്ന് ഈയവസരത്തിൽ പ്രത്യേകം ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. അവിടത്തെ CSR ഫണ്ട് (Corporate Social Responsibility Fund) വിനിയോഗത്തിന്റെ കാര്യത്തിൽ എൽ.എൻ.ജി. മാനേജ്മെന്റ് കരുതലില്ലായ്മ കാണിക്കുന്നുവെന്നൊരു തോന്നൽ പ്രദേശവാസികൾക്കുണ്ടാകുകയും അവർ സംഘടിതമായി പ്രക്ഷോഭത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്ന രീതി വരികയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഒരു സർവ്വകക്ഷി യോഗംവിളിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നും മറ്റ് തരത്തിലേക്ക് പോകരുതെന്നും പറഞ്ഞിട്ടുണ്ട്. CSR ഫണ്ട് യൂട്ടിലൈസേഷന്റെയും പ്രാദേശികമായി

ജനങ്ങളെ വിശ്വാസത്തിലെടുക്കുന്ന കാര്യത്തിലും, നമ്മുടെ അധികാരത്തിൽ വരുന്നതല്ലെങ്കിലും ഗവൺമെന്റിന്റെ ശ്രദ്ധയിൽ അവരുമായുള്ള സംഭാഷണത്തിന്റെ ഘട്ടത്തിൽ ഒരു പരിശോധനയ്ക്ക് വിധേയമാക്കുന്നതിന്, ജനങ്ങളെ വിശ്വാസത്തിലെടുക്കുന്ന വിധത്തിൽ പോകുന്നത് നന്നായിരിക്കുമെന്ന് എൽ.എൻ.ജി. മാനേജ്മെന്റിന് ഒരു ഡയറക്ഷൻ സംസ്ഥാന ഗവൺമെന്റിന്റേതായി കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട എസ്. ശർമ്മ പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കാവുന്നതാണ്. കേരളത്തിലെ 7 ജില്ലകളിലായി ഗെയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കൊച്ചി-കുറ്റനാട്, ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി. രണ്ടാംഘട്ടത്തിൽ സ്ഥാപിക്കേണ്ട പൈപ്പ് ലൈനിന്റെ ദൈർഘ്യം 505 കിലോമീറ്ററാണ്. ഇതിന്റെ പ്രാരംഭ സർവ്വേ നടപടികൾ ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. മഹസ്സർ തയ്യാറാക്കുന്ന നടപടികൾ എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഏതാണ്ട് പൂർത്തീകരിച്ചു. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിർത്തിവച്ചിരുന്ന സർവ്വേ നടപടികൾ ഗെയിൽ പുനരാരംഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകാനുള്ള ഭൂമിയുടെ അളവെടുപ്പും മഹസ്സറും സംസ്ഥാനത്താകെ 503 കിലോമീറ്ററിൽ 386 കിലോമീറ്റർ, അതായത് 77 ശതമാനം പൂർത്തിയായിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചുകഴിഞ്ഞു. മറ്റ് ജില്ലകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പുനർടെണ്ടർ ഗ്ലോബൽ NIT ക്ഷണിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ പൈപ്പുകൾ, വാൽവുകൾ തുടങ്ങിയവ ഗെയിലിന്റെ വിവിധ സ്റ്റോറേജ് യാർഡുകളിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലൊട്ടാകെ അഞ്ച് ഐ.പി. സ്റ്റേഷനുകൾക്കും 26 എസ്.വി. സ്റ്റേഷനുകൾക്കും സ്ഥിരമായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 18 സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ഗെയിൽ ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള സ്റ്റേഷനുകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന ജോലികൾ പുരോഗമിക്കുന്നു. നിർമ്മാണപ്രവർത്തനങ്ങൾ ഒക്ടോബർ രണ്ടാം വാരത്തോടെ പുനരാരംഭിച്ച് ഒന്നരവർഷത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്, ഈ പദ്ധതിക്ക് കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും അനുകൂലമാണ്. ഇതിന് പഞ്ചായത്തുകൾ അനുമതി നൽകേണ്ടതുണ്ട്. ചില പ്രദേശങ്ങളിൽ പഞ്ചായത്ത് സമിതികൾ അനുമതി നിഷേധിച്ചതായി വിവരം ലഭിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ

അത് അത്യന്തം നിർഭാഗ്യകരമായ അവസ്ഥയായിരിക്കും. അതൊരുതരത്തിലും അംഗീകരിക്കാൻ കഴിയുന്നതല്ല. പക്ഷേ പഞ്ചായത്ത് എന്നത് നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവികസനത്തിന്റെ ഭാഗമായി നിൽക്കേണ്ട ഒരു ഘടകമാണ്. സംസ്ഥാനത്തിന്റെ പൊതുധാരയിൽനിന്നും വ്യത്യസ്തമായ ഒരു ധാരണ ഒരു പഞ്ചായത്തിനും ഉണ്ടാകാൻ പാടില്ല. വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരാണ് ഇവിടെ അംഗങ്ങളായി ഇരിക്കുന്നത് എന്നതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ പറയുന്നത്. അവരുടെ അംഗങ്ങളാണ് വിവിധ പഞ്ചായത്തുകളിലുള്ളത്. എവിടെയെങ്കിലും തെറ്റായ ചില പ്രവണതകളുണ്ടെങ്കിൽ തിരുത്തുന്നതിന് മുൻകയ്യെടുക്കുന്നതിനുവേണ്ടിയാണ് പറയുന്നത്. സർക്കാർ എന്ന നിലയിൽ നടപടികൾ സ്വീകരിക്കും.

ജനവാസ കേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കിക്കൊണ്ടാണ് പദ്ധതിയുടെ അലൈൻമെന്റ് തീരുമാനിച്ചിട്ടുള്ളത്. പദ്ധതിയുടെ സുരക്ഷ സംബന്ധിച്ച് യാതൊരു രീതിയിലുള്ള ആശങ്കയുടെയും ആവശ്യമില്ലെന്നകാര്യം വിശദീകരിച്ചുകൊണ്ട് ജനങ്ങൾക്ക് ബോധവത്കരണം നടത്തിവരുന്നുണ്ട്. ഇക്കാര്യം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജനപ്രതിനിധികളുടെ ശ്രദ്ധയും സഹകരണവും ഉണ്ടാകുന്നത് ഇതിന്റെ പുരോഗതിക്ക് വേഗതകൂട്ടും. ശ്രദ്ധയും സഹകരണവും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. CSR Fund-നെക്കുറിച്ച് പറഞ്ഞ കാര്യത്തിൽ, ഇവിടത്തെ പദ്ധതിയിൽനിന്ന് ലാഭമുണ്ടാക്കാൻ തുടങ്ങിയിട്ടില്ല. എങ്കിലും അവരുടെ രീതിയനുസരിച്ച് CSR ഫണ്ട് ഉപയോഗിച്ച് വരുന്നുണ്ടാകും. അക്കാര്യങ്ങളിൽ എന്താണ് ചെയ്യാൻ പറ്റുന്നതെന്ന് ആകെയുള്ള വിവരങ്ങൾ ലഭിച്ചാൽ പരിശോധിക്കാം.

<u>ശ്രീ. എസ്. ശർമ്മ :</u> സർ, കൊച്ചിൻ റിഫൈനറിയിൽ ഒരു നോമിനൽ ഷെയർ എടുത്തിട്ടുണ്ട്. നമ്മുടെ പ്രതിനിധി അതിന്റെ ബോർഡിലുണ്ട്. ഇതിന്റെ സാദ്ധ്യത ഗവൺമെന്റ് പരിശോധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ഈ പൈപ്പ് ലൈൻ നമ്മുടെ സംസ്ഥാനത്തുകൂടി മാത്രമല്ല പോകുന്നത്. ഇതിന്റെ ഉറവിടം ഇവിടം മാത്രമല്ല. മറ്റുള്ള സ്ഥലങ്ങളിൽ സ്വീകരിച്ച നിലപാട് എന്താണെന്ന് നോക്കാം. കൊച്ചിൻ റിഫൈനറി തുടങ്ങുമ്പോൾത്തന്നെ ഇങ്ങനെയൊരു സംവിധാനം വന്നതാണ്. ഇതിന് എത്രമാത്രം സാദ്ധ്യതയുണ്ടെന്നുള്ളത് പരിശോധിക്കാം.

## (2) മരുന്ന് വിപണന മേഖലയിലെ ചൂഷണം

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഗൗരവതരമായ ഒരു വിഷയം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മരുന്ന് കമ്പനികളുടെയും ഇടനിലക്കാരുടെയും ക്രൂരമായ ചൂഷണത്തിന് വിധേയമാകുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിലെ പ്രതിവർഷ മരുന്ന് വിപണി ഏകദേശ കണക്കനുസരിച്ച് മിനിമം 12,000 കോടി രൂപയാണ്. എൺപതിനായിരത്തോളം ബ്രാൻഡഡ് മരുന്നുകളുള്ളതിൽ ഓരോ മരുന്നും ഒരു വർഷം നാലോ അഞ്ചോ ബാച്ചുകളാണ് കേരളത്തിൽ വിതരണം ചെയ്യുന്നത്. പത്തൊമ്പതിനായിരം ചില്ലറ മെഡിക്കൽ ഷോപ്പുകളുണ്ട്. അതിൽ അയ്യായിരത്തോളവും സ്വകാര്യ ആശുപത്രികളിലെ ഫാർമസികളാണ്. പന്തീരായിരം കോടി രൂപയുടെ ഔഷധ വിപണിയുള്ള കേരളത്തിൽ 25 ശതമാനം മാത്രമാണ് സർക്കാർ നിയന്ത്രണത്തിലുള്ളത്. ബാക്കി ഒമ്പതിനായിരം കോടി രൂപയുടെ മരുന്ന് വിതരണം നടക്കുന്നതും സ്വകാര്യ വിപണിയിലൂടെയാണ്. ഇവിടെയാണ് ഏറ്റവും വലിയ മുതലെടുപ്പ് നടക്കുന്നത്. ഇപ്പോൾ പുതിയ ഒരു സംഭവം വന്നിരിക്കുന്നത് നിലവാരം കുറഞ്ഞ മരുന്നുകൾ കൂടിയ വിലയ്ക്ക് വിറ്റ് മരുന്ന് കമ്പനികൾ കോടികൾ ഉണ്ടാക്കുകയാണ്. ഇടനിലക്കാർക്കും ഡോക്ടർമാർക്കും വർഷംതോറും വൻതുകകളും വലിയ സമ്മാനങ്ങളും കമ്മീഷനായി കൊടുത്ത് മരുന്ന് കമ്പനികൾ വിപണിയെ സജീവമാക്കുകയാണ്. അലോപ്പതി, ആയുർവേദ മേഖലകളിൽ ഇത്തരം ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ കടന്നുവരികയാണ്. വിവിധ സംസ്ഥാനങ്ങളിൽ ഫാർമസ്യൂട്ടിക്കൽസ് കമ്പനികൾക്ക് നികുതിയില്ല എന്നതാണ് ഇപ്പോഴുള്ള പ്രശ്നം. അത്തരം സംസ്ഥാനങ്ങളിൽ കൂണുകൾപോലെ ഫാർമസ്യൂട്ടിക്കൽസ് കമ്പനികൾ വരികയാണ്. ഇഷ്ടമുള്ള മരുന്ന് ഇഷ്ടമുള്ള പാക്കറ്റുകളിലാക്കി ഇഷ്ടമുള്ള പേരുനൽകി ഇവിടെ എത്തിക്കുകയാണ്. ആ മരുന്നിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള ഒരു സംവിധാനവും ആ സംസ്ഥാനങ്ങളിലില്ല. മാനുഫാക്ചറിംഗ് സംസ്ഥാനത്തുമില്ല, കൺസ്യൂമർ സ്റ്റേറ്റായ നമ്മുടെ സംസ്ഥാനത്തുമില്ല. ഗുണനിലവാരം കുറഞ്ഞതും സൈഡ് ഇഫക്ടുള്ളതും ഗുരുതരമായ രോഗങ്ങൾ ഉണ്ടാക്കുന്നതുമായ ഏത് മരുന്ന് വേണമെങ്കിലും വിതരണം ചെയ്യാൻ കഴിയുന്ന ഒരു സംവിധാനം നിലനിൽക്കുന്നു. സംസ്ഥാനത്ത് 42 ഡ്രഗ്സ് ഇൻസ്പെകടർമാരും രണ്ട് പരിശോധനാ ലാബുകളും മാത്രമാണുള്ളത്. സർക്കാർ വിതരണം ചെയ്യുന്നതും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടർ വിളിച്ച് വിതരണം നടത്തുന്ന മരുന്നുകൾപോലും പരിശോധിക്കാനുള്ള സംവിധാനമില്ല. ഒരു ബാച്ച് പരിശോധനയ്ക്കെടുത്ത് പരിശോധനാഫലം പൂർത്തിയാകുമ്പോഴേക്കും ആ

ബാച്ചിലുള്ള മുഴുവൻ മരുന്നുകളും വിറ്റുപോയിക്കാണും. മനുഷ്യൻ അത് ഉപയോഗിച്ചുകാണും. മനുഷ്യരെല്ലാം ഉപയോഗിച്ചതിന് ശേഷമാണ് ലാബ് റിസൾട്ട് വരുന്നത്. ആ മരുന്ന് മനുഷ്യന് ഉപയോഗിക്കാൻ പറ്റുന്നതല്ലെന്നാണ് ആ റിസൽട്ടിൽ പറയുന്നത്. ഔട്ട് ഡേറ്റഡായതും സൈഡ് ഇഫക്ട് ഉണ്ടാക്കുന്നതും കിഡ്നിയെയും ലിവറിനെയും ബാധിക്കുന്നതാണെന്നുമുള്ള റിസൾട്ട് വരുമ്പോഴേക്കും ഈ മരുന്നിന്റെ ബാച്ച് മുഴുവനും വിറ്റുപോകുന്ന ഒരു സാഹചര്യമാണ് സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകളിൽപ്പോലും ഉണ്ടാകുന്നത്. അപ്പോഴാണ് ഒൻപതിനായിരം കോടി രൂപയുടെ മാർക്കറ്റ്, വലിയ കമ്പനികൾ വലിയ ഗ്രൂപ്പുകളായി ചേർന്ന്, ചെറിയ ആളുകൾക്കും ചെയ്യാം. കുറച്ച് ആളുകൾ ചേർന്ന് ഒരു റാക്കറ്റ് ഉണ്ടാക്കിയാൽ അവർക്ക് ഈ സംസ്ഥാനങ്ങളിൽ പോയി മരുന്ന് ബൾക്കായി കൊണ്ടുവരാം. ഇവിടെ കുറച്ച് മെഡിക്കൽ സ്റ്റോറുകളെ അറേഞ്ച് ചെയ്ത് അതിനടുത്തുള്ള ഡോക്ടർമാർക്ക് നല്ല കമ്മീഷൻ കൊടുത്ത്, വളരെ ചെറിയ വിലയ്ക്ക് ലഭിക്കുന്ന മരുന്ന് വലിയ വിലയ്ക്ക് കൊടുക്കുന്ന അപകടകരമായ സാഹചര്യം നിലനിൽക്കുന്നു. വിപണിയിലെത്തുന്ന ഗുണനിലവാരമില്ലാത്ത മരുന്നുകൾതന്നെ കേരളത്തെ രോഗാതുരമാക്കിക്കൊണ്ടിരിക്കുകയാണ്. കമ്മീഷനുകളും സമ്മാനങ്ങളും മോഹിച്ച് ആവശ്യത്തിനും അനാവശ്യത്തിനും മരുന്നുകൾ കുറിക്കുന്ന ഡോക്ടർമാരുടെയും ആശുപത്രികളുടെയും എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. ഫാർമസികൾ വഴി കള്ളക്കമ്പനികളുമായി നടത്തുന്ന കൂട്ടുകച്ചവടത്തിലൂടെ ലഭിക്കുന്ന ലാഭമാണ് സ്വകാര്യ ആശുപത്രികളിലെ ഏറ്റവും വലിയ വരുമാനം. അടുത്തകാലത്ത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി 33 അവശ്യമരുന്നുകളുടെ വില കുറച്ചത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. വിപണിയിൽ വില കുറഞ്ഞില്ല. 10 മുതൽ 25 ശതമാനം വരെ വില പുതുക്കി നിശ്ചയിച്ചിട്ടും മെഡിക്കൽ ഷോപ്പുകൾ അതേ വിലയ്ക്ക് മരുന്ന് വിറ്റു. ആ അവസരത്തിൽ രണ്ട് ദിവസംമുമ്പ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി 100 മരുന്നുകളുടെ വില കൂട്ടി. ഫാർമസ്യൂട്ടിക്കൽ കമ്പനികളെയും കോർപ്പറേറ്റ് കമ്പനികളെയും എങ്ങനെ സഹായിക്കാമെന്ന് റിസർച്ച് നടത്തിക്കൊണ്ടാണ് കേന്ദ്ര സർക്കാർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്ക് കൊള്ളനടത്താനുള്ള സ്ഥലമായി ഇന്ത്യയെ മാറ്റുകയും വിദേശകമ്പനികൾക്ക് അവരുടെ ഇഷ്ടംപോലെ ഇന്ത്യയിൽ മരുന്ന് വിൽക്കാനുള്ള സംവിധാനവുമാണ് കേന്ദ്ര സർക്കാർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അതിനിടയിലാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി 100 മരുന്നുകളുടെ വില കൂട്ടിയത്. വിലകൂട്ടിയ തീരുമാനം വന്നയുടൻതന്നെ കേരളത്തിലെ എല്ലാ മെഡിക്കൽ ഷോപ്പിലും ആ 100 മരുന്നുകളുടെയും വിലകൂട്ടി. വില കുറച്ചപ്പോൾ

ഇവർ അറിഞ്ഞില്ല. വിലകൂട്ടിയപ്പോൾ ഇവർ കൂട്ടിവിൽക്കുകയും ചെയ്തു. ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയല്ല. ഈ ഗവൺമെന്റ് വന്നിട്ട് ഇത്ര മാസമേ ആയിട്ടുള്ളൂ. രാഷ്ട്രീയമായി പറയുന്നതിൽ ഒരു അർത്ഥവുമില്ല. ഇത് പരിശോധിക്കാൻ നമുക്ക് ഫലപ്രദമായ ഒരു സംവിധാനമില്ലെങ്കിൽ കേരളത്തെ കൊലയ്ക്കുകൊടുക്കുന്നതിന് തുല്യമാകും.

ആൻജിയോപ്ലാസ്റ്റി ചെയ്യുന്നതിന് സ്റ്റെന്റ് വേണം. ഹൃദയത്തിന് ചെറിയൊരു പ്രശ്നമുണ്ടായാൽ ഡോക്ടറെ കാണാൻ ചെല്ലുമ്പോൾ ഉടനെ ആൻജിയോപ്ലാസ്റ്റി ചെയ്യണമെന്നാണ് പറയുന്നത്. വീട്ടിൽപ്പോയി പറഞ്ഞിട്ട് വരാമെന്ന് പറയുമ്പോൾ വീട്ടിൽ പോകുന്നതൊക്കെ സ്വന്തം റിസ്കാണെന്നും എന്റെ സമ്മതത്തോടുകൂടി പോകേണ്ടെന്നുമാണ് ഡോക്ടറുടെ മറുപടി. അപ്പോൾ ആ രോഗിയും കൂടെയുള്ളവരും എന്ത് പറയും? ഉടനെ ചെയ്തുകൊള്ളാൻ പറയും. ഈ സ്റ്റെന്റിന് പതിനായിരം രൂപ മുതൽ ഇരുപതിനായിരം രൂപ വരെയാണ് വിലയെങ്കിൽ വാങ്ങിക്കുന്നത് ഒന്നര ലക്ഷം രൂപയാണ്. ഒരു സ്റ്റെന്റ് ഉപയോഗിച്ച് ആൻജിയോപ്ലാസ്റ്റി ചെയ്താൽ ഇരുപതിനായിരം രൂപ മുതൽ നാൽപതിനായിരം രൂപ വരെ ഡോക്ടർക്ക് കമ്മീഷനാണ്. അതുകൊണ്ട് ആവശ്യമില്ലാത്ത കേസിലും സ്റ്റെന്റ് ഉപയോഗിച്ച് ആൻജിയോപ്ലാസ്റ്റി ചെയ്യാൻ ഡോക്ടർ പറയുകയാണ്. സാധാരണക്കാരായ രോഗികൾ എന്ത് ചെയ്യും? അത്രയും ക്രൂരമായ ചൂഷണം നടക്കുകയാണ്. സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്യുകയും തോന്നിയപോലെ വില ഈടാക്കുകയും ചെയ്യുന്ന ഈ ക്രൂരമായ ചൂഷണത്തെക്കുറിച്ച് സത്യസന്ധനായ ഉയർന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു ടീമിനെക്കൊണ്ട് വിശദമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് എന്റെ ഒരു ആവശ്യമായി ഈ സഭയുടെ, സർക്കാരിന്റെ മുന്നിൽ ഉന്നയിക്കുകയാണ്. ആറായിരം കോടി രൂപയുടെ തട്ടിപ്പാണ്. പണം കൊണ്ടുപോകുന്നത് മാത്രമല്ല, നമ്മളെ കൊലയ്ക്കുകൊടുക്കുന്നതിന് തുല്യമായ മരുന്ന് വിതരണമാണ് കേരളത്തിൽ നടക്കുന്നത്. ഇതിനെതിരെ സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u> : സർ, പ്രാധാന്യമുള്ള ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത്. മരുന്ന് വിപണന മേഖലയിൽ വർഷങ്ങളായി ഉണ്ടെന്നുപറയപ്പെടുന്ന ഗുരുതരമായ ചില പ്രശ്നങ്ങൾ പരിശോധിക്കേണ്ട വിഷയമാണ്. കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940, ദി ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945 എന്നിവയിലെ മാനദണ്ഡങ്ങളനുസരിച്ചാണ് ഓരോ ബാച്ച് മരുന്നുകളുടെയും ഗുണനിലവാര

പരിശോധന നടത്തുന്നത്. അതനുസരിച്ചുള്ള പരിശോധന നടക്കുന്നുണ്ട്. പ്രസ്തുത റൂൾസിലെ ഷെഡ്യൂൾ (എം) പ്രകാരമുള്ള അടിസ്ഥാനസൗകര്യങ്ങളും വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്ന് അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥരാണ് പരിശോധന നടത്തി ലൈസൻസ് അനുവദിക്കുന്നത്. ഇപ്രകാരം നിർമ്മാണ ലൈസൻസ് അനുവദിച്ചതിനുശേഷം നിർമ്മിക്കുന്ന മരുന്നുകളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിന് വകുപ്പ് ഉദ്യോഗസ്ഥർ മരുന്ന് നിർമ്മാണശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ച ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തുവരുന്നത്. രാജ്യത്തെ എല്ലാ മരുന്ന് ഉത്പാദകർക്കും ജി.എം.പി. (Good Manufacturing Practice) സർട്ടിഫിക്കറ്റ് ആവശ്യമാണ്. മാത്രമല്ല, ഇപ്രകാരം നിർമ്മിക്കുന്ന മരുന്നുകൾ വിപണിയിൽ എത്തിയതിനുശേഷവും കാലാവധി തീരുന്നതുവരെ ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. അതനുസരിച്ച് സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലുള്ള പരിശോധനാ ലബോറട്ടറികളിലേക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. നിശ്ചിത ഗുണനിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ വിൽപ്പന അടിയന്തരമായി തടഞ്ഞ് നിയമലംഘനത്തിന്റെ തീവ്രതയനുസരിച്ച് വകുപ്പുതല നിയമനടപടികൾ ഫലപ്രദമായി സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും ആവശ്യമായ മരുന്നുകൾ ശേഖരിച്ച് വിതരണം നടത്തുന്നത് സർക്കാർ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴിയാണ്. യഥാർത്ഥത്തിൽ ഈ സ്ഥാപനം ആരംഭിച്ചതിനുശേഷമാണ് ഈ രംഗത്ത് കുറെയേറെ പരിശോധനയും നിയന്ത്രണവും നടത്താൻ നമുക്ക് സാധിച്ചിട്ടുള്ളത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സർക്കാർ ആശുപത്രികൾക്കുവേണ്ടി മരുന്ന് എടുക്കുന്നത് competitive tender വഴിയാണ്. അംഗീകൃത ലാബുകളിൽ വീണ്ടും ആ മരുന്ന് പരിശോധിപ്പിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിർമ്മാതാക്കളിൽനിന്ന് മരുന്ന് ശേഖരിക്കുന്നത്.

ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതെല്ലാം പരിശോധിക്കുന്നതിന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ രണ്ട് ലബോറട്ടറികളാണുള്ളത്. സംവിധാനം വളരെ ദുർബലമാണെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ

ശരിയാണ്. രണ്ട് ലബോറട്ടറികളിലുംകൂടി ഒരുവർഷം 8000 സാമ്പിളുകൾ പരിശോധിക്കാൻ സാധിക്കും. തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 4000 സാമ്പിളുകളും എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 4000 സാമ്പിളുകളും പരിശോധിക്കാനുള്ള സംവിധാനമാണുള്ളത്. അതനുസരിച്ച് ലബോറട്ടറികളിൽ പരിശോധന നടക്കുന്നുണ്ട്.

സംസ്ഥാനത്ത് വിറ്റഴിക്കുന്ന 98 ശതമാനം മരുന്നുകളും മറ്റ് സംസ്ഥാനത്ത് ഉത്പാദിപ്പിച്ച് ഇവിടെ വരുന്നവയാണ്. ഏകദേശം 6,000 കോടി രൂപയുടെ മരുന്നുകളുടെ വിറ്റുവരവ് കേരളത്തിൽ നടക്കുന്നുണ്ടെന്നാണ് ഔദ്യോഗിക കണക്ക്. കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ പരിശോധന നടത്തിയതിന്റെ ഫലമായി ഏഴ് ശതമാനത്തിൽതാഴെ മാത്രമേ ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുള്ളൂ. ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ പരിശോധനയ്ക്ക് എത്തുന്ന എല്ലാ സാമ്പിളുകളും പരിശോധിക്കുന്നുണ്ട്. ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് പരിശോധന അല്പം നീണ്ടുപോകാറുണ്ട്. റഫറൻസ് സ്റ്റാൻഡേർഡിന്റെ ദൗർലഭ്യംപോലുള്ള ചില അപൂർവ്വ സന്ദർഭങ്ങളിൽ മാത്രമാണ് പരിശോധന നടത്താൻ ബുദ്ധിമുട്ടുണ്ടാകുന്നത്. മരുന്നിന്റെ ഗുണനിലവാര പരിശോധന നടത്തുന്നത് അതാത് ഫാർമകോപ്പിയ പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്. 10 മുതൽ 15 വരെയുള്ള വിവിധ മാനദണ്ഡങ്ങൾ ഓരോ മരുന്ന് പരിശോധനയ്ക്കും നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ചാണ് ഇപ്പോൾ പരിശോധന നടത്തുന്നത്. ഇത് മുഴുവനും പൂർത്തിയാക്കി ഒരു സാമ്പിൾ പരിശോധിക്കാൻ രണ്ട് മാസത്തോളം സമയം ആവശ്യമായി വരുന്നുണ്ടെന്നുള്ളതാണ് വസ്തുത. ചില മരുന്നുകളുടെ സ്വഭാവം അനുസരിച്ച് പരിശോധന സങ്കീർണ്ണമായിരിക്കും. അപ്പോൾ കുറച്ച് താമസം നേരിടുന്നുണ്ടെന്നുള്ളതാണ് വസ്തുത. ലബോറട്ടറികളിൽ പരിശോധന അർഹിക്കുന്ന വേഗത്തിൽ നടക്കുന്നുണ്ട്. സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റ്സ് ഉൾപ്പെടെയുള്ള സംവിധാനം ഈ ലാബുകളിലുണ്ട്. അതുകൊണ്ട് പരിശോധന കുറച്ചുകൂടി എളുപ്പമാകുന്നുണ്ട്.

ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവ പ്രധാന ഘടകമാണ്. നല്ല മരുന്നാണെന്ന് സർട്ടിഫൈ ചെയ്തിട്ടുള്ള മരുന്നുകൾക്കുപോലും ട്രാൻസ്പോർട്ടേഷനിടയിലും സ്റ്റോറേജിനിടയിലും പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഗവൺമെന്റ് ആശുപത്രികളിൽ ഇപ്പോൾ പരിശോധന നടത്തുന്നുണ്ട്. മരുന്നുകൾ സൂക്ഷിക്കേണ്ട രീതിയിൽത്തന്നെ സൂക്ഷിക്കണം. നമ്മുടെ എല്ലാ സ്റ്റോറുകളും ഫലപ്രദമല്ല. ഗവൺമെന്റ് ആശുപത്രികളുടെ സ്റ്റോറുകളിൽ എ.സി. ഫിറ്റ് ചെയ്യേണ്ടിടത്ത് അത് ചെയ്യുന്നുണ്ട്. മരുന്നുകളെല്ലാം കെമിക്കൽസായതിനാൽ സ്റ്റോറേജിന്റെ ഭാഗമായി അവയിൽ രാസമാറ്റം നടന്നേക്കാം. അങ്ങനെ വരുമ്പോൾ

സാമ്പിളുകൾക്ക് മാറ്റംവരാനുള്ള സാധ്യതയുണ്ട്. ഇത്തരത്തിലുള്ള രാസമാറ്റത്തിന്റെ ഭാഗമായി ചില ബുദ്ധിമുട്ടുകൾ പിന്നീടുണ്ടാകുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അത് പരിഹരിക്കാനുള്ള മാർഗ്ഗം കണ്ടെത്തേണ്ടതുണ്ട്. മരുന്നുകൾ വിപണിയിൽ എത്തുന്നതിന് മുൻപുള്ള പരിശോധനാ രീതി ഇതാണ്. 'എക്സ്റ്റന്റഡ് ലൈസൻസിംഗ് നോഡ്' (Xtended Licensing Node) എന്ന സോഫ്റ്റ്‌വെയർ ഉണ്ടാക്കി ഇടക്കാലത്തുവരുന്ന ഈ അപാകതകൾ പരിഹരിക്കാനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ടെന്നാണ് പറയാനുള്ളത്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. 42 ഡ്രഗ്സ് കൺട്രോൾ ഇൻസ്പെക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ പരിശോധന മുഴുവൻ നടത്താൻ സാധിക്കില്ല. 200 ഷോപ്പുകൾക്ക് ഒരു ഇൻസ്പെക്ടർ എന്നുള്ള നിലയിലെങ്കിലും നിയമിച്ചാൽ മാത്രമേ പരിശോധന കുറച്ചുകൂടി ശക്തമാക്കാൻ കഴിയൂ. സ്റ്റാഫ് ക്രിയേഷനും പോസ്റ്റ് ക്രിയേഷനുമൊക്കെ നടക്കേണ്ടതുണ്ട്. ഇതെല്ലാം ചെയ്താൽ മാത്രമേ വർഷങ്ങളായിട്ടുള്ള ഈ അപാകതകൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

മരുന്നുകളുടെ വിലയെക്കുറിച്ച് ആക്ഷേപം വന്നു. ചില മരുന്നുകളുടെ വില കേന്ദ്ര ഗവൺമെന്റ് കുറയ്ക്കാറുണ്ട്. അങ്ങനെ വരുമ്പോൾ മരുന്ന് കടകളിലുള്ള സ്റ്റോക്ക് ഒഴിവാക്കിക്കൊണ്ട് പുതിയ ലേബലിൽ പുതിയ വില നിശ്ചയിച്ചുകൊണ്ടുള്ള സ്റ്റോക്ക് പുനഃസ്ഥാപിക്കേണ്ടതായിവരും, അതിന് സമയമെടുക്കും. മരുന്നുകട ഉടമകൾക്ക് ഗവൺമെന്റ് റീ-ഇംപേഴ്സ്മെന്റ് കൊടുക്കുമെങ്കിൽ വളരെ പെട്ടെന്നുതന്നെ ഇത് നടത്താൻ സാധിക്കും. പക്ഷേ അങ്ങനെയൊരു നടപടിക്രമത്തിലേയ്ക്ക് കേന്ദ്ര സർക്കാർ പോയിട്ടില്ല. മരുന്നുകളുടെ വിലകുറച്ചതിന്റെ പിറ്റേ ദിവസംതന്നെ ഇവിടേയും വിലകുറച്ച് വിൽക്കുക എന്നതിൽ ബുദ്ധിമുട്ടുണ്ട്. അങ്ങനെ വിൽക്കാത്തിടത്ത് കർശന നടപടി സ്വീകരിച്ചുകൊണ്ട് സ്റ്റോക്ക് നീക്കിയാലും ഇല്ലെങ്കിലും അടുത്ത ദിവസം മുതൽ ഉപഭോക്താവിന് മരുന്നുകൾ വില കുറച്ചുകൊടുത്തുകൊള്ളണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് പാലിക്കാൻ മരുന്നുകടകൾ തയ്യാറായിട്ടുമുണ്ട്. സംസ്ഥാന സർക്കാരിന് മരുന്നുകളുടെ വില നിശ്ചയിക്കുവാനുള്ള അധികാരമില്ല. അത് നിശ്ചയിക്കുന്നത് എൻ.പി.പി.എ. (National Pharmaceutical Pricing Authority) ആണ്. നിശ്ചയിച്ച വിലയ്ക്കനുസരിച്ച് ഇവിടെ വിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാനുള്ള ഉത്തരവാദിത്വമാണ് കേരളത്തിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിനുള്ളത്. ആ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് വില നിർണ്ണയവുംകൂടി പരിശോധിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ ശക്തമായ പരിശോധനകൾ നടത്തേണ്ടതുണ്ട്. അതിനുള്ള സംവിധാനം വിപുലമാക്കാൻ ഈ സർക്കാർ ശ്രമിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, നമ്മളെല്ലാം വളരെ ഉൽക്കണ്ഠയോടെ ശ്രദ്ധിക്കുന്നൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. സംസ്ഥാനത്ത് പരിശോധനാ സംവിധാനങ്ങളൊക്കെ ഉണ്ടെങ്കിലും ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ എത്തിപ്പെടുന്നുവെന്ന ആക്ഷേപം പരക്കെയുണ്ട്. ബഹുമാന്യയായ മന്ത്രി സൂചിപ്പിച്ചതുപോലെ നമ്മുടെ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ഗുണനിലവാരം കുറഞ്ഞ മരുന്ന് എന്നതുമാത്രമല്ല, ചിലത് കാലപരിധി കഴിഞ്ഞതിനുശേഷം റീലേബലിംഗ് നടത്തി മാർക്കറ്റിൽ കൊടുക്കുന്ന നിലയുമുണ്ട്. അത്തരം കാര്യങ്ങളും പരിശോധിക്കേണ്ടതായിട്ടുണ്ട്. അത്തരത്തിൽ ആരോഗ്യ വകുപ്പിന്റെ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തിയതിനുശേഷം ആവശ്യമാണെങ്കിൽ പോലീസ് കൂടി ഇടപെട്ട് പരിശോധിക്കുന്നതായിരിക്കും. ആരോഗ്യ വകുപ്പിന്റെ പരിശോധനാസംവിധാനമാണ് നല്ലത്. അത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഉറപ്പുവരുത്തുക തന്നെ ചെയ്യും.

ശ്രീ. വി. ഡി. സതീശൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത് നിലവിലുള്ള സിസ്റ്റത്തെക്കുറിച്ചാണ്. അത് എത്ര ദുർബലമാണെന്ന് മന്ത്രിതന്നെ പറഞ്ഞുകഴിഞ്ഞു. സർക്കാരിന് 25 ശതമാനം മാർക്കറ്റ് ഷെയറാണുള്ളത്. അതിൽ 2 ലക്ഷം ബാച്ചാണുള്ളത്. അതിൽ 8,000 സാമ്പിൾ മാത്രമാണ് പരിശോധിക്കപ്പെടുന്നത്. ബാക്കി 9,000 കോടിയുടെ മരുന്ന് വിപണിയിലിറങ്ങുന്നത് പരിശോധിക്കാൻ ഒരു സംവിധാനവുമില്ല. ഞാൻ പോലീസിനെ ഇതിലേയ്ക്ക് കൊണ്ടുവരാനുള്ള പ്രധാനപ്പെട്ട കാരണം ക്രിമിനൽ ആക്റ്റിവിറ്റിയാണ് നടക്കുന്നത് എന്നുള്ളതുകൊണ്ടാണ്. ഒരു ലൈസൻസുമില്ലാതെ, യാതൊരുവിധ നിയന്ത്രണവുമില്ലാതെ കേരളത്തിലെ മരുന്ന് മാഫിയകൾ ഓരോ സംഘങ്ങളായി മറ്റു സംസ്ഥാനങ്ങളിൽപ്പോയി മരുന്നുകൾ കൊണ്ടുവന്ന് മെഡിക്കൽ ഷോപ്പുകളിലൂടെ വിതരണം നടത്തുകയാണ്. ആരോഗ്യ വകുപ്പിന്റെ നിലവിലുള്ള സംവിധാനം ഉപയോഗിച്ചോ, നിലവിലുള്ള സംവിധാനം പത്തിരട്ടിയായി വർദ്ധിപ്പിച്ചോ ഇത് പരിശോധിക്കപ്പെടാൻ കഴിയില്ല. നമ്മളെല്ലാവരും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ രോഗികളാണ്. നമ്മൾ കാശുകൊടുത്ത് വീട്ടിൽ വാങ്ങിവയ്ക്കുന്ന മരുന്നുകൾ ഇതുപോലുള്ളവയാണ്.

ഞാൻ വളരെ ആലോചിച്ചിട്ടാണ് പറഞ്ഞത്. പണ്ട് ലോട്ടറി ഇടപാടിൽ ശ്രീ. സിബി മാത്യുവിന്റെ നേതൃത്വത്തിൽ നടത്തിയ ഒരു അന്വേഷണമാണ് വലിയ വഴിത്തിരിവുകൾ ഉണ്ടാക്കിയത്. അതുപോലെ ഈ രംഗത്ത്, ഇത്രയും കോടി രൂപയുടെ തട്ടിപ്പിനെ സംബന്ധിച്ച് ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കണം. ഈ രംഗത്ത് നടക്കുന്നത് ക്രിമിനൽ ആക്ടിവിറ്റിയാണ്, ക്രിമിനൽ ഒഫൻസ്സാണ്. അതിനെക്കുറിച്ച് അന്വേഷിച്ചില്ലെങ്കിൽ അതൊരു ഡിറ്ററാന്റ് ഫാക്ടറായി മാറും. അതിന് തയ്യാറാകുമോ എന്നാണ് എന്റെ ചോദ്യം?

ശ്രീ. പിണറായി വിജയൻ : സർ, ആരോഗ്യം സംരക്ഷിക്കുന്നതിന് വേണ്ടിയാണ് നാം മരുന്ന് കഴിക്കുന്നത്. ആ മരുന്നുകൊണ്ടുതന്നെ രോഗം വരുന്ന അവസ്ഥ ഉണ്ടാകുന്നത് ഒരുതരത്തിലും പ്രോത്സാഹിപ്പിക്കാനാവില്ല. അത് തടയുന്നതിന് കർശനമായ സംവിധാനങ്ങൾ ഒരുക്കുവാൻ തയ്യാറാണ്.

## VI സബ്മിഷൻ

### (1) ധനസഹായം

ശ്രീ. അടൂർ പ്രകാശ് : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ചിറ്റാർ പഞ്ചായത്തിൽ ചിറ്റാർ പോലീസ് സ്റ്റേഷനുസമീപമുള്ള ഒരു സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ വസന്തോത്സവം എന്ന പേരിൽ നടത്തപ്പെട്ട കാർണിവലിൽ ആകാശവീൽ അപകടപ്പെടുകയും രണ്ട് കുട്ടികൾ മരണപ്പെടുകയും ചെയ്തു. 8-ാം തീയതി ഉണ്ടായ അപകടത്തിൽ അലൻ കെ. സജി എന്ന കുട്ടിയും അതേ അപകടത്തിൽ പരിക്കേറ്റ് പുഷ്പഗിരി മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന 10-ാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന സഹോദരിയും മരണപ്പെടുകയുണ്ടായി. ആ കുട്ടിയുടെ ആന്തരിക അവയവങ്ങളെല്ലാം ദാനം ചെയ്യുവാൻ രക്ഷകർത്താക്കൾ തയ്യാറായി. വയൽനികത്തിയ സ്ഥലത്താണ് ഈ പരിപാടി നടത്തിയിരുന്നത്. യാതൊരു സുരക്ഷാ സംവിധാനവും അവിടെ ഉണ്ടായിരുന്നില്ല. സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് പരിശോധന നടത്താതെയാണ് ഇതിനുള്ള അനുമതി കൊടുത്തത്. ആ വയൽ പ്രദേശത്തിന്റെ ഉള്ളിലൂടെതന്നെ 11 കെ.വി. ലൈനും കടന്നുപോകുന്നുണ്ട്. കുട്ടികളുടെ മരണം സംബന്ധിച്ച് 19-ാം തീയതി ഞാൻ അങ്ങേക്ക് ഒരു കത്ത് നൽകിയിരുന്നു. മരണപ്പെട്ട കുട്ടികളുടെ കുടുംബത്തെ സഹായിക്കുന്നതിനായി 10 ലക്ഷം രൂപാ വീതം അവരുടെ കുടുംബത്തിന് നൽകണമെന്ന

ആവശ്യമാണ് ഞാൻ ഉയർത്തിയിട്ടുള്ളത്. ആ കുടുംബത്തിന്റെ സ്ഥിതി വളരെ മോശമായതുകൊണ്ടാണ് അങ്ങനെയൊരു കത്ത് തന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാനുഷിക പരിഗണനവച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്ന് കരുതുകയാണ്. ഇപ്പോൾ അങ്ങ് അനുവദിച്ചിട്ടുള്ളത് അലൻ കെ. സജി മരണപ്പെട്ടതിന് 2.50 ലക്ഷം രൂപയും മൂത്തകുട്ടി മരിച്ചപ്പോൾ അതിന് 3 ലക്ഷം രൂപയുമാണ്. ചികിത്സാസഹായവും കൊടുത്തു എന്നുപറയുന്നുണ്ട്. മരണപ്പെട്ട കുട്ടികളുടെ കുടുംബത്തെ സഹായിക്കുവാൻ വേണ്ടതരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും നടപടി ഉണ്ടാകണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇതൊരു നിർഭാഗ്യകരമായ സംഭവമാണ്. ഒരു ആഘോഷപരിപാടി എന്ന നിലയ്ക്കാണ് വസന്തോത്സവം എന്ന കാർണിവൽ പത്തനംതിട്ടയിലെ ചിറ്റാറിൽ സംഘടിപ്പിച്ചത്. സെപ്റ്റംബർ 8-ാം തീയതിയാണ് അവിടത്തെ ആകാശവീലിൽനിന്ന് അലൻ കെ. സജിയും പ്രിയങ്ക കെ. സജിയും വീണത്. അതിൽ അലൻ കെ. സജി അപ്പോൾത്തന്നെ മരണപ്പെട്ടു. അതിനെത്തുടർന്ന് പിതാവ് കുളത്തുങ്കൽ വീട്ടിൽ ശ്രീ. സജി കെ. വർഗ്ഗീസിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 2 ലക്ഷം രൂപ ആദ്യം അനുവദിച്ചിരുന്നു. പിന്നീട് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന പ്രിയങ്ക കെ. സജി 17-ാം തീയതി മരണപ്പെട്ടു. ആ കുടുംബത്തിന് നേരത്തെ അനുവദിച്ച 2 ലക്ഷം രൂപയ്ക്കുപുറമേ 3 ലക്ഷം രൂപകൂടി അനുവദിച്ചു. ആശുപത്രി ചികിത്സയ്ക്ക് ചെലവായ 4.50 ലക്ഷം രൂപയും നൽകാൻ തീരുമാനിച്ചു. അങ്ങനെ മൊത്തം 9.50 ലക്ഷം രൂപയാണ് നൽകാൻ തീരുമാനിച്ചത്. സാധാരണ ഇത്തരം പരിപാടികളിൽ ഇൻഷ്വറൻസ് ആദ്യംതന്നെ ഏർപ്പെടുത്തും. അതിന്റെ ഭാഗമായിട്ടുള്ള ഇൻഷ്വറൻസിന് ഈ കുട്ടികളുടെ കുടുംബം അർഹതയുള്ളതായിരിക്കും. ഭാവിയിൽ ഇതുപോലുള്ള ആഘോഷ പരിപാടികൾ നടത്തുമ്പോൾ സുരക്ഷയ്ക്ക് വേണ്ട പ്രാധാന്യം കൊടുക്കുന്നതിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്രയും നടപടികൾ ഇപ്പോൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ് : സർ, അങ്ങ് 2 ലക്ഷം രൂപയെന്നാണ് ഇപ്പോൾ പറഞ്ഞത്. പത്രത്തിൽ വന്നത് 2.50 ലക്ഷം രൂപയെന്നാണ്. ആ കുടുംബത്തിനുള്ള പണം അങ്ങ് കുറച്ചുനൽകുകയാണോ ചെയ്തത്?

ശ്രീ. പിണറായി വിജയൻ : സർ, പത്രത്തിൽ വാർത്ത വന്നതിൽ എനിക്ക് ഉത്തരവാദിത്വമില്ല.

## (2) കോടതികളിലെ മാധ്യമ റിപ്പോർട്ടിംഗ്

ശ്രീ. വി. ഡി. സതീശൻ : സർ, ഈ വർഷം ജൂലൈ 19, 20 തീയതികളിൽ ഹൈക്കോടതിയിൽ മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിൽ വലിയ സംഘർഷമുണ്ടായതോടുകൂടി ഹൈക്കോടതിയിലെ മീഡിയാ റൂം താല്ക്കാലികമായി അടച്ചു. കേരളത്തിലെ മറ്റു കോടതികളിലേക്കും ഈ വിഷയം പടർന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഒരു യോഗം വിളിച്ചുകൂട്ടിയെങ്കിലും ആ സംഘർഷം ഇപ്പോഴും നിലനിൽക്കുകയാണ്. യഥാർത്ഥത്തിൽ ഇപ്പോൾ കേരളത്തിലെ മാധ്യമപ്രവർത്തകർക്ക് ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികളിൽപ്പോയി കോടതിനടപടികളോ, കോടതിവിധികളോ റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത പ്രത്യേക സാഹചര്യം നിലനിൽക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ധാരാളം കോടതിവിധികളുണ്ടായി. അതിൽ ചില കോടതിവിധികൾ ഗവൺമെന്റിന് അനുകൂലവും ചിലത് പ്രതികൂലവുമായിരുന്നു. അന്ന് ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്, കോടതിനടപടികൾ നടക്കുന്നതിനിടയ്ക്ക് ജഡ്ജിമാർ നടത്തുന്ന കമന്റുകളാണ്. ആ കമന്റുകൾ കഴിഞ്ഞ ഗവൺമെന്റിനെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത്തരം കമന്റുകൾ കഴിഞ്ഞ ഗവൺമെന്റിനെ പ്രതികൂലമായിബാധിച്ചുവെന്നുള്ള സംസാരം ഇപ്പോൾ കോടതികളിലുണ്ട്. അങ്ങനെ ഇടയ്ക്കിടയ്ക്ക് റിപ്പോർട്ടുകൾ വരുന്നത് ഗവൺമെന്റിന് നല്ലതല്ല. ഗവൺമെന്റ് ഈ സാഹചര്യത്തെ കംഫർട്ടബിൾ സിറ്റുവേഷനായി കാണരുതെന്നാണ് എന്റെ വിനീതമായ അഭിപ്രായം. റൈറ്റ് റ്റു ഇൻഫർമേഷൻ ആക്ട് പാസ്സാക്കിയിട്ടുള്ള രാജ്യമാണ് ഇന്ത്യ. കോടതിനടപടികൾ എങ്ങനെയാണ് നടക്കുന്നത്, അവിടെയെന്താണ് നടക്കുന്നതെന്നറിയാൻ നമുക്ക് അവകാശമുണ്ട്. ആശങ്കയില്ലാത്ത രീതിയിൽ ഗവൺമെന്റ് അത് കൈകാര്യം ചെയ്യണം. പ്രശ്നങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിൽ പ്രശ്നമുണ്ടായി. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് അടിയന്തരമായി ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസുമായി കൂടിയാലോചന നടത്തി ഇത് പരിഹരിക്കണം. കോടതികളിൽ പോകുന്ന മാധ്യമപ്രവർത്തകർക്ക് ഇപ്പോൾ സംരക്ഷണമില്ല, അവർക്ക് പോകാൻ പേടിയാണ്. കാരണം, അഭിഭാഷകർ കൂട്ടംചേർന്ന് ആക്രമിക്കുന്ന സ്ഥിതിയാണുള്ളത്. മാധ്യമപ്രവർത്തകരും അഭിഭാഷകരും പ്രിവിലേജ്ഡ് ക്ലാസ്സിൽപ്പെട്ടവരാണ്. രണ്ടുപേർക്കും പ്രിവിലേജുണ്ട്. പക്ഷേ സംഘർഷം നിലനിൽക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ഇത് പരിഹരിച്ചാൽ, അത് ഈ ഗവൺമെന്റിനൊരു പൊൻതൂവലായിരിക്കും.

ഗവൺമെന്റ് ഇടപെട്ട് ഈ സംഘർഷം പരിഹരിച്ച് കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാൻ മാധ്യമപ്രവർത്തകർക്ക് അവസരമുണ്ടാക്കണം. ഗവൺമെന്റിന്റെ ചുമതലയായി ഏറ്റെടുത്ത് അങ്ങ് അത് നിർവ്വഹിക്കുമെന്ന് ഞാൻ കരുതുന്നു. അതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഈ പ്രശ്നം സംസ്ഥാനത്ത് എല്ലാപേർക്കും അറിയാവുന്നതാണ്. മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിൽ ഹൈക്കോടതിയിലുൾപ്പെടെ കേരളത്തിലെ വിവിധ കോടതികളിൽ സംഘർഷമുണ്ടായിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോടതികളിൽനിന്നും കോടതി നടപടിക്രമങ്ങളും വിധിന്യായങ്ങളും റിപ്പോർട്ട് ചെയ്യാൻ മാധ്യമപ്രവർത്തകർക്ക് നിലവിൽ തടസ്സം നേരിടുന്നു എന്ന പരാതി പൊതുവേ ഉയർന്നിട്ടുണ്ട്. അടുത്തിടെ ഹൈക്കോടതി രജിസ്ട്രാർ ഒരു പത്രക്കുറിപ്പ് ഇറക്കുകയുണ്ടായി, അതിൽ ഒരു പ്രസ്താവനയിലൂടെ അദ്ദേഹം അറിയിച്ചിട്ടുള്ളത്, മാധ്യമങ്ങൾക്ക് വിവിധ കോടതികളിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെന്ന വാർത്ത വന്നപ്പോൾ കോടതി പരിസരങ്ങളിൽ കയറുന്നതിനോ, വാർത്തകൾ ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനോ നിരോധനമൊന്നും ഏർപ്പെടുത്തിയിട്ടില്ലെന്നും മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിലുള്ള സംഘർഷം ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണെന്നുമാണ്. ഇവിടെ പ്രശ്നമുണ്ടായപ്പോൾ കഴിഞ്ഞ ജൂലൈയിൽ സംസ്ഥാന പോലീസ് മേധാവിയുടെയും അഡ്വക്കേറ്റ് ജനറലിന്റെയും നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. മുഖ്യമന്ത്രിയെന്ന നിലയ്ക്ക് ഞാൻകൂടി പങ്കെടുത്തുകൊണ്ട് ഒരു ചർച്ച നടന്നിരുന്നു, ഇതിന്റെയെല്ലാം ഭാഗമായി കുറച്ച് അയവ് വന്നിട്ടുണ്ടെങ്കിലും പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല എന്നത് ശരിയാണ്. ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അദ്ധ്യക്ഷതയിൽ ബാർ അസോസിയേഷൻ പ്രതിനിധികളും വർക്കിംഗ് ജേർണലിസ്റ്റ് പ്രതിനിധികളുംകൂടി വരുന്ന 29-ാം തീയതി വൈകുന്നേരം ഹൈക്കോടതിയിൽവച്ച് ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നാണ് അറിഞ്ഞത്. അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ ഭാവിയിലുണ്ടാകുന്ന തർക്കങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനാണ് അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ അഭിഭാഷകരുടെയും മാധ്യമപ്രവർത്തകരുടെയും പ്രതിനിധികൾകൂടി ഉൾപ്പെടുന്ന ഒരു സമിതിക്ക് രൂപം നൽകിയിട്ടുള്ളത്. ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിൽ നടക്കുന്ന ചർച്ചയുടെ ഫലം എന്താണെന്ന് നമുക്ക് നോക്കാം. അതിനെത്തുടർന്ന് എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ ആ ഘട്ടത്തിൽ നമുക്ക് ചെയ്യാം.

## (3) വിദ്യാഭ്യാസ വായ്പാ കുടിശ്ശിക

ശ്രീ. പി. സി. ജോർജ് : സർ, വിദ്യാഭ്യാസ ലോൺ എടുക്കേണ്ടിവന്ന കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികളുടെയും അവരുടെ മാതാപിതാക്കളുടെയും ദുരിതം ഇന്ന് എവിടെ എത്തിനിൽക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും സഭയെയും ധരിപ്പിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. വിദ്യാഭ്യാസ വായ്പയെടുത്താൽ തിരിച്ചടയ്ക്കരുത്, മല്ല്യയെപ്പോലെ പതിനായിരം കോടി രൂപയുംകൊണ്ട് നാടുവിട്ടുപോകണമെന്ന അഭിപ്രായമൊന്നും എനിക്കില്ല. വിദ്യാഭ്യാസ ലോൺ എടുത്താൽ ജോലി കിട്ടുമ്പോൾ തിരികെ അടച്ചേ മതിയാകൂ എന്ന അഭിപ്രായക്കാരനാണ് ഞാൻ. മലയാളി മാന്യനാണ്, മല്ല്യയല്ല. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു കാര്യം, കേരളത്തിലെ വിദ്യാർത്ഥികൾക്ക് നാലുലക്ഷം രൂപവരെയുള്ള ലോണിന് യാതൊരുവിധ എഗ്രിമെന്റുമില്ല, അവർക്ക് ലോൺ കിട്ടണം. ലോണിന് അപേക്ഷിക്കുന്ന വിദ്യാർത്ഥിക്ക് യാതൊരു പൈസയും കിട്ടുന്നില്ല, സ്ഥാപനമാണ് ആ പണം വാങ്ങുന്നത്. അതിന് എങ്ങനെയാണ് റവന്യൂ ഡിപ്പാർട്ട്മെന്റ് ജപ്തിനടപടി സ്വീകരിക്കുന്നത്; അത് ഏത് നിയമമാണ്; റവന്യൂ ഡിപ്പാർട്ട്മെന്റിന് അങ്ങനെയൊരു നിയമമുണ്ടോ? ഏതെങ്കിലും ജില്ലാ കളക്ടറുടെയോ, തഹസീൽദാരുടെയോ അടുത്തേയ്ക്ക് റിലയൻസ് കമ്പനി എന്ന കൊള്ളസംഘം പോയി അപേക്ഷ കൊടുത്താലുടനെ, റിക്കവറി നടപടികൾക്ക് ഒപ്പിട്ടുകൊടുക്കുന്ന ജില്ലാ കളക്ടർമാരെ നിയമവിധേയമായി ശിക്ഷിക്കാനുള്ള ബാധ്യത ഈ ഗവൺമെന്റിനുണ്ട്. റവന്യൂ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണിത്. റിലയൻസ് കമ്പനിക്കാർ പറഞ്ഞിട്ട്, വിദ്യാഭ്യാസ ലോണെടുത്ത് പഠിച്ച് പാസ്സായി അഞ്ചുകൊല്ലവും ആറുകൊല്ലവും കഴിഞ്ഞ് ജോലികിട്ടാതെ കരഞ്ഞുകൊണ്ടുനടക്കുന്ന പാവപ്പെട്ട കുട്ടികളുടെ വീട്ടിൽചെന്ന് ഇവിടത്തെ പോലീസുകാർ ഭീഷണിപ്പെടുത്തുകയാണ്. കുട്ടികളെ മാത്രമല്ല ഭീഷണിപ്പെടുത്തുന്നത്, നഴ്സുമാരാണെങ്കിൽ വിദേശത്ത് പോകാൻ അനുവദിക്കുകയില്ല, പാസ്പോർട്ട് സീസ് ചെയ്യും ജപ്തിചെയ്യും എന്നുപറഞ്ഞ് പോലീസുകാരാണ് ഭീഷണിപ്പെടുത്തുന്നത്. ആകെയുള്ള നാലുസെന്റ് ജപ്തിചെയ്യാൻ പോകുന്ന നാണംകെട്ട വില്ലേജ് ഓഫീസർ. ഇത് രാജ്യത്തിന് സുഖകരമാണോയെന്ന് ഈ ഗവൺമെന്റ് ആലോചിക്കണ്ടേ? പിണറായി സഖാവ് മുഖ്യമന്ത്രിയായിരിക്കുന്ന ഈ രാജ്യത്ത് ഇത്രമാത്രം റൗഡിസം നടത്തുന്ന ഈ വില്ലേജ് ഓഫീസർമാരെയും തഹസീൽദാർമാരെയും മര്യാദയ്ക്ക് നിർത്താൻ കഴിയില്ലെന്ന് വിശ്വസിക്കാൻ ഞാനില്ല. ആലപ്പുഴ ജില്ലയിൽമാത്രം രണ്ട് പിതാക്കൾ ആത്മഹത്യ ചെയ്തു, ഒന്നാലോചിച്ചാൽ എത്ര ദുഃഖകരമാണ്. പള്ളിക്കുന്നം എസ്.ബി.ടി.-യുടെ മാനേജരുൾപ്പെടെ അഞ്ച് ഉദ്യോഗസ്ഥരും താമരക്കുളം വില്ലേജ്

ഓഫീസറും മൂന്ന് ഉദ്യോഗസ്ഥരും കൂടിച്ചേർന്നാണ് പാവപ്പെട്ട കൃഷ്ണൻകുട്ടി എന്നുപറയുന്ന ആളുടെ മരണത്തിന് ഇടയാക്കിയിരിക്കുന്നത്. നട്ടെല്ല് സംബന്ധമായ രോഗത്തിന് ചികിത്സയിലിരുന്ന ഇദ്ദേഹത്തിന്റെ വീട്ടിലേക്ക് വില്ലേജ് ഓഫീസറും പോലീസുകാരും ഗുണ്ടകളും മാനേജരുമുൾപ്പെടെ ചെന്ന് ഭീഷണിപ്പെടുത്തുകയാണ്, അങ്ങനെയാണ് കൃഷ്ണൻകുട്ടി ആത്മഹത്യ ചെയ്തത്. ഈ കൊലപാതകത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യാൻ അങ്ങേക്ക് തന്റേടമുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. എങ്കിൽ മേലിൽ ഇത് ഉണ്ടാകുകയില്ല. ഇതുപോലെതന്നെ ഒരെണ്ണംകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്, രാഖി ശങ്കർ എന്ന കുട്ടി സിൻഡിക്കേറ്റ് ബാങ്കിൽനിന്നും ലോണെടുത്ത് പഠിച്ച് പാസ്സായി. ആ കുട്ടി രോഗംവന്ന് മരിച്ചുപോയി. ആ കുട്ടിക്കും കുട്ടിയുടെ അപ്പനും ജപ്തി നോട്ടീസ്, എവിടെനിന്നു കൊടുക്കും? രോഗിയായി മരിച്ചുകഴിഞ്ഞാൽപ്പോലും വിടില്ല എന്നുപറയുന്ന, ഈ നാണംകെട്ട ബാങ്ക് ഉദ്യോഗസ്ഥരെ മര്യാദയ്ക്ക് നിർത്തണ്ടേ? ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിന് പറഞ്ഞതുപോലെയല്ല ഞാൻ പറയുന്നത്. ഞാൻ ആലപ്പുഴയിൽ ചെന്നിരുന്നു, കൃഷ്ണൻകുട്ടിയെന്ന പാവപ്പെട്ട ആ കുടുംബനാഥൻ ആത്മഹത്യ ചെയ്യാനുണ്ടായ കാരണമെന്താണ്; ഈ ഉദ്യോഗസ്ഥരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുക്കാൻ അങ്ങ് തയ്യാറുണ്ടോ? ഇല്ല എന്നാണെങ്കിൽ മടക്കുമ്പോൾ അളമുട്ടിയാൽ ചേരയും കടിക്കും. ബാങ്ക് ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരും ഇത് ഓർക്കുന്നത് നല്ലതാണ്. ഇല്ലെങ്കിൽ കേരളം വ്യാപകമായി, ഈ കൊള്ളയ്ക്കെതിരെ പ്രതികരിക്കുമെന്നതിന് സംശയമില്ല. ആ ഒരു സാഹചര്യം സൃഷ്ടിക്കപ്പെടാതിരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ഇടപെട്ട് കൊള്ളനടത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുക്കുന്നതിനും മേലിൽ ഒരു ജില്ലാ കളക്ടറും തഹസീൽദാരും ജപ്തി നോട്ടീസുകളിൽ ഒപ്പിട്ടുകൊടുക്കരുതെന്ന് നിർദ്ദേശം നൽകുന്നതിനും തയ്യാറാകണം. നിയമവിരുദ്ധമായി ഈ ജപ്തിക്ക് ഉത്തരവ് കൊടുത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u> : ശ്രീ. പി. സി. ജോർജ്, സബ്മിഷന് സമയപരിധിയുണ്ട്, പ്ലീസ്....

<u>ശ്രീ. പി. സി. ജോർജ്</u> : സർ, വേറെയാരോടും ഇല്ലല്ലോ അങ്ങേക്ക് ഇത്ര സമയനിഷ്ഠ, എന്നോട് മാത്രം എന്താണ്, ഞാൻ കണ്ടല്ലോ ഇവിടെ.

<u>മി. സ്പീക്കർ</u> : എല്ലാവരോടുമുണ്ട്, ഒരു സബ്മിഷന് അഞ്ചു മിനിറ്റാണ് സമയം. നിശ്ചിത സമയത്ത് പറഞ്ഞുതീർക്കണം.

ശ്രീ. പി. സി. ജോർജ് : സർ, ഈ രാജ്യത്തെ പാവപ്പെട്ടവന്റെ കാര്യം പറയുന്നത് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇഷ്ടമില്ല. പാവപ്പെട്ടവന്റെ കാര്യം പറയാൻ പാടില്ല അല്ലേ, ഇപ്പോൾ ഞാൻ നിർത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, നമ്മുടെ സംസ്ഥാനം നേരിടുന്ന ഗൗരവതരമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ പി. സി. ജോർജ് ഇവിടെ ഉന്നയിച്ചത്. ഇത് സർക്കാരിന്റെ ശ്രദ്ധയിലുള്ള ഒരു പ്രശ്നം തന്നെയാണ്. അളമുട്ടിയാൽ ചേരയും കടിക്കുമെന്നാണ്. എന്നാൽ ചേര കടിക്കാൻ പുറപ്പെടുന്നതിനുമുമ്പ് സർക്കാർതന്നെ ആവശ്യമായ നടപടി സ്വീകരിക്കാനാണ് ആലോചിക്കുന്നത്. വിദ്യാർത്ഥികളുടെ പഠന ആവശ്യത്തിനാണ് വായ്പ നൽകുന്നത്. അത്തരം വായ്പകൾ പഠിച്ചുകഴിഞ്ഞ് ജോലി കിട്ടിയാലേ തിരിച്ചടയ്ക്കേണ്ടതുള്ളൂ. ആ വ്യവസ്ഥയിലായിരിക്കണം ബാങ്കുകൾ വായ്പ അനുവദിക്കേണ്ടതും. പഠിച്ച് ജോലി കിട്ടുന്നതുവരെ വായ്പ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പാടില്ല. ഇതിലുള്ള ഒരു പ്രശ്നം, ചില ജോലി സ്വകാര്യ സ്ഥാപനങ്ങളിലേതായിരിക്കും. അതിൽനിന്ന് വായ്പയുടെ തിരിച്ചടവ് ഒരു പ്രശ്നമായിരിക്കും. അതുമായി ബന്ധപ്പെട്ട് ചില ക്രമീകരണങ്ങൾ ഉണ്ടാക്കേണ്ടതായിവരും. സർക്കാർ ജോലിയായാലും സ്വകാര്യ ജോലിയായാലും ജോലി കിട്ടിയതിനുശേഷം വായ്പാതിരിച്ചടവ് ആരംഭിക്കുന്ന തരത്തിലുള്ള ഒരു ക്രമീകരണം ഉണ്ടാകണം. ഇവിടെ സാധാരണ സമ്പ്രദായംവിട്ട് കുടിശ്ശിക ഈടാക്കാനുള്ള ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള ചില രീതികൾ തുടർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരുകാരണവശാലും അത്തരം രീതികൾ അംഗീകരിക്കാൻ കഴിയില്ല. ഒരു സർക്കാർ സംവിധാനവും അതിന്റെ ഭാഗമായി മാറാൻ പാടില്ല. വായ്പ എടുത്ത വിദ്യാർത്ഥിയെയും കുടുംബത്തെയും സംരക്ഷിക്കുന്ന രീതിയിലുള്ള നിലപാടുമാത്രമേ സർക്കാർ സ്വീകരിക്കാൻ പാടുള്ളൂ. ഈ പ്രശ്നം ബാങ്കുകളുടെ ശ്രദ്ധയിൽപ്പെടുത്താനും ചർച്ച ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുകതന്നെചെയ്യും. അതോടൊപ്പം അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു വിഷയം റവന്യൂ വകുപ്പിന്റെ ജപ്തിനടപടികളെപ്പറ്റിയാണ്. ഇക്കാര്യത്തിൽ അത്തരം ജപ്തിനടപടികൾ മേൽപ്പറഞ്ഞ രീതിയിൽ ബാധകമാക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്. പൊതുവേ ജപ്തിനടപടികൾ സ്വീകരിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. സമൂഹത്തിൽ വീടില്ലാത്തവർക്ക് വീടുവച്ച് കൊടുക്കാൻ നമ്മൾ ഒരുങ്ങുമ്പോൾ ഉള്ള വീട്ടിൽനിന്നും ഇറക്കിവിടുന്ന ജപ്തിനടപടികൾ സ്വീകരിക്കാൻ പാടില്ല എന്നുതന്നെയാണ് സർക്കാർ നിലപാട്. ഇതിന്റെ സാങ്കേതികമായ

കാര്യങ്ങൾ എന്റെ കൈവശമുണ്ട്. അതൊന്നും ഇപ്പോൾ ഇവിടെ ആവശ്യമില്ല. അത് ദീർഘമായി നീണ്ടുപോകുമെന്നുള്ളതുകൊണ്ട് അതിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

## (4) 'ജാതി' കർഷകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. റോജി എം. ജോൺ : സർ, കേരളത്തിലെ ഒരു പ്രധാനപ്പെട്ട കൃഷിയാണ് ജാതി. എറണാകുളം ജില്ലയിൽ മാത്രം ഏകദേശം 3500 ഹെക്ടർ പ്രദേശത്ത് ജാതിക്കൃഷി നിലവിലുണ്ട്. അതിന്റെ നല്ലൊരു ഭാഗം എന്റെ നിയോജക മണ്ഡലമായ അങ്കമാലിയിലുമുണ്ട്. അതുപോലെ തൊട്ടടുത്ത തൃശ്ശൂർ ജില്ലയിലും കേരളത്തിന്റെ മറ്റ് ജില്ലകളിലും ജാതിക്കൃഷി നിലവിലുണ്ട്. ഈ കൃഷിയെ സംബന്ധിച്ച് നേരിടുന്ന പ്രധാന പ്രശ്നം അതിന്റെ ഫംഗസ് ബാധയാണ്. ഫംഗസ് ബാധയുണ്ടായിക്കഴിഞ്ഞാൽ പവർ സ്പ്രേ ഉപയോഗിച്ച് മരുന്ന് തളിക്കാനുള്ള സംവിധാനം സാധാരണ കർഷകനെ സംബന്ധിച്ച് പ്രായോഗികമല്ല. സാമ്പത്തികമായി അവർക്ക് താങ്ങാനും കഴിയില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജാതിക്കൃഷിയുമായി ബന്ധപ്പെട്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി എന്തെങ്കിലും പദ്ധതി തയ്യാറാക്കുന്നതിന് പ്രധാനപ്പെട്ട തടസ്സം ജാതിക്ക് ഫൈനാൻസ് കോഡ് നിലവിലില്ലാത്തതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും കൃഷിക്ക് സബ്സിഡിയും ജാതിക്ക് തറവിലയും നിശ്ചയിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന ജാതി കർഷകരെ സംരക്ഷിക്കുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായ നടപടി ഉണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അങ്കമാലി പ്രദേശം ജാതിക്കൃഷിക്ക് പേരുകേട്ട സ്ഥലമാണ്. കേരളത്തിൽ ഇത്തരത്തിലുള്ള വിളകൾക്ക് കേന്ദ്രസർക്കാരാണ് താങ്ങുവില നിശ്ചയിക്കുന്നത്. ഇപ്പോൾ താങ്ങുവില നിശ്ചയിച്ചിട്ടുള്ളത് നെല്ലിനും കൊപ്രയ്ക്കും മാത്രമാണ്. കേരളത്തിൽ ഏകദേശം 19,627 ഹെക്ടർ സ്ഥലത്ത് ജാതിക്കൃഷി ഉണ്ടെന്നാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്. ജാതിക്കൃഷിക്ക് താങ്ങുവില നിശ്ചയിക്കുന്നതിനുള്ള ഒരു നടപടിയും കേന്ദ്രസർക്കാർ നാളിതുവരെ സ്വീകരിക്കാത്ത സാഹചര്യത്തിൽ സർക്കാരിന് അതുസംബന്ധിച്ച് നിലപാട് എടുക്കാൻ കഴിയില്ല. എന്നാൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ

പദ്ധതിപ്രകാരം ദീർഘകാല സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ജാതി എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടർ ഒന്നിന് 20,000 രൂപ ധനസഹായം നൽകിവരുന്നുണ്ട്. ഹോർട്ടിക്കൾച്ചർ വിളകളുടെ സംയോജിത രോഗകീടനിയന്ത്രണത്തിന് ഹെക്ടർ ഒന്നിന് 1,200 രൂപ ധനസഹായവും നൽകിവരുന്നുണ്ട്. നിലവിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചാൽ കായ്ഫലമുള്ള ജാതിമരം ഒന്നിന് 400 രൂപയും കായ്ഫലമില്ലാത്ത ജാതിമരത്തിന് 150 രൂപയും അനുവദിക്കുന്നതാണ്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള ജാതി കർഷകർക്ക് പ്രകൃതിക്ഷോഭം, വന്യമൃഗങ്ങളുടെ ആക്രമണം എന്നിവമൂലം കൃഷി നശിച്ചാൽ മരം ഒന്നിന് 200 രൂപ ആനുകൂല്യമായി ലഭിക്കുന്നതാണ്. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ജാതി കർഷകർക്ക് ഹെക്ടറിന് 50,000 രൂപ വീതം ആനുകൂല്യം ലഭിക്കുന്നതാണ്. ജാതിയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുന്ന സംരംഭകർക്ക് സർക്കാർ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകളിൽ സൗകര്യം ഒരുക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച നിലവിലെ ഉത്തരവിൽ ജാതിക്കൃഷിയെക്കൂടി ഉൾപ്പെടുത്തുന്നതിനും ജാതി കർഷകർക്ക് പഞ്ചായത്തുകൾവഴി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ മൈക്രോ സെക്ടർ കോഡിൽ ജാതിക്കൃഷിയെക്കൂടി ഉൾപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നതായിരിക്കും.

## (5) തസ്തികകൾ സൃഷ്ടിക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, പീരുമേട് താലൂക്കാശുപത്രിയുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അവിടെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുമാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്. പീരുമേട് താലൂക്കാശുപത്രിയിൽ ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർ, ലബോറട്ടറി സ്റ്റാഫ്, ഫാർമസി സ്റ്റാഫ്, മറ്റ് വിഭാഗം ജീവനക്കാർ എന്നീ തസ്തികളിൽ നിയമനം നടത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണന ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പീരുമേട് താലൂക്കാശുപത്രി നിലവിൽ 24 കിടക്കകളുള്ള പുരുഷന്മാരുടെ വാർഡും 30 കിടക്കകളുള്ള സ്ത്രീകളുടെ വാർഡുകളുമുൾപ്പെടെ 54 കിടക്കകളുള്ള ഒരു ആശുപത്രിയാണ്. എക്സ്റേ റൂം, കാഷ്വാലിറ്റി ഒ.പി., ആംബുലൻസ്, 12 മണിക്കൂർ പ്രവർത്തിക്കുന്ന ലാബ്, മോർച്ചറി, നാല് ഡോക്ടർമാരുടെ ക്വാർട്ടേഴ്സ്, ഏഴ് സ്റ്റാഫ്

ക്വാർട്ടേഴ്സ് തുടങ്ങിയ ഭൗതികസൗകര്യങ്ങളും ഈ ആശുപത്രിയിലുണ്ട്. ദിവസേന 250-ലേറെ രോഗികൾ ഒ.പി.-യിലും അറുപതോളം രോഗികൾ ഐ.പി. വിഭാഗത്തിലും ചികിത്സതേടി എത്തുന്നുണ്ട്. രണ്ട് ലക്ഷത്തോളം ജനസാന്ദ്രതയുള്ള ഇവിടെ എൺപത് ശതമാനംപേരും തോട്ടം തൊഴിലാളികളാണ്. ഇവർ ആശ്രയിക്കുന്ന പീരുമേട് താലൂക്കാശുപത്രിയിൽ ഓപ്പറേഷൻ വാർഡും മെറ്റേണിറ്റി ബ്ലോക്കും നിർമ്മിക്കുന്നതിന് 235 ലക്ഷം രൂപയും പിന്നീട് ഒറ്റത്തവണയായി 300 ലക്ഷം രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായി കാഷ്വാലിറ്റി സംവിധാനം ആരംഭിക്കുന്നതിനുവേണ്ടി നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെ ആശുപത്രിയിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ പ്രസ്തുത ആശുപത്രിയിലെ രണ്ട് ലാബ് ടെക്നീഷ്യൻ തസ്തികകളും ഉൾപ്പെട്ടിരിക്കുന്നു. പോസ്റ്റ് ക്രിയേഷൻ നടക്കുന്നതനുസരിച്ച് അവിടെ ഉടനെതന്നെ ലാബ് ടെക്നീഷ്യനെ കൊടുക്കുന്നതായിരിക്കും. പീരുമേട് താലൂക്കാശുപത്രിയിൽ ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റുമാരായി നിയമിക്കുന്ന നടപടികൾ ഇപ്പോൾ സംസ്ഥാനത്ത് നടന്നുവരികയാണ്. അങ്ങനെയാണ് ഒഴിവുകൾ നികത്തിക്കൊണ്ടിരിക്കുന്നത്. ഈ നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ ഒഴിവുള്ള ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് തസ്തികയിലേക്ക് അധികം വൈകാതെ നിയമനം നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പി.എസ്.സി. മുഖേന അഡ്വൈസ് നൽകുന്ന മുറയ്ക്കും പ്രവേശനകാലം ദീർഘിപ്പിച്ചശേഷം തിരിച്ചുവരുന്ന ഡോക്ടർമാരെക്കൊണ്ടും ഒഴിവുകൾ നികത്തിക്കൊണ്ടിരിക്കുകയാണ്. ഈ രണ്ട് മാർഗ്ഗത്തിലൂടെ പീരുമേട് ആശുപത്രിയിലെ ബാക്കിയുള്ള ഒഴിവുകൾ നികത്തുന്നതാണ്. പീരുമേട് ആശുപത്രിയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I-ന്റെ ഒഴിവ് നിലവിലുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് II ആയി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽവന്ന് അഡ്വൈസ് മെമ്മോ കിട്ടുന്ന മുറയ്ക്ക് ആ ഒഴിവുകൾ നികത്തുന്നതാണ്. നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവ് ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I-ൽ നിന്നുള്ള പ്രൊമോഷൻ വഴി നികത്താൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഈ ആശുപത്രിയിൽ അത്യാവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. താലൂക്കാശുപത്രിയുടെ തസ്തികകൾ ക്രിയേറ്റ് ചെയ്യപ്പെട്ടിട്ടില്ല. ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും അതിനുള്ള പ്രൊപ്പോസൽ ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ താലൂക്കാശുപത്രികളിലും

തസ്തിക ക്രിയേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. അക്കൂട്ടത്തിൽ തോട്ടം തൊഴിലാളികൾ ആശ്രയിക്കുന്ന ആശുപത്രിയെന്ന നിലയിൽ ഏറെ പ്രാധാന്യവും പരിഗണനയും നൽകി പീരുമേട് താലൂക്കാശുപത്രിയിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

12.00 noon]

### (6) നെല്ല് സംഭരണം പൂർത്തീകരിക്കലും താങ്ങുവില വർദ്ധിപ്പിക്കലും

ശ്രീ. കെ. വി. വിജയദാസ് : സർ, കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിൽ പലയിടങ്ങളിലും ഒന്നാംവിള കൊയ്ത്ത് ആരംഭിച്ചിരിക്കുകയാണ്. എന്നാൽ കൊയ്തെടുത്ത നെല്ല് സൂക്ഷിക്കാൻ ഇടമില്ലാത്തതിനാൽ കർഷകർ ചുരുങ്ങിയ വിലയ്ക്ക് സ്വകാര്യ മില്ലുകൾക്ക് നൽകാൻ നിർബന്ധിതരാകുന്നു. ഈ സാഹചര്യം മുതലെടുക്കാൻ സ്വകാര്യ മില്ലുകാരും ശ്രമിക്കുകയാണ്. സിവിൽ സപ്ലൈസ് വകുപ്പ് നെല്ല് സംഭരണം ഇനിയും തുടങ്ങിയിട്ടില്ല. ഇത് കർഷകർക്ക് വൻ സാമ്പത്തികനഷ്ടം ഉണ്ടാക്കുകയാണ്. മുഴുവൻ കർഷകരുടെയും നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കണമെന്നും ഇതിനുള്ള സാങ്കേതികതടസ്സങ്ങൾ നീക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെടുകയാണ്. അതോടൊപ്പം ഇപ്പോൾ നെല്ലിന്റെ സംഭരണവില ഇരുപത്തിയൊന്നരരൂപയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഇന്നത്തെ സ്ഥിതിയിൽ ഈ വില അപര്യാപ്തമാണ്. മെതിയന്ത്ര വാടക വർദ്ധനവ്, ട്രാക്ടർ വാടക വർദ്ധനവ്, ഡീസൽ-ഓയിൽ വില വർദ്ധനവ് എന്നിവയെല്ലാം ഉൽപ്പാദനച്ചെലവ് വർദ്ധിപ്പിക്കാൻ ഇടയാക്കുന്ന വസ്തുതകളാണ്. ഇത് കർഷകർക്ക് വലിയ തിരിച്ചടിയാണ് ഉണ്ടാക്കിയിട്ടുള്ളത്. ആയതിനാൽ ഉൽപ്പാദനച്ചെലവിന്റെ വർദ്ധനവിനനുസരിച്ച് നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കണമെന്നും അത് 25 രൂപയായി നിശ്ചയിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്. കൂടാതെ കർഷകരിൽനിന്നും ഹാൻഡ്‌ലിംഗ് ചാർജ് എന്ന പേരിൽ മില്ലുടമകൾ കൂടുതൽ തുക ഈടാക്കുന്ന സ്ഥിതി ഇപ്പോൾ ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്. ഇത് അനുവദിക്കാൻ പാടില്ല. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ മില്ലുകാരുടെ ഇത്തരത്തിലുള്ള ചൂഷണങ്ങൾ അവസാനിപ്പിക്കാനും സഹകരണ ബാങ്കുകളെക്കൂടി സഹകരിപ്പിക്കാനും ശ്രമിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, 7-11-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 34/2015/ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ഉത്തരവ് പ്രകാരമാണ് നെല്ലിന്റെ സംഭരണവില കിലോഗ്രാമിന്

19 രൂപയിൽനിന്ന് 21.50 രൂപയായി വർദ്ധിപ്പിച്ചത്. ഇതിൽ മിനിമം സപ്പോർട്ട് പ്രൈസ് 14.10 രൂപയും സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് 7.40 രൂപയുമാണ്. 2016-17 വർഷത്തെ നെല്ല് സംഭരണത്തിന്റെ മുന്നൊരുക്ക പ്രവർത്തനത്തിനായി 2016 ആഗസ്റ്റ് 1-ാം തീയതി രജിസ്ട്രേഷൻ ആരംഭിക്കുകയും നാളിതുവരെ 65750 കർഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2016-17-ൽ കേന്ദ്രസർക്കാർ നെല്ലിന്റെ അടിസ്ഥാന താങ്ങുവില കിലോയ്ക്ക് 14.70 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംഭരണവില വർദ്ധിപ്പിക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 2017 മാർച്ച് 31-വരെ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് നൽകുന്നതിനാവശ്യമായ തുകയ്ക്കായി 2016-17-ലെ ബഡ്ജറ്റിൽ 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നെല്ലിന്റെ താങ്ങുവില ആഴ്ചതോറും കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് ഈ പീരിയഡിൽ ഒക്ടോബർ 1 മുതലാണ് അനുവാദം ഉണ്ടായിരുന്നത്. കൃഷിക്കാരുടെ ആവശ്യം പരിഗണിച്ച് കൊയ്ത്ത് അഡ്വാൻസായി നടക്കുന്നതുകൊണ്ട് ആ തീയതി അഡ്വാൻസ് ചെയ്തുതരണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടപ്പോൾ അതിനുള്ള അനുമതി ലഭിക്കുകയുണ്ടായി. 22-ാം തീയതി മുതൽ പാലക്കാട് ജില്ലയിൽനിന്നും നെല്ല് സംഭരിച്ച് തുടങ്ങിയിട്ടുണ്ട്. കൃഷിക്കാർ സപ്ലൈകോയിൽ നെല്ല് സംഭരിക്കുന്നതിനിടയിൽ മില്ലുടമകൾക്ക് നൽകേണ്ടിവരുന്ന ഹാൻഡ്‍ലിംഗ് ചാർജിന്റെ പ്രശ്നം ഉൾപ്പെടെയുള്ളവ ചർച്ച ചെയ്യുന്നതിനായി 28-ാം തീയതി മില്ലുടമകളുടെ മീറ്റിംഗ് വിളിച്ചിട്ടുണ്ട്. ആ സന്ദർഭത്തിൽ പ്രസ്തുത വിഷയത്തിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (7) ഓപ്പൺ യൂണിവേഴ്സിറ്റി

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, കേരളത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കേരളം പ്രൈമറി/സെക്കണ്ടറി വിദ്യാഭ്യാസ രംഗത്തും സാക്ഷരതയുടെയും സ്ത്രീ വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ വളരെ മുന്നിൽനിൽക്കുന്ന സംസ്ഥാനമാണെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ന് കേരളം ഈ രംഗത്ത് പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ പരിശോധിച്ചാൽ കേരളം പതിനാലാം സ്ഥാനത്താണെന്ന് കാണാം. കേരളത്തിന്റെ തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ നമ്മളെക്കാൾ വളരെ

ഭേദപ്പെട്ട അവസ്ഥയിലാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നാം കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ടെന്നാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. അതുകൊണ്ടുതന്നെ കേരളത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി അനിവാര്യമായിത്തീർന്നിരിക്കുകയാണ്. അതുവഴി വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സാധ്യതകളും പരിഷ്കാരങ്ങളും കടന്നുവരുന്നതിന് ഇടയാക്കും. മാത്രമല്ല ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സ്ട്രക്ച്ചർ പൊതുവേ നമ്മുടെ രാജ്യത്ത് വളരെ ഫ്ലെക്സിബിളാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തെക്കാൾ മികച്ച നിലവാരം പുലർത്തുന്ന പല സംസ്ഥാനങ്ങളിലും ഓപ്പൺ യൂണിവേഴ്സിറ്റികൾ പൊതുവിൽ നല്ല നിലയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പ്രമുഖ യൂണിവേഴ്സിറ്റികളിൽ പലതും ഉന്നത വിദ്യാഭ്യാസ രംഗത്തെ വർദ്ധിച്ച ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല എന്നതുകൂടി നാം കാണണം. മനുഷ്യ വിഭവശേഷിയുടെ കാര്യത്തിൽ കേരളം മുന്നിലാണ്. അതുകൊണ്ടുതന്നെ നമുക്ക് ഈയൊരു സാധ്യത പ്രയോജനപ്പെടുത്താൻ കഴിയേണ്ടതായിട്ടുണ്ട്. മാത്രമല്ല ഹയർസെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞാൽ തൊഴിൽ മേഖലയിലേക്കാണ് ആളുകൾ കടന്നുപോകുന്നത്. വിദേശത്തേക്കുപോകുന്നവരിലും ഗണ്യമായ ഒരു വിഭാഗം ഹയർസെക്കണ്ടറി പഠനം കഴിഞ്ഞവരാണ്. അത്തരം ആളുകൾക്ക് ഡിഗ്രി എടുക്കുന്നതിനുള്ള അവസരമാണ് ഓപ്പൺ യൂണിവേഴ്സിറ്റിയിലൂടെ യഥാർത്ഥത്തിൽ ഉണ്ടാകുന്നത്. ഇത് അവരുടെ തൊഴിൽമികവും മൂല്യബോധവും വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും. ആയതിനാൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വളരെ ശ്ലാഘനീയമായ നടപടികൾക്ക് തുടക്കംകുറിച്ച കേരള സർക്കാർ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കാൻ തയ്യാറാകണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേരളത്തിൽ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് നിലവിലുള്ള യൂണിവേഴ്സിറ്റികൾ ഉപയോഗപ്രദമാണ്. എന്നാൽ വിദൂര വിദ്യാഭ്യാസം നിർത്തലാക്കിയ സാഹചര്യത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റി എന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## (8) ബിരുദ വിഭാഗത്തിൽ സയൻസ് വിഷയങ്ങൾക്ക് സീറ്റ് വർദ്ധിപ്പിക്കൽ

ശ്രീ. എം. സ്വരാജ് : ബഹുമാന്യനായ സ്പീക്കർ, കേരളത്തിലെ ബിരുദ വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ ഉളവായിട്ടുള്ള ഗൗരവകരമായ പ്രശ്നത്തെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കേരളത്തിൽ ബിരുദ പ്രവേശനത്തിന് അഭൂതപൂർവ്വമായ തിരക്കാണ് ഈ അദ്ധ്യയന വർഷം അനുഭവപ്പെട്ടത്. മുൻകാലങ്ങളിൽ സ്വാശ്രയ മേഖലയിൽ അശാസ്ത്രീയമായ രീതിയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചതിനെത്തുടർന്ന് പ്ലസ്ടുവിന് ശേഷം എഞ്ചിനീയറിംഗ് പഠനത്തിനായി കുത്തൊഴുക്ക് അനുഭവപ്പെട്ടിരുന്നു.

ഈ രീതിയിലുള്ള പഠനം പ്രായോഗികമായി പൂർത്തിയാക്കാൻ സാധിക്കുകയില്ലെന്ന തിരിച്ചറിവുണ്ടായതിനെത്തുടർന്ന് ആ ഒഴുക്ക് കുറഞ്ഞിരിക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനത്തിന് ആളില്ലാതെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സ്ഥിതി ഇതിനോടകം കേരളം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ബിരുദ കോഴ്സുകളിൽ ചേരാനാണ് കുട്ടികൾ കൂടുതൽ താൽപ്പര്യം പ്രകടിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ബിരുദ കോഴ്സുകളിലേക്കുള്ള അപേക്ഷകരുടെ എണ്ണം വർദ്ധിക്കുന്ന സ്ഥിതി നിലനിൽക്കുകയാണ്. ഇതിൽ ആർട്സ് വിഷയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അംഗീകൃത കോളേജുകളിൽ പ്രവേശനം ലഭിച്ചിട്ടില്ലെങ്കിലും പ്രൈവറ്റ് മേഖലയിൽ രജിസ്റ്റർചെയ്ത് പഠിക്കാൻ സാധിക്കുന്ന സ്ഥിതി ഇന്ന് സംസ്ഥാനത്തുണ്ട്. എന്നാൽ സയൻസ് കോഴ്സുകളിൽ ഇങ്ങനെയൊരു സാഹചര്യമില്ല. അവർക്ക് കോളേജുകളിൽ പ്രവേശനം ലഭിച്ചാൽ മാത്രമേ പഠിക്കാൻ സാധിക്കൂ. ഈ തിരക്ക് പരിഗണിച്ചാണ് സയൻസ് വിഷയങ്ങളിൽ ഇരുപത് ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനമെടുത്തത്. എന്നാൽ ആ തീരുമാനം പല കോളേജുകളും നടപ്പാക്കാത്ത സ്ഥിതിയാണുള്ളത്. തലസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട യൂണിവേഴ്സിറ്റി കോളേജിൽപ്പോലും ഈ സർക്കാർ തീരുമാനം നടപ്പാക്കാൻ തയ്യാറായിട്ടില്ല. അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയാണ് പല കോളേജുകളും ഈ തീരുമാനം നടപ്പാക്കാതിരിക്കാനുള്ള കാരണമായി പറയുന്നത്. പക്ഷേ യൂണിവേഴ്സിറ്റി കോളേജിന്റെ കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. നൂറ് കോടിയോളം രൂപ വികസനത്തിനായി പ്രത്യേകം മാറ്റിവച്ചിട്ടുള്ളതും എല്ലാ അടിസ്ഥാനസൗകര്യങ്ങളുമുള്ള കോളേജാണത്. സർക്കാരിന്റെ നിർദ്ദേശങ്ങൾ പൂർണ്ണമായി അവഗണിച്ച് സ്വയംഭരണ റിപ്പബ്ലിക്കുകളെന്നപോലെ തന്നിഷ്ടപ്രകാരം കോളേജുകൾ കൊണ്ടുപോകാനാണ് അവിടത്തെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാകുന്നത്. ഇത് വിദ്യാർത്ഥികളെ ദ്രോഹിക്കുന്ന നടപടിയാണ്. വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും താല്പര്യങ്ങളെ മാനിച്ചുകൊണ്ടുള്ള ഒരു നിലപാടല്ല ഇത്. ഇത്തരത്തിൽ നിലപാട് സ്വീകരിക്കുന്ന അധികാരികൾക്കെതിരെ അടിയന്തര നടപടി സ്വീകരിക്കണം. സർക്കാർ എടുത്ത തീരുമാനം ഈ അദ്ധ്യയനവർഷം തന്നെ നടപ്പിലാക്കാനും അതുവഴി ഇപ്പോൾ സയൻസ് ബിരുദപഠനത്തിനുവേണ്ടി കൂടുതലായി വന്നിട്ടുള്ള അപേക്ഷകരെക്കൂടി കോളേജുകൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കാനും അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, കോളേജുകളിൽ നിലവിലുള്ള ഭൗതികസാഹചര്യമുപയോഗിച്ച് സർക്കാരിന് അധിക സാമ്പത്തികബാധ്യത ഉണ്ടാകാത്ത വിധത്തിലുള്ള സീറ്റ് വർദ്ധനവിനാണ് സർക്കാർ അംഗീകാരം നൽകുന്നത്.

സീറ്റ് വർദ്ധനവ് സംബന്ധിച്ച് യൂണിവേഴ്സിറ്റിയിൽനിന്നും അംഗീകാരം ലഭ്യമാകേണ്ടതുണ്ട്. സീറ്റ് വർദ്ധനവിന് കോളേജ് പ്രിൻസിപ്പൽമാർ യൂണിവേഴ്സിറ്റിയിലാണ് അപേക്ഷ സമർപ്പിക്കുന്നത്. അതത് കോളേജുകളുടെ ഭൗതികസാഹചര്യങ്ങൾക്കനുസൃതമായി മാത്രമേ സീറ്റ് വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. സയൻസ് വിഷയങ്ങളിൽ ലബോറട്ടറികളുടെ അപര്യാപ്തതകാരണം സീറ്റ് വർദ്ധനവ് പ്രായോഗികമാക്കുന്നതിൽ ചില ബുദ്ധിമുട്ടുകളുണ്ട്. എങ്കിലും ഭൗതികസാഹചര്യം ലഭ്യമായ എല്ലാ കോളേജുകളിലും യൂണിവേഴ്സിറ്റിയുടെ അനുമതിയോടുകൂടി സീറ്റ് വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. എവിടെയെങ്കിലും നടപ്പിലാക്കാത്ത സാഹചര്യമുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

## (9) ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കലും കോഴ്സുകൾ അനുവദിക്കലും

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, എന്റെ മണ്ഡലത്തിലെ ഏക സർക്കാർ കോളേജാണ് മൊകേരി ഗവൺമെന്റ് കോളേജ്. വടകര താലൂക്കിലെ കിഴക്കൻ മേഖലയിൽ പ്രവർത്തിക്കുന്ന ഇരുപതിൽപ്പരം ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്ന് പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയമാണ് ഈ കോളേജ്. നിലവിൽ നാല് ഡിഗ്രി കോഴ്സുകളും (ഹിസ്റ്ററി, മാത്തമാറ്റിക്സ്, ഇംഗ്ലീഷ്, ബി.ബി.എ.) ഇംഗ്ലീഷിലും മാത്തമാറ്റിക്സിലുമായി രണ്ട് പി.ജി. കോഴ്സുകളുമാണ് കോളേജിലുള്ളത്. ഒറ്റ സയൻസ് കോഴ്സ് പോലുമില്ല. ഇത് സയൻസ് ഐച്ഛികവിഷയമായി എടുത്ത് ഹയർ സെക്കണ്ടറി പഠനം പൂർത്തിയാക്കുന്ന, ഈ മേഖലയിലെ സാധാരണക്കാരിൽ സാധാരണക്കാരായ കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും മക്കളായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് വിഘാതമായിനിൽക്കുന്നു. 1999-2000 വർഷത്തിൽ ബി.ബി.എ. കോഴ്സ് അനുവദിച്ചതിനുശേഷം 17 വർഷമായി ഒറ്റ ബിരുദ കോഴ്സും ഈ കോളേജിൽ അനുവദിച്ചുകിട്ടിയിട്ടില്ല. പുതുതായി നിർമ്മിച്ച സയൻസ് ബ്ലോക്ക് ഒഴിഞ്ഞുകിടക്കുകയാണ്. പ്രവർത്തനമാരംഭിച്ച് മൂന്നര പതിറ്റാണ്ട് പിന്നിടുമ്പോഴും ഇതിനേക്കാൾ പരിതാപകരമാണ് ഭൗതിക സാഹചര്യങ്ങളുടെ അവസ്ഥ. 2013-ൽ G.O.(Rt) 978/13/H.Edn. Dated 31-5-2013 എന്ന നമ്പറിൽ ചുറ്റുമതിൽ നിർമ്മാണത്തിന് അനുവദിച്ച 20 ലക്ഷം രൂപയുടെ പ്രവൃത്തി യഥാസമയം നടത്താൻ കഴിയാത്തതിനാൽ തുക വിനിയോഗിക്കാൻ കഴിഞ്ഞില്ല. അത് ഏതാണ്ട് നഷ്ടപ്പെട്ട സ്ഥിതിയിലാണ്. എ.എസ്. പുതുക്കാനായി പുതിയ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പുതുക്കിക്കിട്ടിയാലും ആ തുകയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനാവില്ല. അഞ്ഞൂറോളം പെൺകുട്ടികൾ പഠിക്കുന്ന കോളേജിൽ വൃത്തിഹീനമായ രണ്ട്

ടോയ്‌ലെറ്റുകളാണുള്ളത്. കോളേജ് NAAC ടീം വിസിറ്റ് ചെയ്യാൻ പോകുകയാണ്. അക്കാദമിക് രംഗത്തെ മികവും ഭൗതിക സൗകര്യവും NAAC ടീമിന്റെ പരിശോധനയിലെ രണ്ട് പ്രധാന ഘടകങ്ങളാണെന്ന് കോളേജ് പ്രൊഫസർ കൂടിയായ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കറിയാമല്ലോ; ഈ അവസരത്തിൽ ബി.എസ്‌സി. (ഫിസിക്സ്, കെമിസ്ട്രി, സുവോളജി), ബി.എ. (മലയാളം) എന്നീ ഡിഗ്രി കോഴ്സുകളും എം.കോം, എം.എ. (ഹിസ്റ്ററി) എന്നീ പി.ജി. കോഴ്സുകളും കോളേജിന് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഭൗതിക സാഹചര്യ വികസനത്തിനായി പരമാവധി ഫണ്ട് അനുവദിക്കുകയും വേണം. കൂടാതെ കോളേജിന്റെ മൊത്തത്തിലുള്ള കാര്യങ്ങൾ വിലയിരുത്തുന്നതിനായി അങ്ങയുടെ സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് ഈ സഭാവേളയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, പ്രിൻസിപ്പൽ, NAAC കോ-ഓർഡിനേറ്റർ, പി.റ്റി.എ. പ്രസിഡന്റ് എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു ജനപ്രതിനിധി എന്ന നിലയിൽ ആ മണ്ഡലത്തിൽ എത്തിയശേഷം കഴിഞ്ഞ ഏതാനും മാസങ്ങൾക്കിടയിൽ കോളേജ് പ്രിൻസിപ്പൽ, പി.റ്റി.എ. ഭാരവാഹികൾ, പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഞാൻ വിളിച്ചുചേർത്ത നാല് യോഗങ്ങളിൽനിന്നാണ് ഇത്രയും കാര്യങ്ങൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിനാൽ സർക്കാർ ഭാഗത്തുനിന്ന് ശക്തമായ ഇടപെടൽ ഉണ്ടെങ്കിൽ മാത്രമേ ഈ കലാലയത്തെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കു എന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, 1987-ൽ ആരംഭിച്ച മൊകേരി ഗവൺമെന്റ് കോളേജിൽ ബി.എ. (ഹിസ്റ്ററി), ബി.എസ്‌സി. (മാത്തമാറ്റിക്സ്), ബി.എ. (ഫങ്ഷണൽ ഇംഗ്ലീഷ്), ബി.ബി.എ. എന്നിങ്ങനെ നാല് ബിരുദ കോഴ്സുകളും എം.എ. (ഇംഗ്ലീഷ്), എം.എസ്‌സി. (മാത്തമാറ്റിക്സ്) എന്നിങ്ങനെ രണ്ട് ബിരുദാനന്തരബിരുദ കോഴ്സുകളുമാണുള്ളത്. സയൻസ് ഐച്ഛികവിഷയമായി എടുത്ത് ഹയർ സെക്കണ്ടറി പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് മതിയായ സൗകര്യം ഈ കോളേജിൽ ലഭ്യമല്ലാത്ത സ്ഥിതിവിശേഷമുണ്ട്. സയൻസ് കോഴ്സുകൾ അനുവദിക്കുകയാണെങ്കിൽ അതിനാവശ്യമായ അനുബന്ധസൗകര്യങ്ങൾ, ലാബ്, ക്ലാസ്സ് മുറി തുടങ്ങിയവ ആവശ്യമാണ്. ഈ കോളേജിൽ പുതുതായി ബി.എസ്‌സി. (കെമിസ്ട്രി), ബി.എ. (മലയാളം), എം.കോം എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. അധിക സാമ്പത്തിക ബാധ്യതയുണ്ടാകാതെ മേൽപ്പറഞ്ഞ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## VII മേശപ്പുറത്തുവച്ച കടലാസ്സുകൾ

### I. 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ഓർഡിനൻസ് (2016-ലെ 6-ാം നമ്പർ ഓർഡിനൻസ്)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2016 ആഗസ്റ്റ് 19-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തിയ 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ഓർഡിനൻസ് (2016-ലെ 6-ാം നമ്പർ ഓർഡിനൻസ്) ഭരണഘടനയുടെ 213 (2) പ്രകാരം ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

### II. ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 3071, പന്ത്രണ്ടാം സമ്മേളനത്തിലെ 2104, പതിമൂന്നാം സമ്മേളനത്തിലെ 8, 12, പതിനാറാം സമ്മേളനത്തിലെ 3163, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 34, 103, 1368 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

2. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരളനിയസഭയുടെ പതിനാറാം സമ്മേളനത്തിലെ 1696, 1721, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 160 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

3. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 257-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാത്തതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VIII റിപ്പോർട്ട് സമർപ്പണം

### (1) കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒന്നാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (2) ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ ഒന്നാമത് റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് ബഹുമാനപ്പെട്ട സമിതി ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

### (3) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ഒന്നാമത് റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ ഒന്നാമത് റിപ്പോർട്ട്

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(5) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ഒന്നാമത് റിപ്പോർട്ട്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(6) വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ഒന്നാമത് റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(7) വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ട്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(8) സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ഒന്നാമത് റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(9) തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ട്

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(10) വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ ഒന്നാമത് റിപ്പോർട്ട്

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(11) ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ഒന്നാമത് റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(12) ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII ന്റെ ഒന്നാമത് റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർപേഴ്സണായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(13) സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII ന്റെ ഒന്നാമത് റിപ്പോർട്ട്

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(14) ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV- ന്റെ ഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ചെയർമാനായ ഞാൻ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി.സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## IX നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രിക്ക് 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

# X ക്രമപ്രശ്നം

## (1) ബിൽ നിയമവിരുദ്ധമാണെന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ : സർ, ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ഇതിൽ പ്രധാനമായും എന്റെ തടസ്സവാദം, ആക്ടുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ചട്ടത്തെ സംബന്ധിച്ച് ഒന്നാം സമ്മേളനത്തിൽ ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി. അതിലിടപെട്ട് 18-7-2016 -ൽ ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞത്, ദേവസ്വം ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാക്കാൻ സർക്കാർ നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതിനാൽ ഭാവിയിൽ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ടിനും ചട്ടങ്ങൾക്കും പ്രസക്തിയില്ലാതായി മാറിയിട്ടുണ്ട് എന്നാണ്. അങ്ങനെ പ്രസക്തിയില്ലാതായി എന്ന് വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചതിനുശേഷം, പ്രസക്തിയില്ലാത്ത ആക്ടിന് ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ഈ ബിൽ ഒരിക്കലും നിയമപരമായി നിലനിൽക്കുന്നതല്ല, ഇത് സഭയോടുള്ള അവഗണനയാണ്. നയപരമായ മാറ്റം ഗവൺമെന്റിന് എപ്പോഴും സ്വീകരിക്കാവുന്നതാണ്. പക്ഷേ പ്രസ്തുത ആക്ടും ചട്ടങ്ങളും ഇല്ലാതായി എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു എന്നുള്ളതാണ് നയപരമായ മാറ്റമായി അദ്ദേഹം സൂചിപ്പിച്ചത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പി.എസ്.സി.-ക്ക് വിടാനുള്ള നയപരമായ തീരുമാനമെടുക്കാം. പക്ഷേ അത്തരത്തിലൊരു തീരുമാനം എടുത്തശേഷം, ഈ ബില്ലിന് പ്രസക്തിയില്ല എന്നുപറഞ്ഞതിനുശേഷം, പ്രസക്തിയുണ്ട് എന്ന രീതിയിൽ രണ്ടാമത് ഭേദഗതിയുമായി വന്നിരിക്കുകയാണ്. ഇങ്ങനെ ഒരു നയമാറ്റം ഉണ്ടാകാനുള്ള കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കേണ്ടതാണ്. അതില്ലാത്തിടത്തോളം കാലം ഈ ബിൽ നിലനിൽക്കുന്നതല്ല എന്നതാണ് ഞാൻ ഉന്നയിക്കുന്ന പ്രധാനപ്പെട്ട ഒബ്ജക്ഷനിൽ ഒന്ന്.

രണ്ടാമത്, ഈ ബില്ലിന്റെ 6-ാം വകുപ്പ് സംബന്ധിച്ച അവ്യക്തതയാണ്. ഈ ഭേദഗതി ബില്ലിൽ 6-ാം വകുപ്പിൽ "ബോർഡിലെ നിലവിലുള്ള ചെയർപേഴ്സണെയും അംഗങ്ങളെയും സംബന്ധിച്ച പ്രത്യേക അവസ്ഥ-പ്രധാന ആക്ടിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്റെ നിലവിലുള്ള ചെയർപേഴ്സണും അംഗങ്ങളും 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്ടിന്റെ പ്രാരംഭ തീയതി മുതൽ അപ്രകാരമുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നതല്ലാതായി

തീരുന്നതാണ്.' എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ ബില്ലിൽ പ്രത്യേകിച്ച് ഒരു ആറാം വകുപ്പുണ്ട്. ഈ ഭേദഗതി ബിൽ പാസ്സായി വരികയാണെങ്കിൽ രണ്ട് ആറാം വകുപ്പ് ഇതിൽ ഉണ്ടാകും. ഈ ആറാം വകുപ്പിന്റെ സ്ഥാനം എവിടെയാണെന്ന് സൂചിപ്പിച്ചിട്ടില്ല. അതിനുള്ള ക്രമീകരണം നടത്തിയിട്ടില്ല. പേരന്റ് ആക്ടിൽ ഒരു ഭേദഗതി നിലവിലുണ്ട്. അല്ലെങ്കിൽ ആറാമത്തെ വകുപ്പ് എടുത്തുമാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കണമായിരുന്നു. രണ്ട് ആറാം വകുപ്പുകൾ ഒരു ബില്ലിൽ കൊണ്ടുവരാൻ സാധിക്കുകയില്ല.

അടുത്തതായി, ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സ്പെഷ്യൽ റൂൾ ഉണ്ടാക്കാത്തതിനാൽ ദേവസ്വം ബോർഡുകളിൽ നിയമനം നടത്താൻ കാലതാമസമുണ്ടാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ബിൽ പാസ്സായി വന്നാലും സ്പെഷ്യൽ റൂൾ വേണം. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാതിരിക്കാൻ ഉണ്ടായ നയവ്യതിയാനത്തിന്റെ കാരണമായി മന്ത്രി പറഞ്ഞിരിക്കുന്നത് കാലതാമസമുണ്ടാക്കുമെന്നാണ്. കഴിഞ്ഞ നിയമസഭ പിരിഞ്ഞിട്ട് എഴുപത് ദിവസമായി. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഈ എഴുപത് ദിവസം കൊണ്ട് സ്പെഷ്യൽ റൂൾ കൊണ്ടുവരാമായിരുന്നു. ഇനി നിയമനത്തിനുള്ള കാലതാമസമാണ് പ്രശ്നമെങ്കിൽ ഇതിനകത്തുതന്നെ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കണമായിരുന്നു. സ്പെഷ്യൽ റൂൾ ഉണ്ടാക്കാത്തത് കാലതാമസമായി എന്നുപറയുന്നതിന് യാതൊരു അർത്ഥവുമില്ല. മാത്രമല്ല ഈ ആറാം വകുപ്പും അഞ്ചാം വകുപ്പും യോജിച്ചുപോകുകയില്ല. ആറാം വകുപ്പിന് തികച്ചും വിരുദ്ധമായി അഞ്ചാം വകുപ്പിൽ എങ്ങനെയാണ് അംഗങ്ങളെ ഒഴിവാക്കേണ്ടതെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. അവർ നോട്ടീസ് കൊടുക്കണമെന്നും അവരെ കേൾക്കണമെന്നും മറ്റും പറഞ്ഞിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : ശ്രീ. എം. ഉമ്മർ, അങ്ങ് ചെയറിന് എഴുതി സമർപ്പിച്ച തടസ്സവാദത്തിൽ ഈ കാര്യങ്ങളുണ്ടായിരുന്നോ?

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഡീറ്റെയിൽഡായി എഴുതി സമർപ്പിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചത് ഇതിന്റെ ഭാഗങ്ങളിൽപ്പെട്ടവയാണ്. ഇത് കൃത്യമായും നിയമവിരുദ്ധമായ കാര്യങ്ങളാണ്. അതുകൊണ്ടാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്.

ബില്ലിലെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ചെലവ് ചുരുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ആറംഗങ്ങൾ ഉള്ളത് മൂന്നാക്കിയാണ് ചെലവ് ചുരുക്കുന്നത്. ചെലവ് ചുരുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ ഒറ്റ ഭേദഗതി കൊണ്ടുവന്നാൽ മതിയായിരുന്നു. ആറുപേർക്കുപകരം മൂന്നുപേരെ നീക്കം ചെയ്യാനുള്ള ഭേദഗതി കൊണ്ടുവന്നാൽ

മതിയായിരുന്നു. അത് ചെയ്തിട്ടില്ല. ഇതിന്റെ ഉദ്ദേശ്യം എന്നുപറയുന്നത് കൃത്യമായി ചെലവ് ചുരുക്കലല്ല, നിലവിലുള്ള നിയമത്തിൽ അഞ്ചാമത്തെ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യത്തിനെതിരായി ഒരു ആറാം വകുപ്പ് പ്രത്യേകമായി ഡബിൾ ചെയ്ത് കൊണ്ടുവരികയും ചെയ്യുന്നു. നിലവിലുള്ള നിയമത്തിന് വിരുദ്ധമായി രണ്ട് വകുപ്പുകൾ നിലനിൽക്കുകയാണ്. അതുകൊണ്ടുതന്നെ ഈ ബിൽ നിലനിൽക്കുകയില്ല. ചെലവ് ചുരുക്കാൻ ബഹുമാനപ്പെട്ട മന്ത്രിമാർ... നിയമവകുപ്പുമന്ത്രി എന്റെ വാക്ക് വേദവാക്യമായി എടുക്കേണ്ടതില്ല. സ്പീക്കറാണ് തീരുമാനിക്കേണ്ടത്. മന്ത്രി ഒബ്ജക്ഷൻ പറഞ്ഞുകഴിഞ്ഞാൽ ....

<u>മി. സ്പീക്കർ</u> : അങ്ങ് ചെയറിന് എഴുതി സമർപ്പിച്ച തടസ്സവാദങ്ങൾ ഇവിടെ അവതരിപ്പിക്കാം. ഇവിടെ ചർച്ച നടത്തേണ്ട, അതു ശരിയല്ല.

<u>ശ്രീ. എം. ഉമ്മർ</u> : സർ, അങ്ങാണ് ഇത് ചെയ്യേണ്ടത്. ഞങ്ങൾക്ക് ഇതിലൊന്നും ചെയ്യാനില്ല. ഞങ്ങൾ പറയുന്നത് വേദവാക്യമായി എടുക്കേണ്ടതില്ലെന്നുപറഞ്ഞ മന്ത്രിമാർ ഉണ്ടാകുമ്പോൾ, അത്തരമൊരു നിലപാടാണെങ്കിൽ ഒന്നുംപറയാനില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഈവക നിയമകാര്യങ്ങൾ പരിശോധിച്ച് ഇത് അവതരിപ്പിക്കാൻ അനുമതി നൽകരുതെന്ന ഒബ്ജക്ഷനാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ബഹുമാനപ്പെട്ട അംഗം എം. ഉമ്മർ ഉന്നയിച്ച വിഷയം തന്നെയാണ് ഞാനിവിടെ അങ്ങേക്ക് തന്ന നോട്ടീസിൽ എഴുതിത്തന്നിട്ടുള്ളത്. മുഴുവൻ റിക്രൂട്ട്മെന്റും പി.എസ്.സി.-ക്ക് വിടാനുള്ള നയപരമായ ഒരു തീരുമാനം സർക്കാർ എടുക്കുന്നു. നയപരമായി എടുക്കുന്ന ആ തീരുമാനം, കൺസേണ്ട് മന്ത്രി നിയമസഭയിൽ പ്രഖ്യാപിക്കുന്നു. നിയമസഭയിൽ കൃത്യമായി പറഞ്ഞതാണ് 'നിയമനങ്ങൾ ഇനി പി.എസ്.സി.-ക്ക് വിടാൻ പോകുകയാണെന്നും ഈ ആക്ടിനും ഈ റൂളിനും യാതൊരു പ്രസക്തിയും ഭാവിയിൽ ഉണ്ടാകുകയില്ല എന്നും'. അതിനുള്ള വലിയ വ്യതിയാനമാണ് ഈ ബിൽ വീണ്ടും നിയമസഭയുടെ മുന്നിൽ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്നത്. ഒരു സ്റ്റേറ്റ്മെന്റ് പോലും ഇല്ലാതെയാണ് ഈ വലിയ വ്യത്യാസം വരുന്നത്. നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉറപ്പിന് വിരുദ്ധമായ കാര്യമാണ് അദ്ദേഹം കൊണ്ടുവന്നിരിക്കുന്നത്. ആ ഉറപ്പിന് മതിയായ കാരണങ്ങളില്ലാതെയാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഈ ബിൽ പാസ്സായ സമയത്ത് ഇവിടെ ഉന്നയിക്കപ്പെട്ട ആരോപണം ജാതി-മതശക്തികൾക്ക് കീഴടങ്ങിയിട്ടാണ് ഈ ബിൽ യു.ഡി.എഫ്. സർക്കാർ പാസ്സാക്കിയിരിക്കുന്നത് എന്നാണ്. അതുകൊണ്ടാണ് അവരെല്ലാവരും അന്ന് എതിർത്തത്. ഇപ്പോൾ അതേ നയത്തിൽതന്നെ തൂങ്ങിനിന്നുകൊണ്ട്, അതേ നയസമീപനംതന്നെ

തുടർന്നുകൊണ്ട്, ഏത് ജാതി-മതശക്തികൾക്ക് കീഴടങ്ങിയിട്ടാണ് ഇപ്പോൾ ഈ റിക്രൂട്ട്മെന്റ് ബോർഡ് ബിൽ വീണ്ടും സഭയിൽ കൊണ്ടുവരാൻ പോകുന്നതെന്ന് വ്യക്തമാക്കേണ്ട ചുമതല ബിൽ പൈലറ്റ് ചെയ്യുന്ന മന്ത്രിക്കുണ്ട്. ഇതെല്ലാം ഈ സഭയുടെ റിക്കാർഡിലുള്ള കാര്യങ്ങളാണ്. എഴുതിത്തരാത്ത ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇത് വീണ്ടും restructure ചെയ്യേണ്ടതുണ്ട് എന്നുള്ളതാണ്. അക്കാര്യം ബില്ലിന്റെ ചർച്ചാവേളയിൽ അവതരിപ്പിക്കാം എന്നുമാത്രം സൂചിപ്പിക്കുന്നു. ഈ സഭയിൽ നൽകിയ ഉറപ്പിന്റെ ഗുരുതരമായ ലംഘനം ഈ വിഷയത്തിൽ നടന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുള്ള വിശദീകരണം നൽകണം. അതുകൊണ്ട് ഇപ്പോൾ ഈ ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത് ഓർഡറിലല്ല എന്ന് വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഇവിടെ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് പറയുകയാണെങ്കിൽ, നയപരമായി ഒരു മാറ്റവും വരുത്തിയിട്ടില്ല. നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് 2007-ൽ തന്നെ അന്നത്തെ ഗവൺമെന്റ് വിട്ടതാണ്. എന്നാൽ ദേവസ്വം ബോർഡിന്റെ എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിട്ടിരുന്നില്ല. ഭരണവിഭാഗം നിയമനങ്ങൾ മാത്രമേ അന്ന് പി.എസ്.സി.-ക്ക് വിട്ടിരുന്നുള്ളൂ. ക്ഷേത്രാചാര പ്രകാരമുള്ള ഏറെ തസ്തികകളുടെ നിയമനം ദേവസ്വം ബോർഡുതന്നെ കൈകാര്യം ചെയ്യേണ്ട സാഹചര്യമാണ് 2007-ൽ ഉണ്ടായിരുന്നത്. അതിന്റെ നടപടിക്രമങ്ങൾ നടന്നുവരികയായിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് ആ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയി. പി.എസ്.സി.-യുമായും സംഘടനകളുമായും നിരവധി തവണ കൂടിയാലോചിച്ച് ഏതാണ്ട് സ്പെഷ്യൽ റൂൾസിന്റെ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്ന ഒരു സന്ദർഭമുണ്ടായിരുന്നു. അപ്പോഴാണ് ദൗർഭാഗ്യത്തിന് യു.ഡി.എഫ്. അധികാരത്തിൽ വന്നത്. അത് തുടർന്നുകൊണ്ടുപോകുന്നതിനു പകരം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ട നടപടി ഫ്രീസ് ചെയ്തു. അതുമായി മുന്നോട്ടുപോകാൻ അവർ തയ്യാറായില്ല. ആ സാഹചര്യത്തിലാണ് 2014-ൽ യു.ഡി.എഫ്. ജാതി-മതശക്തികൾക്ക് വഴങ്ങിയോ മറ്റ് താല്പര്യങ്ങൾക്ക് വഴങ്ങിയോ ഏതായാലും ഒരു ജംബോ ബോർഡ് സൃഷ്ടിക്കാൻ തീരുമാനിച്ചു. സത്യസന്ധമായി പറഞ്ഞാൽ ജംബോ ബോർഡ് ഒരു വെള്ളാന തന്നെയാണ്. പ്രതിമാസം 5,29,335 രൂപാ വീതം 63,52,020 രൂപയാണ് ഒരു വർഷത്തെ ബോർഡ് മെമ്പർമാരുടെ ശമ്പളച്ചെലവ്. ജീവനക്കാരുടെ തസ്തികകൾക്കുള്ള ചെലവ് 1.44 കോടി രൂപയാണ്. ദേവസ്വം ബോർഡ് എന്നുപറയുന്നത് ഒരു ചെറിയ റിക്രൂട്ട്മെന്റ് ബോർഡാണ്. ആകെ നടത്തേണ്ടിവരുന്ന നിയമനങ്ങളുടെ

എണ്ണം ഞാൻ പറയാം. അങ്ങനെയൊരു ബോർഡ് ശമ്പളം വാങ്ങിക്കുകയല്ലാതെ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെ അവിടെ ഒരു നിയമനവും നടത്താൻ തയ്യാറായിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പൊതുവായ സാഹചര്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് 2007-ലെടുത്ത കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ട നടപടികളുമായി മുന്നോട്ടുപോകുമെന്ന് പ്രഖ്യാപിച്ചത്. ഈ ഗവൺമെന്റ് അതിൽനിന്ന് ഒരു നയമാറ്റവും വരുത്തുന്നില്ല. ഇന്ന് നമ്മുടെ മുന്നിൽ പ്രായോഗികമായ ഒരു പ്രശ്നം വന്നിരിക്കുകയാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ മുമ്പാകെ വിടുന്നത് സംബന്ധിച്ച ഫയൽ നിയമ വകുപ്പിന്റെ പരിഗണനയിലാണ്. ഈ ഗവൺമെന്റ് ആ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഒരു മാസംകൊണ്ടോ, ഒന്നരമാസംകൊണ്ടോ തീരുന്ന ഒരു പ്രക്രിയയല്ല, അതിന് ദീർഘനാളുകൾ വേണ്ടിവരും. നമ്മുടെ സംസ്ഥാനത്ത് അഞ്ച് ദേവസ്വം ബോർഡുകളാണുള്ളത്. നിയമനവുമായി ബന്ധപ്പെട്ട് അഞ്ച് ദേവസ്വം ബോർഡുകളും ധാരാളം കൂടിയാലോചനകൾ നടത്തേണ്ടതുണ്ട്. കഴിയുന്നത്ര വേഗത്തിൽ ഇത് പൂർത്തീകരിക്കാം. കഴിഞ്ഞ പത്തുവർഷമായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിയമനങ്ങളൊന്നും നടക്കുന്നില്ല. അതിന്റെ ഭാഗമായി അവിടെ ഭരണസ്തംഭനം നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ ഭരണസ്തംഭനം ഒഴിവാക്കാനും അത്യാവശ്യം വേണ്ട നിമനങ്ങൾ നടത്താനും ഒരു ചെറിയ സംവിധാനം ആവശ്യമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, പാരമ്പര്യപ്രകാരമുള്ള ചില നിയമനങ്ങൾ, അമ്പലത്തിലെ ചില നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ സാധിക്കില്ല. അതിനൊരു സംവിധാനം ആവശ്യമാണ്. യു.ഡി.എഫ്. ഗവൺമെന്റ് പാസ്സാക്കിയ ആ നിയമത്തിൽ ചെറിയ ചില ഭേദഗതികൾ വരുത്താനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, കഴിഞ്ഞ നിയമസഭയിൽ, ശ്രീ. വി. എസ്. ശിവകുമാർ ദേവസ്വം വകുപ്പുമന്ത്രി എന്ന നിലയിൽ ബിൽ അവതരിപ്പിച്ച് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ തീരുമാനിച്ചതും ഇതേ കാര്യംകൊണ്ടുതന്നെയായിരുന്നു. മാത്രമല്ല, നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കുമ്പോഴുണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾകൂടി കണക്കിലെടുത്തുകൊണ്ടാണ് അന്ന് റിക്രൂട്ട്മെന്റ് ബോർഡ് വച്ചത്. അങ്ങ് പറയുന്നതനുസരിച്ച് ഫയലിൽ ഇത്രയും കാലതാമസമെടുക്കുമോ? ഫയൽ എന്നത് ഒരു വ്യക്തിയുടെ ജീവിതമാണെന്നാണ് നിങ്ങൾ പറയുന്നത്. ഫയൽ നീങ്ങാൻ നാലഞ്ച് മാസമെടുക്കുമെന്ന് പറയുന്നത് വളരെ തെറ്റായൊരു കാര്യമാണ്. ഇപ്പോൾത്തന്നെ നിങ്ങൾക്ക് ദേവസ്വം റിക്രൂട്ട്മെന്റ്

ബോർഡ് നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ മുമ്പാകെ നൽകാം. നിങ്ങൾക്ക് അതല്ല ലക്ഷ്യം. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ നിയമനങ്ങൾ അവിടെത്തന്നെ തുടരാനാണെന്ന് തുറന്ന് സമ്മതിക്കാനുള്ള ആർജ്ജവം ബഹുമാനപ്പെട്ട മന്ത്രി കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അങ്ങ് തെറ്റിദ്ധരിച്ച് പറയുകയോ ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുകയോ ചെയ്യുകയാണ്. 2007-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഭരണവിഭാഗം നിയമനങ്ങൾ വിട്ടതിനുശേഷം ധാരാളം പ്രോസസ്സ് നടന്നു. നിങ്ങളുടെ നേതൃത്വത്തിലുണ്ടായിരുന്ന ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അതിനുവേണ്ടി സീരിയസ്സായി ഒന്നും ചെയ്തില്ല. 2011-ൽ നിലവിൽ വന്ന പുതിയ തിരുവിതാംകൂർ ദേവസ്വം ബോർഡ്, ഏതാണ്ട് ഒരു വർഷക്കാലംകൊണ്ടുതന്നെ കേരള പബ്ലിക് സർവ്വീസ് കമ്മിഷനുമായി എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു. അവ പൂർത്തീകരിച്ചുവരുമ്പോഴാണ് ഭരണമാറ്റമുണ്ടായത്. നിങ്ങളുടെ ഭരണകാലത്ത് അതിന്റെ തുടർനടപടികൾ സ്വീകരിച്ച് ഒരുമാസത്തിനകം കാര്യങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമായിരുന്നു. അത് ചെയ്യാതെ അട്ടത്തുവയ്ക്കുന്നതായിട്ടുള്ള നിലപാട് സ്വീകരിക്കുകയാണുണ്ടായത്. നേരത്തെ ആരംഭിച്ചതുപോലെയല്ല, ഇന്നിപ്പോൾ പുതുതായി ഈ ബിൽ ആരംഭിക്കേണ്ടിയിരിക്കുകയാണ്. അങ്ങ് വസ്തുതകളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ നിയമനങ്ങളെല്ലാം കേരള പബ്ലിക് സർവ്വീസ് കമ്മിഷന് വിടാൻവേണ്ടി 2007-ൽ ഒരു നിയമം കൊണ്ടുവന്ന് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. റൂൾസ് കൊണ്ടുവന്നിട്ടുണ്ടായിരുന്നില്ല, എന്നാണ് റൂൾസ് കൊണ്ടുവന്നത്; എത്രവർഷം കഴിഞ്ഞാണ് റൂൾസ് കൊണ്ടുവന്നത്? നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന് വിടാനുള്ള ഒരു ആത്മാർത്ഥയും നിങ്ങൾക്കുണ്ടായിരുന്നില്ല. റൂൾസ് പോലും ഉണ്ടാക്കാതെ എങ്ങനെയാണ് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയെന്ന് അങ്ങ് ഈ ഫ്ലോറിൽനിന്ന് പറയുന്നത്?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, അങ്ങ് പറഞ്ഞത് പൂർണ്ണമായും ശരിയല്ല. റൂൾസുണ്ട്, അന്നത്തെ ദേവസ്വം ബോർഡ് റൂൾസ് ഉണ്ടാക്കിയിട്ടുണ്ട്. ഗവൺമെന്റിനും റൂൾസുണ്ട്. യു.ഡി.എഫ്. നിയമിച്ച പി.എസ്.സി.-യുടെ ചെയർമാനായ ശ്രീ. എസ്. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ പുതിയ ബോർഡുമായി കൂടിയാലോചിച്ച് പി.എസ്.സി. നോട്ടിഫിക്കേഷനു വേണ്ടിയുള്ള ഡ്രാഫ്റ്റ് വന്നപ്പോഴാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, റൂൾസ് പുതിയ ഗവൺമെന്റ് വേണ്ടെന്ന് വച്ചത്. നിങ്ങൾക്ക് വേണമെങ്കിൽ രേഖകൾ പരിശോധിക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, റൂൾസ് സംബന്ധിച്ച് ബഹുമാനപ്പെട്ട ജി. സുധാകരൻ മന്ത്രി പറയുകയുണ്ടായി. സ്പെഷ്യൽ റൂൾസിനുവേണ്ടിയുള്ള എല്ലാ നടപടികളും....... ആ ഫയലുകളെല്ലാം ഇപ്പോൾ അവിടെയുണ്ട്. ....(ബഹളം).... ഞാൻ പറയട്ടെ.

മി. സ്പീക്കർ : വിശദമായ ചർച്ചയ്ക്ക് അവസരമുണ്ട്. തടസ്സവാദങ്ങൾ സംബന്ധിച്ചുള്ള വിശദീകരണം മാത്രമാണിത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അന്ന് ആകെ വേണ്ടിയിരുന്നത് അസാധാരണ ഗസറ്റ് വിജ്ഞാപനം വരിക എന്നുള്ളതായിരുന്നു. അതുവരെ അവിടെ വന്നിട്ടുണ്ട്. അങ്ങേയ്ക്ക് പരിശോധിക്കാം. ....(ബഹളം).... സ്പെഷ്യൽ റൂൾസിനുവേണ്ടിയുള്ള കൂടിയാലോചനകളുടെ ഫയലുകളെല്ലാം തിരുവിതാംകൂർ ദേവസ്വം ബോർഡിലുണ്ട്. അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിക്കുക എന്നുള്ളതാണ് അവസാനഘട്ടം. നമ്മുടെ ദൗർഭാഗ്യത്തിനാണ് അന്ന് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. അങ്ങയുടെ പാർട്ടി ആ നടപടി സ്വീകരിക്കാൻ ശ്രമിക്കാതെ അതിനെ അവസാനിപ്പിക്കുകയും മൂന്നുവർഷക്കാലം കാത്തിരിക്കുകയും അതിനുശേഷം സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരികയുമാണുണ്ടായത്. അതും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല. ഈ തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നവയല്ല എന്നാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീ. വി. ഡി. സതീശൻ : സർ, ഈ ചട്ടവും നിയമവും ഇല്ലാതാകുമെന്നുള്ളതിന് മറുപടി നൽകിയില്ല.

## റൂളിംഗ്

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ ചട്ടം 71 പ്രകാരമാണ് ചെയറിന് തടസ്സവാദം എഴുതി നൽകിയിരുന്നത്. സർക്കാർ ഗസറ്റിൽ വിജ്ഞാപനംചെയ്ത സർക്കാർ ബില്ലുകൾക്ക് അവതരണാനുമതി തേടേണ്ടതില്ല. അതിനാൽ ചട്ടം 71 പ്രകാരമുള്ള അങ്ങയുടെ തടസ്സവാദം നിലനിൽക്കുന്നില്ലെന്ന് ചെയർ അറിയിക്കുകയാണ്. സാധാരണഗതിയിൽ ഭരണഘടനാവിരുദ്ധമായതോ ഗവർണറുടെ ശിപാർശ ലഭ്യമാകേണ്ടതോ ആയ ബില്ലുകളെ സംബന്ധിച്ചും അംഗങ്ങൾക്ക് കോപ്പി ലഭിക്കാത്തതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ഉയർന്നുവരുമ്പോഴും ധനകാര്യ മെമ്മോറാണ്ടം, ഉദ്ദേശ്യകാരണങ്ങളുടെ വിശദീകരണം തുടങ്ങിയവ ഇല്ലാത്ത സാഹചര്യത്തിലും ഒക്കെയാണ് സഭയുടെ കീഴ്വഴക്കപ്രകാരം തടസ്സവാദങ്ങൾ പൊതുവേ ഉന്നയിക്കാറുള്ളത്. സർക്കാരിന്റെ നയം മാറിയതായി ഇവിടെ പറഞ്ഞിട്ടില്ല.

സർക്കാർ നയത്തിൽ ഉറച്ചുനിൽക്കുന്നതായി ഇവിടെ വിശദീകരിക്കപ്പെട്ടു. നയപരമായ കാര്യങ്ങളിൽ ചെയറിന് ഇടപെടാൻ പരിമിതിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങേക്ക് 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ചില കാര്യങ്ങൾ സംസാരിക്കുന്നുണ്ട്. തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ, മലബാർ, കൂടൽമാണിക്യം എന്നിങ്ങനെ അഞ്ച് ദേവസ്വം ബോർഡുകളാണ് സംസ്ഥാനത്തുള്ളത്. സംസ്ഥാനത്താകെ പതിനയ്യായിരത്തിലധികം ക്ഷേത്രങ്ങൾ ഉണ്ടെന്നാണ് ഏകദേശകണക്ക്, അത് കൃത്യമാണെന്ന് പറയാൻ സാധിക്കില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1248-ഉം കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 403-ഉം മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ 1600-ഉം ഗുരുവായൂർ ദേവസ്വം ബോർഡിനുകീഴിൽ 10-ഉം കൂടൽമാണിക്യം ദേവസ്വം ബോർഡിനുകീഴിൽ 1 ക്ഷേത്രവുമാണുള്ളത്. ഈ ബോർഡുകളിലെ ക്ഷേത്ര ജീവനക്കാർ ഉൾപ്പെടെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടന്നിരുന്നത് ബന്ധപ്പെട്ട ദേവസ്വം ആക്ടിലെ വ്യവസ്ഥകളനുസരിച്ചായിരുന്നു. ഈ നിയമനങ്ങളെ സംബന്ധിച്ച് കഴിഞ്ഞ കാലങ്ങളിൽ വലിയ തോതിലുള്ള അഴിമതി ആക്ഷേപങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ധാരാളം അഴിമതിക്കഥകളും ഗുരുതരമായ അഴിമതിയാക്ഷേപങ്ങളും അക്കാലത്ത് പുറത്തുവന്നിട്ടുണ്ട്. 1985 വരെ ഒരു മാനദണ്ഡവുമില്ലാതെ, വെള്ളപ്പേപ്പറിൽ അപേക്ഷ എഴുതിവാങ്ങി അപ്പോൾത്തന്നെ നിയമനം നടത്തുകയാണ് ചെയ്തിരുന്നത്. 1985-ലാണ് അതിനൊരു ചെറിയ മാറ്റമുണ്ടായത്. ആ മാറ്റത്തിന് കാരണം ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്.

1985-ൽ ഒരു പൊതുപ്രവർത്തകൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ദേവസ്വം ബോർഡുകളിൽ നടക്കുന്ന നിയമനങ്ങളിലെ വ്യാപകമായ ക്രമക്കേടുകളെയും അഴിമതികളെയും സംബന്ധിച്ച് ഒരു പരാതി കൊടുക്കുകയുണ്ടായി. ആ പരാതി ജസ്റ്റിസ് ശ്രീധരന്റെ ബഞ്ചിലാണ് അന്ന് വന്നത്. ചരിത്രപ്രധാനമെന്ന് അന്നത്തെ സാഹചര്യത്തിൽ വിശേഷിപ്പിക്കാവുന്ന ഒരുത്തരവ് അദ്ദേഹം പുറപ്പെടുവിച്ചു. നിയമനം നടത്തണമെങ്കിൽ ഏതെല്ലാം ഭാഗങ്ങളിലേക്കാണ് നിയമനം നടത്തേണ്ടതെന്ന് പരസ്യപ്പെടുത്തണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉത്തരവ്. അത് ദേവസ്വം ബോർഡുകളിലെ നിയമനത്തിലെ ചരിത്രപ്രധാനമായിട്ടുള്ള വഴിത്തിരിവ് തന്നെയായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് 1985 മുതൽ നിയമനങ്ങൾ പരസ്യപ്പെടുത്തി നടത്താൻ തീരുമാനിച്ചത്. ആ സന്ദർഭത്തിലും വലിയ തോതിലുള്ള അഴിമതി ആക്ഷേപങ്ങളുണ്ടായി. അഴിമതി ആക്ഷേപങ്ങളുടെ ഫലമായാണ് ദേവസ്വം ബോർഡുകളുടെ ഭരണത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് നിരന്തരമായി ഇടപെടേണ്ട സാഹചര്യമുണ്ടായത്. ഇന്ന് യഥാർത്ഥത്തിൽ ബോർഡുകൾ നിലവിലുണ്ടെങ്കിലും ഹൈക്കോടതിയാണ് ഒരളവുവരെ ഭരിക്കുന്നതെന്ന് പറഞ്ഞാൽ അതിൽ തെറ്റില്ല. ദേവസ്വം ബോർഡുകളുടെ നിയമനങ്ങളിലെ വ്യാപകമായ അഴിമതി സംബന്ധിച്ച് പരിശോധിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി രണ്ട് ഘട്ടങ്ങളിലായി രണ്ട് ഉന്നതതല കമ്മീഷനുകളെ നിയോഗിക്കാൻ തയ്യാറായത്. 1991-ൽ മുൻചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. വി. രാമചന്ദ്രൻ അദ്ധ്യക്ഷനായും 2007-ൽ ജസ്റ്റിസ് പരിപൂർണ്ണൻ അദ്ധ്യക്ഷനായുമാണ് കമ്മിറ്റി രൂപീകരിച്ചത്. ഈ രണ്ട് കമ്മിറ്റികളും ദേവസ്വം ബോർഡിൽ നടക്കുന്ന അഴിമതിക്കെതിരെ സംബന്ധിച്ച് അടിവരയിട്ട റിപ്പോർട്ടുകളാണ് സമർപ്പിച്ചത്. വളരെ കോമ്പീറ്റന്റായ, വിശ്വാസ്യതയുള്ള ഒരു ബോർഡായായിരിക്കണം നിമയനം നടത്തേണ്ടതെന്ന ജസ്റ്റിസ് പരിപൂർണ്ണന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് അന്നത്തെ ഇടതുപക്ഷ ഗവൺമെന്റിൽ ദേവസ്വം വകുപ്പ് കൈകാര്യം ചെയ്തിരുന്ന, എന്റെ മുൻഗാമിയായ ശ്രീ. ജി. സുധാകരൻ റിക്രൂട്ട്മെന്റിലെ ഒരു ഭാഗമെങ്കിലും പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള തീരുമാനമെടുത്തത്.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, എരുമേലി ഉൾപ്പെട്ട ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി ജഡ്ജിമാരാണ് ഭരണം നടത്തുന്നത്. റോഡ് ടാർ ചെയ്യണമോയെന്ന് തീരുമാനിക്കുന്നത് ഹൈക്കോടതി ജഡ്ജിയാണ്. അന്ന് അഴിമതി വ്യാപകമായി നടന്നതുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾക്ക് തീരുമാനമായി. പക്ഷേ ഇവിടെയൊരു എക്സിക്യൂട്ടീവില്ലേ? ഇവിടെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമടങ്ങുന്ന ഗവൺമെന്റിന്

എന്താണ് പണി? ഹൈക്കോടതി ജഡ്ജിമാർ രാജാക്കന്മാരെപ്പോലെ ശബരിമല തീർത്ഥാടത്തിന് പോകുന്നത് ഞാൻ കാണുന്നതാണ്. ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ പോകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. എക്സിക്യൂട്ടീവിന്റെ അധികാരം പരിരക്ഷിക്കപ്പെടണം. അതിന് തയ്യാറാകാതെ ഹൈക്കോടതിയിൽ കേസ് കൊടുത്തിട്ട് നോക്കിനിൽക്കുന്ന സർക്കാരായി പിണറായി സർക്കാർ മാറരുത്. അങ്ങ് അക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം പറയുന്നതിൽ കുറച്ച് വാസ്തവമുണ്ട്. അത്തരം സാഹചര്യത്തിൽ ദേവസ്വം ബോർഡുകളെ കൊണ്ടെത്തിച്ചത് ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന അഴിമതിയും കൊള്ളരുതായ്മയും സ്വജനപക്ഷപാതവും ഉൾപ്പെടെയുള്ള മോശപ്പെട്ട അവസ്ഥയാണ്. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ടിൽ ബോർഡ് പ്രസിഡന്റ്, മെമ്പർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവരെക്കുറിച്ചൊക്കെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കേട്ടാൽ നമുക്ക് ഞെട്ടൽ ഉളവാകും. ഇതിന്റെയൊക്കെ ഫലമായിട്ടാണ് ഹൈക്കോടതി നിരന്തരമായി ദേവസ്വം ബോർഡുകളുടെ പ്രവർത്തനത്തിൽ ഇടപെടാൻ ഇടയായത്. അത്ര അഴിമതിയും കൊള്ളരുതായ്മയും ചില ബോർഡുകളുടെ കാലത്തുണ്ടായിരുന്നു. ഏത് ബോർഡിന്റെ കാലത്തും ഉദ്യോഗസ്ഥതലത്തിൽ വലിയ തോതിലുള്ള അഴിമതി നടന്നിരുന്നുവെന്നുള്ളത് വാസ്തവമാണ്. അങ്ങ് പറഞ്ഞതുപോലെ അതെല്ലാം എങ്ങനെ മുറിച്ചുകടക്കാൻ സാധിക്കുമെന്നും ദേവസ്വംബോർഡിലെ അഴിമതി എങ്ങനെ അവസാനിപ്പിക്കാൻ കഴിയുമെന്നുംമൊക്കെ ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഞാൻ പറഞ്ഞുവന്നത്, 2007-ൽ ഭരണവിഭാഗത്തിൽപ്പെട്ട എല്ലാ വേക്കൻസികളും പി.എസ്.സി.-ക്ക് വിടാൻ തീരുമാനിക്കുയും അതിന്റെ നടപടികൾ നടക്കുകയും ചെയ്ത ഘട്ടത്തിലാണ് ഗവൺമെന്റിന് മാറ്റമുണ്ടായത്. സത്യത്തിൽ അന്നത്തെ ഗവൺമെന്റ് ആ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുപകരം രണ്ടുമൂന്ന് വർഷം ഫ്രീസ് ചെയ്യുന്ന അവസ്ഥയാണുണ്ടായത്. അതിനുശേഷമാണ് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ചെയർമാൻ ഉൾപ്പെടെ ആറ് അംഗങ്ങളുള്ള റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്. അത് ആർക്കുവേണ്ടിയാണെന്നറിയില്ല. നമ്മുടെ സംസ്ഥാനത്ത് റിക്രൂട്ട്മെന്റ് ബോർഡുകൾ വേറെയുമുണ്ട്. മറ്റ് റിക്രൂട്ട്മെന്റ് ബോർഡുകളുമായി താരതമ്യം ചെയ്തുനോക്കിയാലും ഇത് നാടിന്റെ സ്വത്ത് കൊള്ളയടിക്കുന്ന കൊള്ളസംഘത്തെപ്പോലെ ആയിപ്പോയി. ഒരു ഗവൺമെന്റും ഇങ്ങനെ ചെയ്യാൻ പാടില്ല. ഒരു ജോലിയും ചെയ്യാത്ത റിക്രൂട്ട്മെന്റ് ബോർഡ് മെമ്പർമാർക്ക് മാസംതോറും

5,29,335 രൂപ സംസ്ഥാനത്തെ ഖജനാവിൽനിന്നും കൊടുക്കുകയാണ്. ഇതിനുപുറമേ വാഹനവും മറ്റ് സൗകര്യങ്ങളും നൽകുന്നു. രണ്ടാം ആനശേവുകം, ശാന്തിക്കാരൻ എന്നീ രണ്ട് പോസ്റ്റുകളിലേക്ക് ഈ ഗവൺമെന്റ് വരുന്ന ഘട്ടത്തിൽ പരസ്യം കൊടുക്കുക മാത്രമാണ് അവരാകെ ചെയ്തതത്. തൽക്കാലം ഈ ഗവൺമെന്റത് നിർത്തിവച്ചു. ആനയെ അഴിക്കാൻ അറിയാത്തവരും അക്കൂട്ടത്തിലുണ്ടാകും. ഇതുസംബന്ധിച്ചെല്ലാം പരിശോധിച്ച് കാര്യങ്ങൾ ബോദ്ധ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുകയെന്ന നയം നിലനിർത്തിക്കൊണ്ട് അതിനാവശ്യമായ നിയമനടപടികളുമായി മുന്നോട്ടുപോകുന്നത്. അഞ്ച് ദേവസ്വം ബോർഡുകളിൽ ഗുരുവായൂർ ദേവസ്വം ബോർഡ് മാത്രമാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത്. അവിടെ 400-ഓളം വേക്കൻസികളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ബാക്കി ദേവസ്വം ബോർഡുകളിലെ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ നികത്തുന്നതിന് തൽക്കാലം മൂന്ന് അംഗങ്ങളുള്ള ചെറിയ സംവിധാനമാണ് ഏർപ്പെടുത്തുന്നത്. നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടാലും ചെറിയ സംവിധാനം തുടരേണ്ടിവരും. കാരണം ദേവസ്വം ബോർഡിലെ 60 ശതമാനത്തോളം നിയമനങ്ങൾ അമ്പലവുമായി ബന്ധപ്പെട്ടതാണ്. ശാന്തി, പഞ്ചവാദ്യം, നാദസ്വരം, തകിൽ, ആനക്കാരൻ, കഴകം, തളി, സംബന്ധി, നിവേദ്യം വയ്പ്, വിളക്കുതട, സോപാനപ്പാട്ട്, കുഴൽ, ഇലത്താളം തുടങ്ങിയ ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട നിയമനങ്ങളുണ്ട്. ആ 60 ശതമാനം നിയമനങ്ങൾ നടത്താൻ ചെറിയ സംവിധാനത്തിന്റെ ആവശ്യമുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷന് ഭരണവിഭാഗം നിയമനങ്ങൾ വിട്ടാലും ഈ സംവിധാനം തുടർന്നുകൊണ്ടുപോകേണ്ടതുണ്ട്. അത് സംസ്ഥാനത്തിന് താങ്ങാൻ പറ്റുന്ന സംവിധാനമാകണം. ഉചിതരായ ആളുകൾ ആ സംവിധാനത്തിൽ വരികയുംവേണമെന്ന നിലയിലാണ് ബില്ലിൽ ഭേദഗതി കൊണ്ടുവരാൻ തയ്യാറായിട്ടുള്ളത്. ബിൽ സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

## XI അറിയിപ്പ്

മി. സ്പീക്കർ : എല്ലാവർക്കും യോജിക്കാവുന്ന നിയമസഭാ സാമാജികരുടെ ചില പ്രസ്ഥാനങ്ങൾ നാട്ടിൽ രൂപപ്പെട്ട് വരേണ്ടതുണ്ട്. അതിന്റെ ഭാഗമായി ജൈവകൃഷി, ജൈവരീതിയിലുള്ള ജീവിതശൈലി തുടങ്ങിയ പല കാര്യങ്ങളിലും നമ്മൾ ഒരുമിച്ച് നിൽക്കേണ്ട സാഹചര്യമുണ്ട്. ഈ സാഹചര്യത്തിൽ നല്ല ഭക്ഷണത്തിനൊരു പ്രസ്ഥാനം രൂപപ്പെട്ടുവരുന്നുണ്ട്. ആ നല്ല ഭക്ഷണ പ്രസ്ഥാനത്തിന്റെ ഭാഗമായി ഇലവർഗ്ഗങ്ങളുടെ ഔഷധസദ്യ സാമാജികർക്ക് ഒരുക്കിയിട്ടുണ്ട്. എല്ലാവരും അത് കഴിക്കണം.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ അങ്ങയുടെ ഒബ്സർവേഷൻ പൂർണ്ണമായും അംഗീകരിക്കുകയാണ്. 12.49-ന് എന്നെ പ്രസംഗിക്കാൻ വിളിക്കുന്നു, 1.00 മണിക്ക് ഭക്ഷണം വിളമ്പുമെന്ന് പറയുന്നു.

മി. സ്പീക്കർ : 1.00 മണിക്കല്ല, ഇഷ്ടമുള്ള സമയത്ത് കഴിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇല്ല, ഞാൻ അങ്ങയോട് തർക്കിക്കുന്നില്ല. 1.00 മണിക്ക് അംഗങ്ങൾക്ക് ഇലസദ്യ ഒരുക്കിയിട്ടുണ്ടെന്ന് അങ്ങ് അറിയിച്ചിരിക്കുന്നത് ഒരു പ്രലോഭനംപോലെ സഭയിലുണ്ട്. അതിനാൽ മറ്റംഗങ്ങൾക്ക് തടസ്സമാകാതെ എന്റെ പ്രസംഗം ഞാൻ ചുരുക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ദേവസ്വം ബില്ലിന്റെ ഭേദഗതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. താൽക്കാലികമായ ക്രമീകരണമായാണ് ചെറിയ ബോർഡ് ഉണ്ടാക്കാൻ തീരുമാനിച്ചതെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. നിയമസഭയുടെ വിലപ്പെട്ട സമയം താൽക്കാലിക ക്രമീകരണത്തിനുവേണ്ടി മാത്രം വിനിയോഗിക്കാമോ? നിയമം ഉണ്ടാക്കാനുള്ള റൈറ്റ് ഗവൺമെന്റിനുണ്ട്. ഗവൺമെന്റ് പുതിയ നിയമം വേണമെന്ന് തീരുമാനമെടുത്താൽ അത് ആർജ്ജവത്തോടെ സഭയെ അറിയിക്കുക, ഗവൺമെന്റിന് ഭൂരിപക്ഷമുള്ളതുകൊണ്ടുതന്നെ നിയമം പാസ്സാക്കുകയും ചെയ്യാം. ഒന്ന്, ഇവിടെ കൊണ്ടുവരാൻ പോകുന്ന നിയമം താൽക്കാലിക ക്രമീകരണമാണ്; സ്ഥിര സംവിധാനമല്ല എന്ന് കൺസീഡ് ചെയ്തുകൊണ്ടുതന്നെയാണ് അങ്ങ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

രണ്ടാമത്തെ പ്രശ്നം, ഇവിടെ നേരത്തെതന്നെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തുവെന്ന് പറഞ്ഞു. 20% നിയമനങ്ങൾ മാത്രമേ പബ്ലിക് സർവ്വീസ് കമ്മീഷന് കൊടുത്തിട്ടുള്ളൂ. അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെ നിയമനം മാത്രമാണ് പി.എസ്.സി.-ക്ക് വിട്ടത്. അതിനപ്പുറത്തേക്കുള്ള നിയമനത്തിലേക്ക് പോയിട്ടില്ല.

ആ നിയമത്തിനകത്തുതന്നെ റൂൾസ് കൊണ്ടുവരാൻ കഴിഞ്ഞിട്ടുമില്ല. സാധാരണഗതിയിൽ ഒരു ബിൽ പാസ്സായി, ആ ബിൽ നിയമമായാൽ 90 ദിവസത്തിനുള്ളിൽ റൂൾസ് ഉണ്ടാകണമെന്നുള്ളതാണ് കീഴ്വഴക്കം. ചില എക്സപ്ഷണൽ കേസുകളുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ആ നിയമം നടപ്പാക്കുന്നതിനുള്ള ശുഷ്കാന്തി പിന്നീട് ഉണ്ടാകാതെപോയി എന്നുള്ളതാണ്.

മൂന്നാമത്തേത്, ഇത് തുഗ്ലക്കിന്റെ ഭരണപരിഷ്കാരം പോലെയാണ്. കാരണം, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് ഒരു അധികച്ചെലവും ഉണ്ടാകുന്നില്ല എന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുകയാണ്. അതൊരു കുറുക്കുവഴി തേടിയതാണെന്ന് എനിക്കറിയാം, ലെജിസ്ലേച്ചർ ഡിബേറ്റുമായും ബന്ധപ്പെടുന്ന ഏതൊരാൾക്കും ഇതറിയാം. അല്ലെങ്കിൽ ഇത് ഭരണഘടനാപരമായ നടപടിക്രമം പാലിക്കേണ്ടിവരും. അത് ഒഴിവാക്കാൻവേണ്ടി നമ്മുടെ സഞ്ചിതനിധിയിൽനിന്ന് ഇതിനായി യാതൊരു ചെലവും വരില്ലെന്ന് പറയുകയാണ്. അത് യാഥാർത്ഥ്യമല്ല. സഞ്ചിതനിധിയിൽനിന്ന് ഇതിന് ചെലവ് വരും, പക്ഷേ അത് കൺസീഡ് ചെയ്തോ എന്ന് നിയമസഭയെ അറിയിക്കാതിരുന്നത് ശരിയായില്ല.

2016-ലെ 16-ാം നമ്പർ ആക്ട് പ്രകാരമാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നത്. ഇതുസംബന്ധിച്ച ബിൽ 30-7-2015-ലാണ് സഭ പാസ്സാക്കിയത്. ഈ ബിൽ പാസ്സാക്കുന്നതിനുമുമ്പ് 2015 മേയ് മാസത്തിൽ ഗവർണ്ണർ ഓർഡിനൻസ് ഒപ്പുവച്ചിരുന്നതാണ്. ആ ഓർഡിനൻസിനെ റീപ്ലേസ് ചെയ്തുകൊണ്ടുള്ള ബില്ലാണ് അന്ന് കൊണ്ടുവന്നത്. ആ നിയമമാണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ റിക്രൂട്ട്മെന്റ് ബോർഡുള്ളത്. റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെ എണ്ണം കൂടിപ്പോയിയെന്ന് അങ്ങ് ഇവിടെ പറഞ്ഞു. തടസ്സമുള്ളത് ഈ ഒരൊറ്റക്കാര്യത്തിലാണ്. റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെ നമ്പർ വർദ്ധിച്ചുവെന്നുള്ള ഒറ്റപ്രശ്നം മാത്രമേയുള്ളൂ. റിക്രൂട്ട്മെന്റ് ബോർഡിനെക്കുറിച്ച് തത്വത്തിൽ തടസ്സങ്ങളില്ലായെന്നാണ് ഈ പറഞ്ഞതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്. ഈ ബിൽ നിയമസഭയിൽ ചർച്ചയ്ക്കുവന്നപ്പോൾ അതിൽ പങ്കെടുത്തുകൊണ്ട് അപ്പുറത്തും ഇപ്പുറത്തുമുള്ള ഏകദേശം 20 അംഗങ്ങൾ

പറഞ്ഞ കാര്യങ്ങൾ വളരെ വ്യത്യസ്തമാണ്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണം എന്നുള്ളതുതന്നെയാണ് ഞങ്ങളുടെ ഖണ്ഡിതമായ അഭിപ്രായം എന്നാണ് അന്ന് പ്രതിപക്ഷത്തുണ്ടായിരുന്ന അങ്ങയുടെ പാർട്ടി ആവശ്യപ്പെട്ടത്. ശ്രീ. വി. എസ്. ശിവകുമാർ സഭയിൽ ഈ ബിൽ കൊണ്ടുവന്നപ്പോൾ ആ ബില്ലിനെ നഖശിഖാന്തം എതിർത്തുകൊണ്ട് നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്ന് ശക്തമായി വാദിച്ചുവെന്ന് മാത്രമല്ല അതിന് കുറേ കാരണങ്ങൾ പറയുകയും ചെയ്തു. ഞാൻ ആ കാരണങ്ങൾ ഓരോന്നും വായിക്കുന്നില്ല. അവരുടെ പ്രസംഗത്തിലെ വാചകങ്ങൾ വായിച്ച് ഇപ്പോൾ അവരെ വിഷമിപ്പിക്കാനാഗ്രഹിക്കുന്നില്ല. നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണം, ഒരു കാരണവശാലും റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിക്കുന്ന ഈ ബിൽ നിയമമാക്കാൻ അനുവദിക്കില്ല എന്നാണ് അതിനെതിരായി തടസ്സവാദക്കാർ പറഞ്ഞത്. പബ്ലിക് സർവ്വീസ് കമ്മീഷനുപകരം റിക്രൂട്ട്മെന്റ് ബോർഡ് തന്നെവേണം എന്നൊരു മാനസാന്തരത്തിലേക്ക് ഏത് കാലഘട്ടം മുതലാണ് വന്നത് എന്ന് അങ്ങ് ഇതുവരെ പറഞ്ഞിട്ടില്ല. താൽക്കാലിക ക്രമീകരണത്തിനുവേണ്ടിയൊരു ബിൽ എന്നാണ് അങ്ങ് പറഞ്ഞത്. അതിൽ 7 അംഗങ്ങളുണ്ടായിരുന്നു. അതിൽനിന്ന് 4 പേരെ ഒഴിവാക്കി 3 പേരാക്കുന്നത് ഈ നിയമസഭ അംഗീകരിക്കണമെന്നാണ്. എന്തുകൊണ്ട് ഇങ്ങനെയൊരു മാനസാന്തരത്തിലെത്തി? ഇതിന്റെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്ന് ശക്തിയുക്തം വാദിച്ച അന്നത്തെ പ്രതിപക്ഷം ഇന്ന് എന്തെങ്കിലും പറയുമോ എന്നെനിക്കറിയില്ല. അവർ സംസാരിക്കുന്നുണ്ടെങ്കിൽ അവർ പറഞ്ഞ പഴയ വാചകം എന്റെ പക്കലുണ്ട്. എന്റെ മുമ്പിലുള്ള ഡോക്യുമെന്റ്സിന്റെ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിക്കുന്നത്. ആ ഡോക്യുമെന്റിൽ അവർ ശക്തിയായി വാദിച്ചിട്ടുള്ളതാണ്. അഴിമതിയായിരുന്നതുകൊണ്ടാണ് നടപടി എടുക്കേണ്ടിവന്നതെന്നും 1985 മുതലാണ് ഇതിന് കുറച്ച് മാറ്റംവന്നതെന്നും അങ്ങ് ഇവിടെ പറഞ്ഞു. അതുവരെ കൊടിയ അഴിമതിയായിരുന്നുവെന്നാണ് പറഞ്ഞത്. അങ്ങ് പറഞ്ഞതുപോലെ കൊടിയ അഴിമതി ആയിരുന്നുവെങ്കിൽ 1980-ലെ ഗവൺമെന്റിൽ ദേവസ്വത്തിന്റെ ചാർജ്ജുണ്ടായിരുന്ന ശ്രീ. സി. കെ. നാണു ഈ അഴിമതിയിലെ പങ്കാളിയാണെന്ന് പറയാൻ സാധിക്കുമോ? എനിക്കദ്ദേഹത്തെ നന്നായി അറിയാം. അദ്ദേഹം അഴിമതി നടത്തുമെന്ന അഭിപ്രായം എനിക്കില്ല. പക്ഷേ, 1985-ലുണ്ടായ ഈ മാറ്റം ഒഴിച്ചാൽ അന്നുവരെ കൊടികുത്തിയ അഴിമതി അവിടെ

വാഴകയായിരുന്നുവെന്ന് വകുപ്പുമന്ത്രി പരസ്യമായി പറഞ്ഞാൽ, അതിന്റെ അർത്ഥം എന്താണ്; ഒന്നാം പ്രതി ആരാണ്? 1980-ലെ ഗവൺമെന്റിൽ ദേവസ്വത്തിന്റെ ചാർജ്ജുണ്ടായിരുന്ന മന്ത്രി കുഴപ്പക്കാരാനാണെന്ന് പറയാനുള്ള മൗഢ്യം എനിക്കില്ല. ഞാനത് പറയുകയുമില്ല. പക്ഷേ, ഭംഗ്യന്തരേണ അവരെല്ലാം കുഴപ്പക്കാരാണെന്ന് ഇവിടെ പറയുകയാണ് ചെയ്യുന്നത്. അഴിമതി ഉണ്ടെങ്കിൽ അഴിമതിക്കെതിരെ വിലപിക്കുകയല്ല ചെയ്യേണ്ടത്, അതിനെതിരെ ശക്തിയായ നടപടിയെടുക്കണം. അതിനുള്ള നിയമമുണ്ടല്ലോ; ആ നിയമമനുസരിച്ച് മുന്നോട്ടുപോകണം. ആരാണ് അതിനെ എതിർക്കുന്നത്; ആ നടപടിക്കെതിരെ തടസ്സംനിൽക്കാൻ ആരെങ്കിലും വന്നാൽ അനുവദിക്കാമോ? ആരും തടസ്സം നിൽക്കില്ല. അങ്ങനെ വന്നാൽപ്പോലും അനുവദിക്കാമോ? ഇപ്പോൾ അഴിമതിയാണ് പ്രശ്നമെങ്കിൽ അത് തടയുന്നതിനുള്ള നടപടിയും നിയമവും ഈ സംസ്ഥാനത്തുണ്ട്. അതനുസരിച്ചുള്ള നടപടിയെടുക്കണം. ആ നടപടിയെടുക്കുന്നതിനുപകരം നിരപരാധികളെ പ്രതിക്കൂട്ടിൽ കയറ്റുന്ന തരത്തിൽ ഇവിടെ വകുപ്പുമന്ത്രിതന്നെ പറഞ്ഞത് വളരെ ആക്ഷേപകരമായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. എൽ.ഡി.എഫ്.-ന്റെ അഭിപ്രായമാണെങ്കിൽ ഞാനതിനെക്കുറിച്ചൊന്നും പറയുന്നില്ല. അങ്ങനെ ആകാൻ സാധ്യതയില്ലെന്നാണ് എന്റെ വിശ്വാസം. നമുക്ക് ഇങ്ങനെയൊരു നിലപാട് എടുക്കാൻ സാധിക്കുമോ; അങ്ങനെയാണോ ഒരു പുതിയ നിയമത്തെക്കുറിച്ച് നമ്മളാലോചിക്കുന്നത്? തീർച്ചയായും ഗവൺമെന്റിന് വഴിതെറ്റിപ്പോയി. നേരത്തെ നിങ്ങൾ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്ന് നിർബന്ധബുദ്ധിയോടുകൂടി വാദിക്കുകയും പ്രവർത്തിക്കുകയും അതിനുവേണ്ടിയുള്ള ബിൽ കൊണ്ടുവന്ന് നിയമമാക്കി മാറ്റുകയും ശക്തിയായി നിലയുറപ്പിച്ച് അതിനനുകൂലമായി വോട്ട് രേഖപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് വിപ്പ് ഇറക്കുകയും ചെയ്തതിനുശേഷം ഇപ്പോൾ റിക്രൂട്ട്മെന്റ് ബോർഡാണ് വേണ്ടത് എന്ന വാദഗതിയിലാണ് എത്തിനിൽക്കുന്നത്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, റിക്രൂട്ട്മെന്റ് ബോർഡ് വേണ്ട, നിയമനം പി.എസ്.സി.-ക്ക് വിടണമെന്നുള്ളതാണോ അങ്ങ് പറയുന്നത്; ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പറഞ്ഞുവന്നത് നിങ്ങളുടെ നിലപാടിലെ കോൺട്രഡിക്ഷനാണ്. അതാണ് തുഗ്ലക്കിന്റെ ഭരണപരിഷ്കാരമെന്ന്

ഞാൻ നേരത്തെ പറഞ്ഞത്. നിങ്ങൾ ആദ്യം പബ്ലിക് സർവ്വീസ് കമ്മീഷൻ വേണമെന്ന് പറഞ്ഞു, നിങ്ങളത് കമ്മിറ്റ് ചെയ്തു. അതിനുവേണ്ടിയുള്ള ബിൽ കൊണ്ടുവന്ന് നിയമമാക്കി. എന്നിട്ട് അതിന്റെ റൂൾസ് മാത്രം ഇറക്കിയില്ല. 90 ദിവസത്തിനുള്ളിൽ റൂൾസ് ഉണ്ടാകേണ്ടതാണ്. ആ റൂൾസ് ഉണ്ടായില്ല. എന്നിട്ടിപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷൻ അവിടെ നിൽക്കട്ടെയെന്ന് പറയുന്നു. 20 ശതമാനത്തോളം വരുന്ന അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെ നിയമനം നിങ്ങൾ പി.എസ്.സി.-ക്ക് വിട്ടപ്പോൾ അവശേഷിക്കുന്ന 80% നിയമനകാര്യത്തിൽക്കൂടി എന്ത് സംവിധാനം വേണമെന്ന് ആലോചിക്കണമായിരുന്നു. അവശേഷിക്കുന്ന ആളുകളെ സെലക്ട് ചെയ്യാനുള്ള അധികാരം അന്ന് ദേവസ്വം ബോർഡിനാണ് നൽകിയത്. ഭരണത്തിൽ പരിഷ്കാരമുണ്ടാക്കി എന്നുപറഞ്ഞതിൽ എന്തെങ്കിലും അർത്ഥമുണ്ടോ; 80 ശതമാനത്തോളം ആളുകളെ നിയമിക്കുന്നതിനുള്ള അധികാരം നൽകിയത് ദേവസ്വം ബോർഡിനാണ്. ശ്രീ. ജി. സുധാകരൻ, അങ്ങേക്ക് അത്രയെങ്കിലും ചെയ്യാൻ പറ്റിയല്ലോ എന്ന കാര്യത്തിൽ അങ്ങയെ ഒന്ന് മാനിച്ചോട്ടെ.

1.00 p.m.]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ കാര്യങ്ങൾ അറിയാവുന്ന ആളായതുകൊണ്ട് ഞാൻ പറയുകയാണ്. റൂൾ പാസ്സാക്കുന്നതിനെക്കുറിച്ച് ഞാൻ നേരത്തെതന്നെ പറഞ്ഞു. ഒന്നുകൂടി ഞാൻ പറയുകയാണ്. അത് എല്ലാപേരും മനസ്സിലാക്കിയിരിക്കണം. ആദ്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് റൂൾ ഉണ്ടാക്കണം. എങ്കിൽ മാത്രമേ നമുക്ക് റൂൾസ് ഉണ്ടാക്കാൻ കഴിയൂ. അതനുസരിച്ച് ഗവൺമെന്റ് റൂൾ ഉണ്ടാക്കി കൊടുത്തു, പുതിയ ബോർഡ് വന്നു. ആ ബോർഡാണ് ശ്രീ. വി. എസ്. ശിവകുമാറിന്റെ കാലത്ത് കൂടുതൽ കാലം അവിടെ ഉണ്ടായിരുന്നത്. അവർ പി.എസ്.സി.-യുമായി ചർച്ചചെയ്ത് അതെല്ലാം ഭംഗിയാക്കി, കൊടുക്കേണ്ട പോസ്റ്റ് കൊടുത്തു. നിങ്ങൾ നിയമിച്ച ഡോ. രാധാകൃഷണൻ അത് അംഗീകരിച്ച് നോട്ടിഫൈ ചെയ്യാനുള്ള ഏർപ്പാട് വന്നപ്പോഴാണ് മാറ്റംവന്നത്. അപ്പോൾ റൂൾ ഉണ്ട്. അത് വേണ്ട, റിക്രൂട്ട്മെന്റ് ബോർഡ് മതിയെന്നുപറഞ്ഞു. അതിനുള്ള ഭേദഗതിയാണ് കൊണ്ടുവരുന്നത്. ക്ഷേത്രവുമായി ബന്ധപ്പെട്ട ബാക്കിയുള്ള ജീവനക്കാരെ പഴയതുപോലെ ദേവസ്വം ബോർഡ് നിയമിക്കും. മന്നത്ത് പത്മനാഭനും ആർ. ശങ്കറും അടക്കമുണ്ടായിരുന്ന കാലം മുതൽ അത് ചെയ്തു. അതിനൊരു മാറ്റംവരുത്തിയത് നിങ്ങളുടെ ഗവൺമെന്റാണ്. ഞങ്ങൾ ബോർഡ് കൊണ്ടുവന്നില്ല. ദേവസ്വം ബോർഡിൽതന്നെ കൊടുത്തു. ആത്യന്തികമായി പി.എസ്.സി.-ക്ക് അയയ്ക്കാനാണെന്നുപറഞ്ഞ് ആ റിക്രൂട്ട്മെന്റ് ബോർഡിന് ഒരു ഭേദഗതി കൊണ്ടുവന്നു. ഈ വാദമാണ് ഇവിടെയുള്ളത്. ആ വാദം ശരിയോ തെറ്റോ എന്നാണ് അങ്ങ് പറയേണ്ടത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, എനിക്ക് അങ്ങയോട് വളരെ മതിപ്പാണ്. പക്ഷേ, അങ്ങ് റൂളുംകൂടി കൊണ്ടുവന്നപ്പോൾ അങ്ങയുടെ കയ്യിലിരുന്ന വകുപ്പുകൂടി പോയി. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി വകുപ്പുമന്ത്രിയായി. ആ ദുഃഖം എനിക്കറിയാം. അങ്ങയുടെകൂടെ പഠിച്ച ആളെന്ന നിലയിൽ അങ്ങേക്കുണ്ടാകുന്ന ഏതൊരു ദുഃഖത്തിലും എനിക്കൊരു പങ്കാളിത്തമുണ്ടാകുമല്ലോ. യഥാർത്ഥത്തിൽ ഈ വകുപ്പ് അങ്ങേക്ക് നഷ്ടപ്പെട്ടു. ഇത് അങ്ങയെ കേന്ദ്രീകരിച്ചുള്ള ബിൽ അല്ലല്ലോ; അതുകൊണ്ട് അതിവിടെ പറയുന്നില്ല. ഞാൻ ഇത് പറയാനുദ്ദേശിച്ചതല്ല. പറഞ്ഞുവന്ന കൂട്ടത്തിൽ ഭംഗ്യന്തരേണ അത് സൂചിപ്പിച്ചുവെന്നേയുള്ളൂ.

ഇവിടെ ഈ പറയുന്ന 80 ശതമാനത്തോളമുള്ള ശാന്തിക്കാരടക്കം അമ്പലത്തിലെ മറ്റ് ജോലിക്കാരായ അടിച്ചുതളിക്കാർ, മാലകെട്ടുന്നവർ, നാദസ്വരക്കാർ, തകിലുകൊട്ടുന്നവർ അങ്ങനെ ധാരാളം ആളുകളുണ്ടല്ലോ; ഇപ്പോൾ അതെല്ലാം വേക്കന്റായി കിടക്കുകയാണ്. കേരളത്തിലൊട്ടാകെ ഈ വേക്കൻസികൾ വളരെക്കൂടുതലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ടുതന്നെ പറഞ്ഞു. ആ വേക്കൻസികളെക്കുറിച്ച് തൃപ്തികരമായ ഒരു സമീപനമോ അത് നികത്താൻ നടപടിയോ എടുക്കേണ്ടതല്ലേ? ക്ഷേത്രത്തിൽ ആരാധനയ്ക്ക് ചെല്ലുന്ന ആളിന് തൃപ്തികരമായി അവിടെ ആരാധന നടത്താനുള്ള സാഹചര്യമുണ്ടാകണ്ടേ? ജീവനക്കാരില്ലാതെ അവിടെ എങ്ങനെ വൃത്തിയുണ്ടാകും? അതിനെന്തെങ്കിലും ചെയ്യാൻ നടപടിയെടുത്തിട്ടുണ്ടോ? അപ്പോൾ ഇതൊക്കെ ഒരു താൽക്കാലിക അറേഞ്ച്മെന്റ് എന്ന നിലയിൽ വളരെ നിസ്സാരവത്കരിച്ചുകൊണ്ടുപോകുന്നു എന്നതാണ് എനിക്ക് ഇതിനെക്കുറിച്ച് ഓർമ്മിപ്പിക്കാനുള്ളത്.

ഈ ബില്ലിൽ ഡിസ്ക്വാളിഫിക്കേഷൻ ക്ലാസുണ്ട്. അതിൽ ചില ആളുകളെ ഒഴിവാക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. 7 തരത്തിലുള്ള ഡിസ്ക്വാളിഫിക്കേഷനാണ് ഒറിജിനൽ ബില്ലിൽ ഉണ്ടായിരുന്നത്. അതിൽ (1) ബുദ്ധിസ്ഥിരത ഇല്ലാത്തവർ, (2) പാപ്പർ (പെറ്റീഷൻ കൊടുത്ത് പാപ്പരായിട്ടുള്ള ആളുകൾ), (3) തദ്ദേശഭരണ സ്ഥാപനത്തിലോ ദേവസ്വം ബോർഡിലോ ജോലി ഉള്ളവർ, (4) കരാറുകാർ, (5) മോറൽ തെഫ്റ്റിറ്റ്യൂഡിന് കോടതി ശിക്ഷിച്ചിട്ടുള്ള ആളുകൾ, (6) കോടതി ഉത്തരവിലൂടെ ഔദ്യോഗികസ്ഥാനം നഷ്ടപ്പെട്ട ആളുകൾ എന്നിവരെ ഒഴിവാക്കും. എന്നാൽ ഏഴാമത്തെ വിഭാഗത്തെ എന്തുകൊണ്ട് ഒഴിവാക്കുന്നു എന്നതിന് തൃപ്തികരമായ മറുപടി വേണ്ടേ? മദ്യത്തിന്റെ ഉൽപ്പാദനത്തിലോ വിതരണത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ ആയവർക്കുള്ള അയോഗ്യത ഒഴിവാക്കി അവരെക്കൂടി ഇതിൽ ഉൾപ്പെടുത്താമെന്ന നിലപാടെടുക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? അപ്പോൾ മൂന്നുപേരുള്ള ബോർഡിൽ അവരുടെ

ക്വാളിഫിക്കേഷനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. (1) പട്ടികജാതിയിൽപ്പെട്ട ആൾ, (2) സ്ത്രീ, (3) ജില്ലാ ജഡ്ജിയോ, ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ആളോ, റിട്ടയേർഡ് ജഡ്ജിയോ, ജഡ്ജിയാകാൻ യോഗ്യതയുള്ള ആളോ എന്നാണ്. ഏഴുവർഷത്തെ പ്രാക്ടീസുള്ള ഏതൊരു വക്കീലിനും ജഡ്ജിയാകാൻ യോഗ്യതയുണ്ട്. അങ്ങനെയുള്ള ഏതോ ഒരു വ്യക്തിയെ, അയാൾക്ക് അബ്കാരി ലൈസൻസുണ്ടെങ്കിലും ചെയർമാനാക്കി കൊണ്ടുവരുന്നതിനുവേണ്ടി ഒരു വ്യക്തിയെ ഉദ്ദേശിച്ചുകൊണ്ടുള്ള മാറ്റമല്ലേ കൊണ്ടുവന്നിരിക്കുന്നത്; ഒരു വ്യക്തിയെ കേന്ദ്രീകരിച്ചല്ലേ ഈ മാറ്റം കൊണ്ടുവരുന്നത്? നേരത്തെ ഗവൺമെന്റിലെ അഡീഷണൽ സെക്രട്ടറിക്ക് തുല്യമായ പദവിയിലിരിക്കുന്ന വ്യക്തിയെയാണ് ഈ ബോർഡിന്റെ ചെയർമാനാക്കി വച്ചത്. ഞാൻ മനസ്സിലാക്കിയിടത്തോളം മാന്യനായ ഒരു പോലീസ് ഓഫീസറാണ് അദ്ദേഹം. എനിക്ക് അദ്ദേഹത്തെക്കുറിച്ച് മതിപ്പുണ്ട്. അപ്പോൾ അങ്ങനെയുള്ള ആളെ മാറ്റി ഏഴുവർഷക്കാലം പ്രാക്ടീസുള്ള ഏതോ ഒരു അഭിഭാഷകന് വേണമെങ്കിൽ ബോർഡിൽ വന്നുപെടാമെന്നുള്ള ഈ ബോർഡിന്റെ ചെയർമാനാക്കി വയ്ക്കുന്നതിനുവേണ്ടി തീരുമാനമെടുത്തിരിക്കുന്നു എന്നല്ലേ ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. മദ്യത്തിന്റെ ഉൽപ്പാദനത്തിലോ വിതരണത്തിലോ ഏർപ്പെട്ടിട്ടുള്ളവരോ ഏർപ്പെടുന്നവരോ ആയ ആൾ എന്നുപറയുമ്പോൾ ഏതായാലും സ്വാഭാവികമായിട്ടും വനിതയ്ക്കുപകരം വരുന്നതാവില്ലല്ലോ; അവിടെ പട്ടികജാതി യിൽനിന്ന് വരുന്ന ഒരു സാധുവിനുപകരം അല്ലല്ലോ? ഈ ചെയർമാൻ സ്ഥാനത്തേക്ക് ആരോ ഒരാളിനെ കണ്ടുവച്ച് നിയമിക്കുന്നതിനുവേണ്ടിയാണ് ഈ അമന്റ്മെന്റ് എന്നുപറഞ്ഞാൽ ഒരു വ്യക്തിക്കുവേണ്ടി ഉണ്ടാക്കുന്ന മാറ്റമാണ് ഈ മാറ്റം എന്ന് ഈ സഭ കരുതേണ്ടിവരും. യാതൊരു കാരണവശാലും ആ ഡിസ്ക്വാളിഫിക്കേഷൻ മാറ്റരുത്. ആ ഡിസ്ക്വാളിഫിക്കേഷൻ ഡിസ്ക്വാളിഫിക്കേഷനായിത്തന്നെ നിൽക്കണം. മോറൽ തെഫ്റ്റിറ്റ്യൂഡിന് അയോഗ്യത ഉണ്ടെന്നുവരികിൽ ആ മോറൽ തെഫ്റ്റിറ്റ്യൂഡിന് സമാനമായ കുറ്റകൃത്യങ്ങൾ ചെയ്യാൻ സാധ്യതയുള്ള ആളുകളെ അല്ലെങ്കിൽ അതിന് പ്രോത്സാഹനം ചെയ്യുന്ന ആളുകളെ എന്തിനാണ് ക്വാളിഫൈ ചെയ്ത് ഇതിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത്. വ്യക്തികളെ കണ്ടുകൊണ്ട് ഈ വകുപ്പിൽ മാറ്റമുണ്ടാക്കാനായി ഗവൺമെന്റ് ശ്രമിക്കുന്നു. ഇത് ഒരിക്കലും ശരിയല്ല. ഒരാളിനുവേണ്ടി വരുത്തുന്ന മാറ്റമാണിത്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, നമ്മുടെ സംസ്ഥാനത്ത് നിരവധി ബോർഡുകളുണ്ടല്ലോ. ഏതെങ്കിലും ഒരു ബോർഡിൽ അങ്ങ് ചൂണ്ടിക്കാണിക്കുന്ന ഏഴാമത്തെ ക്ലാസ് വച്ചതായി പറയാൻ സാധിക്കുമോ? കേരളത്തിൽ ധാരാളം ബോർഡുകളുണ്ട്. ഈ പറയുന്ന ആറ് ക്ലാസും ശരിയാണ്. ഏഴാമത്തെ ക്ലാസ് വയ്ക്കാനിടയായ സാഹചര്യം എന്താണെന്ന് അങ്ങേക്ക് വിശദീകരിക്കാമോ?

ഇത് യു.ഡി.എഫ്. ഗവൺമെന്റ് വച്ച ക്ലാസാണല്ലോ. ഏതെങ്കിലും മദ്യ വ്യവസായിയെ നിയമിക്കേണ്ടിവരും എന്ന സ്വയംബോധത്തിന്റെ അടിസ്ഥാനത്തിലാണോ ഈ ക്ലാസ് വച്ചത്; ഏത് സാഹചര്യത്തിലാണ് യു.ഡി.എഫ്. ഇങ്ങനെയൊരു ക്ലാസ് വയ്ക്കാൻ ഇടയായത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് കേരളത്തിലുള്ള മറ്റെല്ലാ ബോർഡുകളേയും പോലെ മാത്രമേ ദേവസ്വം ബോർഡിനേയും കാണുന്നുള്ളൂ. അവിടെയാണ് തർക്കം. ദേവസ്വം ബോർഡ് മറ്റ് ബോർഡുകളെപ്പോലെയല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമാണ് ശബരിമല. പൂങ്കാവനത്തിന്റെ പല സ്ഥലത്തും വ്യാജവാറ്റുണ്ട്, അതിനെ പ്രോത്സാഹിപ്പിക്കുന്നവരുണ്ടെന്നാണ് ആക്ഷേപം. അങ്ങനെയൊക്കെയുള്ള സ്ഥലത്ത് ഇങ്ങനെയൊരാളിനെത്തന്നെ വയ്ക്കണമെന്ന് നിർബന്ധമെടുക്കുന്നതെന്തിനാണ്? കേരളത്തിലെ മറ്റേതെങ്കിലും ബോർഡിൽ ഇതുണ്ടോ? ദേവസ്വം ബോർഡ് സാധാരണ ഒരു ബോർഡാണെന്ന നിലയിലാണ് അങ്ങ് കാണുന്നതെന്ന് എനിക്കിപ്പോൾ ബോധ്യപ്പെട്ടു.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, കണ്ണൂർ ജില്ലയിലെ പറശ്ശിനി മടപ്പുര ക്ഷേത്രത്തിലെ നിവേദ്യം കള്ളാണ്. ഈ നിയമത്തിന്റെ പരിധിക്കകത്തുനിന്നാൽ ആ ക്ഷേത്രത്തിന്റെ ഭാരവാഹികൾക്ക് ഇതിനുള്ള അവകാശം നിഷേധിക്കപ്പെടും. ചർച്ച ചെയ്യുമ്പോൾ നമ്മുടെ മുമ്പിൽ വരുന്ന വിഷയം ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മദ്യംകൊണ്ട് നിവേദ്യം നടത്തുന്നതിനെപ്പറ്റിയാണ് ഇവിടെ പറഞ്ഞത്. മദ്യപാനിയെയും മദ്യക്കച്ചവടം നടത്തുന്നവനെയും ഇതിന്റെ ഭരണത്തിൽ വയ്ക്കുന്നതുകൊണ്ട് തടസ്സമുണ്ടോ എന്നാണോ അങ്ങയുടെ നിലപാട്? ഇവിടെ പറയുന്ന നിവേദ്യവും മദ്യവ്യാപാരവും രണ്ടും രണ്ടാണ്. നിവേദ്യത്തിന് മദ്യം ഉപയോഗിക്കുന്നുണ്ട്, അത് ആചാരക്രമമായി ആയിരമോ രണ്ടായിരമോ വർഷങ്ങൾക്കപ്പുറം മുതൽ തുടങ്ങിയിട്ടുള്ള സംവിധാനങ്ങളാണ്. കോഴിയെ കൊല്ലുന്ന ദേവാലയങ്ങളില്ലേ, അത് നമുക്ക് പിടിച്ചു നിർത്താൻ പറ്റുമോ? അത് അവിടെ നടക്കുന്ന ഒരു ആരാധനാക്രമമാണ്. ആ ആരാധനാക്രമം അവിടെയുള്ളതുകൊണ്ട് നമ്മൾ മദ്യക്കച്ചവടം നടത്തുന്നയാളിനെയും ഇതിൽ ചേർത്തുകളയാം, ആ കച്ചവടക്കാരൻ മദ്യം വേഗം കൊടുക്കും എന്ന നിലയിൽ നിസ്സാരവൽക്കരിക്കാൻ സാധിക്കുമോ? അപ്പോൾ അതുവേറെ, ഇതുവേറെ. അവിടെ അത് നടക്കുന്നുവെങ്കിൽ അവരുടെ വിശ്വാസം അനുസരിച്ച് പൊയ്ക്കോട്ടെ. ഞാൻ വിശ്വാസത്തിൽ കൈവയ്ക്കുന്നില്ല. വിശ്വാസം വിശ്വാസിക്ക് വിട്ടുകൊടുക്കാം. ആ വിശ്വാസിയെ നമ്മൾ ഇവിടെ കൊണ്ടുവരുന്നതിന് ശ്രമിക്കണ്ട.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, എന്റെ ചോദ്യത്തിന് അങ്ങ് മറുപടി പറയുന്നില്ല. റിക്രൂട്ട്മെന്റ് ബോർഡാണല്ലോ ഇത്, ദേവസ്വം ബോർഡല്ല. വളരെ സമാദരണീയനായ കോൺഗ്രസ് നേതാവണല്ലോ എം. പി. ഗോവിന്ദൻ നായർ. അദ്ദേഹത്തയാണല്ലോ ഒരു ഘട്ടത്തിൽ യു.ഡി.എഫ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റാക്കിവച്ചത്. അദ്ദേഹത്തോടൊപ്പം മെമ്പറായി യു.ഡി.എഫ്. നിയമിച്ചത് ആരെയാണ്? അത്തരം ഒരു സാഹചര്യം റിക്രൂട്ട്മെന്റ് ബോർഡിന്റെ കാര്യത്തിലും വരാനിടയുണ്ട് എന്ന് മുൻകൂട്ടി കണ്ടുകൊണ്ടല്ലേ മറ്റൊരു ബോർഡിലുമില്ലാത്ത ഈ ഏഴാമത്തെ വ്യവസ്ഥ നിങ്ങൾ വയ്ക്കാനിടയായത്. ഉള്ള കാര്യം സത്യസന്ധമായി പറഞ്ഞാൽ പോരേ? ചാരായക്കച്ചവടക്കാരുടെയോ മദ്യവ്യാപാരികളുടെയോ സമ്മർദ്ദത്തിനു വഴങ്ങേണ്ടിവരും. നേരത്തെ മൂന്നുപേരുള്ള ദേവസ്വം ബോർഡിൽ നിങ്ങൾക്ക് വയ്ക്കേണ്ടി വന്നു. ഞാൻ പേര് പറയണോ; ഞാൻ പേര് പറയുന്നില്ല. നിങ്ങൾ വച്ചവരുടെ കൂട്ടത്തിലുള്ളയാളാണ്. എം. പി. ഗോവിന്ദൻ നായർ എന്നുപറയുന്ന കേരളത്തിലെ പ്രാമാണികനായിട്ടുള്ള കോൺഗ്രസ് നേതാവിനോടൊപ്പം യു.ഡി.എഫ്.-കാർ വച്ച ബോർഡിലെ മെമ്പർ ഒരു മദ്യവ്യാപാരിയായിരുന്നു. അപ്പോൾ അത്തരം മദ്യവ്യാപാരികളുടെ സമ്മർദ്ദം ഈ ബോർഡിലും വരാനിടയുണ്ട്. സമ്മർദ്ദം വരാനിടയുണ്ടെന്ന് കണ്ടിട്ടല്ലേ നിങ്ങൾ ഈ ഏഴാമത്തെ ക്ലാസ് കൊണ്ടുവന്നത്. ഞങ്ങൾക്ക് അങ്ങനെ യാതൊരു സംശയവുമില്ല. ഞങ്ങളുടെ ബോർഡിനെ സംബന്ധിച്ചിടത്തോളം ഭാവിയിൽ അത് വരുമ്പോൾ അങ്ങേക്ക് മനസ്സിലാകും. ഒരു സംശയവും ഞങ്ങൾക്കില്ല. നിങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിൽപ്പോലും അത്തരക്കാരെ വച്ചവരാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് സൂചിപ്പിച്ചതെന്താണ്, സാത്വികനായ എം. പി. ഗോവിന്ദൻ നായരെ ബോർഡ് മെമ്പറാക്കി. ആക്കൂട്ടത്തിൽ മറ്റൊരാളും വന്നിട്ടുണ്ട്. അതുപറഞ്ഞുകളയും എന്നുപറഞ്ഞ് അങ്ങ് ഭീഷണിപ്പെടുത്തുകയാണ്. അങ്ങയുടെ ഭീഷണി വേണ്ട. അങ്ങ് അത് പറയണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. അങ്ങനെയുള്ള ആളുകൾ വരരുത് എന്നുള്ളതുകൊണ്ടല്ലേ ഈ നിയമത്തിൽ ആ ക്ലോസ് വച്ചത്. ബിൽ അവതരിപ്പിച്ചയാൾതന്നെ ഇരുന്ന് ബഹളം വയ്ക്കാൻ തുടങ്ങിയാൽ നമുക്ക് എന്തുചെയ്യാൻ സാധിക്കും? ഞാൻ തകിൽകൊട്ട് എന്ന് കേട്ടിട്ടേയുള്ളൂ, ഇരുന്നിട്ട് തകിൽ കൊട്ടിയാലോ? എം. പി. ഗോവിന്ദൻ നായരെ പോലെ ഒരാളിന്റെ കൂടെ അങ്ങനെ ഒരാൾ വരരുത് എന്നുള്ളതുകൊണ്ടല്ലേ ഈ നിയമത്തിൽ യു.ഡി.എഫ്. ആ ഭാഗം ചേർത്തത്. എന്നിട്ട് ഇപ്പോൾ നിങ്ങളെന്തിനാണ് മാറ്റിയത്? മാറ്റുമ്പോഴല്ലേ സംശയം വരുന്നത്.

ശ്രീ. ഇ. പി. ജയരാജൻ : സർ, ശ്രീ. അടൂർ പ്രകാശിനെപ്പോലെയുള്ള മഹത്‌വ്യക്തികൾക്ക് ഈ സ്ഥാനത്ത് വരാൻ സാഹചര്യമുണ്ടാകണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ അങ്ങയോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങ് പരിണതപ്രജ്ഞനായ എന്റെ അടുത്ത സ്നേഹിതനാണ്. ശ്രീ. അടൂർ പ്രകാശിന് അങ്ങനെ ലൈസൻസൊന്നുമില്ല. വെറുതെ ആക്ഷേപിക്കരുത്. എല്ലാം പരിശോധിച്ചതിനുശേഷം അങ്ങ് പറയണം. ഞങ്ങൾ 20 കൊല്ലം ഒരുവീടുപോലെ കഴിഞ്ഞതാണ്. ശ്രീ. അടൂർ പ്രകാശിന്റെ പേരിൽ ലൈസൻസില്ല. ഇപ്പോൾ ഇവിടെ പറയുന്ന ഏത് കാര്യവും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യും. വെറുതെ ആളുകളെ ആക്ഷേപിക്കാനിടയാകും. അതുകൊണ്ടാണ് ഞാൻ അങ്ങയെ തിരുത്താൻ ശ്രമിച്ചത്. ഞങ്ങൾ ഒരു കാര്യംകൂടി പറയുന്നു. ഇനി ഇപ്പോൾ ഞങ്ങളുടെ കൂട്ടത്തിൽ ആർക്കെങ്കിലുമുണ്ടാകാം. ശ്രീ. അടൂർ പ്രകാശിനില്ല. പക്ഷേ അങ്ങനെയുള്ള ആളുകൾ വന്നുചേരുന്നത് ദേവസ്വം ബോർഡിലായിരിക്കരുത്. അതുകൊണ്ടാണ് ഞങ്ങൾ അതിന് സാധ്യമല്ലെന്നുപറഞ്ഞ് ഫുൾസ്റ്റോപ്പിട്ടത്. നിങ്ങൾ അതിനെ റിലീസ് ചെയ്യുകയാണ്. ആ ആളുകൾ കൂടി കടന്നുകയറുന്നതിനുവേണ്ടിയുള്ള അന്തരീക്ഷമുണ്ടാക്കുകയാണ്. എന്നിട്ട് എന്നോട് ചോദിക്കുകയാണ്, ഇങ്ങനെയുള്ള ആളുകൾ വരുന്നതിരിക്കട്ടെ എന്നു കരുതിയാണോ ഈ പറയുന്നതെന്ന്. പറയുന്നതും കേൾക്കുന്നതും തമ്മിൽ യോജിപ്പില്ലല്ലോ?

ശ്രീ. ഇ. പി. ജയരാജൻ : സർ, അങ്ങനെ വരുന്നവരെ അയോഗ്യരാക്കരുതെന്നാണ്. നിങ്ങൾ അതിനെക്കുറിച്ച് തെറ്റിദ്ധരിച്ചുകൊണ്ട് പറയുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ഇങ്ങനെയുള്ള വ്യാപാരങ്ങൾ ഒരുപാട് നമ്മുടെ രാജ്യത്തുണ്ട്. ആ വ്യാപാരം നടത്തുന്നവരെ ഈ അർഹതയ്ക്ക് അയോഗ്യരാക്കാൻ പാടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്നുപറഞ്ഞാൽ ഈ വ്യാപാരം നടത്തിയാലും അവർക്കിതിൽ വരാൻ യോഗ്യതയുണ്ട് എന്നുതന്നെയല്ലേ പറഞ്ഞുവരുന്നത്. അതാണ് ഞങ്ങളുടെ കേസ്. അങ്ങ് പറഞ്ഞതിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്, ഈ വ്യാപാരം നടത്തിയാലും ശരി അവർക്ക് ദേവസ്വം ബോർഡിൽ വരുന്നതിന് തടസ്സമില്ല എന്നതിനാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. ഞങ്ങൾ നേരത്തെ പറഞ്ഞതെന്താണ്. ഈ വ്യാപാരം നടത്തുന്നവരെ ദേവസ്വം ബോർഡിൽ വേണ്ട. വേറെ എവിടെ വേണമെങ്കിലും വയ്ക്കാം. അവരെ വേറൊരു ബോർഡിലും വച്ചിട്ടില്ലേയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദിച്ചല്ലോ. അവരെ നിങ്ങൾ

ഏതെങ്കിലും ബോർഡിൽ വച്ചിട്ടുണ്ടാകാം. Toddy Welfare Fund Board-ൽ ഈ വ്യാപാരവുമായി ബന്ധപ്പെട്ടവരുണ്ട്. അല്ലെങ്കിൽത്തന്നെ അവിടെ ഷാപ്പിന്റെ പ്രതിനിധികളുണ്ടല്ലോ. അവരുടെ വ്യവസായികളുടെ പ്രതിനിധികളുണ്ടല്ലോ. Toddy Welfare Fund Board-ൽ ഇത്തരക്കാർ വരുന്നതുപോലെ ദേവസ്വം ബോർഡിൽ പാടുണ്ടോ? അവിടെയുണ്ടല്ലോ, അതുകൊണ്ട് ഇവിടെയുമാകാം എന്നുപറയാമോ? അതുകൊണ്ട് ദയവായി അങ്ങ് ഇത് പിൻവലിക്കണം. ദൈവത്തെയെങ്കിലും റിലീസ് ചെയ്യണം. അവരുടെ മുകളിൽ അധിനിവേശമുണ്ടാക്കരുത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, എന്റെ വിനയപൂർവ്വമായ ചോദ്യമെന്നു പറയുന്നത്, ഇത്തരം ഒരു ക്ലാസ് യു.ഡി.എഫ്. കൊണ്ടുവന്ന ഈ ബില്ലിൽ വയ്ക്കാൻ കാരണമായിവന്നത് ഈ മദ്യവ്യാപാരികളെ വയ്ക്കേണ്ടിവരുമെന്നുള്ള നിങ്ങളുടെ ഭയമല്ലേ എന്നാണ്. എൽ.ഡി.എഫ്.-ന് അങ്ങനെ ഒരു ഭയമില്ല. ഞങ്ങളുടെ ബോർഡ് വരുമ്പോൾ അങ്ങേക്ക് മനസ്സിലാകും. ഇത് കൂട്ടിച്ചേർക്കണമോ വേണ്ടയോ എന്ന് അങ്ങ് പറഞ്ഞ കാര്യം നമുക്കാലോചിക്കാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ പറഞ്ഞുവരുന്നത് ദയവായി അതൊഴിവാക്കണമെന്നാണ്. ദൈവത്തിന്റെമേൽ മദ്യത്തിന്റെ അധിനിവേശമുണ്ടാക്കരുത്. നമുക്ക് അതുവേണ്ട, ദൈവത്തെ ഫ്രീയാക്കി വിടണം. ആരാധനയുണ്ടെങ്കിലും ഇല്ലെങ്കിലും അപമാനിക്കാൻ പോകാതിരിക്കുക.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മൂന്നംഗങ്ങളിൽ ഒരു മദ്യവ്യാപാരിയെ വച്ച കൂട്ടരാണ് നിങ്ങൾ. അത് അംഗീകരിച്ചുകൊണ്ടുവേണം അങ്ങ് സംസാരിക്കാൻ. അങ്ങേക്ക് അങ്ങനെ ഒരു അഭിപ്രായമുണ്ടെങ്കിൽ അത് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാണ്. പക്ഷേ നിങ്ങൾ ചെയ്തത് ഇതായിരുന്നു എന്നുള്ള കാര്യം മറക്കരുത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പൂർവ്വകാല ബന്ധത്തോടുകൂടി നിങ്ങൾ ഇല്ലെങ്കിൽ നിങ്ങളുടെ മുത്തുപ്പാപ്പൻ ചെയ്തിട്ടുണ്ട് എന്നൊരു കഥയിൽ പറയുന്നതുപോലെ പറയാൻ പറ്റുമോ? അങ്ങനെ ഒരു കാലഘട്ടത്തിൽ വന്നിട്ടുണ്ടാകാം. പക്ഷേ എന്റെ അറിവിലില്ല. ഇനി അങ്ങ് ഉണ്ടെന്ന് ഏതെങ്കിലും ചികഞ്ഞെടുത്തുകൊണ്ടുവരികയാണെങ്കിൽ ഞാൻ ചോദിക്കട്ടെ, ഞങ്ങൾ അത് വേണ്ടെന്ന് തീരുമാനിച്ചു, ബ്ലാങ്കറ്റ് സീൽ കൊടുത്തു. അങ്ങോട്ട് അവർക്ക് പ്രവേശനം വേണ്ടെന്ന് തീരുമാനിച്ചത് നിങ്ങൾ വേണമെന്ന് തീരുമാനിച്ചോ? നിങ്ങൾ ആദ്യം ഇവിടെ റിക്രൂട്ട്മെന്റ് ബോർഡ് വേണ്ടെന്ന് തീരുമാനിച്ചു. നിങ്ങളുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ട് നിയമസഭയിൽ ഞങ്ങൾ

നിയമം കൊണ്ടുവന്നു. അത് പാസ്സാക്കി. നിങ്ങൾ അതിനെ എതിർത്തു. ഇപ്പോൾ നിങ്ങൾ നന്നായി. നിങ്ങൾ നന്നായതിനെ ഞാൻ എതിർക്കുന്നില്ല. നിങ്ങൾക്ക് നന്നാകാനുള്ള അവകാശമുണ്ട്. നിങ്ങൾ തന്നെ റിക്രൂട്ട്മെന്റ് ബോർഡ് വേണമെന്ന് ഇപ്പോൾ പറയുകയാണ്. എന്നിട്ട് ആ ബോർഡ് എങ്ങനെയായിരിക്കണമെന്നുള്ളതിനെക്കുറിച്ച് ഞങ്ങളെ പഠിപ്പിക്കുകയാണ്. ആ കൂട്ടത്തിൽ മദ്യവ്യാപാരിയെക്കൂടി ഇതിൽ വയ്ക്കണ്ട. അതെങ്കിലും ഒന്ന് ഒഴിവാക്കണം, അതിനുവേണ്ടിയുള്ള നടപടിയെടുക്കണം. മദ്യവ്യാപാരിയെ ഇതിനകത്ത് ഉൾക്കൊള്ളിക്കാൻവേണ്ടി മുത്തപ്പന്റെ കഥ പറയുകയാണ്. ഞാൻ ശ്രീ. ഇ. പി. ജയരാജനോട് പറഞ്ഞിരുന്നു. നിവേദ്യം കൊടുക്കുന്നതും അഡ്മിനിസ്ട്രേഷൻ നടത്തുന്നതും രണ്ടും രണ്ടാണ്. അവിടെ നിവേദ്യമുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ നിവേദ്യം കൊടുക്കുന്നതും അഡ്മിനിസ്ട്രേഷനിൽ ഒരു മദ്യവ്യാപാരിയെ വയ്ക്കുന്നതും രണ്ടും രണ്ടാണ്. അതുകൊണ്ട് ഈ ബോർഡിൽ മദ്യവ്യാപാരി വരരുത് എന്നുള്ളതാണ് ഞാൻ പറഞ്ഞത്. ആ വ്യാപാരി വരരുത് എന്ന് ഞാൻ പറഞ്ഞപ്പോൾ വരുത്തുന്നതിനുവേണ്ടിയുള്ള വാദഗതികൾ പിന്നെയും പിന്നെയും പറഞ്ഞുകൊണ്ടേയിരിക്കുകയാണ്. അതുശരിയല്ല.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, യു.ഡി.എഫ്. കൊണ്ടുവന്ന ബില്ലും ഇപ്പോൾ ഞങ്ങൾ അവതരിപ്പിക്കുന്നതും തമ്മിൽ ഏതാണ്ടൊരു ബന്ധമുണ്ടെന്നുള്ള മട്ടിലാണ് അങ്ങ് സംസാരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് പബ്ലിക് സർവ്വീസ് കമ്മീഷന്റെ 100 ശതമാനം നിയമനങ്ങളെയും എടുത്തുകളഞ്ഞുകൊണ്ട് ബോർഡിന്റെ പരിധിയിലേക്ക് കൊണ്ടുവരികയായിരുന്നു. ഞങ്ങൾ അങ്ങനെയല്ല ചെയ്യുന്നത്. 2007-ൽ അന്നത്തെ ഗവൺമെന്റ് കൊണ്ടുവന്നതുപോലെ പി.എസ്.സി.-ക്ക് വിടേണ്ടതെല്ലാം പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ബാക്കിയുള്ളതു മാത്രം ചെയ്യാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ഇരവും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് സർക്കുലേറ്റ് ചെയ്ത ബില്ലാണ് 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ. ഈ ബില്ലിന്റെ ഏതുഭാഗത്താണ് നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് കൊടുക്കുമെന്ന് പറയുന്നത്. അങ്ങ് നേരിട്ടറിഞ്ഞതിനുശേഷമായിരിക്കുമല്ലോ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ചുള്ള വിശദീകരണം കൊടുത്തിരിക്കുന്നത്. അതിൽ പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇത് നിലനിർത്തുമെന്ന് പറഞ്ഞിട്ടുണ്ടോ? അങ്ങ് പറഞ്ഞത് വളരെ സീരിയസ്സായിട്ടുള്ള error ആണ്. കാരണം ബില്ലിൽ ഇല്ലാത്ത ഒരുകാര്യം ഉണ്ടെന്ന് വരുത്തുന്നതിനുവേണ്ടി ബോധപൂർവ്വമായി ഈ സഭയിൽ അങ്ങ് തെറ്റായ രൂപത്തിൽ പറഞ്ഞു. ഞാൻ അതിന് വേറെ കഠിനപദമൊന്നും ഉപയോഗിക്കുന്നില്ല.

എനിക്ക് അറിഞ്ഞുകൂടാത്തതുകൊണ്ടല്ല. പക്ഷെ, ഒരു ബില്ലിന്റെ ചർച്ചയിൽ അത് ശരിയല്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല. നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻവേണ്ടി ശ്രീ. ജി. സുധാകരൻ കൊണ്ടുവന്ന ബില്ലുണ്ട്. ആ ബിൽ നിയമമായി. അതിൽ അഡ്മിനിസ്ട്രേഷനുള്ള കുറേ നിയമനങ്ങൾ വിട്ടിട്ടുണ്ട്. അന്ന് നിങ്ങൾ അതിനുവേണ്ടി വാദിച്ചിട്ടുണ്ട്. അതിനുശേഷം ഗവൺമെന്റും പോളിസിയും മാറി. ഞങ്ങൾ പുതിയ ഒരു നിലപാടെടുത്തു. റിക്രൂട്ട്മെന്റ് ബോർഡെന്ന രാഷ്ട്രീയമായ തീരുമാനം എടുത്തു. അത് ഞങ്ങളുടെ നയപരമായ തീരുമാനമാണ്. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ഒരു ബിൽ കൊണ്ടുവന്നു. ആ ബിൽ ഞങ്ങൾ പാസ്സാക്കിയപ്പോഴും നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന് പറഞ്ഞു, നിങ്ങൾ എതിർത്തു. പി.എസ്.സി.-ക്ക് വിടണമെന്ന് പറയുന്നത് ശരിയല്ലെന്നാണ് ഇപ്പോൾ നിങ്ങൾ പറയുന്നത്. എല്ലാ കാര്യത്തിലും എതിർത്തുനിന്ന നിങ്ങൾ ഇക്കാര്യത്തിലെങ്കിലും ഞങ്ങളെ അനുകരിക്കുന്നല്ലോയെന്ന് ഓർത്ത് എനിക്ക് സന്തോഷം തോന്നുകയാണ്. എനിക്ക് അതിൽ എതിർപ്പല്ല, സന്തോഷം തോന്നുകയാണ്. പക്ഷേ, അത് ചെയ്യുമ്പോൾപ്പോലും അതിനകത്ത് വക്രീകരണം കൊണ്ടുവരികയാണ്. ഇതിനകത്തെ വക്രീകരണം എന്താണ്? ഇതിനകത്ത് മദ്യക്കച്ചവടക്കാർക്കും അഡ്മിനിസ്ട്രേഷനിൽ വന്നുചേരാമെന്ന് അങ്ങ് എഴുതിവച്ചിരിക്കുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ : സർ, ഗവൺമെന്റ് ഇവിടെ മദ്യക്കച്ചവടം നടത്തുന്നില്ലേ; സമൂഹത്തിൽ ഈ വ്യാപാരം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ അവരെ ഈ സമൂഹത്തിൽനിന്നും ഒറ്റപ്പെടുത്തണമോ? നമ്മുടെ നിയമസഭയിൽ ശ്രീ. കെ. അച്ചുതൻ വന്ന് ഇരുന്നിട്ടില്ലേ; നിയമസഭാ സാമാജികൻ ആയിരുന്നില്ലേ? അധികം ഇതിനെക്കുറിച്ച് പറയിപ്പിക്കരുതെന്നാണ് ഞങ്ങൾ പറയുന്നത്. ഈ വ്യാപാരം നടത്തുന്നവരിൽ ഗാന്ധിയന്മാരും ജീവിതത്തിൽ മദ്യപിക്കാത്തവരുമുണ്ട്. വ്യാപാരം നടത്തുന്നതുകൊണ്ട് എല്ലാവരും മദ്യപാനികളാണെന്ന് പറയാൻ പറ്റില്ല. മന്ദബുദ്ധികളെപ്പോലെയാണ് ഇവരെന്ന നിഗമനത്തിലെത്താൻ പറ്റുമോ? നിയമനിർമ്മാണംമൂലം ജനങ്ങൾക്ക് അർഹതപ്പെട്ട ഒരു ആനുകൂല്യവും നിഷേധിക്കാൻ പാടില്ലായെന്നുള്ളതാണ് ഗവൺമെന്റിന് മുന്നിലുള്ള സംശുദ്ധമായ അപ്രോച്ച്. ഒരു സമൂഹത്തെയും പ്രത്യേകമായി അവഗണിക്കപ്പെടുന്നില്ല. പറ്റാത്തവരെ പ്രത്യേകം എടുത്തുപറയും. അതാണ് അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞുവരുന്നത് ഇതിൽ മദ്യക്കച്ചവടം നടത്തുന്ന ആളുകളും വരുന്നതിൽ തെറ്റില്ലായെന്ന് തന്നെയാണോ? ആണെങ്കിൽ അങ്ങ് സത്യസന്ധമായി അത് പറയൂ. ഞാൻ വ്യത്യസ്ത

അഭിപ്രായക്കാരനാണ്. രണ്ടു ഭാഗത്തായിനിന്ന് രണ്ട് ഭാഗം വാദിക്കുന്നതിൽ കുഴപ്പമില്ലല്ലോ. ഇതിൽ മദ്യപാനിയെന്നല്ല മദ്യവ്യാപാരമെന്നാണ് പറഞ്ഞിട്ടുള്ളത്. ശ്രീ. എ. കെ. ബാലൻ ചർച്ചയിൽ പങ്കെടുത്തു പറഞ്ഞത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ശ്രീ. ജി. സുധാകരൻ, പി.എസ്.സി.-ക്ക് ഈ നിയമനം വിട്ടതെന്നാണ്. ഇപ്പോൾ അതാണ് ടോർപിഡോ ചെയ്യുന്നത്. ആ ടോർപിഡോയുടെ പിന്നാലെയാണ് ഈ പുതിയ നിയമംകൂടി വരുന്നത്. അങ്ങനെയല്ലായെന്ന് പറയാൻ പറ്റുമോ? തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒരു മദ്യവ്യാപാരി കയറിയില്ലെങ്കിൽ എന്താണ് തകരാർ; അവിടെ ആകാശം ഇടിഞ്ഞുവീഴുമോ; അവിടെ നിവേദ്യം കൊടുക്കാതെ പോകുമോ; അവിടെ മകരവിളക്ക് തെളിയില്ലേ. ഒരു മദ്യവ്യാപാരി അഡ്മിനിസ്ട്രേഷൻ ബോർഡിൽ വന്നില്ലായെങ്കിൽ എന്ത് അബദ്ധമാണ് ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് എന്ത് കുഴപ്പമാണ് ഉണ്ടാകാൻ പോകുന്നത്? ദയവായി അങ്ങയെപ്പോലെ സീനിയറായിട്ടുള്ള, അതിനേക്കാൾ നമ്മൾ തമ്മിൽ സ്നേഹമുള്ളതാണ്. ചില കാര്യത്തിൽ മാത്രമാണ് അത്ര സ്നേഹം ഇല്ലാത്തത്. അങ്ങനെയുള്ള ഒരാൾ ഇതിനുവേണ്ടി വാദിക്കരുത്. വാദിച്ചാൽ അത് വഷളാകും. വാദിക്കുന്തോറും വഷളായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ : സർ, Interpretation of Statutes പരീക്ഷ എഴുതി നല്ല മാർക്ക് വാങ്ങിച്ചവരല്ലേ നമ്മൾ. നിയമം വ്യാഖ്യാനിക്കുമ്പോൾ, നിങ്ങൾ പറഞ്ഞത് പരിശോധിക്കുന്നതാണെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പറഞ്ഞത് അതാണ്. ഈ ഒരു കാര്യത്തിൽ അങ്ങയുടെ വാദം പരിഗണിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ആ സമയത്ത് ഉചിതമായ തീരുമാനമെടുക്കാം. അതേ സമയത്തുതന്നെ അങ്ങ് പ്രബലനായ സാന്നിദ്ധ്യമായിരുന്നിട്ടും യു.ഡി.എഫ്. ഗവൺമെന്റ് ബോർഡിൽ ഞങ്ങളുടെ നാട്ടിലെ അറിയപ്പെടുന്ന ഒരു മദ്യവ്യാപാരിയെവച്ചു. അന്ന് മദ്യവ്യാപാരിയെവയ്ക്കാൻ പാടില്ലായെന്നുള്ളതാണ് നിയമം. അത് നിങ്ങൾ കൊണ്ടുവന്നതല്ല. 1997-ൽ ഞാൻ കൊണ്ടുവന്ന നിയമത്തിലുള്ളതാണ്. ഒറിജിനൽ നിയമത്തിൽ അതുണ്ട്. അതിന് മുമ്പും ഉണ്ട്. മദ്യം ഒരാൾ കുടിക്കരുതെന്നല്ല. അതിനെക്കുറിച്ച് തർക്കത്തിന്റെ ആവശ്യമില്ല. അദ്ദേഹം പ്രഖ്യാപിച്ചു കഴിഞ്ഞല്ലോ. എൽ.ഡി.എഫ്. ഗവൺമെന്റ് ബോർഡിൽ ഒരു മദ്യ വ്യാപാരിയും ഉണ്ടാകില്ലെന്ന് പറഞ്ഞല്ലോ; അതിൽ സംതൃപ്തനാകണ്ടേ; വീണ്ടും ചർച്ച ചെയ്യുന്നത് എന്തിനാണ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ ചർച്ചയിൽ അങ്ങയുടെ ഇടപെടൽ വരികയും അവസാനമത് പിൻവലിക്കാമെന്ന് സമ്മതിക്കുകയും ചെയ്തതിൽ സന്തോഷമുണ്ട്. ഈ ചർച്ച ആ കാര്യത്തിലെങ്കിലും ഫലവത്തായിയെന്നുതന്നെ

വിശ്വസിക്കുകയാണ്. ക്ഷേത്രങ്ങളെയും ആരാധനാലയങ്ങളെയും മറ്റ് സ്ഥാപനങ്ങളെയും equalise ചെയ്യാതെ ഓരോന്നിനും നൽകേണ്ട അംഗീകാരം നൽകണം. കേരളത്തിലെ മൊത്തത്തിലുള്ള ക്ഷേത്രങ്ങളുടെ സ്ഥിതി എന്താണ്? യഥാർത്ഥത്തിൽ മലബാർ ദേവസ്വത്തിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പറ്റുന്നുണ്ടോ? അവിടെ കഴകക്കാർക്ക് ശമ്പളം കൊടുക്കാൻ പറ്റുന്നുണ്ടോ? അവരുടെ സ്ഥിതി പരമദയനീയമാണ്. ഞാൻ വിചാരിച്ചത് അപ്പുറത്തുനിന്ന് ഇടപെടലുണ്ടായപ്പോൾ സ്വാഭാവികമായും അവരുടെ വിഷമത്തെക്കുറിച്ചുകൂടി പറയുമായിരിക്കുമെന്ന്. അവരുടെ ശമ്പള വർദ്ധനവ് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി ഈ ഗവൺമെന്റ് എടുത്തേ മതിയാകൂ. ഒന്നുകിൽ അവിടെ കൂടുതൽപേരെ റിക്രൂട്ട് ചെയ്ത് ആ ക്ഷേത്രങ്ങൾ തുറന്ന് അവിടെ ആരാധന നടത്തുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കണം. അല്ലാത്തപക്ഷം അവർക്ക് മിനിമം ശമ്പളം കൊടുത്ത് ജീവിക്കാനുള്ള വകയുണ്ടാക്കികൊടുക്കണമെന്നാണ് എന്റെ മറ്റൊരാവശ്യം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, നേരത്തേ അങ്ങയോട് സംസാരിക്കാൻ അനുവാദം ചോദിച്ചതാണ്. പബ്ലിക് സർവ്വീസ് കമ്മീഷനെ സംബന്ധിച്ചുള്ളതാണ്. "ദേവസ്വം ബോർഡുകളിലെ സ്പെഷ്യൽ റൂളുകളുടെ അഭാവത്തിൽ, അവ രൂപീകരിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ദേവസ്വം ബോർഡുകളിലേക്ക് ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുന്നതിന് അധികസമയം വേണ്ടിവരുമെന്ന് കാണുന്നതിനാലും ബോർഡിലെ അംഗങ്ങളുടെ എണ്ണവും ഭരണപരമായ ചെലവും കുറയ്ക്കുന്നതിനായി തീരുമാനിച്ചതിനാലും ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ വിവിധ തസ്തികകളിലേക്കുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അംഗങ്ങളെ ചുമതലപ്പെടുത്തുന്നതുവരെ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് നിലവിൽ ബോർഡിനെ ചുമതലപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചതിനാലും" എന്ന് ഉദ്ദേശ്യലക്ഷ്യത്തിൽ വ്യക്തമായി പറയുന്നുണ്ട്. അങ്ങേക്ക് വിഷമമൊന്നും വേണ്ട. ഭരണവിഭാഗം നിയമനം മുഴുവനും പബ്ലിക് സർവ്വീസ് കമ്മീഷന് നൽകുകതന്നെ ചെയ്യും. അതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. അങ്ങ് പ്രയാസപ്പെടേണ്ട. വളരെ പെട്ടെന്നുതന്നെ നടപടി സ്വീകരിക്കാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് ഇത്രയും വിശദീകരിച്ചല്ലോ. ഞാൻ അതിലേക്ക് പ്രവേശിക്കാൻ ഉദ്ദേശിച്ചിരുന്നില്ല. ആ വിഭാഗത്തിൽപ്പെട്ട ആളുകൾ എത്ര ശതമാനം വരും?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, 40 ശതമാനം വരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അവിടെ പറഞ്ഞിട്ടുള്ളത് 40 ശതമാനമെന്നാണ്. പക്ഷേ, അനൗദ്യോഗികമായ കണക്ക് 20 ശതമാനമെന്നാണ്. ഇനി അങ്ങ് പറയുന്ന 40 ശതമാനം ആണെങ്കിൽ ബാക്കി 60 ശതമാനം ആളുകളെ നിയമിക്കുന്നത് എവിടെയാണ്; 60 ശതമാനം ആളുകളുടെ സ്ഥിതി എന്താണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതിന് ചെറിയ ബോർഡ് മതിയാകും. ജംബോ ബോർഡ് ആവശ്യമില്ല. ഇത്ര ഭരണപരമായ ചെലവുമുണ്ടാകില്ല. സദുദ്ദേശ്യത്തോടുകൂടിയാണ് ഇത് ചെയ്തിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങനെയാണെങ്കിൽ നിഷ്പക്ഷമായി ഒരു വ്യക്തിയെ വച്ചാൽ പോരേ? മൂന്ന് ആളുകൾ വേണ്ട. ഒരാളിനെ വച്ചാൽ മതിയല്ലോ. നിങ്ങൾ പറയുന്ന സ്പെസിഫിക്കേഷനകത്തും ചെറിയ ദുരുദ്ദേശ്യമുണ്ട്. ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ള ഒരു വ്യക്തി എന്നുപറഞ്ഞാൽ ജില്ലാ ജഡ്ജിയാകാൻ യോഗ്യതയുള്ളത് ആരാണ്? ഏഴുവർഷം ബാർ പ്രാക്ടീസുള്ള ഏതൊരു വക്കീലിനും ജില്ലാ ജഡ്ജിയാകാം. ആരെയാണ് മാറ്റുന്നത്? അഡീഷണൽ സെക്രട്ടറിയായിരിക്കുന്ന ഒരു വ്യക്തിയോ ആ ആളിന് തുല്യമായിട്ടുള്ള ഒരാളോ; ഇപ്പോൾ അവിടെയിരിക്കുന്നത് ഡി.ജി.പി. ശ്രീ. ചന്ദ്രശേഖരൻ അല്ലേ. അദ്ദേഹത്തെ മാറ്റി ഏഴുവർഷം പ്രാക്ടീസുള്ള ഒരു വക്കീലിനെ ആ സ്ഥാനത്ത് കൊണ്ടുവരണമെന്നാണ് ഈ പറയുന്നതിന്റെ പച്ചമലയാളം. അതാണ് ഇതിൽ ദുരുദ്ദേശ്യമുണ്ടെന്ന് ഞാൻ പറയുന്നത്. ആ തീരുമാനം അറുപത് ശതമാനം ആളുകളെ നിയമിക്കുന്നതിനുവേണ്ടി അവരെ ഏല്പിക്കുകയാണ്. അത് നിഷ്പക്ഷമാകുമോ? അതുകൊണ്ട് ഇതിലെ ക്വാളിഫിക്കേഷൻ മെച്ചപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. നേരത്തെയുണ്ടായിരുന്ന ബില്ലിൽ പറഞ്ഞിരുന്ന അതേ ക്വാളിഫിക്കേഷന് ഒപ്പമോ അല്ലെങ്കിൽ ഗവൺമെന്റിന് താല്പര്യമുണ്ടെങ്കിൽ അതിനേക്കാൾ മുകളിലോട്ട് പോകണമെങ്കിൽ അതോ ആകാം. പക്ഷേ യു.ഡി.എഫ്. ഗവൺമെന്റ് വച്ച ക്വാളിഫിക്കേഷനിൽ എന്തിനാണ് ഡൈല്യൂഷൻ കൊണ്ടുവരുന്നത്? അങ്ങനെ ഡൈല്യൂഷൻ കൊണ്ടുവരരുത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ആറ് പേരെ വച്ചല്ലോ. ശ്രീ. ചന്ദ്രശേഖരന്റെ പേരൊഴിച്ച് ബാക്കി അഞ്ചുപേരുടെ പേര് അങ്ങേക്കറിയാമോ; അവരുടെ ക്വാളിഫിക്കേഷൻ പറയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ആ അഞ്ച് പേർ ചെയർമാന്മാർ അല്ലല്ലോ. ഞാൻ ചെയർമാനെക്കുറിച്ചല്ലേ പറഞ്ഞത്. അഡീഷണൽ സെക്രട്ടറിയുടെ

സ്റ്റാറ്റസ്സുള്ള ആൾ. ഇപ്പോൾ കേരളത്തിലെ റിട്ടയേർഡ് ഡി.ജി.പി. ഇരിക്കുന്ന സ്ഥലത്താണ് ഏഴുവർഷം ബാർ പ്രാക്ടീസുള്ള ഒരു വക്കീലിനെ വയ്ക്കുന്നത്. ആ വക്കീലിനെ വച്ചാലും കുഴപ്പമില്ല. ആ വക്കീലിന് എന്തൊക്കെ ക്വാളിഫിക്കേഷൻ വേണമെന്ന് തീരുമാനിക്കാൻ പറ്റുമോ? അവിടെയാണ് പ്രശ്നം. അപ്പോൾ നിങ്ങൾ ആരെയോ കണ്ടുവച്ചിട്ടുണ്ട്. നമ്മൾ ഈ ചർച്ച നടത്തുമ്പോൾ ഇത് ഒത്തല്ലോ എന്നോർത്ത് ആ സൗഭാഗ്യവാൻ ഏതോ ഒരു ഗുഹയിലിരുന്ന് ചിരിക്കുകയാണ്. ദയവായി അത് ചെയ്യരുത്. മാത്രമല്ല ശ്രീ. കടകംപള്ളി സുരേന്ദ്രൻ ദേവസ്വം വകുപ്പുമന്ത്രി ആയപ്പോൾ അന്തസ്സുള്ള, ക്വാളിഫിക്കേഷനുള്ള ഒരാളെ ചെയർമാനാക്കിയെന്ന് ഞങ്ങൾക്കും പറയാമല്ലോ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, വളരെ അന്തസ്സുള്ള മാന്യനായ ഒരു ചെയർമാന്റെ നേതൃത്വത്തിലുള്ള ടീമാണെന്ന് അങ്ങേക്ക് കൃത്യമായും പറയാൻ സാധിക്കും. അതോർത്ത് അങ്ങ് സങ്കടപ്പെടണ്ട. അത് വന്നോട്ടെ, അതിനുശേഷം പറഞ്ഞാൽ മതിയല്ലോ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഇതാണ് ഞാൻ പറഞ്ഞത് നിങ്ങൾ ആരെയോ കണ്ടുവച്ചിട്ടുണ്ടെന്ന്. ഒരാളിനെ നിങ്ങൾ എവിടെയോ കണ്ടുവച്ചിട്ടുണ്ട്. ഞാൻ പറഞ്ഞത് കൃത്യമായില്ലേ. എന്റെ ആക്ഷേപം ശരിയായില്ലേ. വളരെ അന്തസ്സുള്ള ഒരു ചെയർമാൻ ഇവിടെ എവിടെയെങ്കിലും ഉണ്ടാകും. നിങ്ങൾ ചെരുപ്പിനൊപ്പിച്ച് പാദം മുറിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വിവരം രേഖയിൽ കാണണം. എവിടെയോ വളരെ യോഗ്യനായിട്ടുള്ള ഒരാളിനെ കണ്ടുവച്ചിട്ടുണ്ട്. ഇതുതന്നെയാണ് എന്റെ ആക്ഷേപവും. എന്റെ ആക്ഷേപം അങ്ങ് സാധൂകരിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. അങ്ങ് നിഷ്കളങ്കനായ ഒരു നല്ല നേതാവായതുകൊണ്ട് അത് തുറന്നുപറഞ്ഞു. എനിക്കതിൽ സന്തോഷമുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട മെമ്പർ, 44 മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, 44 മിനിട്ടിൽ ഇടപെട്ട് സംസാരിച്ച 30 മിനിട്ട് ഒഴിച്ച് ബാക്കി എന്റെ അക്കൗണ്ടിൽ ഉൾപ്പെടുത്തിയാൽമതി. ഇടപെട്ടതൊക്കെ മന്ത്രിമാരാണ്. ആരെയോ കണ്ടുവച്ചു എന്നുള്ളത് അങ്ങ് കൂടി കൺസീഡ് ചെയ്തതാണ്. അതുകൊണ്ട് ഇത് മാറ്റണം. ക്വാളിഫിക്കേഷൻ ഡീവാല്യൂ ചെയ്യരുത്. ഇതൊരു തുഗ്ലക്ക് പരിഷ്കരണമാകരുത്. ദൈവഭക്തിയുള്ള ആളുകളെ ദേവാലയത്തിൽ പോകാൻ പ്രേരിപ്പിക്കുന്ന രൂപത്തിലുള്ളതാകണം. അഡ്മിനിസ്ട്രേഷനിൽ തകരാറുണ്ടെങ്കിൽ എന്ത് നടപടിയും നിങ്ങൾക്കെടുക്കാം. അതിനകത്ത് ഒരാളിനുവേണ്ടിയും

ജാമ്യമെടുക്കാൻ ഞങ്ങൾ വരില്ല. അതോടൊപ്പംതന്നെ ഇവിടെ ആരാധനാലയങ്ങൾ അധിനിവേശത്തിന്റെ കേന്ദ്രമാക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ആരാധനാലയങ്ങൾ അതിന്റേതായ രൂപത്തിൽ മുന്നോട്ടുപോകണം. അങ്ങ് രണ്ട് കാര്യങ്ങൾ സമ്മതിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മദ്യവ്യാപാരിയെ ഇതിൽ ഉൾപ്പെടുത്തില്ലെന്നുള്ളതും ഏഴുവർഷത്തെ പ്രാക്ടീസിൽ മാറ്റംവരുത്തില്ലെന്നുമുള്ളതും. ഈ ബില്ലിനെ കുറ്റമറ്റതാക്കി, അങ്ങയുടെ സഹായത്തോടെ ഇതൊരു ഭേദപ്പെട്ട ബില്ലാകട്ടെ എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, അഡ്മിനിസ്ട്രേറ്റീവ് വിംഗിലുള്ള 40 ശതമാനം പോയിട്ട് ബാക്കിയുള്ള ആളുകളുടെ നിയമനമാണ് പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അതിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇതിനുവേണ്ടിയുള്ള റിക്രൂട്ട്മെന്റ് ബോർഡിന്റെ അംഗസംഖ്യ കുറച്ചിട്ട് ബാക്കിയുള്ളവരെ നിയമിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് താല്ക്കാലികമായ ഒരു സംവിധാനമാണോ, അതോ റിക്രൂട്ട്മെന്റ് ബോർഡിലൂടെ കേരളത്തിലെ ദേവസ്വം ബോർഡുകളുടെ മുഴുവൻ നിയമനങ്ങളും നടത്തുന്നതിനുവേണ്ടിയുള്ള സ്ഥിരം സംവിധാനമാണോ? 40 ശതമാനം പോയിട്ട് ബാക്കിയുള്ളത് പി.എസ്.സി. വഴി നിയമിക്കുമെന്നാണ് അങ്ങ് സൂചിപ്പിച്ചത്. ഇത് പി.എസ്.സി.-ക്ക് വിടണമെന്ന് അന്നത്തെ പ്രതിപക്ഷം വളരെ ശക്തമായ രീതിയിൽ വാദിക്കുകയുണ്ടായി. എന്തായിരുന്നാലും ഇതൊരു താല്ക്കാലിക സംവിധാനമാണെന്ന് അങ്ങ് ഇവിടെ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന റിക്രൂട്ട്മെന്റ് ബോർഡിനെ അംഗീകരിച്ചുകൊണ്ട് നിങ്ങൾ പറഞ്ഞ കാര്യത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഈ പറഞ്ഞത് താല്ക്കാലിക സംവിധാനമാണോ? അഡ്മിനിസ്ട്രേറ്റീവ് വിംഗിലുള്ള 40 ശതമാനം ഒഴിച്ച് ബാക്കി മുഴുവൻ പുതിയ ബില്ലിലൂടെ ഈ ഗവൺമെന്റ് പി.എസ്.സി.-ക്ക് വിടുമോ? ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് ഒരു വ്യക്തതയുണ്ടാക്കണം. ചരിത്രത്തിലാദ്യമായി ദേവസ്വം ബോർഡിൽ നൂറ് ശതമാനം നിയമനങ്ങളും മെരിറ്റടിസ്ഥാനത്തിലാക്കിക്കൊണ്ട് വിപ്ലവകരമായ ഒരു മാറ്റമാണ് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നത്. മാത്രമല്ല ചരിത്രത്തിലാദ്യമായി ദേവസ്വം ബോർഡിന്റെ നിയമനങ്ങളിൽ ഹിന്ദു സമുദായത്തിലുള്ള എല്ലാവർക്കും സംവരണം കൊടുത്തുകൊണ്ട് കൊണ്ടുവന്ന ഒരു ബില്ലായിരുന്നു ഇത്. ഈ ഭേദഗതി വഴി 60 ശതമാനം നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുള്ള സാഹചര്യമുണ്ടാകുമോ എന്നത് സംബന്ധിച്ച് വ്യക്തത വേണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, അങ്ങയുടെ കയ്യിലുള്ള ബില്ലിൽ വളരെ കൃത്യമായി പറയുന്നുണ്ട്. അത് വായിച്ചാൽ കൃത്യമായി ബോധ്യമാകുന്നതാണ്. ഈ ബിൽ പാസ്സാകുന്നതിലൂടെ ബോർഡ് ഒരു സ്ഥിരം സംവിധാനമായിത്തുടരും. അത് താല്ക്കാലികമല്ല, ഒരു സ്ഥിരം സംവിധാനമാണ്. 'ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ വിവിധ തസ്തികകളിലേയ്ക്കുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതുവരെ' എന്നുള്ളത് വളരെ ക്ലിയറാണ്. അതുവരെയുള്ള സമയം ആ ചുമതലകൂടി ബോർഡിനെ ഏൽപ്പിക്കുന്നു എന്നുള്ളതാണ്. അത് വളരെ വേഗതയിൽ പൂർത്തീകരിക്കാൻ നമുക്ക് ശ്രമിക്കാം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തുന്നതുവരെ എന്നല്ലേ പറഞ്ഞിട്ടുള്ളത്. ഇതൊരു താല്ക്കാലിക സംവിധാനമല്ലേ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഇതിൽ വ്യക്തമായി പറയുകയല്ലേ, പിന്നെ അങ്ങേക്ക് സംശയമുണ്ടാകേണ്ട കാര്യമില്ലല്ലോ. ഈ ബോർഡ് നിലനിൽക്കുകതന്നെ ചെയ്യും. പബ്ലിക് സർവ്വീസ് കമ്മീഷന് ഇതിലെ ഒരു ഭാഗം നിയമനം വിട്ടുകൊടുക്കേണ്ടിവരും. ബാക്കി നിയമനങ്ങൾ ഈ ബോർഡ് നിർവ്വഹിക്കുന്ന സ്ഥിതിയുണ്ടാകും. ഇത് വളരെ ക്ലിയറായി പറഞ്ഞകാര്യമാണ്. ഉദ്ദേശ്യകാരണങ്ങളുടെ വിവരണം എന്ന ഭാഗത്ത് വളരെ വ്യകതമായി പറഞ്ഞിട്ടുണ്ട്. അതിലൊന്നും ഒരു സംശയവും ഉണ്ടാകേണ്ടതില്ല. അങ്ങേക്ക് ഒരിക്കൽക്കൂടി വായിച്ചുനോക്കാം.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ഈ ബിൽ നിയമമാകുമ്പോൾ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നുപറയുന്നത് ഇതിനകത്തുണ്ടാകില്ലേ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ബിൽ ഒരിക്കൽക്കൂടി വായിച്ചുനോക്കണം. അപ്പോൾ വ്യക്തമാകും. തെറ്റായി വ്യാഖ്യാനിക്കേണ്ടതില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഗവൺമെന്റിന് ഏതു സമയത്തും നിയമം കൊണ്ടുവന്ന് പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനമെടുക്കാം. പി.എസ്.സി. വഴിയുള്ള നിയമനം വൈകുമെന്നുള്ളതുകൊണ്ട് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അത് നിർവ്വഹിക്കുന്നു. അങ്ങനെയുള്ള സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 'പി.എസ്.സി.-യെ ചുമതലപ്പെടുത്തുന്നതുവരെ' എന്ന വാക്ക് ഇതിൽ കൊണ്ടുവരുന്നത് ശരിയല്ല. ഇത് നിയമത്തിന്റെ നിലനില്പിനെ ബാധിക്കുന്നതാണ്. അങ്ങനെ പറയേണ്ട കാര്യമെന്താണ്; അത് ഗവൺമെന്റിന് തീരുമാനിക്കാവുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, നിയമസഭയിൽ ഒരു നിയമം വന്നാൽ ആ നിയമം കണ്ടീഷണലായി പാസ്സാക്കാൻ പറ്റില്ല. ആ നിയമത്തിന് ക്ലാരിറ്റിയുണ്ടാകണം. ഇവിടെ അത് ഇല്ല. കാരണം ഇതിന്റെ ലൈഫ് നമ്മൾ തീരുമാനിച്ചു, 'പി.എസ്.സി.-ക്ക് പോകുന്നതുവരെ' എന്ന്. അഡ്മിനിസ്ട്രേഷൻ ഇത് പി.എസ്.സി.-ക്ക് പോകുന്നതിനുള്ള റൂൾ എന്ന് ഒപ്പിടുന്നുവോ അന്നുവരെ മാത്രമേ ഈ നിയമത്തിന് ജീവനുള്ളൂ എന്നുവച്ച് നിയമസഭയ്ക്ക് ഒരു നിയമം പാസ്സാക്കാൻ പറ്റുമോ? അത് illegal ആണ്; ഒരു കാരണവശാലും അത് നിയമത്തിന്റെ മുമ്പിൽ നിലനിൽക്കുകയില്ല. അതുകൊണ്ട് അങ്ങ് ഇത് കൃത്യമായി ക്ലാരിഫൈ ചെയ്യണം. മാത്രമല്ല, ശ്രീ. കെ. സി. ജോസഫ് ഒരു കാര്യം ചോദിച്ചു, ഈ ബിൽ നിയമമായി കഴിയുമ്പോൾ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നുപറയുന്നത് ഇതിനകത്തുണ്ടാകില്ലേ എന്ന്. അങ്ങയുടെ മനസ്സിൽ എന്ത് സദുദ്ദേശ്യമുണ്ടായാലും അത് ബില്ലിൽ ഉൾക്കൊള്ളിക്കാം. എന്നാൽ ആക്ടിൽ അതുണ്ടാകില്ല, ആക്ടിലെ കണ്ടീഷൻവച്ച് നിയമം പാസ്സാക്കാം. ഗവൺമെന്റിന് ഇതിനെക്കുറിച്ച് ഒരു സ്റ്റാൻഡ് വന്നിട്ടില്ല. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇവിടെയില്ല. ഉണ്ടെങ്കിൽ അദ്ദേഹത്തോട് ചോദിച്ച് ക്ലാരിഫൈ ചെയ്യാമായിരുന്നു. നിയമം കണ്ടീഷണലായി പാസ്സാക്കാൻ പറ്റില്ല. അതിനെക്കുറിച്ച് ഗവൺമെന്റിന്റെ സ്റ്റാൻഡ് എന്താണെന്ന് വ്യക്തമാക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഓർഡറിലല്ലാതെയാണ് ഈ ബിൽ സഭയിൽ പൈലറ്റ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമായിരിക്കുകയാണ്. അദ്ദേഹം ഉദ്ദേശ്യകാരണങ്ങൾ ചൂണ്ടിക്കാട്ടിക്കൊണ്ട് പി.എസ്.സി. അപ്പോയിന്റ്മെന്റിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ മാത്രമേ ഈ ബിൽ നിലനിൽക്കുകയുള്ളൂ എന്നിവിടെ പറഞ്ഞിരിക്കുകയാണ്. സാധാരണ സഭയിലൊരു ബിൽ കൊണ്ടുവന്നാൽ നയപരമായോ അടിസ്ഥാനപരമായോ മാറ്റം ബില്ലിലുണ്ടായാൽ ആ ബിൽ റിപ്പീൽ ചെയ്യും. ആ ആക്ട് റിപ്പീൽ ചെയ്തിട്ടാണ് പുതിയ ആക്ട് നിലവിൽ വരുന്നത്. ഇതിന് കോൺസ്റ്റിറ്റ്യൂഷണലായ നടപടിക്രമങ്ങളുണ്ട്; Rules of Procedure-ലെ നടപടിക്രമങ്ങളുണ്ട്. അപ്പോൾ ഭരണഘടനാപരമായ നടപടിക്രമങ്ങളും നിലവിലുള്ള ഒരു നിയമത്തെ ഇല്ലാതാക്കി പുതിയൊരു നിയമം കൊണ്ടുവരാനുള്ള നടപടിക്രമങ്ങളുമെല്ലാം നിലനിൽക്കുമ്പോൾ ഒരു നിയമം കൊണ്ടുവരുന്നത് താല്ക്കാലികമായിട്ടാണെന്നും ഇത് ദീർഘകാലത്തേയ്ക്ക് നിലനിൽക്കാൻ പോകുന്നില്ലെന്നും പറയുന്നത് ഓർഡറിലാണോയെന്ന് ബഹുമാനപ്പെട്ട ചെയർ വ്യക്തമാക്കണം. സാധാരണ ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്.

അപ്പോൾ അതിൽത്തന്നെ റിപ്പീലിംഗ് ക്ലാസ് ചേർത്ത് അതിനുമുൻപ് നിലവിലുണ്ടായിരുന്ന നിയമം ഇല്ലാതാകുകയാണ് ചെയ്യുന്നത്. ആ നടപടിക്രമങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് മന്ത്രി സഭയിൽ ഇന്ന് പൈലറ്റ് ചെയ്തിരിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് റെഗുലർ ആണോയെന്ന് അങ്ങ് റൂളിംഗ് നല്കണം.

ശ്രീ. പി. സി. ജോർജ് : സർ, ഇവിടെ ഇത്രയും എം.എൽ.എ.-മാരുണ്ട്. ക്രമപ്രശ്നം ഉന്നയിച്ചതിന് അങ്ങ് റൂളിംഗ് നൽകി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 43 മിനിറ്റ് പ്രസംഗിച്ചു. ഈ നിയമത്തിലെ മാറ്റം എന്നുപറയുന്നത്, 7 മെമ്പർമാർ എന്നുള്ളത് 3 ആകുന്നു അത്രയേയുള്ളൂ. അതിനാണ് ഈ ചർച്ച നടക്കുന്നത്. അങ്ങ് ഇല്ലാത്ത സമയത്ത് വീണ്ടുംവീണ്ടും ചർച്ചകൾ നടന്നുപോയാൽ എങ്ങനെ ശരിയാകും? ഇത് ശരിയായ നടപടിയാണോ? ഞാനൊന്നു പറഞ്ഞോട്ടെ, എനിക്ക് പറയാൻ അവകാശമില്ലേ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എണീറ്റുനിന്നപ്പോൾ ഞാൻ സമയം ചോദിച്ചപ്പോൾ അദ്ദേഹം സമ്മതിച്ചില്ല. ഇപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എണീറ്റുനില്ക്കുന്നതെന്തിനാണ്; ഞാനല്ലേ സംസാരിക്കുന്നത്. ഇവിടത്തെ പ്രശ്നം എന്താണെന്നാൽ, ദേവസ്വം ബോർഡ് നിയമനം പി.എസ്.സി.-ക്ക് വിടുന്നത് തെറ്റാണെന്ന അഭിപ്രായക്കാരനാണ് ഞാൻ. എന്നാൽ ഇടതുപക്ഷ സർക്കാർ സൗകര്യമുള്ളതുപോലെ ചെയ്യുകയാണ്. ഞാൻ ചോദിക്കട്ടെ, അരിവത്തുറ പള്ളിയിലെ കപ്യാരെ നിശ്ചയിക്കുന്നത് പള്ളിക്കാരാണ്; അല്ലാതെ ഗവൺമെന്റല്ല. അതിൽ ഗവൺമെന്റിന് എന്താണ് കാര്യം? ഈരാറ്റുപേട്ട നൈനാർ പള്ളിയിലെ മുക്രിയെ നിശ്ചയിക്കുന്നത് അവിടത്തെ കമ്മിറ്റിയാണ്, ഗവൺമെന്റല്ല. ഹിന്ദുക്കളുടേതായപ്പോൾ എല്ലാവരും കേറിവാരുകയാണ്. പി.എസ്.സി. ആയി, പിന്നെ ബഹളമായി. ഇവിടെ തന്ത്രിമാരുണ്ട്, പൂജാരിമാരുണ്ട്, ശാന്തിക്കാരുണ്ട്. അവർക്ക് കൊടുത്തിരിക്കുന്ന പോസ്റ്റ് അനുസരിച്ച് അവരുടെ ശമ്പളം എത്രയാണ്; അവരുടെ സ്ഥാനം എന്താണ്? ഫോർത്ത് ഗ്രേഡിലാണ്. കപ്യാര് വന്നാലും പൂജാരി വന്നാലും തന്ത്രി വന്നാലും ഞങ്ങൾ ബഹുമാനിക്കും. അങ്ങനെ ബഹുമാനിക്കുന്ന പൂജാരിക്ക് എന്താണ് ഇത്രയും താഴ്ന്ന സ്ഥാനം കൊടുത്തിരിക്കുന്നത്?

ശ്രീ. സി. കെ. നാണു : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഇത് തെറ്റിദ്ധാരണ ഉണ്ടാക്കുന്ന പരാമർശമാണ്. ഇത് ആരായാലും അനുവദിക്കാൻ പാടില്ല. ഇവിടെ മലബാർ ദേവസ്വം, കൊച്ചിൻ ദേവസ്വം, ട്രാവൻകൂർ ദേവസ്വം, ഗുരുവായൂർ ദേവസ്വം അതുപോലെ കൂടൽമാണിക്യവുമുണ്ട്. ഇവിടത്തെ ഹൈന്ദവ ദേവാലയങ്ങൾക്ക് ഒരു സംവിധാനമുണ്ട്. പുറത്തുള്ള ചില ശക്തികൾ ഹിന്ദുക്കൾക്കുമാത്രം സ്വാധീനമുണ്ടാക്കാൻ ശ്രമിച്ചാൽ അതിനെ സഹായിക്കുകയല്ല വേണ്ടത്. ഇത്തരം

പരാമർശങ്ങൾ ഒരുകാരണവശാലും അനുവദിക്കാൻ പാടില്ല. ഒരു തിരി കത്തിക്കാൻ സാധിക്കാത്ത ദേവാലയങ്ങൾക്ക് എത്രയോ വർഷങ്ങളായി സംസ്ഥാന സർക്കാരിന്റെ ഖജനാവിൽനിന്ന് ഫണ്ട് അനുവദിക്കുന്നുണ്ട്. ക്ഷേത്രങ്ങൾക്കുള്ള ഫണ്ടിൽനിന്നും യാതൊന്നും ഗവണ്മെന്റ് എടുത്തിട്ടില്ല. അങ്ങനെ ക്ഷേത്രങ്ങളെ സഹായിക്കുന്ന നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമ്പോൾ അതിനെതിരായി ഏതെങ്കിലുംതരത്തിൽ വിമർശിക്കുന്നത് ഗുണപരമല്ല. അത് നമ്മുടെ ഐക്യത്തിന് ചേർന്നതല്ല.

ശ്രീ. പി. സി. ജോർജ് : സർ, രാജഭരണകാലത്ത് ക്ഷേത്രങ്ങൾ മുഴുവൻ രാജാവിന്റേതായിരുന്നു. രാജഭരണം പോയപ്പോൾ സ്വാഭാവികമായും അവയെല്ലാം ഗവൺമെന്റിന്റെ കീഴിലായി. അതുകൊണ്ട് ഗവൺമെന്റ് സഹായിക്കാൻ ബാധ്യസ്ഥമാണ്. ഞാൻ സൂചിപ്പിച്ചത് ഇത്രയേയുള്ളൂ, വൈദികനും കപ്യാർക്കുമൊക്കെ കിട്ടുന്ന ആദരവ് പൂജാരിമാർക്ക് കിട്ടണ്ടേ; അവരുടെ സ്ഥാനം നാലാം നിരയിലാണ്. അതിൽനിന്ന് അവരെ ഒന്നാംനിരയിലേയ്ക്ക് മാറ്റുമോ എന്ന് ഞാൻ ചോദിച്ചതിൽ ഇത്ര തെറ്റെന്താണ്; അതിനെന്താണിത്ര വിഷമം? ഇത് വളരെ വ്യക്തമായ ചോദ്യമാണ്. അവർക്ക് അംഗീകാരം കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഗവൺമെന്റ് പണംകൊടുത്താൽ മാത്രംപോരാ അംഗീകാരവും കൊടുക്കണം. ക്ഷേത്രം, പള്ളി ഇവിടെയൊക്കെ പണം കൊടുക്കുന്നുണ്ട്. അതുനന്നായി, റോമിൽ പോകാനും ഹജ്ജിന് പോകാനും കാശ് കൊടുക്കുന്നു അതുംനന്നായി. എന്നാൽ ഒരു സമുദായത്തെ ഒറ്റപ്പെടുത്താൻ പാടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ ഒരു കൺഫ്യൂഷൻ വന്നിട്ടുണ്ട്. ഒരു ബിൽ ഇവിടെ ഇൻട്രൊഡ്യൂസ് ചെയ്തു. ആ ബില്ലിൽ ഒരു കണ്ടീഷൻ വച്ചിരിക്കുന്നു. ആ ബിൽ താല്ക്കാലികമായിരിക്കും. കണ്ടീഷൻ വച്ചൊരു നിയമം പാസ്സാക്കാൻ പറ്റുമോ ഇല്ലയോ എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അങ്ങയുടെ റൂളിംഗാണ് അതിനാവശ്യമായിട്ടുള്ളത്. അങ്ങനെയാണെങ്കിൽ ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിച്ച പ്രബലമായ മറ്റൊരു ചോദ്യമുണ്ട്. നിലവിലുള്ള ഒരു നിയമത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ ആ നിയമം റിപ്പീൽ ചെയ്യുന്നതിനുള്ള പ്രൊവിഷൻകൂടി ഉൾപ്പെടുത്തണം. മാത്രമല്ല, റിപ്പീലിംഗ് ക്ലാസ് ഇതിൽ ചേർക്കേണ്ടതുമാണ്. റിപ്പീലിംഗ് ക്ലാസ് ഇല്ലായെന്നുവരികയാണെങ്കിൽ പുതിയ നിയമമാണ് വരാൻ പോകുന്നത്. പുതിയ നിയമം വരികയാണെങ്കിൽ പഴയ നിയമത്തിന് പ്രസക്തിയില്ല. പഴയ നിയമം ഇവിടെ നിലനില്ക്കുമെന്ന് പറയുമ്പോൾ ഒരേ കാര്യത്തിനുവേണ്ടി രണ്ടുനിയമം ഉണ്ടെന്നുള്ളതാണ്. ആ രൂപത്തിൽ ഒരു നിയമം നിയമസഭയ്ക്ക് പാസ്സാക്കാൻ കഴിയില്ല. അതുകൊണ്ട് അതിനെക്കുറിച്ച് ക്ലാരിഫൈ ചെയ്യണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>മി. സ്പീക്കർ</u> : ബില്ലിന്മേലുള്ള ഒരു പൊതു ചർച്ച മാത്രമാണ് ഇപ്പോൾ നടക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുന്ന അവസരത്തിൽ വിശദമായി പരിശോധിക്കാവുന്നതാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടുള്ള നിയമനങ്ങൾ നടക്കാതിരിക്കുകയും അഴിമതിയെ സംബന്ധിക്കുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, നിലവിലുള്ള റിക്രൂട്ടിംഗ് ബോർഡിന്റെ ഘടനമാറ്റി, അതിന്റെ ചെലവ് കുറച്ചുകൊണ്ട് ഭേദഗതി വരുത്തിക്കൊണ്ടുള്ള ഒരു ബില്ലാണ് ഇവിടെ വന്നിട്ടുള്ളത്. അതിന്മേൽ ബഹുമാനപ്പെട്ട മുൻമന്ത്രി ഒട്ടേറെ കാര്യങ്ങൾ പറഞ്ഞു. പക്ഷേ അവർ പറഞ്ഞിരിക്കുന്ന ഒരു ക്ലാസ് വയ്ക്കണമെന്ന് മാത്രമാണ് ഇവിടെ ചർച്ചയിൽ വന്നിട്ടുള്ളത്. എന്തായാലും നിലവിലുള്ള ബോർഡിലെ അഴിമതികൾ നമുക്കെല്ലാവർക്കുമറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ ബോർഡ് ഒരാളെപ്പോലും നിയമിക്കാതെ ഇത്രനാൾ കടന്നുപോയി എന്ന് പത്രവാർത്ത വന്നതാണ്. യു.ഡി.എഫ്. സർക്കാർ രൂപീകരിച്ച കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഒരു നിയമനംപോലും നടത്താതെ ഒരു വർഷത്തിനിടെ ശമ്പളം, യാത്രാപ്പടി, വാടക തുടങ്ങിയ ഇനത്തിൽ ഒന്നേകാൽക്കോടിയോളം രൂപ ചെലവഴിച്ചു. ഈ സാഹചര്യത്തിലാണ് അംഗങ്ങളെ കുറച്ചുകൊണ്ട് ഒരു ചെയർപേഴ്സണും രണ്ട് അംഗങ്ങളും അതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാളെയും ഒരു സ്ത്രീയെയും ഉൾപ്പെടുത്തിക്കൊണ്ട് ബോർഡ് രൂപീകരിക്കാനായി ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ പാസ്സായിക്കഴിയുമ്പോൾ സർക്കാരിന്റെ ഖജനാവിൽനിന്നുള്ള ചെലവ് കുറയുമെന്ന് മാത്രമല്ല ത്വരിതഗതിയിൽ നിയമനങ്ങൾ നടത്താനും സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് നാലാം വകുപ്പിലെ ഏഴാമത്തെ ഉപവകുപ്പ് എന്തിനാണ് മാറ്റിയതെന്ന് മനസ്സിലാകുന്നില്ല. ഞാനൊരു വിവാദത്തിലേക്ക് പോകാൻ വേണ്ടിയല്ല പറയുന്നത്. ഇന്ത്യൻ പ്രസിഡന്റിനുപോലും ഇങ്ങനെയൊരു വിലക്കൊന്നും വച്ചിട്ടില്ലല്ലോ; ഇടതുപക്ഷ ഗവൺമെന്റ് ഭരിച്ചിരുന്നപ്പോൾ ഒരൊറ്റ ബോർഡിൽപോലും ഇങ്ങനെയൊരു ആക്ഷേപം കേൾക്കേണ്ടി വന്നിട്ടില്ലല്ലോ; 'തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അഴിമതിക്കാരുടെ കൂടാരം' ഈ സർക്കാർ

അധികാരത്തിൽ വരുന്നതിനുമുൻപ് തുടർന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളുടെ തുടർച്ചയെ സംബന്ധിക്കുന്ന വാർത്തകളാണ് ഇവിടെയെല്ലാം കാണുന്നത്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെയൊരു ബോർഡ് രൂപീകരിക്കാൻ ജസ്റ്റിസ് പരിപൂർണ്ണന്റെ ഒരു റിപ്പോർട്ട് വന്നത് നമ്മളെല്ലാം ചർച്ച ചെയ്ത വിഷയമാണ്. ദേവസ്വം ബോർഡ് നിയമനങ്ങളിലെ അഴിമതിയില്ലാതാക്കാൻ കോമണായിട്ടുള്ള ബോർഡ് വേണമെന്ന റിപ്പോർട്ട് വരികയും അന്നത്തെ സർക്കാരും ദേവസ്വം ബോർഡും അത് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ബോർഡിനേക്കാളുപരി പി.എസ്.സി.-ക്ക് വിട്ടാൽ കൃത്യമായി അത് നടപ്പാക്കാൻ കഴിയുമെന്ന ഒരു തീരുമാനത്തിലെത്തി ആ ബിൽ പാസ്സാക്കിയത്. അതിന്റെ റൂൾസ് ഫ്രെയിം ചെയ്തപ്പോൾ ബഹുമാനപ്പെട്ട ജി. സുധാകരനും ബഹുമാനപ്പെട്ട ഇപ്പോഴത്തെ വകുപ്പുമന്ത്രിയും അതിനെപ്പറ്റി സൂചിപ്പിച്ചു. ബില്ലിന്റെ നടപടിക്രമങ്ങൾ കഴിഞ്ഞുവരുന്നതിന്റെ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി നിലവിലുള്ള നിയമത്തിൽ ഒരു ഭേദഗതി മാത്രമാണ് ഇപ്പോഴുള്ളത്. അത് ഏറ്റവും പ്രാക്ടിക്കലായി ചെയ്യുന്നുവെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. ഏഴ് വർഷം പ്രാക്ടീസുള്ള ഒരു വക്കീൽ വിവരമില്ലാത്ത ആളല്ലല്ലോ; അതിന്റെ ചെയർപേഴ്സൺ ഒരു സ്ത്രീയായിക്കൂടേ; അപ്പോൾ ആരെയോ കണ്ടുവച്ചിരിക്കുന്നപോലെയെന്ന് പറയാൻ കഴിയില്ലല്ലോ? നിങ്ങളുടെ ഗവൺമെന്റ് വരുമ്പോഴും ഇതുപോലെ പല കാര്യങ്ങളും ചെയ്യും. പക്ഷേ, നമ്മൾ കാര്യങ്ങൾ നേരത്തെ പറഞ്ഞുകൊണ്ടാണ് ചെയ്യുന്നത്. ഒരു അഡീഷണൽ സെക്രട്ടറി നിയമ ബിരുദധാരി ആയിരിക്കണമെന്നുണ്ടോ? ഏഴ് വർഷം പ്രാക്ടീസുള്ള ഒരു വക്കീലോ, ഒരു വനിതയോ, ഒരു പുരുഷനോ ആയിക്കൂടെന്നുണ്ടോ? അറിവില്ലാത്ത ഒരാളല്ലല്ലോ. നല്ല ക്വാളിഫിക്കേഷനാണ് വച്ചിട്ടുള്ളതെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.

മറ്റൊന്ന്, എത്രയും പെട്ടെന്ന് ഈ ബോർഡ് പുനഃക്രമീകരിച്ചുകൊണ്ട് നിലവിലുള്ള ഒഴിവുകൾ നികത്തണം. 400-ലധികം ഒഴിവുകൾ ഉണ്ടെന്നുപറഞ്ഞ് ഇപ്പോൾത്തന്നെ പത്ര റിപ്പോർട്ടുകൾ വന്നു. നിലവിലുണ്ടായിരുന്ന ബോർഡ് മൂന്നുനാല് വേക്കൻസിക്കുവേണ്ടി പത്രപ്പരസ്യം കൊടുത്തിട്ടുള്ളതല്ലാതെ ഒരു കാര്യവും ചെയ്തിട്ടില്ല. എത്രയും പെട്ടെന്ന് ഇവിടത്തെ നിയമനങ്ങൾ നടത്തണം. ദേവസ്വം ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഭക്തജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിലേക്ക് കൊണ്ടുവരണം. ദേവസ്വം ബോർഡിന്റെ സ്വത്ത് ആർക്കും മോഷ്ടിച്ചുകൊണ്ടുപോകാൻ പറ്റുന്ന സ്ഥിതിയല്ലേ? ഒന്നു പരിശോധിച്ചു നോക്കൂ. 'തിരുവിതാംകൂർ ദേവസ്വത്തിൽ കോടികളുടെ അഴിമതി' എന്ന് ദേവസ്വം വിജിലൻസിന്റെ റിപ്പോർട്ട്- ഈയടുത്ത കാലത്ത് വന്ന വാർത്തയാണ്. ദേവസ്വം

ബോർഡ് ഭരിക്കുന്നത് ഇടതുപക്ഷ ഗവൺമെന്റിന്റെ നോമിനികളല്ല. നേരത്തെയുള്ള ഒരു ക്ലാസ് മാറ്റിയതിനെപ്പറ്റി സൂചിപ്പിച്ചു. കഴിഞ്ഞ തവണ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഒരു അംഗത്തെ കൊണ്ടുവരുന്നത് കുഴപ്പമാകുമെന്ന് വിചാരിച്ചാണോ ലോകത്തെങ്ങും ഇല്ലാത്ത ഒരു ക്ലാസ് വച്ചത് എന്നറിയില്ല. അഴിമതിക്കുവേണ്ടി ദേവസ്വം ബോർഡ് സെക്രട്ടറി ഫയലുകളുണ്ടാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നുവെന്നും സ്ഥലംമാറ്റങ്ങളിലും കരാറുകളിലും വൻ വെട്ടിപ്പ് നടത്തുന്നുവെന്നുമാണ് ഇപ്പോൾ വാർത്ത വന്നിരിക്കുന്നത്. പാവപ്പെട്ട ശാന്തിക്കാർക്ക് സ്ഥലംമാറ്റം കിട്ടണമെങ്കിൽ കാണേണ്ടപോലെ കാണണം. വലിയ ക്ഷേത്രങ്ങളിലേക്ക് ശാന്തിക്കാരെ നിയമിക്കുന്നതിന് വൻ കോഴ വാങ്ങുന്നില്ലേ; അതുമായി ബന്ധപ്പെട്ട് വലിയ ആരോപണങ്ങളാണ് വരുന്നത്. ശരിയായ കാര്യങ്ങളാണോ ദേവസ്വം ബോർഡിൽ നടക്കുന്നത്? പരസ്യമായ രഹസ്യങ്ങളാണ് ഇത് മുഴുവൻ. വലിയ ക്ഷേത്രങ്ങളിൽ ശാന്തിക്കാരെ നിയമിക്കുന്നതിനുവേണ്ടിയും സ്ഥലംമാറ്റങ്ങൾക്കുവേണ്ടിയും വൻ കോഴ വാങ്ങിച്ചുകൊണ്ടിരിക്കുന്ന പരിപാടി അവസാനിപ്പിക്കണ്ടേ? ദേവന്റെയോ ദേവിയുടെയോ പേരുപറഞ്ഞ് കാശുണ്ടാക്കുന്ന വെള്ളാനക്കൂട്ടങ്ങളാക്കി മാറ്റാതെ പവിത്രമായിട്ടുള്ള വിശ്വാസവും ആചാരങ്ങളും കൊണ്ടുവരികയെന്നുള്ളതാണ്. നിലവിലുള്ള ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ദേവസ്വം ബോർഡ് വിജിലൻസ് എസ്.പി.-യുടെ രണ്ട് പേജുള്ള റിപ്പോർട്ടിൽ വന്നിരിക്കുന്നത് ഭരണസമിതികളുടെ പ്രവർത്തനങ്ങളെക്കുറിച്ചാണ്. സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്നുണ്ടാക്കിയ ഗുരുതരമായ അഴിമതിക്കരാറുകളെ സംബന്ധിച്ചാണ് റിപ്പോർട്ട് വന്നിരിക്കുന്നത്. ഇത് നമ്മൾ വച്ചതൊന്നുമല്ലല്ലോ? ദേവസ്വം ബോർഡിന്റെ വിജിലൻസിന്റെ റിപ്പോർട്ടാണ്. ശബരിമലയിലേതുൾപ്പെടെ എല്ലാ കരാറുകളിലും വൻ അഴിമതിയെന്നും സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഏറ്റവും വലിയ വെട്ടിപ്പാണ് നടക്കുന്നതെന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്. ഇതൊക്കെ ശരിയായ കാര്യമാണോ; ഇതിനൊക്കെ ഒരു നിയന്ത്രണം ഉണ്ടാകേണ്ടതല്ലേ; ദേവസ്വം ബോർഡ് സെക്രട്ടറി നേരിട്ടാണ് എല്ലാ കരാറുകളും ഉറപ്പിക്കുന്നതെന്നും അദ്ദേഹം അറിയാതെ ഒരു കാര്യവും നടക്കില്ലെന്നുമാണ് പത്ര റിപ്പോർട്ടുകൾ വന്നിരിക്കുന്നത്. ശബരിമലയിൽ എക്സിക്യൂട്ടീവ്/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെ നിയമിക്കുന്നത് ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരുമടങ്ങുന്ന സംഘമാണെന്നാണ് പറയുന്നത്. ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഇത്തരത്തിൽ ആരോപണ വിധേയരായവരെയൊക്കെ കുത്തിത്തിരുകിക്കൊണ്ടാണ് അവിടെ കാര്യങ്ങൾ നടത്തുന്നത്. ഇതിനൊക്കെ മാറ്റംവരുത്തിക്കൊണ്ട് വളരെ സുതാര്യമായി കഴിവുള്ള സത്യസന്ധരായവരെ നിയമിക്കാനുള്ള നടപടികളുണ്ടാകണം. തിരുവിതാംകൂർ ദേവസ്വം ബോർഡിനെപ്പറ്റി വീണ്ടും വാർത്ത വന്നിരിക്കുന്നത്, 'വിരമിച്ചവർക്ക് പുന:പ്രതിഷ്ഠ' -സെക്രട്ടറിയുടെ ഉത്തരവ് ഇറങ്ങി. ഇതൊക്കെ എന്തിനാണ്?

ഉദ്യോഗാർത്ഥികളായ എത്രയോപേരുണ്ട്. ആശ്രിത നിയമനത്തിനുവേണ്ടി കാത്തിരിക്കുന്നവർക്ക് വയസ്സ് കഴിഞ്ഞുപോകുന്ന സാഹചര്യമുണ്ടാകും. ഈ അടുത്തകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു അഭിപ്രായം പറഞ്ഞു. ക്ഷേത്രങ്ങളിലെ തിരക്ക് കുറയ്ക്കാൻ ഒരു സജഷൻ വയ്ക്കാൻ ഏത് മനുഷ്യനും അവകാശമില്ലേ; നമുക്കൊരു അഭിപ്രായം പറഞ്ഞുകൂടേ; അതിനെ സംബന്ധിച്ച് എന്തൊക്കെ വിവാദമാണുണ്ടായത്? ദേവസ്വം ബോർഡ് പ്രസിഡന്റ് സമരം ചെയ്യാനിരിക്കുന്നു, എന്തൊക്കെയാണ് കാട്ടിക്കൂട്ടിയത്, ഒരാൾ ഒരഭിപ്രായം പറയുന്നതുകൊണ്ട് എന്തെങ്കിലും നഷ്ടമുണ്ടോ; എവിടെയെങ്കിലും ഉള്ളത് മാതൃകയാക്കി പഠനം നടത്തി നല്ലൊരു മാതൃക സ്വീകരിക്കുന്നതിന് എന്തെങ്കിലും നഷ്ടമുണ്ടോ? എന്നെ സ്ഥാനാർത്ഥിയാക്കിയതും ജയിക്കാൻ കഴിഞ്ഞതും ഒക്കെ ഇടതുപക്ഷ പാർട്ടിയുടെ സഹായംകൊണ്ടാണ്.

2.00 p.m.]

ഒരു സ്ത്രീയെന്ന നിലയിൽ എനിക്ക് ചോദിക്കാനുള്ളത്, ശാസ്താക്ഷേത്രങ്ങളിൽ എല്ലാ സ്ത്രീകളും പോകുന്നുണ്ട്. ദിവസവും പൂജയും തേവാരവും ചെയ്യുന്ന, വളരെയേറെ ഈശ്വരവിശ്വാസമുള്ള ഒരു കുടുംബത്തിലെ അംഗമാണ് ഞാൻ. അങ്ങനെയുള്ള ഒരു കുടുംബത്തിൽനിന്നും വന്നിട്ടുള്ള എനിക്ക് ചോദിക്കാനുള്ളത്, എന്തുകൊണ്ട് സ്ത്രീകൾക്കുമാത്രം ശബരിമലയിൽ വിലക്ക് കൽപ്പിക്കുന്നു; ജൈവശാസ്ത്രപരമായ കാരണങ്ങൾകൊണ്ട് സ്ത്രീയെ മാറ്റിനിർത്തേണ്ടതുണ്ടോ? ശബരിമലയാത്ര അപകടസാധ്യതയുള്ളതാണെങ്കിൽ അക്കാര്യം പറഞ്ഞാൽപ്പോരേ? സ്ത്രീക്ക് ബഹിരാകാശത്ത് പോകാം, കൽപ്പനാചൗള ബഹിരാകാശത്ത് പോയില്ലേ? ഹിമാലയത്തിൽ കയറാം. ശബരിമലയിൽ വിലക്കേർപ്പെടുത്തുന്നതിന്റെ സാംഗത്യമെന്താണ്? ഞാനൊരു അവിശ്വാസിയാണെന്ന് ഒരിക്കലും പറയില്ല. വ്യക്തിപരമായ വിശ്വാസങ്ങൾക്ക് ആരും ഒരിക്കലും തടസ്സമല്ല. അങ്ങനെതന്നെ ജീവിക്കുന്ന ആളാണ് ഞാനും. എന്തുകൊണ്ടാണ് ആ ക്ഷേത്രത്തിൽ മാത്രം സ്ത്രീകൾ കയറരുതെന്നുപറയുന്നത്? സ്ത്രീകൾ ശബരിമലയിൽ കയറിയാൽ ശബരിമല നശിക്കുമെന്ന് ഒരു ദിവസം ഒരാൾ പറയുന്നത് കേട്ടപ്പോൾ എനിക്ക് വല്ലാതെ വിഷമംതോന്നി, ആരാണെന്നോ എവിടെവച്ചാണെന്നോ ഞാൻ പറയുന്നില്ല. സ്വകാര്യ സംഭാഷണമായതുകൊണ്ട് വെളിപ്പെടുത്താൻ ഇഷ്ടപ്പെടുന്നില്ല. അത് ശരിയാണോ? ഇവിടെ ഇരിക്കുന്ന മുഴുവൻപേരേയും അമ്മ പ്രസവിച്ചു വളർത്തിയതാണ്. സ്ത്രീയോടുള്ള അവഗണനയുടെ ഒരു ഭാഗം തന്നെയല്ലേയിത്; ഇത് എല്ലായിടത്തും

ചർച്ചയാകട്ടെ. കോടതി ഉത്തരവനുസരിച്ച് ഉത്തരേന്ത്യയിലെ ഒരു ക്ഷേത്രത്തിൽ ഇപ്പോൾ സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ട്. പഴയകാലത്ത് 41 ദിവസത്തെ വ്രതമെടുത്താണ് ശബരിമലയിൽ പോയിരുന്നത്. എന്നാൽ അതിന്റെ ഒരംശം ഇന്നുണ്ടോ? ഇന്ന് ഉച്ചയ്ക്ക് ശബരിമലയിൽ പോകാൻ തീരുമാനിക്കുന്നു, രാത്രിയിൽ പോകുന്നു. പക്ഷേ അവിടെ പോകുന്നതിന് സ്ത്രീകൾക്കെന്നും വിലക്കുണ്ട്. അത് സംബന്ധിച്ച് പരിശോധിക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. തീർച്ചയായും അതിന് മാറ്റമുണ്ടാകുകതന്നെ വേണം. എല്ലാ ശാസ്താക്ഷേത്രങ്ങളിലും സ്ത്രീകൾക്ക് കയറാമെങ്കിൽ ശബരിമലയിൽ മാത്രം എന്താണ് പ്രശ്നമുള്ളത്? ഇത്തരത്തിലുള്ള ഒട്ടേറെ അഴിമതിയും കെടുകാര്യസ്ഥതയും പണമുണ്ടാക്കുന്ന സ്ഥാപനവുമായി മാറുന്നതിലുപരി ഏറ്റവും ജനകീയമായി ക്ഷേത്രങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പവിത്രമായി കൊണ്ടുപോകാനുള്ള സംവിധാനങ്ങളുണ്ടാകണം. അല്ലാതെ ഇഷ്ടക്കാരെ കുത്തിനിറച്ചുകൊണ്ടുപോകുന്ന ഒരു രീതിയല്ല വേണ്ടത്.

കൊട്ടാരക്കര ഗണപതി ക്ഷേത്രത്തിൽ വികസനത്തിന് യോഗ്യമായ ധാരാളം സ്ഥലമുണ്ട്. ഉപദേശക സമിതിയുടെ ഘടനമാറ്റണം. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച ബോർഡ്, വോട്ട് ചെയ്ത് കുറേപേരുടെ അഭിപ്രായം ആരായുമായിരുന്നു. അതുപോര, കുറച്ചുകൂടി സുതാര്യമാക്കണം. ചില സ്ഥലങ്ങളൊക്കെ ആൾക്കാരുടെ കുത്തകയായി മാറ്റിയിരിക്കുകയാണ്. ഒരാൾക്കും അങ്ങോട്ട് അക്സസ്സില്ല. അങ്ങനെ ചെയ്യാൻ പാടില്ലല്ലോ? വ്യത്യസ്തമായ പാർട്ടിക്കാരും പൊതുജനങ്ങളുമെല്ലാം ഉൾപ്പെടുന്ന ഒരു ക്ഷേത്രോപദേശക സമിതി വന്നുകഴിഞ്ഞാൽ അവിടെ അതിന്റെ ഐശ്വര്യം കാണാനാകും. അതിന് ധാരാളം ഉദാഹരണങ്ങൾ കാണിച്ചുതരാൻ സാധിക്കും. പുള്ളുണ്ണി ക്ഷേത്രത്തിന്റെയും മറ്റും കാര്യം എനിക്ക് നേരിട്ടറിയാവുന്നതാണ്. അതുപോലെ എത്രയോ സ്ഥലങ്ങളുണ്ട്. അവിടെ വേറൊരു രീതിയിൽ മാത്രമേ ഭരണം കൊണ്ടുപോകുകയുള്ളു. അതൊക്കെ ഒരിക്കലും അനുവദിക്കാൻ പാടില്ല. ഉപദേശകസമിതിയുടെ ഘടനയ്ക്ക് മാറ്റമുണ്ടാക്കണം. അത് ഭരണത്തിലേക്കുള്ള കടന്നുകയറ്റമൊന്നുമല്ല. ക്ഷേത്രഭരണങ്ങൾ പവിത്രമായിത്തന്നെ പോകണം. പക്ഷേ അത് കൈകാര്യം ചെയ്യുന്നത് സുതാര്യമായാൽ ഭക്തജനങ്ങൾക്ക് കുറേക്കൂടി ഇൻവോൾവ്മെന്റുണ്ടാകും, അതിലൂടെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ള കാവ്, കുളം എന്നിവ സംരക്ഷിക്കാനും വൃത്തിയും വെടിപ്പുമുള്ള സ്ഥലത്ത് ആരാധന നടത്താനും സാധിക്കും. അതൊക്കെ ഒരു കയ്യിലോ ചെറിയ മേഖലകളിലേയ്ക്കോ മാത്രമാക്കിക്കൊണ്ടുപോകുന്ന സംവിധാനം മാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ബില്ലിൽ, ശമ്പളയിനത്തിൽ നോക്കുകയാണെങ്കിൽ അംഗങ്ങൾ മൂന്നുപേർ കുറയുന്നതോടുകൂടി  പകുതിയിലധികം ചെലവ് കുറയ്ക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. അക്കാര്യത്തിൽ സർക്കാരിന് കുറേക്കൂടി ലാഭം ഉണ്ടാവുകയേയുള്ളൂ. നിലവിലുള്ള ഒഴിവുകളെല്ലാം നികത്തി മെച്ചപ്പെട്ട നിലയിലേക്ക് കൊണ്ടുവരണം. ഇതിൽ ഒരു ചെയർപേഴ്സണും ഒരു വനിതയും എസ്‌സി. വിഭാഗത്തിലുള്ള ഒരാളും ഉൾപ്പെടെ മൂന്നംഗങ്ങളാണുള്ളത്. ചുരുങ്ങിയ അംഗങ്ങളേയുള്ളൂവെങ്കിലും അതിൽ ഒരാൾ എസ്‌സി. വിഭാഗത്തിലുള്ള ആളായിരിക്കണമെന്നുള്ള പരിഗണന പ്രത്യേകമായി നൽകിയിട്ടുണ്ട്. യോഗ്യതയുടെ കാര്യത്തിലായാലും  വനിതകൾക്ക് പ്രത്യേകം പരിഗണനയുണ്ട്. ഇടതുപക്ഷ പാർട്ടി അക്കാര്യത്തിനൊപ്പം നിന്നിട്ടുണ്ടെന്നുള്ളത് സന്തോഷത്തോടുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. കഴിഞ്ഞതവണ ദേവസ്വം ബോർഡിന്റെ ഭേദഗതി അവതരിപ്പിച്ചപ്പോൾ വനിതകൾക്കുള്ള സംവരണം എടുത്തുകളഞ്ഞ  സ്ത്രീവിരുദ്ധരാണ് യു.ഡി.എഫ്.-കാരെന്ന് ഞാൻ പറയും. 50 ശതമാനത്തിലേറെ വനിതകളുള്ള ഈ സംസ്ഥാനത്ത് എന്തുകൊണ്ടാണ് എല്ലാ കാര്യത്തിലും ശബരിമലയിൽ കയറുന്നതിനായാലും ബോർഡിൽ അംഗമാകുന്നതിനായാലും എല്ലാ യോഗ്യതകളുമുള്ള സ്ത്രീകൾക്ക് അർഹമായ പരിഗണന നൽകാത്തത്. അത് വേണമെന്നതുതന്നെയാണ് എന്റെ അഭിപ്രായം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ചരിത്രത്തിലാദ്യമായിട്ടാണ് തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിൽ എസ്‌സി./എസ്റ്റി. വിഭാഗത്തിലുള്ള ഒരാൾക്കും ഒരു വനിതയ്ക്കും സംവരണം നൽകുന്നത്. മലബാർ ദേവസ്വം ബോർഡിൽ രണ്ട് വനിതകൾക്കാണ് സംവരണം കൊടുത്തിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റ്  സംവരണം എടുത്തുകളഞ്ഞു. അവിടെ സംവരണം ഒന്നാക്കി എന്നകാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീമതി പി. അയിഷാ പോറ്റി:  സർ, ബഹുമാനപ്പെട്ട  ജി. സുധാകരൻ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ധാരാളം നല്ലകാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ ഒന്നാണ് സ്ത്രീസംവരണം നടപ്പിലാക്കിയത്. അതിനുമുമ്പും ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തൊക്കെ വനിതകൾ വന്നിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഇത്തരത്തിലുള്ള സാമൂഹികമായ സമത്വം ഉറപ്പാക്കി കൂടുതൽ മെച്ചപ്പെട്ട നിലയിലേക്ക് ദേവസ്വം ബോർഡിന്റെ പ്രവർത്തനത്തെ കൊണ്ടുപോകണം. സർക്കാർ കൂടുതൽ ഇടപെടുന്നുവെന്ന്

നേരത്തെ ഇവിടെ സൂചിപ്പിച്ചു, പണ്ട് ഇവിടെ ഭരണം നടത്തിയിരുന്നത് രാജാക്കന്മാരല്ലേ? രാജാവിൽനിന്നും ഭരണം സർക്കാരിന് കിട്ടിയപ്പോഴല്ലേ സർക്കാർ ഇക്കാര്യങ്ങൾ നോക്കുന്നത്. അവിടത്തെ മേൽനോട്ടമല്ലാതെ മറ്റൊരു കാര്യത്തിലേക്കും കടക്കുന്നില്ലല്ലോ. ക്ഷേത്രത്തിലെ ഏറ്റവും വലിയ ആളാരാണ്? തന്ത്രങ്ങളും മന്ത്രങ്ങളുമെല്ലാം പഠിച്ച്, ഭക്തർക്കുവേണ്ടി ദൈവത്തോടെല്ലാം പറഞ്ഞ് പ്രാർത്ഥിക്കുന്ന ഏറ്റവും നല്ല കാര്യം ചെയ്യുന്നത് ശാന്തിക്കാരാണ്. യഥാർത്ഥത്തിൽ അവരുടെ അവസ്ഥ എന്താണ്? ബഹുമാനപ്പെട്ട മന്ത്രി അത് ഗൗരവത്തിലെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. ജി. സുധാകരൻ, വകുപ്പുമന്ത്രിയായിരുന്നപ്പോൾ കുറച്ച് ഭേദഗതികൾ വരുത്തിയിരുന്നു. അവരുടെ ഗ്രേഡ് ഉയർത്തണം. ശാന്തിക്കാരന് വിവാഹം ചെയ്യാൻ പെൺകുട്ടികളെ കൊടുക്കുകയില്ല. അവർക്ക് ഒരിക്കലും അവധിയെടുക്കാൻ സാധിക്കില്ല. അവർക്ക് സമൂഹത്തിൽ അർഹിക്കുന്ന സ്ഥാനം നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം, പ്രൊമോഷൻ സാധ്യതയുണ്ടാകണം. വർഷങ്ങൾ കഴിയുമ്പോൾ അതിനനുസരിച്ചുള്ള ഗ്രേഡ് ഉയർത്തിനൽകണം. ക്ഷേത്രത്തിലെ ശാന്തി, തകിൽ, നാദസ്വരം തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അർഹമായ പരിഗണനയും പ്രൊമോഷൻ സാധ്യതയും കിട്ടുന്ന തരത്തിലുള്ള സംവിധാനങ്ങൾ കൊണ്ടുവരുമ്പോൾ മാത്രമേ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാവുകയുള്ളൂ, കൂടുതൽ ഫലപ്രദമാവുകയുള്ളൂ. ഭേദഗതി പ്രസ് ചെയ്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഇതുസംബന്ധിച്ച വിശദമായ ചർച്ച സബ്ജക്ട് കമ്മിറ്റിയിൽ നടത്താം. എന്നാലും സഭയിൽ പൊതുവായ ഒരു ചർച്ച നടന്ന പശ്ചാത്തലത്തിൽ ഗവൺമെന്റിന് പറയാനുള്ള കാര്യങ്ങൾ പറഞ്ഞില്ലെങ്കിൽ സഭാരേഖകളിൽ അതുണ്ടാകില്ല. അതുകൊണ്ട് ചില കാര്യങ്ങൾ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ഇതൊരു താൽക്കാലിക സംവിധാനമല്ല. ദേവസ്വം ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് 2007-ൽ വിട്ടുകൊടുത്തു. 2011-ൽ ഗവൺമെന്റ് മറ്റൊരു നിയമം കൊണ്ടുവന്ന് അതിനെ ഇല്ലാതാക്കി, അത് പുനഃസ്ഥാപിക്കാൻ ഞങ്ങൾ ശ്രമിക്കുകയാണ്. അത് പുനഃസ്ഥാപിക്കുക തന്നെ ചെയ്യും. ആ നയത്തിൽ നിന്നും ഗവൺമെന്റ് പിന്മാറുന്നില്ല. അന്ന് റൂൾസ് കൊണ്ടുവന്നില്ല എന്നുപറയുന്നത് ശരിയല്ല, റൂൾസ് കൊണ്ടുവന്നു. ഏതാണ്ട് സ്പെഷ്യൽ റൂൾസെല്ലാം തയ്യാറായി

അസാധാരണ ഗസറ്റായി വിജ്ഞാപനം പുറപ്പെടുവിക്കേണ്ട സന്ദർഭത്തിൽ ഗവൺമെന്റ് ഇടപെട്ട് അത് നിർത്തിവച്ചു എന്നുള്ളതാണ് ചൂണ്ടിക്കാണിക്കാനുള്ളത്. റിക്രൂട്ട്മെന്റ് ബോർഡിന്റെ നമ്പർ കുറയുന്നുവെന്നത് മാത്രമല്ല, നിലവിലുള്ളത് ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുന്നതോ വഹിച്ചിരുന്നതോ ആയ ഒരാൾ ചെയർപേഴ്സണായിരിക്കേണ്ടതും മറ്റംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടുന്ന ആളുമായിരിക്കേണ്ടതാണെന്നുള്ളതാണ്. ഇതിൽ ചെയർമാന്റെ ക്വാളിഫിക്കേഷൻ മാത്രമേ ഇവിടെ പറയുന്നുള്ളൂ. ഇപ്പോൾ ചെയർപേഴ്സണെ സംബന്ധിച്ച് പറയുന്നത്, 'ജില്ലാ ജഡ്ജിയായിരിക്കുന്നതോ ആയിരുന്നതോ അല്ലെങ്കിൽ ജില്ലാ ജഡ്ജി ആയി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ ഒരാളെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്. ജില്ലാ ജഡ്ജിയുടെ പദവിയുള്ള ഒരാൾ മതിയാകും'. അതിന്റെ ആവശ്യമേയുള്ളൂ. അംഗങ്ങളെ സംബന്ധിച്ച് ഇതിലൊന്നും പറയുന്നില്ല. അതുകൊണ്ടുതന്നെയാണ് നേരത്തെ ഞാൻ അഞ്ചംഗങ്ങൾ ആരെല്ലാമാണെന്ന് ചോദിച്ചപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് മറുപടിയില്ലാതെ പോയത്. അങ്ങനെ പുറത്തുപറയാൻ കാര്യമായി സാധിക്കാത്തതുകൊണ്ടാണ്. 'അംഗങ്ങൾ, തൊഴിൽസംബന്ധമായതോ സേവനപരമായതോ അല്ലെങ്കിൽ ഭരണപരമായതോ ആയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയസമ്പന്നരായിരിക്കേണ്ടതാണ് ' എന്ന് ഇതിൽ കൃത്യമായി വ്യവസ്ഥ ചെയ്യുന്നുണ്ട്.

അയോഗ്യതയുടെ പ്രശ്നമാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയമായിവന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽപ്പോലും എന്തുകൊണ്ടാണ് ഇങ്ങനെയൊരു ക്ലാസ് വയ്ക്കാൻ ഇടയായത് എന്നറിയില്ല. ഞാൻ നന്നായി പരിശോധിച്ചു. നമ്മുടെ നാട്ടിൽ ഒരുപാട് ബോർഡുകളുണ്ട്. അവിടെയൊന്നും കാണാത്ത ഒരു ക്ലാസ് ഇതിൽ കാണാനിടയായി. സാധാരണഗതിയിൽ അങ്ങനെയൊരു ക്ലാസ് വയ്ക്കേണ്ടതായി കാണുന്നില്ല. "മദ്യത്തിന്റെ ഉൽപ്പാദനത്തിലോ വിപണനത്തിലോ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിട്ടുള്ളതോ ആയ ആളോ....." എന്നുപറയുന്ന ക്ലാസ് വേറൊരു ബോർഡിനെ സംബന്ധിച്ചും കാണുന്നില്ല. മിക്കവാറുമുള്ള എല്ലാ ബോർഡുകളെ സംബന്ധിച്ചും മറ്റ് ആറ് ക്ലാസുകൾ വരെയുണ്ട്. അതാണ് ഞാൻ ചോദിച്ചത്. ഏഴാമത്തെ ക്ലാസ് ഇങ്ങനെ വയ്ക്കാൻ കാരണം എന്താണ്; യു.ഡി.എഫ്. അങ്ങനെയൊരു അവസ്ഥയിൽചെന്നുപെട്ടുപോയോ? ആറംഗങ്ങളുള്ള ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുമ്പോഴും മദ്യത്തിന്റെ ഉൽപ്പാദനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന

ഒരാളെ വയ്ക്കുന്ന നിലയിലേക്ക് വന്നുപോയോ എന്ന കാര്യത്തെ സംബന്ധിച്ചുള്ള സംശയമാണ് ഞാൻ ചോദിച്ചത്. അതുകൊണ്ടാണ് ആ ക്ലാസ് എടുത്തുകളഞ്ഞത്. എൽ.ഡി.എഫ്.-നെ സംബന്ധിച്ച് അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏറ്റവും യോഗ്യരായ ആളുകളെ വച്ചുകൊണ്ട് ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ പ്രയാസമുണ്ടാകില്ല. അതാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. ബാക്കി കാര്യങ്ങളൊക്കെ നിശ്ചയമായും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> :സർ, ഭരണപക്ഷത്തെയോ പ്രതിപക്ഷത്തെയോ കുറ്റപ്പെടുത്തുകയല്ല, ഈ ഒരു നിയമം നമ്മൾ ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് വളരെയധികം കാലമായി. ബഹുമാനപ്പെട്ട ജി. സുധാകരൻ മന്ത്രിയായിരിക്കുമ്പോൾ നിയമനം പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട വിഷയം ഈ സഭയിൽ വന്നു. അതിനുശേഷം അടുത്ത ഗവൺമെന്റ് വന്ന് റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കാൻ തീരുമാനിച്ചു. ഇപ്പോൾ അതിന്റെ തുടർച്ചയായി ആ റിക്രൂട്ട്മെന്റ് ബോർഡിലുള്ള ഭേദഗതിയാണ് വരുന്നത്. ഐക്യകേരളം ഉണ്ടായതിനുശേഷം യഥാർത്ഥത്തിൽ ഹിന്ദു സമുദായത്തിൽ എല്ലാ വിഭാഗങ്ങൾക്കും തുല്യനീതി നൽകുന്നതിന് ഇത്രയും കാലതാമസമെടുത്തുവെന്നുള്ളത് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾക്ക് അഭികാമ്യമായ ഒരു കാര്യമല്ല. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഇപ്പോഴും വിപ്ലവകരമായ തീരുമാനമെന്ന് എന്റെ സുഹൃത്തായ മുൻമന്ത്രി പറഞ്ഞു, ശരിയാണ്. ആ ഒരു തീരുമാനം അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും ഉണ്ടായി. പക്ഷേ, ഇപ്പോഴും സമ്പൂർണ്ണമാകുന്നില്ല. അങ്ങ് ഉദ്ദേശ്യകാര്യം വിവരിച്ചപ്പോൾ പറഞ്ഞു എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളൊഴികെ..... എന്തിന്റെ പേരിലാണ് അവിടെ ഈ ഒരു ഐറ്റം കാണുന്നത്. ദേവസ്വം ബോർഡിനുകീഴിലുള്ള കഴകം ഉൾപ്പെടെയുള്ള ശാന്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാറ്റിനിർത്താം. അത് അമ്പലവാസികളുമായി ബന്ധപ്പെട്ട പരമ്പരാഗത തൊഴിലാണെങ്കിൽ മാറ്റിനിർത്താം. അതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തായാലും അത് ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് എടുക്കുന്ന സമീപനവും അതാണ്. അഡ്മിനിസ്ട്രേഷൻ രംഗത്ത് ഇത്രയും കാര്യങ്ങൾ കൊണ്ടുവരാമെങ്കിൽ എയ്ഡഡ് മേഖലയിൽ എന്തുകൊണ്ട് പാടില്ല? യഥാർത്ഥത്തിൽ ഹൈക്കോടതി വിധി പൊതുവായ എയ്ഡഡ് മേഖലകളായ എം.ഇ.എസ്., എസ്.എൻ.ഡി.പി., എൻ.എസ്.എസ്.-ലൊക്കെ വേണമെന്നാണ്. പക്ഷേ അവിടെയൊക്കെ നമ്മൾ പോകേണ്ട. അത് ഇപ്പോൾ കഴിയുന്ന കാര്യമല്ല. പക്ഷേ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എയ്ഡഡ് സ്ഥാപനങ്ങളിലെങ്കിലും ഇത് കൊണ്ടുവരുന്ന കാര്യത്തിൽ എന്താണ് തടസ്സം? അതുകൊണ്ട് ഇതൊരു

സമ്പൂർണ്ണ വിപ്ലവമായി മാറണമെങ്കിൽ, ഇത്തരം നിയമനങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് കീഴിലുള്ള എയ്ഡഡ് കോളേജുകളിലും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, എയ്ഡഡ് കോളേജുകളും സർവ്വകലാശാലയും തമ്മിൽ ഒരു ബന്ധമുണ്ട്. എയ്ഡഡ് കോളേജുകൾക്കെല്ലാം ഒരേ നിയമമാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിലെങ്കിലും നടപ്പാക്കാവുന്നതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അതിനെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാം. ഞാൻ മനസ്സിലാക്കിയ കാര്യം ഈ സഭയിൽ പറഞ്ഞുവെന്നേയുള്ളൂ. ഇതാണ് പൊതുവായി ഇവിടെ വന്നിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് പറയാനുള്ള ക്ലാരിഫിക്കേഷൻ. സബ്ജക്ട് കമ്മിറ്റിയിൽ വിശദമായ ചർച്ച നടത്തി ആവശ്യമായ തീരുമാനങ്ങളെടുക്കാം.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി, നോട്ട് ഇൻ ദി സീറ്റ്.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ....

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി, അങ്ങേക്ക് 2016- ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## ക്രമപ്രശ്നം

(2) ബില്ലിന്റെ അവതരണം സംബന്ധിച്ച്

ശ്രീ. കെ. എം. മാണി : സർ, കോൺസ്റ്റിറ്റ്യൂഷൻ ആർട്ടിക്കിൾ 202, 213, 252, 265, നിയമസഭാ ചട്ടം 69 (5), 71, 76, 303 പ്രൊവൈസോ എന്നീ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഒബ്ജക്ഷൻ ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. നിയമസഭാ ചട്ടം 71 പ്രൊവൈസോയിൽ നിയമനിർമ്മാണ സഭയുടെ അധികാര പരിധിക്കപ്പുറത്ത് ഒരു നിയമം വന്നാൽ ബഹുമാനപ്പെട്ട സ്പീക്കർ ഒരു ഫുൾ ചർച്ചയ്ക്ക് അവസരം നൽകണമെന്നാണ്. ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം 71-'എന്നാൽ നിയമസഭയുടെ നിയമനിർമ്മാണ അധികാരപരിധിക്ക് വെളിയിലുള്ള നിയമം കൊണ്ടുവരുന്നുവെന്ന കാരണത്തിന്മേലാണ് പ്രമേയം എതിർക്കപ്പെടുന്നതെങ്കിൽ അതിന്മേൽ സ്പീക്കർക്ക് പൂർണ്ണമായ ഒരു ചർച്ച അനുവദിക്കാവുന്നതാണ്.' വളരെ ഗൗരവമായ വിഷയമാണ്. ജൂറിസ്ഡിക്ഷനില്ല. നിയമനിർമ്മാണ അധികാരത്തിനപ്പുറത്താണ്, ഇത് കൊണ്ടുവരാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് അവകാശമില്ലെന്നുള്ളതാണ്. അൽപ്പം സമയമെടുക്കും. അതുകൊണ്ട് ക്ഷമിക്കണം. ഇതിനെ സംബന്ധിച്ച് സംശയം എന്തെങ്കിലും ഉണ്ടെങ്കിൽ എനിക്ക് തോന്നുന്നത് it's a fit case for asking the Advocate General to address the Assembly. ഇവിടെവന്ന് എന്തെങ്കിലും സംശയം ചോദിക്കാനുണ്ടെങ്കിൽ നമുക്ക് പറയാം. വളരെ ഗൗരവമായ ചില ഭരണഘടനാ പ്രശ്നങ്ങൾ ഇതിൽ അന്തർലീനമായിട്ടുണ്ട്. അടിസ്ഥാനസൗകര്യ നിക്ഷേപനിധി

ഓർഡിനൻസ് 19-8-2016-ലാണ് ഗവർണർ വിളംബരം ചെയ്തത്. ഇന്ന രാവിലെ മാത്രമാണ് പകർപ്പ് നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതും അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുന്നതും. അതുകൊണ്ട് ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ പലതും കോൺസ്റ്റിറ്റ്യൂഷനെതിരായതുകൊണ്ട്, അവ നിരാകരിച്ചുകൊണ്ടുള്ള പ്രമേയം ആർട്ടിക്കിൾ 213 (2) അനുസരിച്ച് കൊണ്ടുവരാൻ എനിക്ക് സാധിച്ചില്ല. ഈ ബിൽ ഇന്ന് സഭയിൽ ഇൻട്രൊഡ്യൂസ് ചെയ്യുന്നത് അജണ്ടയിൽപ്പെടുത്തിയതുകൊണ്ടാണ് അംഗങ്ങൾക്ക് ഭരണഘടനാപരമായ അവകാശം നിഷേധിക്കപ്പെട്ടത് എന്നത് സങ്കടകരമായ ഒരു കാര്യമാണ്. നവംബർ 10-ാം തീയതിവരെ നിയമസഭാ സമ്മേളനമുണ്ട്. അതുകൊണ്ട് മറ്റൊരു ദിവസത്തേക്ക് ഈ ചർച്ച മാറ്റിവച്ചാൽ ഭരണഘടനാപരമായി മെമ്പർമാർക്ക് പറയാനുള്ള അവകാശം നിഷേധിക്കപ്പെടാതിരിക്കും. അവർക്ക് പരിരക്ഷ ലഭിക്കും. ചട്ടം 76 പ്രൊവൈസോ ബിൽ അവതരണത്തിന് മൂന്ന ദിവസം മുമ്പ് ബില്ലിന്റെ കോപ്പികൾ അംഗങ്ങൾക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടം 69(5) അനുസരിച്ച് ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ പകർപ്പ് ബിൽ അവതരണത്തിനുമുമ്പ് ലഭ്യമാക്കണം. ഇത് രണ്ടും ചെയ്തിട്ടില്ല. ഞങ്ങൾക്കുള്ള അവകാശമാണ്. മൂന്ന് ദിവസം മുമ്പ് ലഭിക്കണം. അതുപോലെതന്നെ ഇംഗ്ലീഷ് പരിഭാഷയുടെ പകർപ്പും നേരത്തെ ലഭിക്കണം.

കോൺസ്റ്റിറ്റ്യൂഷനിൽ ആർട്ടിക്കിൾ 202 അനുസരിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്കുള്ള വരവും അതിൽനിന്നുള്ള ചെലവുകളുമാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതും പരിഗണിക്കേണ്ടതും. എന്നാൽ കിഫ്ബി-ക്ക് തിരിച്ചുകൊടുക്കാനുള്ള തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നുവെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അത് തെറ്റാണ്, നിയമവിരുദ്ധമാണ്. കിഫ്ബി ഇൻഫ്രാസ്ട്രക്ചറിന് മുടക്കുന്ന തുക ബഡ്ജറ്റ് പ്രൊവിഷൻമൂലം തിരിച്ചുനൽകണമെന്ന് എട്ടാം ക്ലാസ് പ്രൊവൈസോ 7(1)-ൽ പറയുന്നു. കിഫ്ബി-യുടെ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് വരുന്നില്ല. അതുകൊണ്ട് തിരിച്ചടവ് വ്യവസ്ഥ ശരിയല്ല. കൺസോളിഡേറ്റഡ് ഫണ്ടിലേക്കുവരുന്ന ഒരു തുകയാണെങ്കിൽ അതിന്റെ തിരിച്ചടവിനെപ്പറ്റി ഇവിടെ പ്രതിപാദിക്കാം. വരാത്ത ഒരു തുകയുടെ തിരിച്ചടവിനെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നത് ശരിയല്ല. അത് irregular ആണെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് തിരിച്ചടവ് വ്യവസ്ഥ ആർട്ടിക്കിൾ 202-ന് എതിരാണ്. അതിനുപകരം സീലിംഗിനുള്ളിൽ നിന്നുകൊണ്ട് സർക്കാരിന് നേരിട്ട് വേണമെങ്കിൽ കടമെടുക്കാം. അതിന് ഗ്യാരന്റി കൊടുത്താൽ മതി. അങ്ങനെയുള്ള നടപടികൾ സ്വീകരിക്കാതെ വളഞ്ഞവഴി സ്വീകരിക്കുന്നത് ഒട്ടും ശരിയായ കാര്യമല്ല.

ബില്ലിലെ ക്ലോസ് 9, 8-ാം വകുപ്പിനുപകരം പുതിയ ഒരു വകുപ്പ് കൊണ്ടുവന്നിരിക്കുകയാണ്. കടംവാങ്ങുന്നതിനും നൽകുന്നതിനും ബോർഡിനുള്ള അധികാരം സംബന്ധിച്ച ബോണ്ടുകൾ, ധനപരമായ പ്രമാണങ്ങൾ, സെക്യൂരിറ്റികൾ എന്നിവ പുറപ്പെടുവിച്ച് ഫണ്ടുകൾ സമാഹരിക്കുവാൻ ബോർഡിനെ ചുമതലപ്പെടുത്തുന്ന വ്യവസ്ഥയാണിത്. ഈ ഫണ്ടുകൾ സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ പദ്ധതികളിൽ മുടക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് ശ്രദ്ധിക്കേണ്ടത്, 7-12-2001-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ശങ്കരനാരായണൻ നിയമംവഴി സർക്കാർ പുറപ്പെടുവിക്കുന്ന സെക്യൂരിറ്റികളെ സംബന്ധിച്ചുള്ള കാര്യങ്ങളും അധികാരവുമെല്ലാം പാർലമെന്റിന് നൽകിക്കൊണ്ട് നിയമസഭയിൽ ഒരു പ്രമേയം അവതരിപ്പിച്ച് പാസ്സാക്കി. ആ സാഹചര്യത്തിൽ കിഫ്ബിയെക്കൊണ്ട് ബോണ്ടുകളും സെക്യൂരിറ്റികളും പുറപ്പെടുവിച്ച് ഫണ്ട് സമാഹരിക്കുന്നതിനുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതിന് ഇപ്പോൾ അധികാരമില്ല. പാർലമെന്റിന് മാത്രമേ അതിനുള്ള അധികാരമുള്ളൂ. നമ്മുടെ അധികാരം പാർലമെന്റിന് കൊടുത്തുകഴിഞ്ഞു. ഇപ്പോൾ നമുക്ക് അധികാരമില്ല.

സെക്ഷൻ 7 (1) അനുസരിച്ച് മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം കിഫ്ബിയുടെ നിധിയിലേക്ക് ഓരോവർഷവും സർക്കാർ വിഹിതമായി നീക്കിവയ്ക്കുവാൻ വ്യവസ്ഥ ചെയ്യുന്നതാണ്. ഒരു ആവശ്യത്തിന് പിരിക്കുന്ന തുക മറ്റൊരു കാര്യത്തിനുവേണ്ടി ചെലവഴിക്കുന്നത് ശരിയായ കാര്യമല്ല. അത് ആ ആവശ്യത്തിനുവേണ്ടി നിറവേറ്റേണ്ടതാണ്.

സെക്ഷൻ 2 (എ)-യിൽ യൂസർ ലെവിയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. പ്രോജക്ടിന്റെ പ്രയോജനം എടുക്കുന്നവനിൽനിന്ന് അതിന്റെ മുതൽമുടക്ക് ഈടാക്കുന്നതിന് മൂന്നാം പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ, ഒരു കാര്യം, ടോൾ, ചുങ്കം എന്നിവ നികുതിയാണ്. ഇവ പിരിക്കണമെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 265 അനുസരിച്ച് നിയമംമൂലമേ പറ്റൂ. ഡോ. ടി. എം. തോമസ് ഐസക്, ഇവിടെ ഒരു വാക്ക് പറഞ്ഞാൽ പറ്റുകയില്ല. കരാർ പ്രകാരം സാധിക്കുകയില്ല. ഇത് ഭരണഘടനാവിരുദ്ധമാണ്. അതിന് പ്രത്യേകം നിയമം വേണം. നിയമം ഇല്ലാതെ സാധിക്കുകയില്ല. ഒരു സ്വകാര്യ മേഖലാ പങ്കാളിക്ക് എന്തെല്ലാം സംസ്ഥാന സഹായം ലഭിക്കുമെന്ന് ബില്ലിലെ 2 (എൽഎ) നിർവ്വചിക്കുന്നു. "ഏതെങ്കിലും നിയമത്തിൻ കീഴിൽ ചുമത്തുന്ന ഏതെങ്കിലും നികുതിയോ ഫീസോ നൽകുന്നതിൽനിന്നും ഇളവ് നൽകുക, അപ്രകാരം നൽകുന്നതിന് സമയം ദീർഘിപ്പിച്ചുനൽകുക" എന്നീ സഹായങ്ങൾ നൽകണമെങ്കിൽ അതാത് നിയമങ്ങളിൽ ഭേദഗതി വരുത്തിയാലേ പറ്റൂ. അതാത് നിയമങ്ങൾ ഭേദഗതി ചെയ്യാതെ ഇതൊന്നും നിയമസാധുതയുള്ള കാര്യങ്ങളല്ല. കിഫ്ബി ഇതുവരെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുണ്ടോ; ഇല്ല. നിധി രൂപീകരിച്ചിട്ടുണ്ടോ; ഇല്ല. നോട്ടിഫൈ ചെയ്തിട്ടുണ്ടോ; ഇല്ല. അങ്ങനെയുള്ള സാഹചര്യത്തിൽ അതിന്റെ

പ്രവർത്തനങ്ങൾക്ക് നിയമസാധുത ഉണ്ടായിരിക്കുന്നതല്ല. നിയമപ്രകാരം രൂപീകരിക്കാത്ത കിഫ്ബിയുടെ പേരിൽ നടത്തുന്ന പ്രവർത്തനങ്ങൾക്കൊന്നും നിയമസാധുത ഉണ്ടായിരിക്കുന്നതല്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബിൽ പിൻവലിച്ച് ഭരണഘടനയ്ക്കനുസൃതമായി ഒരു പുതിയ ബിൽ കൊണ്ടുവരണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ആവശ്യമെങ്കിൽ അക്കൗണ്ടന്റ് ജനറലിനെ നിയമസഭയിൽ ക്ഷണിച്ചുവരുത്തി ഭരണഘടനാ പ്രശ്നങ്ങളെപ്പറ്റിയുള്ള സംശയങ്ങൾ ദൂരീകരിക്കാൻ നമുക്ക് കഴിയുമെന്ന്. അത് മാത്രമേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ട് ഇക്കാര്യങ്ങളെ സംബന്ധിച്ച് വളരെ അവഗാഹമായി ആലോചിക്കേണ്ടതുണ്ട്. ഞാൻ പറഞ്ഞ തടസ്സവാദങ്ങൾ പരിശോധിക്കുക. പരിശോധിച്ച് അതിനുള്ള പരിഹാരം കണ്ടെത്തണം. എന്റെ അഭിപ്രായത്തിൽ, നമുക്കുള്ള അവകാശങ്ങൾക്കപ്പുറത്ത് പാർലമെന്റിന്റെ അവകാശങ്ങൾ കവർന്നെടുത്ത് ഭരണഘടനാവിരുദ്ധമായ നിലപാടാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്. ഇതിൽനിന്ന് ബഹുമാനപ്പെട്ട മന്ത്രി പിന്തിരിയണമെന്നാണ് വളരെ വിനീതമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഈ ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് ചില പ്രധാനപ്പെട്ട ക്രമപ്രശ്നങ്ങൾ ഉന്നയിക്കുകയാണ്. ഈ ബില്ലിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ നോൺ റെക്കറിംഗ് എക്സ്പെൻസ് 15 കോടി രൂപയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഭേദഗതി ബില്ലിലെ ഏത് ക്ലോസുകൾ പ്രകാരമാണ് ഈ നോൺ റെക്കറിംഗ് എക്സ്പെൻസ് വരുന്നതെന്ന് രേഖപ്പെടുത്തിയിട്ടില്ല. അത് മാൻഡേറ്ററിയാണ്. Sir, I may be allowed to read the provision. A Bill involving expenditure shall be accompanied by a financial memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law. I invite the attention of the House to the Shakdher and Kaul. ശക്ധർ ആന്റ് കൗൾ വളരെ ക്ലിയറായി പറഞ്ഞിരിക്കുകയാണ്. The memorandum has to invite particular attention to the clauses involving expenditure and also to give an estimate of the recurring and non-recurring expenditure involved in case the Bill is passed into law. അതായത്, റെക്കറിംഗ്, നോൺ റെക്കറിംഗ് എക്സ്പെൻസിന് ഏത് ഖണ്ഡപ്രകാരമാണ് ആ ചെലവ് വരുന്നതെന്ന് കൃത്യമായി രേഖപ്പെടുത്തണം. ഈ ബില്ലിലെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ റെക്കറിംഗ് എക്സ്പെൻസ് 520 കോടി രൂപയെന്ന് രേഖപ്പെടുത്തിയിരിക്കുന്ന ക്ലോസിൽ വളരെ വ്യക്തമായി പറയുന്നുണ്ട്.

പക്ഷേ, 15 കോടി രൂപ ചെലവാകുമെന്നുപറയുന്ന നോൺ റെക്കറിംഗ് എക്സ്പെൻസുമായി ബന്ധപ്പെട്ട ക്ലോസിനെക്കുറിച്ച് ഒരു സൂചനയുമില്ല. രണ്ടും മാൻഡേറ്ററിയാണ്. It shall എന്നാണ് Rules of Procedure-ൽ പറയുന്നത്.

അതുപോലെ, രണ്ടാമത്തെ പ്രശ്നം, ഇരുപതിനായിരം കോടി രൂപയുടെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കുന്നതിനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവരുന്നതെന്ന് ഉദ്ദേശ്യകാരണങ്ങളിൽ വിവരിക്കുന്നു. എന്നാൽ, The Kerala Ceiling on Government Guarantee Act, 2003 അനുസരിച്ച് സർക്കാരിന് ഗ്യാരന്റി നൽകാവുന്ന പരാമവധി തുക നേരത്തെ നിശ്ചയിച്ചിട്ടുണ്ട്. അതുകൊണ്ട് The Kerala Ceiling on Government Guarantees Act, 2003 ഭേദഗതി ചെയ്ത് ഗവൺമെന്റ് ഗ്യാരന്റിക്കുള്ള പരിധി ഉയർത്താതെ ഈ ബിൽ കൊണ്ടുവരുന്നത് ഓർഡറിലല്ല. ആർട്ടിക്കിൾ 293 (1)-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്, സംസ്ഥാനത്തിന്റെ borrowing power, subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees within such limits, if any, as may be so fixed. സ്റ്റേറ്റിന് borrowing power നൽകുന്നത് കൺസോളിഡേറ്റഡ് ഫണ്ടിന്മേലുള്ള സെക്യൂരിറ്റിയിന്മേലാണ്. അതിനാണ് ഗ്യാരന്റി കൊടുക്കുന്നത്. ഗ്യാരന്റി കൊടുക്കാതെ സ്റ്റേറ്റിന് borrowing പവറില്ല. ഗ്യാരന്റി പരിധിയിൽ നിന്നുകൊണ്ടാണെന്ന് പ്രൊവിഷനിൽ പറഞ്ഞിട്ടുണ്ട്. ഇരുപതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് പറയുകയും അതേയവസരത്തിൽ നിലവിലുള്ള ആക്ടനുസരിച്ച് സീലിംഗ് ലിമിറ്റിനടുത്ത് ഗ്യാരന്റി കൊടുക്കുകയും ചെയ്തിട്ടുണ്ട്. ആ സീലിംഗ് ലിമിറ്റിന്റെ പരിധി ഉയർത്താതെ ഇത് കൊണ്ടുവന്നാൽ സ്റ്റേറ്റിന്റെ borrowing power ഇല്ലാതാകും. പണമില്ലാതെ എങ്ങനെയാണ് ബോർഡ് കൊണ്ടുവരുന്നതും അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതും? ഗ്യാരന്റി സീലിംഗിൽ വ്യത്യാസം വരുത്താതെ അത് കൊണ്ടുവരാൻ കഴിയില്ല.

1999-ലെ ആക്ടിലെ 16 (2) അനുസരിച്ച് കിഫ്ബിയുടെ വാർഷിക റിപ്പോർട്ടും അക്കൗണ്ട്സ് സ്റ്റേറ്റുമെന്റും നിയമസഭയുടെ മേശപ്പുറത്തുവച്ചാൽമതി. ഭീമമായ തുകയാണ് കിഫ്ബിയുടെ പേരിൽ ചെലവാക്കുന്നത്. ആ ബോർഡിന്റെ ഇത്രയും വലിയ തുക സംബന്ധിച്ച ട്രാൻസാക്ഷനെക്കുറിച്ച് ഈ സഭയിൽ ചർച്ച ചെയ്യാൻ

അനുവദിക്കാതെ നിയമസഭയെ ബൈപ്പാസ് ചെയ്തുകൊണ്ട് ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നത് ഭരണഘടനാവിരുദ്ധമാണ്. ആർട്ടിക്കിൾ 203, 204, 205 എന്നീ ഭരണഘടനാപരമായ പ്രൊവിഷൻ അനുസരിച്ച് ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, അതനുസരിച്ചുള്ള നടപടിക്രമങ്ങൾ, അതിന്റെ അപ്രോപ്രിയേഷൻ എന്നിവയെല്ലാം ഭരണഘടനയിൽ എഴുതിവച്ചിരിക്കുന്നത് വെറുതെയല്ല. കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷൻസ് എന്നുപറയുന്നത്, ഒരു സംസ്ഥാനം ജനങ്ങളുടെ പണം ചെലവാക്കി നടത്തുന്ന നടപടിക്രമങ്ങൾക്ക് നിയമസഭയിൽ പരിശോധന വേണം, തലനാരിഴകീറി പരിശോധിക്കണം. ആ സ്ക്രൂട്ടിനിയാണ് നിയമസഭയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം. ഒരുവർഷം ഈ സംസ്ഥാനത്ത് ചെലവഴിക്കപ്പെടുന്ന പണം, അത് ചെലഴിക്കുന്നതിന് നിയമസഭ നൽകുന്ന അനുമതി, ചെലവഴിക്കപ്പെടുന്ന പണം കൃത്യമായാണോ ചെലവഴിക്കപ്പെടുന്നത് എന്നൊക്കെ പരിശോധിക്കുന്നതിന് നിയമസഭയിൽ ചില സംവിധാനങ്ങളുണ്ട്. കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻസെല്ലാം അതിനുവേണ്ടിയാണ് എഴുതിവച്ചിരിക്കുന്നത്. ജനങ്ങളും ജനപ്രതിനിധികളുമറിയണം, ഈ ഫ്ലോറിൽ ചർച്ച ചെയ്യപ്പെടണം. ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച്, ബഡ്ജറ്റിന്റെ പകുതിയോളംവരുന്ന തുക ചെലവഴിക്കപ്പെടുന്ന പ്രധാനപ്പെട്ട ഒരു സംരംഭം, നിയമസഭയെ ബൈപ്പാസ് ചെയ്തുകൊണ്ട് നടത്താൻ ശ്രമിക്കുന്നത് ഭരണഘടനാപരമല്ല. റവന്യൂ ബോണ്ടുകൾ ഉൾപ്പെടെയുള്ളവ പുറപ്പെടുവിക്കുന്നു എന്നാണിതിൽ പറഞ്ഞിരിക്കുന്നത്. സംസ്ഥാന ബഡ്ജറ്റിനും സഞ്ചിതനിധിക്കും പുറത്തുനിന്ന് ഭീമമായ തുക കടമെടുക്കുന്നതിനും ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും റിസർവ് ബാങ്കിന്റെയും സ്റ്റോക്ക് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യയുടെയും അനുമതി വേണം. അതില്ലാതെ ഈ ബിൽ നിയമസഭയിൽ കൊണ്ടുവരുന്നത് 'റിസർവ് ബാങ്ക് ആക്ട്'-നും 'സെബി ആക്ട്'-നും വിരുദ്ധമാണ്. ഇക്കാര്യം റിസർവ് ബാങ്ക് തന്നെ വളരെ വ്യക്തമായി പറയുന്നുണ്ട്. റിസർവ് ബാങ്കും സെബിയും വരുത്തിയ ധനപരമായ ചില മാറ്റങ്ങൾ, ഫിനാൻഷ്യൽ മാർക്കറ്റിൽ വൈഡായ സ്പേസ് നൽകിക്കൊണ്ട് കുറേക്കൂടി ശക്തമായ ഇടപെടലുകൾ നടത്താനായി ഗവൺമെന്റുകൾക്കും പബ്ലിക് സെക്ടറിനും പ്രൈവറ്റ് സെക്ടറിനും നൽകിയിരിക്കുന്ന അനുമതിയെയാണ് ഈ ബില്ലിലൂടെ ഉപയോഗപ്പെടുത്തുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിലും ഈ ബിൽ സംബന്ധിച്ച ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലും പറഞ്ഞിട്ടുണ്ട്. റിസർവ് ബാങ്കും സെബിയും ഫിനാൻസ് മാർക്കറ്റിൽ വരുത്തേണ്ട അടിസ്ഥാനപരമായ മാറ്റങ്ങളെക്കുറിച്ച് നടത്തിയ പ്രഖ്യാപനങ്ങളും ഭേദഗതികളുമാണ് ഇതുപോലുള്ളൊരു സംരംഭത്തിന് തുടക്കംകുറിക്കുന്നത്. ഈ ബിൽ കൊണ്ടുവരുന്നതിനുമുൻപായി റിസർവ് ബാങ്കിന്റെയോ

സെബിയുടേയോ അനുമതി വാങ്ങിയിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം. അനുമതി വാങ്ങണമെന്ന് കർശനമായി പറയുന്നുണ്ട്. റിസർവ് ബാങ്കിന്റെ തന്നെ ഒരു സർക്കുലറിൽ പറയുന്നത്, "It should be routed through a written application from the authority to the governing bodies stating quantum of bonds and financial products with specification of names supported with a board resolution of the entity" എന്നാണ്. സെബിയുടേയോ റിസർവ് ബാങ്കിന്റേയോ അനുമതിയില്ലാതെ സംസ്ഥാന സർക്കാരിന് നിയമസഭയിൽ ഒരു ബോണ്ട് കൊണ്ടുവന്ന് ഇഷ്യൂ ചെയ്യാനുള്ള അധികാരമില്ല. ഈ ബോണ്ടുകൾ വഴിയുള്ള ഫിനാൻഷ്യൽ ട്രാൻസാക്ഷൻസിനെക്കുറിച്ചും റിസർവ് ബാങ്ക് പറയുന്നുണ്ട്. 'Financial transactions should be either through a license entity or with a prior approval of governing authority in government level'. രണ്ട് ചോദ്യമാണുള്ളത്. ഒന്ന്, ഇതൊരു ലൈസൻസ് എന്റിറ്റിയാണോ; ആണെങ്കിൽ show me the license. ലൈസൻസ് കിട്ടിയിട്ടുണ്ടെങ്കിൽ അത് ഈ സഭയിൽ വയ്ക്കണം. Concerned authority-യുടെ കയ്യിൽനിന്നും ഇങ്ങനെയൊരു ബോർഡ് ആരംഭിച്ച് ഫിനാൻഷ്യൽ ട്രാൻസാക്ഷൻസ് നടത്താനുള്ള ലൈസൻസ് കിട്ടിയിട്ടുണ്ടോ; otherwise you have to get prior approval of the governing authority in government level. ഇത് രണ്ടും ഈ ബിൽ കൊണ്ടുവരുന്നതിന് മുൻപായി ചെയ്തിട്ടില്ല.

1999-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ഈ നിയമം ഇവിടെ പാസ്സാക്കുന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, 500 കോടി രൂപയുടെ ബോണ്ട് ഇഷ്യൂ ചെയ്യാനായി തീരുമാനിച്ചു. 1,023 കോടി രൂപയോളം കളക്ട് ചെയ്തു. അതിനുശേഷം ബഹുമാനപ്പെട്ട മാണിസാർ സൂചിപ്പിച്ചതുപോലെ ബോണ്ട് ഇഷ്യൂ ചെയ്യാനുള്ള അധികാരം ട്രാൻസ്ഫർ ചെയ്തു. ഇപ്പോൾ ആ അധികാരംകൂടി പുതിയ സംവിധാനത്തിലുണ്ട്. പക്ഷേ അന്ന് റിസർവ് ബാങ്കിന്റെ അനുമതിയില്ലാതെ ബോണ്ട് ഇഷ്യൂ ചെയ്തതുകൊണ്ട് 2001-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാരിനോട് ആ പണം തിരിച്ചുകൊടുക്കാൻ റിസർവ് ബാങ്ക് പറഞ്ഞു. 1999-ലെ എൽ.ഡി.എഫ്. സർക്കാർ റിസർവ് ബാങ്കിന്റെ അനുമതിയില്ലാതെ കളക്ട് ചെയ്ത ബോണ്ടുകളുടെ തുക മുഴുവൻ 2001-ൽ വന്ന സർക്കാർ ആളുകൾക്ക് തിരിച്ചുകൊടുക്കേണ്ടിവന്നു. ധനകാര്യ വകുപ്പിന്റെ രേഖകൾ പരിശോധിച്ചാൽ ഈ പണം മുഴുവൻ 2004-ൽ തിരിച്ചടച്ചതായി കാണാം. അതുസംബന്ധിച്ച വളരെ വ്യക്തമായ രേഖകൾ ഇവിടെയുണ്ട്. പിന്നീട് എന്തുകൊണ്ടാണ് ഈ ബോർഡ് ഫങ്ഷൻ ചെയ്യാതിരുന്നത്;

കിഫ്ബി ബോർഡിന്റെ സീരീസ് 1 ടോട്ടൽ ബോണ്ട് വാല്യു 507 കോടി രൂപയാണ് ആദ്യത്തേത്. അതിന്റെ പലിശ കൊടുത്തത് 13.25 ശതമാനം. Deemed date of allotment 31-12-1999. Fully redeemed on 30-12-2004. ആ 507 കോടി രൂപയും തിരിച്ചുപിടിച്ചു. ഈ മൂലനിയമത്തിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ അനുമതിയില്ലാതെ ബോണ്ട് ഇഷ്യു ചെയ്തപ്പോൾ അത് സർക്കാർ തിരിച്ചടയ്ക്കേണ്ടിവന്നു. അതുകൊണ്ടാണ് ഞാൻ പ്രധാനപ്പെട്ടൊരു ചോദ്യം ഉയർത്തുന്നത്. റിസർവ് ബാങ്കിന്റേയോ സെബിയുടെയോ അനുമതിയില്ലാതെ ഈ ബിൽ കൊണ്ടുവരാൻ കഴിയുമോ; അനുമതി കിട്ടിയിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കട്ടെ. അനുമതി കിട്ടിയിട്ടുള്ള കാര്യം ഓർഡിനൻസിലും ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ടുവരുന്ന ബില്ലിലും അതിന്റെ സ്റ്റേറ്റുമെന്റിനൊപ്പവും പറയുന്നില്ല. ഗവൺമെന്റെന്നോ പ്രൈവറ്റെന്നോ ഉള്ള വ്യത്യാസമില്ല. സെബിയെയും റിസർവ് ബാങ്കിനെയും സംബന്ധിച്ചിടത്തോളം പബ്ലിക്/പ്രൈവറ്റ് സെക്ടറുകളിലാണെങ്കിലും ബോണ്ട് ഇഷ്യു ചെയ്ത് പണമെടുക്കുമ്പോൾ അതിന് പ്രൊസീഡ്യുവേഴ്സും പ്രോട്ടോക്കോളും ലിമിറ്റുമുണ്ട്. ആ ലിമിറ്റ് ഓരോ ടൈപ്പ് ബോണ്ടുകളിലും റവന്യു ബോണ്ടാണെങ്കിലും മറ്റേതെങ്കിലും തരത്തിലുള്ള ബോണ്ടുകളാണെങ്കിലും ഓരോന്നിലും എത്ര കോടി രൂപയുടെ ബോണ്ടുകൾവരെ ഇഷ്യു ചെയ്യാമെന്നുള്ള സീലിംഗ് റിസർവ് ബാങ്കിന്റേതും സെബിയുടേതുമായുണ്ട്. റിസർവ് ബാങ്ക് നിയമവും സെബി ആക്ടും ലോകത്തിലെങ്ങുമില്ലാത്ത ഏറ്റവും കർശനമായ രണ്ടു നിയമങ്ങളാണ്. നമ്മുടെ സ്റ്റോക്ക് എക്സ്ചേഞ്ച് മാർക്കറ്റിനേയും ഫിനാൻഷ്യൽ മാർക്കറ്റിനേയും അതിമനോഹരമായി റെഗുലേറ്റ് ചെയ്യുന്ന, ലോകം മുഴുവൻ ആദരിക്കപ്പെടുന്ന രണ്ട് പ്രധാനപ്പെട്ട നിയമങ്ങളാണിവ. പാർലമെന്റ് പാസ്സാക്കിയ ആ രണ്ട് നിയമങ്ങളേയും മറികടന്നുകൊണ്ടുള്ള ഒരു നിയമം കൊണ്ടുവന്നാൽ അത് നിലനിൽക്കുമോ എന്നുള്ളൊരു ചോദ്യംകൂടി ഉയർത്തിക്കൊണ്ട് ഞാൻ ഈ ക്രമപ്രശ്നമവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട മെമ്പർമാരായ ശ്രീ. കെ. എം. മാണിയും ശ്രീ. വി.ഡി. സതീശനും ഗൗരവമായിട്ടുള്ള പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അത് നമ്മുടെ നിയമ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് വളരെ സഹായകരമാണ്, പക്ഷേ അവയൊന്നും ഈ നിയമം ഇന്നിവിടെ അവതരിപ്പിക്കുന്നതിന് തടസ്സമാകുന്നില്ല എന്നാണ് സർക്കാരിന്റെ ഭാഗത്തുനിന്നും പറയാനുള്ളത്. ശ്രീ. കെ. എം. മാണിയുടെ തടസ്സവാദങ്ങളിൽ ആദ്യം പറയുന്നത്, ഭരണഘടന ആർട്ടിക്കിൾ 213 (2) (എ) പ്രകാരം ഓർഡിനൻസ്

നിരാകരിച്ച് പ്രമേയം അവതരിപ്പിക്കാൻ അദ്ദേഹത്തിന് അവസരം കിട്ടാത്തതിനാൽ ബിൽ 10-ാം തീയതിയിലേക്ക് മാറ്റണമെന്നാണ്. ഭരണഘടന ആർട്ടിക്കിൾ 213 (2) എന്താണ് പറയുന്നത്; അതിൽ പറയുന്നത് രണ്ടുകാര്യങ്ങളാണ്. ഓർഡിനൻസ് തൊട്ടടുത്ത സഭകൂടി ആറാഴ്ചയ്ക്കുള്ളിൽ നിയമസഭയിൽ ബില്ലായി അവതരിപ്പിക്കണം. അതിനിടയിൽ ഒരംഗത്തിന് ഈ ഓർഡിനൻസ് നിരാകരിക്കാനുള്ള അവകാശമുണ്ടെന്നും പറയുന്നുണ്ട്. ഇവിടെ കിഫ്ബി ഓർഡിനൻസ് ഗവർണർ വിളംബരം ചെയ്തതിനുശേഷം സഭകൂടി ആദ്യദിവസംതന്നെ സർക്കാർ ബില്ലായി അവതരിപ്പിക്കാൻ നിശ്ചയിച്ച സ്ഥിതിക്ക്, അംഗത്തിന് പ്രസ്തുത ബിൽ നിരാകരിക്കാനുള്ള സമയം അനുവദിക്കണമെന്നുള്ള ആവശ്യം നിലനിൽക്കുന്നില്ല. ബിൽ അവതരിപ്പിച്ചിട്ടുള്ളതിനാൽ അത് നിരാകരിക്കണമെന്നുള്ള പ്രമേയം, അംഗത്തിന് നൽകണമെന്നുള്ള ആവശ്യം അടിസ്ഥാനമില്ലാത്തതിനാൽ അംഗത്തിന്റെ ബില്ലിന്മേലുള്ള എല്ലാ എതിർപ്പുകളും ബില്ലിന്റെ ചർച്ചാവേളയിൽ ഉന്നയിക്കാവുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞ സബ്സ്റ്റാൻഷ്യലായ കാര്യങ്ങൾ നമുക്ക് ചർച്ചയിലൂടെ പരിശോധിക്കാവുന്നതാണ്. നിയസഭാ നടപടിക്രമം ചട്ടത്തിന്റെ 76-ലെ നിബന്ധന അനുസരിച്ച്, ബിൽ അവതരിപ്പിക്കുന്നതിന് മൂന്ന് ദിവസങ്ങൾക്കുമുൻപ് ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് നൽകണമെന്ന് വ്യവസ്ഥയുണ്ട്. ബിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി നിയമസഭയിലേക്ക് സർക്കാർ ഭാഗത്തുനിന്ന് ഈ ദിവസങ്ങൾക്കുമുൻപുതന്നെ സർക്കുലർ ലഭ്യമാക്കും. നിയമസഭാ നടപടിക്രമം ചട്ടത്തിന്റെ 69 (5) പ്രകാരം ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ പകർപ്പ് അവതരണ തീയതിക്കുമുൻപ് ലഭ്യമാക്കണമെന്നുള്ളതാണ് മറ്റൊരു ആവശ്യം. ഇത് വിതരണം ചെയ്തിട്ടുള്ളതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ബില്ലിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ടുള്ളതാണ് പിന്നീട് ശ്രീ. കെ. എം. മാണി ഉന്നയിച്ച ആക്ഷേപങ്ങൾ. ആയത് ബിൽ അവതരണവേളയിൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ല, ബിൽ ചർച്ച ചെയ്യുമ്പോൾ പരിഗണിക്കപ്പെടാവുന്നതാണ്. എങ്കിലും ഭരണഘടന ആർട്ടിക്കിൾ 199 (1) അനുച്ഛേദം പ്രകാരമാണ് മണി ബില്ലുകൾ അവതരിപ്പിക്കേണ്ടത്. 207(3) പ്രകാരം ഒരു ബിൽ നിയമമാക്കി നടപ്പിലാക്കുമ്പോൾ, സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്ന് ചെലവുവരുന്ന സാഹചര്യത്തിൽ ഗവർണറുടെ ശിപാർശയോടുകൂടി മാത്രമേ ബിൽ അവതരിപ്പിക്കാൻ പാടുള്ളൂ. സംസ്ഥാന സർക്കാർ അപ്രകാരം ഗവർണറുടെ ശിപാർശയോടുകൂടിത്തന്നെയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്, ആയതിനാൽ ആർട്ടിക്കിൾ 202 പ്രകാരമുള്ള ഒരു ആക്ഷേപവും നിലനിൽക്കുന്നതല്ല. ഭരണഘടന ആർട്ടിക്കിൾ 252-ാം അനുച്ഛേദം അനുസരിച്ച് ഈ നിയമനിർമ്മാണം സാധ്യമല്ല എന്നുള്ളതാണ് അടുത്ത ആക്ഷേപം.

ഭരണഘടന 252-ാം അനുച്ഛേദപ്രകാരം ഒരു നിയമമുണ്ടാക്കുമ്പോൾ 263-ാം അനുച്ഛേദവുംകൂടി കൂട്ടിവായിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി എൻ.എം.ഡി.സി. v/s യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിൽ നിരീക്ഷിച്ചിട്ടുള്ളതാണ്. 252-ാം അനുച്ഛേദം രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണത്തിന് അധികാരമുള്ള വിഷയത്തിന്മേൽ നിയമസഭ പ്രമേയം പാസ്സാക്കി പാർലമെന്റിനോട് നിയമനിർമ്മാണം നടത്താൻ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ മാത്രമാണ് ബാധകമായിട്ടുള്ളത്. ഈ വിഷയത്തിൽ ആർട്ടിക്കിൾ 252 ബാധകമല്ല. കിഫ്ബിയിലേക്ക് നീക്കിവയ്ക്കുന്ന തുക മോട്ടോർ വാഹന നികുതിയിലെ വിഹിതമായതിനാൽ, മോട്ടോർ വാഹന നികുതി നിയമം ഭേദഗതി ചെയ്യണമെന്നുള്ളതാണ് മറ്റൊരു ആവശ്യം. മോട്ടോർ വാഹനനികുതി സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് വരവുവയ്ക്കുകയും അതിനുശേഷം അത് ചെലവിടുകയുമാണ് ചെയ്യുന്നത്. അങ്ങനെ ചെലവിടുന്ന ഓരോ തുകയ്ക്കും പ്രത്യേക ആക്ട് ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. അത്തരത്തിലുള്ള ഒരു വിഹിതം കിഫ്ബിയിലേക്ക് നീക്കിവയ്ക്കുന്നതിനുമാത്രമാണ് ബില്ലിൽ ശിപാർശയുള്ളത്. ഇക്കാര്യത്തിൽ മോട്ടോർ വാഹനനികുതി നിയമം ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. അതിന് ആർട്ടിക്കിൾ 265 പ്രകാരം കഴിയുകയില്ലെന്നും പറയുന്നു. ഭരണഘടനയുടെ 199(1) അനുച്ഛേദമാണ് മണി ബിൽ എന്താണെന്ന് നിർവ്വചിക്കുന്നത്. 199(2) അനുച്ഛേദപ്രകാരം ഒരു ബിൽ ഫൈനോ, മറ്റു പെക്യൂലിയറി പെനാൽറ്റിയോ, ഫീസോ ഈടാക്കുന്നതുകൊണ്ടുമാത്രം അത് മണി ബിൽ ആകുന്നില്ല. അതുകൊണ്ടാണ് നെൽവയൽ നികത്തൽ നിയമമാക്കിയപ്പോൾ ഞങ്ങൾ ഒബ്ജക്ഷൻ റെയ്സ് ചെയ്തത്. പണം ഇൻവോൾവ്ഡായതുകൊണ്ട് മണി ബില്ലായി മാറുന്നില്ല. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിപ്രകാരം ഫീസ് ഈടാക്കുന്നതിനുപകരമായി എന്തെങ്കിലും ഗുണഫലം നൽകണമെന്നുണ്ട്, റോഡ് ഉപയോഗിക്കുന്നതിനാണ് ഫീസ് ഈടാക്കുന്നത്, അത് ടാക്സല്ല, അതുകൊണ്ടുതന്നെ മണിബില്ലിന്റെ നിർവ്വചനത്തിൽ വരുന്നതുമില്ല. ബഹുമാനപ്പെട്ട വി. ഡി. സതീശന്റെ തടസ്സവാദങ്ങൾ സംബന്ധിച്ച് പറയാനുള്ളത്, 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവുകൾവരുന്ന ഖണ്ഡങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാണ്. ബില്ലിന്റെ 10-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുന്ന ആക്ടിന്റെ 9-ാം വകുപ്പ് 1-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ സർക്കാർ നൽകുന്ന ജാമ്യം, 2003-ലെ സർക്കാർ ഗ്യാരന്റിയുടെ പരമാവധി ആക്ടിനെ അധികരിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ഏത് ക്ലോസ് അനുസരിച്ചാണ് നോൺ റെക്കറിംഗ് എക്സ്പെൻസ് ഉണ്ടാകുന്നതെന്ന് കൃത്യമായി ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയണം. റെക്കറിംഗ് എക്സ്പെൻസിനെ സംബന്ധിച്ച് രണ്ടോ, മൂന്നോ ക്ലോസുകൾ പറഞ്ഞിട്ടുണ്ട്, നോൺ റെക്കറിംഗ് എക്സ്പെൻസ് 15 കോടി രൂപ എന്ത് ചെലവിലാണ് വരുന്നത്, ഏത് ക്ലാസ് അനുസരിച്ചാണ് വരുന്നതെന്ന് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ വേണം. അല്ലെങ്കിൽ റൂൾസിൽ ഇതൊന്നും എഴുതിവയ്ക്കേണ്ട കാര്യമില്ലല്ലോ.

ഡോ. ടി. എം. തോമസ് ഐസക് : സർ, അത് ആവശ്യമില്ല എന്നുള്ളതാണ് ഞങ്ങളുടെ പക്ഷം, ബാക്കിയുള്ള കാര്യം ബഹുമാനപ്പെട്ട സ്പീക്കർ തീരുമാനിക്കട്ടെ. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ 1999-ൽ എടുത്ത ലോൺ, റിസർവ് ബാങ്ക് വാൺ ചെയ്തതുകൊണ്ട് തിരിച്ചടച്ചതൊന്നുമല്ല. ബോണ്ടിറക്കിയാൽ അത് റെഡീം ചെയ്യണം, അന്നിറക്കിയ ബോണ്ട് റെഡീം ചെയ്യാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലം വരെയെടുത്തു. അതാണ് യഥാർത്ഥത്തിൽ ഉണ്ടായത്.

ശ്രീ. വി. ഡി. സതീശൻ : സർ, റിസർവ് ബാങ്കിൽനിന്നും അതിന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച് തെറ്റുകൾ സംഭവിച്ചതായി എനിക്കറിയാം, ഈ സഭ അത് ചർച്ച ചെയ്തതാണ്. ഈ സഭയുടെ പഴയ രേഖകൾ പരിശോധിച്ചാൽ അതറിയാം. നടപടിക്രമങ്ങൾ തെറ്റിച്ചാണ് ബോണ്ട് ഇഷ്യൂ ചെയ്തതെന്ന് റിസർവ് ബാങ്കിൽനിന്നും റിപ്പോർട്ട് വന്നത്, ഇവിടെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. നമ്മൾ ഈ സഭയിൽ ഇരിക്കുന്നവരല്ലേ, രേഖകൾ പരിശോധിക്കണം.

ഡോ. ടി. എം. തോമസ് ഐസക് : സർ, നമുക്ക് അത് പരിശോധിക്കാം, ഏതായാലും പണം തിരിച്ചടച്ചല്ലേ പറ്റൂ. ബോണ്ടുവഴി പണം സമാഹരിച്ചാൽ അത് റെഡീം ചെയ്തേ പറ്റൂ. ഭേദഗതി ചെയ്യപ്പെടുന്ന ആക്ടിന്റെ 3-ാം വകുപ്പ്, 8-ാം ഉപവകുപ്പ്, സർക്കാർ വാർഷിക ബഡ്ജറ്റിന്റെ അവതരണത്തോടൊപ്പം ബോർഡിന്റെ ധനാഗമമാർഗ്ഗങ്ങളും അവയുടെ വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റും ഒപ്പുവയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് പര്യാപ്തമാണ്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ധനകാര്യ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സെബിയുടേയും റിസർവ് ബാങ്കിന്റേയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രസ്തുത ബോണ്ടുകൾ പുറപ്പെടുവിക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ശ്രീ. കെ. എം. മാണി : സർ, ഞാൻ ഇവിടെ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് കൃത്യമായി മറുപടി പറയാതെ ഒരു ഒഴുക്കൻ അടി അടിക്കുകയാണ് ചെയ്തത്. സംശയങ്ങൾ നിലനിൽക്കുകയാണ്. അദ്ദേഹത്തിന്റെ മറുപടി തൃപ്തികരമല്ല, ഞാൻ ആദ്യം പറഞ്ഞതുപോലെ എ.ജി.-യെ ഈ നിയമസഭയിൽ വരുത്തി ഈ കാര്യങ്ങൾ ഡിസ്കസ് ചെയ്യാൻ ഒരവസരം നൽകണം, ഞാൻ പറഞ്ഞിടത്തുതന്നെ നിൽക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, കൃത്യമായ മറുപടി പറയാതെ കാഷ്വലായ ആർഗ്യുമെന്റ്സ് പറഞ്ഞിട്ട് അതിനെക്കുറിച്ച് പിന്നീട് ചർച്ച ചെയ്യാമെന്നാണ് പറയുന്നത്. നിയമപരമായ പ്രശ്നങ്ങൾ ഉയർത്തിക്കാട്ടിക്കൊണ്ടുവരുമ്പോൾ നിയമപരമായി തടസ്സവാദം നിലനിൽക്കുന്നതല്ല എന്നുപറയണം. റിസർവ് ബാങ്ക് ആക്ടിനേയും സെബി ആക്ടിനേയും ചൂണ്ടിക്കാട്ടി അവരുടെ പ്രൊസീഡ്യുവർ ഉദ്ധരിച്ചുകൊണ്ടാണ് ഞാനിവിടെ വിശദീകരിച്ചത്. മറുപടി പറയാനുള്ള ബാധ്യത അങ്ങേക്കുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്യട്ടെ, അദ്ദേഹം തന്നെയാണ് പറയേണ്ടത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ലോൺ എടുക്കുമ്പോൾ അതിനാവശ്യമായ അനുമതി അപ്പോൾ നോക്കിയാൽ മതി. ഇത് ധനകാര്യ സ്ഥാപനത്തിന്റെ നിയമഭേദഗതിയെക്കുറിച്ചാണ്. അതിന്റെ അടിസ്ഥാനത്തിൽ എപ്പോൾ ബോണ്ട് എടുക്കണമോ അതിനാവശ്യമായ അനുവാദം അപ്പോൾ സ്വീകരിക്കും. എപ്പോൾ ലോൺ എടുക്കണമോ അതിന്റെ ചട്ടങ്ങൾ പാലിക്കപ്പെടും. അല്ലാതെ സർക്കാരിന് പ്രവർത്തിക്കാൻ പറ്റുമോ?

ശ്രീ. വി. ഡി. സതീശൻ : സർ, ഇത് നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനമാണ്, പ്രവർത്തനം തുടങ്ങി എന്തെങ്കിലും ആക്ടിവിറ്റീസ് വരുമ്പോൾമാത്രം ലൈസൻസ് എടുത്താൽ മതിയോ? മറ്റു ബിസിനസ്സ് ട്രാൻസാക്ഷൻ നടക്കുമ്പോഴും ഫിനാൻഷ്യൽ ട്രാൻസാക്ഷൻ നടക്കുമ്പോഴും മാത്രം അതിന്റെ പെർമിഷൻ എടുത്താൽ മതിയോ? റിസർവ് ബാങ്കും സെബിയും ഫിനാൻസ് മാർക്കറ്റിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ ഉപയോഗിച്ച് കൊണ്ടുവരുന്ന ഒരു സ്ഥാപനമാണിത്. ആ സ്ഥാപനം തുടങ്ങണമെങ്കിൽ അതിന് ലൈസൻസ് വാങ്ങണം, ലൈസൻസ് ഇല്ലാതെയാണ് ഈ സ്ഥാപനം തുടങ്ങുന്നത്. ലൈസൻസിംഗ് പ്രൊസീഡ്യുവറും പ്രോട്ടോക്കോളുമുണ്ട്, അതൊന്നും ചെയ്യാതെ നിയമസഭയിൽ കൊണ്ടുവന്ന് ഇത് പാസ്സാക്കും. ബ്ലേഡുകമ്പനി തുടങ്ങി സ്വർണ്ണം പണയംവച്ചുകഴിയുമ്പോൾ സ്റ്റേറ്റ് ഗവൺമെന്റിനെ സമീപിച്ച് ലൈസൻസ് എടുത്തുകൊള്ളാമെന്ന് ബ്ലേഡു കമ്പനി പറഞ്ഞാൽ സർക്കാർ സമ്മതിക്കുമോ? കമ്പനി തുടങ്ങുന്നതിനുമുൻപ് You have to get the license from the concerned authority. നിങ്ങൾ അതില്ലാതെയാണ് ഇവിടെ വന്നിരിക്കുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്രകാരമല്ല സ്ഥിതി, ഇവിടെ പുതിയ ധനകാര്യ സ്ഥാപനം സൃഷ്ടിക്കുകയല്ല ചെയ്യുന്നത്, നിലവിലുള്ള ഒരു ധനകാര്യ സ്ഥാപനത്തിൽ ചില നിയമഭേദഗതികൾ വരുത്തുകയാണ് ചെയ്യുന്നത്. വകുപ്പുകളിൽ ഭേദഗതി വരുത്തുക മാത്രമാണ് ചെയ്യുന്നത്, ആ വകുപ്പുകളുടെ ഉള്ളടക്കത്തെക്കുറിച്ചാണ് ആക്ഷേപം, അത് ബിൽ ചർച്ച ചെയ്യുമ്പോൾ പരിഗണിക്കാം, പരിശോധിക്കാമെന്നാണ് പറഞ്ഞത്.

## റൂളിംഗ്

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ശ്രീ. കെ. എം. മാണി ഉന്നയിച്ച കാര്യങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്നും ചില വിശദീകരണം നൽകണമെന്ന് തോന്നുന്നു. ചട്ടം 71 ബില്ലിന്റെ അവതരണാനുമതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യമാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. അത് പ്രൈവറ്റ് ബില്ലുമായി ബന്ധപ്പെട്ട ചട്ടമാണ്. ഇത് പ്രസിദ്ധീകരിക്കപ്പെട്ട ഗവൺമെന്റ് ബില്ലാണ്. രണ്ടാമതായി അദ്ദേഹം പറഞ്ഞത്, ഓർഡിനൻസ് സമയത്ത് ലഭ്യമായില്ലായെന്നാണ്. ഓർഡിനൻസ് ഗസറ്റിൽ പബ്ലിഷ് ചെയ്തിരിക്കുന്നത് 19-8-2016-നാണ്. ഗസറ്റിൽ വിജ്ഞാപനം നേരത്തെ നടത്തിയിട്ടുണ്ട്. ഇന്ന് സഭയുടെ മേശപ്പുറത്തുവച്ചത് ഒരു നടപടിക്രമം മാത്രമായിട്ടാണ് ചെയർ മനസ്സിലാക്കുന്നത്. ബില്ലിന്റെ കോപ്പി 21-9-2016-ൽ തന്നെ അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇംഗ്ലീഷ് പരിഭാഷ 25-9-2016-നും നൽകിയിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. അതുകൊണ്ട് അങ്ങയുടെ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ചെയർ അറിയിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് ഏറെക്കുറെ വിശദമായ ചർച്ചതന്നെ ഇവിടെ നടക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് വിശദമായ ചർച്ചയ്ക്ക് ഇനിയും അവസരമുണ്ട്, പൊതുചർച്ചയിലും സബ്ജക്റ്റ് കമ്മിറ്റിയിലും ചർച്ച ചെയ്യാവുന്നതാണ്. സഭ മുമ്പാകെവരുന്ന ബില്ലുകളിൽ ധനകാര്യ മെമ്മോറാണ്ടം വ്യക്തമായി പ്രതിപാദിക്കത്തക്ക തരത്തിലുള്ളതായിരിക്കണമെന്ന് മുമ്പുതന്നെ റൂളിംഗ് ഉണ്ടായിട്ടുള്ളതാണ്. അത് ചെയർ ആവർത്തിക്കുന്നു, അത് പരിഹരിക്കപ്പെടണമെന്ന് അറിയിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം (തുടർച്ച)

2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 1999-ൽ ഉണ്ടാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതാണ് കിഫ്ബി എന്ന സ്ഥാപനം. എന്തുകൊണ്ട് ഇപ്പോൾ ഇങ്ങനെയൊരു ഭേദഗതി ആവശ്യമായി വന്നിരിക്കുന്നുവെന്നുപറയാൻ മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. 1999-നും 2016-നും ഇടയ്ക്കുള്ള സാമ്പത്തിക ചട്ടങ്ങളിലും വായ്പാ കമ്പോളത്തിലെ സ്വഭാവത്തിലുമെല്ലാം വലിയ വ്യത്യാസം വന്നിട്ടുണ്ട്. അത് പരിഗണിച്ചുകൊണ്ടാണ് ഈ നിയമ ഭേദഗതികൾ കൊണ്ടുവരുന്നത്. എന്തൊക്കെയാണ് മാറ്റങ്ങൾ എന്നുപറയുവാൻമാത്രം ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമത്തേത്, 1999-ൽ 'കിഫ്ബി' (Kerala Infrastructure Investment Fund (Amendment) Bill) രൂപം കൊള്ളുമ്പോൾ അന്ന് എഫ്.ആർ.ബി.എം. ആക്റ്റില്ല. അതുകൊണ്ട് ബോണ്ട് ട്രഷറിയിലാണ് നിക്ഷേപിച്ചിരുന്നത്. ഇന്നത് സാധ്യമല്ല. കാരണം കേന്ദ്രസർക്കാർ അനുവദിച്ചതിനേക്കാൾ കൂടുതൽ വായ്പയെടുക്കാൻ സംസ്ഥാനത്തിന് അധികാരമില്ല. അതുകൊണ്ട് ഇങ്ങനെ സമാഹരിക്കുന്ന പണം ട്രഷറിയിൽ നിക്ഷേപിക്കാൻ പാടില്ലായെന്നും സർക്കാരിന്റെ ദൈനംദിന ചെലവിന് ഉപയോഗിക്കാൻ സാധിക്കില്ലെന്നുമുള്ള കർശന വ്യവസ്ഥയുള്ളതിനാൽ 1999-ൽ നിക്ഷേപമായിട്ടാണ് തുക എടുത്തതെങ്കിലും ചെലവാക്കിയത് ദൈനംദിന ചെലവുകൾക്കാണ്. അതുകൊണ്ടാണ് തിരിച്ചടവിന്റെ പ്രശ്നങ്ങളൊക്കെ ഉണ്ടായത്. അതുകൊണ്ട് ദൈനംദിന ചെലവിന് ഉപയോഗിക്കാൻ പാടില്ലായെന്ന കർശനമായ വ്യവസ്ഥകളും ഉറപ്പുകളും ഈ പുതിയ നിയമഭേദഗതിയിലുണ്ട്.

രണ്ടാമത്തേത്, സെബിയും ആർ.ബി.ഐ.-യും ബോണ്ട്, കമ്പോളത്തിൽനിന്ന് ഇൻഫ്രാസ്ട്രക്ചറിന് വിഭവങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ധാരാളം പുതിയ സ്ട്രക്ച്ചേഴ്സ് ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ ഇത്തരത്തിലുള്ള സ്ട്രക്ച്ചേഴ്സ് 'കിഫ്ബി' എടുക്കുമ്പോൾ റിസർവ് ബാങ്കിന്റെ ലൈസൻസ് ആവശ്യമാണ്, അത് അപ്പോൾ എടുത്താൽ മതി. ഇപ്പോൾ ഈ നിയമത്തിൽ Alternative Investment Fund-നെക്കുറിച്ചോ അല്ലെങ്കിൽ Infrastructure Investment Trust -നെക്കുറിച്ചോ ഒന്നും നമ്മൾ ചർച്ച ചെയ്യുന്നില്ല. അത് എടുക്കേണ്ട സമയമാകുമ്പോൾ

സെബിയുടേയോ ആർ.ബി.ഐ.-യുടേയോ അനുവാദംവാങ്ങി അത്തരത്തിലുള്ള സ്ട്രക്ച്ചേഴ്സ് നമുക്ക് ഉണ്ടാക്കേണ്ടിവരും. അതുകൊണ്ട് ഈ പുതിയ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ഈ നിയമ ഭേദഗതി ആവശ്യമാണ്.

മൂന്നാമത്തേത്, നേരത്തെ നിലവിലുള്ള നിയമത്തിൽ വായ്പ കൊടുക്കാൻ മാത്രമേ അവകാശമുള്ളൂ. 'കിഫ്ബി' പണം സമാഹരിച്ച് ആർക്കെങ്കിലും വായ്പ കൊടുക്കുന്നു. ഇവിടെ വായ്പ മാത്രമല്ല എസ്.പി.വി.-കളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് ഷെയറായിട്ടും വിൽക്കാൻ കഴിയും. ഉദാഹരണത്തിന് നമ്മൾ ഏറ്റെടുക്കാൻ പോകുന്ന 40,000 ക്ലാസ്സ് മുറികളുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതി. അതിനുള്ള പണം വായ്പയായല്ല എടുക്കുന്നത്. വായ്പയെടുത്താൽ തിരിച്ചടയ്ക്കാൻ കഴിയുന്ന ഒരു സാഹചര്യമല്ല നിലവിലുള്ളത്. അതൊരു ഗ്രാന്റായിട്ടാണ് ലഭിക്കുന്നത്. ഇങ്ങനെ സമാഹരിക്കുന്ന പണം വളരെ narrow ആയിട്ടുള്ള ചില പ്രോജക്ടുകൾക്കുമാത്രം വിനിയോഗിക്കാനുള്ള അവകാശം വിട്ടിട്ട് സോഷ്യൽ ഇൻഫ്രാസ്ട്രക്ചറിനുംകൂടി സാധ്യത തുറന്നുകൊടുക്കുന്നതോടൊപ്പം ഈ പ്രോജക്ടുകൾക്ക് എങ്ങനെയാണ് രൂപം നൽകേണ്ടത്, അതിന് അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്; അംഗീകാരം കിട്ടിക്കഴിഞ്ഞാൽ എങ്ങനെയാണ് നടത്തിപ്പുകാർക്ക് അതിനുള്ള പണം കൊടുക്കുന്നത്; ഇത്തരത്തിലുള്ള വിശദാംശങ്ങളൊന്നും നേരത്തെ ഉണ്ടായിരുന്ന നിയമത്തിലില്ല. അങ്ങനെയുള്ള കാര്യങ്ങൾകൂടി ഈ നിയമത്തിൽ കൊണ്ടുവരികയാണ്. അടുത്തതായി എങ്ങനെയാണ് തിരിച്ചടയ്ക്കുക; 'കിഫ്ബി' ബോണ്ട് എടുത്താൽ തിരിച്ചടയ്ക്കണമല്ലോ? അതിന് നേരത്തെ ഉണ്ടായിരുന്ന 'കിഫ്ബി'യുടെ നിയമത്തിൽ പ്രത്യേകിച്ച് ഒരു സംവിധാനവുമില്ല. മോട്ടോർ വെഹിക്കിൾ ടാക്സിന്റെ വർദ്ധിച്ചുവരുന്ന ഒരു വിഹിതം ഗ്യാരന്റി ചെയ്യുന്നു. അതുപോലെതന്നെ അതിനായി പെട്രോൾ സെസ്സ് ഏർപ്പെടുത്തുന്നു. അത്തരത്തിൽ കൃത്യമായി എങ്ങനെയാണ് ഇതിന്റെ തിരിച്ചടവ് എന്നതിനെപ്പറ്റി വ്യക്തമായ മാർഗ്ഗങ്ങൾ ഈ നിയമത്തിൽ കൊണ്ടുവരികയാണ്. ഇത്തരത്തിൽ വളരെ വിപുലമായ ഒരു പരിപാടിയുമായി മുന്നോട്ടുപോകുകയാണ്. ഉദ്യോഗസ്ഥർമാത്രം മാനേജ് ചെയ്താൽ പോര, അതിന്റെ മൊത്തം ക്രെഡിബിലിറ്റിക്കുവേണ്ടി മുഖ്യമന്ത്രിതന്നെ ഇതിന്റെ ചെയർമാനായിവരുന്നു. ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ വരുന്നു. അതോടൊപ്പംതന്നെ മറ്റ് പല നിയമങ്ങളിലും ഇല്ലാത്ത ഒരു പുതിയ കാര്യം, ഈ ധനകാര്യ സ്ഥാപനത്തിൽനിന്നും സമാഹരിക്കുന്ന

പണം എന്തിനുവേണ്ടിയാണോ സമാഹരിച്ചത് അതിനുവേണ്ടിത്തന്നെ ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഒരു വാച്ച്ഡോഗ് ഫംഗ്ഷനിംഗിനായി ഇന്ത്യയിലെ ഏറ്റവും ക്രെഡിബിലിറ്റിയും അംഗീകാരവുമുള്ള ആരിലും മതിപ്പ് സൃഷ്ടിക്കാൻ കഴിയുന്ന ഒരു ട്രസ്റ്റ് ഫണ്ട് ബോർഡ് അതിന്റെ പരിശോധന നടത്തി കൃത്യമായി കാര്യങ്ങൾ നടന്നിട്ടുണ്ടെന്ന് ബോധ്യപ്പെടുത്തുന്നു. അത്തരത്തിൽ നിലവിലുള്ള നിയമത്തെ ഇന്നത്തെ സാഹചര്യങ്ങൾക്കനുസൃതമായി ഭേദഗതി ചെയ്യുകയാണ്. ഓർഡിനൻസ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. അങ്ങനെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി പോകണമെങ്കിൽ നമുക്ക് ചില നിയമങ്ങൾ ഭേദഗതി ചെയ്തേ പറ്റൂ. ഉദാഹരണത്തിന് നമ്മൾ ചർച്ചചെയ്യുന്ന സമക്ഷം ബഡ്ജറ്റിൽ പറഞ്ഞ 20,000-ത്തേക്കാൾ കൂടിയ തുകയ്ക്കുള്ള പ്രോജക്ടുകൾ വന്നിട്ടുണ്ട്- കൺസെപ്റ്റ് നോട്ട്സ്. ഇതിൽ 6,419 കോടി രൂപയുടെ ആക്ച്വൽ പ്രോജക്ടുൾക്കാണ് ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളത്. എന്നുവച്ചാൽ ഇനി ബോർഡ് അംഗീകാരം നൽകിയാൽ മതി. ഡി.പി.ആർ. ഇല്ലാതെ അംഗീകാരം കൊടുക്കുകയില്ല. അത് മുഖ്യമായും പൊതുമരാമത്ത്, കുടിവെള്ളം, കൂടാതെ ആരോഗ്യ വകുപ്പിന്റെ ആയിരം കോടി രൂപയുമുണ്ട്. അതുപോലെ നമ്മുടെ എല്ലാ താലൂക്കാശുപത്രികളിലും കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള സംവിധാനങ്ങൾ വരാൻ പോകുകയാണ്. ഇതിനെല്ലാംകൂടി ഇത്രയും പ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞു. ഇനി ഈ നിയമം പാസ്സാക്കുന്നതിനിടയിൽ ബോർഡ് ചേർന്ന് എതാണ്ട് മൂവായിരം-നാലായിരം കോടി രൂപയുടെ പ്രോജക്ടുകളുടെ നിർമ്മാണത്തിന് അനുവാദം കൊടുക്കാൻ പോകുകയാണ്. ഇത് സമയബന്ധിതമായി പോകണമെന്നുള്ളതുകൊണ്ടാണ് നിയമസഭ കൂടുന്നതിന് മുമ്പുതന്നെ ഓർഡിനൻസ് ഇറക്കേണ്ടിവന്നത്. ഈ ഓർഡിനൻസ് നിയമസഭ ചേരുന്ന ആദ്യദിവസംതന്നെ നിയമമാക്കാൻ നടപടി സ്വീകരിച്ചതിലും സന്തോഷം.

3.00 p.m.]

ശ്രീ. എ. പി. അനിൽ കുമാർ : സർ, തിരിച്ചടവിന്റെ കാര്യത്തിൽ ഏറ്റവും പ്രധാനമായി പറഞ്ഞത് പെട്രോൾ സെസ്, അതുപോലെതന്നെ മോട്ടോർ വെഹിക്കിൾ ടാക്സ് ക്രമാനുഗതമായി പത്ത് ശതമാനം വർദ്ധിപ്പിച്ച് അഞ്ചാമത്തെ വർഷത്തിൽ അൻപത് ശതമാനത്തിലെത്തിക്കുമെന്ന് അങ്ങ് സൂചിപ്പിച്ചു. ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുമായി ബന്ധപ്പെട്ട് റോഡുകളും പാലങ്ങളും നിർമ്മിക്കുമ്പോൾ അതിന്റെ

വരുമാന സ്രോതസ് എന്നുള്ളനിലയ്ക്ക് യൂസേഴ്സ് ഫീ, ടോൾ എന്നിവ പിരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങ് ഉന്നയിച്ച പ്രശ്നങ്ങൾക്ക് സബ്സ്റ്റാൻഷ്യേറ്റ് ഡിസ്കഷൻ നടത്തുമ്പോൾ പറയാം. പല രീതിയിലുള്ള തിരിച്ചടവ് മാർഗ്ഗങ്ങളുണ്ട്. നമ്മൾ ഇറക്കുന്ന പല ബോണ്ടുകളും ജനറൽ ഒബ്ലിഗേഷൻ ബോണ്ടായതുകൊണ്ട് അതിന്റെ തിരിച്ചടവിന്റെ ഉറപ്പിനുവേണ്ടിയാണ് സഞ്ചിതനിധിയിൽനിന്ന് കൃത്യമായി എല്ലാവർഷവും ഫ്ലോ ഫണ്ട് വച്ചിരിക്കുന്നത്. മോട്ടോർ വെഹിക്കിൾ ടാക്സിന്റെ പണം വരുന്നതിനാൽ സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങിയാൽ അത് തിരിച്ചടയ്ക്കാൻ സാധിക്കും. അതേസമയം ലാന്റ് അക്വിസിഷനുവേണ്ടിയുള്ള ബോണ്ടുകളാണെങ്കിൽ ഇൻഡസ്ട്രിയൽ കോറിഡോർ നിർമ്മിക്കുന്നതിന് 5,000 കോടി രൂപയുടെ ഭൂമി കിൻഫ്രയ്ക്കോ മറ്റാർക്കെങ്കിലുമോ അക്വയർ ചെയ്തുകൊടുക്കുന്നു. ഇപ്രകാരം കൊടുക്കുന്നത് ലോണായിട്ടാണ്. അത് ഡെവലപ് ചെയ്തുവരുന്നമുറയ്ക്ക് തിരിച്ച് പണം നൽകണം. ഇത്തരത്തിൽ തിരിച്ചടവിന്റേതായ പല മാർഗ്ഗങ്ങളുണ്ട്. ഇരുപതിനായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് നാട്ടിൽ കൊണ്ടുവരിക എന്നത് ചെറിയ കാര്യമല്ല. ഇത് നമ്മുടെ നാടിന് ഗുണകരമായ കാര്യമാണെന്ന് കണ്ടുകൊണ്ട് എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താമെന്നുള്ള നിർദ്ദേശം എല്ലാ ഭാഗത്തുനിന്നും ഉയർന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ)

*Dr. M. K. Muneer* : Sir, I move that -

"This House resolves to disapprove The Kerala Infrastructure Investment Fund (Amendment) Ordinance, 2016 (Ordinance No. 6 of 2016)."

കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിച്ചുകൊണ്ട് അങ്ങ് നടത്തിയ പ്രസംഗത്തിൽ സൂചിപ്പിച്ച പല കാര്യങ്ങളും സംശയം ഉയർത്തുന്നതാണെന്ന് പറയേണ്ടിവന്നതിൽ വിഷമമുണ്ട്. ആദ്യം ഉണ്ടായിരുന്ന കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബില്ലിൽ ഉള്ളതിനേക്കാൾ ധാരാളം കാര്യങ്ങൾ ഇതിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇത് സത്യത്തിൽ ഒരു അമെന്റ്മെന്റ് ബില്ലാണെന്ന് പറയാൻ സാധിക്കില്ല. പുതുതായി വരുന്ന ഒരു ബില്ലിന്

സമാനമാണിത്. കാരണം ആദ്യം ഉണ്ടായിരുന്ന ബില്ലിൽ ബോർഡ് കമ്മിറ്റി അംഗങ്ങൾ മുഴുവൻ ഉദ്യോഗസ്ഥരായിരുന്നു. അന്നത്തെ ബോർഡിൽ അംഗങ്ങളായുണ്ടായിരുന്നത് ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, ജലസേചന വകുപ്പ് സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറി, റവന്യൂ വകുപ്പ് സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പ് സെക്രട്ടറി, സർക്കാർ നാമനിർദ്ദേശം ചെയ്ത ഡെവലപ്മെന്റ് ബാങ്കിംഗിൽ പരിചയസമ്പന്നരായ രണ്ട് വ്യക്തികൾ എന്നിവരാണ്. ചീഫ് സെക്രട്ടറി ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ്. പക്ഷേ, ഇപ്പോൾ അത് മുഴുവൻ മാറി. Chief Minister - Chairperson, Minister for Finance - Vice Chairperson, Vice-Chairman, State Planning Board, Chief Secretary, Secretary (Law), Secretary (Finance), Secretary (Finance-Resources) seven independent members who are experts, who have worked in an institution of national repute in one or more of the areas of Finance, Banking, Economics കൂടാതെ Chief Executive Officer. മാത്രമല്ല Agriculture Infrastructure, Buildings, Development of Minor Minerals, Roads, Bridges, including Rail over and under Bridges and By-passes, Transport projects including road, rail and air transport തുടങ്ങി 23 മേഖലകളിലാണ് ഇതിൽനിന്ന് ലഭിക്കുന്ന ഇൻവെസ്റ്റ്മെന്റ് ഉപയോഗിക്കുന്നത് എന്നാണ് ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഇതിലേക്കുള്ള പണം വെഹിക്കിൾ ടാക്സിന്റെ പത്ത് ശതമാനത്തിൽ തുടങ്ങി അമ്പത് ശതമാനത്തിലെത്തും. പെട്രോൾ സെസ്സും അതിനുവേണ്ടി ഉപയോഗിക്കുമെന്നാണ് അങ്ങിവിടെ സൂചിപ്പിച്ചത്. ഇങ്ങനെ പുതിയ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ഇവിടെ വരികയാണ്. നിയമസഭ പാസ്സാക്കിയ മറ്റൊരു ബില്ല് ഇവിടെയുണ്ട്. അതിന്റെ പേര് കേരള റോഡ് ഫണ്ട് ബോർഡ് എന്നാണ്. Chief Minister- Chairman, Minister of Public Works (Ex-Officio), Minister in charge of Finance (Ex-Officio), Minister in charge of Transport (Ex-Officio), Law Secretary, Chief Engineer (Roads) എന്നിവരും അതിനുപുറമേ three persons nominated by the Government from among the heads of Financial Institution, Scheduled Bank or Technical Engineering personnel working in National level Institutions എന്നിവർ അംഗങ്ങളായുണ്ട്. ഇതിനുപുറമേ കുറേയധികം വേറെയും ആളുകളുണ്ട്. ഇതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയാണ്. ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ

ഫിനാൻസ് മിനിസ്റ്ററാണ്. ഇതിലേക്കുള്ള പണം എങ്ങനെയാണ് വരുന്നത്? ഇതിലേക്കുള്ള പണവും The Government shall contribute to the Fund every year an amount equal to ten percent..... എന്ന് തുടങ്ങുകയാണ്. ഇതും വെഹിക്കിൾ ടാക്സിൽനിന്നു തന്നെയാണ്. മാത്രമല്ല ഇപ്പോൾ പെട്രോൾ സെസ്സിൽനിന്ന് ലഭിക്കുന്ന ഒരു രൂപയിൽ അൻപത് പൈസ പി.ഡബ്ല്യു.ഡി.-ക്കും അൻപത് പൈസ ഹൗസിംഗിനും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ഷെഡ്യൂളിൽ പ്രധാനമായും പറഞ്ഞിട്ടുള്ളത് ട്രാൻസ്പോർട്ട് പ്രോജക്ട് ഏറ്റെടുത്ത് നടപ്പിലാക്കാനാണ്. ഇതും യൂസേഴ്സ് ഫീ യൂസ് ചെയ്തുകൊണ്ടുതന്നെയാണ്. അങ്ങനെ വരുന്ന യൂസേഴ്സ് ഫീ ഉപയോഗിച്ചുകൊണ്ടാണ് ഈ റോഡ് ഫണ്ട് ബോർഡ് ഉണ്ടാക്കിയിരിക്കുന്നത്. ഈ റോഡ് ഫണ്ട് ബോർഡ് ആവശ്യമുണ്ടോ എന്നതാണ് എന്റെ ചോദ്യം. അങ്ങനെയാണെങ്കിൽ റോഡ് ഫണ്ട് ബോർഡ് പിരിച്ചുവിടാനുള്ള തീരുമാനം എടുത്തശേഷമല്ലേ ഈ ബില്ല് അവതരിപ്പിക്കേണ്ടത്? ഒരേ ആവശ്യത്തിന് ഒരേ സോഴ്സിൽനിന്ന് ഫണ്ടുകൾ വേണമെന്ന് പറയുന്നത് എങ്ങനെ ശരിയാകും? വെഹിക്കിൾ ടാക്സ് മാക്സിമം അമ്പത് ശതമാനമെന്ന് രണ്ടിലും പറഞ്ഞാൽ എങ്ങനെ നിങ്ങൾ വെഹിക്കിൾ ടാക്സ് കൊടുക്കും? സെസ്സ് ഇനിയും വർദ്ധിപ്പിക്കാനാണോ ഉദ്ദേശിക്കുന്നത്, അതല്ല ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന് കൊടുത്തുകൊണ്ടിരിക്കുന്ന സെസ്സ് പിൻവലിക്കാനാണോ തീരുമാനം? യഥാർത്ഥത്തിൽ രണ്ടിന്റെയും ചെയർമാൻ മുഖ്യമന്ത്രിയായിരിക്കുന്ന സാഹചര്യത്തിൽ ഇതിൽ ഒരു ബോർഡ് മാത്രമേ ആവശ്യമുള്ളൂ. റോഡ് ഫണ്ട് ബോർഡ് എന്നുപറഞ്ഞ് പൊതുമരാമത്ത് വകുപ്പുമന്ത്രി ഇരിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. അങ്ങേക്ക് വന്നിട്ടുള്ള സർക്കുലറിൽ പറഞ്ഞിട്ടുള്ളത് ഇനി ഒരു പ്രവൃത്തിക്കും എ.എസ്. നൽകേണ്ട എന്നാണ്. ഫിനാൻസ് വകുപ്പിൽനിന്നും കേരള ഇൻഫ്രാസ്ട്രക്ച്വർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഭാഗമായി ഒരു ഓർഡർ വന്നിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് ഇനി പുതുതായി ഒരു പ്രവൃത്തിക്കും എ.എസ്. നൽകേണ്ട എന്നാണ്. എ.എസ്. കൊടുത്ത പ്രവൃത്തികൾ നടന്നോട്ടേ പുതിയ എ.എസ്.-കളൊന്നും നൽകേണ്ട അതെല്ലാം കിഫ്ബി-യിലേക്ക് കൊണ്ടുവരാമെന്നാണ് തീരുമാനം. അതിനർത്ഥം ഇനി ഒരു റോഡും ഒരു പാലവും ബഡ്ജറ്റ് വഴി അങ്ങേക്ക് നിർമ്മിക്കാമെന്ന് എനിക്ക് തോന്നുന്നില്ല. മാത്രമല്ല ആയിരം കാര്യങ്ങളുടെ കൂട്ടത്തിലാണ് റോഡുകളും പാലങ്ങളും വരുന്നത്. ഇതിൽ എയർപോർട്ട് നിർമ്മാണം, പോർട്ട് നിർമ്മാണം, കൃഷി ചെയ്യാനുള്ള സൗകര്യമൊരുക്കൽ തുടങ്ങി 23 കാര്യങ്ങൾ ചെയ്യുന്ന കൂട്ടത്തിലാണ് കുറച്ച് റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം വരുന്നത്. ഇതോടുകൂടി കേരളത്തിൽ ഇനി റോഡുകൾ, പാലങ്ങൾ എന്ന പദ്ധതി നടപ്പിലാകുമോ എന്ന്

നാം സംശയിക്കണം. കാരണം 127 കോടി രൂപയേ ഉള്ളൂ. ഈ 127 കോടി രൂപയ്ക്ക് 140 മണ്ഡലങ്ങളിലും ചെയ്യാൻ പറ്റുന്നത് ചെയ്യാം. ഇപ്പോൾത്തന്നെ എന്റെ മണ്ഡലത്തിലേതുൾപ്പെടെ പല മണ്ഡലങ്ങളിലെയും പദ്ധതികൾ നിർത്തിവച്ചു. ചോദിക്കുമ്പോൾ എല്ലാം ഇനി കിഫ്ബിയിൽ നോക്കാമെന്നാണ് പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇത് പൊതുമരാമത്ത് വകുപ്പിനെയല്ലേ ഹാനികരമായി ബാധിക്കുന്നത്? കാരണം, പൊതുമരാമത്ത് വകുപ്പ് നല്ല ഭംഗിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന് നിലവിലുള്ള ഫണ്ടുതന്നെ തികയാത്ത സാഹചര്യത്തിൽ കിട്ടാനുള്ള സോഴ്സ് കൂടി ഇല്ലാതായാൽ വകുപ്പ് പൂട്ടിക്കെട്ടുന്ന രൂപത്തിലേക്ക് പോകില്ലേ?

ഡോ. എം. കെ. മുനീർ : സർ, ഒരേ സ്വഭാവത്തിലുള്ള രണ്ട് ബില്ലുകൾ നിലനിൽക്കുമോ എന്നതാണ് എന്റെ ചോദ്യം? അതുകൊണ്ട് റോഡ് ഫണ്ട് ബോർഡ് പിരിച്ചുവിട്ടതിനുശേഷമേ ഇത് തുടങ്ങാൻ സാധിക്കുകയുള്ളൂ. കാരണം അതിൽപ്പറയുന്ന എല്ലാ ടാക്സും സെസ്സും ഇതിലും പിരിക്കാൻ പറയുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഇത് രണ്ടും ഒരേസമയത്ത് നടക്കുമോ എന്നതാണ് എന്റെ ചോദ്യം. മാത്രമല്ല ഇത് വായിച്ചുനോക്കിയാൽ, തലക്കെട്ട് മാറി എന്നല്ലാതെ കേരള റോഡ് ഫണ്ട് ബോർഡിന്റെ അതേ ബില്ലാണിത്. മുമ്പ് തയ്യാറാക്കിയ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബിൽ ഇത്ര ശക്തിയുള്ള ബില്ലായിരുന്നില്ല. കാരണമെന്തെന്നാൽ അതിൽ ഉദ്യോഗസ്ഥരായിരുന്നു അംഗങ്ങൾ. അതിൽ റോഡ് ടാക്സ് പിരിക്കുന്നത് ഇല്ലായിരുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ ബില്ലിനെ അമെന്റ്മെന്റ് ബില്ലെന്ന് വിളിക്കാൻ സാധിക്കില്ലെന്ന്. ഇതൊരു പുതിയ ബില്ലാണ്. കേരള റോഡ് ഫണ്ട് ബോർഡ് ബില്ലിന്റെ പേര് മാറ്റി മറ്റൊരു ബില്ലായി വന്നിരിക്കുകയാണ്. അതോടുകൂടി ഈ ബില്ല് അപ്രസക്തമായിരിക്കുകയാണ്. രണ്ട് ബില്ലും വായിച്ചാൽ മനസ്സിലാകും. ഇത് റോഡ് ഫണ്ട് ബോർഡ് ബിൽ തന്നെയാണ്. നേരത്തെ ഒരംഗം ടോൾ പിരിക്കുമോ എന്ന് ചോദിച്ചു, ടോളേ പിരിക്കൂ. Investment or Financing related Agreement-ൽ പറഞ്ഞിരിക്കുന്നത് ഏതൊക്കെ വഴിക്കാണ് പിരിക്കാൻ പോകുന്നത് എന്നാണ്. ഒന്ന്, Build-Operate-and Transfer (BOT) - അതിൽ പറഞ്ഞിരിക്കുന്നത് ഇതിന് ആവശ്യമായ പണം tolls, fees rentals and charges incorporated in the contract to enable the recovery..... രണ്ടാമതായി, Build-Own-and-Operate (BOO) അതും collecting user levies from facility users; Build-Own-Operate-Transfer (BOOT) അതും concessionaire agreement-ൽ recover from concessionaire through levy;

Build-Transfer-and-Operate (BTO), Design-Build-Finance-Operate- Transfer (DBFOT) ഇങ്ങനെ BLT, ROT, ROO എന്നൊക്കെ പറയുന്ന കുറേ പദങ്ങളുപയോഗിച്ചുകൊണ്ട് പറയുന്നുണ്ട്. ആക്ടിന്റെ ഇംഗ്ലീഷ് പതിപ്പിലെ 19, 20, 21 പേജുകൾ വായിച്ചുനോക്കിയാൽ എങ്ങനെയൊക്കെ ടോൾ പിരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഏത് വഴിക്ക് കൊടുത്താലും അതിൽ ടോളും ലെവിയും പിരിച്ചേ മതിയാകു. ഞാൻ എക്സ്പ്രസ്സ് ഹൈവേ കൊണ്ടുവരുമ്പോൾ, ഇതൊക്കെ വന്നുകഴിഞ്ഞാൽ എല്ലാ സ്ഥലത്തും ആളുകൾ മടിസഞ്ചി മുഴുവൻ രൂപയുമായി ടോൾ കൊടുത്ത് പോകണമെന്നാണ് അന്ന് ശ്രീ. വി. എസ്. അച്യുതാനന്ദൻ പറഞ്ഞത്. അന്ന് എക്സ്പ്രസ്സ് ഹൈവേ കൊണ്ടുവരാൻ തീരുമാനിച്ചപ്പോൾ, നാഷണൽ ഹൈവേ BOT ആക്കാൻ തീരുമാനിച്ചിട്ടില്ല. ഇപ്പോൾ എന്താണ് ഉണ്ടാകാൻ പോകുന്നതെന്നുവച്ചാൽ ഒരു റോഡിൽക്കൂടിയും ആർക്കും പോകാൻ സാധിക്കുകയില്ല. അന്ന് നാഷണൽ ഹൈവേയിൽ കൂടിയെങ്കിലും ആളുകൾക്ക് സൗകര്യമായി പോകാമായിരുന്നു. പണം നൽകാൻ തയ്യാറായവർ മാത്രം എക്സ്പ്രസ്സ് ഹൈവേയിൽക്കൂടി പോയാൽ മതിയായിരുന്നു. ഇനി ഒരു വഴിക്കും ടോൾ നൽകാതെ പോകാൻ സാധിക്കുകയില്ല. മടിസഞ്ചിയല്ല മൊത്തത്തിൽ ചാക്ക് കണക്കിന് പണവുമായി പോയാലേ കേരളത്തിലൂടെ നടക്കാൻ സാധിക്കൂ. എന്നിട്ട് എന്താണ് പറയുന്നത്, റോഡുണ്ടാക്കാൻ പോകുന്നത് concessionaire ആണ്, സർക്കാരാണ് എന്നാണ്. എന്നാൽ അങ്ങനെയല്ല, പാവപ്പെട്ട ജനങ്ങളാണ് ഇനിയുള്ള റോഡുകളുണ്ടാക്കാൻ പോകുന്നത്. കാരണം അവരുടെ കീശയിലെ പണം കൊടുത്തുകൊണ്ടാണ് ഇനി റോഡുണ്ടാക്കാൻ പോകുന്നത്. പാവം ജനങ്ങൾക്ക് ഇതറിയില്ല. അപ്പോൾ concessionaire -ക്ക് പണം നൽകണമെങ്കിൽ എവിടെ നിന്നാണ് നല്കുക? അത് ടോൾ വച്ച് BOT അടിസ്ഥാനത്തിലാണെങ്കിൽ, Build-Operate-and-Transfer എന്ന് പറയുമ്പോൾ, ഇതിൽ ഓരോ ഖണ്ഡികയിലും നിങ്ങൾ നോക്കിക്കോളൂ യൂസേഴ്സ് ഫീ വാങ്ങുന്നതിനെ സംബന്ധിച്ച് പറയുന്നുണ്ട്. യൂസേഴ്സ് ഫീ ഇല്ലാതെ ഇവിടെ ഇനി റോഡോ പാലമോ ഒന്നും ഉണ്ടാകില്ല. കേരള റോഡ് ഫണ്ട് ബോർഡ് ബില്ലിൽ നോക്കിയാൽ കാണാൻ സാധിക്കും, ഒരു കോടി രൂപയിലധികം ചെലവുവരുന്ന പാലത്തിന് മാത്രമേ ടോൾ പിരിക്കേണ്ടതുള്ളൂ എന്നുപറയുന്നുണ്ട്. ജനങ്ങൾക്ക് അതുവേണ്ട എന്ന് തോന്നുകയാണെങ്കിൽ അത് ഉപേക്ഷിക്കാനുള്ള തീരുമാനംകൂടി അന്നത്തെ ബില്ലിൽ നിഷ്കർഷിച്ചിട്ടുണ്ട്. ജനങ്ങൾക്ക് വേണ്ടെങ്കിൽ അത് നിർത്താമെന്നാണ് വ്യവസ്ഥ. പക്ഷേ ഇതിൽ അത് പറ്റില്ല. BOT-ലും ROOT-ലും BOOT-ലും അത് സാധിക്കാത്ത രീതിയിലാണ് concessionaire-മായി ഒരു എഗ്രിമെന്റ് തയ്യാറാക്കിയിട്ടുള്ളത്.

എന്നാൽ ഇതിൽ ഒരു വരി ആന്വിറ്റി സ്കീമിനെക്കുറിച്ച് പറയാമായിരുന്നു. ഉദാഹരണത്തിന് Trivandrum City Development, അതുപോലെ തന്നെ Calicut City Development Improvement-അതിലൊരു ഖണ്ഡിക വച്ചിരുന്നു, കൺസഷണർ ആദ്യം റോഡ് മുഴുവൻ പണിയാൻ പറയും, പണിത് കഴിഞ്ഞ് ബഡ്ജറ്റിലൂടെ അല്ലെങ്കിൽ മറ്റ് വഴിയിലൂടെ 20 വർഷംകൊണ്ടോ മറ്റോ അവർക്ക് തിരിച്ചുകൊടുക്കുന്ന സമ്പ്രദായമാണ് ആന്വിറ്റി സ്കീം. ആന്വിറ്റി സ്കീം വന്നുകഴിഞ്ഞാൽ ഒരിക്കലും അവിടെ ടോൾ പിരിക്കാൻ പാടില്ല. അതുകൊണ്ടാണ് തിരുവനന്തപുരം നഗരത്തിൽ നിങ്ങൾക്ക് ടോളില്ലാതെ സഞ്ചരിക്കാനുള്ള സ്ഥിതിവിശേഷമുണ്ടായത്. കോഴിക്കോട് ജില്ലയിലെ സ്കീം പൂർത്തീകരിക്കുമ്പോഴും നമുക്ക് ഇതേ സൗകര്യം ലഭിക്കും. പക്ഷേ, അങ്ങ് കോഴിക്കോട് വന്ന് പറഞ്ഞത് മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് കിഫ്ബിയിലാണ് ഉൾപ്പെടുത്തുന്നതെന്നാണ്. അതിനർത്ഥം മാനാഞ്ചിറ-വെള്ളിമാടുകുന്ന് യാഥാർത്ഥ്യമാകുമ്പോൾ ടോൾ പിരിക്കേണ്ടിവരും. കാരണം BOT-യോ COT-യോ ROT-യോ വഴിയായിരിക്കും അത് ചെയ്യേണ്ടി വരുന്നത്. ഇത്തരത്തിലുള്ള അപകടകരമായ അവസ്ഥയിലേക്കാണ് പോകുന്നത് എന്ന് നമ്മൾ ഓർക്കണം. മാത്രമല്ല, ബോണ്ട് ഇഷ്യൂ ചെയ്തുകഴിഞ്ഞാൽ SEBI പറഞ്ഞിട്ടുള്ള നിയമമനുസരിച്ച് പല കാര്യങ്ങളും ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെയൊക്കെ ചെയ്താൽ അതൊക്കെ കിട്ടുമായിരിക്കും. അതൊക്കെ നമ്മളുടെ ഭാവനയാണ്. നമുക്ക് ഇത്ര കിട്ടുമെന്നുള്ള ഭാവനയാണ്. ആർ.ബി.ഐ.-യുടെ ലൈസൻസിനും അപേക്ഷിച്ചിട്ടില്ല. SEBI-യുടെയും തീരുമാനം ആയിട്ടില്ല. എന്നിട്ട് അങ്ങുതന്നെ മാതൃഭൂമിയിൽ എഴുതിയ ലേഖനത്തിൽ ഒരു വരി പറഞ്ഞിട്ടുണ്ട്. നമ്മുടെ കണക്കുകൂട്ടലുകളെല്ലാം യാഥാർത്ഥ്യമാകുമെന്നതിന് എന്താണ് ഉറപ്പ്? അപകടങ്ങൾ പതിയിരിപ്പുണ്ട്. അതുകൊണ്ടാണ് ഈ തന്ത്രത്തെ നൂൽപ്പാലത്തിലൂടെയുള്ള അഭ്യാസമെന്ന് ഞാൻ വിശേഷിപ്പിച്ചത്. അങ്ങുതന്നെ സമ്മതിച്ചിരിക്കുന്നു ഇത് നൂൽപ്പാലത്തിലൂടെയുള്ള ഒരു അഭ്യാസമാണെന്ന്. ഈ അഭ്യാസം കേരളത്തിൽ പ്രയോഗിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളെ അപകടപ്പെടുത്തുന്ന ഒരവസ്ഥയിലേക്ക് കൊണ്ടുപോകരുതെന്ന് അഭ്യർത്ഥിക്കുന്നു. കിഫ്ബി എന്നുപറയുന്നത് ഒരു ഭാവനയാണ്. വളരെയധികം ഭാവനാത്മകമായി ചിന്തിക്കാൻ പറ്റുന്ന ഈ ലോകത്ത് എന്തൊക്കെയോ ഉണ്ടാക്കാൻ പറ്റുമെന്ന് പറഞ്ഞ് ഫലിപ്പിക്കാൻ അങ്ങേക്ക് സാധിക്കും. പക്ഷേ, പണ്ട് അങ്ങ് ഇത് നടപ്പിലാക്കാൻ ശ്രമിച്ചപ്പോഴുണ്ടായ വിഷയമാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിച്ചത്. നമുക്ക് അവസാനം ഇതെല്ലാം തിരിച്ചടയ്ക്കാൻ പറ്റാത്ത സ്ഥിതിവിശേഷമുണ്ടാകും. അങ്ങ് ഇതിൽ ഇ.എം.എസ്. ഭവനപദ്ധതിയുടെ കാര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. ഇതെല്ലാം ഉണ്ടായത് എന്തുകൊണ്ടാണെന്ന് അങ്ങുതന്നെ പരിശോധിക്കണം. ആ സമയത്ത്

ഏതൊക്കെ രീതിയിലുള്ള നിയന്ത്രണങ്ങളിലാണ് ഭവനങ്ങൾ ഉണ്ടാകേണ്ടിയിരുന്നത്? അതിന്റെ ബാധ്യത യഥാർത്ഥത്തിൽ അടുത്ത ഗവൺമെന്റ് ഏറ്റെടുക്കുകയാണ് ചെയ്തത്. അതിന്റെ ഡേറ്റ് നീട്ടിക്കൊടുക്കരുതെന്ന് അങ്ങ് പറഞ്ഞിട്ടും ഇ.എം.എസ്.-നോട് ബഹുമാനമുള്ളതുകൊണ്ട് അവസാനംവരെ നീട്ടിക്കൊടുത്തു. അങ്ങയുടെ ഉത്തരവാണ് ഇനി നീട്ടിക്കൊടുക്കരുതെന്നുള്ളത്. ഞങ്ങൾ ഇ.എം.എസ്.-നോടുള്ള ബഹുമാനംകൊണ്ട് അത് നീട്ടിക്കൊടുക്കുകയാണ് ചെയ്തത്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. അങ്ങയുടെ ഈ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകണമെന്ന് ഞങ്ങൾക്കും ആഗ്രഹമുണ്ടെങ്കിലും ഇത് സ്വപ്നം, വെറുമൊരു സ്വപ്നം എന്നുള്ളതുകൊണ്ട് ഇതിനെ അനുകൂലിക്കാൻ കഴിയുന്നില്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ നിരാകരിക്കുന്നു.

<u>മി. ചെയർമാൻ</u> : ശ്രീ. വി. പി. സജീന്ദ്രൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. വി. ഡി. സതീശന് പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. വി. പി. സജീന്ദ്രനുവേണ്ടി (<u>ശ്രീ. വി. ഡി. സതീശൻ)</u> : സർ, നിരാകരണ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. തീർച്ചയായും ഒരു ഭരണാധികാരി സ്വപ്നങ്ങൾ കാണുകയും ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള കഠിനമായ പ്രയത്നം നടത്തുകയും ചെയ്യും. പക്ഷേ, ഇതിനുമുമ്പും ഇത്തരം കാര്യങ്ങൾ കൊണ്ടുവന്നപ്പോൾ ഇതുപോലെയുള്ള സ്വപ്നങ്ങൾ കാണുകയും എന്നാൽ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത തരത്തിലുള്ള നടപടികൾ ഉണ്ടാകുകയുമാണ് ചെയ്തത്. 1999-ൽ ഈ ബിൽ കൊണ്ടുവന്നപ്പോഴും അന്നത്തെ എൽ.ഡി.എഫ്. സർക്കാർ പറഞ്ഞത് ഈ ഗവൺമെന്റ് ഒരുപാട് മാറ്റങ്ങൾ കൊണ്ടുവരും എന്നാണ്. ധാരാളം മേഖലയിൽ, അടിസ്ഥാനസൗകര്യ വികസന മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കുമെന്നാണ്. അന്നുണ്ടാക്കിയ പണം എന്തിനുവേണ്ടിയാണ് ഏറ്റവും കൂടുതൽ ചെലവഴിച്ചത് എന്നുകൂടി അങ്ങ് ഈ മറുപടിയിൽ പറയണം. സംസ്ഥാന ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻവരെ അന്ന് ആ പണം ഉപയോഗിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടി ഉപയോഗിക്കപ്പെടുമെന്നുള്ളതിന്റെ പേരിൽ ബോണ്ട് ഇഷ്യു ചെയ്ത് പണം കളക്ട് ചെയ്തു. ദൈനംദിന പ്രവർത്തനങ്ങൾക്ക് വല്ലാതെ പ്രയാസപ്പെടുന്ന സമയത്ത് അതിനുകൂടി ആ പണം ഉപയോഗിക്കുന്ന സ്ഥിതിയിലേക്ക് പോയാൽ ഈ സ്വപ്നങ്ങളുടെ അടിത്തറ എന്താകും; ഈ സ്വപ്നങ്ങളുടെ അടിസ്ഥാനം എന്താകും? മാത്രമല്ല 73-ഓളം പ്രോജക്ടുകളാണ് ഇതിൽ വിവിധ വകുപ്പുകളിലേതായി എടുത്തിട്ടുള്ളത്. കിഫ്ബിയാണ് കേരളത്തിൽ എല്ലാ വകുപ്പുകളിലെയും പ്രധാനപ്പെട്ട ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് നടത്തുന്നതെങ്കിൽ

കേരളത്തിൽ ഒരുപാട് വകുപ്പുകൾ പിരിച്ചുവിടേണ്ടിവരും. കാരണം ആ വകുപ്പുകൾക്കൊന്നും യാതൊരു ഫങ്ഷനുമുണ്ടാകില്ല. ഡോ. എം. കെ. മുനീർ സൂചിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കാരണം പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അധികം വേദനിപ്പിക്കുന്നതിനോട് എനിക്ക് യോജിപ്പില്ല. അദ്ദേഹത്തിന്റെ കഴുത്തിൽ തന്നെയാണ് ആദ്യത്തെ കോടാലി വീണിരിക്കുന്നത്. അടുത്ത രണ്ട് നിയോജക മണ്ഡലങ്ങളിലെ ജനപ്രതിനിധികൾ ആയിരുന്നിട്ടും അദ്ദേഹത്തോട് ഇത്രമാത്രം ദ്രോഹം ചെയ്യരുതായിരുന്നു എന്നാണ് എന്റെ വിനയപൂർവ്വമായ അഭിപ്രായം. കയ്യിലൊന്നുമില്ലാതെ, ഒന്നും ചെലവഴിക്കാൻ കഴിയാതെ നിരായുധനായി ഒരാൾ നിൽക്കുന്നതുപോലെ നിൽക്കുകയാണ് ഒരു മന്ത്രി. ഞങ്ങളുടെ മന്ത്രിസഭയിൽ ഏറ്റവും കരുത്തനായ മന്ത്രിയായിരുന്നു ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്. അദ്ദേഹത്തിന് ആവശ്യമായ പണം നൽകാൻ സർക്കാർ തയ്യാറായിരുന്നു. കൂടുതൽ പണമൊന്നും ധനകാര്യ വകുപ്പ് കൊടുത്തില്ലെങ്കിലും കുഴപ്പമില്ല. ആ വകുപ്പിൽ പരമ്പരാഗതമായി ചെലവഴിക്കാൻ കഴിയുന്ന തുകപോലും ചെലവഴിക്കാൻ അനുവദിക്കാതെ സത്യത്തിൽ പൊതുമരാമത്ത് വകുപ്പിനെ, ഞാൻ അന്ന് ബഡ്ജറ്റ് ചർച്ചയിൽ സൂചിപ്പിച്ചതുപോലെ, ഹൈജാക്ക് ചെയ്യുകയാണ്. ഈ ബിൽ വന്നപ്പോൾ പൊതുമരാമത്ത് വകുപ്പ് മാത്രമല്ല, ധാരാളം വകുപ്പുമന്ത്രിമാർ അദ്ദേഹത്തിന് കൂട്ടായിട്ടുണ്ട്. പല വകുപ്പുകളിലെയും പ്രവർത്തനങ്ങൾ മുഴുവൻ കിഫ്ബിയിലേക്ക് വരികയാണ്. അതെല്ലാം ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളാണെങ്കിലും ഞാൻ നേരത്തെ സൂചിപ്പിച്ച ഒരു തടസ്സവാദത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. എന്തധികാരത്തിലാണ് ഇത്രയും കോടി രൂപ ചെലവഴിക്കുമെന്ന് അങ്ങ് പറയുന്നത്? 20,000-ത്തോളം കോടി രൂപ ചെലവഴിക്കുമ്പോൾ, അതിന്റെ സ്ക്രൂട്ടിനി നടത്തുന്നതിനുള്ള നിയമസഭയുടെ അവകാശത്തെ ബൈപ്പാസ് ചെയ്യാൻ അങ്ങേക്കും ഗവൺമെന്റിനും ആരാണ് അധികാരം നൽകിയത്? ഇതിവിടെ പരിശോധിക്കപ്പെടണം. ജനപ്രതിനിധികളായി ഞങ്ങൾ നിയമസഭയിൽ എത്തുന്നത് ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടാണ്. നിയമസഭയ്ക്കുള്ള പ്രത്യേക അധികാരങ്ങൾ ഈ ബില്ലിലൂടെ അങ്ങ് കവർച്ച ചെയ്യുകയാണ്. അങ്ങ് ഒരു കൗശലക്കാരനാണ്. നിയമസഭയെ ബൈപ്പാസ് ചെയ്യുന്ന എന്ന ആ പോയിന്റിന് മറുപടി പറയാതെ തന്ത്രപൂർവ്വം അങ്ങ് മാറ്റിവച്ചു എന്ന് എനിക്കറിയാം. ഇതൊരു ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭയാണ്. സി.പി.ഐ.(എം) നേതൃത്വം കൊടുക്കുന്ന മന്ത്രിസഭയാണ്. ഈ

ബില്ലോടുകൂടി അടിസ്ഥാനപരമായ, നയപരമായ വ്യതിയാനം കേരളത്തിലെ സി.പി.ഐ.(എം)-നും എൽ.ഡി.എഫ്.-നും ഉണ്ടായിരിക്കുന്നു എന്നതിന്റെ ഒരു സമ്മതപത്രം കൂടിയായി ഞാൻ ഈ ബില്ലിനെ കണക്കാക്കുന്നു. ഈ ബില്ലിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ കാര്യങ്ങളെയും കാലാകാലങ്ങളായി നിങ്ങൾ എതിർത്തിട്ടുള്ളതാണ്. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിലും പ്രതിപക്ഷത്തിരുന്നുകൊണ്ട് ധനകാര്യ വിഷയങ്ങൾ സംസാരിച്ച ഒരു അംഗമെന്ന നിലയിലും അങ്ങയുടെ ഈ നിയമസഭയിലെ പ്രസംഗങ്ങൾ പരിശോധിച്ചാൽ അന്ന് പറഞ്ഞതിൽനിന്നും പൂർണ്ണമായ നയവ്യതിയാനം ഈ ബില്ലിലൂടെ ഉണ്ടായിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിനെ എന്തൊരു വിമർശനമായിരുന്നു. യു.പി.എ. ഗവൺമെന്റ് ഫിനാൻസ് മാർക്കറ്റിൽ ഇടപെടലുകൾ നടത്തി വലിയ മാറ്റങ്ങളുണ്ടാക്കി. നിങ്ങളൊക്കെ ശ്രദ്ധിക്കാതെ പോയകാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇൻഡ്യയിലെ സ്റ്റോക്ക് മാർക്കറ്റിനെയും ഇൻഡ്യയുടെ ഫിനാൻസ് മാർക്കറ്റിനെയും ഏറ്റവും മനോഹരമായി യു.പി.എ. ഗവൺമെന്റ് റെഗുലേറ്റ് ചെയ്തതാണ്. അങ്ങനെ റെഗുലേറ്റ് ചെയ്തപ്പോൾ കൃത്യമായ ഫിനാൻഷ്യൽ ട്രാൻസാക്ഷൻ നടത്താനും സ്വകാര്യ-പൊതുമേഖലകളിൽ ഒരുപോലെ വിശാലമായ ക്യാൻവാസ് ഒരുക്കാനും യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്ത് കഴിഞ്ഞിരുന്നു. അന്നുണ്ടാക്കിയ ഫിനാൻസ് മാർക്കറ്റിലെ സാധ്യതകളെ കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ട് ആ ഗവൺമെന്റ് എടുത്ത തീരുമാനങ്ങളാണ് ഇന്ന് ഇത്തരത്തിലൊരു ബിൽ കൊണ്ടുവരാൻ അങ്ങേക്ക് പ്രചോദനമായത് എന്നതിൽ ഞങ്ങൾക്ക് വളരെയധികം അഭിമാനമുണ്ട്. അങ്ങ് അതിനെയെല്ലാം വിമർശിച്ചിരുന്നു. ആഗോള സാമ്പത്തികമാന്ദ്യം ഉണ്ടായപ്പോൾ ഇൻഡ്യയിലെ ഫിനാൻസ് മാർക്കറ്റിനെ വളരെ തന്ത്രപൂർവ്വം, വളരെ ബുദ്ധിപൂർവ്വം നിയന്ത്രിക്കാൻ കഴിഞ്ഞു എന്നുള്ളതുകൊണ്ടാണ് ആഗോള സാമ്പത്തികമാന്ദ്യത്തെ ഏറ്റവും മികച്ച രീതിയിൽ കൈകാര്യം ചെയ്ത ഒരു രാജ്യമായി ഇൻഡ്യ മാറിയത്. ഫിനാൻസ് മാർക്കറ്റിൽ പണം അധികരിക്കുമ്പോൾ, ഇൻഫ്ലേഷൻ ഉണ്ടാകുമ്പോൾ ബാങ്കുകളുടെ സി.ആർ.ആർ. നിരക്കുകൾ കൂട്ടിക്കൊണ്ട് ഫിനാൻസ് മാർക്കറ്റിൽനിന്നും ഇൻഫ്ലേഷൻ ഒഴിവാക്കാൻ പണം കൃത്യമായി withdraw ചെയ്യുകയും അതുപോലെ മാർക്കറ്റിൽ liquidity trench ഉണ്ടാകുന്ന സമയത്ത് ബാങ്കുകളുടെ സി.ആർ.ആർ. നിരക്ക് കുട്ടിക്കൊണ്ട് കൂടുതൽ പണം മാർക്കറ്റിലേക്ക് ഡംപ് ചെയ്തുകൊണ്ടും കൃത്യമായ ഇടപെടലുകളിലൂടെ യു.പി.എ. ഗവൺമെന്റ് ഉണ്ടാക്കിയ സാമ്പത്തിക അടിത്തറ എത്രമേൽ ഭദ്രമായിരുന്നുവെന്ന്

അങ്ങേക്ക് ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ കാണാൻ കഴിയും. അന്ന് ഒരു ബി.ഒ.ടി. വന്നാൽ ബി.ഒ.ടി. തുലയട്ടെ, യു.പി.എ. സർക്കാർ തുലയട്ടെ, ഇതാണോ നിങ്ങളുടെ ഉദാരീകരണം, ഇതാണോ നിങ്ങളുടെ ലിബറലൈസേഷൻ പോളിസി ഇതാണോ നിങ്ങളുടെ നിയോ ലിബറൽ പോളിസി എന്നൊക്കെ പറഞ്ഞ് എന്തെല്ലാം ആക്ഷേപങ്ങൾ; എന്തെല്ലാം പ്രമേയങ്ങൾ; എന്തെല്ലാം ചർച്ചകൾ; സ്വകാര്യ-പൊതുമേഖലാ സംരംഭങ്ങൾക്കെതിരായി എത്ര സെമിനാറുകൾ; എത്ര പൊതുയോഗങ്ങൾ; എന്തൊക്കെയാണ് നിങ്ങൾ നടത്തിയിട്ടുള്ളത്? എത്ര വലിയ ആക്ഷേപങ്ങളാണ് നിങ്ങൾ ഉന്നയിച്ചിട്ടുള്ളത്? ഒരു ബി.ഒ.ടി.-യും ഒരു ബി.ഒ.ഒ.ടി.-യുമൊക്കെയാണ് അന്ന് ഉണ്ടായിരുന്നത്.

ഈ ബില്ലിലെ മൂന്നാം പട്ടികയിലെ കൺസെഷൻ കരാറുകളുടെ സ്വഭാവത്തിൽ പറയുന്നത്

1. <u>നിക്ഷേപം അല്ലെങ്കിൽ ധനകാര്യവുമായി ബന്ധപ്പെട്ട കരാറുകൾ</u>

   (i) നിർമ്മാണ-പ്രവർത്തന-കൈമാറ്റ കരാർ (ബി.ഒ.ടി.)

   (ii) നിർമ്മാണ-ഉടമസ്ഥ-പ്രവർത്തന കരാർ (ബി.ഒ.ഒ.)

   (iii) നിർമ്മാണ-ഉടമസ്ഥ-പ്രവർത്തന-കൈമാറ്റ കരാർ (ബി.ഒ.ഒ.റ്റി.)

   (iv) നിർമ്മാണ-കൈമാറ്റ-പ്രവർത്തന കരാർ (ബി.ടി.ഒ.)

   (v) രൂപകൽപ്പന-നിർമ്മാണ-ധനകാര്യ-പ്രവർത്തന-കൈമാറ്റ കരാർ (ഡി.ബി.എഫ്.ഒ.ടി.)

2. <u>പ്രവർത്തനങ്ങളും പരിപാലനവുമായി ബന്ധപ്പെട്ട കരാറുകൾ</u>

   (i) നിർവ്വഹണ കരാർ,

   (ii) പാട്ടനിർവ്വഹണ കരാർ,

   (iii) നിർമ്മാണ-പാട്ട-കൈമാറ്റ കരാർ (ബി.എൽ.റ്റി.)

   (iv) പുനഃസ്ഥാപന-പ്രവർത്തന-കൈമാറ്റ കരാർ (ആർ.ഒ.ടി.),

   (v) പുനഃസ്ഥാപന-ഉടമസ്ഥ-പ്രവർത്തന കരാർ (ആർ.ഒ.ഒ.)

തുടങ്ങിയ എന്തെല്ലാം കരാറുകളാണ് നിങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. അപ്പോൾ ബി.ഒ.ടി. തുലയട്ടെയെന്ന് കേരളം മുഴുവൻ പ്രസംഗിക്കുകയും സ്വകാര്യ-പൊതുമേഖലാ സംരംഭങ്ങളെ രൂക്ഷമായി വിമർശിക്കുകയുംചെയ്ത നിങ്ങൾ ഒരു ദശാബ്ദക്കാലം

കഴിയുന്നതിനുമുമ്പായി ആ ബി.ഒ.ടി.-യേയും ബി.ഒ.ഒ.ടി.-യേയും കൂടാതെ നിങ്ങളുടെ വക പുതിയ സൃഷ്ടികൾകൂടി കൊണ്ടുവന്നിരിക്കുകയാണ്. ഈ നയവ്യതിയാനത്തെ ഇപ്പോഴെങ്കിലും യാഥാർത്ഥ്യബോധത്തോടുകൂടി ഉൾക്കൊള്ളാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് വളരെയധികം സന്തോഷമുണ്ട്. ഞാൻ ആ ഒരു ആസ്പെക്ടിൽ ഇതിനെ സ്വാഗതം ചെയ്യുകയാണ്. കാരണം, നമുക്ക് നിലവിലുള്ള പണത്തിനുപുറമേ കൂടുതൽ പണം കണ്ടെത്തി കൂടുതൽ വികസന സാധ്യതകൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുമെങ്കിൽ അത് വളരെ നല്ല കാര്യമാണ്. ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളിയെന്ന് പറയുന്നത്, കേരളം പോലെ സാമ്പത്തികമായി ഞെരുങ്ങുന്ന സംസ്ഥാനത്ത് ഇപ്പോൾ പണം ആവശ്യമുണ്ട്. കടമെടുക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലെ എഫ്.ആർ.ബി.എം. ആക്ട് വന്നതിനുശേഷം സംസ്ഥാനത്ത് ധനക്കമ്മി, റവന്യൂ കമ്മി തുടങ്ങിയവ നിശ്ചിത പരിധിക്കുള്ളിൽ നിർത്തണമെന്ന നിർബന്ധമുള്ളതുകൊണ്ട് കടമെടുക്കുന്നതിന് ചില പരിമിതികളുണ്ട്. ആ പരിമിതികളെ ബൈപ്പാസ് ചെയ്യുകയാണ് കിഫ്ബി പോലുള്ള ധനകാര്യ സ്ഥാപനം ചെയ്യുന്നത്. നമ്മുടെ ഫിസ്കൽ ഡിസിപ്ലിൻ ഇല്ലാതാകുന്നതിനുള്ള സാധ്യതകളുണ്ടാകും. അതിനെ വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ടതുണ്ട്. അന്ന് കൊണ്ടുവന്ന ബോണ്ടുകളുടെ പലിശ നിരക്ക് 13.25 ശതമാനം, 10.50 ശതമാനം, 11 ശതമാനം എന്നിങ്ങനെയാണ്. ഇതിനേക്കാൾ കുറഞ്ഞ പലിശ നിരക്കിൽ നാഷണലൈസ്ഡ് ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും വികസനപ്രവർത്തനങ്ങൾക്ക് ലോൺ നൽകും. അന്താരാഷ്ട്രതലത്തിലുള്ള ധനകാര്യസ്ഥാപനങ്ങൾ രണ്ട് ശതമാനം പലിശ നിരക്കിലും ചിലപ്പോൾ പൂജ്യം ശതമാനത്തിലും നൽകും. ഏറ്റവും കുറഞ്ഞ നിരക്കിൽ പലിശ ഈടാക്കുന്ന സാധ്യതകൾ ഇന്നു മാർക്കറ്റിലുണ്ട്. ആ സാധ്യതകളൊക്കെ avail ചെയ്യാൻ കഴിയുമോ? ഇല്ലെങ്കിൽ പലിശയും മുതലുമടക്കമുള്ള വലിയ ബാധ്യത സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങ് നേരത്തെ സൂചിപ്പിച്ചതുപോലെ, തിരിച്ചടയ്ക്കാൻ കിട്ടുന്ന പണമെന്ന് പറയുന്നത് ഒരു ബെയ്സ് ആണ്. മോട്ടോർ വെഹിക്കിൾ ടാക്സോ മറ്റേതെങ്കിലും ടാക്സോ വഴി ലഭിക്കുന്ന പണം മാത്രം ഉപയോഗിച്ചുകൊണ്ട് ചെയ്യണമെങ്കിൽ കിഫ്ബിയുടെ ആവശ്യമുണ്ടായിരുന്നില്ല. നമ്മൾ വലിയ തുക കടമെടുക്കുമ്പോൾ അതിന്റെ തിരിച്ചടവിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. അത് പ്രധാന പ്രശ്നമാണ്. ആ തിരിച്ചടവ് എല്ലാവർഷവും ബഡ്ജറ്റിൽ വലിയ burden ആയി മാറും. കടംവാങ്ങിയാൽ തിരികെ നൽകണം. ലോക ബാങ്ക്, ഏഷ്യൻ ബാങ്ക്, ബ്ലേഡ് കമ്പനി എന്നിവിടങ്ങളിൽനിന്നും ലോണെടുത്താലുള്ള അടിസ്ഥാനപരമായ തത്വം പണം പലിശസഹിതം തിരിച്ചടയ്ക്കണമെന്നാണ്. ആ പണത്തിന്റെ പലിശ ഉൾപ്പെടെയുള്ള മുതൽ തിരിച്ചടയ്ക്കുന്നതിനെക്കുറിച്ചുള്ള, അതിന്റെ സ്ട്രക്ച്ചറിനെക്കുറിച്ചുള്ള

എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ? ഇതുസംബന്ധിച്ചുള്ള മറുപടി അങ്ങ് വ്യക്തമാക്കണം. നമ്മൾ ഏത് സംരംഭം ആരംഭിക്കുമ്പോഴും അതിനൊരു അനാലിസിസ് ഉണ്ടാകുമല്ലോ? മുതലും പലിശയും ചേർന്ന് കടമെടുക്കുമ്പോൾ ഓരോവർഷവും വരുന്ന ബാധ്യതകൾ, വരുന്ന അഞ്ചുവർഷക്കാലത്തേക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക സംവിധാനത്തേയും സമ്പദ്‌വ്യവസ്ഥയേയും എങ്ങനെ അത് അടിസ്ഥാനപരമായി ബാധിക്കും, എന്തായിരിക്കും പലിശ സ്ട്രക്ച്ചർ, എങ്ങനെയായിരിക്കണം മുതൽ അടയ്ക്കാൻ പോകുന്നത്? ഇതിനെക്കുറിച്ചുള്ള ഒരു പഠനം ധനകാര്യ വകുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ അങ്ങ് അത് വ്യക്തമാക്കണം. ബോണ്ടിന്റെ കാര്യത്തിൽ പെർമിഷനെടുക്കാമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ധനകാര്യ ഇടപാടുകൾ നടത്താൻവേണ്ടിയുള്ള ഒരു സ്ഥാപനം തുടങ്ങുമ്പോൾ അനുമതി വാങ്ങിക്കുന്നതാണ് ഉചിതം. അതിനാവശ്യമായ നിർദ്ദേശങ്ങൾ ഈ ബില്ലിൽ പറയുന്നുണ്ട്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബിൽ ഗവൺമെന്റ് പാസ്സാക്കുന്ന സമയത്ത്, നടപ്പാക്കുന്ന സമയത്ത് ഉണ്ടാകാൻ സാധ്യതയുള്ള പൊതുവായ ചില സംശയങ്ങൾ ഞാൻ പ്രകടിപ്പിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഒന്ന്, വാർഷിക പലിശനിരക്ക് എത്രയായിരിക്കും; ഓരോവർഷത്തേയും തിരിച്ചടവ് എത്രയായിരിക്കും; അടുത്ത അഞ്ചുവർഷത്തേക്ക് അത് എന്തായിരിക്കുമെന്ന് വ്യക്തമാക്കാനുള്ള ഉത്തരവാദിത്വം ധനകാര്യ വകുപ്പുമന്ത്രിക്കുണ്ട്. ഈ മുതലും പലിശയും ചേർത്ത് തിരിച്ചടയ്ക്കുമ്പോൾ വീണ്ടും പണം വായ്പയെടുക്കേണ്ടിവരുമോ? നമ്മൾ എങ്ങനെയാണ് കടക്കെണിയിൽപ്പെടുന്നത്? ഒരു സാധാരണക്കാരൻ കടക്കെണിയിൽപ്പെടുന്നത് എങ്ങനെയാണ്? ഉദാഹരണമായി എന്തെങ്കിലും കച്ചവടം ആരംഭിക്കാനായി ഈ വർഷം ഒരു ലക്ഷം രൂപ കടമെടുക്കുന്നു. 30-35 ശതമാനമാണ് പലിശ. ഏത് ബിസിനസ്സ് നടത്തിയാലും അടുത്ത വർഷം 1,35,000 രൂപ തിരിച്ചടയ്ക്കാൻ പറ്റില്ല. എന്തുചെയ്യും? അടുത്തവർഷം 1,35,000 രൂപയ്ക്കുള്ള പലിശ അടയ്ക്കുന്നതിന് വീണ്ടും കടമെടുക്കും അല്ലെങ്കിൽ ഒരു റൗണ്ട് ഫിഗറായി 2,00,000 രൂപ കടമെടുക്കാൻ പറയും. ഇതുപോലെതന്നെ സംസ്ഥാനത്തിന്റെ പണം തിരിച്ചടയ്ക്കുന്നതിനുവേണ്ടി വീണ്ടും വായ്പയെടുത്ത് മുന്നോട്ടുപോകാനാണോ അങ്ങ് ഉദ്ദേശിക്കുന്നത്? നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ പുരോഗതി കണക്കിലെടുത്താണോ അതോ മുൻകൂറായിട്ടാണോ പണം അനുവദിക്കുന്നത്; അഡ്വാൻസ് പേമെന്റ് ഉണ്ടോ എന്നുള്ളതും അങ്ങ് വ്യക്തമാക്കണം. കാരണം ഇതിന്റെ ഇംപ്ലിമെന്റേഷൻ പാർട്ട് വകുപ്പുകൾക്കല്ല, കിഫ്ബിയുടെ ചുമതലയിലാണ്. പണം സമാഹരിച്ച് ട്രഷറിയിൽ നിക്ഷേപിക്കും, അതിനാവശ്യമായ ബില്ലിന്റെ

പേമെന്റ് കിഫ്ബി തന്നെയാണ് നൽകുന്നത്. ആ ബില്ലിന്റെ പേമെന്റ് പ്രൊസീഡ്യുവർ എങ്ങനെയായിരിക്കും? കാരണം ഇതുവരെ ചർച്ച ചെയ്യപ്പെട്ട വിഷയം പണസമാഹരണത്തെ, റിസോഴ്സ് മൊബിലൈസേഷനെ സംബന്ധിച്ചാണ്. പക്ഷേ ഇംപ്ലിമെന്റേഷൻ പാർട്ടിന്റെ പ്രൊസീഡ്യുവർ എന്താണ്? അഡ്വാൻസ് പേമെന്റാണോ അല്ലെങ്കിൽ ഓരോ വർക്കിന്റെ പ്രോഗ്രസ്സ് അനുസരിച്ചുള്ള പേമെന്റാണോ എന്നുള്ളത് അങ്ങ് വ്യക്തമാക്കണം. ബഡ്ജറ്റിനു പുറമേ എടുക്കുന്ന വലിയ തോതിലുള്ള ഈ വായ്പകൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഭാവിയിൽ അത് വലിയ സാമ്പത്തിക പ്രതിസന്ധിക്ക് ഇടവരുത്തും. ഇത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ധനവിനിയോഗത്തിനുള്ള നടപടികളെ സംബന്ധിച്ച് ഈ ബില്ലിൽ കാര്യമായൊന്നും പറയുന്നില്ല. ധനവിനിയോഗത്തിനുള്ള നിയന്ത്രണങ്ങളും നടപടിക്രമങ്ങളും പൊതുമരാമത്ത് വകുപ്പിലോ വാട്ടർ അതോറിറ്റിയിലോ ചെയ്യുന്നതുപോലെയാണോ അതോ കൺവെൻഷണലായിട്ടുള്ള രീതിയിലാണോ? എന്തായാലും ഒരു പുതിയ സംരംഭം ആരംഭിക്കുമ്പോൾ ധനവിനിയോഗത്തിനുള്ള പുതിയ മാർഗ്ഗങ്ങൾ അവലംബിക്കണമെന്നാണ് എന്റെ അഭിപ്രായം. അതാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. ധനവിനിയോഗം കുറച്ചുകൂടി സുതാര്യമായും ലളിതവൽക്കരിച്ചും കൃത്യമായ സ്ക്രൂട്ടിനി നടക്കുന്ന രീതിയിലുമാകണം. പരമ്പരാഗതമായ പി.ഡബ്ല്യു.ഡി. രീതികളിലോ, വാട്ടർ അതോറിറ്റി രീതികളിലോ ധനവിനിയോഗം നടത്തിയാൽ വർക്കിന്റെ പ്രോഗ്രസ്സിനെ ബാധിക്കും. സംസ്ഥാനത്ത് 50 കോടി രൂപയ്ക്ക് തുടങ്ങിയ പല പ്രോജക്ടുകളും 500 കോടി രൂപ ചെലവഴിച്ചിട്ടും തീരാത്ത സാഹചര്യമുണ്ട്. ആ അനുഭവവും കിഫ്ബിയുടെ ധനവിനിയോഗ കാര്യത്തിൽ ശ്രദ്ധിക്കുമോ എന്നാണ് എന്റെ ചോദ്യം. ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം. അടിസ്ഥാനസൗകര്യ വികസനമേഖലയിലെ നിക്ഷേപംവഴി സംസ്ഥാനത്തെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ വിവിധ സെക്ടറുകളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്ന പ്രാഥമിക പഠനം നടത്തിയിട്ടുണ്ടോ? പ്രൈമറി, സെക്കണ്ടറി, സർവ്വീസ് സെക്ടറുകളിലും ഇപ്പോൾ വരുമാന സോഴ്സസുള്ള മേഖലകളിലും പുതിയ റിസോഴ്സസ് ഉണ്ടാക്കാൻ ശ്രമിക്കുന്ന മേഖലകളിലുമൊക്കെയുള്ള ക്വാളിറ്റേറ്റീവ് ചെയ്ഞ്ചിനെക്കുറിച്ചുള്ള പഠനം ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ടോ; അല്ലെങ്കിൽ നടത്തുമോ? സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പരമ്പരാഗത വ്യവസായങ്ങളുടെയും പുനരുദ്ധാരണത്തിനായി ഈ ധനസമാഹരണ പദ്ധതിയെ പ്രയോജനപ്പെടുത്തുമോ? പരമ്പരാഗത വ്യവസായ മേഖല വലിയ പ്രതിസന്ധിയിലാണെന്ന്

അങ്ങേക്കറിയാമല്ലോ; ഈ ധനസമാഹരണ പദ്ധതി ആ മേഖലയ്ക്കുകൂടി പ്രയോജനപ്പെടുത്തണം. ആ മേഖലയിൽനിന്ന് റിട്ടേൺ പ്രതീക്ഷിക്കണ്ട. റോഡുകളും പാലങ്ങളും BOT, BOOT അടിസ്ഥാനത്തിൽ പണിയുമ്പോൾ ടോൾ പിരിക്കാൻ സാധിക്കും. തളർന്നുകിടക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെക്കൂടി സംരക്ഷിക്കാൻ ഈ ധനസമാഹരണമാർഗ്ഗം ഉപയോഗപ്പെടുത്തുമോ? അതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങൾവഴിയുള്ള അടിസ്ഥാനസൗകര്യ വികസനത്തിനുകൂടി പണം അനുവദിക്കാൻ തയ്യാറാകണം. കിഫ്ബിവഴിയുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതിയുടെ ഫലപ്രദമായ മേൽനോട്ടത്തിന് ബില്ലിൽ പറയുന്ന സംവിധാനം പര്യാപ്തമാണോ? കാരണം, 20,000 കോടി രൂപയുടെ പദ്ധതികൾ വിവിധ വകുപ്പുകൾ വഴിയാണ് ഏറ്റെടുക്കുന്നത്. നിലവിലുള്ള പദ്ധതി പ്രവർത്തനത്തെ സംബന്ധിച്ച ഫലപ്രദമായ സൂപ്പർവിഷൻ നടത്താനുള്ള ഒരു സംവിധാനം ഈ ബില്ലിൽ വ്യക്തമാകുന്നില്ല; ബിൽ അതിന് പര്യാപ്തവുമല്ല. ഇത് യാഥാർത്ഥ്യമാകുന്ന സമയത്ത് ഫലപ്രദമായി പണം ചെലവഴിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള സൂപ്പർവിഷന് കഴിയുമോ എന്നതാണ് എന്റെ ചോദ്യം. അതുപോലെ ഈ തുക എൻ.ആർ.ഐ.-വഴി സമാഹരിക്കാനുള്ള പദ്ധതിയുണ്ടെങ്കിൽ അതും വ്യക്തമാക്കണം. ധാരാളം കാര്യങ്ങൾക്ക് രൂപം നൽകേണ്ടതുണ്ട്. അവ്യക്തമായ ഒരു ബില്ലാണിത്. സെബിയുടെ സൈറ്റിലെ പല പാരഗ്രാഫുകളും അതുപോലെ ഇതിൽ റീപ്രൊഡ്യൂസ് ചെയ്തിരിക്കുകയാണ്. അത് തെറ്റായ കാര്യമൊന്നുമല്ല. നമ്മുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ, കേരളത്തിലെ നിർമ്മാണപ്രവർത്തനങ്ങളുടെ സ്വഭാവങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള അടിസ്ഥാനപരമായ പഠനവും ഗൗരവത്തിലുള്ള സമീപനവും ഇക്കാര്യത്തിലുണ്ടോയെന്ന് സംശയിക്കുന്നതാണ് ഈ ബില്ലിലെ വ്യവസ്ഥകൾ. അതുകൊണ്ട് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ കുറച്ചുകൂടി ശക്തമായ, വ്യക്തതയുള്ള, നല്ല രീതിയിലുള്ള, സമഗ്രമായ പ്രൊഫഷണൽ അപ്രോച്ചോടുകൂടി കാര്യങ്ങൾ ചെയ്യാൻ സാധിക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സമീപന രീതിയിലും നയപരമായ രീതിയിലും മാറ്റംവന്നിട്ടുണ്ട്. ഇത്തരം തീരുമാനങ്ങൾ ഈ കാലഘട്ടത്തിൽ നടപ്പാക്കേണ്ടതാണ്. ഇത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും ഗവൺമെന്റിനും പാർട്ടിക്കും ബോധ്യമുണ്ടായി എന്നത് സന്തോഷകരമായ കാര്യമാണ്. ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ടുള്ള ഈ ബില്ലിലെ വ്യവസ്ഥകൾ അവ്യക്തവും കൃത്യതയില്ലാത്തതും ആയതുകൊണ്ട് ഞാൻ

ഈ ബില്ലിനെ നിരാകരിച്ചുകൊണ്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

താളംതെറ്റിയ ധനസ്ഥിതിയുടെ പുനരുജ്ജീവനത്തിന് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ ഭാവനാപൂർണ്ണമായ നടപടികൾക്ക് തുടക്കം കുറിച്ചതിന്റെ പ്രത്യക്ഷ പ്രതിഫലനമാണ് ഈ ബിൽ. കിഫ്ബി കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഏകദേശം 50,000 കോടി രൂപയാണ് ലക്ഷ്യംവയ്ക്കുന്നത്. കേരളത്തിൽ ധാരാളം വികസനപ്രവർത്തനങ്ങൾ ഇനിയും ആവശ്യമാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനം നമുക്കറിയാവുന്നതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് പ്രത്യേക ലക്ഷ്യവും തീരുമാനങ്ങളുമുണ്ട്. പരമാവധി ധനം സമാഹരിച്ചുകൊണ്ട് കേരളത്തിന്റെ വികസനപന്ഥാവിൽ ഒരു പുതിയ വിപ്ലവം സൃഷ്ടിക്കാൻ കഴിയത്തക്ക നിലയിലാണ് ഡോ. ടി. എം. തോമസ് ഐസക് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ധനധൂർത്ത് നിയന്ത്രിച്ചും സാമൂഹ്യ സുരക്ഷ ഉറപ്പാക്കിയും പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിച്ചും കേരളത്തെ സാമ്പത്തിക മാന്ദ്യത്തിൽനിന്നും സുസ്ഥിരതയിൽ എത്തിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായിട്ടുകൂടിയാണ് ഇത്തരത്തിലൊരു ബിൽ അവതരിപ്പിക്കുന്നത്. റവന്യൂക്കമ്മി 1.5 ശതമാനമായി കുറയ്ക്കുകയെന്നതും ധനകാര്യ വകുപ്പിന്റെ ലക്ഷ്യമാണ്. നികുതി പിരിവിലെ അരാജകത്വവും അഴിമതിയും അവസാനിപ്പിക്കാനുള്ള കടുത്ത ഇടപെടൽ ധനകാര്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക-ടൂറിസം രംഗത്ത് വലിയ മാറ്റമുണ്ടാക്കാനും കേരളത്തെ ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്‌ലി ആക്കാനും കിഫ്ബി ലക്ഷ്യംവയ്ക്കുന്നുവെന്നതാണ് ഈ ബില്ലിന്റെ പ്രത്യേകത. ഉയർന്ന നിലവാരമുള്ള സ്കൂളുകളും സർക്കാർ ആശുപത്രികളും സൃഷ്ടിക്കുക, നിലവാരമുള്ള റോഡുകളും പാലങ്ങളും നിർമ്മിക്കുക, വ്യവസായ ആവശ്യത്തിനുള്ള സ്ഥലം ഏറ്റെടുക്കുക, ഐ.ടി., ടൂറിസം എന്നീ മേഖലകളിൽ വികസനം എത്തിക്കുക തുടങ്ങി എല്ലാ മേഖലകളിലും വികസനം എത്തിക്കുന്നതിനാവശ്യമായ ധനം സമാഹരിച്ച് ഈ മേഖലയാകെ സമ്പന്നമാക്കുകയെന്ന ലക്ഷ്യവും കിഫ്ബിയിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ധനസമാഹരണത്തിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധാരാളം കാര്യങ്ങളിൽ രണ്ടുപക്ഷത്തുനിന്നും ചർച്ചയുണ്ടായി. കിഫ്ബി എങ്ങനെയാണ് ധനസമാഹരണം നടത്തുന്നതെന്ന് വിശദമായി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല.

മോട്ടോർ വാഹന നികുതി കിഫ്ബിയുടെ പ്രധാന വരുമാനമാർഗ്ഗമായി പറയുന്നുണ്ട്. ആദ്യത്തെ വർഷം മോട്ടോർ വാഹന നികുതിയുടെ 10 ശതമാനവും അഞ്ചുവർഷംകൊണ്ട് 50 ശതമാനം നികുതിയും കിഫ്ബിക്ക് ലഭിക്കും. ഇന്ധന സെസ്സ് പൂർണ്ണമായും കിഫ്ബിക്ക് ലഭിക്കും. ബോണ്ട് അടക്കമുള്ള ധനസമാഹരണ മാർഗ്ഗങ്ങളും കിഫ്ബി സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. സ്വാഭാവികമായും കിഫ്ബി അഞ്ചുവർഷംകൊണ്ട് 24,000 മുതൽ 50,000 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസനത്തിനാണ് ലക്ഷ്യമിടുന്നത്. ബോണ്ടുവഴിയുള്ള ധനസമാഹരണം നവലിബറലിസം അല്ലെന്ന് നമുക്കറിയാം. ഇന്ത്യയിലെ സംസ്ഥാന ഗവൺമെന്റുകൾ 70-80 ശതമാനം വരെ വായ്പത്തുക സമാഹരിക്കുന്നത് ബോണ്ടുകൾ വഴിയാണ്. എല്ലാ ബാങ്കുകളുടെയും ഡെപ്പോസിറ്റുകളുടെ നിശ്ചിത ശതമാനം സർക്കാർ ബോണ്ടുകളിൽ നിക്ഷേപിക്കുന്നതിന് നിയമമുണ്ട്. അതുകൊണ്ട് ഇവിടെ സംസാരിച്ചതുപോലുള്ള മറ്റുകാര്യങ്ങൾ ഇതിൽ കാണേണ്ടതില്ല.

ശ്രീ. വി. ടി. ബൽറാം : സർ, കിഫ്ബി വഴിയുള്ള ധനസമാഹരണത്തെക്കുറിച്ചും അത് നവലിബറൽ നയങ്ങളുടെ ഭാഗമല്ല മറിച്ച് ഇൻഡ്യയുടെ മറ്റ് പല സംസ്ഥാനങ്ങളിലും ഉണ്ടെന്നും താങ്കൾ പറഞ്ഞു. ഈ ധനസമാഹരണത്തിനുശേഷം പ്രോജക്ടാവുമ്പോൾ, തിരിച്ചടവിന്റെ പ്രശ്നം വരുമ്പോൾ ഇവിടെ നേരത്തെ മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ നിങ്ങൾ കൊടുക്കാനുദ്ദേശിക്കുന്ന റോഡ് ടാക്സ് വഴിയോ മോട്ടോർ വാഹന നികുതി വഴിയോയുള്ള പണംകൊണ്ടുമാത്രം തിരിച്ചടവ് പറ്റില്ല. സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങുമ്പോൾ പ്രത്യേകിച്ച് യൂസർ ഫീയോ മറ്റോ ഏർപ്പെടുത്താൻ സാധിക്കില്ല. കാരണം, അതിനൊക്കെ ഗ്രാന്റിന്റെ സ്വഭാവമുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ പറഞ്ഞു. അപ്പോൾ ഗ്രാന്റിന്റെ സ്വഭാവമില്ലാത്തവയായിട്ടുള്ളത് കിഫ്ബിവഴി ഇതിനോടകം പ്രൊപ്പോസലുകൾ വന്നിരിക്കുന്ന ഏതാണ്ട് ആറായിരം കോടി രൂപയുടെ റോഡ് നിർമ്മാണ പ്രവർത്തനങ്ങളാണ്. അപ്പോൾ ഭാവിയിൽ എല്ലാ റോഡുകളും ടോൾ റോഡുകളായി മാറുന്ന ഒരു സമീപനമാണ് ഉണ്ടാകാൻ പോകുന്നത്. ഇതൊരു ഇടതുപക്ഷ നയമാണോ, ഇത് എൽ.ഡി.എഫ്. ചർച്ച ചെയ്തിട്ടുണ്ടോ; ഇത് സി.പി.എം.-ന്റെ മാത്രം നയമാണോ അതോ സി.പി.ഐ.-കൂടി അറിഞ്ഞുകൊണ്ടുള്ള ഒരു നയവ്യതിയാനമാണോ? ഇപ്പോൾ യാതൊരു പണവും കൊടുക്കാതെ സാധാരണക്കാർ ഉപയോഗിക്കുന്ന നിലവിലുള്ള പി.ഡബ്ല്യൂ.ഡി. റോഡുപോലും കിഫ്ബിവഴി പുനർനിർമ്മിക്കുമ്പോൾ ടോൾ ഏർപ്പെടുത്തുന്ന ഒരു സമീപനമുണ്ടാകില്ലേ എന്നുള്ളതാണ് എന്റെ ചോദ്യം. അതൊരു ഇടതുപക്ഷ നയമാണോ; സി.പി.ഐ. അതിനോട് യോജിക്കുന്നുണ്ടോ?

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഇതിനെ സംബന്ധിച്ച് വളരെ വ്യക്തമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിച്ചിട്ടുണ്ട്. വെറുതെ ഒരു പുകമറ സൃഷ്ടിക്കാനും ഞങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കാനും ഇടപെടേണ്ട കാര്യമില്ല. അതിന് ഗവൺമെന്റ് ഗ്യാരന്റിയുണ്ട്. നിലനിൽക്കുന്ന ഗവൺമെന്റ് സംവിധാനത്തിൽ മാറ്റം വരുത്താതെയാണ് ഇത് ചെയ്തിരിക്കുന്നത്. അതുസംബന്ധിച്ച് ഈ ബില്ലിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. മാണിസാറും ശ്രീ. വി. ഡി. സതീശനും ഇക്കാര്യം സൂചിപ്പിച്ചപ്പോൾ ധനകാര്യ വകുപ്പുമന്ത്രി വളരെ വ്യക്തമായി കാര്യങ്ങൾ മനസ്സിലാകുന്ന ഭാഷയിൽ മറുപടി പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ച് അവ്യക്തതയുണ്ടെങ്കിൽ വീണ്ടും ചർച്ചയാകാം. ഈ ഭേദഗതി ബിൽമൂലം സർക്കാർ മേഖലയിലെ നൂലാമാലകൾ പലതും ഇല്ലാതാകും. കഴിഞ്ഞ അഞ്ചുവർഷക്കാലം ധാരാളം പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രോജക്ട് സമർപ്പിക്കുമ്പോൾ ഓരോ കാരണങ്ങൾ പറഞ്ഞ് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ തിരിച്ചയയ്ക്കാറുണ്ടായിരുന്നു. പക്ഷേ, ഈ ബിൽ വരുമ്പോൾ അത്തരം നൂലാമാലകൾ ഇല്ലാതാകുകയും ഏറ്റവും നല്ല നിലയിൽ ഇത് നടപ്പാക്കാൻ സാധിക്കുകയും ചെയ്യും. പ്രോജക്ടുകൾക്ക് മാറ്റിവച്ചിരിക്കുന്ന പണം വകമാറ്റി ചെലവഴിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും മൂന്ന് കമ്മിറ്റികളാണുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള നിർവ്വാഹക സമിതിയുമുണ്ട്. മൂന്നാമത്തെ കമ്മിറ്റിയായ ഫണ്ട് ട്രസ്റ്റ് ഉപദേശക കമ്മീഷനിൽ ബാങ്ക് മേധാവികൾ, ഗവൺമെന്റ് ഉദ്യോഗസ്ഥർ, സാമ്പത്തിക വിദഗ്ദ്ധർ, അക്കാദമിക് രംഗത്തെ പ്രമുഖർ എന്നിവർ അംഗങ്ങളാണ്. ഇങ്ങനെ വിവിധ തരത്തിലുള്ള കമ്മിറ്റികൾ മോണിറ്റർ ചെയ്യാനും നടപ്പാക്കാനും മറ്റെന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കാനും കഴിയത്തക്കനിലയിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഞാൻ കൂടുതൽ സമയമെടുത്ത് സംസാരിക്കുന്നില്ല. കാലോചിതമായ ഒരു വികസന പദ്ധതിക്ക് തുടക്കം കുറിക്കുകയാണ് പുതിയ ഭേദഗതി ബില്ലിലൂടെ ഈ ഗവൺമെന്റ് ചെയ്യുന്നത്. ഒരു പുതിയ ധനകാര്യ ദർശനത്തിന് ഊന്നൽനൽകി കേരളത്തിന്റെ വികസന സങ്കൽപ്പങ്ങൾക്കും സ്വപ്നങ്ങൾക്കും പൂർണ്ണത കൈവരിക്കാൻ കഴിയുന്ന തരത്തിൽ ഈ ബിൽ കൊണ്ടുവന്ന ഗവൺമെന്റിനെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയേയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. ചെയർമാൻ:</u> ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ എം. രാജഗോപാലൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ജോൺ ഫെർണാണ്ടസിന് സംസാരിക്കാവുന്നതാണ്.

ശ്രീ. എം. രാജഗോപാലനുവേണ്ടി (<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>) : സർ, 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിച്ചതിനെതിരെ പ്രതിപക്ഷം ഉയർത്തിക്കൊണ്ടുവന്ന ചില വാദമുഖങ്ങൾ കേൾക്കുമ്പോൾ അവരാകെ അങ്കലാപ്പിലാണെന്നാണ് തോന്നുന്നത്. ഈ നിക്ഷേപനിധിയിൽനിന്നുള്ള കേരളത്തിന്റെ വികസനത്തിനാവശ്യമായ നിരവധി പദ്ധതികളെ സംബന്ധിച്ച വാർത്തകൾ പത്രങ്ങളിൽ വന്നുതുടങ്ങിയിട്ടുണ്ട്. നിരവധി പദ്ധതികളെക്കുറിച്ച് ഇവിടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഏതാണ്ട് ആറായിരത്തിൽപ്പരം കോടി രൂപയുടെ വികസന പദ്ധതികൾ ഈ നിക്ഷേപനിധിയിൽനിന്നും ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തീരുമാനമെടുക്കാൻ പോകുകയാണ്. അഞ്ചുവർഷംകൊണ്ട് 50,000 കോടി രൂപ ഇത്തരമൊരു നിക്ഷേപനിധിയിലൂടെ കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസന മേഖലയിൽ ചെലവഴിക്കപ്പെട്ടാൽ അത് പ്രതിപക്ഷത്തിന് സഹിക്കാൻ കഴിയില്ല. എന്തുകൊണ്ടാണ് ഇവരതിനെ എതിർക്കുന്നത്? ഇവരും ഈ അടിസ്ഥാനസൗകര്യ നിക്ഷേപനിധിയെ സംബന്ധിച്ച് ചില അഭിപ്രായങ്ങളൊക്കെ നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ; ബഹുമാന്യനായ ഉമ്മൻ ചാണ്ടി ഇവിടെ എത്തിയിട്ടുണ്ട്. അദ്ദേഹം 2016-17 ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് 'കേരളമിന്ന് അടിസ്ഥാനസൗകര്യ വികസനത്തിൽ ഇൻഡ്യയിൽ ഏറ്റവും വേഗത്തിൽ വളരുന്ന സംസ്ഥാനമായി മാറിയെന്ന് എനിക്ക് ആത്മവിശ്വാസത്തോടുകൂടി പറയാൻ കഴിയും. സംസ്ഥാനത്തിന്റെ സമഗ്ര വികസനം മുന്നിൽക്കണ്ട് ഒരു പേഴ്സ്പെക്ടീവ് പ്ലാൻ 2030 ഞങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനങ്ങൾക്ക് 30,000 കോടി രൂപയുടെ മൂലധന നിക്ഷേപം സമാഹരിക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ടിനെ സജ്ജമാക്കുന്നതാണ്'. എന്നാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയാണ് ഇത് പറഞ്ഞത്. അതിനൊരുവർഷംമുമ്പ് ഇത്തരത്തിലൊരു ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ഇവിടെ തടസ്സവാദമുന്നയിച്ച

മാണിസാർ പറഞ്ഞതെന്താണ്; മാണിസാർ പറഞ്ഞത് വളരെ രസകരമാണ്. 'കുതിപ്പിന്റെ കുളമ്പടിയുമായി അടിസ്ഥാന വികസനം' എന്നാണ് അദ്ദേഹം പറഞ്ഞത്. കുതിപ്പിന്റെ കുളമ്പടിയുമായി അടിസ്ഥാനവികസനം എന്നെല്ലാം പറഞ്ഞ മാണിസാർ ഇപ്പോൾ കുതിരയുടെ ചവിട്ടേറ്റ് എവിടെയാണ് കിടക്കുന്നതെന്ന് നമുക്കറിയാം. ഞാൻ അതിലേക്കൊന്നും പോകുന്നില്ല.

ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർപ്ലാൻ 2030 എന്ന പേരിൽ ഒരു പദ്ധതിരേഖ ഈ സർക്കാർ തയ്യാറാക്കുന്നതാണ്. പ്രധാന പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2,000 കോടി രൂപ ഞാൻ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു. ഈ തുക മൂലധനമായി ഉപയോഗിച്ച് കേരള അടിസ്ഥാനസൗകര്യ വികസന ഫണ്ട് ബോർഡ് പൊതു വിപണിയിൽനിന്നും പണം കണ്ടെത്തുന്നതാണ്. നൂതന സാമ്പത്തിക ഉപകരണങ്ങളായ Alternative Investment Fund, InVIT എന്നിവ മുഖേനെയും General Obligation Bond-കൾ ഉപയോഗപ്പെടുത്തിയും വികസനാവശ്യങ്ങൾക്ക് പണം കണ്ടെത്തുന്നതാണ്. Alternative Investment Fund വഴി സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് ചില ഇളവുകളൊക്കെ പ്രഖ്യാപിച്ചിട്ടുണ്ട് എന്നുതുടങ്ങി അദ്ദേഹം വളരെ ആവേശകരമായി ബഡ്ജറ്റിൽ ഈ നിക്ഷേപനിധിയെ സംബന്ധിച്ചുള്ള ധാരണകൾ വെളിപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം ചർച്ചകളൊക്കെ ഉയർന്നുവന്നെങ്കിലും ഫലത്തിൽ അതൊന്നും പ്രാവർത്തികമാക്കാനായിട്ടില്ല. 'സാമൂഹിക വികസന മേഖലയിൽ കേരളത്തിന്റെ മുതൽമുടക്ക് സംസ്ഥാനത്തിന് നിരവധി നേട്ടങ്ങൾ സമ്മാനിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാനസൗകര്യ വികസനത്തിനും ഇതിനുള്ള മുതൽമുടക്കിലും നമ്മളിപ്പോഴും പിന്നിലാണ്. വികസന പ്രവർത്തനങ്ങളിൽ നാം ഇപ്പോഴും പ്രതിസന്ധി നേരിടുകയാണ്. പ്രധാന അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾക്ക് മതിയായ തുക ഇനിയും നിക്ഷേപിക്കാൻ കഴിയാതെ വന്നാൽ വികസനത്തിൽ കേരളം മറ്റ് പ്രദേശങ്ങളുടെ പിന്നിലാകും. 2011-ൽ യു.ഡി.എഫ്.സർക്കാർ വികസനരംഗത്തെടുത്ത തെറ്റായ സമീപനങ്ങളുടെ ഫലമായി നമ്മുടെ നാട്ടിൽ ആ നിലയ്ക്കുള്ള ഒരു നീക്കവുമുണ്ടായിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കടമെടുപ്പ് വർദ്ധിക്കുകയായിരുന്നു. 2013-14-ൽ 14,461.98 കോടി രൂപയാണ് കടമുണ്ടായിരുന്നതെങ്കിൽ 2014-15-ൽ അത് 18,509.17 കോടി രൂപയായി വർദ്ധിച്ചു. കടമെല്ലാം വർദ്ധിച്ചുവെന്നതല്ലാതെ മൂലധനച്ചെലവിൽ ഈ വർദ്ധനവ് കാണാൻ കഴിയില്ല. 2014-15-ൽ 4,294.33 കോടി രൂപയായിരുന്നത് 2015-16-ൽ 4,254.59 കോടി രൂപയായി കുറഞ്ഞതായാണ് കാണുന്നത്. മൂലധനച്ചെലവ് വർദ്ധിപ്പിച്ചുകൊണ്ട് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കേണ്ടതിന് പകരം കടമെടുത്തുകൊണ്ട് നിത്യനിദാന ചെലവുകൾ നിർവ്വഹിച്ച ഒരു ഗവൺമെന്റാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എന്ന് കാണാൻ കഴിയും. 'വിത്തെടുത്ത് കുത്തി കഞ്ഞിവയ്ക്കുന്ന മുടിഞ്ഞ കാരണവർ' എന്ന് മാത്രമേ ആ ഗവൺമെന്റിനെ ഉപമിക്കാൻ കഴിയുകയുള്ളൂ.

4.00 p.m]

2010-11-ൽ റവന്യൂ ചെലവ് 34655 കോടി രൂപ, 2014-15-ൽ റവന്യൂ ചെലവ് 71,746 കോടി രൂപ. എന്നാൽ 2010-11-ൽ മൂലധനച്ചെലവ് 3,364 കോടി രൂപയിൽ നിന്ന് 2014-15-ൽ കേവലം 4,255 കോടി രൂപ മാത്രമാണ് വർദ്ധിച്ചത്. അതുകൊണ്ടുതന്നെ കേരളത്തിന്റെ അടിസ്ഥാന വികസന മേഖലയിൽ ആ നിലയ്ക്ക് നിക്ഷേപം നടത്താൻ കഴിയാതെപോയ ഒരു കാലം നമ്മുടെ മുന്നിലുണ്ട്. എന്താണ് കേരളത്തിന്റെ പ്രശ്നം? കേരളത്തിൽ സാമൂഹിക രംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ കേരളത്തിലുണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങളെ സംരക്ഷിക്കാൻ കഴിയണം. അങ്ങനെ സംരക്ഷിക്കപ്പെടണമെങ്കിൽ അടിസ്ഥാനസൗകര്യങ്ങൾ ഇനിയുമേറെ കേരളത്തിൽ മുന്നോട്ടുപോകാൻ കഴിയണം. അങ്ങനെ മുന്നോട്ടുപോകാനാവശ്യമായ വിഭവങ്ങൾ സമാഹരിക്കാൻ കേരളത്തിന് കഴിയുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് 1999-ൽ ഇത്തരമൊരു നിക്ഷേപനിധി ബിൽ രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തത്. പുതിയ കാലഘട്ടത്തിൽ അതിനെ മെച്ചപ്പെടുത്തിയെടുക്കാൻ അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉത്തരവാദിത്വത്തോടുകൂടി, കൃത്യനിഷ്ഠയോടുകൂടി മുന്നോട്ടുകൊണ്ടുപോകാനുള്ള ഒരു സംവിധാനം വേണം. അത്തരമൊരു സംവിധാനത്തിനെ ലക്ഷ്യംവച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അദ്ധ്യക്ഷനാക്കിക്കൊണ്ടുള്ള കമ്മിറ്റി രൂപീകരിച്ചത്. കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്ന ദൗർബല്യങ്ങളൊക്കെ തിരുത്തി ഇരുപത്തിമൂന്നോളം മേഖലയിൽ ഒരേ സമയം വികസനം കൊണ്ടുവരാൻ, അതായത് കാർഷിക-

കുടിവെള്ള-ആരോഗ്യ മേഖല, പാലങ്ങളുടേയും റോഡുകളുടേയും നിർമ്മാണം, ചെറുകിട ധാതുപദാർത്ഥ വികസനം, ചേരിനിർമ്മാർജ്ജനം വികസിപ്പിച്ചുകൊണ്ട് കൂടുതൽ ഭവനനിർമ്മാണങ്ങൾ നടത്തുക, വ്യാവസായിക പാർക്കുകൾ സ്ഥാപിക്കുക, ഉൾനാടൻ ജലപാതയും ഗതാഗത സംവിധാനവും തുടങ്ങി കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമായ മേഖലയിലെല്ലാം ആവശ്യമായ പണം മുടക്കാനും സമാഹരിക്കുന്ന പണം ഏത് മേഖലയ്ക്കാണ് നീക്കിവയ്ക്കുന്നത്, അങ്ങനെ നീക്കിവയ്ക്കപ്പെടുന്ന പണം ആ മേഖലയിൽ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന കൃത്യമായ പരിശോധന നടത്തുന്നതിനുമൊക്കെ ആവശ്യമായ സംവിധാനമെന്ന നിലയ്ക്കാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. 2006-2011 കാലയളവിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കേരളത്തിന്റെ സാമ്പത്തികരംഗത്ത് വലിയ മാറ്റമുണ്ടാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം 6.6 ശതമാനത്തിൽ നിന്ന് 8 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ മൂലധനച്ചെലവിന്റെ കാര്യത്തിൽ 5.65 ശതമാനത്തിൽനിന്ന് 12 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വികസനച്ചെലവ് 53 ശതമാനത്തിൽനിന്ന് 55 ശതമാനമായി ഉയർത്തി. എന്നാൽ കഴിഞ്ഞ അഞ്ചുകൊല്ലത്തെ സാഹചര്യങ്ങൾ പരിശോധിച്ചാൽ ഇതിൽനിന്ന് പിന്നോട്ടുപോയി എന്നുള്ളതാണ് കാണാൻ കഴിയുന്നത്. അങ്ങനെ പിന്നോട്ടു പോയതിന്റെയുംകൂടി സാഹചര്യത്തിൽ അത് മാറ്റി കേരളത്തിന്റെ വളർച്ചയും പുരോഗതിയും ലക്ഷ്യംവച്ചുകൊണ്ട് പ്രവർത്തിക്കുക എന്നുള്ളതും അതിനാവശ്യമായ വിഭവം സമാഹരിക്കുക എന്നുള്ളതുമാണ് ഈ ബില്ലിന്റെ കാതലായിട്ടുള്ള വശം. ഈ സാഹചര്യത്തിൽ ബില്ലിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള നിരവധിയായ മേഖലകളിൽ ആവശ്യമായ വിഭവം സമാഹരിച്ച് അത് ഉപയോഗിക്കാൻ കഴിയത്തക്കവിധം ആവശ്യമായ നീക്കങ്ങൾ നടത്താൻവേണ്ടിയാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. ഈ ബില്ലിന്റെ ഭേദഗതിക്കകത്ത് കമ്പനികൾക്കു മാത്രമേ വായ്പ നൽകൂ എന്നുപറഞ്ഞിട്ടുണ്ടെങ്കിലും സ്റ്റാറ്റ്യൂട്ടറി ബോർഡുകൾക്കുകൂടി വായ്പ നൽകാൻ കഴിയണം. പ്രതിപക്ഷത്തുനിന്നും ചില രാഷ്ട്രീയപരമായ ആക്ഷേപങ്ങൾ ഈ ബില്ലിനെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുണ്ട്. ഈ ബിൽ പ്രാവർത്തികമാകുന്നതിന്റെ ഫലമായി, അടുത്ത അഞ്ചുവർഷംകൊണ്ട് അമ്പതിനായിരം കോടി രൂപയുടെ നിക്ഷേപം അടിസ്ഥാനസൗകര്യ വികസന മേഖലയിലുണ്ടാകുന്നതിന്റെ ഭാഗമായി കേരളത്തിലുണ്ടാകുന്ന മാറ്റത്തെ ഇഷ്ടപ്പെടാത്ത, അത് തങ്ങളെ പിന്നോട്ട് കൊണ്ടുപോകുമെന്നുള്ള തിരിച്ചറിവാണ് യു.ഡി.എഫ്.-നെക്കൊണ്ട് ബില്ലിനെ സംബന്ധിച്ചും അതിന്റെ നടപടിക്രമങ്ങളെ സംബന്ധിച്ചും തെറ്റായ ധാരണ പരത്താനുതകുന്ന തരത്തിലുള്ള ചർച്ചകൾ ഉയർത്തിക്കൊണ്ടുവരുന്നത്. അതിനെയെല്ലാം ജനങ്ങൾ

തിരിച്ചറിയും. തീർച്ചയായും ഈ നിയമ ഭേദഗതി ബിൽ കേരളത്തിന്റെ വളർച്ചയ്ക്ക് സഹായകരമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും സംസാരിച്ചവർ ഗൗരവമായിട്ടുള്ള പരിഗണന ഈ നിയമത്തിന് നൽകിയിട്ടുണ്ട്. സ്വാഭാവികമായും പ്രതിപക്ഷത്തുനിന്നും വിമർശനങ്ങളുണ്ടാകും. പക്ഷേ, ഒരു വിമർശനവും തെല്ലുപോലും അംഗീകരിക്കാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് എന്തോ വലിയ നയവ്യതിയാനം ഉണ്ടാകുന്നുവെന്നാണ്. എന്താണ് ഞങ്ങളുടെ നയം; എന്താണ് നിങ്ങളുടെ നയം? നിങ്ങളുടെ നയം ധനഉത്തരവാദിത്വ നിയമത്തിന്റേതാണ്. കേന്ദ്രത്തിൽ നിങ്ങൾ കൊണ്ടുവന്നു, സംസ്ഥാനത്ത് നിങ്ങൾ നിയമം അവതരിപ്പിച്ചു. ആർക്കെങ്കിലും ഓർമ്മയുണ്ടോ എന്നറിയില്ല, ഫിസ്കൽ ഡെഫിസിറ്റ് രണ്ട് ശതമാനത്തിനപ്പുറം പാടില്ലെന്ന നിയമം ഈ നിയമസഭയിൽ പാസ്സാക്കിയതാണ്. കേന്ദ്രംപോലും 3 ശതമാനം അനുവദിക്കുന്നുണ്ട്. അത്രയ്ക്ക് വാശിയായിരുന്നു നയത്തെ സംബന്ധിച്ച്. വായ്പയെടുത്ത് ദൈനംദിന ചെലവ് നടത്താൻ പാടില്ല എന്നുപറയുന്നതിനോട് ഞങ്ങൾക്ക് യോജിപ്പുതന്നെയാണ്. അതുകൊണ്ട് റവന്യൂക്കമ്മി പരമാവധി കുറച്ചുകൊണ്ടുവരും. നിങ്ങളുടെ കാലത്ത് റവന്യൂക്കമ്മി കൂട്ടുകയാണ് ചെയ്തത്. റവന്യൂക്കമ്മി കുറയുന്നുണ്ടെങ്കിൽ പിന്നെന്തിനാണ് വായ്പയെടുക്കുന്നതിന് തടസ്സം നിൽക്കുന്നത്? വായ്പ എടുക്കുന്നത് ദൈനംദിന ചെലവിനല്ലല്ലോ, സംസ്ഥാനത്തിന്റെ ദീർഘകാല വളർച്ചയ്ക്കാവശ്യമായ നിക്ഷേപത്തിനല്ലേ ഉപയോഗിക്കുന്നത്; പിന്നെ എന്തിന് തടസ്സം നിൽക്കുന്നു? വേറൊന്നുമില്ല, സർക്കാർ എന്നുപറയുന്നത് ഇത്രയൊക്കെ മതി, അതിനപ്പുറത്തേക്കുവേണ്ട എന്നാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, എഫ്.ആർ.ബി.എം. ആക്ട് കൊണ്ടുവന്ന് സംസ്ഥാനങ്ങളുടെമേൽ നിയന്ത്രണമേർപ്പെടുത്തിയെന്ന് അങ്ങ് സ്ഥിരമായി പറയുന്നതാണ്. ഞാൻ അങ്ങയോട് തിരിച്ചൊരു ചോദ്യം ചോദിക്കുകയാണ്. അതിനുമുമ്പ് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് ഫിനാൻസിന്റെ സ്ഥിതി എന്തായിരുന്നു? അങ്ങ് ഒരു ധനകാര്യ വിദഗ്ദ്ധനല്ലേ? സംതൃപ്തമായ സ്റ്റേറ്റ് ഫിനാൻസായിരുന്നോ ഓരോ സ്റ്റേറ്റിലേയും. 1996-2001 വരെയുള്ള നിങ്ങളുടെ ഭരണം കഴിഞ്ഞ് 2001-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോഴുള്ള ഈ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ സ്ഥിതി എന്തായിരുന്നു? തോന്നിയതു പോലെ കടംവാങ്ങി ഭീകരമായ ബാധ്യതവരുത്തി കറൻസിക്ക് വിലയില്ലാത്തതരത്തിൽ ട്രഷറിയിൽ പോയാൽപ്പോലും മാറിക്കിട്ടാത്ത ഒരു

അവസ്ഥയിലേയ്ക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സമ്പദ്ഘടനയും സംവിധാനങ്ങളും തകർന്നപ്പോഴാണ് ഫിനാൻസ് കമ്മീഷൻ ഈയൊരു നിയന്ത്രണം ഏർപ്പെടുത്തിയത്. അതുകൊണ്ട് എന്ത് ദോഷമാണുണ്ടായത്? ആവശ്യമായ ഘട്ടത്തിൽ അതിനെല്ലാം എക്സംപ്ഷൻ തന്നിട്ടില്ലേ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഈ പറഞ്ഞ സംഭവങ്ങളൊക്കെ ഉണ്ടായിട്ടുണ്ട്. വായ്പയെടുക്കുന്നതിന് എന്തിനാണ് നിങ്ങൾ മൂന്നുശതമാനം നിബന്ധനവയ്ക്കുന്നത്? റവന്യൂ ഡെഫിസിറ്റ് പാടില്ല, ഇങ്ങനെ ധാരാളിത്തച്ചെലവ് നടത്തി കമ്മി കൂട്ടാൻ പാടില്ലെന്ന് നിങ്ങൾ പറയുന്നു. ഞാൻ എതിർത്തില്ലല്ലോ. പക്ഷേ, ഞാൻ ഈ കമ്മി ഇല്ലാതാക്കാൻ ശ്രമിച്ചാൽ പിന്നെ കടമെടുക്കുന്നതിന് തടസ്സം നിൽക്കുന്നതെന്തിനാണ്? ഇത് കടക്കെണിയിൽ പോകുമെന്നാണോ? ഇക്കണോമിക്സിന്റെ സൂത്രവാക്യം എന്താണെന്നറിയാമോ? നിങ്ങൾ എടുക്കുന്ന വായ്പയുടെ പലിശ സമ്പദ്ഘടനയുടെ വളർച്ചയേക്കാൾ കുറവാണെങ്കിൽ ആ ഡെബ്റ്റ് സസ്റ്റെയിനബിളാണെന്നുള്ളതാണ്. ഇതാണ് മുഴുവൻപേരും പഠിപ്പിക്കുന്നത്. എം.എ.-യ്ക്ക് പഠിക്കുന്ന ഏതെങ്കിലുമൊരു വിദ്യാർത്ഥിയോട് ഡെബ്റ്റ് സസ്റ്റെയിനബിലിറ്റിയെക്കുറിച്ചുള്ള ഡോമർ സൂത്രവാക്യം എന്താണെന്ന് ചോദിക്കൂ. അവർ ഇത് പറയും. കേരളത്തിന്റെ ഡെബ്റ്റ് സസ്റ്റെയിനബിളാണ്. എന്നാലും വായ്പയെടുത്ത് റോഡ്, പാലം, സ്കൂളുകളുടെ നവീകരണം ഇവയൊന്നും പാടില്ലെന്നുപറയുമ്പോൾ ഈ നിബന്ധനയെ മറികടക്കുക എന്നുള്ളതാണ് ഞങ്ങളുടെ നയം. യാതൊരു സംശയവും വേണ്ട. കഴിഞ്ഞ തവണ ട്രഷറിവഴി വായ്പയെടുത്ത് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ ശ്രമം നടത്തി. ഇപ്പോൾ റിസർവ് ബാങ്ക് ചെയ്തത് എന്താണ്? ട്രഷറിവഴി വായ്പയെടുത്താൽ അവിടെയുണ്ടാകുന്ന പബ്ലിക് അക്കൗണ്ടിലെ വർദ്ധനവ്; നാലാമത്തെ പാദംവരുമ്പോൾ പരിശോധിച്ച് എത്രയാണോ വർദ്ധനവ് എന്ന് നോക്കി നമ്മുടെ ബോറോയിംഗ് ലിമിറ്റിൽനിന്ന് കുറയ്ക്കും. അപ്പോൾ ഞങ്ങൾ വേറെ വഴി നോക്കും, ഞങ്ങളുടെ നയമിതാണ്. സംസ്ഥാന സർക്കാരിന്റെ ധനപരമായ ശേഷിയെ തളച്ചിടുന്ന ഈ എഫ്.ആർ.ബി.എം. ആക്റ്റ് എങ്ങനെ മറികടക്കാമെന്നുള്ളതാണ്. അതുകൊണ്ട് ഒരു നയവ്യതിയാനവുമില്ല.

ഇവിടെ ടോൾ വരാൻ പോകുകയാണെന്ന പ്രധാനപ്പെട്ട ഒരു ചോദ്യം ഉന്നയിച്ചു. 2010-ലെ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇതുപോലെ ധനകാര്യ സ്ഥാപനത്തെക്കുറിച്ച് പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നറിയാമോ? സാധാരണഗതിയിൽ ടോളില്ലാതെ ബി.ഒ.ടി. അടിസ്ഥാനത്തിൽ നടക്കില്ല. കേരളത്തിൽ ടോൾ ഇനി സാങ്കേതികമായിപ്പോലും പറ്റില്ല, കാരണം നമ്മുടെ സംസ്ഥാനപാതപോലും ഓപ്പൺ അക്സസ്സാണ്. അതുകൊണ്ട് ടോളില്ലാതെ കാര്യം നടത്താനുള്ള മാർഗ്ഗമായിട്ടാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വഴി വായ്പയെടുക്കുന്നതിനെ അവതരിപ്പിക്കുന്നത്. ഈ പറയുന്ന പ്രത്യേക സംവിധാനങ്ങളൊക്കെ സംസ്ഥാന സർക്കാരിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുമായി ബന്ധപ്പെട്ട് വരുന്നതാണ്. അവരുടെ മുമ്പിൽ എല്ലാവിധ ഓപ്ഷൻസും വയ്ക്കും. ഒമ്പത് തരം മാതൃകകളാണ് പറഞ്ഞിരിക്കുന്നത്. അല്ലാതെ ഇന്ന മാതൃകയിലാണെന്ന് പറയുന്നുണ്ടോ? ഇല്ല. General Obligation Bond ഇല്ല, enabling clause മാത്രമേയുള്ളൂ.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, ഈ ബില്ലിലെ പേജ് 23 (v) ൽ പറയുന്നത്, രൂപകൽപ്പന-നിർമ്മാണ-ധനകാര്യ-പ്രവർത്തന-കൈമാറ്റ കരാർ, അതിൽ വ്യക്തമായി പറയുന്നുണ്ട് - 'ഒരു നിശ്ചിത കാലയളവിലേക്ക് സംവിധാനം പ്രവർത്തിപ്പിക്കുന്നതും പ്രോജക്ടിൽ നിക്ഷേപിച്ച തുക ഈടാക്കുവാൻ പ്രസ്തുത കാലയളവിൽ ടോൾ, ഫീസ്, വാടക, കരാറിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് തുകകൾ എന്നിവ ഈടാക്കുവാൻ അവരെ അനുവദിക്കുകയും ചെയ്യുന്നു' എന്നാണ്. എന്തിനാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളത്

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, അതൊരെണ്ണം മാത്രമാണോ അതിൽ പറഞ്ഞിരിക്കുന്നത്. എത്ര മോഡലുകൾ. ഇതിനുമുമ്പ് ജനറൽ ഒബ്ലിഗേഷൻ ബോണ്ടിനെക്കുറിച്ച് ഇതുപോലെ... ഇത് enabling clause ആണ്. അങ്ങനെ ചെയ്യണമെന്നല്ല. ഏതായാലും ഈ നിയമസഭയിൽ ഞാൻ ഉറപ്പുനൽകുന്നു. കേരളത്തിലെ ഒരു പാലത്തിനും ഒരു റോഡിനും ഒരു ടോളും ഇതിൽ നിന്നുണ്ടാകില്ല. നിയമസഭയിൽ പറഞ്ഞതല്ലേ, മുഖവിലയ്ക്കെടുക്കു. യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട.

ഡോ. എം. കെ. മുനീറിന്റെ സംശയം റോഡ് ഫണ്ട് ബോർഡിന് എന്തുപറ്റുമെന്നാണ്; പൊതുമരാമത്ത് വകുപ്പിന് എന്തുസംഭവിക്കുമെന്നാണ്? ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇവിടെ ഒരു ബഡ്ജറ്റ് നിലവിലുണ്ടായിരുന്നല്ലോ; ആ അലോക്കേഷനിൽനിന്നും ഏതെങ്കിലും വകുപ്പിൽ പുതുക്കിയ ബഡ്ജറ്റിൽ ഒരു പൈസയെങ്കിലും കുറച്ചിട്ടുണ്ടോയെന്ന്

നിങ്ങൾ മെമ്പർമാരിലാരെങ്കിലും പറയണം. 730 കോടി രൂപയുടെ അധികച്ചെലവ് പ്രഖ്യാപിച്ചിട്ടേയുള്ളൂ. നിലവിലുണ്ടായിരുന്ന എന്ത് അധികാരം ഒരു വകുപ്പിൽനിന്ന് എടുത്തുമാറ്റുന്നുവെന്നാണ് പറയുന്നത്. ബഡ്ജറ്റിൽ ഇത്രയേ ചെയ്യാൻ സാധിക്കൂ. ചെയ്യണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ ഇത്രയേ സാധിക്കൂ. അതിനുപുറമേ നിങ്ങൾ പലരും പറഞ്ഞതുപോലെ ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് ചെയ്യേണ്ട ആവശ്യമുണ്ട്. അതുകൊണ്ട് ബഡ്ജറ്റിനുപുറത്ത് കിഫ്ബിവഴി വായ്പയെടുത്ത് ഇക്കാര്യങ്ങൾ ചെയ്യുന്നു. അഞ്ചുവർഷംകൊണ്ട് നിങ്ങളുടെ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയതിനേക്കാൾ കൂടുതൽ പ്രോജക്ടുകൾക്ക് ഒറ്റവർഷംകൊണ്ട് അനുവാദം കൊടുക്കാൻ പോകുകയാണ്. ഇന്ന് ഞാനിത് സംസാരിക്കുമ്പോൾ 2600 ഡി.പി.ആർ. തയ്യാറായിവന്നിരിക്കുന്നു. അപ്പോൾ ചോദിച്ചു, ഇതൊക്കെ കിഫ്ബിയെ വച്ചുകൊണ്ട് നടത്തുകയല്ലേയെന്ന്. കിഫ്ബി എന്നത് ഒരു ധനകാര്യ സ്ഥാപനമാണ്. അവർക്ക് ഇത് നടത്താനുള്ള ശേഷിയൊന്നുമില്ല, വായ്പയെടുക്കാനും ആ പണം ലഭ്യമാക്കാനുമാണ്. പിന്നെ ആരാണ് ഇത് ചെയ്യുന്നത്? ഇപ്പോൾത്തന്നെ മൂന്ന് എസ്.പി.വി.-കളുണ്ട് - റോഡ് ഫണ്ട് ബോർഡ്, കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ. അവർ വഴി നടപ്പാക്കും. പി.ഡബ്ല്യു.ഡി.-ക്കും ഇറിഗേഷൻ വകുപ്പിനും കൊടുക്കാൻ കഴിയില്ല, കാരണം എഫ്.ആർ.ബി.എം. നിയമം അനുവദിക്കില്ല. അതുകൊണ്ട് വിവിധ വകുപ്പുകൾ സ്പോൺസർ ചെയ്യുന്ന എസ്.പി.വി. വഴി ഈ പണം നൽകും. ഇപ്പോൾത്തന്നെ വകുപ്പുകളുടെ നിർമ്മാണം, പൊതുമരാമത്തിന്റെ ഏതാണ്ട് പകുതിയോളം വർക്കുകൾ ഈ എസ്.പി.വി.-കളല്ലേ നടപ്പാക്കുന്നത്. അതിൽനിന്ന് എന്ത് വ്യത്യാസമുണ്ടാകുമെന്നാണ് പറയുന്നത്. ഒറ്റ വ്യത്യാസമേയുള്ളൂ. റോഡ് ഫണ്ട് ബോർഡ് ഒരുവർഷം ചെയ്തുകൊണ്ടിരുന്നത് 200-300 കോടി രൂപയുടെ വർക്കുകളാണ്. നിലവിലുള്ള ഔട്ട്സ്റ്റാൻഡിംഗ് വർക്കുകളെടുത്താൽ 1,000 കോടി രൂപ വരും. റോഡ് ഫണ്ട് ബോർഡിന് വേണമെങ്കിൽ ഈ വർഷം 5,000 കോടി രൂപയുടെ അനുവാദം കൊടുക്കാൻ സാധിക്കും, പ്രോജക്ടുണ്ടായാൽ മതി. ഇതാണ് വ്യത്യാസം. ഇന്നുള്ളതിൽനിന്ന് കിഫ്ബി എന്ത് എടുത്തുകൊണ്ടുപോകുമെന്നാണ് പറയുന്നത്. ഇതൊക്കെ വളരെ തെറ്റിദ്ധാരണയുണ്ടാക്കുന്ന കാര്യങ്ങളാണ്. ഒരു സംശയം വരുന്നത്, മോട്ടോർ വെഹിക്കിൾസ് ടാക്സിന്റെ 10 ശതമാനം റോഡ് ഫണ്ട് ബോർഡിന് കൊടുക്കണമല്ലോ, എങ്ങനെയാണ് പകുതി കൊടുക്കുക? അതിന്റെ അർത്ഥം 60 ശതമാനം കൊടുക്കേണ്ടിവരുമെന്നാണ്,

അത്രയേയുള്ളൂ. അതുപോലെ പെട്രോൾ സെസ്സ് മുഴുവൻ കൊടുത്തുകഴിഞ്ഞാൽ ഇനി റോഡിന് എന്തുചെയ്യും? പെട്രോൾ സെസ്സ് 100 കോടി രൂപ കൊടുത്താൽ 100 കോടി രൂപയുടെ റോഡ് പണിയുന്നതിനുപകരം ആ 100 കോടി രൂപ ഉപയോഗിച്ച് 1,000 കോടി രൂപ ലിവറേജ് ചെയ്യാനാണ് ശ്രമിക്കുന്നത്. അതാണ് അങ്ങോട്ട് കൊടുക്കുന്നത്. അപ്പോൾ ഇപ്പറയുന്നതൊക്കെ ആത്മാർത്ഥമായി തെറ്റിദ്ധരിച്ചതുകൊണ്ടാകാം. പക്ഷേ അതിനൊന്നും അടിസ്ഥാനമില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, പെട്രോൾ സെസ്സ് ഫണ്ടുപയോഗിച്ചുകൊണ്ട് നടപ്പിലാക്കിയ ആന്വിറ്റി സ്കീം, ജില്ലാതല ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം, അവിടെ ആരംഭിച്ച മുമ്പുള്ള പ്രവൃത്തികൾ ഇതിന്റെയൊക്കെ ഭാവിയെന്താണ്? അങ്ങ് പെട്രോൾ സെസ്സ് കിഫ്ബിയിലേക്ക് മാറ്റി. ഗവൺമെന്റുകൾ തുടർച്ചയാണ്, ഭരണകക്ഷികൾ മാറിവരും. ഒരു ഗവൺമെന്റിന്റെ കമ്മിറ്റ്മെന്റ് പാലിക്കാൻ ഈ ഗവൺമെന്റിന് ബാദ്ധ്യതയില്ലേ; ആ വർക്കുകളുടെ ഭാവിയെന്തായിരിക്കും?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഒരു സംശയവും വേണ്ട. ഞാൻ നേരത്തെതന്നെ പറഞ്ഞതാണ്, നിലവിലുള്ള ഏതെങ്കിലും പ്രോജക്റ്റ് വേണ്ടെന്നു വച്ചിട്ടുണ്ടോ? ആരുടെയെങ്കിലും അലോക്കേഷൻ കുറച്ചിട്ടുണ്ടോ? കമ്മിറ്റഡാണെങ്കിൽ കമ്മിറ്റുമെന്റ് മുന്നോട്ടുകൊണ്ടുപോകും. അതിനൊന്നും യാതൊരു തടസ്സവുമില്ല. നോർമൽ ബഡ്ജറ്ററി പ്രോസസ്സിംഗിലൂടെ അതിന് ഫണ്ട് കൊടുക്കും. പുതിയതാണെങ്കിൽ പരമാവധി കിഫ്ബിയിലേക്ക് മാറ്റും. ഇപ്പോൾത്തന്നെ ബിൽ കൊടുക്കാൻ ഒന്നരവർഷം പുറകിലാണ്. അപ്പോൾ അവിടെ കൊണ്ടുപോയി ഇനിയും നിരത്തിവച്ചുകഴിഞ്ഞാൽ ബിൽ മാറാൻ രണ്ടുംമൂന്നും വർഷമെടുക്കും. കാരണം നമ്മുടെ സ്ഥിതിവിശേഷമതാണ്. ഞാനുണ്ടാക്കിയതല്ല, അങ്ങനെയാണ് കാര്യങ്ങളുടെ കിടപ്പ്. അതുകൊണ്ട് ഇപ്പോഴുള്ളത് അങ്ങനെ പോകും. തൽക്കാലം നമ്മുടെ ബില്ലുകൾ കൺകറന്റായി മാറുന്നതുവരെ പുതിയത് പുറത്തോട്ടുകൊണ്ടുപോകും.

<u>ശ്രീ. വി. ടി. ബൽറാം</u> : സർ, അങ്ങ് പറഞ്ഞത് ബഡ്ജറ്റ് അലോക്കേഷൻ കുറച്ചിട്ടില്ലായെന്നാണ്. ഞാൻ ഒരു സബ്മിഷനിലൂടെ ചൂണ്ടിക്കാണിച്ച റോഡിന് രണ്ടാമത് അങ്ങ് തുക അനുവദിച്ചു. പക്ഷേ, ആദ്യ ബഡ്ജറ്റിൽ 89 കോടി രൂപയുണ്ടായിരുന്നതിന് പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. പുനർനിർമ്മാണം ആവശ്യമുള്ള പട്ടാമ്പി പാലത്തിനുള്ള പണം അനുവദിച്ചിട്ടില്ല. ഡി.പി.ആർ. ആയതാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, പഴയ ബഡ്ജറ്റിൽ 89 കോടി രൂപയൊന്നും ഉണ്ടാകില്ല. 20 ശതമാനമാണ് അലോക്കേഷൻ വച്ചിരിക്കുന്നത്.

അതിന്റെ അടിസ്ഥാനത്തിൽ അനുവാദം കൊടുക്കുന്നതാണ്. ഒരു പാലം പണിയണമെങ്കിൽ രണ്ടുവർഷമെങ്കിലുമെടുക്കും. ആ പാലത്തിന്റെ മുഴുവൻ തുകയും തുടങ്ങുമ്പോൾ വയ്ക്കില്ല. പക്ഷേ, ഇവിടെ 30 കോടി രൂപയേ അനുവദിച്ചിട്ടുള്ളൂവെന്ന് പറഞ്ഞു. ഡി.പി.ആർ. ഉണ്ടാക്കുമ്പോൾ 56 കോടി രൂപയല്ല 80 കോടി രൂപയാണെങ്കിൽ അത്രയും തുക അനുവദിക്കും. അക്കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടോ; ഒരു കുറവുംവരാൻ പോകുന്നില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, പി.ഡബ്ല്യു.ഡി.-യുടെ അലോട്ട്മെന്റിനുള്ളിൽ നിന്ന് ചെയ്യുന്നതല്ലാതെ കേരളം ആഗ്രഹിക്കുന്ന എല്ലാ പ്രദേശങ്ങളിലുമുള്ള മേജർ പ്രോജക്ടുകൾ ഇതുപോലെ ശ്രദ്ധേയമായ പദ്ധതിയിലൂടെ നടപ്പാക്കാൻ ശ്രമിക്കുന്നത് സ്വാഗതാർഹമാണ്. അത് ഫലപ്രദമായി കൊണ്ടുവരാനുള്ള അങ്ങയുടെ വിഷനെയും സ്വാഗതം ചെയ്യുകയാണ്. രണ്ടായിരത്തോളം ഡി.പി.ആർ. ഇപ്പോൾത്തന്നെ തയ്യാറായിക്കഴിഞ്ഞുവെന്ന് അങ്ങ് പറയുകയുണ്ടായി. ഇത് നടപ്പിലാക്കുമ്പോൾ നീതിപൂർവ്വമായ പരിഗണന എല്ലാ പ്രദേശങ്ങളിലും കിട്ടുമോ; അതോ ഭരണകക്ഷിതലത്തിൽ മാത്രമാണോ; പ്രതിപക്ഷതലങ്ങളിലുള്ളവർക്കുകൂടി പരിഗണന കിട്ടുന്ന വിധത്തിൽ ഡി.പി.ആർ. കൊണ്ടുവന്ന് നീതിപൂർവ്വമായ പരിഗണന ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഞങ്ങൾ കടുത്തുരുത്തിയിലേക്ക് വരാൻ പോവുകയാണ്. അവിടെയും വികസനപ്രവർത്തനങ്ങൾ നടത്തണം. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. അങ്ങനെ വിവേചനം ഉണ്ടാകില്ല. എല്ലാ മണ്ഡലത്തിലും ഒരു സ്കൂൾ, അതിൽ ഏതെങ്കിലും മണ്ഡലത്തെ അവഗണിച്ചോ? 40,000 സ്കൂളുകളിലാണ് ഡിജിറ്റൈസേഷൻ നടക്കുന്നത്. ആരുടെ മണ്ഡലത്തിലാണ് താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്ന് അന്വേഷിക്കാൻ പോയിട്ടുണ്ടോ? ഇല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ബഡ്ജറ്റിൽ നാല് നിയോജക മണ്ഡലങ്ങളിലെ സ്കൂളുകൾ മാത്രം ഹൈടെക് ആക്കി മാറ്റാൻ തീരുമാനിച്ചു. ആ നാല് നിയോജക മണ്ഡലങ്ങളും ഭരണകക്ഷി എം.എൽ.എ.-മാരുടെയും മന്ത്രിമാരുടെയുമാണ്. പേരിന് ഒരെണ്ണമെങ്കിലും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലത്തിന് തന്നിട്ടില്ല. ഇതിനുമുമ്പ് അഡ്വാൻസ് ചെയ്തിരിക്കുന്ന എത്ര നിയോജക മണ്ഡലങ്ങളുണ്ട്. അവിടെയെങ്കിലും നിങ്ങൾക്ക് കൊടുക്കാനുള്ള സാമാന്യമര്യാദ കാണിക്കാമായിരുന്നു. അത് ചെയ്തില്ലല്ലോ.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, മുഴുവൻ മണ്ഡലങ്ങളിലെ സ്കൂളുകളും ഡിജിറ്റൈസ് ചെയ്യാൻ പോവുകയാണ്.

<u>മി. സ്പീക്കർ</u> : മണ്ഡലംതിരിച്ചും ഓരോരുത്തരുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലും ചർച്ച വേണ്ട. നമ്മൾ ഇനി 13 ദിവസവും ഇതാണ് ചർച്ച

ചെയ്യാൻ പോകുന്നത്. ഓരോ വകുപ്പ് തിരിച്ചും ചർച്ച ചെയ്യുന്നുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ശ്രീ. വി. ഡി. സതീശൻ, ഇങ്ങനെ പെരുമാറുകയാണെങ്കിൽ ഇനി വഴങ്ങില്ല. നമ്മൾ തമ്മിൽ എപ്പോഴും വഴങ്ങിത്തരുന്നതാണ്. നിങ്ങളുടെ ഒരു ചോദ്യത്തിനും മറുപടി പറയാതെ പോകുന്നുമില്ല. എന്തിനാണ് ഒഴിവാക്കുന്നത്. ഇതിന്റെ രീതിയും സമ്പ്രദായവും തയ്യാറാക്കേണ്ടതുണ്ട്. 40,000 ക്ലാസ്സ് മുറികളിൽ കമ്പ്യൂട്ടർ കൊടുത്തുകഴിഞ്ഞാൽ കമ്പ്യൂട്ടറൈസേഷനാകുമോ? ഇത്തരത്തിൽ ചില പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഞങ്ങൾക്ക് തോന്നിയ നാല് സ്കൂളുകളെ പൈലറ്റായി ഹൈടെക് ആക്കാൻ പരിശ്രമിക്കുന്നു, പരീക്ഷിച്ചുനോക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത മാസം മുതൽ ഏതൊക്കെ സ്കൂളുകൾ റെഡിയാണോ അവിടെയൊക്കെ കമ്പ്യൂട്ടർ നൽകും. അല്ലാതെ ഇല്ലാതാക്കാനൊന്നുമല്ല.

ശ്രീ. വി. ഡി. സതീശന്റെ അഞ്ച് ചോദ്യങ്ങളുണ്ട്. അത് പെട്ടെന്ന് പറഞ്ഞുതീർക്കാം. പലിശനിരക്ക് എങ്ങനെയാണെന്ന് ചോദിച്ചിരുന്നു. അന്ന് 13.5 ശതമാനമായിരുന്നുവെങ്കിൽ ഇന്ന് കേരള സർക്കാരിന് 9.5 ശതമാനത്തിന് ഇന്ത്യയിൽനിന്നുതന്നെ കിട്ടും. നിങ്ങൾ പറഞ്ഞതുപോലെ പുറത്തുനിന്നുള്ള suffering funds ഒക്കെ ആണെങ്കിൽ പൂജ്യത്തിനും രണ്ട് ശതമാനത്തിനുമൊക്കെ കിട്ടുന്നതാണ്. പക്ഷേ അങ്ങനെയെടുക്കുമ്പോൾ എക്സ്ചേഞ്ച് റേറ്റിന് റിസ്കുണ്ട്. 20 വർഷം കഴിഞ്ഞ് എക്സ്ചേഞ്ച് റേറ്റ് എന്താണെന്ന് അറിയില്ല. എന്നാൽ ഇപ്പോഴുള്ള മസാല ബോണ്ടുകൾ, എൻ.ആർ.ഐ.-കളുടെയാണ് കൂടുതൽ എടുക്കുന്നത്, അവിടെ ഡോളറിൽ എടുത്താലും പിന്നീട് തിരിച്ചടവ് രൂപയിൽ മതി. ഇന്നത്തെ കാലത്ത് ഇന്ന പലിശയെന്ന് പറയാൻ കഴിയില്ല. പരമാവധി പലിശ കുറയ്ക്കുന്ന രീതിയിൽ ലിവറേജ് ചെയ്യാനാണ് ശ്രമിക്കുന്നത്.

രണ്ട്, തിരിച്ചടവ് എങ്ങനെയെന്നുള്ളതാണ് - ഓരോന്നിനും ഓരോ മോഡലാണ്. ഒറ്റ കാര്യം ആലോചിച്ചാൽ മതി. ഇന്ന് സർക്കാർ വായ്പ എടുക്കുന്നതിന്റെ 70 ശതമാനം ദൈനംദിന ചെലവിനാണ് ഉപയോഗിക്കുന്നത്. എന്നാൽ ഇവിടെ ഉണ്ടാക്കിയിട്ടുള്ള മീഡിയം ടേം ഫിസ്കൽ പോളിസി പ്രകാരം അഞ്ചുവർഷം കഴിയുമ്പോൾ ഇത് ഏതാണ്ട് 20 ശതമാനമായിച്ചുരുങ്ങും. എന്നുവച്ചാൽ ഇത് ഇന്നത്തെ നിലയിൽ പോവുകയാണെങ്കിൽ അഞ്ചാംവർഷം ആകുമ്പോഴേക്കും സംസ്ഥാന സർക്കാരിന്റെ മൂലധനച്ചെലവിനുവേണ്ടി വിനിയോഗിക്കാൻ നിർബന്ധിതമായിട്ടുള്ള തുക ഏതാണ്ട് 15,000-20,000 രൂപയ്ക്കോ അതിന് മുകളിലേക്കോ മാറും. അതിൽ നിന്ന് കുറച്ച് രൂപ റിട്ടയർ ചെയ്യുന്നവർക്കുവേണ്ടി ഉപയോഗിക്കാൻ ഒരു പ്രയാസവുമില്ല. അതടക്കം നമ്മൾ ഉപയോഗപ്പെടുത്തും.

മൂന്ന്, പേമെന്റ് എങ്ങനെയെന്നുള്ളതാണ് - ഇപ്പോഴത്തേതിൽനിന്ന് കുറച്ച് വ്യത്യാസംവരും. ഇപ്പോൾ എസ്.പി.വി. ഉണ്ടെങ്കിൽ ബഡ്ജറ്റിൽനിന്ന് എസ്.പി.വി.-യിലേക്ക് കൊടുക്കുന്നു, അവരാണ് പേമെന്റ് കൊടുക്കുന്നത്. ഇനി അങ്ങനെയല്ല, ഈ എസ്.പി.വി., റോഡ് ഫണ്ട് ബോർഡാണെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു; സാങ്ഷൻ കൊടുക്കുന്നു; മുഴുവൻ മേൽനോട്ടം വഹിക്കുന്നു; കോൺട്രാക്ടർ പണി തീർത്തുവെന്ന് റോഡ് ഫണ്ട് ബോർഡ് പറയുമ്പോൾ അവർക്ക് ഓൺലൈനായി പണം കൈമാറും. പക്ഷേ, തീരുമാനമെടുക്കുന്നതും പരിശോധിക്കുന്നതും മെഷർ ചെയ്യുന്നതുമെല്ലാം ഇന്നത്തെപ്പോലെ റോഡ് ഫണ്ട് ബോർഡായിരിക്കും.

അടുത്തത് ധനവിനിയോഗ മേൽനോട്ടം - എങ്ങനെയാണ് ഇപ്പോൾ റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തിൽ ഡിപ്പാർട്ടുമെന്റ് മേൽനോട്ടം നടത്തുന്നത്. അതിനൊരു മാറ്റവുമില്ല. അത് ഇന്നത്തെപ്പോലെ തുടരും. എന്താണ് സമ്പദ്ഘടനയിൽ ഉണ്ടാകാൻ പോകുന്നമാറ്റം. ഒന്ന്, അഞ്ചുവർഷംകൊണ്ട് സ്കൂളുകളുടെ സ്വഭാവം മാറും. പൊതു വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ഇന്ന് സ്വപ്നം കാണാൻപോലും പറ്റാത്ത രീതിയിൽ വന്നിരിക്കുകയാണ്. രണ്ട്, നമ്മുടെ ആശുപത്രികൾ tertiary sector പൂർണ്ണമായും താലൂക്കാശുപത്രി വരെ, ഇപ്പോൾ കാത്ത് ലാബ്, ഡയാലിസിസ് മെഷീൻ തുടങ്ങിയവ എല്ലാ താലൂക്കാശുപത്രികളിലുമുണ്ട്. ഇന്ന് ഇവിടെ ലീനിയർ ആക്സിലറേറ്ററിനെക്കുറിച്ച് പറയുന്നുണ്ടല്ലോ; നമ്മുടെ ആരോഗ്യ സംവിധാനത്തിന്റെ ഗുണനിലവാരത്തിൽ വലിയ ഒരു കുതിച്ചുചാട്ടം സൃഷ്ടിക്കാൻ പോവുകയാണ്. എല്ലാവർക്കും വീട്. അതിനുവേണ്ടി സി.എസ്.ആർ. ഫണ്ടും മറ്റ് കാര്യങ്ങളും ഉപയോഗിക്കും. പക്ഷേ, ഇ.എം.എസ്. പാർപ്പിട പദ്ധതി, വേറെ എങ്ങനെയാണ് ചെയ്യാൻ പോകുന്നത്? കഴിഞ്ഞ അഞ്ചുവർഷം എത്ര വീടുകളാണ് നിർമ്മിച്ചത്? അത് ചെയ്യാൻ പോവുകയാണ്. എല്ലാവർക്കും വീട് എന്ന നിലയിലേക്ക് പോകും. ഇതുപോലെ ഇൻഫ്രാസ്ട്രക്ച്ചർ, ഇൻഡസ്ട്രിയൽ കോറിഡോർ - അയ്യായിരം ഏക്കർ, മറ്റ് പാർക്കുകൾ. അഞ്ചുവർഷംകൊണ്ട് കേരളത്തിലെ സംസ്ഥാന പാതകൾ, മേജർ ഡിസ്ട്രിക് റോഡുകൾ, മറ്റ് ഡിസ്ട്രിക്ട് റോഡുകൾ ബി.എം.&ബി.സി. ആകും. ചെറിയ വ്യത്യാസമാണോ കേരളത്തിൽ വരാൻ പോകുന്നത്. ഇതുപോലുള്ള പ്രോജക്ടുകൾ, ബാക്കി പലതും അതാത് ഡിപ്പാർട്ടുമെന്റുകൾ ഉണ്ടാക്കേണ്ടതാണ്. ഇതൊക്കെ നമ്മൾ തീരുമാനിച്ചുകഴിഞ്ഞ കാര്യങ്ങളാണ്. ഇത്തരത്തിൽ ഇൻഫ്രാസ്ട്രക്ച്ചർ മാറുമ്പോൾ, വിദ്യാഭ്യാസ മേഖലയിൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചറും ലബോറട്ടറിയും മറ്റ് കാര്യങ്ങളും വരുമ്പോൾ ഇത് കേരളത്തിലേക്ക് ഐ.ടി.-യുടേതാകാം കൃഷിയുടേതാകാം. എത്രനാളായി അഗ്രോപാർക്കിനെക്കുറിച്ച് നമ്മൾ പറയാൻ തുടങ്ങിയിട്ട്. ഈ വർഷം 12 അഗ്രോ പാർക്കിനുള്ള നടപടികൾ സ്വീകരിക്കാൻ പോവുകയാണ്.

രണ്ടുമൂന്ന് വർഷം കഴിഞ്ഞാൽ വരും, ദിവാസ്വപ്നമല്ല. നമ്മുടെ കൃഷിക്കാർക്ക് കമ്പനികൾ ആരംഭിച്ച് അവിടെ ഉത്പാദനം, പ്രോസസ്സിംഗ്, തുടങ്ങിയവയ്ക്ക് സംവിധാനം ഉണ്ടാക്കിക്കൊടുക്കാൻ പോവുകയാണ്. ഇവിടെ വലിയ സ്കാൻഡൽ വന്നല്ലോ. നമ്മുടെ എം.ആർ.എസ്. ഹോസ്റ്റലിന്റെ നിലവാരത്തെക്കുറിച്ച് വലിയ വാർത്തകളും എ.ജി.യുടെ റിപ്പോർട്ടും വന്നു. എസ്‌സി./എസ്റ്റി. ഹോസ്റ്റലുകളെ മുഖ്യധാരാ നിലവാരത്തിന് മുകളിലേക്ക് ഉയർത്താൻ എന്തുവേണം. നമുക്കത് ചെയ്യാം. ഇത് ഉണ്ടായിക്കഴിഞ്ഞാൽ പുതിയ മേഖലകളിലേക്ക് നിക്ഷേപം ആകർഷിക്കാൻ കഴിയും, അതിന് പശ്ചാത്തലം ഒരുങ്ങും, കേരളത്തിന്റെ വളർച്ച പുതിയ തലത്തിലേക്ക് ഉയരുമെന്നാണ് കരുതുന്നത്.

ഇവിടെ നടന്ന ചർച്ചയിൽ സ്റ്റാറ്റ്യൂട്ടറി ബോർഡുകളെക്കൂടി കിഫ്ബിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന് ശ്രീ. ജോൺ ഫെർണാണ്ടസ് പറഞ്ഞത് സ്വീകരിക്കാവുന്ന ഒരു കാര്യമാണ്. അതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ആലോചിക്കാം. എല്ലാവരും സബ്ജക്ട് കമ്മിറ്റിയിൽ ഒത്തുചേർന്ന് ഇതിൽ എന്തെങ്കിലും തെറ്റിദ്ധാരണയുണ്ടാക്കുന്ന കാര്യങ്ങളുണ്ടെങ്കിൽ പരിശോധിക്കാം. അതനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താം. അതിന്റെ അടിസ്ഥാനത്തിൽ നിയമം പാസ്സാക്കാം. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഡോ. എം. കെ. മുനീർ, 2016-ലെ 6-ാം നമ്പർ ഓർഡിനൻസായ 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ : സർ, പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ഡോ. എം. കെ. മുനീർ, അവതരിപ്പിച്ച 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ചിറ്റയം ഗോപകുമാർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ചിറ്റയം ഗോപകുമാർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 സെപ്റ്റംബർ മാസം 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.)